# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**2017 മേയ് 4, വ്യാഴം**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 – നമ്പർ 7

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 4, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

196/20

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...72

**II. അടിയന്തരപ്രമേയം**

കുടിവെള്ള വിതരണം— ...336

(അവതരണാനുമതി നിഷേധിച്ചു)

**III. ശ്രദ്ധ ക്ഷണിക്കൽ**

1. അഴീക്കൽ തുറമുഖ നിർമ്മാണം —

ശ്രീ. റ്റി. വി. രാജേഷ് ...358

2. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം—

ശ്രീ. ടി. എ. അഹമ്മദ് കബീർ ...362

**IV.സബ്മിഷൻ**

1. അഖിലിന് മർദ്ദനമേറ്റ സംഭവം—

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...367

2 . ധനസഹായം —

ശ്രീ. കെ. ബി. ഗണേഷ് കുമാർ ...369

3. മതസൗഹാർദ്ദം തകർക്കാനുള്ള ശ്രമം —

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ...370

*പേജ്*

4. റെയിൽവേ മേൽപ്പാലം നിർമ്മാണം —

ശ്രീ. വി. എസ്. അച്ചുതാനന്ദൻ ...372

5. ഇ.എസ്.ഐ. തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റ് —

ശ്രീ. വി. കെ. സി. മമ്മത് കോയ ...374

6. ചെക്ക് ഡാം നിർമ്മാണം—

ശ്രീ. ബി. സത്യൻ ...376

7. കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം—

ശ്രീ. പി. ടി. തോമസ് ...378

8. പർച്ചേസ് ടാക്സ് പിൻവലിക്കുന്നത് സംബന്ധിച്ച് —

ശ്രീ. പി. ഉബൈദുള്ള ...380

9. മലബാർ ദേവസ്വംബോർഡ് ജീവനക്കാരുടെ സേവന വ്യവസ്ഥകൾ—

ശ്രീ. കെ. ഡി. പ്രസേനൻ ...381

10. സ്കൂൾ പാചകത്തൊഴിലാളികളെ സ്കൂൾ ജീവനക്കാരായി
അംഗീകരിക്കൽ—

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ...383

**V. റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ
ആറാമത് റിപ്പോർട്ട് ...386

**VI. ധനകാര്യം**

2017-2018 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...386

*പേജ്*

**VII. ക്രമപ്രശ്നം**

സമാനസ്വഭാവമുള്ള ചോദ്യങ്ങൾക്ക് വ്യത്യസ്ത മറുപടി നൽകുന്നത് സംബന്ധിച്ച് ...477

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 4, വ്യാഴം*

വാല്യം 166] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2017 മേയ് മാസം 4-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ സംസ്ഥാന പോലീസ് മേധാവിയായി ഡോ. ടി. പി. സെൻകുമാറിനെ പുനഃസ്ഥാപിക്കണമെന്ന സുപ്രീം കോടതി ഉത്തരവ് നടപ്പാക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയുണ്ടായി.)

മി. സ്പീക്കർ: .....പ്ലീസ്.....പ്ലീസ്.......ഓർഡർ.....ഓർഡർ..... ചോദ്യം (*181)

**പെട്രോളിയം ഉൽപ്പന്നങ്ങൾക്കുള്ള നികുതി**

1 (*181) ശ്രീ. ഹൈബി ഈഡൻ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. കെ. മുരളീധരൻ:

ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പെട്രോളിയം ഉൽപ്പന്നങ്ങൾക്കുള്ള നികുതി നിലവിൽ ജി.എസ്.ടി.യുടെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ബി) അഞ്ച് വർഷത്തിനുള്ളിൽ പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്നുള്ള നികുതി ജി.എസ്.ടി.-യിൽ വരുന്ന സാഹചര്യത്തിൽ അതിന്മേലുള്ള സെസ്സ് പിരിക്കുവാനുള്ള അവകാശം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാകാനിടയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം സെസ്സ് പിരിക്കാനുള്ള അവകാശം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാകുമ്പോൾ അത് കിഫ്ബിയുടെ സാമ്പത്തിക സ്രോതസ്സിനെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് എങ്ങനെ തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) ഭരണഘടനാ ഭേദഗതി പ്രകാരം തന്നെ പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യിൽനിന്നും താൽക്കാലികമായി ഒഴിവാക്കിയിട്ടുണ്ട്.

(ബി) പെട്രോളിയം ഉൽപ്പന്നങ്ങൾ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ അതിനുശേഷം സെസ്സ് ചുമത്താനും വിൽപ്പന നികുതി ചുമത്താനും സംസ്ഥാനത്തിന് അധികാരമുണ്ടാകില്ല. ജി.എസ്.ടി. ആയിരിക്കും പുതിയ നികുതി. നിലവിൽ പാസ്സാക്കിയ നിയമപ്രകാരം (GST Compensation Act), കേന്ദ്ര ഗവൺമെന്റിന് മാത്രമേ ആ നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ ചരക്കുകളിലും സേവനങ്ങളിലും സെസ്സ് ചുമത്താൻ അധികാരമുള്ളൂ.

(സി) ഇപ്പോൾ പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. മറിച്ചൊരു സാഹചര്യം വരുന്ന ഘട്ടത്തിൽ ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. ഹൈബി ഈഡനുവേണ്ടി ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിന്റെ ഡി.ജി.പി. ആരാണെന്ന് പറഞ്ഞാൽ ഞങ്ങൾ ബഹളം വയ്ക്കില്ല....... ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുമ്പായി സംസ്ഥാനത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുമെന്നും പരീക്ഷ നടത്തുമെന്നും സർക്കാർ പറയുകയുണ്ടായി. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനവും പരീക്ഷയും നടത്തിയോ; എത്ര ഉദ്യോഗസ്ഥർ ഈ പരീക്ഷ പാസ്സായി എന്നുള്ള വിവരം ലഭ്യമാക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: പരീക്ഷയില്ല, പരിശീലനമാണ് കൊടുക്കുന്നത്. ഒരു വട്ടം പരിശീലനം നടന്നുകഴിഞ്ഞു. അതിന് മാസ്റ്റർ ട്രെയിനേഴ്സ് ഉണ്ട്. ഈ പരിശീലനം തുടർന്നുകൊണ്ടിരിക്കും. കാരണം ഈ നിയമം പാസ്സാകാൻ പോകുന്നതേയുള്ളൂ. അപ്പോൾ അതിന്റെ നിയമവും റൂൾസും നിലവിൽ വരും. ഇവയെല്ലാം ഉദ്യോഗസ്ഥരെ പഠിപ്പിക്കേണ്ടതുണ്ട്. ജി.എസ്.ടി. നിയമം എല്ലാ ഉദ്യോഗസ്ഥരും വായിച്ചിരിക്കുകയും അറിഞ്ഞിരിക്കുകയും വേണം.

ആയതിനാൽ തുടർന്നുള്ള ഓരോ ആഴ്ചയിലും ഓരോ അദ്ധ്യായത്തിന്റെയും ക്വസ്റ്റ്യൻസ് ഓൺ ലൈനായി മൾട്ടിപ്പിൾ ചോയിസ് കൊടുത്ത് അത് എല്ലാ ഉദ്യോഗസ്ഥരും ഫിൽ ചെയ്യണം. പുസ്തകം നോക്കി ഫിൽ ചെയ്താൽ മതിയാകും. ഇതുവഴി എല്ലാ ഉദ്യോഗസ്ഥരും നിയമം വായിച്ചുവെന്ന് ഉറപ്പുവരുത്താൻ സാധിക്കും. അതാണ് ഈ പരീക്ഷ എന്ന് പറയുന്നത്. അല്ലാതെ പരീക്ഷയായിട്ടില്ല.

ശ്രീ. അൻവർ സാദത്ത്: സർ, അടുത്ത ജൂലൈ മാസം ജി.എസ്.ടി. നിയമം നടപ്പിലാക്കുമ്പോൾ ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് നികുതിയിനത്തിൽ എത്ര കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; ഇതിൽ എത്ര കോടി രൂപ കേന്ദ്രം നഷ്ടപരിഹാരമായി സംസ്ഥാന സർക്കാരിന് നൽകുമെന്ന് അറിയിക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന് ഇപ്പോൾ ഊഹിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. മതിപ്പ് കണക്ക് പറയാൻ സാധിക്കില്ല. നഷ്ടത്തെക്കുറിച്ചല്ല, വരുമാനം എത്ര കൂടുന്നുവെന്നുള്ളതിനെ കുറിച്ചാണ് സംസ്ഥാന സർക്കാർ ചിന്തിക്കുന്നത്. ജി.എസ്.ടി. നിയമം നടപ്പാകുന്ന ആദ്യ വർഷത്തിൽ ചുരുങ്ങിയത് മൂവായിരം കോടി രൂപയെങ്കിലും അധിക വരുമാനമായി വരണമെന്നുള്ളതാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം സംസ്ഥാന സർക്കാരിന് ഇന്ന് എൻട്രി ടാക്സില്ല. അപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ആർക്കുവേണമെങ്കിലും ചരക്കുകൾ സ്വന്തം ഉപയോഗത്തിനാണെന്ന് പറഞ്ഞ് ഇവിടേയ്ക്ക് കൊണ്ടുവരാം. ഇപ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്ന മാളുകൾ, ആശുപത്രികൾ തുടങ്ങിയവയ്ക്ക് ആരും നികുതി നൽകുന്നില്ല, സ്വന്തം ഉപയോഗത്തിന് വാങ്ങിക്കൊണ്ടുവരുന്നു എന്നാണ് പറയുന്നത്. ജി.എസ്.ടി നടപ്പിലായിക്കഴിഞ്ഞാൽ മറ്റ് സംസ്ഥാനങ്ങളിൽ നികുതി കൊടുത്ത് കൊണ്ടുവരുന്നവയാണെങ്കിലും ആ നികുതി നമുക്കിവിടെ ലഭിക്കും. അപ്പോൾ സംസ്ഥാന സർക്കാരിന്റെ നികുതി നിരക്കിൽ ഗണ്യമായ വർദ്ധനവുണ്ടാകും. ആദ്യവർഷമെന്ന നിലയിൽ ഇപ്പോൾ എല്ലാം സെറ്റായി വരുന്നതിന് താമസമെടുക്കാം. അപ്പോൾ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുമോ എന്നറിയില്ല. ആദ്യ വർഷംതന്നെ കോമ്പൻസേഷനില്ലാതെ നികുതി പിരിക്കാമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനാണ് നികുതി വകുപ്പ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഓയിൽ കമ്പനികളുടെ സെല്ലിംഗ് പ്രൈസ് ഒരു ലിറ്ററിന് 30 രൂപയിൽ താഴെ നിൽക്കുന്നതിന് കേന്ദ്രസർക്കാർ 48 രൂപയോളം നികുതി ചുമത്തുകയാണ്. 165 ശതമാനം നികുതിയാണ് പുതിയ കേന്ദ്രസർക്കാർ രാജ്യത്തെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നത്. തൽക്കാലം സെസ്സ്

ഒഴിവാക്കിയിട്ടുണ്ടെന്ന് അങ്ങ് മറുപടിയിൽ പറയുകയുണ്ടായി. മറിച്ചൊരു തീരുമാനം വരികയാണെങ്കിൽ അതിനെ നമ്മൾ ഭയപ്പെടുന്നുണ്ടോ; ഇത്രയും വലിയൊരു നികുതി ചുമത്തുന്നതിന് പുറമേ സെസ്സുംകൂടി കൊണ്ടുപോകുകയാണെങ്കിൽ അതിനെ എങ്ങനെ മറികടക്കാനാകുമെന്നുള്ളത് സംബന്ധിച്ച് വ്യക്തമായൊരു പ്ലാനുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പെട്രോളിന്മേലുള്ള വിൽപ്പന നികുതി ജി.എസ്.ടി.-യിലേയ്ക്ക് വന്നുകഴിഞ്ഞാൽ പിന്നീട് നമുക്ക് അഡീഷണൽ സെയിൽസ് ടാക്സ്, സെസ്സ് മുതലായവ പിരിക്കാൻ സാധിക്കില്ല. പെട്രോളിയം ഉൽപ്പന്നങ്ങളിൽനിന്നുള്ള സെസ്സാണ് കിഫ്ബിയുടെ ഒരു വരുമാനമാർഗ്ഗം. അത് പ്രശ്നമുണ്ടാക്കുമോ എന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം. ഞാൻ നിയമസഭയിൽ ബജറ്റ് പ്രസംഗത്തിൽ കൃത്യമായ ഒരു മറുപടി നൽകുകയുണ്ടായി. 50,000 കോടി രൂപയാണ് അടുത്ത അഞ്ച് വർഷവും ചെലവാക്കാൻ ഉദ്ദേശിക്കുന്നത്. 2020-2030 വർഷമാകുമ്പോൾ ഒരു ലക്ഷം കോടി രൂപ തിരിച്ചു കൊടുക്കേണ്ടി വരും. പെട്രോളിയം ഉൽപ്പന്നങ്ങളുടെ സെസ്സായിട്ടും മോട്ടോർ വെഹിക്കിൾസ് ടാക്സിന്റെ വിഹിതമായിട്ടും ഒരു ലക്ഷം കോടി രൂപ തന്നെ ലഭിക്കും. അതിൽനിന്ന് ഒരിനം പോയി എന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അങ്ങനെ പോയാലും ഒരു ലക്ഷം കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നതിന്റെ 15 ശതമാനമേ വരികയുള്ളൂ. അത് പോയാൽത്തന്നെയും ജി.എസ്.ടി.-യിൽനിന്നും വരുമാനം ലഭിക്കും. ജി.എസ്.ടി.-യിൽനിന്നും ലഭിക്കുന്ന വിഹിതം മാറ്റിവയ്ക്കാം. അഞ്ച് വർഷം കഴിഞ്ഞാലും കേന്ദ്രസർക്കാരോ, മറ്റ് സംസ്ഥാനങ്ങളോ ഇതിന്മേലുള്ള നികുതി വേണ്ടെന്ന് വയ്ക്കുമെന്ന് തോന്നുന്നില്ല. 75 ശതമാനം വോട്ട് ലഭിച്ചാൽ മാത്രമേ ഇങ്ങനെയൊരു തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. കാരണം കേന്ദ്രസർക്കാരിന് രണ്ടര ലക്ഷം കോടി രൂപയാണ് പെട്രോളിയം ഉൽപ്പന്നങ്ങൾക്കുമേൽ നികുതി ലഭിക്കുന്നത്. ഇപ്പോൾ പറഞ്ഞതുപോലുള്ള ഉയർന്ന നികുതി നിരക്കുമുണ്ട്. സംസ്ഥാനങ്ങൾക്ക് ഏതാണ്ട് രണ്ട് ലക്ഷം കോടി രൂപയുടെ നികുതിയാണ് വരുമാനമായി ലഭിക്കുന്നത്. അതുകൊണ്ട് കേന്ദ്രസർക്കാരിനും മറ്റ് സംസ്ഥാനങ്ങൾക്കും ഇതിന് താൽപ്പര്യമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. അങ്ങനെയൊരു സംഭവ വികാസം ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല.

ശ്രീ. കെ. മുരളീധരൻ: സർ, ജി.എസ്.ടി. നിയമം നടപ്പാക്കുന്നതിന് സെൻട്രൽ ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ്, സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ്, ഇന്റഗ്രേറ്റഡ് ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് എന്നിങ്ങനെ മൂന്ന് കാറ്റഗറിയായാണ് തരം തിരിച്ചിരിക്കുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങൾ സെൻട്രൽ ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സിൽ വരികയാണെങ്കിൽ, നാളെ കേന്ദ്ര സർക്കാർ മറിച്ചൊരു

തീരുമാനമെടുത്താൽ അത് സംസ്ഥാന സർക്കാരിന്റെ വരുമാനമാർഗ്ഗത്തെ സാരമായി ബാധിക്കും. ഒരു വരുമാനമാർഗ്ഗം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഇപ്പോൾ സംസ്ഥാന സർക്കാർ ജി.എസ്.ടി.-യിൽ അംഗമാകാൻ തീരുമാനിച്ചത്. അങ്ങയുടെയും എന്റെയും രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇതിനെതിരാണെങ്കിലും സംസ്ഥാനങ്ങളുടെ വരുമാന മാർഗ്ഗം നോക്കിയാണ് രണ്ട് പാർട്ടിയിൽപ്പെട്ടവരും ഇതിൽ പങ്കുചേർന്നത്. അപ്പോൾ നമ്മൾ ഉദ്ദേശിച്ച വരുമാനമാർഗ്ഗം ലഭിച്ചില്ലെങ്കിൽ, അത് നമുക്ക് ദോഷകരമായി ബാധിക്കുമോ; അത് കിഫ്ബിയുടെ വരുമാനത്തെ എങ്ങനെ ബാധിക്കുമെന്ന് മുൻകൂട്ടി തയ്യാറെടുപ്പ് നടത്തിയിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും കൂടി ഏർപ്പെടുത്തുന്ന നികുതി പരിശോധിച്ചാൽ സംസ്ഥാനത്ത് വിൽക്കുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്കുമേൽ ഏതാണ്ട് 80 ശതമാനം നികുതി വരുന്നുണ്ട്. ജി.എസ്.ടി. പ്രകാരം പരമാവധി 28 ശതമാനം നികുതി മാത്രമേ ഈ സൂക്ചറിനുള്ളിൽ വരികയുള്ളൂ. ഇതിന്റെ ഏറ്റവും കൂടിയ നികുതി നിരക്കെന്ന് പറയുന്നത് 28 ശതമാനമാണ്. ഇന്നുള്ള നികുതി വരുമാനം പകുതിയാകാൻ സമ്മതിച്ചാൽ മാത്രമേ ഇതിലേയ്ക്ക് പോകുകയുള്ളൂ. രണ്ടര ലക്ഷം കോടി രൂപ വരുമാനമാർഗ്ഗമായി ലഭിക്കുന്നതുകൊണ്ട് ഇതിനോട് കേന്ദ്രസർക്കാരിന് താൽപ്പര്യമാണ്. സംസ്ഥാന സർക്കാരിനേക്കാൾ കൂടുതൽ വരുമാനം അവർക്കുണ്ട്. അതുകൊണ്ട് അങ്ങനെ വരികയില്ല എന്നാണ് വിശ്വസിക്കുന്നത്. അല്ലെങ്കിൽ അത്രയ്ക്ക് ഭയങ്കരമായി ജി.എസ്.ടി. വരുമാനം വർദ്ധിക്കണം. അങ്ങനെ പെട്ടെന്ന് വരുമാനം വരുമെന്ന് ഞാൻ കരുതുന്നില്ല. അല്ലെങ്കിൽ മൊത്തം മാക്രോ ഇക്കണോമിക്, വലിയ കോർപ്പറേറ്റ് സമ്മർദ്ദങ്ങളുടെയും ഇന്റർനാഷണൽ സമ്മർദ്ദങ്ങളുടെയുമെല്ലാം ഫലമായി മാത്രമേ വരികയുള്ളൂ. അങ്ങനെ വന്നാൽത്തന്നെ കിഫ്ബിയുടെ മൊത്തം വരുമാനത്തിന്റെ 15 ശതമാനം മാത്രമേ പ്രതികൂലമായി ബാധിക്കാൻ പോകുന്നുള്ളൂ. ഉദാഹരണമായി, ബജറ്റിൽ ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചറായി വകയിരുത്തിയതിൽ മിച്ചം വന്ന 3227 കോടി രൂപ കിഫ്ബിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. യഥാർത്ഥത്തിൽ അതൊരു വരുമാനമായി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. സർക്കാരിന് ഗ്രാന്റ് നൽകാമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇപ്പോൾത്തന്നെ അങ്ങനെ ചെയ്യുന്നുണ്ട്. ഇതിനപ്പുറത്തേയ്ക്ക് കിഫ്ബിയിലേയ്ക്ക് പണം നൽകുന്നുണ്ട്. അതുകൊണ്ട് പ്രശ്നമുണ്ടാകില്ല.

ശ്രീ. എൽദോസ് കുന്നപ്പിള്ളിക്കുവേണ്ടി ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ നമ്മൾ പാസ്സാക്കിയ നിയമമനുസരിച്ച് കിഫ്ബിയുടെ പ്രധാന വരുമാനമാർഗ്ഗമെന്ന് പറയുന്നത് മോട്ടോർ വാഹന നികുതിയും

പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സുമാണ്. ഈ വരുമാനം പെട്രോളിയം സെസ്സിന്റെ 15 ശതമാനമാണെന്ന് പറഞ്ഞു. അത് എത്ര തുകയായിരിക്കും; അതിനാവശ്യമായ മാറ്റം വരുത്തി നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതുവരെ 14,000 കോടി രൂപയാണ് പെട്രോളിയം സെസ്സിൽനിന്നും കിഫ്ബിയ്ക്ക് ലഭിക്കുമെന്ന് കണക്കാക്കിയിട്ടുള്ളത്. ഇങ്ങനെ വരുമ്പോൾ നിയമം ഭേദഗതി ചെയ്യേണ്ട ആവശ്യം വരുന്നില്ല. ഇപ്പോഴത്തെ നിയമത്തിൽ സർക്കാർ നൽകുന്ന മറ്റ് ഗ്രാന്റുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. അതാണ് ഞാൻ നേരത്തേ സൂചിപ്പിച്ച 3227 കോടി രൂപ, കിഫ്ബിയ്ക്ക് കൊടുത്തത്. ഇതിനുപുറമേ കൊമേഴ്സ്യൽ ഇൻവെസ്റ്റ്മെന്റിൽനിന്നും റിട്ടേൺസും വച്ചിട്ടുണ്ട്. കിഫ്ബിയുടെ ആദ്യത്തെ ഏറ്റവും വലിയ വായ്പ എഫ്.എ.സി.ടി.-യുടെ ഭൂമി വാങ്ങുന്നതിനുവേണ്ടി നൽകുന്ന 2000 കോടി രൂപയായിരിക്കും. ആ തുക ഭൂമി വാങ്ങുന്നതിനുവേണ്ടിയാണ്. നിശ്ചയമായും ആ ഭൂമി ഇൻവെസ്റ്റേഴ്സിന് വിൽക്കുമ്പോൾ അതിൽനിന്നുള്ള റിട്ടേണിന് ഒരു തിരിച്ചടവും ഉണ്ടാകും. ഇതെല്ലാം കണക്കാക്കിയാണ് കിഫ്ബിയിൽ തുക വകയിരുത്തിയിട്ടുള്ളത്. അതുകൊണ്ട് 15 ശതമാനത്തിൽ വരുന്ന കുറവ് സംസ്ഥാന സർക്കാരിന് ഒരു പ്രശ്നമാകില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് കേന്ദ്രസർക്കാർ നികുതി ചുമത്തുന്നതിലുള്ള വിവേചനത്തോടൊപ്പം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളോട് ഒരേ സമീപനമല്ല സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. ഉദാഹരണമായി, വൈദ്യുതി ബോർഡിന് നൽകുന്ന പെട്രോളിന് നിശ്ചയിച്ചിട്ടുള്ള നികുതിയും കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കുന്ന നികുതിയും തമ്മിൽ വലിയ അന്തരമാണുള്ളത്. ഇത് പുനഃപരിശോധിച്ച് വൈദ്യുതി ബോർഡിന് കൊടുക്കുന്ന നിരക്കിൽ കെ.എസ്.ആർ.ടി.സി.-ക്കും പെട്രോളിയത്തിനുമുള്ള നികുതി നിശ്ചയിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, സർക്കാർ അങ്ങനെ ഉദ്ദേശിക്കുന്നില്ല. യഥാർത്ഥത്തിൽ ഇപ്പോൾ ഈ പറയുന്ന ഡീസൽ നിലയങ്ങൾ പ്രവർത്തിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധന നടത്തിയിട്ടുള്ളതാണ്. കെ.എസ്.ആർ.ടി.സി. നികുതിയിളവില്ലാതെ തന്നെ ലാഭത്തിൽ പ്രവർത്തിപ്പിക്കാം. അതുസംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് കാര്യങ്ങൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഒരു സംശയവും വേണ്ട, നികുതിയിളവ് ഇല്ലാതെ തന്നെ ഈ വർഷം കെ.എസ്.ആർ.ടി.സി. ലാഭത്തിലാകും.

ശ്രീ. പി. ടി. തോമസ് : സർ, കെ. എസ്. ആർ. ടി. സി. നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുമ്പോൾ മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് സെയിൽസ് ടാക്സ് ഒഴിവാക്കിക്കൊടുക്കുന്ന സിസ്റ്റം എന്തുകൊണ്ട് ഇവിടേയും നടപ്പാക്കിക്കൂടാ; അതുസംബന്ധിച്ച് ഒരു പുനരാലോചന നടത്തുമോ എന്ന ചോദ്യമാണ് ഞാൻ ഉന്നയിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക് : സർ, മറ്റ് സ്ഥാപനങ്ങൾക്ക് അങ്ങനെ നികുതിയിളവ് കൊടുക്കുന്നില്ല. ഇതൊരു പ്രത്യേക സാഹചര്യത്തിൽ പണ്ടെന്നോ കൊടുത്തതാണ്, ഡീസൽ നിലയത്തിന് ഈ വിലയ്ക്ക് കൊടുത്തുകഴിഞ്ഞാൽ അത് പ്രവർത്തിക്കില്ല. എന്തെന്നാൽ അതാണല്ലോ പ്രധാനമായും ഇന്ധന ചെലവായി വരുന്നത്, അതുകൊണ്ട് കൊടുത്തു എന്നുമാത്രമേയുള്ളൂ. അത് റിപ്പീറ്റ് ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഞാൻ നേരത്തേ സൂചിപ്പിച്ചു, എന്താണ് കെ.എസ്.ആർ.ടി.സി.-യുടെ ഏറ്റവും പ്രധാന പ്രശ്നം; ബാങ്കിൽ നിന്നും 14 ശതമാനം പലിശയ്ക്ക് വായ്പയെടുത്തുകൊണ്ട് എങ്ങനെയാണ് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നത്? ആ വായ്പ ലോംഗ് ടേമാക്കിക്കൊണ്ട് 8.5 - 9 ശതമാനം പലിശയ്ക്കാക്കി മാറ്റിയാൽത്തന്നെ ഇന്നത്തെ നഷ്ടത്തിന്റെ പകുതി മാറിക്കിട്ടും. അതുകൊണ്ട് സർക്കാർ കൃത്യമായി ആ റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും.

ശ്രീ. എ. എം. ആരിഫ്: സർ, ചരക്കുസേവന നികുതിയുമായി ബന്ധപ്പെട്ടല്ല ചോദ്യം, പെട്രോളിയം ഉൽപ്പന്നങ്ങൾക്കും അതുപോലെ ബി.എസ്.എൻ.എൽ.-ന്റെ ബില്ലുകളിലുമെല്ലാം എഡ്യൂക്കേഷണൽ സെസ്സ് ഈടാക്കുന്നതായി കാണുന്നുണ്ട്. അങ്ങനെ ഈടാക്കുന്നുണ്ടെങ്കിൽ അതിന്റെ വിഹിതം സംസ്ഥാനങ്ങൾക്ക് നൽകുന്നുണ്ടോ; അത് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ടോ; കേരളത്തിന് അങ്ങനെ തുക വരുന്നുണ്ടോ ഉണ്ടെങ്കിൽ അത് ഏത് മേഖലയിലാണ് ചെലവഴിക്കുന്നത്; എങ്ങനെയാണ് ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഡോ. ടി. എം. തോമസ് ഐസക് : സർ, എഡ്യൂക്കേഷണൽ സെസ്സിന്റെ വിഹിതം കേന്ദ്രാവിഷ്കൃത പദ്ധതിയായി മറ്റെല്ലാ സംസ്ഥാനങ്ങൾക്കും കിട്ടുന്നതുപോലെ കേരളത്തിനും കിട്ടുന്നുണ്ട്. ഇങ്ങനെയുള്ള സെസ്സുകളൊക്കെ ജി.എസ്.ടി.-യിൽ ലയിച്ചു പോകും. ഭാവിയിൽ ജി.എസ്.ടി. വരുമാനത്തിൽ നിന്ന് കേന്ദ്രം ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ഈ സ്കീമുകൾക്കുള്ള പണം കണ്ടെത്തേണ്ടിവരും.

## വൈദ്യുതി ഉപയോഗക്ഷമതയിലെ മികവ്

2(*182) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തന ഫലമായി വൈദ്യുതി ഉപയോഗക്ഷമതയിൽ എത്രമാത്രം മികവ് നേടാനായിട്ടുണ്ടെന്ന് അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ഗാർഹിക മേഖലയിൽ ശരിയായ ഇടപെടൽ വഴി ഏകദേശം 150 കോടി യൂണിറ്റ് വൈദ്യുതി ലാഭിക്കാമെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങളും ഇതുവരെ കൈവരിക്കാൻ സാധിച്ച നേട്ടവും അറിയിക്കാമോ; ഊർജ്ജ കിരണം പദ്ധതി ഫലപ്രദമായിരുന്നോ;

(സി) സർക്കാർ സ്ഥാപനങ്ങളിലും വാണിജ്യ സ്ഥാപനങ്ങളിലും ഉപഭോഗം കുറയ്ക്കാനായി ഇടപെടൽ നടത്തിയിരുന്നോ; എങ്കിൽ എത്ര നേട്ടം കൈവരിക്കാനായി എന്ന് വെളിപ്പെടുത്തുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ) ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ 154.725 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും 2013-14-ൽ 176.9512 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും 2014-15 -ൽ 281.44 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും 2015-16-ൽ 225.34 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും ലാഭിക്കാൻ സാധിച്ചു. ഊർജ്ജ സംരക്ഷണ പ്രവർത്തനം വഴി കേരളത്തിലെ വൈദ്യുതിയുടെ ആവശ്യകത കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

(ബി) ഗാർഹിക മേഖലയിൽ ഊർജ്ജ ലാഭം ലക്ഷ്യമിട്ടുകൊണ്ട് ഇ.എം.സി. നടപ്പിലാക്കുന്ന പരിപാടികളാണ് ഊർജ്ജ കിരൺ, ഊർജ്ജ ക്ലിനിക് എക്സിബിഷനുകൾ മറ്റ് പൊതുജന ബോധവൽക്കരണ പരിപാടികൾ എന്നിവ. കേരളത്തിലെ എൻ.ജി.ഒ. കളും പൊതുജന വായനശാലകളും ചേർന്ന് നടത്തുന്ന ബോധവൽക്കരണ പരിപാടിയാണ് ഊർജ്ജ കിരൺ.

ഇ.എം.സി.-യിൽ നിന്നും പരിശീലനം ലഭിച്ച വനിതാ വാളണ്ടിയർമാർ വീട്ടമ്മമാർക്കായി നടത്തുന്ന ബോധവൽക്കരണ പരിപാടിയാണ് ഊർജ്ജ ക്ലിനിക്. പരിശീലനം ലഭിച്ച വനിതാ വാളണ്ടിയർമാർ സ്ത്രീകളുടെ കൂട്ടായ്മകൾ സംഘടിപ്പിച്ചും ഭവന സന്ദർശനം നടത്തിയും ക്ലാസ്സുകൾ കൈകാര്യം ചെയ്യുകയും സർവ്വേകളും ലഘുലേഖാ വിതരണവും നടത്തി വരികയും ചെയ്യുന്നു. സർക്കാർ വകുപ്പുകൾ, വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന എക്സിബിഷനുകളിൽ ഊർജ്ജ സംരക്ഷണ ഉപാധികളുടെ പ്രദർശനവും ക്ലാസ്സുകളും നടത്തി വരുന്നുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ ഇ.എം.സി. നടത്തിവരുന്ന സ്മാർട്ട് എനർജി പ്രോഗ്രാമിലൂടെ വിദ്യാലയങ്ങളിലേയും വീടുകളിലേയും വൈദ്യുതി ലാഭിക്കുന്നുണ്ട്.

റസിഡന്റ്സ് അസ്സോസിയേഷനുകൾ, വിവിധ സ്ഥാപനങ്ങൾ, സർവ്വീസ് സൊസൈറ്റികൾ എന്നിവയുമായി ചേർന്ന് ഇ.എം.സി. പൊതുജന ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.

കടുത്ത വേനൽ ചൂടുമൂലം വൈദ്യുതി ഉപയാഗത്തിലുണ്ടാകുന്ന വർദ്ധനവ് കുറയ്ക്കുന്നതിനുവേണ്ടി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും കേന്ദ്രീകരിച്ച് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തോടുകൂടി പൊതുജന ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.

പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വീടുകളിൽ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളടങ്ങിയ സന്ദേശങ്ങൾ പൊതുജന ബോധവൽക്കരണത്തിനായി നൽകി വരുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഊർജ്ജ കിരൺ പദ്ധതി ഫലപ്രദമായിരുന്നു. ഈ പരിപാടിയുടെ ഭാഗമായി കേരളമൊട്ടാകെ ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവ് നാടകങ്ങൾ എന്നിവ നടത്തി വരുന്നു.

(സി) സർക്കാർ സ്ഥാപനങ്ങളിലും വാണിജ്യ സ്ഥാപനങ്ങളിലും ഉപഭോഗം കുറയ്ക്കാനായി ഇടപെടൽ നടത്തിയിരുന്നു.

സംസ്ഥാനത്തെ എല്ലാ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 38 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്.

സർക്കാർ/സ്വകാര്യ മേഖലയിലെ ഓഫീസുകൾ, ഐ.ടി. പാർക്കുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, വാണിജ്യ കെട്ടിടങ്ങൾ എന്നിവയടക്കം 240 സ്ഥാപനങ്ങളിൽ പ്രാഥമിക ഊർജ്ജ കാര്യക്ഷമതാ പഠനം നടത്തിയതിൽ 15% മുതൽ 30 ശതമാനം വരെ വൈദ്യുതി ലാഭിക്കാമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി പൊതു കെട്ടിടങ്ങളെ മാതൃകാ ഊർജ്ജ കാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിനായി മുപ്പതോളം സ്ഥാപനങ്ങളിൽ ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് നടപ്പിലാക്കുന്നതിലൂടെ ഊർജ്ജലാഭം നേടാമെന്ന് കണ്ടെത്തുകയും 8 സ്ഥാപനങ്ങളിൽ റിപ്പോർട്ട് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും, ഫാനുകളും മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും, ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിച്ചതിനാൽ പ്രതിവർഷം 0.86 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിച്ചതായി കണക്കാക്കിയിട്ടുണ്ട് :

1. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. വികാസ്ഭവൻ, തിരുവനന്തപുരം
3. സിവിൽ സ്റ്റേഷൻ, കോഴിക്കോട്
4. സിവിൽ സ്റ്റേഷൻ, തൃശ്ശൂർ
5. സിവിൽ സ്റ്റേഷൻ, എറണാകുളം
6. സിവിൽ സ്റ്റേഷൻ, കോട്ടയം
7. ഹൈക്കോടതി കെട്ടിടം, കൊച്ചി
8. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തിരുവനന്തപുരം
9. മൻമോഹൻ ബംഗ്ലാവ്, തിരുവനന്തപുരം.

ശ്രീമതി വീണാ ജോർജ്ജ് : സർ, യു.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ ഭരണകാലത്ത് അഴിമതിയുടെ മറുപേരായിരുന്നു സോളാർ. തന്മൂലമുണ്ടായ ദുഷ്പേര് കാരണം സൗരോർജ്ജ മേഖലയിൽ കേരളം മറ്റു സംസ്ഥാനങ്ങളെക്കാൾ വളരെ പിന്നിലായിപ്പോയി. മാത്രമല്ല, സൗരോർജ്ജ പദ്ധതികൾ ഒട്ടും ജനകീയമല്ലാതാകുകയും ചെയ്തു. സൗരോർജ്ജ പാനലുകൾ വഴി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 5 KV- ക്ക് മുകളിൽ മാത്രമേ കെ.എസ്.ഇ.ബി. ഗ്രിഡ് വയ്ക്കുന്നുള്ളൂ. ഇതിലൊരു മാറ്റം ഉണ്ടാകണം. സൗരോർജ്ജ പദ്ധതികൾ ജനകീയമാകണം. അതിനുവേണ്ടി ഒരു സോളാർ നയം നമുക്കാവശ്യമാണ്. അതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. എം. എം. മണി: സർ, സോളാർ വൈദ്യുതി പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സോളാർ പാനലുകൾ വയ്ക്കുന്ന ഉപഭോക്താക്കൾക്ക് കേന്ദ്ര സബ്സിഡിക്ക് പുറമേ ഒരു കിലോ വാട്ടിന് 10,000 രൂപ സംസ്ഥാന സബ്സിഡിയും നൽകുന്നുണ്ട്. കാസർഗോഡ് 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് നിർമ്മിച്ചു വരികയാണ്. സോളാർ പാനലുകൾ വയ്ക്കുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഇത് ശ്രദ്ധിച്ചില്ലെങ്കിൽ കെ.എസ്.ഇ.ബി. ലൈനിൽ കണക്ട് ചെയ്യാൻ കഴിയാതെ വരും. ലൈനിന്റെ ശേഷിയുടെ 10 ശതമാനത്തിൽ താഴെ മാത്രമേ സോളാർ പാനൽ വയ്ക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനും സോളാർ പാനലുകൾ വയ്ക്കുന്നതിന് ജനങ്ങളെ സഹായിക്കാനും കെ.എസ്.ഇ.ബി.-യിൽത്തന്നെ സംവിധാനമുണ്ടാക്കാനാണ് ആലോചിക്കുന്നത്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഊർജ്ജ ഉപഭോഗം കുറച്ചുകൊണ്ടു വരാൻ പഞ്ചായത്തുകൾ തയ്യാറാണ്. എന്റെ മണ്ഡലമായ ആറന്മുളയിലെ ഇരവിപേരൂർ പഞ്ചായത്തിൽ തെരുവുവിളക്കുകൾ പൂർണ്ണമായി എൽ.ഇ.ഡി. ആക്കി മാറ്റിയിട്ടുണ്ട്. പക്ഷേ ട്രാൻസ്ഫോർമറുകളിൽ മീറ്ററുകൾ ഘടിപ്പിക്കാൻ പഞ്ചായത്തുകൾ പണമടച്ച് വർഷങ്ങളായിട്ടും (2014-ൽ പണമടച്ചവർക്കുപോലും) മീറ്റർ ഘടിപ്പിച്ച് നൽകിയിട്ടില്ല. ഇതിലുള്ള കാലതാമസം ഒഴിവാക്കണം. അതുമാത്രമല്ല ഊർജ്ജ സംരക്ഷണത്തിന്റെ പേരിൽ, സി.എഫ്.എൽ. ലാമ്പുകൾ കൊടുക്കാമെന്ന് പറഞ്ഞ് അനെർട്ട് പഞ്ചായത്തുകളിൽനിന്നും കുറച്ചുപണം വാങ്ങിയിരുന്നു. പക്ഷേ ഈ സി.എഫ്.എൽ. ലാമ്പുകൾ കൊടുത്തിട്ടില്ല. തനത് ഫണ്ട് കുറവായിട്ടുള്ള പഞ്ചായത്തുകളെ സംബന്ധിച്ച് സർക്കാർ കൃത്യമായ തീരുമാനമെടുക്കുകയും ഊർജ്ജ ഉപഭോഗം കുറച്ചുകൊണ്ടുവരുന്ന പഞ്ചായത്തുകൾക്ക് പ്രോത്സാഹനമായി ട്രാൻസ്ഫോർമറിൽ മീറ്റർ ഘടിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടി വേഗത്തിലാക്കുകയും ചെയ്യാൻ കഴിയുമോ?

ശ്രീ. എം. എം. മണി: സർ, സ്ട്രീറ്റ് ലൈറ്റിന് മീറ്റർ വയ്ക്കുന്നതിന് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രത്യേകം പരിശോധന നടത്തി അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കും. പഞ്ചായത്തുകളിലെ തെരുവുവിളക്കുകളുടെ നവീകരണത്തിന് സംസ്ഥാന അടിസ്ഥാനത്തിൽ ഒരു പദ്ധതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ സൗജന്യ നിരക്കിൽ എൽ.ഇ.ഡി. അടക്കമുള്ള ഉപകരണങ്ങൾ വിതരണം ചെയ്യാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഹൈടെൻഷൻ, എക്സ്ട്രാ-ഹൈടെൻഷൻ ഉപഭോക്താക്കൾക്കാണ് സംസ്ഥാനത്ത് ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ഏകദേശം 25 ശതമാനം വൈദ്യുതിയും ഉപയോഗിക്കുന്നത് ചെറുകിട സംരംഭങ്ങളാണ് . അവർക്കുംകൂടി ഊർജ്ജ ഓഡിറ്റ് ബാധകമാക്കുമോ; കേരളത്തിൽ ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ശ്രീ. എം. എം. മണി</u>: അത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തി നിലപാടുകൾ എടുക്കേണ്ടതുണ്ട്. അതിനാവശ്യമായ നടപടി ബോർഡ് സ്വീകരിക്കുന്നതാണ്. ബിൽഡിംഗ് കോഡ് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, സൗരോർജ്ജ പാനൽ സ്ഥാപിച്ചതുവഴി നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽ അവർക്കാവശ്യമായ വൈദ്യുതിയുടെ ബാക്കി പുറത്ത് വിൽക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. ബാരാപ്പോൾ വൈദ്യുതി നിലയത്തിലും സൗരോർജ്ജ പാനൽ സ്ഥാപിച്ചിട്ടുണ്ട്. ഈ മാർഗ്ഗം പുതിയതായി ഉദ്ഘാടനം ചെയ്ത കണ്ണൂർ വിമാനത്താവളത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എം. എം. മണി</u>: സർ, കണ്ണൂർ വിമാനത്താവളത്തിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഈ ഗവൺമെന്റ് തീരുമാനമൊന്നും എടുത്തിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് അത്തരത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് പരിശോധിച്ചാൽ മാത്രമേ പറയാൻ കഴിയുകയുള്ളൂ. നെടുമ്പാശ്ശേരിയിൽ സൗരോർജ്ജ പാനലുണ്ട്. അവിടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഇലക്ട്രിസിറ്റി ബോർഡിന് നൽകുകയും ഇലക്ട്രിസിറ്റി ബോർഡ് പകരം വൈദ്യുതി തിരിച്ച് നൽകുകയും ചെയ്യുന്ന സമ്പ്രദായമാണ് നിലവിലുള്ളത്.

<u>ശ്രീ. ബി. സത്യൻ</u>: സർ, അങ്ങ് മുൻകയ്യെടുത്ത് കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കാൻ പോവുകയാണ്. ഒരു കാലത്തും കാണാത്ത മികവ് വൈദ്യുതി ബോർഡ് കാഴ്ചവച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുത്ത്, വെള്ളാനയായിരുന്ന വൈദ്യുതി ബോർഡിനെ ജനകീയവൽക്കരിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ, ഊർജ്ജ കാര്യക്ഷമതാ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുകെട്ടിടങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവ മാതൃകാ ഊർജ്ജ കാര്യക്ഷമതാ കെട്ടിടങ്ങളായി മാറ്റിയിട്ടുണ്ട്. ജനകീയമായി ഇപ്പോൾ

തുടങ്ങിയിട്ടുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവരെ വ്യാപിപ്പിക്കുന്നതിന് കൂടുതൽ കരുത്തോടുകൂടി മുന്നോട്ടുകൊണ്ടുപോകാൻ അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. എം. എം. മണി: ഊർജ്ജ ഓഡിറ്റിംഗ് വ്യാപകമാക്കാനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.ഇ.ബി. ഇക്കാര്യത്തിൽ സംഘടിതമായി പ്രവർത്തിക്കുന്നുണ്ട്. ഇത് വികേന്ദ്രീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ കഴിയില്ല. ഓഡിറ്റിംഗിന് ആവശ്യമായ പ്രാദേശിക സംവിധാനം രൂപപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. അത് പ്രായോഗികമാകുമോ എന്ന കാര്യം വളരെ ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്.

ശ്രീ. എം. സ്വരാജ്: സർ, കേരളം സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് നീങ്ങുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണ് കേരളത്തെ പ്രകാശ പൂരിതമാക്കുന്ന ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. അതിനുശേഷം വന്ന യു.ഡി.എഫ്. ഗവൺമെന്റ് അതിന്റെ തുടർച്ചയായ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടില്ല. എന്തുകൊണ്ടാണ് ഏറ്റെടുക്കാതിരുന്നത്; സമ്പൂർണ്ണ വൈദ്യുതീകരണം എന്നത്തേയ്ക്ക് പ്രഖ്യാപിക്കാൻ കഴിയും; ഇപ്പോഴുള്ള റവന്യൂ ഗ്യാപ് എത്രയാണ്; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ കഴിയും?

ശ്രീ. എം. എം. മണി: സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് സോളാർ പരിപാടി വിപുലീകരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചെങ്കിലും അതിനുശേഷംവന്ന യു.ഡി.എഫ്. ഗവൺമെന്റ് അത് നടപ്പാക്കില്ലെന്ന് മാത്രമല്ല, അതുമായി ബന്ധപ്പെട്ട വിവാദങ്ങളെല്ലാം കേരളം ഏറെ ചർച്ച ചെയ്തതാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. പ്രതിസന്ധിയിലായ സോളാർ പരിപാടി തിരുത്തി സോളാർ പാനൽ സ്ഥാപിക്കാനുള്ള സാധ്യത ഈ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അതിനുള്ള പരിപാടി നിലവിലുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണം ഇതിന്റെ ഭാഗമാണെന്ന് പറയാൻ ആഗ്രഹിക്കുന്നു. ....(ബഹളം)....

മി. സ്പീക്കർ: ചോദ്യം ചോദിക്കാതെ എന്തിനാണ് ബഹളം ഉണ്ടാകുന്നത്; സ്വന്തം അവസരം കളഞ്ഞിട്ടെന്തിനാണ് ബഹളം ഉണ്ടാക്കുന്നത്? സമാധാനമായി, നിശബ്ദമായിരിക്കു.

ശ്രീ. എം. എം. മണി: മേയ് മാസം അവസാനത്തോടുകൂടി സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടന്നതായി പ്രഖ്യാപിക്കും. ഇന്നലെ ഈ വിഷയം സഭയിൽ ചർച്ച ചെയ്തപ്പോൾ, അടിയന്തരമായി മേയ് മാസം അവസാനത്തോടുകൂടി

സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിക്കുമെന്നും തീയതി നിശ്ചയിച്ചിട്ടില്ലെന്നും ഞാൻ പറയുകയുണ്ടായി. നിർഭാഗ്യവശാൽ ഇന്നത്തെ പത്രങ്ങളിലൊന്നും അത്തരത്തിൽ പ്രധാനപ്പെട്ട കാര്യം നടക്കാൻ പോകുന്നുവെന്ന് പറഞ്ഞ കാര്യം വന്നിട്ടില്ല. .........(ബഹളം).......

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, എന്റെ നാട്ടിൽ സൊസൈറ്റി ഫാമിൽ അഞ്ച് ഏക്കറിൽ കൃഷി നടത്തുമ്പോൾ 3,000 രൂപയായിരുന്നു ഇലക്ട്രിസിറ്റി ചാർജ്ജ്. എന്നാലത് മൈക്രോ ഇറിഗേഷനിലായപ്പോൾ 700 രൂപയായി കുറഞ്ഞു. വെള്ളവും ലാഭം, യീൽഡും വർദ്ധിക്കുമെന്നുള്ളതുകൊണ്ട് കൃഷി വകുപ്പുമായി ചേർന്ന് കൃഷിക്കാരെ ബോധവൽക്കരിച്ച്, വലിയ രീതിയിലുള്ള പ്രചരണം നടത്തിയാൽ വെള്ളവും വൈദ്യുതിയും ലാഭിക്കാം, വിളവ് വർദ്ധിപ്പിക്കുകയും ചെയ്യാം. ഞാൻ അനുഭവത്തിൽ നിന്നാണ് പറയുന്നത്. അത്തരത്തിലൊരു പരിപാടിയ്ക്ക് ഇലക്ട്രിസിറ്റി വകുപ്പ്, കൃഷി വകുപ്പുമായി ചേർന്ന് തയ്യാറാകുമോ?

ശ്രീ. എം. എം. മണി: സർ, അതിന്റെ സാങ്കേതികമായ എല്ലാ വശങ്ങളും പരിശോധിക്കണം. പ്രായോഗികമാണെങ്കിൽ കൃഷിവകുപ്പുമായി ആലോചിക്കാവുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, വൻതോതിൽ വൈദ്യുതി ആവശ്യമായി വരുന്ന മേഖലകളാണ് തൃശ്ശൂർ, കുട്ടനാട്, പൊന്നാനി തുടങ്ങിയ മോട്ടോർ പ്രവർത്തിക്കുന്ന കോൾ മേഖലകൾ. 50 എച്ച്.പി.യുള്ള നൂറുകണക്കിന് മോട്ടോറുകൾ പ്രവർത്തിക്കുന്ന ഈ മേഖലയിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ചാൽ വലിയ നേട്ടമുണ്ടാകും. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിലെ ഒരു പാടശേഖരത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ സൗരോർജ്ജ പാനൽ പ്രവർത്തിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. എന്റെ പാടശേഖരമടക്കം തൃശ്ശൂർ ജില്ലയിലെ നാല് പാടശേഖരങ്ങളിൽ RAIDCO പരിശോധന നടത്തുകയും സൗരോർജ്ജ പാനൽ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരികയുമാണ്. എല്ലാ പാടശേഖരങ്ങളിലും ഇത് വ്യാപകമായി നടപ്പിലാക്കിയാൽ വൻതോതിൽ ഊർജ്ജം ലാഭിക്കാൻ കഴിയും. അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി: സർ, സൗരോർജ്ജത്തിന്റെ ഉല്പാദനച്ചെലവ് ജലവൈദ്യുത പദ്ധതിയേക്കാൾ വളരെ കൂടുതലാണെന്ന യാഥാർത്ഥ്യം നാം കാണേണ്ടതുണ്ട്. ആ സാഹചര്യത്തിൽനിന്നുകൊണ്ട് ഇതെങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ബോർഡിനും ഗവൺമെന്റിനും ആലോചിക്കാവുന്നതാണ്. സോളാർ പദ്ധതി വികസിപ്പിക്കുക എന്നുള്ളതുതന്നെയാണ് ഗവൺമെന്റ് നയം.

ഇന്നലെയും അതിനെക്കുറിച്ച് സംസാരിക്കുകയുണ്ടായി. പ്രായോഗിക ബുദ്ധിമുട്ടും ചെലവും താങ്ങാനാവുന്നതിലും അധികമാണെന്നും മറ്റ് പ്രശ്നങ്ങളുണ്ടാകാനുള്ള സാധ്യതയുണ്ടെന്നുമാണ് കാണുന്നത്. ഏതായാലും അതിന്റെ എല്ലാ വശങ്ങളും പരിശോധിക്കുന്നതാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ശക്തമായ ഇടപെടൽ നടത്തിയെന്ന അഭിപ്രായക്കാരനാണ് ഞാൻ. എന്റെ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണമായതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. അങ്ങ് ഇന്നലെയും ഇന്നും പറഞ്ഞ മറുപടിയിൽ, സമ്പൂർണ്ണ വൈദ്യുതീകരണം ഉൾപ്പെടെ വളരെയധികം പരിഷ്കാരങ്ങൾ നടത്തിയിട്ടും വെള്ളമില്ലാതെ വൈദ്യുതിക്കുറവ് ഉണ്ടായിട്ടും പവർകട്ടില്ലാതെ കൊണ്ടുപോകാൻ കഴിയുമെന്ന് പറയുകയുണ്ടായി. കേന്ദ്ര പൂളിൽ നിന്നും കൂടുതൽ വൈദ്യുതി കിട്ടിയിട്ടുണ്ടോ; അല്ലെങ്കിൽ മറ്റെന്തെങ്കിലും മറിമായം നടന്നിട്ടുണ്ടോ എന്ന് സഭയെ ബോദ്ധ്യപ്പെടുത്താൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. എം. എം. മണി</u>: സർ, ബഹുജനങ്ങൾക്ക് സഹായകരമായി ഗവൺമെന്റ് ഒരു കാര്യം ചെയ്യുമ്പോൾ പത്രങ്ങളും മറ്റ് മാധ്യമങ്ങളും അക്കാര്യം ശ്രദ്ധിക്കാതെയും ജനങ്ങളുടെ ഇടയിൽ വാർത്ത എത്താതിരിക്കുകയും ചെയ്താൽ അത് കടുത്ത ദ്രോഹമായിരിക്കുമെന്ന് തന്നെയാണ് എന്റെ അഭിപ്രായം. കേന്ദ്രപൂളിൽ നിന്നും വൈദ്യുതി പരിമിതമായി കിട്ടുന്നുണ്ട്. ദീർഘ-ഹ്രസ്വകാല കരാറുകൾ വച്ച് വൈദ്യുതി വാങ്ങുകയാണ് ചെയ്യുന്നത്. കമ്പോളത്തിൽ ഇഷ്ടംപോലെ വൈദ്യുതി വാങ്ങാൻ കിട്ടുമെന്ന കാര്യം കാണേണ്ടതാണ്. അത്തരത്തിൽ വൈദ്യുതി വാങ്ങുന്നതുകൊണ്ടാണ് പവർക്കട്ടില്ലാതെ പോകുന്നതെന്നതാണ് സത്യം. അതിന് മറ്റ് മറിമായമൊന്നുമില്ല. എത്ര വൈദ്യുതി വേണമെങ്കിലും കുറഞ്ഞ വിലയ്ക്ക് വാങ്ങാൻ കിട്ടുന്ന അവസ്ഥയുണ്ട്. ഇപ്പോഴും കുറഞ്ഞ വിലയ്ക്ക് വൈദ്യുതി തരാമെന്ന് പറഞ്ഞ് ബോർഡിനെ സമീപിക്കുന്നുണ്ട്. വേണമെങ്കിൽ കരാർ വയ്ക്കാവുന്നതാണ്. മന്ത്രിയെന്ന നിലയ്ക്ക് എനിക്ക് നിവേദനം തന്നിട്ടുണ്ട്. ഏറ്റവും കുറഞ്ഞ റേറ്റിൽ കിട്ടുന്നവ ആവശ്യമെങ്കിൽ പത്രത്തിൽ പരസ്യം കൊടുത്ത് വാങ്ങാമെന്ന നിർദ്ദേശവും കൊടുത്തിട്ടുണ്ട്. പക്ഷേ ഇങ്ങനെ വൈദ്യുതി എത്തിക്കുന്നതിൽ പ്രസരണ സംവിധാനം പരിമിതമാണെന്നതടക്കം പ്രശ്നങ്ങളുണ്ട്.

<u>ശ്രീ. വി. ജോയി</u>: സർ, ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി തെരുവ് വിളക്കുകളിൽ എൽ.ഇ.ഡി. സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുന്നോട്ട് പോയിട്ടുണ്ടോ; ഏതെങ്കിലും കമ്പനി അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. എം. എം. മണി: സർ, തെരുവുവിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡി. ആക്കുന്നതിന് സഹായിക്കാമെന്ന് സംസ്ഥാന ഗവൺമെന്റിന്റെ ബജറ്റിൽ പറഞ്ഞിട്ടുണ്ട്. ആ നിലയിൽ നമുക്കത് പരീക്ഷിക്കാവുന്നതാണ്, അത് സഹായകരമാകും എന്നുതന്നെയാണ് കരുതുന്നത്. അതിന് കഴിഞ്ഞ ബജറ്റിൽത്തന്നെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നിർദ്ദേശം വച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഊർജ്ജരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് എന്റെ മണ്ഡലത്തിൽ ഇ.എം.സി.യുടെ സഹായത്തോടെ ഊർജ്ജ സർവ്വേ നടത്തുകയും എനർജി ഓഡിറ്റിംഗ് അനിവാര്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. പല സ്ഥാപനങ്ങളിലും പല രീതിയിലും ഊർജ്ജം പാഴാക്കികൊണ്ടിരിക്കുകയാണ്. അപ്പോൾ എനർജി ഓഡിറ്റിംഗ് വ്യാപകമാക്കാൻ വൈദ്യുതി വകുപ്പിന് എന്തെങ്കിലും പദ്ധതികളുണ്ടോ?

ശ്രീ. എം. എം. മണി: സർ, അത്തരമൊരു പദ്ധതിയെക്കുറിച്ച് ആലോചിക്കാവുന്നതാണ്. പ്രായോഗികമാണെങ്കിൽ അത് നടപ്പിലാക്കുന്ന കാര്യവും ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. ബാബു: സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതുമായി ബന്ധപ്പെട്ടുണ്ടാക്കിയ കരാറിൽ ഗുരുതരമായ ആരോപണങ്ങളുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. എം. മണി: സർ, ഗവൺമെന്റിന്റെ ശ്രദ്ധയിൽ എന്ന് പറഞ്ഞാൽ വൈദ്യുതി ബോർഡിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ അതു സംബന്ധിച്ച് പരിശോധന നടത്താം. അതിലപ്പുറം അത് സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ ഇല്ലയോ എന്ന കാര്യം ബോർഡിന് അറിയില്ല.

**കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്ന പ്രധാന പദ്ധതികൾ**

3 (*183 ) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. നൗഷാദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്ന, റെയിൽവേയിൽ ഉൾപ്പെടെയുള്ള പ്രധാന പദ്ധതികൾ ഏതൊക്കെയെന്നും അതിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകി കേന്ദ്ര ബജറ്റിൽ പണം വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നൽകി വന്നിരുന്ന തുകയുടെ അനുപാതത്തിൽ വ്യതിയാനം വരുത്തിയിട്ടുണ്ടോ;

(സി) കാർഷിക-വ്യാവസായിക മേഖലകളിൽ സംസ്ഥാനത്തിന് ജനസംഖ്യാനുപാതികമായ തുക വകയിരുത്താതെ കേന്ദ്രം അവഗണിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത നയം തിരുത്തിക്കാനായി സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ,

(എ & സി) റെയിൽവേ, എയിംസ്, ഫാക്ടിന്റെ പുനരുജ്ജീവനം ഉൾപ്പെടെ കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രധാന പദ്ധതികളും ആവശ്യങ്ങളും അനുബന്ധമായി ചേർക്കുന്നു.* സംസ്ഥാനത്തിന്റെ വിവിധ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്രത്തിന് യഥാസമയം സമർപ്പിച്ചിരുന്നുവെങ്കിലും വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല. ഈ വിഷയങ്ങൾ വിവിധ ഘട്ടങ്ങളിലായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കാർഷിക വ്യാവസായിക മേഖലകളിൽ സംസ്ഥാനം തുടർച്ചയായി നേരിടുന്ന കേന്ദ്ര അവഗണന പരിഹരിക്കുന്നതിനായി മന്ത്രിതലത്തിലും ഉദ്യോഗസ്ഥ തലത്തിലും കേന്ദ്രത്തിനുമേൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(ബി) 100% കേന്ദ്രവിഹിതം ഒഴികെയുള്ള എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമുള്ള വിഹിതം 60:40 അനുപാതത്തിലാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നിർത്തലാക്കിയ പദ്ധതികൾ സംസ്ഥാനത്തിന് താത്പര്യമുള്ളപക്ഷം 50:50 എന്ന അനുപാതത്തിൽ നടപ്പിലാക്കാവുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: സർ, കേന്ദ്ര ഗവൺമെന്റ് ദേശീയ വികസന കൗൺസിലും കേന്ദ്ര ആസൂത്രണ കമ്മീഷനും ഇല്ലാതാക്കി. കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ സംസ്ഥാനങ്ങളുടെ വികസനം സംബന്ധിച്ച കാര്യങ്ങളെല്ലാം അവതരിപ്പിക്കുന്ന വേദികളാണ് ഇതോടുകൂടി ഇല്ലാതായത്. എന്നുമാത്രമല്ല ഓരോ സംസ്ഥാനങ്ങൾക്കും അവരവരുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകിക്കൊണ്ടുള്ള ആവശ്യങ്ങളും ഈ വേദികളിലൂടെയാണ് കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെ അവതരിപ്പിക്കുന്നത്. ശക്തമായ കേന്ദ്രം, ശക്തമായ സംസ്ഥാനങ്ങൾ എന്ന ഫെഡറൽ തത്വം തന്നെ ഇവിടെ തകർക്കപ്പെട്ടിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വികസനം സംബന്ധിച്ചും പ്രയോറിറ്റി അനുസരിച്ചുമുള്ള കാര്യങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നേടിയെടുക്കാനും സംസ്ഥാനത്തിന്റെയാകെ പൊതുതാല്പര്യങ്ങൾ സംരക്ഷിക്കാനും ഏതെല്ലാംതരത്തിലുള്ള നിലപാടുകളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ കാണിച്ചുകൊണ്ടിരിക്കുന്ന അവഗണന, പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുക, കേന്ദ്രവിഹിതം വെട്ടിക്കുറയ്ക്കുക തുടങ്ങിയ നടപടികളെല്ലാം സംസ്ഥാനങ്ങളുടെ വികസനത്തെ ഏറ്റവുമധികം പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് നടത്താനുദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആസൂത്രണ കമ്മീഷനും പദ്ധതികളും കേന്ദ്രസർക്കാർ വേണ്ടെന്നുവച്ചിരിക്കുകയാണ്. ഇത് വളരെ ദൗർഭാഗ്യകരമാണ്. കാരണം, നമ്മുടെ പദ്ധതികൾ വളരെ അവധാനതയോടെ വിദഗ്ദ്ധരുമായും സംസ്ഥാനവുമായും ചർച്ച ചെയ്ത് തീരുമാനിക്കപ്പെടുന്നവയാണ്. അത് ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ ഉണ്ടായിട്ടുള്ള കീഴ്‌വഴക്കമാണ്. അങ്ങനെ തീരുമാനിച്ചുകഴിഞ്ഞാൽ കേന്ദ്ര സർക്കാർ അതിൽ മാറ്റങ്ങൾ വരുത്തില്ലെന്നും സംസ്ഥാനങ്ങൾ കൂടുതൽ ചർച്ച ചെയ്യണമെന്നുമൊക്കെയുള്ള ചില വിമർശനങ്ങളുണ്ടായിരുന്നു. എങ്കിലും ഇപ്പോൾ ഉണ്ടായിരിക്കുന്നത് ആരുമായും ചർച്ച ചെയ്യാതെ കേന്ദ്രസർക്കാരിനുതന്നെ എല്ലാ കാര്യങ്ങളും തീരുമാനിക്കാമെന്ന രീതിയാണ്. നീതി ആയോഗ് ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അത് ഒരു ചർച്ചാ വേദി മാത്രമാണ്. അതിന്റെ രണ്ടാമത്തെ യോഗം നടക്കുന്നത് കഴിഞ്ഞമാസം മാത്രമാണ്. അതിൽനിന്നുതന്നെ മനസ്സിലാക്കാം എത്ര ഗൗരവമുള്ളതാണെന്ന്. സംസ്ഥാന മുഖ്യമന്ത്രിമാരെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള ചർച്ച നടന്നത് ഇപ്പോൾ മാത്രമാണ്. യഥാർത്ഥത്തിൽ പ്രധാനമന്ത്രിയിലും ധനമന്ത്രാലയത്തിലും ഇത്രയേറെ അധികാരം കേന്ദ്രീകരിച്ച ഒരു സ്ഥിതിവിശേഷമുണ്ടായിട്ടില്ല. ഇത് സ്വേച്ഛാപരമായി വിഭവങ്ങൾ വിതരണം ചെയ്യുന്നതിലേയ്ക്കെത്തുമെന്നാണ് നമ്മുടെ ആക്ഷേപം. ഇതിൽ സംസ്ഥാന സർക്കാർ ശക്തമായി പ്രതിഷേധിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, ഇന്ത്യാ രാജ്യത്ത് വാർഷിക പദ്ധതി അംഗീകരിച്ച് നടപ്പാക്കിയിട്ടുള്ളതും പഞ്ചവത്സര പദ്ധതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ ഒരു സംസ്ഥാനമേയുള്ളൂ. ഇപ്പോൾ നീതി ആയോഗ് മൂന്നുവർഷ പദ്ധതിയെക്കുറിച്ചൊക്കെ പറയുന്നുണ്ട്. പക്ഷേ എന്താണ് ചെയ്യേണ്ടതെന്ന് അവർക്കും ധാരണയില്ല. പഞ്ചവത്സര പദ്ധതിക്കുപകരം എന്താണ് കൊണ്ടുവരേണ്ടതെന്ന് ഒരു ധാരണയും ഇല്ലെന്നുള്ളത് അതിന്റെ ചർച്ചാരേഖകൾ നോക്കിയാൽ വ്യക്തമാകും. നമ്മുടെ ഏറ്റവും ശക്തമായിട്ടുള്ള ആവശ്യം ചിട്ടയായ, ശാസ്ത്രീയമായ ആസൂത്രണം കേരളത്തിൽ മുന്നോട്ടുകൊണ്ടുപോകുക എന്നുള്ളതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, 2016 ആഗസ്റ്റ് മാസം നീതി ആയോഗിന്റെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം നമ്മുടെ സംസ്ഥാനത്ത് 66 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ അത് 28 ആയി വെട്ടി കുറച്ചിരിക്കുകയാണ്. ദേശീയ ആരോഗ്യ ദൗത്യം വഴി നമുക്ക് ലഭിച്ചുകൊണ്ടിരുന്നത് 837 കോടി രൂപയാണ്. 75% കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവും. അതിപ്പോൾ 60:40 ആയി മാറ്റിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം കുറയ്ക്കുകയും സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ഫലത്തിൽ ആരോഗ്യ രംഗത്ത് നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഏതാണ്ട് 150 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളുടെ കുറവ് കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ ഫലമായി സംസ്ഥാനത്ത് സംഭവിക്കുകയാണ്. ആരോഗ്യ രംഗത്ത് കൂടുതൽ പണം ആവശ്യമായി വരുന്ന ഘട്ടത്തിൽ കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന ഇത്തരത്തിലുള്ള സാമ്പത്തിക കുറവ് പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റിന് എന്താണ് ചെയ്യാൻ കഴിയുക; ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ചുരുങ്ങിയ വാചകങ്ങളിൽ ചോദ്യം ചോദിക്കുക, ഇത്തരം ദീർഘമായ പ്രസ്താവനകൾ ദയവായി നടത്തരുത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഗാഡ്ഗിൽ ഫോർമുല പ്രകാരമുള്ള രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ, മൂന്ന് വായ്പകൾ എന്നിവയാണ് പദ്ധതിയുടെ ഭാഗമായി നമുക്ക് ലഭിച്ചുകൊണ്ടിരുന്നത്. ഇതിൽ ഗാഡ്ഗിൽ ഫോർമുല പ്രകാരമുള്ള പദ്ധതി സഹായം നിർത്തലാക്കി. അറുപത് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ടായിരുന്നത് ഇരുപത്തിയെട്ടായി ചുരുക്കി. ജലസേചനത്തിന് 25 ശതമാനം മുതൽ 75 ശതമാനം വരെ വിഹിതം ലഭിച്ചിരുന്നിടത്ത് ഇപ്പോൾ 40 ശതമാനം വിഹിതം സംസ്ഥാനം കൊടുക്കണം. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ മേലുള്ള ഭാരം വർദ്ധിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് കൂടുതൽ പണം തന്നിട്ടുണ്ടെന്നാണ് കേന്ദ്രസർക്കാർ അതിന് പറയുന്ന ന്യായം. ധനകാര്യ കമ്മീഷൻ കൂടുതൽ പണം തന്നത് കേന്ദ്ര സർക്കാർ ഇതുവഴി തിരിച്ചെടുത്തു. വലതുകൈകൊണ്ട് തന്നത് ഇടതുകൈകൊണ്ട് തിരിച്ചെടുത്തു. സംസ്ഥാനങ്ങളുടെ വരുമാനം ആ രീതിയിൽ വർദ്ധിച്ചിട്ടില്ല. കഴിഞ്ഞ വർഷങ്ങളിൽ നമുക്ക് കിട്ടിയ വിഹിതം 2%-ത്തിനും 2.4%-ത്തിനുമിടയ്ക്കാണ്. ജനസംഖ്യാനുപാതികമായിട്ടുപോലും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്ന് സംസ്ഥാനത്തിന് വിഹിതം കിട്ടുന്നില്ല എന്നുള്ളതാണ് ഇന്നത്തെ ദുരവസ്ഥ.

ശ്രീ. പി. കെ. ശശിക്കുവേണ്ടി ശ്രീ. കെ. ബാബു: സർ, കേരളത്തിലെ, പ്രത്യേകിച്ച് പാലക്കാട് ജില്ലയിലെ ജനങ്ങൾ ഏറെക്കാലമായി ആവശ്യപ്പെട്ടിരുന്നതും കേരളത്തിലുൾപ്പെടെയുള്ള റെയിൽവേ വികസനത്തിനും തൊഴിൽ അവസരങ്ങൾക്കും ഏറെ സാധ്യതയുള്ളതും പതിറ്റാണ്ടുകളായി പ്രഖ്യാപിച്ചതുമായ പദ്ധതിയാണ് പാലക്കാട് കഞ്ചിക്കോട് കോച്ച് ഫാക്ടറി. 2006 മുതൽ 2011 വരെയുള്ള കാലഘട്ടത്തിലെ എൽ.ഡി.എഫ്. സർക്കാർ കേന്ദ്രമന്ത്രാലയം ആവശ്യപ്പെട്ടതിലുമധികം ഭൂമി ഏറ്റെടുത്ത് നൽകിയിരുന്നു. നിശ്ചിത പ്രദേശത്ത് തറക്കല്ലിടാതെ പതിനഞ്ച് കിലോമീറ്ററുകൾക്കിപ്പുറത്ത് പാലക്കാട് കോട്ടമൈതാനത്ത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ കേന്ദ്ര റെയിൽവേ മന്ത്രിയെ കൊണ്ടുവന്ന് തറക്കല്ലിട്ട് പോവുകയും ചെയ്തു. പക്ഷേ ഇപ്പോഴും ആ തറക്കല്ലിൻമേൽ ഒരു പണിയും നടന്നിട്ടില്ല. പാലക്കാട് കഞ്ചിക്കോട് കോച്ച് ഫാക്ടറിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കഞ്ചിക്കോട് കോച്ച് ഫാക്ടറി ഒരിഞ്ചുപോലും മുൻ അവസ്ഥയിൽ നിന്ന് മുന്നോട്ട് പോയിട്ടില്ല. മൊത്തം പൊതുമേഖലാ നിക്ഷേപത്തിൽ കേരളത്തിന്റെ വിഹിതം 2 ശതമാനത്തിൽ താഴെയാണ്. ഓരോ വർഷം അങ്ങോട്ടുമിങ്ങോട്ടും മാറും. ഡിസ് ഇൻവെസ്റ്റ്മെന്റ് വന്നപ്പോൾ ഇപ്പോഴത്തെ കണക്ക് കൃത്യമായി പറയാൻ കഴിയുന്നില്ല. അല്ലെങ്കിൽ 1.5 ശതമാനത്തിനും 2 ശതമാനത്തിനുമിടയ്ക്കാണ് കേരളത്തിന്റെ പൊതുമേഖലാ നിക്ഷേപം. കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരമല്ല പണം അനുവദിക്കുന്നത്. കേരള സംസ്ഥാനത്തോട് തുടർച്ചയായി അവഗണനയാണ് കാണിക്കുന്നത്. കഞ്ചിക്കോട് കോച്ച് ഫാക്ടറി അതിന് നല്ലൊരുദാഹരണമാണ്.

ശ്രീ. കെ. ദാസൻ: സർ, കേരളത്തിലെ പൊതുവിതരണം വഴി മീൻ പിടിത്തക്കാർക്ക് പരമ്പരാഗതമായി നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് 2525 കിലോ ലിറ്റർ ആയിരുന്നു. അത് നിലനിർത്താനായി കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; മത്സ്യഫെഡ് നടത്തുന്ന 13 പെട്രോൾ ബങ്കുകളിൽ കൃത്യസമയത്ത് ആവശ്യമായ അളവിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് കേന്ദ്രത്തോട് ഒരു സ്പെഷ്യൽ ക്വാട്ട അടിയന്തരമായി സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുമോ; അങ്ങനെ ആവശ്യപ്പെട്ടതായി സഭയിൽ പറയാൻ കഴിയുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, മണ്ണെണ്ണയുടെ കാര്യത്തിൽ തുടർച്ചയായി അപേക്ഷ കൊടുത്തിട്ടും ഇത് തുടരാൻ കഴിയില്ല എന്ന ഉറച്ച

നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മണ്ണെണ്ണ ഫ്യുവൽ ആവശ്യത്തിനാണ് തരുന്നതെന്ന് ഇന്നലെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പറയുകയുണ്ടായി. 1960-കളിൽ തുടങ്ങിയ ഈ സിസ്റ്റം ഇന്ന് മത്സ്യത്തൊഴിലാളികൾക്ക് തീരെ മണ്ണെണ്ണ കിട്ടാത്ത അവസ്ഥയിൽ എത്തിനിൽക്കുകയാണ്. ഓപ്പൺ മാർക്കറ്റിൽ അറുപതോ അറുപത്തിയഞ്ചോ രൂപയാണ് വില. 18 രൂപയ്ക്കാണ് റേഷൻകട വഴി മണ്ണെണ്ണ കിട്ടുന്നത്. കെറോസിന്റെ ഉപയോഗം പരിസ്ഥിതിയെ സാരമായി ബാധിക്കുമെന്നതുകൊണ്ട് തൊഴിലാളികൾക്ക് കെറോസിനിൽനിന്നും പെട്രോളിലേയ്ക്ക് കാര്യങ്ങൾ മാറാൻ കഴിയുമോ എന്നുള്ളത് സംബന്ധിച്ച് അവരെ വിളിച്ച് ചർച്ച ചെയ്യാനിരിക്കുകയാണ്. കേന്ദ്ര ഗവണ്മെന്റ് ആഴക്കടൽ ട്രോളറുകൾക്കാണ് പെട്രോളിന് സബ്സിഡി നൽകുന്നത്. അത് പരമ്പരാഗത തൊഴിലാളികൾക്കും കിട്ടണം. ആഴക്കടൽ ട്രോളറുകൾക്ക് ബി.പി.എൽ തടസ്സമില്ല. മത്സ്യത്തൊഴിലാളി എന്ന് പറഞ്ഞാൽ ബി.പി.എൽ. കാർക്കേ പെട്രോൾ സബ്സിഡി അനുവദിക്കുകയുള്ളൂ എന്നാണ് കേന്ദ്ര സർക്കാർ നിലപാട്. മത്സ്യ തൊഴിലാളികൾക്ക് മണ്ണെണ്ണ തരാൻ സന്നദ്ധമല്ലെങ്കിൽ പെട്രോൾ സബ്സിഡി തരണം. സംസ്ഥാന ഗവൺമെന്റും അതിന്റെ ഷെയർ ഏറ്റെടുക്കാൻ തയ്യാറാണ് എന്ന റിക്വസ്റ്റാണ് ഇപ്പോൾ കൊടുത്തിരിക്കുന്നത്. ഇത് ഗൗരവതരമായ പ്രശ്നമാണ്.

<u>ശ്രീ. എം. നൗഷാദ്</u>: സർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിലവിൽ 100 തൊഴിൽ ദിനങ്ങൾ നൽകണം. പക്ഷേ പല സ്ഥലത്തും 100 തൊഴിൽ ദിനങ്ങൾ നൽകാനോ അവരുടെ വേതനം കൃത്യമായി കൊടുക്കാനോ കഴിയുന്നില്ല. ഇതിൽ കേന്ദ്ര വിഹിതം കൃത്യമായി ലഭിച്ചിട്ടുണ്ടോ; ഇനി കുടിശ്ശിക വല്ലതുമുണ്ടോ; എന്താണ് അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്ന് വിശദീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, നിയമപ്രകാരം ഇതൊരു demand driven programme ആണ്. 100 ദിവസത്തെ തൊഴിലിന്റെ സീലിംഗ് ഉണ്ട്, ആവശ്യാനുസരണം കൊടുക്കണം. എന്നാൽ ഇപ്പോൾ അത് സപ്ലൈ റെസ്ട്രിക്ടട് സ്കീമായി മാറി. ഓരോ സംസ്ഥാനത്തിനും ബജറ്റിൽ നിന്ന് ഇത്ര കോടി രൂപ എന്ന് പറയുന്നുണ്ട്. അതനുസരിച്ചുള്ള സ്കീമുകൾ മാത്രമേ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. വരൾച്ചയുടെ പശ്ചാത്തലത്തിൽ തൊഴിൽദിനങ്ങൾ 150 ആയി വർദ്ധിപ്പിച്ചു എന്ന് പറയുന്നു. 150 ദിവസത്തേയും ജോലിക്ക് ലേബർ ബജറ്റ് ഉണ്ടാക്കാനുള്ള പരിശ്രമം വളരെ ഊർജ്ജിതമായി നടന്നുവരികയാണ്. പക്ഷേ പൈസ കിട്ടുമോ; ഇപ്പോൾത്തന്നെ കുടിശ്ശികയുണ്ട്. തൊഴിലുറപ്പ് ജോലി ചെയ്യുന്ന സ്ത്രീകളിൽ നിന്നും വലിയ ആക്ഷേപം ഉണ്ടായിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ പണം അനുവദിക്കുമെന്നാണ് പറഞ്ഞിരുന്നത്. പുതിയ ബജറ്റ് വന്നാലുടനെ കുടിശ്ശിക തീർക്കുമെന്നും പറഞ്ഞു. എന്നാൽ അതിന് ഒരു മാറ്റവും ഉണ്ടായിട്ടില്ല. ഈ വിഷയം ശക്തമായി കേന്ദ്രസർക്കാരിന് മുന്നിൽ അവതരിപ്പിക്കുന്നതാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഏതാണ്ട് 750 കോടി രൂപ നമുക്ക് കുടിശ്ശിക കിട്ടാനുണ്ട്. ഇതിലേയ്ക്കായി നിരന്തരം കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ ശക്തമായ ഇടപെടൽ വേണ്ടിവരുമെന്നുതന്നെയാണ് തോന്നുന്നത്. മറ്റെല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഗവൺമെന്റ് കുടിശ്ശിക കൊടുത്തുതീർത്തു. ഇതിനൊരു രാഷ്ട്രീയമുണ്ടോ എന്നുവരെ നമുക്ക് സംശയിക്കേണ്ടതായിട്ടുണ്ട്.

മി. സ്പീക്കർ: ഇതെല്ലാം ചേർത്താണ് സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഇന്നലെ 'ഉലക്ക വിഴുങ്ങണം, പക്ഷേ വട്ടത്തിൽ വിഴുങ്ങണ'മെന്ന് പറഞ്ഞത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേന്ദ്രാവിഷ്കൃത പദ്ധതികൾ പലതും ആരംഭിക്കാൻ സമയമെടുക്കും. അതുകൊണ്ടുതന്നെ പൂർത്തീകരിക്കാനും വളരെയധികം സമയമെടുക്കും. അതിനാൽ കേന്ദ്രസർക്കാരിന്റെ 50:50 എന്ന അനുപാതം 80:20 ആയി കുറയുന്നുണ്ട്. കേരളത്തിന് ഉൾക്കൊള്ളാൻ കഴിയാത്ത കുറെ റെസ്ട്രിക്ഷൻസ് സെൻട്രൽ ഗവൺമെന്റ് വയ്ക്കുന്നതുകൊണ്ടാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ ആരംഭിക്കാൻ സമയമെടുക്കുന്നത്. അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നിശ്ചയമായും കേന്ദ്രാവിഷ്കൃത പദ്ധതികൾ ആരംഭിക്കുന്നതിന് സമയമെടുക്കുന്നുണ്ട്. കേന്ദ്ര റോഡ് പദ്ധതിയായ പ്രധാനമന്ത്രി സഡക് യോജനയ്ക്ക് പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കാൻ സംസ്ഥാനത്തിന് വളരെ ബുദ്ധിമുട്ടാണ്. കേന്ദ്രാവിഷ്കൃതമെന്ന് പറഞ്ഞാലും നമ്മുടെ അളവ് അനുസരിച്ചല്ല, ദേശീയ മാനദണ്ഡങ്ങളനുസരിച്ചാണ് അതുണ്ടാക്കുന്നത്. ഫലപ്രദമായ മോണിറ്ററിംഗും നടക്കുന്നില്ല. മുഴുവൻ സ്കീമുകളുടേയും ഓരോ വർഷത്തെ അലോട്ട്മെന്റ്, സംസ്ഥാന ബജറ്റിന് എത്ര തുക വച്ചു, അഡീഷണൽ എന്ത് വേണം, എന്ത് ചെലവായി, ചെലവായത് യൂട്ടിലൈസേഷനായോ, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയോ തുടങ്ങിയ കാര്യങ്ങൾ നിരന്തരമായി മോണിറ്റർ ചെയ്യുന്നതിന് ഒരു ഓൺലൈൻ മോണിറ്ററിംഗ് സമ്പ്രദായം ഇപ്പോൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിനുള്ള പരിശീലനം നടന്നുകൊണ്ടിരിക്കുകയാണ്. ഇത് നടപ്പിലായിക്കഴിഞ്ഞാൽ കാര്യക്ഷമത ഗണ്യമായി വർദ്ധിക്കുകയും അതിന്റെ ഫലമായി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് വർദ്ധിപ്പിക്കാൻ കഴിയുകയും ചെയ്യുമെന്നാണ് കരുതുന്നത്.

ശ്രീ. എം. രാജഗോപാലൻ: സർ, ജനസംഖ്യാനുപാതികമായി കേന്ദ്ര പരിഗണനയും കേന്ദ്രാവിഷ്കൃത പദ്ധതികളും നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കേന്ദ്ര സർക്കാർ കേരളത്തോട് മാത്രം ഇത്തരത്തിലുള്ള അവഗണന കാണിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, 2-നം 2.4 ശതമാനത്തിനുമിടയ്ക്കാണ് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന്റെ വിഹിതം. നമ്മുടെ ജനസംഖ്യ 2.7 ശതമാനത്തിനപ്പുറമാണ്. അതിനനുസരിച്ചുള്ള വിഹിതം ലഭിക്കുന്നില്ല. പദ്ധതികളുടെ മാനദണ്ഡങ്ങൾ നമുക്ക് അനുയോജ്യമല്ലെന്നതാണ് ഇതിനുള്ള കാരണം. കേരളമായതുകൊണ്ട് കുറച്ചുകളയുന്നതല്ല, മാനദണ്ഡങ്ങൾ നമുക്ക് അനുയോജ്യമല്ലാത്തവയാണ്. ഉദാഹരണത്തിന് ദാരിദ്ര്യ രേഖയ്ക്ക് കീഴിലുള്ളവരുടെ എണ്ണം ഒരു പ്രധാനപ്പെട്ട ഘടകമാണ്. കേരളത്തിൽ 14 ശതമാനത്തിന് താഴെ മാത്രമേ ദാരിദ്ര്യരേഖയ്ക്ക് കീഴിൽ വരികയുള്ളൂ. വിദ്യാഭ്യാസ രംഗത്ത് ക്വാളിറ്റി ഇംപ്രൂവ്മെന്റാണ് വേണ്ടത്. അല്ലാതെ ബ്ലാക്ക് ബോർഡ് വയ്ക്കലല്ല. അഖിലേന്ത്യാടിസ്ഥാനത്തിലുള്ള മാനദണ്ഡങ്ങൾ വച്ചുനോക്കുമ്പോൾ നമുക്ക് അർഹമായ വിഹിതം കിട്ടുന്നില്ല. കാരണം ഇവിടെ വിദ്യാഭ്യാസ മേഖലയിലുള്ള രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഗണിക്കപ്പെടുന്നില്ല. അപ്പോൾ ഈ മാനദണ്ഡങ്ങളിൽ മാറ്റം വേണം. കേരളത്തെപ്പോലെ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളുടെ സവിശേഷമായ പ്രശ്നങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾക്കൊള്ളിക്കണമെന്ന് നമ്മൾ നിരന്തരമായി ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പ്ലാനിംഗ് കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ഗാഡ്ഗിൽ ഫോർമുല അനുസരിച്ചും അതിനുശേഷം രാഷ്ട്രപതി ശ്രീ. പ്രണബ് മുഖർജി പ്ലാനിംഗ് കമ്മീഷന്റെ വൈസ് ചെയർമാനായിരുന്നപ്പോൾ കൊണ്ടുവന്ന പുതിയ ഫോർമുലയുടെ അടിസ്ഥാനത്തിലുമായിരുന്നു പ്ലാൻ സൈസ് തീരുമാനിച്ചിരുന്നത്. ഇപ്പോൾ പ്ലാനിംഗ് കമ്മീഷൻ മാറി നീതി ആയോഗ് വന്ന സാഹചര്യത്തിൽ ഓരോ സംസ്ഥാനങ്ങളുടെയും പ്ലാൻ സൈസ് തീരുമാനിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; നീതി ആയോഗിൽ അതിനനുസരിച്ചുള്ള ചർച്ചകൾ നടന്നിട്ടുണ്ടോ; നീതി ആയോഗ് എന്നുപറഞ്ഞ് എല്ലാ അധികാരങ്ങളും പ്രധാനമന്ത്രിയുടെ ഓഫീസിൽ കേന്ദ്രീകരിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മാറിയിട്ടുണ്ടോ എന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; മുഖ്യമന്ത്രി നീതി ആയോഗിന്റെ രണ്ടാമത്തെ യോഗത്തിൽ പങ്കെടുത്തെന്ന പത്രവാർത്തകൾ കണ്ടിരുന്നു. ഇതുസംബന്ധിച്ച് എന്ത് ചർച്ചകളാണ് അവിടെ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യം വളരെ ശരിയാണ്. നീതി ആയോഗ് വന്നതോടുകൂടി ഇതെല്ലാം കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് പദ്ധതിയില്ല,

കേന്ദ്രത്തിനും പദ്ധതിയില്ല. അതിനാൽ പദ്ധതി അടങ്കലൊന്നും അംഗീകരിക്കേണ്ട പ്രശ്നമില്ല. മറ്റ് കാര്യങ്ങൾ തീരുമാനിക്കുന്നതുപോലെ പുതിയ വികസന പ്രോജക്ടുകൾക്കും പണം വേണമെന്ന് ധനമന്ത്രാലയം തീരുമാനിക്കുന്നു. അതിന്റെ ഫലമായി കേന്ദ്ര സർക്കാരിന്റെ ആദ്യ വർഷം പഞ്ചായത്ത് വകുപ്പിന്റെ വിഹിതം 50 കോടിയായി കുറച്ചു. പദ്ധതി ആസൂത്രണമുണ്ടെങ്കിൽ ഇങ്ങനെയുള്ള മണ്ടൻ തീരുമാനം ഒരിക്കലും വരുന്നതല്ല. നീതി ആയോഗിന്റെ ചർച്ച പദ്ധതി രൂപീകരണത്തിനല്ല. കൃഷിക്കാരുടെ വരുമാനം എങ്ങനെ കൂട്ടാൻ സാധിക്കും, ഡിജിറ്റൽ ഇന്ത്യ എങ്ങനെ കൊണ്ടുവരാൻ പറ്റും, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇങ്ങനെയുള്ള ചില പൊതുകാര്യങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സംസ്ഥാനങ്ങളോട് ആരാഞ്ഞിരിക്കുകയാണ്. അല്ലാതെ പദ്ധതി രൂപീകരണത്തെ കുറിച്ചുള്ള ചർച്ചയല്ല അവിടെ നടന്നിട്ടുള്ളത്. പക്ഷേ, ഈ ദീർഘകാല ലക്ഷ്യം, മൂന്ന് വർഷത്തേയ്ക്കുള്ള ലക്ഷ്യം, അതെല്ലാം നിർണ്ണയിക്കുന്നത് എങ്ങനെയെന്നുള്ളതും അജണ്ടയിലുണ്ടായിരുന്നു. ഇപ്പോൾ എസ്.സി./എസ്.ടി.-ക്ക് വലിയ തുക നീക്കിവച്ചുവെന്ന് പറഞ്ഞു. നേരത്തേയുണ്ടായിരുന്ന നോൺ-പ്ലാനുംകൂടി ചേർന്നുള്ള തുകയാണ് നീക്കിവയ്ക്കുന്നത്. നേരത്തേയുള്ള നോൺ-പ്ലാൻ അതിൽ നിന്നും മാറ്റിക്കഴിഞ്ഞാൽ ഈ വർഷത്തെ എസ്.സി./എസ്.ടി.-ക്കുള്ള കേന്ദ്ര സർക്കാരിന്റെ വിഹിതം അഞ്ച് വർഷംമുമ്പ് യു.പി.എ. ഗവൺമെന്റ് വച്ചിരുന്നതിനേക്കാൾ കുറവാണ്. ഈ മേഖലയ്ക്ക് എത്ര പണം നീക്കിവച്ചിരിക്കുന്നു എന്നുള്ളത് നമുക്ക് പരിശോധിക്കാൻപോലും പറ്റുന്നില്ല.

**വിനോദസഞ്ചാര നയം**

4(*184) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പുതിയ വിനോദസഞ്ചാര നയം തയ്യാറായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ;

(സി) വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ഡി) ടൂറിസം വ്യവസായ വികസനത്തിന് എന്തൊക്കെ നടപടികളാണ് ആലോചിക്കുന്നതെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ & ബി) 2012-ൽ പുറപ്പെടുവിച്ച ടൂറിസം നയത്തിന്മേൽ ആവശ്യമായതും കാലോചിതവുമായ മാറ്റങ്ങൾ വരുത്തി പുതുതായിവേണ്ട ഘടകങ്ങൾ ഉൾപ്പെടുത്തി ടൂറിസം വികസനത്തിനായുള്ള സമഗ്ര നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആഭ്യന്തര വകുപ്പിൽ നിന്നും പ്രത്യേക പരിശീലനം നൽകിയ 180 ടൂറിസം പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ ബീച്ചുകളിലായി വിദഗ്ദ്ധ പരിശീലനം ലഭിച്ച 137 ലൈഫ് ഗാർഡുമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. 20 ലൈഫ് ഗാർഡുമാരെ പുതുതായി നിയമിക്കാനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റും സ്ഥാപിച്ചിട്ടുണ്ട്. അപായ സൂചികകൾ, മറ്റ് മുന്നറിയിപ്പ് ബോർഡുകൾ, ജാഗ്രതാ നിർദ്ദേശങ്ങൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നു.

ഉത്തരവാദിത്ത ടൂറിസം സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ് ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കിവരുന്നു.

വിനോദസഞ്ചാരികളെയും കലാസ്വാദകരെയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചുവരുന്നു.

ടൂറിസം സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങളും മറ്റ് പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്ന സമഗ്ര ടൂറിസം വികസന പദ്ധതിയായ ഗ്രീൻ കാർപ്പറ്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ ഫലപ്രദമായ മാലിന്യ സംസ്കരണം നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും എൻ.ജി.ഒ.-കളെയും ടൂറിസം വ്യവസായ കേന്ദ്രങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് സമഗ്ര മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടിയുണ്ടാകുമോ; മൈക്രോ ഡെസ്റ്റിനേഷനുകളിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനവും ഗ്രീൻ പ്രോട്ടോക്കോളും നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പുതിയ ടൂറിസം നയത്തിൽ നിശ്ചയമായും ഈ ഘടകങ്ങളെല്ലാം ഉൾക്കൊള്ളിക്കുന്നതിന് വേണ്ടിയാണ് ഗവൺമെന്റ് പരിശ്രമിക്കുന്നത്. നിലവിലുള്ള പ്രധാനപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മാലിന്യ വിമുക്തമായ പരിസ്ഥിതി സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് നടപ്പിലാക്കുന്നതാണ്.

ശ്രീ. ആർ. രാമചന്ദ്രനുവേണ്ടി <u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, കേരളത്തിന്റെ മുഴുവൻ പ്രദേശങ്ങളും ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ടൂറിസം സാധ്യതയുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികളെ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്കരിച്ച് അഗ്രി ടൂറിസം ഉൾപ്പെടെയുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ആഭ്യന്തര ടൂറിസം ഉൾപ്പെടെയുള്ള സാധ്യതകൾ വിപുലീകരിക്കാനുള്ള പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ആഭ്യന്തര ടൂറിസത്തിന് വളരെയേറെ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സമീപനം തന്നെയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം സംസ്ഥാനത്തിന്റെ ടൂറിസം സാധ്യത പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രത്യേകമായ പദ്ധതികൾക്ക് രൂപംകൊടുത്തു തുടങ്ങിയിട്ടുണ്ട്. ഉത്തര മലബാറിൽ വിശേഷിച്ചും ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിഞ്ഞ കാലത്ത് നമുക്ക് സാധിച്ചിരുന്നില്ല. ഉത്തര മലബാറിനെ ലക്ഷ്യംവച്ചുകൊണ്ടുള്ള വിവിധ പദ്ധതികൾക്ക് ഇതിനകംതന്നെ അനുമതി നൽകുകയും പണം നീക്കിവയ്ക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനും അതിലൂടെ ലക്ഷക്കണക്കിന് പുതിയ തൊഴിൽ സംരംഭകരെ കൊണ്ടുവരുന്നതിനും സഹായകരമാകുന്ന തരത്തിലുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്.

ശ്രീമതി ഗീതാ ഗോപി: സർ, ആദ്യമായി ടൂറിസം മന്ത്രിക്ക് നാട്ടിക മണ്ഡലത്തിന്റെ അഭിവാദ്യം അർപ്പിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് 11 മാസത്തിനുള്ളിൽ നാട്ടിക ബീച്ചിന്റെ വികസനത്തിന് ഒരു കോടി രൂപ അനുവദിച്ച് നാട്ടിക ബീച്ചിനെ നല്ല ടൂറിസം മേഖലയാക്കി മാറ്റാൻ ശ്രമിച്ചത് ടൂറിസത്തിന്റെ അനന്ത സാധ്യതകൾ ഈ സർക്കാർ തേടുന്നുവെന്നതിന് തെളിവാണ്. നാട്ടിക മണ്ഡലത്തിലെ പൗരാവലിയുടെ അഭിനന്ദനം സർക്കാരിനെ അറിയിക്കാൻ എന്നെ ചുമതലപ്പെടുത്തിയിരുന്നു. അതാണ് ഞാൻ ഇവിടെ പറഞ്ഞത്. എന്റെ ചോദ്യം, ടൂറിസ്റ്റുകളുടെ വരവിലും വിനോദസഞ്ചാരത്തിൽ നിന്നുള്ള വരുമാനത്തിലും ഗണ്യമായ വർദ്ധനവുണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ നാട്ടിക ബീച്ചിൽ പോയിരുന്നു. നാട്ടുകാരെല്ലാംതന്നെ ഈ പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനോട് അസൂയാവഹമായ താല്പര്യം കാണിക്കുന്നുണ്ടായിരുന്നു. നാട്ടിക ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിലും മറ്റും ബഹുമാന്യയായ നിയമസഭാ സാമാജിക സ്വീകരിച്ച സമീപനത്തോട് നാട്ടുകാരുടെ വിപുലമായ താല്പര്യം ഞാൻ കണ്ടതാണ്. സംസ്ഥാനത്ത് ടൂറിസം വികസനത്തിലൂടെ പരമാവധി സമ്പത്ത് സമാഹരിക്കുന്നതിനും തദ്ദേശീയരായ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള വിവിധങ്ങളായ പരിപാടികളാണ് സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചുവരുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, കേരളത്തിലെ ടൂറിസത്തിന്റെ സാധ്യതയും അതിന്റെ ഏറ്റവും വലിയ ആകർഷണവും ഇവിടത്തെ പുഴകളും ജലസംഭരണികളുമാണ്. എന്റെ ചോദ്യം, ഭാരതപ്പുഴയുടെ സംരക്ഷണം ലക്ഷ്യംവച്ചുകൊണ്ടുള്ള ഏതെങ്കിലും ടൂറിസം പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വകയിരുത്തിയിട്ടുണ്ടെങ്കിൽ എന്നത്തേയ്ക്ക് ആ പദ്ധതി നടപ്പിലാക്കും? പട്ടാമ്പിയിലേതുൾപ്പെടെ ഞാൻ പ്രൊപ്പോസലായി കൊടുത്തിട്ടുണ്ടായിരുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അത് പരിശോധിക്കാവുന്നതാണ്. നിലവിൽ അത്തരമൊരു പദ്ധതി ഗവൺമെന്റിന് മുന്നിലില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സഹകരണ മേഖലയിലെ കോർബാങ്കിംഗ്

5 (*185) ശ്രീ. ജി. എസ്. ജയലാൽ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. കെ. രാജൻ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണസംഘങ്ങൾ ജില്ലാ സഹകരണബാങ്കുമായി കോർബാങ്കിംഗ് പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) കോർബാങ്കിംഗ് പൂർത്തിയാക്കാത്തതുമൂലം കാർഷിക വായ്പകൾ നൽകുന്നതിൽ പ്രാഥമിക സഹകരണ ബാങ്കുകൾ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഇല്ല. പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം പ്രാവർത്തികമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഹ്രസ്വകാല കാർഷിക വായ്പകൾ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. ആകെ വിതരണം ചെയ്യുന്ന വായ്പയുടെ 40 ശതമാനം നബാർഡ് പുനർ വായ്പയായി നൽകുന്നു. ബാക്കി തുക സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ സ്വന്തം ഫണ്ടിൽനിന്നും വഹിക്കുന്നു. കർഷകർക്ക് നൽകുന്ന കാർഷിക വായ്പ 31-3-2017-നകം റുപേ കിസാൻ കാർഡുമായി ബന്ധിപ്പിച്ച് വിതരണം നടത്തണമെന്നും നബാർഡ് നിഷ്കർഷിച്ചിട്ടുണ്ട്. കേരളത്തിൽ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും കോർബാങ്കിംഗ് സംവിധാനത്തിൻ കീഴിൽ വന്നിട്ടുണ്ട്. എന്നാൽ റുപേ കിസാൻ ഡെബിറ്റ് കാർഡ് വിതരണം പൂർണ്ണമായ തോതിൽ നടന്നിട്ടില്ല. ഭാവിയിൽ ഇത് കാർഷിക വായ്പാ വിതരണത്തെ ബാധിക്കാതിരിക്കാൻ റുപേ കിസാൻ കാർഡ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## അനധികൃത പാറ ഖനനം

6 (*186) ശ്രീ. പി. കെ. അബ്ദു റബ്ബ് :

ഡോ. എം. കെ. മുനീർ :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത പാറ ഖനനം വ്യാപകമാകുന്നതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; പരിഹാര നടപടികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാരിന് നികുതിയിനത്തിൽ ലഭിക്കേണ്ട തുക ഖനന ലോബി തട്ടിയെടുക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ശാസ്ത്രീയമായ രീതിയിലുള്ള പരിസ്ഥിതി സൗഹൃദ ഖനനം നടപ്പിലാക്കുന്നതിനുവേണ്ടി പുതിയതായി അനുവദിക്കുന്ന ഖനനാനുമതികൾക്ക് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം അനുമതികൾ നൽകുന്നതിന് ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായി ഡിസ്ട്രിക്ട് എൻവയോൺമെന്റ് ഇംപാക്ട് അസെസ്സ്മെന്റ് അതോറിറ്റികൾ നിലവിൽ വന്നിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം ദ്രുതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വിദഗ്ധ സമിതിയുടെ പല തലങ്ങളിലുള്ള പരിശോധനയ്ക്ക് ശേഷം പാരിസ്ഥിതികാനുമതി നൽകുന്നതുമൂലം പരിസ്ഥിതി സൗഹൃദവും ശാസ്ത്രീയവുമായ ഖനനം നടത്തുന്നത് ഉറപ്പുവരുത്താൻ കഴിയുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരിന് റവന്യൂ നഷ്ടം വരാതിരിക്കുന്ന രീതിയിൽ 5-1-2015-ൽ ഖനന ചട്ടങ്ങളിൽ ഭേദഗതി വരുത്തി റോയൽറ്റി വർദ്ധിപ്പിച്ചു. ധാതുക്കൾ പ്രകൃതി വിഭവങ്ങളായതിനാൽ ഖനനം അനുവദിക്കുന്നതുമൂലം സർക്കാരിൽ ലഭിക്കേണ്ട റോയൽറ്റി തുക കൃത്യമായി ഈടാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം.

## സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുള്ള നയം

7 (*187) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) സ്വകാര്യ നിക്ഷേപത്തിലുള്ള വർദ്ധനവ് ലക്ഷ്യമിട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ;

(സി) പൊതുനിക്ഷേപത്തോടൊപ്പം പൊതുവരുമാന സ്ഥിരത നിലനിർത്തുന്നതും സ്വകാര്യ നിക്ഷേപവുമായുള്ള അതിന്റെ സന്തുലനം നിലനിർത്തുന്നതും ആവശ്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കുന്ന മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) പുതിയ വളർച്ചാ വ്യവസായ മേഖലകളിലേയ്ക്ക് കൂടുതൽ സ്വകാര്യ മൂലധന നിക്ഷേപം ആകർഷിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ ഊന്നൽ നൽകുക എന്നുള്ളതാണ് ഈ സർക്കാരിന്റെ നയം. ഇതിലൂടെ ഏറ്റവും ആധുനികവും മികവേറിയതുമായ പശ്ചാത്തല സൗകര്യങ്ങൾ കേരളത്തിന് ഉറപ്പുവരുത്താൻ കഴിയും. അടിസ്ഥാന സൗകര്യ വികസനം, വ്യവസായം, വിനോദസഞ്ചാരം, വിവര സാങ്കേതികവിദ്യ വ്യവസായങ്ങൾ, പ്രവാസി എന്നീ മേഖലകളിലൂടെ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കാനാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.

(ബി) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. വിഴിഞ്ഞം അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ വികസനം നടപ്പിലാക്കുന്നതിനുള്ള ആകെ പദ്ധതി തുക 6770 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ സ്വകാര്യ നിക്ഷേപമാണ്. അധികം തുക ആവശ്യമായി വരുന്നപക്ഷം മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതി എന്ന ശീർഷകത്തിൽനിന്നും പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

2. പൊന്നാനി തുറമുഖ വികസനത്തിന് ആകെ പദ്ധതി തുകയായ 763 കോടി രൂപയും സ്വകാര്യ നിക്ഷേപമാണ്. സർക്കാർ വിഹിതമായി പദ്ധതിക്കാവശ്യമായ ഭൂമി നൽകുന്നു.
3. കണ്ണൂർ വിമാനത്താവളത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി (എം.ഐ.ഡി.പി) 987 കോടി രൂപയുടെ പദ്ധതി തുകയിൽ 300 കോടി രൂപ സ്വകാര്യ നിക്ഷേപമാണ്.
4. പി.പി.പി. (ആന്യുറ്റി) റോഡ് പരിപാലന പദ്ധതി - 700 ലക്ഷം രൂപ
5. പി.പി.പി. മോഡൽ വ്യവസായ പാർക്ക്/പ്രാദേശികം/ എസ്റ്റേറ്റ് വികസനം - 200 ലക്ഷം രൂപ.
6. ഇന്നോവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ് നിർമ്മാണത്തിനായി ആകെ പദ്ധതി തുകയായ 8615 കോടി രൂപയിൽ 2128 കോടി രൂപ സ്വകാര്യ നിക്ഷേപമാണ്.

(സി) അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയ്ക്ക് അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വൻകിട നിക്ഷേപം ആവശ്യമാണ്. എന്നാൽ ഇത് പൊതു നിക്ഷേപത്തിലൂടെ മാത്രം കണ്ടെത്താൻ സാധിക്കുകയില്ല. ആയതിനാൽ ഈ മേഖലയിലേയ്ക്ക് സ്വകാര്യ നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. പൊതു നിക്ഷേപത്തിലൂടെയുള്ള പൊതുവരുമാന സ്ഥിരത നിലനിർത്തുന്നതോടൊപ്പം സ്വകാര്യ നിക്ഷേപവുമായുള്ള അതിന്റെ സന്തുലനം നിലനിർത്തുന്നതിനായി ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹ്യ മേഖലകളിൽ പൊതുനിക്ഷേപത്തിന്റെ പ്രാധാന്യം നിലനിർത്തിക്കൊണ്ട് അടിസ്ഥാന സൗകര്യ വികസനം പോലുള്ള നിയന്ത്രിത മേഖലകളിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ് അനിവാര്യമായിട്ടുള്ളത്.

**നിക്ഷേപ അന്തരീക്ഷം വ്യവസായ സൗഹൃദപരമാക്കാൻ നടപടികൾ**

8 (*188) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ബി.ഡി. ദേവസ്സി:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപ അന്തരീക്ഷം വ്യവസായ സൗഹൃദ പരമാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനം ഫലപ്രദമായ രീതിയിൽ പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) ലൈസൻസ് നൽകുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന നിബന്ധന ഒഴിവാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത്തരം സാഹചര്യത്തിൽ പാരിസ്ഥിതിക-ജലമലിനീകരണം കൊണ്ട് പ്രദേശവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുകയാണെങ്കിൽ ഇടപെടാൻ പകരം സംവിധാനം ഉണ്ടാകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ&ബി) സംസ്ഥാനത്ത് വ്യവസായ-സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങൾ സമയ ബന്ധിതമായി നൽകുന്നതിനും വാണിജ്യ വ്യവസായങ്ങൾ സുഗമമായും വേഗത്തിലും നടത്തുവാൻ ആവശ്യമായ പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനുമായി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമ നിർമ്മാണം നടത്താൻ സർക്കാർ തീരുമാനമായിട്ടുണ്ട്. അതുവഴി വ്യവസായ മേഖലയിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട അനുമതികൾ സംബന്ധിച്ച് നിലവിലുള്ള സർക്കാർ നിയമങ്ങൾ/ചട്ടങ്ങൾ, ഉത്തരവുകൾ നിലവിലുള്ള ഏകജാലകനിയമം, അടിസ്ഥാന സൗകര്യ മേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതു അപേക്ഷാ ഫോറം തുടങ്ങിയവ പരിഷ്കരിക്കാൻ നടപടികൾ തുടങ്ങി. കൂടാതെ നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ' (ഐ.പി.എഫ്.സി.) ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.എസ്.ഐ.ഡി.സി.) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗിക മാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കും, ബന്ധപ്പെട്ട വകുപ്പുകളിലേയും ഏജൻസികളിലെയും അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു ഏകീകൃത അപേക്ഷാ ഫോറം കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(സി) അപ്രകാരം ഒരു വ്യവസ്ഥ ഇല്ല. എന്നാൽ വ്യവസായ നടത്തിപ്പിനെക്കുറിച്ച് ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി വ്യവസ്ഥകൾ പ്രസ്തുത നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**കേരള ബാങ്ക് രൂപീകരണം**

9 (*189) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന് മുന്നോടിയായിട്ടാണോ ജില്ലാ സഹകരണ ബാങ്ക് ഭരണസമിതികളെ അസാധുവാക്കിക്കൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തിന് റിസർവ് ബാങ്കിന്റെ അനുമതി തേടിയിട്ടുണ്ടോ;

(സി) പ്രസ്തുത ബാങ്ക് രൂപീകരണത്തിന് സംസ്ഥാനത്ത് നിലിവിലുള്ള ഏതൊക്കെ നിയമങ്ങളിൽ ഭേദഗതി ആവശ്യമുണ്ടെന്നും ഇക്കാര്യത്തിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ജില്ലാ സഹകരണ ബാങ്ക് ഭരണസമിതികളുടെ ഘടനയിൽ മാറ്റം വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചത് കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് മുന്നോടിയായിട്ടല്ല.

(ബി) കേരള ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്കിന്റെ അനുമതി തേടിയിട്ടില്ല.

(സി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അഞ്ചംഗ വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിക്കുന്ന അടിസ്ഥാനത്തിലാണ് ബാങ്ക് രൂപീകരണം സംബന്ധിച്ച മറ്റ് കാര്യങ്ങളുമായി മുന്നോട്ടുപോകുക. അപ്പോൾ മാത്രമേ ഏതൊക്കെ നിയമങ്ങളിൽ ഭേദഗതി ആവശ്യമുണ്ടെന്ന കാര്യം കൃത്യമായി പരിശോധിക്കുകയുള്ളൂ. 28-4-2017-ന് വിദഗ്ദ്ധ സമിതി സർക്കാരിന് പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

## കാർഷികോത്പന്ന വിപണന മേഖലയിൽ സഹകരണ സംഘങ്ങളുടെ ഇടപെടൽ

10 (*190) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്ന വിപണന മേഖലയിൽ സഹകരണ സംഘങ്ങൾ നേരിട്ട് ഇടപെട്ട് ന്യായവില ഉറപ്പാക്കാൻ വേണ്ട പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഫെഡറേറ്റഡ് സംഘങ്ങൾ രൂപീകരിച്ച് സംഘങ്ങളുടെ ശൃംഖല വഴി കാർഷികോല്പന്നങ്ങൾ നിയന്ത്രണമില്ലാതെ ശേഖരിക്കുന്നതിനും ആവശ്യാനുസരണം വിപണിയിൽ ന്യായവിലയ്ക്ക് എത്തിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഭൂമി പാട്ടത്തിനെടുത്ത് കൃഷിക്ക് തയ്യാറാകുന്ന കർഷക കൂട്ടായ്മകൾക്ക് വായ്പ നൽകാൻ നിലവിൽ പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഉണ്ട്. കാർഷികോത്പന്നങ്ങൾ താങ്ങുവില നൽകി കർഷകരിൽനിന്നും നേരിട്ട് സംഭരിച്ച് സംസ്കരിച്ച് വിപണനം ചെയ്യുന്നതിന് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിക്കുന്ന പരിപാടികളായ നെല്ല് സംഭരണം, തേങ്ങ/കൊപ്ര സംഭരണം എന്നിവ സഹകരണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കാറുണ്ട്.

ശീതകാല പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വട്ടവട, മൂന്നാർ, മറയൂർ, ദേവികുളത്തെ മറ്റ് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ വിപണന സഹായത്തിനുള്ള പലിശ സബ്സിഡി നൽകുന്ന പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് 2017-18 വർഷത്തിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങൾ നടത്തുന്ന സുവർണ്ണം ഷോപ്പുകളിൽ പച്ചക്കറികൾ സംഭരിക്കുന്നതിനുള്ള ശീത സംഭരണികൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മാർക്കറ്റ് ഫെഡ്, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരഫെഡ് എന്നീ അപ്പക്സ് സംഘങ്ങൾ അവയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി അംഗസംഘങ്ങളുടെ ശൃംഖലവഴി കാർഷികോത്പന്നങ്ങളുടെ സംഭരണവും വിപണനവും നടത്തിവരുന്നുണ്ട്.

(സി) കർഷക കൂട്ടായ്മകൾക്ക് സംഘങ്ങൾ സ്വന്തം നിലയിൽ വായ്പകൾ നൽകിവരുന്നുണ്ട്. ഇതിനായി സർക്കാർ പ്രത്യേക പദ്ധതികളൊന്നും നിലവിൽ ആവിഷ്കരിച്ചിട്ടില്ല.

**കേരള ബാങ്ക് തുടങ്ങുന്നതിനുള്ള നടപടികൾ**

11 (*191) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് തുടങ്ങുന്നതിന് എന്തെല്ലാം പ്രാരംഭ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) റിസർവ് ബാങ്ക് നിയമം അനുസരിച്ച് എന്തെല്ലാം മാനദണ്ഡങ്ങളാണ് ഇതിനായി പാലിക്കേണ്ടത്;

(ഡി) കേരള ബാങ്ക് എന്ന് നിലവിൽ വരുമെന്നാണ് ഉദ്ദേശിക്കുന്നത്;

(ഇ) കേരള ബാങ്ക് ആരംഭിക്കുന്നതിന് ആവശ്യമായ മൂലധനം എത്ര; അത് എവിടെനിന്ന് കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u> :

(എ&ബി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ അഞ്ചംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി പഠനം നടത്തി 28-4-2017-ന് സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

(സി) ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് പുതിയ ബാങ്ക് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ റിസർവ് ബാങ്ക് ആക്ടിൽ പ്രതിപാദിച്ചിട്ടില്ല.

(ഡി) കേരള ബാങ്ക് നിലവിൽ വരുന്നതിന് തീയതി നിശ്ചയിച്ചിട്ടില്ല.

(ഇ) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാർ നയത്തിന്റെ ഭാഗമായും ആയിരിക്കും ഇക്കാര്യം നിശ്ചയിക്കുക. റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

**വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷാ ആഡിറ്റ്**

12 (*192) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്ന ബോട്ടുകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനായി പരിശോധനകൾ നടത്താറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷാ ആഡിറ്റ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) പരിശോധനകൾ നടത്താറുണ്ട്. കേരള ഇൻലാൻഡ് വെസ്സൽ നിയമപ്രകാരം ജലയാനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി ചീഫ് സർവെയർ/സർവെയർ ബോട്ടുകളുടെ ഹൾ, സ്റ്റെബിലിറ്റി, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, ജീവനക്കാരുടെ സ്രാങ്ക് ലൈസൻസ്, ലാസ്കർ ലൈസൻസ് എന്നിവ പരിശോധിക്കുകയും സുരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ്, ഫയർ എക്സ്റ്റിങ്ക്യൂഷർ എന്നിവ ശരിയാംവിധം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തതിനുശേഷം മാത്രമേ രജിസ്ട്രേഷൻ അനുവദിക്കുകയുള്ളൂ. ഇങ്ങനെ രജിസ്റ്റർ ചെയ്ത ജലയാനങ്ങൾ സർവേ ചെയ്ത് മേൽപ്പറഞ്ഞവ എല്ലാം ശരിയായ വിധം പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് സുരക്ഷ ഉറപ്പുവരുത്തിയതിനുശേഷമേ സർവ്വേ സർട്ടിഫിക്കറ്റ് നൽകാറുള്ളൂ. ഹൗസ് ബോട്ടുകളിലെ വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ലക്ഷ്യമിട്ടുകൊണ്ട് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം (ജി.പി.എസ്.) സംവിധാനം നടപ്പിലാക്കുന്നതിനായി Rs.1,60,00,000 (ഒരു കോടി അറുപത് ലക്ഷം രൂപ) യുടെ ഒരു പദ്ധതിക്ക് സർക്കാരിൽനിന്നും അനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴയിലെ ഹൗസ് ബോട്ടുകളിൽ കെൽട്രോൺ മുഖേന ഈ സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) തുറമുഖ വകുപ്പുമായി ചേർന്ന് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

## വ്യാവസായിക വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ നടപടി

13 (*193) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഇതിനായി എത്ര പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം പുതിയ പദ്ധതികളാണ് ഇതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യം നൽകുന്ന പദ്ധതിയായ സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്.) വകുപ്പിൽ നിലവിലുണ്ട്. അതിൻപ്രകാരം താഴെപ്പറയുന്ന സഹായ പദ്ധതികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

- പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു, പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭങ്ങൾക്കും പട്ടികജാതി/ പട്ടികവർഗ്ഗ സംരംഭങ്ങൾക്കും യുവസംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.
- മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.
- ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ

ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകിവരുന്നു.

- കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽനിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10%, പരമാവധി 10 ലക്ഷം അധിക സഹായം ലഭിക്കും. യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും സർക്കാർ നടപ്പിലാക്കുന്നു.

- സംരംഭകത്വ സഹായ പദ്ധതി പ്രകാരം സ്ഥിര നിക്ഷേപത്തിന്റെ 15% ആണ് സബ്സിഡി നൽകുന്നതെങ്കിലും യുവസംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായമായി പരമാവധി 30 ലക്ഷം രൂപ നൽകുന്നു.

- കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ഇ.ജി.പി. പ്രകാരം യുവജനങ്ങൾക്ക് ബാങ്ക് വായ്പയും അനുബന്ധമായി സബ്സിഡിയും അനുവദിക്കുന്നു.

- യുവ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി. ക്ലബ്ബുകൾ രൂപീകരിച്ച് അവയ്ക്ക് സാമ്പത്തിക സഹായം ചെയ്യുന്നതുകൂടാതെ ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.

- വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇ.ഡി.പി. ടെക്നോളജി ക്ലിനിക്, ഇൻവെസ്റ്റേഴ്സ് മീറ്റുകൾ, സെമിനാറുകൾ എന്നിവയിലും യുവാക്കൾക്കാണ് കൂടുതൽ പ്രാതിനിധ്യം നൽകുന്നത്.

(ബി&സി) പുതിയ വ്യവസായ ആശയങ്ങളുമായി മുന്നോട്ടുവരുന്ന സംരംഭങ്ങൾക്ക് അത് സാക്ഷാത്കരിക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

വ്യവസായ മേഖലയിലെ സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്.

സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും അതിവേഗം ലഭ്യമാക്കുന്നതിനായി നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാണ്. നിലവിലുള്ള

ഏകജാലക ക്ലിയറൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഒരു സ്ഥിരം സെന്റർ (Investment Promotion of Facilitation Center) കെ.എസ്.ഐ.ഡി.സി.-യിൽ പ്രവർത്തനം ആരംഭിക്കും. ഈ സംവിധാനം ജില്ലാ തലങ്ങളിൽ പ്രാവർത്തികമാക്കുന്നതിന് ഡിസ്ട്രിക്ട് കളക്ടർ തലവനായി ഒരു സ്ഥിരം ജില്ലാ സമിതിയും രൂപീകരിക്കുന്നതാണ്.

ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലേയും ഏജൻസികളിലേയും അപേക്ഷാ ഫോറങ്ങൾ ഏകീകരിക്കുന്നതിനായി ഒരു ഏകീകൃത അപേക്ഷാ ഫാറം കൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

- കരകൗശല തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' (Assistance Scheme for Artisans) എന്ന പേരിൽ ഒരു പദ്ധതി ഈ വർഷം സർക്കാർ നടപ്പിലാക്കുന്നുണ്ട്.
- കരകൗശല സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുതിയ പദ്ധതി Industries Co-operative Societies Support Scheme (ICSSS) എന്ന പേരിൽ ഒരു പുതിയ പദ്ധതി അനുമതിക്കായി സർക്കാർ പരിഗണനയിലാണ്.
- ബനാന ഫൈബർ, കളിമൺ വ്യവസായം, സ്ക്രൂപൈൻ, മറ്റ് പ്രകൃതിദത്ത നാരുകൾ, ബെൽമെറ്റൽ തുടങ്ങിയ മേഖലകളിലെ കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.
- കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിന് ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകാൻ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.
- കരകൗശല മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുവാൻ കുടുംബാംഗങ്ങൾക്ക് അനുബന്ധ മേഖലയിൽ വിദഗ്ധ പരിശീലനം നൽകി സ്വയം സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- കരകൗശല മേഖലയുടെ നവീകരണത്തിനും വിപണനത്തിനുമായി പദ്ധതികൾ നടപ്പിലാക്കിവരുന്നു.
-

## വിനോദസഞ്ചാര വികസന പദ്ധതികൾ

14 (*194) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിച്ച് വിനോദസഞ്ചാര വ്യവസായ രംഗത്ത് തൊഴിലവസരങ്ങൾ വിപുലപ്പെടുത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) വിനോദസഞ്ചാര സാധ്യതയുള്ളത് എന്ന് നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിലെ ഗതാഗതം, താമസ സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനായി ഉള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങൾ സുരക്ഷിതവും വൃത്തിയുള്ളതുമാക്കി മാറ്റാൻ ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) കേരളത്തിലേയ്ക്കുള്ള വിദേശ/ആഭ്യന്തര സഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനായി കാലാവസ്ഥാ വ്യതിയാനം, ടൂറിസ്റ്റുകൾ കുറവുള്ള മഴക്കാലം എന്നിവയെല്ലാം കണക്കിലെടുത്ത് ഓഫ് സീസൺ ക്യാമ്പെയിൻ സംഘടിപ്പിച്ചുവരുന്നു. കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ്ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നു. ഉത്തരവാദിത്ത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ്‌ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കിവരുന്നു. വിനോദസഞ്ചാരികളെയും കലാസ്വാദകരെയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു.

കോവളം, കുമരകം, തേക്കടി, വൈത്തിരി എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചതിലൂടെ ഈ പദ്ധതിയുടെ ഭാഗമായി നിരവധി ആളുകൾക്ക് വിവിധ മേഖലകളിൽ പരിശീലനം ലഭിക്കുകയും പ്രത്യക്ഷമായും പരോക്ഷമായും ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ ടൂറിസം കേന്ദ്രങ്ങളുടെ വികസനം ലക്ഷ്യമിട്ടുള്ളതാണ്. സ്വദേശ/വിദേശ ടൂറിസം സംരംഭകരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി കേരള ട്രാവൽ മാർട്ട് സംഘടിപ്പിച്ചുവരുന്നു.

(ബി) കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും സുരക്ഷിതത്വത്തിനും ടൂറിസം വകുപ്പ് മുന്തിയ പരിഗണന നൽകിവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.-കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. സ്വകാര്യ നിക്ഷേപം പരമാവധി പ്രോത്സാഹിപ്പിച്ച് കൂടുതൽ ഹോട്ടലുകൾ, ഹോംസ്റ്റേ സൗകര്യങ്ങൾ എന്നിവയും നടപ്പാക്കിവരുന്നു.

(സി) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ നീക്കം, ശുചീകരണം എന്നീ ലക്ഷ്യത്തിലേയ്ക്കായി ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പെയിൻ പദ്ധതി കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ ഡി.റ്റി.പി.സി.-കൾ മുഖാന്തിരം നടപ്പിലാക്കിവരുന്നു. ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിനായി ആലപ്പുഴയിലെ വേമ്പനാട് കായൽ, വട്ടക്കായൽ എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും

സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിനും സഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനങ്ങളും ഈ പദ്ധതി മുഖാന്തിരം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ പ്രധാന ടൂറിസം ആകർഷണമായ ബീച്ചുകളിൽ സഞ്ചാരികളുടെ സുരക്ഷയ്ക്കായി ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

കൂടുതൽ വിനോദസഞ്ചാരികൾ എത്തുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തിവരുന്നു. കൂടാതെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. അപകട സൂചക ബോർഡുകൾ, ജാഗ്രതാ നിർദ്ദേശം നൽകുന്നതിനുള്ള സംവിധാനം എന്നിവയും ടൂറിസം സെന്ററുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

## കൈത്തറി മേഖലയുടെ നവീകരണത്തിനും പ്രോത്സാഹനത്തിനുമായി പദ്ധതികൾ

15 (*195) <u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>
<u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി:</u>
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയുടെ നവീകരണത്തിനും പ്രോത്സാഹനത്തിനുമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം ആണെന്നറിയിക്കാമോ;

(ബി) കൈത്തറി തുണിയെന്ന പേരിൽ മിൽ തുണി വ്യാപകമായിരിക്കുന്നത് തടയാൻ ഉല്പന്നങ്ങൾക്ക് കൈത്തറി മാർക്ക് ഏർപ്പെടുത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ആഭ്യന്തര വിപണി വിപുലീകരണം സാധ്യമാക്കിയ സൗജന്യ കൈത്തറി യൂണിഫോം വിതരണ പദ്ധതിയോടൊപ്പം കയറ്റുമതി പ്രോത്സാഹനത്തിനും നടപടി എടുക്കുമോ;

(ഡി) അസംസ്കൃത വസ്തുക്കളായ നൂൽ, ചായം തുടങ്ങിയവ ന്യായവിലയ്ക്ക് ലഭ്യമാക്കാൻ സംവിധാനമുണ്ടോ; വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയുടെ നവീകരണത്തിനും പ്രോത്സാഹനത്തിനുമായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.
2. ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം
3. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.
4. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.
5. കൈത്തറി മേഖലയിൽ സ്വയംതൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ്സ് ഇൻക്യുബേറ്റർ
6. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള ഉത്പാദന പ്രോത്സാഹന ധനസഹായം.
7. കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ.
8. അംശദാന സമ്പാദ്യ പദ്ധതി
9. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന)
10. വിപണന കയറ്റുമതി പ്രോത്സാഹനം
11. കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും.
12. പരിശീലനം, നൈപുണ്യം, ശേഷി വികസനം
13. കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം.
14. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി.

(ബി) കൈത്തറിത്തുണി എന്ന പേരിൽ മിൽ തുണി വ്യാപകമായിരിക്കുന്നത് തടയാൻ കൈത്തറി ഉത്പന്നങ്ങൾക്ക് ഹാന്റ്ലൂം മാർക്ക് മുദ്ര നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഈ ഹാന്റ്ലൂം മാർക്ക് മുദ്ര പ്രോത്സാഹിപ്പിക്കുന്നതിനായി, ഹാന്റ്ലൂം മാർക്ക് രജിസ്ട്രേഷൻ എടുക്കുന്ന ഉത്പന്നങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീസായ 2000 രൂപയും ലേബറിന്റെ ചെലവിനുള്ള 75% തുകയും തിരികെ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കൂടാതെ ഹാന്റ്ലൂം മാർക്ക് ലേബൽ വാങ്ങുന്നതിനുള്ള തുകയുടെ 75 ശതമാനവും തിരികെ നൽകുന്നു.

(സി) കൈത്തറി ഉത്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ട്. 9-3-1998-ലെ സർക്കാർ ഉത്തരവ് പ്രകാരം കയറ്റുമതി വിലയുടെ 20 ശതമാനം ആനുകൂല്യമായി നൽകുന്നുണ്ട്.

(ഡി) അസംസ്കൃത വസ്തുക്കളായ നൂൽ, ചായം എന്നിവ സബ്സിഡിയോടുകൂടി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും വിവിധ യാൺ ബാങ്കുകൾ വഴി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് നൂൽ, ചായം എന്നിവ വിതരണം ചെയ്യുന്നുണ്ട്. അപ്രകാരം വിൽക്കുന്ന നൂൽ, ചായം എന്നിവയ്ക്ക് കേന്ദ്ര സർക്കാർ 10 ശതമാനം സബ്സിഡിയും സംസ്ഥാന സർക്കാർ വിവിധ യാൺ കൗണ്ടുകൾക്ക് നിശ്ചയിച്ച പ്രകാരമുള്ള കഴിനൂൽ സബ്സിഡിയും നൽകുന്നുണ്ട്. സംസ്ഥാന സർക്കാർ ചുവടെ ചേർക്കും പ്രകാരം വിവിധ നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| 1 | 40S -ന് താഴെയുള്ള കൗണ്ടുകൾക്ക് | - | 25 രൂപ |
| 2 | 40S -നും 80S -നും ഇടയ്ക്ക് | - | 30 രൂപ |
| 3 | 80S- ന് മുകളിൽ | - | 40 രൂപ |

ഇതോടൊപ്പം യാൺ ബാങ്കുകൾക്ക് 2.75 ശതമാനം പലിശ നിരക്കിൽ 10 വർഷം തിരിച്ചടവ് കാലാവധിയോടെ മാർജിൻ മണി ലോണും അനുവദിക്കുന്നു.

**വ്യാജ ഭാഗ്യക്കുറി കണ്ടെത്താൻ നടപടി**

16 (*196) ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ഭാഗ്യക്കുറി കണ്ടെത്താൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഒരേ സീരീസിൽ നൂറുകണക്കിന് നമ്പരുകൾ ഉള്ള വ്യാജ ഭാഗ്യക്കുറി ഉണ്ടാകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇത്തരം പരാതികൾ റിപ്പോർട്ടുചെയ്താലും അച്ചടി പിശക് എന്ന കാരണം പറഞ്ഞ് ഒഴിവാകുന്ന സമീപനം തിരുത്തി, ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(ഡി) പൊതുജനങ്ങൾക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന വിധത്തിൽ ലോട്ടറി ടിക്കറ്റുകളിൽ മുദ്ര പതിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്, പോലീസ് വകുപ്പ്, വാണിജ്യ നികുതി വകുപ്പ് ജീവനക്കാരെ ഉൾപ്പെടുത്തി ജില്ലാതല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. ടിക്കറ്റുകൾ സാങ്കേതിക പരിശോധന നടത്തി (ബാർകോഡ്, സീക്രട്ട്കോഡ് റീഡിംഗ്) യഥാർത്ഥമാണെന്ന് ബോധ്യം വന്നതിനുശേഷം മാത്രമേ സമ്മാന വിതരണം നടത്തുകയുള്ളൂ. 10,000 രൂപ മുതലുള്ള സമ്മാനങ്ങൾ കടക്കുറ്റിയുമായി ഒത്തുനോക്കിയും യാഥാർത്ഥ്യത ഉറപ്പുവരുത്തുന്നു. വ്യാജ സമ്മാന ടിക്കറ്റുകളുടെ ഉറവിടം കണ്ടെത്തുന്നതിനായി ഡി.ജി.പി.-ക്ക് പരാതി നൽകുകയും അത് സംബന്ധിച്ച് അന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടിക്കറ്റുകൾ അച്ചടിക്കുന്ന പ്രസ്സുകളിലും സുരക്ഷ കർശനമാക്കുവാൻ വകുപ്പിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഒരേ നമ്പരിലുള്ള സമ്മാന ടിക്കറ്റുകൾ തയ്യാറാക്കി ഏജന്റുമാരെയും വിൽപ്പനക്കാരെയും കബളിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടക്കുറ്റിയുമായി ഒത്തുനോക്കാതെ സമ്മാനത്തുക അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ള 5,000 രൂപ വരെ സമ്മാനാർഹമായ ടിക്കറ്റുകളാണ് വ്യാജമായി തയ്യാറാക്കി ഏജന്റുമാരെയും വിൽപ്പനക്കാരെയും കബളിപ്പിക്കുന്നത്. ഇതുസംബന്ധിച്ച് ഡി.ജി.പി.-ക്ക് പരാതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിനായി എല്ലാ ജില്ലകളിലും ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി./എ.സി.പി.-യെ നോഡൽ ഓഫീസറായി അന്വേഷണ

സംഘത്തെ നിയോഗിക്കാൻ 22-4-2017-ലെ D3/186147/PHQ/2016 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരത്തിലുള്ള വ്യാജ ടിക്കറ്റുകൾ സംബന്ധിച്ച് പാലക്കാട് സി.ബി.സി.ഐ.ഡി.-യും ആലപ്പുഴ നോർത്ത് പോലീസ് സർക്കിൾ ഇൻസ്പെക്ടറും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

(സി) വ്യാജ ടിക്കറ്റുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി പോലീസിൽ പരാതി നൽകിയിട്ടുണ്ട്. പ്രസ്സിലെ പിഴവുമൂലം അച്ചടിപ്പിശക്/ഇരട്ടിപ്പ് വന്ന ടിക്കറ്റുകളുടെ സമ്മാനത്തുക അനുവദിച്ച് നൽകുകയും പ്രസ്തുത തുക പ്രസ്സിൽനിന്ന് ഈടാക്കുകയും ചെയ്യുന്നു. അപാകതകൾ ഒഴിവാക്കുന്നതിനായി പ്രസ്സ് അധികൃതർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ ടിക്കറ്റുകളുടെ വിപണനം തടയുന്നതിനുവേണ്ടി ടിക്കറ്റുകളിൽ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾക്ക് പുറമേ Micro printing, opaque text, currency strips മുതലായ സുരക്ഷാ മാർഗ്ഗങ്ങൾ കൂടി ജൂൺ മാസത്തെ നറുക്കെടുപ്പ് മുതൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഭാഗ്യക്കുറി ടിക്കറ്റിൽ, മുദ്ര പതിപ്പിക്കുന്നതിനേക്കാളേറെ വ്യക്തതയുള്ള സുരക്ഷാ ക്രമീകരണങ്ങൾ ജൂൺ മാസത്തെ നറുക്കെടുപ്പ് മുതൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഏജന്റുമാർക്കും വിൽപ്പനക്കാർക്കും പോലീസ് ഉദ്യോഗസ്ഥർക്കും വ്യാജ ലോട്ടറികൾ തിരിച്ചറിയാൻ കഴിയുന്ന വിധത്തിലുള്ള സുരക്ഷാ ക്രമീകരണങ്ങൾ ടിക്കറ്റുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

## കേന്ദ്ര ടൂറിസം മന്ത്രാലയം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ

17 (*197) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ കേന്ദ്ര ടൂറിസം മന്ത്രാലയം ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പദ്ധതികൾ എതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ നടപ്പാക്കി വരുന്ന പിൽഗ്രിമേജ് റിജുവനേഷൻ ആന്റ് സ്പിരിച്വൽ ഓഗ്മെന്റേഷൻ ഡ്രൈവ് (PRASAD) സ്കീമിൽ ഗുരുവായൂർ ക്ഷേത്രത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത സ്കീം പ്രകാരം ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി എത്ര തുകയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) 'സ്വദേശി ദർശൻ', 'പ്രസാദ്' എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് കേന്ദ്ര ടൂറിസം മന്ത്രാലയം സംസ്ഥാനത്തിന് പദ്ധതികൾ അനുവദിച്ചുനൽകുന്നത്. നിലവിൽ 'സ്വദേശി ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി മൂന്ന് പദ്ധതികളും ' പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഒരു പദ്ധതിയും അനുവദിച്ചിട്ടുണ്ട്. പദ്ധതികൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 'സ്വദേശി ദർശൻ' | 1 | ഇക്കോ ടൂറിസം പദ്ധതിയായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടിയുടെ വികസനം |
| | 2 | സ്പിരിച്വൽ ടൂറിസം പദ്ധതിയായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) |
| | 3 | സ്പിരിച്വൽ ടൂറിസം പദ്ധതിയായ ശ്രീ പത്മനാഭ-ആറന്മുള-ശബരിമല ക്ഷേത്രം |
| 'പ്രസാദ്' | | ഗുരുവായൂർ ക്ഷേത്ര പരിസര വികസനം |

(ബി) ഉണ്ട്.

(സി) ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി 4614.20 ലക്ഷം രൂപയുടെ അനുമതി ലഭിച്ചതിൽ, ഗുരുവായൂർ ക്ഷേത്ര പരിസര വികസനത്തിനായി ആദ്യ ഗഡുവായി 922.84 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്.

## പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉപയുക്തത

18 (*198) ശ്രീ. എം. ഉമ്മർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജന പ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനവുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ നയത്തിൽ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉപയുക്തത വർദ്ധിപ്പിക്കുന്നതിനായി ഏതെങ്കിലും വിദേശ ഏജൻസികളുടെ സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടിയുടെ ഭാഗമായി KSEBL സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

(1) ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി എന്ന പ്രത്യേക വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(2) മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലുമായി 23.63 മെഗാവാട്ടിന്റെ പദ്ധതികൾ ആവിഷ്കരിച്ചതിൽ 9.26 മെഗാവാട്ടിന്റെ പദ്ധതികൾ ഇതിനോടകം കമ്മീഷൻ ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന പദ്ധതികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ നടന്നുവരുന്നു.

(3) കാസർഗോഡ് ജില്ലയിലെ അമ്പലത്തറ, പൈവേളിക, കരിന്തളം എന്നീ സ്ഥലങ്ങളിൽ 200 മെഗാവാട്ട് സോളാർ പാർക്ക് നിർമ്മാണം പുരോഗമിക്കുന്നു. അതിൽ 50 മെഗാവാട്ടിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. കൂടാതെ എൻ.റ്റി.പി.സി.-യുടെ നിയന്ത്രണത്തിൽ

കായംകുളത്ത് പ്രവർത്തിക്കുന്ന താപവൈദ്യുത നിലയത്തിന്റെ സമീപത്തായുള്ള ഭൂമിയിൽ നൂറ്റി എഴുപതോളം മെഗാവാട്ട് സോളാർ പദ്ധതി വികസിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്താൻ എൻ.റ്റി.പി.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(4) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് കെട്ടിടങ്ങളിലും അവർക്ക് വിട്ടുകൊടുക്കപ്പെട്ട സ്ഥാപനങ്ങളുടെ മുകളിലും ഗവൺമെന്റിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി റൂഫ് ടോപ്പ് സോളാർ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(5) സ്വകാര്യ വ്യക്തികൾ സ്ഥാപിക്കുന്ന മേൽക്കൂരയിലെ സൗരോർജ്ജ നിലയങ്ങൾക്കാവശ്യമായ കണക്ടിവിറ്റി സമയബന്ധിതമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വിഭാഗത്തിൽ 6.19 മെഗാവാട്ട് കണക്ടിവിറ്റി നൽകിയിട്ടുണ്ട്.

(6) കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി പൂവാർ കടൽത്തീരത്ത് 1 മെഗാവാട്ട് ശേഷിയുള്ള മൈക്രോവിൻഡ് നിലയം സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള കഞ്ചിക്കോട് 2.025 മെഗാവാട്ട് കാറ്റാടി നിലയത്തിലെ കാലഹരണപ്പെട്ട 5 മെഷീനുകൾ മാറ്റി പകരം ശേഷി കൂടിയ 5 മെഷീനുകൾ സ്ഥാപിക്കുന്നതിന്റെയും പുതുതായി 2.5 മെഗാവാട്ട് ശേഷിയുള്ള മെഷീൻ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(7) സ്വകാര്യ വ്യക്തികൾ സ്ഥാപിക്കുന്ന കാറ്റാടി യന്ത്രങ്ങൾക്ക് കണക്ടിവിറ്റി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

ഈ നിലയിൽ ഇതുവരെ 76 മെഗാവാട്ടിന്റെ ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങളും 14 മെഗാവാട്ടിന്റെ ഓഫ് ഗ്രിഡ് സൗരോർജ്ജ നിലയങ്ങളുമടക്കം 90 മെഗാവാട്ട് സോളാർ നിലയങ്ങൾ ഇപ്പോൾ കേരളത്തിലുണ്ട്.

25 മെഗാവാട്ടിൽ താഴെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ പാരമ്പര്യേതര ഊർജ്ജ പദ്ധതികളായാണ് കണക്കാക്കിയിരിക്കുന്നത്. ഈ പദ്ധതികൾക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ (MNRE) സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. 5 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ (59 മെഗാവാട്ട്) നിർമ്മാണം നടന്നുവരുന്നു. നിർമ്മാണം മുടങ്ങിക്കിടക്കുന്ന 6 മെഗാവാട്ടിന്റെ

ചാത്തൻകോട്ടുനട -2 പദ്ധതിയുടെ ബാലൻസ് വർക്കുകൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ആകെ 116.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി അനെർട്ട് സൗരോർജ്ജത്തിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി ശൃംഖലാബന്ധിതവുംബന്ധിത മല്ലാത്തതുമായ സൗരോർജ്ജ പവ്വർ പ്ലാന്റുകൾ, സൗരതാപം ഉപയോഗപ്പെടുത്തുന്ന പദ്ധതികൾ, ജൈവോർജ്ജം ഉത്പാദിപ്പിക്കുന്ന പദ്ധതികൾ എന്നിവ വളരെ പ്രാധാന്യത്തോടെ നടപ്പിലാക്കിവരുന്നു.

2017-18-ൽ അനെർട്ട് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി Rs. 48,30,00,000 വകയിരുത്തിയിട്ടുണ്ട്. ശൃംഖലാബന്ധിത സോളാർ ഫോട്ടോവോൾട്ടയിക്/സോളാർ വിന്റ് ഹൈബ്രിഡ് പവ്വർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലൂടെ 4.4 മെഗാവാട്ട് വരെ വൈദ്യുതി ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിച്ചുനൽകാൻ പദ്ധതിയുണ്ട്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായി കണക്കാക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മോൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി സർക്കാർ അനുമതിയോടുകൂടി സ്വകാര്യ സംരംഭകർക്ക് ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് നൽകുകയും അവ നടപ്പിൽ വരുത്തുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

സ്വതന്ത്ര (IPP) ക്യാപ്റ്റീവ് (CPP) വിഭാഗങ്ങളിലാണ് പദ്ധതികൾ അനുവദിക്കുന്നത്. ഇത്തരത്തിൽ ഏകദേശം 45MW സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിക്കുന്നതിനുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

കേന്ദ്ര നവീന-നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ നൂറോളം പീക്കോ ജലവൈദ്യുത പദ്ധതികൾ (5kw-ന് താഴെ) എനർജി മാനേജ്മെന്റ് സെന്റർ സ്ഥാപിച്ചുകഴിഞ്ഞു.

(ബി) റിന്യൂവബിൾ എനർജി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള നയങ്ങളിൽ കാതലായ മാറ്റമൊന്നും ഈ സർക്കാർ കൊണ്ടുവന്നിട്ടില്ല. എന്നാൽ നയമനുസരിച്ച് ഈ രംഗത്ത് കൂടുതൽ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. ഈ രംഗത്തെ നോഡൽ ഏജൻസിയായ അനെർട്ടിനെ വ്യക്തിഗത സബ്സിഡികൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം എന്നതിൽനിന്നും പുതുക്കപ്പെടുന്ന ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിന് വിപുലമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും വായ്പാ പദ്ധതികൾ അടക്കം സംയോജിപ്പിച്ച് കൂടുതൽ ഗുണഭോക്താക്കളെ സൃഷ്ടിക്കുന്നതിനുമുള്ള സംവിധാനമായി മാറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്ററിനെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ മോണിറ്ററിംഗിനും നടത്തിപ്പിനുമുള്ള പ്രധാന സ്ഥാപനങ്ങളിലൊന്നായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ പദ്ധതികളൊന്നും ഏറ്റെടുക്കേണ്ടതില്ല എന്ന നയത്തിൽനിന്നും വ്യത്യസ്തമായി സാധ്യമായ ചെറുകിട ജലവൈദ്യുത പദ്ധതികളെല്ലാം സമയബന്ധിതമായി ഏറ്റെടുക്കാൻ കഴിയുന്ന നിലയിൽ കെ.എസ്.ഇ.ബി.-യെ മാറ്റിത്തീർക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

**സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം**

19 (*199) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ മണ്ഡലാടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രത്യേക അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും ഫിറ്റ്നെസ് പരിശോധനയും മുൻസർക്കാരിന്റെ കാലത്ത് സമയബന്ധിതമായി നടത്താതിരുന്നത് കൊണ്ടുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഉണ്ട്. സംസ്ഥാനത്തൊട്ടാകെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ 142 മൊബൈൽ ത്രിവേണികളിൽ 57 എണ്ണമാണ് നിലവിൽ പ്രവർത്തിക്കുന്നത്. കേടുപാടായി കിടക്കുന്ന 85 എണ്ണം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. മൊബൈൽ ത്രിവേണികളുടെ പ്രവർത്തനം ലാഭകരമല്ലെന്ന വിഷയം സംബന്ധിച്ച് കൺസ്യൂമർ ഫെഡിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും ആയതിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ത്രിവേണികളുടെ പ്രവർത്തനം, ത്രിവേണി, നീതി, സഹകരണ സ്ഥാപനങ്ങളുടെ സ്റ്റോറുകൾ എന്നിവ ലഭ്യമല്ലാത്ത ദരിദ്ര ജനവിഭാഗങ്ങൾ കൂടുതൽ തിങ്ങിപ്പാർക്കുന്ന ആദിവാസി മേഖല, മത്സ്യത്തൊഴിലാളി മേഖല, മറ്റ് പിന്നോക്ക പ്രദേശങ്ങൾ എന്നിവിടങ്ങളിലേയ്ക്കായി നിജപ്പെടുത്തണമെന്ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ റീജിയണിൽനിന്നും ലഭിച്ച നിർദ്ദേശത്തിന്റെ ഭാഗമായി 57 മൊബൈൽ ത്രിവേണികൾ ഇപ്പോൾ വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൊബൈൽ ത്രിവേണികളുടെ സഞ്ചാരപഥം ക്ലിപ്തപ്പെടുത്തിയും സാധനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചും അവയുടെ നടത്തിപ്പിന് കുറേക്കൂടി താത്പര്യവും കാര്യക്ഷമതയും പ്രകടിപ്പിക്കുന്ന ജീവനക്കാരെ ചുമതലപ്പെടുത്തിയും വിറ്റുവരവ്, ചെലവ് എന്നിവ സംബന്ധിച്ച് ദൈനംദിന മോണിറ്ററിംഗ് ഫലപ്രദമാക്കിയും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി.

(സി) വാഹനങ്ങളുടെ അറ്റകുറ്റപ്പണിയും ഫിറ്റ്നസ് പരിശോധനയും മുൻ സർക്കാരിന്റെ കാലത്ത് സമയബന്ധിതമായി നടത്താതിരുന്നതുകൊണ്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് വാഹനങ്ങളുടെ നിലവിലെ സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുള്ളതും വർഷങ്ങളായി ടാക്സ്, ഇൻഷ്വറൻസ് എന്നിവ അടയ്ക്കാതിരുന്നത് കുടിശ്ശിക അടക്കം അടച്ചുതീർത്തിട്ടുള്ളതും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനം പുനഃസ്ഥാപിക്കാവുന്ന വാഹനങ്ങൾ പുനഃസ്ഥാപിച്ചിട്ടുള്ളതും മൊബൈൽ ത്രിവേണികളുടെ പ്രവർത്തനം ബന്ധപ്പെട്ട ത്രിവേണി സൂപ്പർമാർക്കറ്റുകളുമായി ബന്ധപ്പെടുത്തിയും ആവശ്യാനുസരണം സ്റ്റോക്ക് ലഭ്യമാക്കുവാനും മെയിന്റനൻസ് വർക്ക് സമയബന്ധിതമായി നടത്തുവാൻ നടപടികൾ സ്വീകരിച്ചും തീരെ ഉപയോഗശൂന്യമല്ലാത്തതും വഴിവക്കിൽ കിടന്ന് പൊതുജനങ്ങൾക്കും നാട്ടുകാർക്കും ശല്യമായി തീർന്ന വാഹനങ്ങൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്.

**സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യത**

20 (*200) ശ്രീ. രാജു എബ്രഹാം:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യത തകർക്കാൻ ഇതര സംസ്ഥാന ലോട്ടറി മാഫിയ ആസൂത്രിതമായ നീക്കം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള ഭാഗ്യക്കുറിയുടെ വ്യാജടിക്കറ്റ് അച്ചടിച്ച് വ്യാപകമായി വിതരണം ചെയ്ത് ഇവർ ഏജന്റുമാരെയും വിൽപ്പനക്കാരെയും കബളിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രശ്നങ്ങളെ അതിജീവിക്കുന്നതിന് ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും സഹകരണവും പിന്തുണയും ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ&ബി) ടിക്കറ്റുകളിൽ തിരിമറി നടത്തി സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യത തകർക്കുന്നതിലേയ്ക്ക് നയിക്കാൻ സാധ്യതയുള്ള കുറ്റകൃത്യങ്ങൾ ഒറ്റപ്പെട്ടവയാണെങ്കിലും സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഇത്തരം സംഭവങ്ങൾക്ക് ആസൂത്രിത സ്വഭാവമുണ്ടോ എന്ന കാര്യം പ്രത്യേക അന്വേഷണ സംഘം പരിശോധിക്കുകയും ജാഗ്രത കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഭാഗ്യക്കുറിയുടെ താഴ്ന്ന സമ്മാനങ്ങൾ ഏജന്റുമാർ ടിക്കറ്റ് സമാഹരിച്ച് വിതരണം ചെയ്യാറുണ്ട്. ഇത് പിന്നീട് ലോട്ടറി ഓഫീസിൽ സമർപ്പിക്കുമ്പോഴാണ് വെട്ടിപ്പ് വ്യക്തമാകുന്നത്. ഇതുമൂലം ഏജന്റുമാർക്ക് നഷ്ടം സംഭവിക്കാറുണ്ട്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ച് പ്രവർത്തനങ്ങൾ മുന്നേറുകയാണ്. ഇത് സംബന്ധമായ പരിശീലനവും ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്.

(സി) സംസ്ഥാനത്തിനകത്ത് ഇത്തരത്തിലുള്ള സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി എ.ഡി.ജി.പി.(ഇന്റലിജൻസ്)-ന്റെ നേതൃത്വത്തിൽ

സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലകളിൽ ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ഭാഗ്യക്കുറി, പോലീസ്, വാണിജ്യ നികുതി വകുപ്പ് ജീവനക്കാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജില്ലാതല മോണിറ്ററിംഗ് സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ഈ സമിതികൾ യോഗം ചേർന്ന് അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത്, ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നുണ്ട്.

(ഡി) ജില്ലാതല മോണിറ്ററിംഗ് സമിതിയിൽ ഉന്നയിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച അറിവ് നൽകുന്നതിനും കേസ്സുകൾ കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും ഏജന്റുമാരും വിൽപ്പനക്കാരും സഹായിക്കുന്നുണ്ട്. ഇവരുടെ സഹകരണത്തോടെ വ്യാജ ടിക്കറ്റ് നിർമ്മാതാക്കളെ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതാണ്.

**ചരക്ക് സേവന നികുതി**

21 (*201) <u>ശ്രീ. അടൂർ പ്രകാശ് :</u>
<u>ശ്രീ. കെ. സി. ജോസഫ് :</u>
<u>ശ്രീ. അനൂപ് ജേക്കബ് :</u>
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി എന്നത്തേയ്ക്ക് പ്രാവർത്തികമാകും എന്നാണ് കണക്കാക്കുന്നത്; പ്രസ്തുത നികുതി സംവിധാനത്തിലേയ്ക്ക് സംസ്ഥാനത്തെ നികുതി സംവിധാനം മാറ്റുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) നിലവിലെ നികുതി നിരക്കും ജി.എസ്.ടി.യും തമ്മിലുള്ള വ്യത്യാസം കേന്ദ്രം സെസ്സായി ഈടാക്കുമെന്ന ധാരണയുണ്ടായിട്ടുണ്ടോ; സെസ്സിന്റെ പരമാവധി പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) ബീഡിക്ക് സെസ്സ് ചുമത്താൻ നിർദ്ദേശമുണ്ടോ; ഇത് സംബന്ധിച്ച സംസ്ഥാന നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>) :

(എ) നിലവിൽ നടക്കുന്ന ചർച്ചകൾ പ്രകാരം 1-7-2017 മുതൽ ജി.എസ്.ടി. നടപ്പിലാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എസ്.ജി.എസ്.ടി നിയമത്തിന്റെ കരട് തയ്യാറാക്കിവരികയാണ്. ഇത് നിയമസഭ പാസ്സാക്കേണ്ടതുണ്ട്. ഉദ്യോഗസ്ഥർക്കും വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിനുമുള്ള ട്രെയിനിംഗ് പുരോഗമിച്ചുവരുന്നു. ബാക്ക് എൻഡ് മൊഡ്യൂളുമായി ബന്ധപ്പെട്ട കാര്യങ്ങളും പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്. സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം ആദ്യ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായി കേന്ദ്രം നൽകുന്നതാണ്. ഇതിനായി ജി.എസ്.ടി. കോമ്പൻസേഷൻ നിയമം പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സെസ്സിൽ ഉൾപ്പെടുത്താവുന്ന ചരക്ക് സേവനങ്ങളുടെ പട്ടിക ആ നിയമത്തിലുൾപ്പെടുത്തിയിട്ടുണ്ട്. ഇത് ആഡംബര, സിൻ ഗുഡ്സിലായി പരിമിതപ്പെടുത്തി 28% നികുതിക്ക് പുറമേ പരമാവധി 12% വരെ സെസ്സ് ചുമത്താനാണ് ഏകദേശ ധാരണ. ആ നിരക്ക് ഏതെല്ലാം ചരക്ക് സേവനങ്ങൾക്കാണ് ചുമത്തുന്നതെന്ന് പിന്നീട് വിജ്ഞാപനം ചെയ്യും.

(സി) നിലവിലെ ജി.എസ്.ടി. കോമ്പൻസേഷൻ നിയമത്തിലെ ഷെഡ്യൂൾ പ്രകാരം ബീഡിക്കുമേലും സെസ്സ് ചുമത്താൻ കേന്ദ്രത്തിന് അധികാരമുണ്ട്. ഇത് ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബീഡിയെ ഒഴിവാക്കണമെന്ന് കേരളം ശക്തമായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വിജ്ഞാപനം ചെയ്യുമ്പോൾ ഇത് ഒഴിവാക്കപ്പെടുമെന്നാണ് കരുതുന്നത്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

22 (*202) ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. ഉബൈദുള്ള:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ സംസ്ഥാന ജീവനക്കാരുടെ അംഗത്വം എൻ.എസ്.ഡി.എൽ. (നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡ്) സെൻട്രൽ റിക്കോർഡ്സ് ഏജൻസിയുടെ റിപ്പോർട്ട് പ്രകാരം എത്രയാണെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ പെൻഷൻ പദ്ധതിയിൽ ചേർന്ന ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവുമുൾപ്പെടെയുള്ള നിക്ഷേപത്തിന്റെ വിവരം ലഭ്യമാക്കുമോ;

(സി) ഫണ്ട് മാനേജർമാർ നിക്ഷേപം നടത്തുന്ന ഗവൺമെന്റ് സെക്യൂരിറ്റികൾ, ബോണ്ടുകൾ, കമ്പനി ഷെയറുകൾ തുടങ്ങിയവയുടെ പ്രോഫിറ്റ് ഗ്രാഫുകൾ പരിശോധിക്കാൻ സംവിധാനമുണ്ടോ; വിശദമാക്കുമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കാർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2017 മാർച്ച് 31 വരെ 49,173 സംസ്ഥാന ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് PRAN എടുത്തിട്ടുണ്ട്.

(ബി) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കാർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2017 മാർച്ച് 31 വരെ പ്രസ്തുത പദ്ധതിയിൽ ജീവനക്കാരുടെ വിഹിതവും (215.665 കോടി രൂപ) സർക്കാർ വിഹിതവും (215.665 കോടി രൂപ) കൂടിച്ചേർത്ത് ആകെ 431.33 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്.

(സി) ഫണ്ട് മാനേജർമാർ നിക്ഷേപം നടത്തുന്ന ഗവൺമെന്റ് സെക്യൂരിറ്റികൾ, ബോണ്ടുകൾ, കമ്പനി ഷെയറുകൾ തുടങ്ങിയവയുടെ പ്രോഫിറ്റ് ഗ്രാഫുകൾ കേരളത്തിന് മാത്രമായി പരിശോധിക്കുവാൻ നിലവിൽ സംവിധാനമില്ല. എന്നാൽ NSDL-ൽ നിന്നും ലഭ്യമായ യൂസർ ഐ.ഡി.-യും പാസ്‌വേഡും ഉപയോഗിച്ച് www.cra-nsdl.com എന്ന വെബ്സൈറ്റ് മുഖേന സ്വന്തം അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ട തുക വ്യക്തിഗതമായി പരിശോധിക്കുവാൻ എൻ.പി.എസ്. വരിക്കാർക്ക് സാധിക്കുന്നതാണ്.

**പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് എൻ.ഒ.സി. ലഭ്യമാക്കുന്ന നടപടി**

23 (*203) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല വകുപ്പുകളുടെയും എൻ.ഒ.സി. വാങ്ങി ചുരുങ്ങിയ കാലത്തിനുള്ളിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാധിക്കില്ല എന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) പുതിയ വ്യവസായ സംരംഭകരെ ആകർഷിക്കാൻ ഒരു കുടക്കീഴിൽ എന്നപോലെ ഒരു ഓഫീസ് മുഖാന്തിരം എല്ലാവിധ എൻ.ഒ.സി.- കളും എത്രയും വേഗം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സിംഗിൾ വിൻഡോ ക്ലിയറൻസ് പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ &ബി) സംസ്ഥാനത്ത് വ്യവസായ നിക്ഷേപത്തിന് അനുകൂല സാഹചര്യം ഒരുക്കുന്നതിനും വ്യവസായ സംരംഭകർക്കുള്ള അനുമതിയും ലൈസൻസുകളും അതിവേഗം ലഭ്യമാക്കുന്നതിനുമായി സർക്കാർ പഠനം നടത്തിയിരുന്നു. വാണിജ്യ നിക്ഷേപകർക്ക് അവരുടെ സംരംഭങ്ങൾ സുഗമമായും വേഗത്തിലും നടത്താനാവശ്യമായ പാരിസ്ഥിതികാന്തരീക്ഷം സൃഷ്ടിക്കുന്നതിന് വേണ്ടി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫോർ ഫെസിലിറ്റേഷൻ ആക്ട് ' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനമായിട്ടുണ്ട്. അതുവഴി വ്യവസായ മേഖലയിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട അനുമതികൾ സംബന്ധിച്ച് നിലവിലുള്ള സർക്കാർ നിയമങ്ങൾ/ചട്ടങ്ങൾ/ ഉത്തരവുകൾ, നിലവിലുള്ള ഏകജാലക നിയമം, അടിസ്ഥാന സൗകര്യ മേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതു അപേക്ഷാഫോറം തുടങ്ങിയവ പരിഷ്ക്കരിക്കാനും നടപടികൾ തുടങ്ങി. കൂടാതെ നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ' (ഐ.പി.എഫ്.സി.) ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.എസ്.ഐ.ഡി.സി.) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗിക മാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കുക, ബന്ധപ്പെട്ട വകുപ്പുകളിലേയും ഏജൻസികളിലേയും അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു ഏകീകൃത അപേക്ഷാഫോറം കൊണ്ടുവരുന്നതിനായും നടപടി ആരംഭിച്ചു.

(സി) 1999-ലെ ഏകജാലക ക്ലിയറൻസ് സംവിധാനത്തിൽ കാലോചിതമായ മാറ്റം വരുത്താനും കൂടുതൽ ഫലപ്രദമാക്കാനും വേണ്ടിയുള്ള പഠന റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും നവീകരിക്കാനും സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു അപേക്ഷാ ഫോറവും ഓൺലൈൻ സംവിധാനവും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ടൗൺഷിപ്പ് ഏരിയാ ഡെവലപ്മെന്റ് ആക്ട് സെക്ഷൻ (5) പ്രകാരം കിൻഫ്ര (KINFRA)- യുടെ നാല് വ്യവസായ പാർക്കുകളിലും കെ.എസ്.ഐ.ഡി.സി. (K.S.I.D.C)- യുടെ രണ്ട് പാർക്കുകളിലും ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

## വ്യവസായ വികസനം

24 (*204) ശ്രീ. പി. വി. അൻവർ:

ശ്രീ. എസ്. ശർമ്മ:

ശ്രീ. എ. പ്രദീപ്കുമാർ:

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനം സാധ്യമാക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) വ്യവസായ ക്ലസ്റ്റർ വികസന പദ്ധതി വഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങളും അതിനായി സ്വീകരിച്ച നടപടികളും എന്തെല്ലാമാണ്;

(സി) സംരംഭകത്വ വികസനത്തിനും പ്രോത്സാഹനത്തിനുമായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിവിധയിനം സംരംഭങ്ങൾക്കായുള്ള വായ്പാ ലഭ്യത അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) സംസ്ഥാനത്തെ പൊതുവായ സ്ഥലദൗർലഭ്യം വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രധാന ഘടകമാണ്. ഈ സാഹചര്യം കണക്കിലെടുത്ത് വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിൽ എട്ട് ബഹുനില വ്യവസായ സമുച്ചയങ്ങളാണ് നിർമ്മിക്കാൻ വ്യവസായ വാണിജ്യ വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അതോടൊപ്പം വ്യവസായ വകുപ്പിന്റെ കീഴിലുള്ള, കിൻഫ്ര 22 വ്യവസായ പാർക്കുകളും കെ.എസ്.ഐ.ഡി.സി. മൂന്നോളം പാർക്കുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, വരുന്ന സാമ്പത്തിക വർഷത്തിൽ വ്യവസായ വാണിജ്യ വകുപ്പ് നാലും കിൻഫ്ര പതിനാലും കെ.എസ്.ഐ.ഡി.സി. നാലും വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ഏറ്റെടുത്തിട്ടുള്ള ഭൂമിയിലും മറ്റ് പതിനൊന്ന് വ്യവസായ ഏരിയ/പ്ലോട്ടുകളിലും അടിസ്ഥാന സൗകര്യ വികസനാർത്ഥം റോഡ് പണി, സബ്സ്റ്റേഷൻ നിർമ്മാണം, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു.

(ബി) ഒരേതരം പ്രവർത്തനങ്ങൾ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് അവർക്കാവശ്യമായ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി പ്രകാരം പ്രധാനമായും ഉദ്ദേശിക്കുന്നത്. അസംസ്കൃത വസ്തുക്കൾ, ബാങ്ക് വായ്പ, കനത്ത മുതൽമുടക്ക് വേണ്ടി വരുന്നതും എന്നാൽ പൊതുമായി ഉപയോഗിക്കാൻ കഴിയുന്നതുമായ യന്ത്രസാമഗ്രികൾ സ്ഥാപിക്കുക, ഉത്പന്നത്തിന്റെ വ്യാപാരം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നിവയാണ് ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതിവഴി ലഭ്യമാക്കുന്ന പ്രധാന നേട്ടങ്ങൾ. ഇതിനായി സംസ്ഥാനത്ത് എട്ട് ക്ലസ്റ്ററുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ആറ് ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങളിലാണ്. കിൻഫ്രയുടെ കീഴിൽ കാക്കനാട് ഇലക്ട്രോണിക്സ് ക്ലസ്റ്ററിനുവേണ്ടിയുള്ള മാനുഫാക്ചറിംഗ് അധിഷ്ഠിത പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി) സംരംഭകത്വ സഹായ പദ്ധതി, ബോധവത്കരണ പരിപാടികൾ, ഇൻവെസ്റ്റേഴ്സ് മീറ്റുകൾ, ടെക്നോളജി ക്ലിനിക്കുകൾ, ഇ.ഡി.പി., ഇൻകുബേഷൻ സെന്ററുകൾ, വ്യവസായ വികസന പ്ലോട്ടുകൾ, ക്ലസ്റ്റർ വികസന പദ്ധതി, ഇ.ഡി. ക്ലബ്ബുകൾ, എസ്.ഡബ്ല്യു.സി.ബി. തുടങ്ങിയ പദ്ധതികളാണ് വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നത്. വായ്പാ പദ്ധതികൾ വ്യവസായ വകുപ്പ് നേരിട്ടല്ല നടപ്പിലാക്കുന്നത്. പക്ഷേ ബാങ്കുകൾ, കെ.എഫ്.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ, പിന്നോക്ക വികസന കോർപ്പറേഷൻ, പട്ടികജാതി വികസന കോർപ്പറേഷൻ, എംപ്ലോയ്മെന്റ് വകുപ്പ്, വനിതാ വികസന കോർപ്പറേഷൻ കെ.വി.ഐ.സി., കെ.വി.ഐ.ബി. തുടങ്ങിയ ഏജൻസികൾ മുഖേനയാണ് ഇത്തരം വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

സംരംഭകത്വ വികസനത്തിനും പ്രോത്സാഹനത്തിനുമായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ മൂന്ന് ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുകയുണ്ടായി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങളും നൂതനമായ ആശയങ്ങൾക്ക് 25 ലക്ഷം രൂപ വരെ ധനസഹായവും നൽകിവരുന്നു.

കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

## വൈദ്യുതി നിരക്ക് വർദ്ധനവ്

25 (*205) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് വർദ്ധന സംബന്ധിച്ച് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ തീരുമാനത്തിനെതിരെ ആരെങ്കിലും കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വൈദ്യുതി നിരക്ക് വർദ്ധന സംബന്ധിച്ച് റഗുലേറ്ററി കമ്മീഷൻ ഉത്തരവിന്റെ വിശദാംശം നൽകുമോ;

(സി) വൈദ്യുതി ബോർഡ് ലാഭകരമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ സാധാരണക്കാരിൽ അമിതഭാരം അടിച്ചേല്പിക്കുന്ന വൈദ്യുതി ചാർജ്ജ് വർദ്ധനവ് ഏത് സാഹചര്യത്തിലാണുണ്ടായതെന്ന് വെളിപ്പെടുത്തുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ സ്വമേധയാ ആരംഭിച്ച താരിഫ് നിർണ്ണയ നടപടികൾ സംബന്ധിച്ച് ശ്രീ. ഡിജോ കാപ്പൻ, കാപ്പിൽ ഹൗസ്, മീനമ്പിൽ പി.ഒ., പാല എന്ന വ്യക്തി, വൈദ്യുതി നിരക്ക് വർദ്ധന സംബന്ധിച്ച നിർദ്ദേശത്തിനെതിരെ കേരള ഹൈക്കോടതിയിൽ WP(C) No 2534/2017 നമ്പറായി പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ ഫയൽ ചെയ്തിട്ടുണ്ടായിരുന്നു. ടി പെറ്റീഷൻ പരാതിക്കാരൻതന്നെ പിൻവലിക്കുകയും പുതുതായി WP(C) No 13569/2017 എന്ന മറ്റൊരു പെറ്റീഷൻ ഫയൽ ചെയ്യുകയുമുണ്ടായി. ഈ പെറ്റീഷൻ ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) വൈദ്യുതി നിരക്ക് സംബന്ധിച്ച സംസ്ഥാന റഗുലേറ്ററി കമ്മീഷൻ 2017 ഏപ്രിൽ 17- ന് അംഗീകരിച്ച താരിഫ് ഉത്തരവിന്റെ വിശദാംശങ്ങൾ അനുബന്ധമായി *ചേർത്തിരിക്കുന്നു.

(സി) വൈദ്യുതി ബോർഡ് പ്രവർത്തിക്കുന്നത് ലാഭകരമായിട്ടല്ല. സി.എ.ജി.-യുടെ ഓഡിറ്റ് പ്രകാരം കഴിഞ്ഞ 2014-15, 2015-16 വർഷങ്ങളിൽ ബോർഡിന്റെ നഷ്ടം യഥാക്രമം 1272.90 കോടി രൂപയും 313.29 കോടി രൂപയുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാന റഗുലേറ്ററി കമ്മീഷൻ 2012-13, 2013-14, 2014-15 വർഷങ്ങളിലാണ് വൈദ്യുതി താരിഫ് പരിഷ്കരിച്ചിരുന്നത്. ഇപ്പോഴത്തെ താരിഫ് പരിഷ്കരണത്തിന് 2012-13 വരെയുള്ള വരുമാനകമ്മി മാത്രമേ കമ്മീഷൻ പരിഗണിച്ചിട്ടുള്ളു. ആകെ തുക 4944 കോടി രൂപയായിട്ടാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്. (എന്നാൽ കെ.എസ്.ഇ.ബി.-യുടെ കണക്കുകൾ പ്രകാരം ഇത് 7171.50 കോടി രൂപയാണ്.) ഈ നഷ്ടം മുഴുവനും നിരക്ക് വർദ്ധനവ് വഴി നികത്തുകയാണെങ്കിൽ ഉപഭോക്താക്കൾക്ക് വലിയ താരിഫ് ഷോക്കിന് കാരണമായിത്തീരുമെന്നതിനാൽ വരുമാന കമ്മിയുടെ ഒരു ഭാഗമായ 1040.92 കോടി രൂപ മാത്രമാണ് നടപ്പ് വർഷത്തിൽ നികത്തുവാൻ കമ്മീഷൻ തീരുമാനിച്ചത്.

ഈ വർഷം ബോർഡിന് 490.92 കോടി രൂപ ലാഭമുണ്ടാകുമെന്നാണ് കമ്മീഷന്റെ നിഗമനം. ആ തുക തട്ടിക്കിഴിച്ചതിനുശേഷം ബാക്കിയുള്ള 550 കോടി രൂപ നികത്താൻ ആവശ്യമായ നാമമാത്ര വർദ്ധനവാണ് ഈ വർഷം കമ്മീഷൻ ഉത്തരവായിട്ടുള്ളത്.

**"ചെറുകിട-സൂക്ഷ്മ-ഇടത്തരം വ്യവസായങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ"**

26 (*206) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട-സൂക്ഷ്മ-ഇടത്തരം വ്യവസായങ്ങളെക്കുറിച്ച് കൊച്ചിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാൾ എന്റർപ്രൈസസ്സ് ആന്റ് ഡെവലപ്മെന്റ് നടത്തിയ പഠന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇത്തരം വ്യവസായങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം ഇടപെടലാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി.

മൊയ്തീൻ) :

(എ) ഉണ്ട്. എം.എസ്.എം.ഇ. സെക്ടറിലെ തൊഴിൽ ലഭ്യത, സംരംഭകത്വം, തൊഴിൽ കമ്പോളം, കേരളത്തിലെ സാങ്കേതിക പരിജ്ഞാനം, വിഭവങ്ങൾ, അവസരങ്ങൾ, ഒരു സംരംഭത്തിന്റെ ജീവിത കാലയളവ്, മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയുള്ള കണക്ക്, സംരംഭത്തിന്റെ തുടക്കം, വളർച്ച, ഉയർന്നുവരുന്ന ബിസിനസ്സ് അവസരങ്ങൾ, സംരംഭങ്ങൾക്കുള്ള സാമ്പത്തിക സ്രോതസ്സുകൾ, ഈ മേഖലയിൽ സ്വീകരിക്കേണ്ട നയസമീപനങ്ങൾ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് സ്മാൾ എന്റർപ്രൈസസ്സ് ആന്റ് ഡെവലപ്മെന്റ് നടത്തിയ പഠന റിപ്പോർട്ട് വ്യവസായ വാണിജ്യ വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിന് സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യാവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യാവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. വ്യവസായം ആരംഭിക്കുന്നതിനുള്ള ക്ലിയറൻസുകളും ലൈസൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിന് "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്" നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് റിയാബ് വഴി പഠനം നടത്തിയിട്ടുണ്ട്. അതിൻപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ചുവരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രശ്നങ്ങൾ അവലോകനം നടത്തിയതിന്റെ ഫലമായി പരിഹാരം കണ്ടെത്തി. സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉത്പാദന സംവിധാനങ്ങൾ നവീകരിച്ചുകൊണ്ട് ഉത്പന്നങ്ങൾക്ക് വൈവിദ്ധ്യവത്കരണം

നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കമ്പനി വിപുലീകരണവും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനവും സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനവും സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുകയും വഴി പൊതുമേഖലാ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2016-17 സാമ്പത്തികവർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രത്യേകം വകയിരുത്തിയ 100 കോടി രൂപയ്ക്ക് പുറമേ 23 കോടി രൂപ കൂടി സർക്കാർ അധികമായി നൽകി. 2017-18 സാമ്പത്തിക വർഷം മൂലധന സഹായമായും ആധുനികവത്കരണത്തിനുമായി പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തി.

2017-18 സാമ്പത്തിക വർഷം മുതൽ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് പുറമേ കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ വിപുലീകരണ പദ്ധതികൾ പ്രത്യേക ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതാണ്. ടൈറ്റാനിയം മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഒരു ഉത്പാദന സമുച്ചയം സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായി ഒരു ഉന്നതതല കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങളുടെ സ്ഥായിയായ പ്രവർത്തനത്തിനും ഉന്നമനത്തിനുമായി പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെയുള്ള പദ്ധതികൾ

27 (*207) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. പി. ഉണ്ണി:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി.) ഏതൊക്കെ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കാണ് സഹായം നൽകുന്നതെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിക്കുകയും ഫണ്ട് ലഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ കാർഷിക മേഖലയിലും ഗ്രാമീണ ഉത്പാദന മേഖലയിലും ഉപഭോക്തൃ മേഖലയിലും സഹായം നേടിയെടുക്കാനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി.) ചുവടെ പറയുന്ന മൂന്ന് പദ്ധതികൾ പ്രകാരമാണ് കേരളത്തിലെ സഹകരണ മേഖലയിൽ ധനസഹായം നൽകിവരുന്നത്.

(1) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം.

(2) പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുകൾക്കുമുള്ള സഹായം.

(3) സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.)

പ്രസ്തുത പദ്ധതികൾ പ്രകാരം ചുവടെ പറയുംപ്രകാരമുള്ള ധനസഹായങ്ങളാണ് നൽകിവരുന്നത്:

- ഉപഭോക്തൃ ഫെഡറേഷൻ, മൊത്തവ്യാപാര സ്റ്റോർ, ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം.
- നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ ഇവ ഏറ്റെടുത്ത് നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം.
- സംസ്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് സഹായം, ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം.
- സംസ്ഥാന/ജില്ല/പ്രാദേശികതല സഹകരണ സംഘങ്ങൾക്ക് മാർജിൻമണി.

- സഹകരണ മേഖലയിലെ ദുർബ്ബല കാർഷിക സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുള്ള ധനസഹായം.
- പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള ധനസഹായം.
- പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും ധനസഹായം.
- സഹകരണ ആശുപത്രികൾ, വനിതാ സഹകരണ സംഘങ്ങൾ, സാഹിത്യ സഹകരണ സംഘങ്ങൾ തുടങ്ങിയ സേവന മേഖലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് സഹായം.
- ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് യന്ത്രങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സഹായം.
- ഗ്രാമീണ പാർപ്പിട പദ്ധതി, വൈദ്യുതീകരണം, ആരോഗ്യം, ആശുപത്രികൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്ക് സഹായം.
- കാർഷിക മേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹായം.
- സംഭരണശാലകൾ നിർമ്മിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സഹായം.
- സംസ്ഥാന/ജില്ല/പ്രാദേശിക തലത്തിലുള്ള മറ്റ് സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും മാർജിൻമണി സഹായം.
- വിപണന സംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് സഹായം.
- പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ദുർബ്ബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമുള്ള സഹായം.
- സഹകരണ സംഘങ്ങളിൽ കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് സഹായം.

- പുഷ്പകൃഷി നടത്തുന്ന സഹകരണ സംഘങ്ങൾക്ക് സഹായം.
- കാർഷികോത്പന്നങ്ങളുടെ ഗുണനിലവാരം, തരംതിരിക്കൽ, കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം തുടങ്ങിയ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്ക് സഹായം.
- മേൽ പരാമർശിച്ചവയ്ക്ക് പുറമേ, തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.) നടപ്പിലാക്കുന്നതിനും ധനസഹായം നൽകിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സഹകരണ മേഖലയിൽ ചുവടെ പറയുംപ്രകാരമുള്ള പദ്ധതികൾക്ക് അനുമതി ലഭിക്കുകയും ഫണ്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്:

- നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ധനസഹായം.
- വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് ധനസഹായം.
- സഹകരണ സംഘങ്ങളിൽ കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് ധനസഹായം.
- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിന് ധനസഹായം.
- ആശുപത്രി സഹകരണ സംഘങ്ങൾക്ക് ധനസഹായം.
- ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ധനസഹായം.
- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് പശ്ചാത്തല സൗകര്യ വികസനത്തിന് ധനസഹായം.
- ദുർബ്ബല വിപണന സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള സഹായം.
- സഹകരണ സംഘങ്ങൾ മുഖേന ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സഹായം.

- റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള (റെയ്ഡ്കോ)-യുടെ ആഭിമുഖ്യത്തിൽ അഗ്രോ ക്ലിനിക്, അഗ്രി ബിസിനസ്സ് സെന്റർ, അഗ്രോ ബസാർ എന്നിവ ആരംഭിക്കുന്നതിന് സഹായം.
- വിപണന സഹകരണ സംഘങ്ങൾക്കുള്ള സഹായം.

(സി) സംസ്ഥാന ധനസഹായ പദ്ധതികൾക്കുപരിയായി ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ സംസ്ഥാനത്തെ കാർഷിക മേഖലയിലും ഗ്രാമീണ ഉത്പാദന മേഖലയിലും ഉപഭോക്തൃമേഖലയിലും സഹായം നേടിയെടുക്കുന്നതിനായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്തവ്യാപാര സ്റ്റോറുകൾ/ ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായ പദ്ധതികൾക്കും പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുകൾക്കുമുള്ള ധനസഹായ പദ്ധതികൾക്കും അപേക്ഷ സമർപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ട്. അതിനുപുറമേ ചുവടെ പ്രതിപാദിക്കുന്ന പദ്ധതികൾക്കും അപേക്ഷ സമർപ്പിച്ച് അംഗീകാരം നേടിയിട്ടുള്ളതാണ്:

- 2017-18 സാമ്പത്തിക വർഷത്തിൽ പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) പ്രകാരം കാർഷിക മേഖലയിലും ഗ്രാമീണ ഉത്പാദന മേഖലയിലും ഉപഭോക്തൃ മേഖലയിലും സഹായം നേടിയെടുക്കുന്നതിനായി പദ്ധതികൾ സമർപ്പിക്കുകയും അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
- സംയോജിത സഹകരണ വികസന പദ്ധതി രണ്ടാം ഘട്ടം നടപ്പിലാക്കിവരുന്ന ഇടുക്കി ജില്ലയിലും ടി മേഖലകളിലുള്ള വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ സമർപ്പിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.
- റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള (റെയ്ഡ്കോ)-യുടെ ആഭിമുഖ്യത്തിൽ അഗ്രോ ക്ലിനിക്, അഗ്രി ബിസിനസ്സ് സെന്റർ, അഗ്രോ ബസാർ എന്നിവ ആരംഭിച്ച് തുടർ പ്രവർത്തനം നടത്തുന്നതിലേയ്ക്കായുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്. NCDC-യുടെ അംഗീകാരം ലഭ്യമാക്കുകയും ആദ്യ ഗഡു ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

## സാഹസിക വിനോദസഞ്ചാരം

28 (*208) ശ്രീ. എസ്. ശർമ്മ:

ശ്രീ. സി. കെ. ശശീന്ദ്രൻ:

ശ്രീ. കെ. ബാബു:

ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹസിക വിനോദസഞ്ചാരത്തിന്റെ സാധ്യതകൾ ഉയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സാഹസിക വിനോദസഞ്ചാരത്തിന് അനുയോജ്യമായ കേരളത്തിന്റെ ഭൂപ്രകൃതി പരമാവധി ഉപയോഗപ്പെടുത്തി പ്രസ്തുത മേഖല വികസിപ്പിക്കുന്നതിനായി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സൊസൈറ്റി നടപ്പിലാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ)

- കേരളത്തിലെ സാഹസിക വിനോദസഞ്ചാര സാധ്യതകൾ ഉപയോഗപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, കൊല്ലം ജില്ലയിലെ തെന്മല, വയനാട് ജില്ലയിലെ കർലാട് എന്നിവിടങ്ങളിൽ അഡ്വഞ്ചർ ടൂറിസം പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.
- സാഹസിക വിനോദത്തിന് ഉതകുന്ന മേഖലകളായ തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ, കൊല്ലം ജില്ലയിലെ തെന്മല, വയനാട് ജില്ലയിലെ പൊഴുതന, മാനന്തവാടി എന്നിവിടങ്ങളിൽ അന്താരാഷ്ട്ര മൗണ്ടൻ ബൈക്ക് ചലഞ്ച് MTB Kerala സംഘടിപ്പിച്ചു. MTB Kerala-യുടെ അഞ്ചാം പതിപ്പ് തിരുവനന്തപുരം ജില്ലയിലെ പൊന്മുടിയിൽ 2017-ൽ നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.
- ഇടുക്കിയിലെ വാഗമണ്ണിൽ അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു.
- അന്താരാഷ്ട്ര കയാക്കിംഗ് മത്സരമായ റിവർ ഫെസ്റ്റിവൽ 2014, 2015 തുടങ്ങിയ വർഷങ്ങളിൽ കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ ഇരുവഞ്ഞിപ്പുഴയിലും സംഘടിപ്പിച്ചു.

(ബി) ഉണ്ട്.

(സി) കേരളത്തിന്റെ സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാനത്തിൽ പലയിടങ്ങളിലായി അഡ്വഞ്ചർ പാർക്കുകൾ അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന സജ്ജീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം International mountain biking competition, MTB Kerala, Malabar River Festival, Para Gliding എന്നീ സാഹസിക വിനോദങ്ങൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന സംഘടിപ്പിച്ചുവരുന്നു.

**അനധികൃതവും അനിയന്ത്രിതവുമായ പാറഖനനം**

29 (*209) <u>ശ്രീ. സണ്ണി ജോസഫ് :</u>
<u>ശ്രീ. ഷാഫി പറമ്പിൽ :</u>
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി:</u>
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതവും അനിയന്ത്രിതവുമായ പാറഖനനം സംസ്ഥാനത്ത് വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ ക്വാറികൾക്കും പരിസ്ഥിതി ആഘാതപഠനം വേണമെന്ന സുപ്രീംകോടതി വിധി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദീകരിക്കുമോ;

(സി) ഖനന മാഫിയ-ഉദ്യോഗസ്ഥ ബന്ധത്തിന്റ അടിസ്ഥാനത്തിൽ നടക്കുന്ന അനിയന്ത്രിതമായ പാറഖനനം സംസ്ഥാനത്തിന്റെ ഭൂസ്വഭാവത്തെയും പരിസ്ഥിതിയെയും സാരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർശന നിയന്ത്രണങ്ങൾ കൊണ്ടുവരുമോ; വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 2-12-2016-ലെ വിധി പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ വലിയൊരു വിഭാഗം ക്വാറികളുടെയും പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്. എങ്കിലും ചില ക്വാറികൾ അനധികൃതമായി പ്രവർത്തിപ്പിക്കുന്നത് കണ്ടതിനെ തുടർന്ന് അവ നിർത്തിവയ്പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രകാരം എല്ലാ ക്വാറികൾക്കും പാരിസ്ഥിതികാനുമതി (Environmental Clearance) നിർബന്ധമാക്കിയിട്ടുണ്ട്. 5 ഹെക്ടറോ അതിൽ കുറവോ വിസ്തീർണ്ണമുള്ള ഭൂമിയിൽനിന്നും ചെറുകിട ധാതുക്കൾ ഖനനം ചെയ്യുവാൻ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽനിന്നും, അഞ്ച് ഹെക്ടറിൽ കൂടുതൽ ഭൂവിസ്തീർണ്ണമുള്ള ഭൂമിയിൽനിന്നും ഖനനം നടത്തുന്നതിന് സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽനിന്നുമാണ് പാരിസ്ഥിതികാനുമതി നേടേണ്ടത്. ഇതിനായി എല്ലാ ജില്ലാതലങ്ങളിലും സംസ്ഥാന തലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സുപ്രീം കോടതി വിധിക്കുശേഷം പാരിസ്ഥിതികാനുമതി ഇല്ലാതെ പ്രവർത്തിപ്പിച്ചിരുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചിട്ടുണ്ട്.

(സി) അനധികൃത ഖനനവും അനിയന്ത്രിത ഖനനവും ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിച്ച് ആയത് നിരോധിച്ചുവരുന്നു. പരിസ്ഥിതി നാശം വരുത്താത്ത, ഭൂ സ്വഭാവത്തെ മാറ്റാത്ത തരത്തിലുള്ള നിയന്ത്രിത ഖനനം നടത്തുന്നതിന് സർക്കാർ കർശന നിയന്ത്രണങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

30 (*210) <u>ശ്രീ. ജോർജ് എം. തോമസ്:</u>

<u>ശ്രീ. റ്റി. വി. രാജേഷ്:</u>

<u>ശ്രീ. ഐ. ബി. സതീഷ്:</u>

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുണ്ടായിരുന്ന അറുപത്തിയാറ് കേന്ദ്രാവിഷ്കൃത പദ്ധതികൾ രണ്ട് ഐച്ഛിക പദ്ധതികൾ ഉൾപ്പെടെ ഇരുപത്തിയെട്ട് എണ്ണമാക്കി ചുരുക്കിയ കേന്ദ്ര സർക്കാർ നടപടി, ഇത്തരത്തിൽ ഒഴിവാക്കിയ സുപ്രധാന പദ്ധതികളുടെ സംസ്ഥാനതല നടത്തിപ്പിനെ എങ്ങനെ ബാധിക്കാനിടയുണ്ട്;

(ബി) ഒഴിവാക്കപ്പെട്ട പദ്ധതികളിൽ മുഖ്യമായവ ഏതൊക്കെയെന്ന് അറിയിക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് രീതിയിൽ ഏത് തരത്തിലുള്ള മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം അറുപത്തിയാറിൽനിന്നും ഇരുപത്തിയെട്ടെണ്ണമാക്കി കുറയ്ക്കുകയുണ്ടായി. ഇതിൽ ആറെണ്ണം കോർ ഓഫ് ദി കോർ എന്ന വിഭാഗത്തിലും ഇരുപതെണ്ണം കോർ എന്ന വിഭാഗത്തിലും രണ്ടെണ്ണം ഓപ്ഷണൽ വിഭാഗത്തിലുമായാണ് നിജപ്പെടുത്തിയത്. പുതിയ സംവിധാനം അനുസരിച്ച് ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും മാറ്റുകയും ചില പദ്ധതികൾ മറ്റ് പദ്ധതികളുമായി ലയിപ്പിക്കുകയും ചെയ്യുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും ഒഴിവാക്കിയ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുക സംസ്ഥാന സർക്കാർ വകയിരുത്തുന്നുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ബാധ്യത ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ അറുപത് ശതമാനത്തിന് മുകളിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ചത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കിയിട്ടുണ്ട്.

(ബി) ഗ്രാമവികസനം

1. മൾബറി കൃഷി വികസന പദ്ധതി
2. രാജീവ് ഗാന്ധി ശശാക്തീകരൺ അഭിയാൻ (RGPSA)

പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി

3. പിന്നോക്ക മേഖല സഹായ നിധി ( BRGF)

നഗര വികസനം

4. ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (JNNURM)
5. രാജീവ് ആവാസ് യോജന (RAY)
6. സംയോജിത പാർപ്പിട ചേരിവികസന പരിപാടി (IHSDP)
7. നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ (BSUP)

വ്യവസായവും അടിസ്ഥാന സൗകര്യ വികസനവും

8. കയറ്റുമതിക്കുള്ള പശ്ചാത്തല വികസനത്തിനായി സംസ്ഥാനത്തിന് സഹായം.
9. നാഷണൽ ഇ-ഗവേണൻസ് ആക്ഷൻ പ്ലാൻ (NEGAP)
10. നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് പ്രോഗ്രാം
11. നാഷണൽ മിഷൻ ഫോർ ഫുഡ് പ്രോസസ്സിംഗ്

(സി) കോർ ഓഫ് ദി കോർ :- ഈ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ തൊണ്ണൂറ് ശതമാനം കേന്ദ്രവും പത്ത് ശതമാനം സംസ്ഥാനവും വഹിക്കേണ്ടതാണ്.

കോർ:- കോർ എന്ന വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് അറുപത് ശതമാനം കേന്ദ്ര വിഹിതവും നാൽപ്പത് ശതമാനം സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുമ്പ് എഴുപത്തിയഞ്ച് ശതമാനം, എൺപത് ശതമാനം എന്ന രീതിയിൽ കേന്ദ്ര വിഹിതം ലഭിക്കുമായിരുന്നു.

ഓപ്ഷണൽ :- ഈ വിഭാഗത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്.

## (ii)നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആസ്തി വികസന പദ്ധതി

1 (1764) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എം.എൽ.എ.- യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച വാമനപുരം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ളത് ഏതെല്ലാം;

(സി) മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഉണ്ടെങ്കിൽ അവയുടെ വിശദവിവരവും കാരണവും ലഭ്യമാക്കുമോ?

ഉത്തരം

(എ -സി) മുൻ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരം വിവിധ വകുപ്പുകളിൽനിന്നും ശേഖരിച്ചു നൽകുന്നതാണ്.

### ആസ്തി വികസന ഫണ്ട്

2 (1765) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കാതെ അവശേഷിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പിലാക്കുവാനുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ ഉത്തരവിന്റെ നമ്പരും, തീയതിയും, ഓരോ പ്രവൃത്തിക്ക് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നല്കിയിട്ടുള്ളവയിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് എഗ്രിമെന്റ് വയ്ക്കാതെയുണ്ടോ?

<u>ഉത്തരം</u>

(എ - സി) വർക്കല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ച വിശദ വിവരം വിവിധ വകുപ്പുകളിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്.

**കിഫ്ബി അനുമതി നൽകിയ പ്രവൃത്തികൾ**

3 (1766) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ "കിഫ്ബി" അനുമതി നൽകിയ പ്രവൃത്തികളുടെ നിർമ്മാണം ഏത് മാസം ആരംഭിക്കും;

(ബി) ആറന്മുള നിയോജകമണ്ഡലത്തിൽ നിർമ്മാണം മുടങ്ങി കിടക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; അതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഏതുമാസത്തിൽ പുനരാരംഭിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ മഞ്ഞനിക്കര-ഇലവുംതിട്ട-കിടങ്ങൂർ-മുളക്കുഴ റോഡ്, കോഴഞ്ചേരി പുതിയ പാലം, കോഴഞ്ചേരി-മണ്ണാറക്കുളഞ്ഞി റോഡ് എന്നീ പദ്ധതികൾക്ക് 21-3-2017-ൽ കൂടിയ കിഫ് ബോർഡിന്റെ ഇരുപത്തിയെട്ടാമത് ബോർഡ് യോഗം വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ ടെണ്ടർ/സ്ഥലമേറ്റെടുപ്പ് നടപടികൾ, ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി പൂർത്തിയാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രക്രിയ ആരംഭിക്കുന്നതാണ്. തുടർന്ന് കിഫ്ബി ധനസഹായം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

(ബി&സി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെട്ട പദ്ധതികളും 2017-18 -ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയിലൂടെ നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികളുമാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. കിഫ്ബോർഡ് അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളൊന്നും മുടങ്ങിക്കിടക്കുന്നില്ല. ഇവയെല്ലാം നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടങ്ങളിലാണ്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

4 (1767) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2014-2015, 2015-16 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ജീവനക്കാർക്ക് മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ് ഇനത്തിൽ വിതരണം ചെയ്ത തുക എത്ര;

(സി) ഇതേ കാലയളവിൽ സംസ്ഥാന പെൻഷൻകാർക്ക് മെഡിക്കൽ അലവൻസായി നൽകിയ തുക എത്ര;

(ഡി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാന ജീവനക്കാരിൽ നിന്നും പ്രതിവർഷം പിരിച്ചെടുക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) പുതിയ പദ്ധതികൊണ്ട് സർക്കാരിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) G.O.(P) No. 54/2017/Fin. dated 24-4-2017 പ്രകാരം സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) യഥാക്രമം 43.96 കോടി രൂപ, 39.32 കോടി രൂപ

(സി) യഥാക്രമം 128.42 കോടി രൂപ, 132.53 കോടി രൂപ

(ഡി) ജീവനക്കാരിൽനിന്നും പ്രതിവർഷം 3600 രൂപ ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) എല്ലാ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് ഈ പദ്ധതി സഹായകരമാകും.

## സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കൽ

5 (1768) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ഇടപാടുകാരെ ചൂഷണം ചെയ്യുന്നത് തടയുവാനും ഇവരുടെ പ്രവർത്തനം സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമാക്കാനും എന്തെങ്കിലും നടപടിക്രമങ്ങളോ അധികാരങ്ങളോ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായി ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരള മണി ലെഡേഴ്സ് ആക്ട് 1958, ഇതിന് പര്യാപ്തമാണോ അല്ലെങ്കിൽ സംസ്ഥാനത്ത് പ്രവർത്തനം നടത്തുന്ന എല്ലാ സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളേയും നിയന്ത്രണത്തിൽ കൊണ്ടുവരുവാനായി 1958 -ലെ ആക്ട് കാലോചിതമായി പരിഷ്കരിക്കുന്നത് പരിഗണിക്കുമോ;

(സി) കഴിഞ്ഞ 5 വർഷക്കാലയളവിൽ ജനങ്ങളെ പറ്റിച്ച് അപ്രത്യക്ഷമായ എത്ര സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉണ്ട് ; ഇവരിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) കേരളത്തിലെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് കേരള മണി ലെൻഡേഴ്സ് ആക്ട്, 1958 നിലവിലുണ്ട്. കേരള മണിലെൻഡേഴ്സ് ആക്ടിന്റെ വകുപ്പ് 3(1) പ്രകാരം എല്ലാ മണിലെൻഡർമാരും ടി നിയമത്തിൻ കീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്. ടി ആക്ടിന്റെ വകുപ്പ് 7(1) പ്രകാരം ഒരു മണിലെൻഡറും ഒരു ലോണിനും കമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്ന പരമാവധി പലിശ നിരക്കിൽനിന്നും രണ്ട് ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടുള്ളതല്ല. കേരള മണിലെൻഡേഴ്സ് ആക്ട് വകുപ്പ് 18 ഡി (1) പ്രകാരം ഒരു മണിലെൻഡർ 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ പലിശ ഈടാക്കിയതായി ലൈസൻസിംഗ് അതോറിറ്റിക്ക് ബോധ്യപ്പെട്ടാൽ അപ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുകയും ആ മണിലെൻഡർക്കുമേൽ അയാൾ ഈടാക്കിയ പലിശയുടെ മൂന്ന് മടങ്ങിൽ അധികരിക്കാത്ത തുക പിഴയും ചുമത്താവുന്നതാണ്. അപ്രകാരം കണ്ടുകെട്ടിയ തുക വായ്പ എടുത്ത ആൾക്ക് തിരികെ നൽകുവാനും വ്യവസ്ഥയുണ്ട്. കേരള

മണിലെൻഡേഴ്സ് ആക്ട്, 1958-ന്റെ 12-ാം വകുപ്പ് പ്രകാരം ടി നിയമത്തിലെ 13, 17,18 എ, 18 ബി എന്നിവയിൻ കീഴിൽ വരുന്ന നിയമ ലംഘനങ്ങൾ കോഗ്നൈസബിൾ ആണ്. വായ്പ എടുത്ത ആളിനെ പീഡിപ്പിക്കുക (വകുപ്പ് 13), ലൈസൻസ് ഇല്ലാതെയോ, ലൈസൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ പ്രവർത്തിക്കുക (വകുപ്പ് 17), വകുപ്പ് 18 എ, 18 ബി എന്നിവയിൽ പ്രസ്താവിച്ചിട്ടുള്ള വിവിധതരം ലംഘനങ്ങൾ എന്നിവ പോലീസിന് വാറണ്ട് ഇല്ലാതെ അറസ്റ്റ് ചെയ്യാവുന്ന കുറ്റങ്ങളാണ്.

കേരള സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിക്കുന്നതിനും, പണം കടം കൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതുമായ 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്ട് എന്ന നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം വകുപ്പ് 3 പ്രകാരം യാതൊരാളും അയാൾ നൽകുന്ന ഏതെങ്കിലും വായ്പയിന്മേൽ അമിത പലിശ ഈടാക്കാൻ പാടില്ലാത്തതാകുന്നു. വകുപ്പ് 4 പ്രകാരം "ഈ ആക്ട് പ്രകാരമുള്ള ഏതൊരു കുറ്റവും കോഗ്നൈസബിളും ജാമ്യം കൊടുക്കാവുന്നതല്ലാത്തതും ആയിരിക്കുന്നതാണ്". ഈ നിയമത്തിൻകീഴിൽ നടപടി സ്വീകരിക്കേണ്ടത് പോലീസ് ആണ്.

വ്യാജ പണമിടപാട് പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരം കൈമാറുന്നതിനും, കേന്ദ്ര സംസ്ഥാന സർക്കാർ ഏജൻസികൾക്കിടയിൽ നിയന്ത്രണ മേൽനോട്ട സഹകരണം ശക്തിപ്പെടുത്തുന്നതിനും വേണ്ടി സെബിയുടെ ദക്ഷിണ റീജിയണൽ മാനേജർ, കേന്ദ്ര കമ്പനികാര്യ വകുപ്പിന്റെ ഒരു പ്രതിനിധി, വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ, പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ/നോമിനി, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ, സംസ്ഥാന ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെട്ട ഒരു സംസ്ഥാനതല കമ്മിറ്റി 22-2-2013 -ലെ സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 155/2013/ടി.ഡി. പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായി 2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താത്പര്യ സംരക്ഷണ നിയമം എന്ന സമഗ്ര നിയമം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള മണിലെൻഡേഴ്സ് ആക്ട്, 1958-ന് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(സി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

## കിഫ്ബിയിലെ നിക്ഷേപ സമാഹരണം

6 (1769) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലെ നിക്ഷേപ സമാഹരണത്തിനായി കെ. എസ്. എഫ്. ഇ. വഴി എന്തെല്ലാം സംരംഭങ്ങൾ തീരുമാനിച്ചിട്ടുണ്ട്; ഇതിൽ നാളിതുവരെ ഏതെങ്കിലും സംരംഭം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അത് വഴി എന്തെങ്കിലും തുക കിഫ്ബിയിലേയ്ക്ക് സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) കിഫ്ബിയിലെ നിക്ഷേപ സമാഹരണത്തിന് മാത്രമായി കെ. എസ്. എഫ്. ഇ. ചിട്ടി ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഏത് തലത്തിലാണ് തീരുമാനം കൈക്കൊള്ളേണ്ടത്; എത്ര കോടി രൂപയാണ് ചിട്ടി വഴി കിഫ്ബിയിലേയ്ക്ക് സ്വരൂപിക്കാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നത്;

(സി) ചിട്ടിയിൽ നിക്ഷേപിക്കുന്ന തുക മറ്റെന്തെങ്കിലും ആവശ്യത്തിന് ചെലവഴിക്കുന്നതിന് നിലവിലെ ചിട്ടി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) 2017-18 -ലെ ബജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി സർക്കാർ കെ.എസ്.എഫ്.ഇ.യുമായി ചേർന്ന് എൻ.ആർ.ഐ. ചിട്ടി ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. ഈ സംരംഭം യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. രണ്ട് ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ സലയുള്ള ചിട്ടികൾ ആരംഭിക്കാനാണ് നിലവിൽ ഉദ്ദേശിക്കുന്നത്. ആദ്യ വർഷം തന്നെ ഒരു ലക്ഷം പ്രവാസികളെയെങ്കിലും ചിട്ടിയിൽ ചേർക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) നിലവിലെ കേന്ദ്ര ചിറ്റ് ഫണ്ട് ആക്ട് സെക്ഷൻ 14(1) (സി), ഇൻഡ്യൻ ട്രസ്റ്റ് ആക്ട് സെക്ഷൻ 20 (എ) എന്നിവ പ്രകാരം ചിട്ടി വഴി സമാഹരിക്കുന്ന തുകകൾ സംസ്ഥാന സർക്കാർ നിരുപാധികം ഗ്യാരന്റി ചെയ്യുന്ന ട്രസ്റ്റി സെക്യൂരിറ്റികളിൽ നിക്ഷേപിക്കാവുന്നതാണ്.

**എൽ.എ.സി.-എ.ഡി.എസ്.- പദ്ധതികൾക്കുള്ള ഭരണാനുമതി**

7 (1770) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എ.സി - എ.ഡി.എസ്. - പദ്ധതികൾക്ക് ഭരണാനുമതി നല്കുന്നതിനായി 22-7-15 ലെ 67/15/ധന സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എൽ.എ.സി - എ.ഡി.എസ്. പദ്ധതികളുടെ ഭരണാനുമതി നല്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലതാമസം നേരിടുന്നുവെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ആസ്തി വികസന പദ്ധതിക്ക് കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായാണ് 22-7-2015-ലെ 67/15/ധന സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്. മാനദണ്ഡങ്ങളനുസരിച്ച്, എസ്റ്റിമേറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ ധനാനുമതിയും ഭരണാനുമതിയും നൽകിവരുന്നുണ്ട്.

(ബി&സി) ആസ്തി വികസന പദ്ധതിക്ക് കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനും അവ കാലവിളംബം ഇല്ലാതെ പൂർത്തിയാക്കുന്നതിനുമായി നിലവിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന എം.എൽ.എ.മാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്നത് ധനകാര്യ വകുപ്പ് പരിഗണിച്ചുവരുന്നു.

**പി.എഫ്. പലിശ നിരക്ക്**

8 (1771) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ പി.എഫ്. പലിശ നിരക്ക് എത്ര ശതമാനമാണെന്നും ഇത് എന്നുമുതൽ പ്രാബല്യത്തിൽ വന്നു എന്നും അറിയാമോ ;

(ബി) സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ പി.എഫ്. പലിശ നിരക്ക് എത്ര ശതമാനമാണ്; ഇത് എന്നുമുതൽ പ്രാബല്യത്തിൽ വന്നു;

(സി) കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ പി.എഫ്. പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണോ സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ പി.എഫ്. പലിശ നിരക്ക് നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര ഗവൺമെന്റ് പ്രസ്തുത പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച തീയതി മുതലാണോ സംസ്ഥാനത്തും പലിശ നിരക്ക് പുതുക്കി നൽകിയതെന്ന് വിശദമാക്കുമോ;

(ഇ) 2016-17 സാമ്പത്തിക വർഷാരംഭം മുതൽ പി.എഫ്. പലിശ നിരക്ക് കുറച്ചത് വഴി സംസ്ഥാന ഗവ. ജീവനക്കാർക്ക് പലിശ ഇനത്തിൽ ലഭിക്കേണ്ട തുകയിൽ കുറവ് വന്നിട്ടുള്ളത് ശ്രദ്ധിച്ചിട്ടുണ്ടോ; പ്രസ്തുത കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പി.എഫ്. പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള കേന്ദ്ര ധന മന്ത്രാലയത്തിന്റെ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് പി.എഫ്. പലിശ കാലാകാലങ്ങളായി നിശ്ചയിച്ചുവരുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 3-10-2016 -ലെ Resolution F. No. 5 (I)-B (PD)/2016 പ്രകാരവും 18-1-2017-ലെ Resolution F.No. 5 (I)-B (PD)/2016 പ്രകാരവും പുതുക്കി നിശ്ചയിച്ച പി.എഫ്. പലിശ നിരക്ക് 8 ശതമാനമാണ്. ഈ നിരക്കിന് 1-10-2016 മുതൽ പ്രാബല്യമുണ്ട്.

(ബി) സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ നിലവിലെ പി.എഫ് പലിശ നിരക്ക് 8 ശതമാനമാണ്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 3-10-2016 -ലെ Resolution F. No. 5 (I)-B (PD)/2016 പ്രകാരവും 18-1-2017-ലെ Resolution F.No. 5 (I)-B (PD)/2016 പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുള്ള ഈ നിരക്ക് 01-10-2016-ൽ പ്രാബല്യത്തിൽ വന്നു.

(സി) കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ പി.എഫ്. പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ പി.എഫ്. പലിശ നിരക്കും നിശ്ചയിച്ചിട്ടുള്ളത്.

(ഡി) കേന്ദ്ര ഗവൺമെന്റ് പി.എഫ്. പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച തീയതി മുതലാണ് സംസ്ഥാനത്തും പി.എഫ്. പലിശ നിരക്ക് പുതുക്കി നൽകിയിട്ടുള്ളത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ധന മന്ത്രാലയത്തിൽനിന്നും പി.എഫ്. പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് പി.എഫ്. പലിശ നൽകുന്നത്.

**ജി.എസ്.ടി.**

9 (1772) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന എല്ലാ കമ്മോഡിറ്റികളും ആയതിന്റെ പരിധിയിൽ വരുമോ; ഇതിനായി കേരളം പ്രത്യേകം കമ്മോഡിറ്റി ലിസ്റ്റ് നൽകേണ്ടതിന്റെ ആവശ്യകത വരുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത നടപടി കേരളത്തിന്റെ നികുതി വരുമാന വർദ്ധനവിന് കാരണമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) നികുതി വിധേയ ചരക്കുകളുടേയും സേവനങ്ങളുടേയും പട്ടിക ഇതുവരെ തീരുമാനിച്ചിട്ടില്ലാത്തതിനാൽ വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ചരക്കുകളും സേവനങ്ങളും അവയുടെ നികുതി നിരക്കുകളും നിശ്ചയിക്കുന്നതിനായി കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥ തലത്തിലുള്ള fitment committee രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കൗൺസിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. സംസ്ഥാനങ്ങൾക്ക് പ്രത്യേകം കമ്മോഡിറ്റി ലിസ്റ്റ് തയ്യാറാക്കുവാൻ കഴിയില്ല.

(ബി) ജി.എസ്.ടി. കൗൺസിലിൽ അന്തിമ തീരുമാനമായിട്ടില്ലെങ്കിലും ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി വ്യവസ്ഥയായതിനാലും ചരക്കുകളിൻമേലും സേവനങ്ങളിന്മേലുമുള്ള നികുതി പിരിക്കുവാനുള്ള അവകാശം സംസ്ഥാന സർക്കാരിന് ലഭിക്കുന്നതിനാലും കേരളത്തിന് നികുതി വരുമാന വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്.

## ആസ്തി വികസന ഫണ്ട്

10 (T* 1773) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ എം.എൽ.എ. യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം - 75 ലക്ഷം , ആലത്തൂർ GMLP സ്കൂൾ കെട്ടിട നിർമ്മാണം -45 ലക്ഷം (ജില്ലാ നിർമ്മിതി കേന്ദ്രം)എന്നീ നിർമ്മാണ പ്രവൃത്തികൾക്ക് നിർമ്മിതി കേന്ദ്രത്തിലേയ്ക്ക് ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ടിനായി അയച്ച ഫയലുകളുടെ (File No. 11959104/NC.C2/2016/Fin 2016-2017, File No. 9959074/NC.C2/2016/fin. 2016-2017)നിലവിലെ അവസ്ഥ വിശദമാക്കാമോ?

(ബി) ആലത്തൂർ ദേശീയ മൈതാനത്ത് ഓപ്പൺ ഓഡിറ്റോറിയം & സ്റ്റേജ് നിർമ്മാണം - 20 ലക്ഷം File No. 10959074/NC.C2/2016/fin 2016-2017 ഈ ഫയലിലെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം - 75 ലക്ഷം, ആലത്തൂർ GMLP സ്കൂൾ കെട്ടിട നിർമ്മാണം - 45 ലക്ഷം എന്നീ നിർമ്മാണ പ്രവൃത്തികൾക്ക് നിർമ്മിതി കേന്ദ്രത്തിലേയ്ക്ക് ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ടിനായി ഫയലുകൾ അയച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് No. 959074/NC.C2/2016/Fin. അനൗദ്യോഗിക കുറിപ്പും എം.എൽ.എ.-യുടെ ശിപാർശ കത്തിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ആലത്തൂർ ദേശീയ മൈതാനത്ത് ഓപ്പൺ ഓഡിറ്റോറിയം & സ്റ്റേജ് നിർമ്മാണം - 20 ലക്ഷം എന്ന പ്രവൃത്തിയെ സംബന്ധിക്കുന്ന ധനകാര്യ വകുപ്പ് ഫയലിലെ (File No. 959074/NC.C2/2016/Fin) ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് No. 959074/NC.C2/2016/Fin. അനൗദ്യോഗിക കുറിപ്പും എം.എൽ.എ.യുടെ ശിപാർശ കത്തിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്. ഭരണ വകുപ്പിൽനിന്നും ഡി.പി.ആർ. സഹിതം ഫയൽ ലഭ്യമാക്കിയിട്ടില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ആസ്തി വികസന ഫണ്ട്

11 (1774) ശ്രീ. അനിൽ അക്കര:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനി മാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പുതിയ നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിളക്കുകൾ സ്ഥാപിക്കുന്നതിന് വൈദ്യുതിബോർഡിന്റെ സമ്മതപത്രം ആവശ്യമുണ്ടോ;

(സി) പ്രസ്തുത വിളക്കുകൾ ഇ-ടെൻഡർ മുഖേനയേ സ്ഥാപിക്കാവൂ എന്നും അവയ്ക്ക് മൂന്ന് വർഷത്തെ റീപ്ലേയ്സ്മെന്റ് വാറണ്ടിയും തുടർന്ന് മൂന്ന് വർഷത്തെ അറ്റകുറ്റപ്പണിക്കരാറും ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടോ?

ഉത്തരം

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുന്നതിന് സ.ഉ. (പി) നമ്പർ27/2017/ധന. തീയതി 26-2-2017 പ്രകാരം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 26-2-2017-ലെ സ.ഉ. (പി)നമ്പർ27/2017/ധന. ഉത്തരവ് പ്രകാരം ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിനായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം, പ്രാദേശിക കെ.എസ്.ഇ.ബി. ഓഫീസിനെ സമീപിക്കേണ്ടതും ടി സ്ഥലം ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.-യിൽ നിന്നും നിശ്ചിത മാതൃകയിലുള്ള നിരാക്ഷേപ പത്രം ഹാജരാക്കേണ്ടതുമാണ്.

(സി) 26-2-2017-ലെ സ.ഉ. (പി)നമ്പർ27/2017/ധന. ഉത്തരവ് പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ലൈറ്റുകൾ സ്ഥാപിക്കുന്നതിനോടൊപ്പം മൂന്നുവർഷത്തെ Replacement warranty, തുടർന്നുള്ള മൂന്നുവർഷത്തെ A.M.C. എന്നിവയ്ക്കുള്ള വ്യവസ്ഥകൾകൂടി ഇ-ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## കേരള അടിസ്ഥാന സൗകര്യ വികസന നിധി

12 (1775) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അടിസ്ഥാന സൗകര്യ വികസന നിധിയുടെ കീഴിൽ 8041 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഒന്നാം ഘട്ടത്തിൽ അംഗീകരിച്ച പദ്ധതികൾ ഇപ്പോൾ ഏതവസ്ഥയിലാണ്; ഏതെല്ലാം പദ്ധതികളുടെ ടെൻഡർ നടപടി പൂർത്തിയായി;

(സി) കിഫ്ബിയിൽ ഇതിനകം എത്ര കോടി രൂപ നിക്ഷേപമായി ലഭിച്ചുവെന്നും അതിൽ എത്ര കോടി രൂപ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനത്തിലൂടെ കരാറുകാരുടെയും മറ്റും ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിയെന്നും അറിയിക്കുമോ?

### ഉത്തരം

(എ) 21-3-2017-ൽ കൂടിയ കിഫ്ബി ബോർഡിന്റെ ഇരുപത്തിയെട്ടാമത് യോഗത്തിൽ 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) കിഫ്ബിയുടെ ഇരുപത്തിയേഴാം ജനറൽ ബോർഡ് അംഗീകാരം നൽകിയ ഒന്നാംഘട്ട പ്രോജക്ടുകളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. വകുപ്പുതിരിച്ചുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*.

(സി) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ അവശേഷിച്ച 2498.41 കോടി രൂപ കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം മുൻവർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള മുഴവൻ സെസ്സ് തുകയായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ബോർഡ് അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും തുടർന്ന് കോൺട്രാക്ട് ഒപ്പിടുന്നതോടൊപ്പം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് Work Breakdown Structure (WBS) ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുമുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലൈയർ, കോൺട്രാക്ടർ, സേവനദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്ട് പേയ്മെന്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സമാന്തരമായി പുരോഗമിച്ച് അന്തിമ ഘട്ടത്തിലാണ്. ഈ സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ച് കോൺട്രാക്ടർ, സപ്ലൈയർ, സേവനദാതാവ് എന്നിവരുടെ ബില്ലുകൾ പ്രകാരം പേയ്മെന്റ് നിർദ്ദേശിക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകിത്തുടങ്ങുന്നതാണ്.

### ക്യൂ സിസ്റ്റത്തിൽ ഉൾപ്പെട്ടിട്ടുള്ള ബില്ലുകൾ

13 (1776) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷാവസാനം ട്രഷറികളിൽ സമർപ്പിക്കപ്പെട്ട ബില്ലുകളിൽ 31/3/2017 ന് പാസ്സാക്കാൻ കഴിയാതെ ക്യൂ സിസ്റ്റത്തിലേയ്ക്ക് അപ് ലോഡ് ചെയ്തിരിക്കുന്നതിൽ നടപടി തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ക്യൂസിസ്റ്റത്തിൽ വന്ന ബില്ലുകളിൽ ഒട്ടേറെ സർക്കാർ സ്ഥാപനങ്ങളിലെ ദിവസ വേതന ജീവനക്കാരുടെ ബില്ലുകൾ ഉൾപ്പെട്ടിട്ടുണ്ട് എന്നും ഇത് വളരെ താഴ്ന്ന വരുമാനമുള്ള വിഭാഗങ്ങളെ ബുദ്ധിമുട്ടിലാക്കുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആകയാൽ ക്യൂ സിസ്റ്റത്തിലുള്ള ബില്ലുകൾ ക്ലിയർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്യൂ സിസ്റ്റത്തിലേയ്ക്ക് മാറ്റിയിരുന്ന ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## പൊതുകടം, നികുതി വരുമാനത്തിലെ ചോർച്ച

14 (1777) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-2011 ൽ സംസ്ഥാന പൊതു കടം എത്രയെന്നും ലോകബാങ്ക് ഉൾപ്പെടെയുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള ലോൺ കുടിശ്ശിക എത്ര എന്നും വ്യക്തമാക്കുമോ;

(ബി) 31-3-2016-ൽ ഇവ എത്രയായിരുന്നു എന്നും ഇതിൽ എത്ര ശതമാനം വർദ്ധനവുണ്ടായി എന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ 5 വർഷമായി സംസ്ഥാനത്തിനുണ്ടായ പൊതുകടത്തിലെ വർദ്ധനവ്, നികുതി വരുമാനത്തിലെ ചോർച്ച എന്നിവ എത്ര എന്നും ഇത് സംസ്ഥാനത്തിനുണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധി എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(ഡി) ഇതു തരണം ചെയ്യുവാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 31-3-2011, 31-3-2016 വർഷങ്ങളെ അടിസ്ഥാനമാക്കിയുള്ള സംസ്ഥാനത്തിന്റെ പൊതുകടവും ലോകബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാ കുടിശ്ശികയും താഴെപ്പറയും പ്രകാരമാണ്.

(തുക കോടിയിൽ)

| ഇനം | 31-3-2011 | 31-3-2016 | വർദ്ധനവ് (%) |
|---|---|---|---|
| പൊതുകടം | 78673.24 | 157370.32 | 100.03 |
| ലോകബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാ കുടിശ്ശിക [(OMB,NSSF, Power Bonds ഒഴികെ), (31-3-2011 വരെയുള്ള വായ്പയിൽ വിദേശ സഹായ പദ്ധതികൾക്കായുള്ള കേന്ദ്രസഹായം ഉൾപ്പെട്ടിട്ടുണ്ട്.)] | 8775.47 | 12326.23 | 40.46 |

(സി) കഴിഞ്ഞ അഞ്ച് വർഷമായി സംസ്ഥാനത്തിനുണ്ടായ പൊതു കടത്തിലെ വർദ്ധനവ് 78,697.08 കോടി രൂപയാണ്. നികുതി ചോർച്ചയും ചെലവ് ചുരുക്കലിന്മേലുള്ള അച്ചടക്കരാഹിത്യവും കാരണം 2006-11 കാലഘട്ടത്തിൽ കൈവരിച്ച സ്ഥായിയായ സാമ്പത്തിക പുരോഗതി സംസ്ഥാനത്തിന് ബലികഴിക്കേണ്ടി വന്നു. നികുതി ഉല്പാദന വകുപ്പുകളിലെ ഭരണയന്ത്രത്തെ അവരുടെ കഴിവിനൊത്ത് പ്രവർത്തിപ്പിക്കുന്നതിലുണ്ടായ വീഴ്ച കാരണം റവന്യൂ കമ്മിയും മൊത്തം ധനകമ്മിയും 10 വർഷത്തിനിടയിലുള്ള ഏറ്റവും മോശപ്പെട്ട അവസ്ഥയായ ജി.എസ്.ഡി.പി.-യുടെ 2.65 ശതമാനത്തിലും 3.08 ശതമാനത്തിലും എത്തി. നാല് വർഷത്തെ നഷ്ടത്തിനൊടുവിൽ കടമെടുക്കാൻ മറ്റ് വഴിയോ മേഖലയോ ഇല്ലാതെ ബജറ്റ് പ്രഖ്യാപനങ്ങളൊന്നും നടപ്പാക്കാനാകാത്ത അവസ്ഥയിൽ സംസ്ഥാനം എത്തിച്ചേരുകയും ചെയ്തിരുന്നു.

(ഡി) താഴെ പറയുന്നവയാണ് നികുതി ചോർച്ച തടയുവാനായി സ്വീകരിച്ചു വരുന്ന നടപടികൾ:

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സെർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‍വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2. ഉപഭോക്താക്കൾ ബില്ല് ചോദിച്ചു വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‍ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

5. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസെസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തി.

9. 60 ലക്ഷം രൂപയേക്കാൾ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനെസ്റ്റി പദ്ധതി നടപ്പിലാക്കി.

10. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേക്കായി ആകർഷകമായ ആംനെസ്റ്റി പദ്ധതി നടപ്പിൽവരുത്തി.

12. അന്തർ സംസ്ഥാന വിൽപ്പനയുടെ കാര്യത്തിൽ സി ഫോം വെരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസ്സുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

13. ഇ-റിട്ടേണുകളിലും മറ്റു രേഖകളിലും ഉള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ വികസനം അവസാന ഘട്ടത്തിലാണ്.

14. ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

15. റെയിൽവേ വഴി സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

16. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളും ഇന്റലിജൻസ് സ്ക്വാഡുകളും വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു.

17. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്ക് കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

18. വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ചെക്ക്പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആസ്തി വികസന ഫണ്ട് - ഡി.പി.ആർ അംഗീകാരം**

15 (1778) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 -ലെ മങ്കട നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തേണ്ടതായ പ്രവൃത്തികളുടെ വിവരം 2016 ഡിസംബർ 31-ാം തീയതിയിൽ ധനകാര്യവകുപ്പിൽ നൽകിയിരുന്നു. ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടത്തുന്ന വകുപ്പുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഡി. പി. ആർ. നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ കാലതാമസം ഉണ്ടാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള സമയ ക്ലിപ്തത പാലിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 2016 ഡിസംബർ 31-ാം തീയതി, 2016-17-ലെ മങ്കട നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നടത്തേണ്ടതായ പ്രവൃത്തികൾ സംബന്ധിച്ച ശിപാർശകളൊന്നും ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല. എന്നാൽ 28-11-2016-ലെ കത്ത് പ്രകാരം മൂന്ന് പ്രവൃത്തികളും 19-12-2016 തീയതിയിലെ വിവിധ കത്തുകൾ പ്രകാരം 11 പ്രവൃത്തികളും ഉൾപ്പെടെ ആകെ 14 പ്രവൃത്തികൾ ശിപാർശ ചെയ്തിട്ടുള്ളതിൽ ആറ് എണ്ണത്തിന് ധനാനുമതി നൽകിയിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.)

(ബി) പ്രസ്തുത ആറ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പുകളായ ഊർജ്ജം, തദ്ദേശ സ്വയംഭരണം, പൊതു വിദ്യാഭ്യാസം എന്നിവയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സമയക്രമം നിർദ്ദേശിച്ചുകൊണ്ട് 22-7-2015 തീയതിയിലെ നമ്പർ സർക്കുലർ 67/2015/ധന പ്രകാരം ഭരണ വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ നടപടി ക്രമങ്ങൾ**

16 (1779) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.- മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് നടപടിക്രമങ്ങളുടെ സങ്കീർണ്ണതമൂലം ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എം.എൽ.എ.എസ്.ഡി.എഫ്. പോലെ കലക്ടർക്ക് ഫണ്ട് കൈമാറി, ജില്ലാതലത്തിൽ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ആസ്തി വികസന പദ്ധതിയിൻ കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനും അവ കാലവിളംബം ഇല്ലാതെ പൂർത്തിയാക്കുന്നതിനുമുള്ള നിലവിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന എം.എൽ.എ.-മാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്ന കാര്യം ധനകാര്യ വകുപ്പ് പരിഗണിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ആസ്തി വികസന ഫണ്ടിന് അനുമതി**

17 (1780) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിന് ഭരണാനുമതി നൽകുന്ന നിലവിലെ സങ്കീർണ്ണമായ രീതി ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഒരു കോടി വരെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുവാൻ ജില്ലാ ഭരണകൂടത്തിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) അതാത് സാമ്പത്തികവർഷം ഡിസംബർ 31-നുള്ളിൽ തന്നെ എം.എൽ.എ.-മാർ പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ നൽകിയാലും അടുത്ത മാർച്ച് 31-ാം തീയതിക്കുള്ളിൽ എ.എസ്. നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) ആസ്തി വികസന പദ്ധതിക്കുകീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനും അവ കാലവിളംബം ഇല്ലാതെ പൂർത്തിയാക്കുന്നതിനുമായി നിലവിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന എം.എൽ.എ.-മാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്നത് ധനകാര്യ വകുപ്പ് പരിഗണിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കുലർ നമ്പർ19/2017/ധന. തീയതി 29-3-2017 പ്രകാരം ആസ്തി വികസന പദ്ധതി 2016-17-നുകീഴിൽ സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകാനുള്ള അവസാന തീയതി 31-5-2017 വരെ നീട്ടിയിട്ടുണ്ട്.

**ആസ്തി വികസന പദ്ധതി**

18 (1781) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തികവർഷം എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയിൽ നിന്നുള്ള തുക ചെലവഴിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി യഥാസമയം പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നെങ്കിലും ഭരണാനുമതി നൽകാത്തതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2017 മാർച്ച് 31-ന് മുമ്പ് ഭരണാനുമതി നൽകാൻ കഴിയാത്ത സാഹചര്യത്തിൽ, ദീർഘിപ്പിച്ച് നൽകിയ 2017 മേയ് 31-ന് മുമ്പെങ്കിലും ഭരണാനുമതി നൽകുവാൻ സാധിക്കുമോയെന്ന് വിശദമാക്കുമോ;

(സി) തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ ഭരണാനുമതിയ്ക്കായി നൽകിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ ഇനം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2017 മാർച്ച് 31-നുമുമ്പ് ഭരണാനുമതി നൽകാൻ കഴിയാത്ത സാഹചര്യത്തിൽ, ദീർഘിപ്പിച്ച് നൽകിയ 2017 മേയ് 31-ന് മുമ്പുതന്നെ ധനാനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ ഭരണാനുമതിക്കായി നൽകിയ പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

**പാൻ കാർഡും ആധാറും ലിങ്ക് ചെയ്യുന്ന നടപടി**

19 (1782) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൻ കാർഡും ആധാർകാർഡും ലിങ്ക് ചെയ്യണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാൻ കാർഡ് ഡേറ്റയിൽ ഇനിഷ്യലിന്റെ പൂർണ്ണ രൂപം നൽകിയിരിക്കുന്നതിനാൽ, പേരിനൊപ്പം ഇനിഷ്യൽ രേഖപ്പെടുത്തുന്ന കേരളീയർക്ക് ആധാർ കാർഡും പാൻ കാർഡും വിജയകരമായി ലിങ്ക് ചെയ്യാൻ കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) പ്രസ്തുത പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കിഫ്ബി**

20 (1783) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ നിന്ന് ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികൾക്ക് 2000 കോടി രൂപയുടെ നിക്ഷേപം പുതുതായി അനുവദിച്ചിരുന്നതിൽ ഏതൊക്കെ ആശുപത്രികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് അടിയന്തര മുൻഗണന നൽകുന്നത് എന്ന് വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

2017-18-ലെ ബജറ്റ് പ്രസംഗത്തിലെ 32-ാം ഖണ്ഡികയിൽ കിഫ്ബിയിൽനിന്ന് ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിൽ 2000 കോടി രൂപയുടെ നിക്ഷേപം അനുവദിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്രകാരം കോഴിക്കോട് ബീച്ച് ആശുപത്രി, മഞ്ചേരി ജനറൽ ആശുപത്രി, ആലപ്പുഴ ജനറൽ ആശുപത്രി, മഞ്ചേരി മെഡിക്കൽ കൊളേജ്, പട്ടാമ്പി, വൈക്കം, മാവേലിക്കര, നീണ്ടകര, കരുവേലിപ്പടിയിലെ മഹാരാജാസ്, പാനൂർ, തുറവൂർ, ബാലുശ്ശേരി എന്നിവിടങ്ങളിലെ താലൂക്ക് ആശുപത്രികൾ എന്നിവയുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് അടിയന്തര മുൻഗണന നൽകുന്നതായും പ്രഖ്യാപിച്ചിട്ടുണ്ട്.

**ചരക്ക് സേവന നികുതി**

21 (1784) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ചരക്ക് സേവന നികുതി ഘടന കേരളത്തിൽ നടപ്പാക്കുമ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് നികുതി മേഖലയിൽ ഉണ്ടാകുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സംസ്ഥാനത്ത് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്;

(ബി) ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ സംസ്ഥാനത്തെ കാർഷിക മേഖലയുടെ നികുതി ഘടന എങ്ങനെയായിരിക്കും എന്നത് സംബന്ധിച്ച് വ്യക്തമാക്കാമോ;

(സി) വ്യക്തിപരമായി നടത്തുന്ന വിള ഉൽപ്പാദനത്തെ മാത്രമേ ജി.എസ്.ടി. യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ എന്നത് ശരിയാണോ; അങ്ങനെവന്നാൽ പാട്ടകൃഷി, വിളകൾ പങ്കുവെച്ചുള്ള കൃഷിരീതി തുടങ്ങിയവ ജി.എസ്.ടി. പരിധിയിൽ ഉൾപ്പെടുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഡെയറി ഫാമിംഗ്, പൗൾട്രി ഫാമിംഗ്, സ്റ്റോക്ക് ബ്രീഡിംഗ്, പഴങ്ങളുടെ ശേഖരണം, തൈചെടികളുടെ വിൽപ്പന തുടങ്ങിയവയ്ക്ക് മുൻപ് നികുതിയില്ലാതിരിക്കുകയും, ജി.എസ്.ടി. നിയമത്തിലെ കൃഷിയുടെ നിർവ്വചനത്തിൽ ഇവ ഉൾപ്പെടാതിരിക്കുകയും ചെയ്യുന്നതുമൂലം ഈ മേഖലയും ജി.എസ്.ടി. യുടെ നികുതി ഘടനയ്ക്കുകീഴിൽ ഉൾപ്പെടുകയില്ലേ; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; ഇവയ്ക്ക് ഇളവുകൾ നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

## ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കുന്നതോടെ ചരക്കുകളുടെയും സേവനങ്ങളുടെയും കൈമാറ്റങ്ങളിൽ ഒരേ സമയം നികുതി ചുമത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും അധികാരം ലഭിക്കുന്നതാണ്. സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങളിൽ സംസ്ഥാനം എസ്.ജി.എസ്.ടി.-യും കേന്ദ്രം സി.ജി.എസ്.ടി.-യും ചുമത്തുന്നതാണ്. കൂടാതെ അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ കേന്ദ്രം ഐ.ജി.എസ്.ടി.-യും ചുമത്തുന്നതാണ്. ജി.എസ്.ടി ഒരു പ്രാപ്യസ്ഥാന നികുതി വ്യവസ്ഥയാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ നൽകിയ നികുതി വ്യാപാരികൾക്ക് അവർ തുടർ വിൽപ്പന നടത്തുമ്പോൾ ക്രെഡിറ്റ് ചെയ്തെടുക്കാവുന്നതാണ്. നികുതിക്കുമേൽ നികുതിയെന്ന അവസ്ഥ ഏതാണ്ട് പൂർണ്ണമായും ഒഴിവാകുന്നതാണ്. ഇത് വ്യാപാര സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം വർദ്ധിപ്പിക്കാൻ സാധിക്കുകയും ഉപഭോക്താക്കൾക്ക് ഗുണപ്രദമാവുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ കേരളം പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമാകയാൽ പ്രാപ്യസ്ഥാന തത്വം കേരളത്തിന് ഗുണപ്രദമാകും. ജി.എസ്.ടി. നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ എസ്.ജി.എസ്.ടി. നിയമം പാസ്സാക്കേണ്ടതുണ്ട്. വ്യാപാരികളുടെ രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, ഇ-പേയ്മെന്റ് തുടങ്ങിയവ നടത്തുന്നതിനുള്ള ഐ.ടി. സംവിധാനമായ കോമൺ പോർട്ടൽ ജി.എസ്.ടി.എൻ. തയ്യാറാക്കി വരുന്നു. എന്നാൽ സംസ്ഥാന സർക്കാർ ബാക്ക് എൻഡ് മോഡ്യൂൾ തയ്യാറാക്കേണ്ടതുണ്ട്. ഇതിനുവേണ്ട സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ രൂപീകരണം എൻ.ഐ.സി.-യുടെ സഹകരണത്തോടെ പുരോഗമിച്ചുവരുന്നു. വകുപ്പിലെ എല്ലാ ജീവനക്കാർക്കും നിയമത്തെക്കുറിച്ചും സാങ്കേതിക വിദ്യയെക്കുറിച്ചും പരിശീലനം നൽകേണ്ടതുണ്ട്.

(ബി) നികുതി വിമുക്തമാകുന്ന ഉൽപ്പന്നങ്ങൾ, നികുതി നിരക്ക് എന്നിവ സംബന്ധിച്ച് തീരുമാനമായിട്ടില്ല. ഉദ്യോഗസ്ഥതല ചർച്ച നടന്നുവരുന്നതേയുള്ളൂ. ജി.എസ്.ടി. കൗൺസിലിൽ തീരുമാനമാകാത്തതിനാൽ കാർഷിക മേഖലയിലുള്ള നികുതി ഘടനയെക്കുറിച്ച് ഒരു വ്യക്തമായ ധാരണ ഉരുത്തിരിഞ്ഞിട്ടില്ല.

(സി) കർഷകന്റെ നിർവ്വചനത്തിൽ പാട്ടകൃഷി, വിളകൾ പങ്ക് വച്ചുള്ള കൃഷിരീതി തുടങ്ങിയവ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നികുതി ബാധകമായ വിളകൾ കൃഷി ചെയ്യുന്ന ഇത്തരം കൃഷി രീതികൾക്ക് ജി.എസ്.ടി. ബാധകമാകുമെന്നാണ് നിലവിലെ വിലയിരുത്തൽ.

(ഡി) ഡെയറി ഫാമിംഗ്, പൗൾട്രി ഫാമിംഗ്, സ്റ്റോക്ക് ബ്രീഡിംഗ്, പഴങ്ങളുടെ ശേഖരണം, തൈച്ചെടികളുടെ വിൽപ്പന എന്നിവ നടത്തുന്നവരെ കൃഷിക്കാരന്റെ നിർവ്വചനത്തിൽ ജി. എച്ച്.ടി. നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവിധ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആസ്പദമായ നികുതി നിരക്ക് ഇതുവരെയും നിശ്ചയിച്ചിട്ടില്ല. നിരക്കുകളെ സംബന്ധിച്ച ചർച്ചകൾ ജി.എസ്.ടി. കൗൺസിലിൽ നടന്നുവരുന്നതേയുള്ളൂ. ഇതുസംബന്ധിച്ച ചർച്ചകളിൽ കൃഷിക്കാർക്ക് സഹായകരമായ നിലപാട് സ്വീകരിക്കുന്നതാണ്.

## നികുതി യഥാസമയം പിരിച്ചെടുക്കാതിരുന്നതുമൂലമുണ്ടായ സാമ്പത്തിക ബാധ്യത

22 (1785) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി യഥാസമയം പിരിച്ചെടുക്കാതിരുന്നതും സ്റ്റേകളും ഒഴിവാക്കലുകളും നടത്തിയതും അനാവശ്യ ചെലവ് നിയന്ത്രിക്കാത്തതും മൂലമുണ്ടായ സാമ്പത്തിക ബാധ്യതയുടെ 24-5-16 വരെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ നിന്നും സംസ്ഥാനത്തെ സംരക്ഷിക്കാനും സാമ്പത്തിക ഭരണനിർവ്വഹണം കാര്യക്ഷമമാക്കാനുമായി ഈ സർക്കാർ വാണിജ്യ നികുതി , രജിസ്ട്രേഷൻ, ലാന്റ് റവന്യൂ , എക്സൈസ് വകുപ്പ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതോടൊപ്പം വകുപ്പുകളിലെ അഴിമതിയും കൈക്കൂലിയും ഇല്ലാതാക്കാൻ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു എന്നും എത്ര ഉദ്യോഗസ്ഥർക്കെതിരെ (വകുപ്പുകൾ തിരിച്ച്) നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-4-2016-ലെ കണക്കനുസരിച്ച് വാണിജ്യ നികുതി വകുപ്പിൽ സ്റ്റേകളും ഒഴിവാക്കലുകളും ആയി പിരിച്ചെടുക്കാൻ സാധിക്കാതെ 6883.98 കോടി രൂപ കുടിശ്ശികയായി വന്നിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ ലഭ്യമായ കണക്കനുസരിച്ച് പ്രസ്തുത കാലയളവിൽ കേരള മുദ്രപ്പത്ര നിയമം 9 (1) വകുപ്പനുസരിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ചെയ്ത് നൽകിയതുവഴി സർക്കാരിന് 8,45,15,874 രൂപയുടെ കുറവ് വരുമാനത്തിലുണ്ടായി.

(ബി) 1. വാണിജ്യ നികുതി വകുപ്പിൽ കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

5. റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസ്സെസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനെസ്റ്റി പദ്ധതി നടപ്പിലാക്കി.

10. നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം എന്നിവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് മുഖേന നടത്തിവരുന്നു.

11. രജിസ്ട്രേഷൻ വകുപ്പിൽ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തി.

12. മോട്ടോർ വാഹന വകുപ്പിൽ കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയതിലൂടെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും നികുതി അടയ്ക്കാത്തതിനാൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് അതിൽനിന്നും കുടിശ്ശിക വസൂലാക്കുന്നതിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) വാണിജ്യ നികുതി വകുപ്പിൽ അഴിമതി, കൈക്കൂലി എന്നീ ഇനങ്ങളിൽ 326 ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി വകുപ്പിലെ മേൽപ്പറഞ്ഞ കേസ്സുകളിൽ ഉൾപ്പെട്ടവർക്ക് സസ്പെൻഷൻ, കുറ്റാരോപണ മെമ്മോ, കാരണം കാണിക്കൽ നോട്ടീസ് തുടങ്ങിയവ നൽകുകയും കുറ്റക്കാർക്കെതിരെ ആനുകൂല്യങ്ങൾ തടയുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയുമുണ്ടായി. കൂടാതെ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കാനും ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ പുനഃപരിശോധിക്കാനും വാണിജ്യ നികുതി ഇന്റലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ചെക്ക്പോസ്റ്റുകളടക്കമുള്ള എക്സൈസ് ഓഫീസുകളിലെ അഴിമതിയും കൈക്കൂലിയും ഇല്ലാതാക്കുന്നതിന് ടി ഓഫീസുകളിൽ എക്സൈസ് കമ്മീഷണർ അടക്കമുള്ള മേലുദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുന്നതും ടി വിഷയത്തിൽ സർക്കാരിൽനിന്നും വിജിലൻസിൽനിന്നുമുള്ള എല്ലാ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കുന്നുണ്ടെന്നും ക്രമക്കേടുകൾ നടക്കുന്നില്ലെന്നും ഉറപ്പുവരുത്തുന്നുണ്ട്. പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന പരാതികൾ സമർപ്പിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനം എക്സൈസ് കമ്മീഷണറേറ്റിൽ പ്രവർത്തിച്ചുവരുന്നു.

മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കൈക്കൂലി ഇല്ലാതാക്കുന്നതിനും ഇന്റേണൽ വിജിലൻസ് വിംഗിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും എല്ലാ റീജിയണൽ/സബ് റീജിയണൽ ഓഫീസുകളിലും ചെക്ക്പോസ്റ്റുകളിലും സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെക്ക്പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 35 ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ തലത്തിലും 25 പേർക്കെതിരെ വകുപ്പുതലത്തിലും അച്ചടക്ക നടപടി സ്വീകരിക്കുകയുണ്ടായി.

രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾക്കായി, അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനും ഫീസുകൾ ഇ-പേയ്മെന്റ് സംവിധാനം വഴി അടയ്ക്കുവാനും സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധ്യമാകുന്നതാണ്. ആഭ്യന്തര വിജിലൻസ് അന്വേഷണങ്ങൾക്കായി ജോയിന്റ് ഇൻസ്പെക്ടർ ജനറലിനെ വിജിലൻസ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. പരാതിയുടെയും മറ്റും അടിസ്ഥാനത്തിൽ നിലവിൽ ഏഴ് ജീവനക്കാർ സസ്പെൻഷനിൽ തുടരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 24 ജീവനക്കാർക്ക് കുറ്റപത്രവും ഒരു ജീവനക്കാരനെതിരെ പ്രോസിക്യൂഷൻ അനുമതിയും നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ സംസ്ഥാനത്ത് തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും എറണാകുളം ആസ്ഥാനമാക്കി മദ്ധ്യമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും കോഴിക്കോട് ആസ്ഥാനമാക്കി ഉത്തരമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലേയും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് എന്ന് നാമകരണം ചെയ്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ വകുപ്പ് മേധാവിയായ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ഇൻസ്പെക്ഷൻ ആൻഡ് ആഡിറ്റ് വിഭാഗം സബ് ഓഫീസുകളിലെ റെക്കോർഡുകൾ, രജിസ്റ്ററുകൾ, അക്കൗണ്ടുകൾ എന്നിവ പരിശോധിച്ചുവരുന്നുണ്ട്. 24-5-2016 വരെ സംസ്ഥാനത്തൊട്ടാകെ 514 റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

### കിഫ്ബി സാങ്കേതികവൽക്കരിക്കുന്നതിന് നടപടി

23 (1786) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ഉന്നതതലത്തിൽ ഇപ്പോൾ ഐ.എ.എസ്.ഉദ്യോഗസ്ഥർ മാത്രമാണെന്നും സാമ്പത്തിക രംഗവുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളിലുള്ള അവരുടെ പരിചയക്കുറവ് കിഫ്ബിയുടെ ധനസമ്പാദനത്തെ ബാധിക്കാൻ സാധ്യതയുണ്ട് എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ബാങ്കിംഗ് രംഗത്ത് പരിചയമുള്ള എക്സ് ബാങ്കർമാർ, ഇൻഷ്വറൻസ്/മ്യൂച്വൽ ഫണ്ട് രംഗത്ത് പരിചയമുള്ള വ്യക്തികൾ, ഐ.ഐ.എം. കൽക്കട്ട , ഐ.ഐ.എം. ബാംഗ്ലൂർ എന്നിവിടങ്ങളിൽ നിന്നുള്ള സാമ്പത്തിക വിദഗ്ദ്ധർ, ചാർട്ടേഡ് അക്കൗണ്ടന്റ് ബിരുദധാരികൾ തുടങ്ങി വിവിധ സാമ്പത്തിക സാങ്കേതിക രംഗത്ത് പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി സംസ്ഥാനത്തിന് ഗുണകരമായ രീതിയിൽ കിഫ്ബിയിലെ ധനാഗമ വിഭാഗം മാനേജ്മെന്റ് സംവിധാനം ശക്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ:വ്യക്തമാക്കുമോ ;

(സി) കിഫ്ബിയിൽ ഇപ്പോൾ എത്ര തുകയുണ്ടെന്നും സെപ്റ്റംബർ മാസത്തോടെ എത്ര തുക സമാഹരിക്കാൻ കഴിയുമെന്നും ചിട്ടി വഴി എത്ര തുക സെപ്റ്റംബർ മാസത്തോടെ കിട്ടുമെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) കിഫ്ബി ഷെയർ മാർക്കറ്റിൽ ഇറങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഭേദഗതി ചെയ്ത കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്റ്റിലെ 4-ാം ഖണ്ഡിക പ്രകാരം അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയുടെ ഭരണത്തിനും നിധിയിൽനിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും നടത്തിക്കൊണ്ടു പോകുന്നതിനുമായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് രൂപീകരിക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള മുഖ്യമന്ത്രി ചെയർമാനും ധനകാര്യ വകുപ്പുമന്ത്രി വൈസ് ചെയർമാനുമായ ഈ ബോർഡിൽ ചീഫ് സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർമാൻ, നിയമ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് റിസോഴ്സസ് സെസ്സ് സെക്രട്ടറി, ധനകാര്യം, സാമ്പത്തിക ശാസ്ത്രം, ബാങ്കിംഗ് എന്നിവയിൽ ഒന്നോ അതിലധികമോ മേഖലകളിൽ ദേശീയ പ്രശസ്തിയുള്ള ഒരു സ്ഥാപനത്തിൽ പ്രവർത്തിച്ചിട്ടുള്ള വിദഗ്ദ്ധരായ ഏഴ് സ്വതന്ത്ര അംഗങ്ങൾ എന്നിവർ അംഗങ്ങളും കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മെമ്പർ സെക്രട്ടറിയുമാണ്. ഇവരുടെ കൂട്ടായ പ്രവർത്തനം വഴി കിഫ്ബി ലക്ഷ്യമിട്ടിട്ടുള്ള ധനസമ്പാദനം സാധ്യമാകും. സാമ്പത്തിക രംഗവുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളിൽ വളരെ വിദഗ്ദ്ധരും പരിചയ സമ്പന്നരുമായ ഏഴ് സ്വതന്ത്ര അംഗങ്ങളെ കിഫ് ബോർഡിൽ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചു കൊണ്ടുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*. കൂടാതെ കിഫ്ബിയുടെ നിലവിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഒരു ചാർട്ടേർഡ് ഫിനാൻഷ്യൽ അനലിസ്റ്റാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കിഫ്ബിയിലെ ധനാഗമ കാര്യങ്ങൾ നിരീക്ഷിക്കാനും നിയന്ത്രിക്കാനും നയിക്കാനും ബോർഡിൽ സാമ്പത്തിക രംഗത്തെ വിദഗ്ധരായ ഏഴ് സ്വതന്ത്ര അംഗങ്ങളെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയുടെ ട്രസ്റ്റി ആയി പ്രവർത്തിക്കുന്നതിനും നിധിയുടെ എല്ലാ നിക്ഷേപങ്ങളും ഭേദഗതി ചെയ്ത കിഫ് ആക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമാണെന്നും ബോർഡിലെ നിധി വകമാറ്റി ചെലവഴിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനുമായി ബാങ്കിംഗ്, ധനകാര്യ റെഗുലേഷൻ, സാമ്പത്തിക വിപണികൾ, ഭരണ നിർവ്വഹണം അല്ലെങ്കിൽ സാമ്പത്തികം എന്നിവയിലേതെങ്കിലും ഒരു മേഖലയിൽ ദേശീയ തലത്തിലോ അന്തർദ്ദേശീയ തലത്തിലോ പരിചയ സമ്പന്നത തെളിയിച്ചവരുമായ മൂന്നംഗങ്ങൾ ഉൾപ്പെട്ട ഒരു ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷനെയും (FTAC) നിയമിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*. ഇതിനുപുറമേ സ.ഉ. (കൈ)നമ്പർ77/2017/ധന തീയതി 14-2-2017 പ്രകാരം കിഫ്ബിയിലെ ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ വിഭാഗത്തിൽ മാനേജ്മെന്റ് - നിയമ – സാമ്പത്തിക വിദഗ്ധരുൾപ്പെടുന്ന ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഗ്രൂപ്പും രൂപീകരിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിലേയ്ക്കുള്ള നിയമന നടപടികൾ പുരോഗമിക്കുന്നു.

(സി) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ അവശേഷിച്ച 2498.41 കോടി രൂപ കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം മുൻവർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള മുഴുവൻ സെസ്സ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപത്തിന്റെ ഭാഗമായി സർക്കാർ കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് എൻ.ആർ.ഐ. ചിട്ടി ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നതേയുള്ളൂ. രണ്ട് ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ സലയുള്ള ചിട്ടികൾ ആരംഭിക്കാനാണ് നിലവിൽ ഉദ്ദേശിക്കുന്നത്. ആദ്യവർഷം തന്നെ ഒരു ലക്ഷം പ്രവാസികളെയെങ്കിലും ചിട്ടിയിൽ ചേർക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) കിഫ്ബി ഷെയർമാർക്കറ്റിൽ ഇറങ്ങുന്നതിനെക്കുറിച്ച് ഇതുവരെ തീരുമാനമൊന്നും തന്നെ കൈക്കൊണ്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചെറായി പണ്ഡിറ്റ് കറുപ്പൻ സ്മാരകം**

24 (1787) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി പണ്ഡിറ്റ് കറുപ്പൻ സ്മാരകത്തിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക അനുവദിച്ച് കിട്ടുന്നതിന് പണ്ഡിറ്റ് കറുപ്പൻ സ്മാരക സമിതി അപേക്ഷ നൽകിയിട്ടുണ്ടോ; സ്വീകരിച്ച തുടർ നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക അനുവദിച്ച് നൽകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചെറായി പണ്ഡിറ്റ് കറുപ്പൻ സ്മാരകത്തിന് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി&സി) ചെറായി പണ്ഡിറ്റ് കറുപ്പൻ സ്മാരകത്തിന് 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 50 ലക്ഷം രൂപ ധനസഹായം അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള പണ്ഡിറ്റ് കറുപ്പൻ സ്മാരക സമിതി സെക്രട്ടറിയുടെ നിവേദനം 29-3-2017-ലെ 1330097/2017 നമ്പർ തപാലായി സാംസ്കാരിക വകുപ്പിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനം എ 2/104/2017/സാം.കാ.വ. നമ്പർ ഫയലായി പരിശോധിച്ചുവരുന്നു. നിവേദനത്തിലെ ആവശ്യങ്ങളുടെ സൂക്ഷ്മ പരിശോധനകൾക്കായി പണ്ഡിറ്റ് കറുപ്പൻ സ്മാരക നിർമ്മാണത്തിന് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച വിശദവിവരങ്ങൾ, കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും പ്ലാനും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സ്ഥാപനത്തിന് അനുവദിച്ചിരുന്ന ഗ്രാന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ സർക്കാരിൽ ഹാജരാക്കുവാൻ പണ്ഡിറ്റ് കറുപ്പൻ സ്മാരക സമിതി സെക്രട്ടറിയോട് 27-4-2017-ൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

**കിഫ്ബി പദ്ധതികൾ**

25 (1788) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ഏറ്റെടുക്കുന്ന പദ്ധതികളിൽ ആദ്യഘട്ടമായി അനുമതി ലഭിച്ച പദ്ധതികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) കിഫ്ബിയുടെ അവസാനയോഗം എന്ന് ചേർന്നുവെന്നും പ്രസ്തുത യോഗത്തിൽ ഏതെല്ലാം പദ്ധതികൾക്ക് അനുമതി നൽകിയെന്നും വ്യക്തമാക്കുമോ;

(സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മാളിയേക്കൽ ലവൽക്രോസിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി കിഫ്ബി പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയുടെ 7-11-2016-ൽ കൂടിയ ബോർഡ് യോഗം ആദ്യഘട്ടമായി 48 പദ്ധതികൾക്കാണ് അനുമതി നൽകിയത്. പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) 21-3-2017-ൽ കൂടിയ കിഫ്ബോർഡിന്റെ 28-ാമത് യോഗത്തിൽ 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്ക് അനുമതി നൽകി. ടി പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(സി) മാളിയേക്കൽ ലെവൽക്രോസ്സിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി 21-3-2017-ൽ കൂടിയ ബോർഡ് യോഗത്തിനുശേഷമാണ് കിഫ്ബിയിൽ സമർപ്പിച്ചത്. ആയതിനാൽ പ്രസ്തുത പദ്ധതി കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം സ.ഉ. (കൈ)നമ്പർ 315/2016/ധന. ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ പരിശോധന നടത്തിവരുന്നു. പദ്ധതി അവലോകന റിപ്പോർട്ട് യോഗ്യമെങ്കിൽ അടുത്ത ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

**നികുതി വരുമാനത്തിലെ വർദ്ധനവ്**

26 (1789) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 -17 സാമ്പത്തികവർഷത്തിലെ ബജറ്റിൽ പ്രതീക്ഷിച്ച വളർച്ച നേടാനായോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) 2016-17-ലെ ബജറ്റിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി 47613.61 കോടി രൂപയാണ് പ്രതീക്ഷിച്ചിരുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98% വളർച്ച നേടുവാൻ കഴിഞ്ഞിട്ടുണ്ട്. സമ്പദ് വ്യവസ്ഥയിൽ പൊതുവിൽ നിലനിൽക്കുന്ന മാന്ദ്യവും നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള നികുതി വരുമാനത്തിലുള്ള വളർച്ചാ നിരക്ക് ശരാശരി 8.98 ശതമാനമാണെങ്കിലും ഡിസംബർ മാസത്തെ വളർച്ചാ നിരക്ക് 2.35% ആയി കുറഞ്ഞിട്ടുണ്ട്. നോട്ട് അസാധുവാക്കൽ പ്രതിസന്ധിയാണ് വളർച്ചാ നിരക്ക് കുറയുന്നതിനുള്ള പ്രധാന കാരണമായി വിലയിരുത്തുന്നത്.

**കിഫ് ബോർഡിന്റെ പുനഃസംഘടന**

27 (1790) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ അംഗങ്ങളുടെ പേരുവിവരം പറഞ്ഞാണോ കിഫ്ബി ബോർഡ് സ്ഥാപിച്ചത്; പ്രസ്തുത നോട്ടിഫിക്കേഷൻ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) 2016-ൽ കിഫ്ബി നിയമം ഭേദഗതി വരുത്തിയപ്പോൾ ബോർഡിന് വന്ന ഘടനയിലെ മാറ്റത്തിന് അനുസരിച്ച് കിഫ്ബി ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ട് ഗസറ്റ് വിജ്ഞാപനം നടത്തിയിട്ടുണ്ടോ; 1999-ൽ കിഫ്ബി ബോർഡ് രൂപീകരിച്ച വിജ്ഞാപനത്തെ സൂപ്പർസീഡ് ചെയ്തുകൊണ്ടാണോ പ്രസ്തുത വിജ്ഞാപനം ഇറക്കിയത്; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) നിലവിലുള്ള കിഫ്ബി ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനത്തിന്റെ എസ്.ആർ.ഒ. നമ്പറും ഗസറ്റ് നമ്പറും ഏതെല്ലാമാണ്; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അതെ. 11-11-1999-ലെ കേരള ഗസറ്റ് (അസാധാരണം)നമ്പർ2074 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(ബി) 2016-ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ട് 4-11-2016 സ.ഉ. (പി)നമ്പർ168/16/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 4-11-2016-ലെ 1888-ാം നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് 4-ാം വകുപ്പുപ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഒരു ബോർഡ് രൂപീകരിക്കാമെന്നും ടി ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടു കൂടിയതായിരിക്കുമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതിൻ പ്രകാരം ഉപവകുപ്പ് (3)-ൽ നൽകിയിട്ടുള്ള പട്ടികയിൽ അംഗങ്ങളുടെ ഔദ്യോഗിക പേര് മാത്രമാണ് നൽകിയിട്ടുള്ളത്. എന്നാൽ സ്വതന്ത്ര അംഗങ്ങളുടെ കാര്യത്തിൽ സർക്കാർ "നാമനിർദ്ദേശം" ചെയ്യുന്ന വ്യക്തികളെയാണ് അംഗങ്ങളായി നിയമിക്കുന്നത്. ആയതിനാൽ ടി ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്ന വ്യക്തികൾ ആരായാലും സ്വാഭാവികമായി അവർ ബോർഡിന്റെ അംഗമായിരിക്കുന്നതാണ്. അതിനാൽ സ്വതന്ത്ര അംഗങ്ങളെ മാത്രമാണ് പേരുവിവരം നൽകി ടി വിജ്ഞാപനം വഴി സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ളത്. എസ്.ആർ.ഒ.നമ്പർ673/2016-ലെ ആദ്യ ഖണ്ഡത്തിൽ ഭേദഗതി ചെയ്യപ്പെട്ട ആക്ട് പ്രകാരം ബോർഡ് പുനഃസംഘടിപ്പിക്കുന്നു എന്ന് പ്രസ്താവിച്ചിട്ടുള്ളതിനാൽ അതുവരെ നിലവിലുള്ള ബോർഡ് അംഗങ്ങളിൽ പുനഃസംഘടിപ്പിക്കപ്പെട്ട ബോർഡിലില്ലാത്ത അംഗങ്ങളുടെ അംഗത്വം സ്വാഭാവികമായും അവസാനിക്കുന്നതാണ്. ആയതിനാൽ മുൻ എസ്.ആർ.ഒ.-യെ നിലവിലെ എസ്.ആർ.ഒ. സൂപ്പർസീഡ് ചെയ്യുന്നതായി പ്രസ്താവിക്കേണ്ട കാര്യമില്ല. ഇതിനുമുൻപ് എസ്.ആർ.ഒ.നമ്പർ102/2005 പ്രകാരം ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുള്ളപ്പോഴും "സൂപ്പർസീഡ്" ചെയ്യുന്നതായി പ്രസ്താവിച്ചിട്ടില്ല. പകർപ്പ് അറിവിലേക്കായി ഉള്ളടക്കം ചെയ്യുന്നു*.

(സി) ഭേദഗതി ചെയ്ത കിഫ് ആക്റ്റ് പ്രകാരം കിഫ് ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചത് 4-11-2016-ലെ എസ്.ആർ.ഒ.നമ്പർ673/16 പ്രകാരമാണ്. പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാറ്റ് പരിധിയിലുള്ള വ്യാപാരികൾ

28 (1791) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാറ്റ് പരിധിയിൽ ഉണ്ടായിരുന്ന എത്ര ശതമാനം വ്യാപാരികൾ ഇതുവരെ ചരക്കിന്മേലും സേവനങ്ങളിന്മേലും ഉള്ള നികുതി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മുൻധാരണയിൽ നിന്നും വിഭിന്നമായി പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി. പരിധിയിൽപ്പെടുത്താൻ കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ഉണ്ടായിരുന്നോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ ഏത് തരത്തിൽ ബാധിക്കുമെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ജി.എസ്.ടി. സംവിധാനം നടപ്പിലാക്കാൻ വേണ്ട കമ്പ്യൂട്ടർ അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഒന്നരക്കോടിയിലധികം വിറ്റുവരവുള്ള വ്യാപാരികളുടെ മേലുള്ള നികുതി ഭരണം ഏതുവിധത്തിലാണ് ഉദ്ദേശിക്കുന്നത്?

**ഉത്തരം**

(എ) 69.47%

(ബി) ഭരണഘടനാ ഭേദഗതി പ്രകാരം പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.-യിൽനിന്നും താൽക്കാലികമായി ഒഴിവാക്കിയിട്ടുണ്ട്. ഭാവിയിൽ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ജി.എസ്.ടി. ചുമത്താവുന്നതാണ്. പെട്രോളിയം ഉൽപ്പന്നങ്ങൾ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ അതിനുശേഷം സെസ്സ് ചുമത്താൻ സംസ്ഥാനത്തിന് അധികാരം ഉണ്ടാകില്ല. നിലവിൽ പാസ്സാക്കിയ നിയമം (GST Compensation Act) പ്രകാരം കേന്ദ്രത്തിന് മാത്രമേ ആ നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ ചരക്കുകളിലും സേവനങ്ങളിലും സെസ്സ് ചുമത്താൻ അധികാരമുള്ളൂ.

(സി) നിലവിൽ വാണിജ്യ നികുതി വകുപ്പ് കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ടെങ്കിലും ജി.എസ്.ടി. നടപ്പിലാക്കുന്നതിനുവേണ്ടി സെർവ്വർ സ്ഥാപിക്കേണ്ടതുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു.

(ഡി) ജി.എസ്.ടി. കൗൺസിൽ ചർച്ചകളിൽ നിലവിലുള്ള സേവന നികുതി ദാതാക്കളുടെയും അന്തർ സംസ്ഥാന സപ്ലൈകളുള്ള ഡീലർമാരുടെയും ഭരണ നിർവ്വഹണം കേന്ദ്രത്തിന് മാത്രമായി വിട്ടുനൽകണമെന്ന അഭിപ്രായം കേന്ദ്രം മുന്നോട്ട് വയ്ക്കുകയുണ്ടായി. ഇതിനെ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ശക്തമായി എതിർക്കുകയും ഇതിന്റെ ഫലമായി ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള സപ്ലൈകൾ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന-കേന്ദ്ര സർക്കാരുകൾ ഭരണനിർവ്വഹണം നടത്താനും അതിന് മുകളിലുള്ളവ 1:1 എന്ന അനുപാതത്തിൽ വീതം വയ്ക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**കറൻസി ക്ഷാമം**

29 (1793) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൻതോതിൽ കറൻസി ക്ഷാമം നേരിടുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമായി കേരളത്തിൽ കറൻസി ക്ഷാമം രൂക്ഷമാകുന്നതിനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തുമോ;

(സി) കെ.എസ്.എഫ്.ഇ. യുടെയും ബിവറേജസ് കോർപ്പറേഷന്റെയും വരുമാനം നേരിട്ട് ട്രഷറിയിൽ നിക്ഷേപിക്കുന്നതുവഴി ഈ പ്രശ്നങ്ങൾക്ക് പരിഹാരമാകുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) കെ.എസ്.എഫ്.ഇ.-യുടെയും ബിവറേജസ് കോർപ്പറേഷന്റെയും വരുമാനം നേരിട്ട് ട്രഷറിയിൽ നിക്ഷേപിക്കുകവഴി ട്രഷറികളിലെ കറൻസി ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമായിട്ടുണ്ട്.

**കാരുണ്യ പദ്ധതി**

30 (1794) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ ആശുപത്രികളാണുള്ളത്;

(ബി) ജില്ലയിൽ മെഡിക്കൽ കോളേജ് ഇല്ലാത്തതിനാലും അടുത്ത പ്രദേശം എന്ന നിലയിലും കർണാടക സംസ്ഥാനത്തെ മംഗലാപുരത്ത് മേജർ അസുഖങ്ങൾക്ക് ചികിത്സ തേടുന്നവർക്ക് കാരുണ്യ പദ്ധതി മുഖേനയുള്ള തുക ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മംഗലാപുരത്തെ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും ടി പദ്ധതിയിൽ സഹായം ലഭ്യമാക്കും എന്ന് പറഞ്ഞതല്ലാതെ ഈ വിഷയത്തിൽ എന്തെങ്കിലും നടപടി എടുത്തിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ സർക്കാർ മേൽ വിഷയത്തിൽ എന്തെങ്കിലും തുടർ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കാരുണ്യ പദ്ധതിയിൻ കീഴിൽ കാസർഗോഡ് ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളും ഉൾപ്പെടുന്നുണ്ട്. കൂടാതെ മാലിക് ദീനാർ ചാരിറ്റബിൾ ഹോസ്പിറ്റൽ, കെയർവെൽ ഹോസ്പിറ്റൽ എന്നീ രണ്ട് സ്വകാര്യ ആശുപത്രികൾക്കും കാരുണ്യ പദ്ധതിയിൽ അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ 4-8-2016-ലെ 25-ാം സംസ്ഥാനതല കമ്മിറ്റി തീരുമാനം 25/7 പ്രകാരം കർണ്ണാടക സംസ്ഥാനത്തെ മംഗലാപുരത്തുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് കൂടി ആവശ്യമെങ്കിൽ പ്രത്യേകാനുമതി നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ 'സമഗ്ര ആരോഗ്യ പദ്ധതി' നടപ്പിലാക്കുന്ന കാര്യം സജീവ പരിഗണനയിലുള്ളതിനാൽ കർണ്ണാടക സംസ്ഥാനത്തിലെ ആശുപത്രികളെ ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**നോട്ട് ക്ഷാമം**

31 (1795) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നോട്ട് നിരോധനം നടപ്പിലാക്കിയതിനെ തുടർന്ന് ട്രഷറികളിൽ നോട്ട് ക്ഷാമം അനുഭവപ്പെടുന്നുണ്ടോ;

(ബി) ഇതുമൂലം ദൈനംദിന പ്രവർത്തനം തടസ്സപ്പെടുന്ന സ്ഥിതി ഉണ്ടാകുന്നുണ്ടോ;

(സി) ഈ സാഹചര്യം ഒഴിവാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ നോട്ട് നിരോധനം നടപ്പിലാക്കിയതിനെ തുടർന്ന് ട്രഷറികളിൽ നോട്ട് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

(ബി) കേരളത്തിലെ 51 ട്രഷറികൾ ആവശ്യപ്പെടുന്ന തുക ബാങ്കിൽനിന്ന് ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. കറൻസി ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ട്രഷറി ഇടപാടുകൾക്ക് പ്രയാസം നേരിട്ടിട്ടുണ്ട്.

(സി) ട്രഷറികളിലെ കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവയുടെ വരുമാനം നേരിട്ട് ട്രഷറികളിൽ അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

**വാണിജ്യ നികുതി വകുപ്പിലെ ഫയലുകൾ സി. & എ.ജി.-ക്ക് ആഡിറ്റ് ചെയ്യാൻ നൽകാത്ത നടപടി**

32 (1796) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വാണിജ്യ നികുതി അസെസ്സ്മെന്റ് ഫയലുകൾ ആഡിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിട്ട് നൽകുന്നില്ലെന്ന് സി & എ.ജി. വാണിജ്യ നികുതി കമ്മീഷണറോട് പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമ്മീഷണറും സർക്കാരും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിലെ വാണിജ്യ നികുതി വകുപ്പിൽ അസെസ്സ്മെന്റ് നടത്തുവാൻ റിട്ടയർ ചെയ്ത രണ്ട് ഡെപ്യൂട്ടി കമ്മീഷണർമാരെയും രണ്ട് അസിസ്റ്റന്റ് കമ്മീഷണർമാരെയും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ആരെല്ലാമാണ്; അവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാം;

(സി) ഇവരുടെ പുനർനിയമനം മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) എറണാകുളം ജില്ലയിലെ വാണിജ്യ നികുതി ഉദ്യോഗസ്ഥന്മാർ അസെസ്സ്മെന്റ് നടത്താതെയും സി.& എ.ജി.-യ്ക്ക് ആഡിറ്റിന് ഫയൽ നൽകാതെയും ഡീലർമാരുമായി കൂട്ടുചേർന്ന് ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ വാറ്റിലെ നികുതിക്ക് ആംനെസ്റ്റി സ്കീം കൊണ്ട് വന്ന നികുതിയിളവ് നൽകാമെന്ന് പ്രലോഭിപ്പിച്ച പിരിവു നടത്തുന്ന വിവരം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ നികുതി കമ്മീഷണർ എറണാകുളം ഡെപ്യൂട്ടി കമ്മീഷണറുടെ വിശദീകരണം തേടുകയും ഇതിനുത്തരവാദികളായ നാല് അസിസ്റ്റന്റ് കമ്മീഷണർമാർക്ക് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നൂറനാട്, മുക്കാട് തോട്, പാലം**

33 (1797) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട് മുക്കാട് തോട് പാലം നിർമ്മിക്കുന്നതിന് എം.എൽ.എ. -എ.ഡി. എസിൽ ഉൾപ്പെടുത്തി 70 ലക്ഷം രൂപയുടെ ഭരണാനുമതി 2014-15 ൽ ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 75 ലക്ഷം രൂപകൂടി 2016-17 ലെ എ.ഡി.എസിൽ അനുവദിക്കുന്നതിന് എം.എൽ.എ. നല്കിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) 2014-15 -ൽ എൽ.എസ്.ജി.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തി , പി.ഡബ്ല്യൂ.ഡി. റോഡ്സ് ആന്റ് ബ്രിജസ് വിഭാഗത്തിന് നല്കുന്നതിന് എ.എൽ.എ നല്കിയ കത്ത് അനുസരിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മാവേലിക്കര നൂറനാട് ഗ്രാമപഞ്ചായത്തിലെ മുക്കാട് തോട് പാലം എന്ന പ്രവൃത്തിക്ക് 2016-17-ലെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ അധിക തുക കൂടി അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകുവാനും പ്രസ്തുത പ്രവൃത്തി എൽ.എസ്.ജി.ഡി.-യിൽനിന്നും മാറ്റി പി.ഡബ്ല്യു.ഡി.-ക്ക് നൽകുവാനും എം.എൽ.എ. ആവശ്യപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും ആകെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും അറിയിക്കുന്നതിനായി 24-3-2017-ലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**കാരുണ്യ ചികിത്സാ സഹായ നിധി**

34 (1798) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യാ ചികിത്സാ സഹായ നിധി കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എറണാകുളം ജില്ലയിൽ ഏതെല്ലാം ആശുപത്രികളിലാണ് കാരുണ്യ ചികിത്സാ പദ്ധതി നടപ്പിലാക്കി വരുന്നത്;

(സി) നിലവിൽ കാരുണ്യ ചികിത്സാ പദ്ധതിയില്ലാത്ത മണ്ഡലങ്ങളിൽ ഒരു ആശുപത്രിയെങ്കിലും ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) എറണാകുളം ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിലും 13 സ്വകാര്യ ആശുപത്രികളിലും (ഡയാലിസിസ് സെന്ററുകൾ ഉൾപ്പെടെ) കാരുണ്യ ചികിത്സാ പദ്ധതി നടപ്പിലാക്കി വരുന്നു. സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കറൻസി നോട്ടിന്റെ ക്ഷാമം

35 (1799) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കറൻസി നോട്ടിന്റെ ക്ഷാമം പരിഹരിക്കുന്നതിന് ധനവകുപ്പ് ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെ;

(ബി) ആവശ്യപ്പെടുന്ന പണം ആർ.ബി.ഐ., എസ്.ബി.ഐ. എന്നിവയിൽ നിന്ന് ട്രഷറികൾക്ക് ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രതിസന്ധി മറികടക്കാൻ ചില വകുപ്പുകൾ ബാങ്കിൽ അടച്ചിരുന്ന പണം ട്രഷറിയിൽ അടക്കാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായോ;

(ഡി) എങ്കിൽ ഏതൊക്കെ വകുപ്പുകളോടാണ് ഇപ്രകാരം നിർദ്ദേശിച്ചത്; എത്ര തുക അവർ ഇതിനകം ട്രഷറിയിൽ നിക്ഷേപിച്ചെന്ന് വ്യക്തമാക്കുമോ;

(ഇ) പുതിയ സംവിധാനത്തിൽ ട്രഷറികളിൽ ഉണ്ടായേക്കാവുന്ന ജോലിത്തിരക്ക് ലഘൂകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ട്രഷറികളിലെ കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവയുടെ വരുമാനം ട്രഷറികളിൽ നേരിട്ട് അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ട്രഷറികളിലൂടെ ശമ്പളവും പെൻഷനും വിതരണം ചെയ്യുവാനായി ഏജൻസി ബാങ്കുകളിൽനിന്നും ഇംപ്രസ്റ്റ് തുക ആവശ്യപ്പെടുമ്പോൾ മിക്ക ദിവസവും 40 ശതമാനത്തോളം തുക മാത്രമേ ലഭിക്കുകയുണ്ടായിട്ടുള്ളൂ.

(സി&ഡി)) ഉണ്ട്. 2017 ഏപ്രിൽ 28 വരെ ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവിടങ്ങളിൽനിന്നും ട്രഷറിയിൽ നിക്ഷേപിച്ച തുക താഴെപ്പറയും പ്രകാരമാണ്.

ബിവറേജസ് കോർപ്പറേഷൻ 74.12 കോടി രൂപ

കെ.എസ്.എഫ്.ഇ. - 339.66 കോടി രൂപ

ലോട്ടറി - 102.80 കോടി രൂപ

(ഇ) പുതിയ സംവിധാനത്തിൽ ട്രഷറികളിൽ ഉണ്ടായേക്കാവുന്ന തിരക്ക് ലഘൂകരിക്കുന്നതിനായി പ്രത്യേക കൗണ്ടറുകൾ ഏർപ്പെടുത്തുകയും അവധി ദിവസങ്ങൾ ഉൾപ്പെടെ പണം സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**സംസ്ഥാന ഭാഗ്യക്കുറി**

36 (1800) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യത തകർക്കാൻ അന്യസംസ്ഥാന ലോട്ടറി മാഫിയ നടത്തുന്ന ആസൂത്രിത നീക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും;

(സി) സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനഘടന പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ചെറിയ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുമോ; ടിക്കറ്റ് വിലയിൽ കുറവ് വരുത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) താഴ്ന്ന സമ്മാനങ്ങൾ വിതരണം ചെയ്യാനുള്ള അനുവാദം ഏജന്റുമാർക്കും നൽകിയിട്ടുണ്ട്. ലോട്ടറി ടിക്കറ്റിന്റെ ഒറിജിനാലിറ്റി പരിശോധിക്കാനുള്ള സംവിധാനം ഈ ചെറുകിട ഏജന്റുമാർക്കില്ല എന്ന സാദ്ധ്യത മുതലെടുത്താണ് വ്യാജ ടിക്കറ്റുകൾ ഹാജരാക്കി പണം തട്ടുന്നത്. ഇവ ലോട്ടറി ഓഫീസുകളിൽ എത്തുമ്പോഴേക്കും മിക്കവാറും പിടിക്കപ്പെടും. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ച് അന്വേഷിക്കുന്നുണ്ട്. അതേസമയം കേരള ഭാഗ്യക്കുറിയുടെ വിശ്വാസ്യത തകർക്കുന്നതിനുള്ള അസൂത്രിത ശ്രമം ഇവയ്ക്ക് പിന്നിലുണ്ടോ എന്നതും അന്വേഷിച്ചു വരുന്നു. വ്യാജടിക്കറ്റുകളുടെ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനായി ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷാ മാനദണ്ഡങ്ങളിൽ ഗണ്യമായ വർദ്ധനവ് വരുത്താൻ തീരുമാനിച്ച് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2017 ജൂൺ മാസം തന്നെ ഇതിന്റെ ആദ്യഘട്ടം നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

(സി) പരിഗണനയിലുണ്ട്.

(ഡി) 50 രൂപ മുഖവിലയുള്ള കാരുണ്യ, കാരുണ്യ പ്ലസ്, സ്ത്രീശക്തി, നിർമ്മൽ എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 30 രൂപയാക്കി കുറച്ചുകൊണ്ടും ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിലും സമ്മാന ശതമാനത്തിലും വർദ്ധനവ് വരുത്തിക്കൊണ്ടും എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും (പൗർണ്ണമി, വിൻവിൻ, സ്ത്രീശക്തി, അക്ഷയ, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ) സമ്മാനഘടന പരിഷ്കരിക്കുന്ന വിഷയം പരിഗണനയിലുണ്ട്.

**കേന്ദ്ര ഫണ്ടുകളിൽനിന്നും കേരളത്തിന്റെ വിഹിതം**

37 (1801) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമയബന്ധിതമായി വരവ് ചെലവ് കണക്കുകളും, നടത്തിപ്പ് റിപ്പോർട്ടും സമർപ്പിക്കാത്തതിനാൽ കേന്ദ്രാവിഷ്കൃത ഫണ്ടുകളിൽ നിന്നും കേരളത്തിന്റെ വിഹിതം ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നു എന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നങ്ങൾ കാരണം എതെങ്കിലും കേന്ദ്ര ഫണ്ട് തടസ്സപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കേന്ദ്രത്തിൽ നിന്നും കേരളത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള ഫണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്നതാണ്. വിവിധ കാരണങ്ങളാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്ര സർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്.) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ

മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്ര സർക്കാരിന്റെ പി.എഫ്.എം.എസ്. ഓൺ ലൈൻ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരികയാണ്. ഇതു പ്രകാരം പി.എഫ്.എം.എസ്. സംവിധാനത്തിലൂടെ കേന്ദ്ര പദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി എല്ലാ ഡിപ്പാർട്ട്മെന്റുകളും പി.എഫ്.എം.എസ്.-ൽ രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു. പി.എഫ്.എം.എസ്. സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതോടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്നും അവ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ടോ എന്നും നിരീക്ഷിക്കുവാൻ കഴിയും. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ഫണ്ട് കേന്ദ്ര സർക്കാരിൽനിന്ന് കാലതാമസം കൂടാതെ വാങ്ങിച്ചെടുക്കുന്നതിനും കൂടുതൽ കേന്ദ്ര സഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചു കൊടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്.

## വാമനപുരം എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

38 (1802) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മന്ത്രിസഭയുടെ കാലയളവിൽ വാമനപുരം നിയോജകമണ്ഡലത്തിൽ എം. എൽ. എ.- യുടെ പ്രത്യേക വികസന നിധി പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെ;

(ബി) ഈ പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ളത് ഏതൊക്കെ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ മന്ത്രിസഭയുടെ കാലയളവിൽ വാമനപുരം നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പേരും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുന്ന ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാർഷിക പദ്ധതി

39 (1803) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ആകെ വാർഷിക പദ്ധതി എത്രയായിരുന്നു;

(ബി) വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇവയുടെ വിഹിതം എത്രയായിരുന്നു; എത്ര ചെലവാക്കി; ശതമാനക്കണക്കിൽ വ്യക്തമാക്കുമോ;

(സി) വിവിധ സർക്കാർ വകുപ്പുകളിൽ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന കാര്യത്തിലുള്ള മെല്ലെപ്പോക്ക് പ്രത്യേകമായി പരിശോധിക്കുമോ;

(ഡി) എം.എൽ.എ. ആസ്തി വികസന ഫണ്ടുകൾക്കുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിച്ചിട്ടും ധനകാര്യ വകുപ്പിനെ കാണിച്ച് അംഗീകാരം വാങ്ങി ഭരണാനുമതി നൽകുന്ന കാര്യത്തിൽ വീഴ്ച വരുത്തിയത് പരിശോധിക്കുമോ;

(ഇ) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുവാനുള്ള കടമ്പകൾ പരിശോധിക്കുമോ; ഭരണാനുമതി ലഭിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പ് അധികാരികൾക്ക് നൽകുമോ; നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 2016-17 സാമ്പത്തികവർഷം വാർഷിക പദ്ധതിയായ 30,570.17 കോടി രൂപയിൽ (പ്രത്യേക കേന്ദ്ര സഹായ പദ്ധതി ഉൾപ്പെടെ) 25,200.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇവയുടെ വിഹിതവും ചെലവും സംബന്ധിച്ച

വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:

| ഇനം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|
| വിവിധ സർക്കാർ വകുപ്പുകൾ (കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ) | 25070.17 | 21228.49 | 85 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 5500 | 3971.97 | 72 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | 6534.17 | 4983.68 | 76 |

(സി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓരോ ത്രൈമാസാവസാനവും കൂടുന്ന പ്ലാൻ എക്സ്പെഡീച്ചർ റിവ്യൂ കമ്മിറ്റി (Plan Expenditure Review Committee) യോഗങ്ങളിലും എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിലും പദ്ധതി അവലോകനം നടത്തുകയും സമയാസമയങ്ങളിൽ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. ഈ യോഗങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളിൽ പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ആയത് നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

(ഡി&ഇ) എം.എൽ.എ. ആസ്തി വികസന ഫണ്ടുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങളിൽ ലഘൂകരണം ആവശ്യമാണെന്ന എം.എൽ.എ.-മാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാരുണ്യ ചികിത്സാ പദ്ധതി**

40 (1804) ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. അനിൽ അക്കര :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യാചികിത്സാ പദ്ധതി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും വൃക്കരോഗ ചികിത്സയ്ക്ക് നൽകുന്ന പരമാവധി തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വർദ്ധനവ് മറ്റ് ചികിത്സകൾക്കും കൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കുമോ?

(സി) കാരുണ്യ ചികിത്സാ സഹായ പദ്ധതിയിൽ സ്വകാര്യ ആശുപത്രികൾക്കും സർക്കാർ ആശുപത്രികൾക്കും എന്തെങ്കിലും കുടിശ്ശിക നൽകുവാനുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാരുണ്യ ചികിത്സാ പദ്ധതി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സോഫ്റ്റ്‌വെയർ നവീകരണം, കൂടുതൽ ജീവനക്കാരുടെ സേവനം ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വൃക്ക രോഗികളുടെ ചികിത്സാ ധനസഹായം രണ്ട് ലക്ഷം രൂപയിൽനിന്ന് മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിൽനിന്നുള്ള ബജറ്റ് വിഹിതം കഴിഞ്ഞ വർഷത്തെ ബജറ്റ് വിഹിതമായ 250 കോടി രൂപയിൽനിന്നും 350 കോടി രൂപയായി വർദ്ധിപ്പിച്ച് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പദ്ധതി പ്രകാരം വൃക്ക രോഗികൾക്കുള്ള ധനസഹായം മൂന്നുലക്ഷം രൂപയായി വർദ്ധിപ്പിച്ചിച്ചിട്ടുണ്ട്. മറ്റ് ചികിത്സകൾക്ക് തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) കാരുണ്യ പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ ചികിത്സാ സഹായത്തിന് അപേക്ഷിക്കുന്നവരിൽ അടിയന്തര ചികിത്സ ആവശ്യമുള്ളവർക്ക് പ്രീ-ഓതറൈസേഷൻ നൽകുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്തുവരുന്നു. സർക്കാർ ആശുപത്രികൾക്ക് നൽകിയ പണത്തിന്റെ യൂട്ടിലൈസേഷൻ പരിശോധിച്ച് ഇനി എത്ര പണം നൽകാനുണ്ട് എന്നത് വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. ചികിത്സ നടത്തിയ വകയിൽ സ്വകാര്യ ആശുപത്രികൾക്ക് 22.10 കോടി രൂപ വിതരണം ചെയ്യേണ്ടതുണ്ട്. സോഫ്റ്റ്‌വെയർ നവീകരിച്ചും കൂടുതൽ ജീവനക്കാരെ നിയോഗിച്ചും കുടിശ്ശിക തീർപ്പാക്കുന്ന ജോലികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

**വാമനപുരം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

41 (1805) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തി വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് 2017-18 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുമാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ ഇരുപത്തിയേഴാമത് ബോർഡ് യോഗം 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകി. 21-3-2017-ൽ കൂടി കിഫ് ബോർഡിന്റെ ഇരുപത്തിയെട്ടാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകി. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

**അങ്കമാലി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

42 (1806) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 മുതൽ 2015-16 വരെ അങ്കമാലി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പേര്, തുക, പൂർത്തീകരിച്ച തീയതി എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2016-17 സാമ്പത്തികവർഷം അങ്കമാലി നിയോജകമണ്ഡലത്തിൽ ഭരണാനുമതിക്കായി എത്ര നിർദ്ദേശങ്ങളാണ് ലഭിച്ചത്; ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 2016-17 സാമ്പത്തിക വർഷം അങ്കമാലി നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ ഏഴ് പ്രവൃത്തികൾക്കുള്ള ശിപാർശകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ അങ്കമാലി നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, അങ്കമാലി താലൂക്ക് ആശുപത്രിക്ക് കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ ഓപ്പൺ ഓഡിറ്റോറിയം, സ്റ്റേജ് എന്നിവയുടെ നിർമ്മാണം

43 (1807) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ, ആലത്തൂർ ദേശീയ മൈതാനത്ത് ഓപ്പൺ ഓഡിറ്റോറിയവും സ്റ്റേജും നിർമ്മിക്കുന്നതിന് ധനകാര്യവകുപ്പിലെ 10959074/NC.C2/2016/Fin. 2016-2017 നമ്പർ ഫയലിൽ ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ ആയത് പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 10959074/NC.C2/2016/Fin. 2016-17 നമ്പർ ഫയൽ ധനകാര്യ വകുപ്പിൽ നിലവിലില്ല. ആലത്തൂർ നിയോജക മണ്ഡലത്തിൽ, ആലത്തൂർ ദേശീയ മൈതാനത്ത് ഓപ്പൺ ഓഡിറ്റോറിയവും സ്റ്റേജും നിർമ്മിക്കുന്ന പ്രവൃത്തിയെ സംബന്ധിച്ച വിഷയം പരിശോധിക്കുന്ന ധനകാര്യ വകുപ്പിലെ 959074/NC.C2/2016/Fin. നമ്പർ ഫയലിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഭരണാനുമതി പെട്ടെന്ന് ലഭ്യമാക്കുന്നതിനായി പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടും അനുബന്ധ രേഖകളും ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഉചിതമായ തലത്തിലുള്ള ശിപാർശയോടെ ഭരണ വകുപ്പ് വഴി സമയബന്ധിതമായി സമർപ്പിച്ച് ഭരണാനുമതിക്കുള്ള ധനാനുമതി വാങ്ങേണ്ടതാണ്.

## ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

44 (1808) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ 2016-17 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾക്കുള്ള ഭരണാനുമതി പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ മണ്ഡലത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ 2016-17 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതിൽ കുഴൽമന്ദം-പുളിൻതൊടികളത്തിൽ റോഡിലുള്ള തോടിന് കുറുകെ പാലവും അപ്രോച്ച് റോഡും നിർമ്മാണം (35 ലക്ഷം രൂപ), കുഴൽമന്ദം - കുറുക്കൻതൊടിക റോഡ് (15 ലക്ഷം രൂപ), കുഴൽമന്ദം-ഇരുപ്പക്കാട്-കോതോട് റോഡ് (15 ലക്ഷം രൂപ) എന്നീ മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ആസ്തി വികസന പദ്ധതി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സമയക്രമം നിർദ്ദേശിച്ചുകൊണ്ട് 22-7-2015 തീയതിയിലെ 67/2015/ധന. നമ്പർ സർക്കുലർ പ്രകാരം ഭരണ വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*. നടപ്പുസാമ്പത്തിക വർഷം ലഭ്യമായ ശിപാർശകളിൽ ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിനായി എസ്റ്റിമേറ്റുകൾ എത്രയും വേഗം നൽകുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർക്കും നിർവ്വഹണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൊല്ലകടവ്-കുളനട, ഹരിപ്പാട്-പറയങ്കേരികടവ്, മാന്നാർ-വീയപുരം റോഡുകളുടെ പണി

45 (1809) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ച കൊല്ലകടവ് -കുളനട, ഹരിപ്പാട്-പറയങ്കേരികടവ്, മാന്നാർ-വീയപുരം എന്നീ റോഡുകളുടെ പണി ആരംഭിക്കാനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പണി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ച 137 റോഡുകളിൽ കൊല്ലകടവ്-കുളനട റോഡിന്റേയും മാന്നാർ-വീയപുരം റോഡിന്റേയും ഡി.പി.ആർ. കിഫ്ബിയിൽ ലഭിച്ചിട്ടുണ്ട്. കിഫ്ബിയുടെ ഇരുപത്തിയെട്ടാം ബോർഡ് യോഗം നടന്ന 21.03.2017-നുശേഷമാണ് കൊല്ലകടവ്-കുളനട റോഡിന്റേയും മാന്നാർ-വീയപുരം റോഡിന്റെയും ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചത്. ഇതിന്റെ സൂക്ഷ്മ പരിശോധന നടന്നുവരുന്നു. പദ്ധതി അവലോകന റിപ്പോർട്ട് യോഗ്യമെങ്കിൽ അടുത്ത ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. എന്നാൽ ഹരിപ്പാട്-പറയങ്കേരികടവ് റോഡ് 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി ഉൾപ്പെട്ടിട്ടില്ല.

**ലോട്ടറിയെ ചരക്ക് സേവന നികുതിയിൽനിന്നും ഒഴിവാക്കൽ**

46 (1810) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയെ ചരക്കുസേവന നികുതിയിൽ നിന്നും ഒഴിവാക്കിക്കിട്ടാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും ഫലം എന്തായി എന്നും വിശദമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ ലോട്ടറി മാത്രമാണ് സംസ്ഥാനത്ത് വില്പന നടത്തുന്നതെന്നും, ലാഭം മുഴുവൻ കാരുണ്യ പദ്ധതി പോലുള്ള ക്ഷേമപ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും, കേന്ദ്രത്തെ ബോധ്യപ്പെടുത്താനായോ; ഇല്ലെങ്കിൽ പുതിയ നിയമപ്രകാരം സംസ്ഥാനത്തിനുണ്ടാകാവുന്ന വരുമാനനഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ചരക്ക്സേവന നികുതി നിയമം നടപ്പാക്കുമ്പോൾ അന്യ സംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വീണ്ടും സജീവമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) "Kerala Tax on Paper lotteries 2005", GST നിലവിൽ വരുമ്പോൾ അപ്രസക്തമാകും. ഈ പ്രതിസന്ധി മറികടക്കുന്നതിന് പുതിയ നിയമ സാധ്യതകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2016-17-ലെ ലോട്ടറി വിറ്റുവരവ് 7395 കോടി രൂപയാണ്. ആയതുമായി ബന്ധപ്പെട്ട Service Tax

കണക്കാക്കുന്നത് Compounding Tax System-ത്തിലാണ്. GST നിലവിൽ വരുമ്പോൾ Tax System-ത്തിലുണ്ടാകുന്ന മാറ്റങ്ങൾ നിയമം നടപ്പിലായതിനുശേഷം മാത്രമേ വ്യക്തമാവുകയുള്ളൂ. ജി.എസ്.ടി. നടപ്പിലാകുന്ന സാഹചര്യത്തിൽ ഭാഗ്യക്കുറി മേഖലയിൽ ഉളവാകുന്ന സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി കേന്ദ്ര ധനമന്ത്രിയെ സംസ്ഥാന ധനമന്ത്രി നേരിൽകണ്ട് ചർച്ച നടത്തിയിട്ടുണ്ട്.

(ബി) കേരള സർക്കാർ ലോട്ടറി മാത്രമാണ് നിലവിൽ സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുന്നതെന്നും അന്യസംസ്ഥാന ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട നിയമവിരുദ്ധ പ്രവർത്തനങ്ങളും ക്രമക്കേടുകളും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സിക്കിം, ഭൂട്ടാൻ ലോട്ടറികൾ സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുന്നത് കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുണ്ട്. ജി.എസ്.ടി. നിയമം നിലവിൽ വന്നതിനുശേഷം മാത്രമേ വരുമാന നഷ്ടം സംഭവിക്കുമോ എന്ന കാര്യത്തിൽ വ്യക്തത ഉണ്ടാവുകയുള്ളൂ.

(സി) ചരക്ക്സേവന നികുതി നിയമം ലോട്ടറി മേഖലയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ സർക്കാരിന്റെ ഗൗരവമായ പരിഗണനയിലുണ്ട്.

**ബജറ്റിൽ വകയിരുത്തിയ തുക**

47 (1811) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തികവർഷം വിവിധ വകുപ്പുകൾക്കായി ബജറ്റിൽ വകയിരുത്തിയ തുക, പ്ലാൻ, നോൺ പ്ലാൻ, ഉപധനാഭ്യർത്ഥന ഉൾപ്പെടെ വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2016-2017 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ലഭിച്ച കേന്ദ്ര വിഹിതം എത്ര; അതിൽ നിന്നും വിവിധ പദ്ധതികൾക്കായി എന്തു തുക ചെലവഴിച്ചു; വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തികവർഷം പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനയിലൂടെ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥന ഉൾപ്പെടെ) സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം ഡിസംബർ 31 വരെ വിവിധ പദ്ധതികൾക്കായി ലഭിച്ച കേന്ദ്ര വിഹിതം 2183.20 കോടി രൂപയാണ്. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ താൽക്കാലിക കണക്ക് പ്രകാരം 2016-17 സാമ്പത്തികവർഷം മാർച്ച് 31 വരെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 4999.81 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഭരണാനുമതി ലഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കൽ**

48 (1812) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.- എ.ഡി.എസ്. -ന്റെ ഭാഗമായി ഭരണാനുമതി ലഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദ വിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) 10 ലക്ഷം രൂപയുടെ പദ്ധതി ആണെങ്കിലും പ്രൊപ്പോസലുകൾ സമർപ്പിച്ചാൽ മാസങ്ങൾ നീളുന്ന പ്രക്രിയയും 72-ലേറെ സീറ്റുകളിലെ പരിശോധനയും വേണ്ടുന്ന അവസ്ഥയാണ് നിലവിൽ ഓരോ ഭരണാനുമതിയും ലഭിക്കുന്നതിനായി വേണ്ടി വരുന്നത്. ധനകാര്യ വകുപ്പിന് പ്രസ്തുത ഫണ്ട് വിഹിതം നിരീക്ഷിക്കാൻ ബി.ഐ.എം.എസ്. , ബി.എ. എം.എസ്. തുടങ്ങി നിരവധി നൂതന സാങ്കേതിക രീതികൾ ഉണ്ടായിട്ടും വളരെയേറെ കാലതാമസം വരുന്ന നടപടി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജില്ലാ കളക്ടർക്കും ജില്ലാ ഫിനാൻസ് ഓഫീസർക്കും ഇതിനുള്ള അധികാരം നൽകി വേഗത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ആസ്തി വികസന പദ്ധതിക്ക് കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനും അവ കാലവിളംബം ഇല്ലാതെ പൂർത്തിയാക്കുന്നതിനുമായി നിലവിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന എം.എൽ.എ.-മാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്ന കാര്യം ധനകാര്യ വകുപ്പ് പരിഗണിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ആസ്തി വികസന ഫണ്ട്

49 (1813) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലത്തൂർ നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചവ എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾക്ക് ആയത് ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എലത്തൂർ നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ എലത്തൂർ നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം (42.65 ലക്ഷം രൂപ) എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടും അനുബന്ധരേഖകളും സമയബന്ധിതമായി ഭരണവകുപ്പുകളിൽ ലഭ്യമാകാത്തതാണ് കാലതാമസത്തിന് കാരണം. ഇവ ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഉചിതമായ തലത്തിലുള്ള ശിപാർശയോടെ ഭരണവകുപ്പ് വഴി സമർപ്പിച്ച് ധനാനുമതി വാങ്ങേണ്ടതാണ്.

## അധിക വിൽപ്പന നികുതി

50 (1814) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെട്രോൾ-ഡീസൽ വിലയിൽ എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായത്;

(ബി) ഈ വില വർദ്ധനവുമൂലം സംസ്ഥാനത്തിന് അധിക വില്പനനികുതിയിനത്തിൽ എന്ത് തുക ഇതുവരെ ലഭിച്ചു; ഓരോ പ്രാവശ്യവും വർദ്ധനവ് വരുത്തിയപ്പോൾ സംസ്ഥാനത്തിന് ലഭിച്ച അധിക നികുതി എത്രയായിരുന്നു;

(സി) മുൻഗവൺമെന്റിന്റെ കാലത്ത് ഇപ്രകാരം ലഭിച്ച അധികവില്പന നികുതി വേണ്ടെന്ന് വച്ചിട്ടുണ്ടോ; എങ്കിൽ ഇതുമൂലം സർക്കാരിന് എത്ര കോടി രൂപയുടെ നികുതി നഷ്ടമുണ്ടായി;

(ഡി) വിലവർദ്ധനവിന്റെ ഭാരം കുറയ്ക്കുവാൻ മുൻ യു.ഡി.എഫ്. സർക്കാർ അധിക നികതി വേണ്ടെന്ന് വെച്ച മാതൃകാപരമായ നടപടി ഈ സർക്കാരും പിൻതുടരുമോ?

ഉത്തരം

(എ) പെട്രോളിന് ലിറ്ററിന് 5.30 രൂപയുടെയും ഡീസലിന് ലിറ്ററിന് 5.60 രൂപയുടെയും വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(ബി) 246.69 കോടി രൂപ. ഓരോ പ്രാവശ്യവും വർദ്ധനവ് വരുത്തിയപ്പോൾ സംസ്ഥാനത്തിന് ലഭിച്ച അധിക നികുതിയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഉണ്ട്. ഇതുമൂലം 619.17 കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

**പങ്കാളിത്ത പെൻഷൻ**

51 (1815) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ സംബന്ധിച്ചുള്ള സർക്കാർ നിലപാടെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ജീവനക്കാരുടെ വിഹിതം സമാഹരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് സർക്കാർ വിശദമായി ആലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) എൻ.എസ്.ഡി.എൽ-ൽനിന്നും ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം മാർച്ച് 2017 വരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലേയ്ക്ക് സർക്കാർ വിഹിതവും ജീവനക്കാരന്റെ വിഹിതവും ചേർത്ത് ആകെ 431.33 കോടി രൂപ അടവാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പങ്കാളിത്ത പെൻഷൻ

52 (1816) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ബാധകമാക്കിയിട്ടുണ്ടോ; ഈ പദ്ധതിയിൽ ഉൾപ്പെടാത്ത പൊതുമേഖലാ സ്ഥാപനങ്ങളുണ്ടോ;

(ബി) തൊഴിൽ ഉടമയുടെ പെൻഷൻ വിഹിതം എല്ലാ സ്ഥാപനങ്ങളും കൃത്യമായി അടയ്ക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) ഇതിന്റെ ഫണ്ട് മാനേജർമാരായി നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ തുകയുടെ മാനേജ്മെന്റ് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളോ നിബന്ധനകളോ ഫണ്ട് മാനേജർമാർക്ക് നൽകിയിട്ടുണ്ടോ വിശദീകരിക്കുമോ?

### ഉത്തരം

(എ) 8-4-2014-ലെ സ.ഉ. (പി)നമ്പർ135/2014/ധന പ്രകാരം നിലവിൽ കെ.എസ്.ആർ. പാർട്ട് III പെൻഷൻ നടപ്പിലാക്കിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാത്രമേ ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ളൂ. കെ.എസ്.ആർ. പാർട്ട് III പെൻഷൻ ബാധകമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ ദേശീയ പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല.

(ബി) 8-4-2014-ലെ സ.ഉ. (പി)നമ്പർ135/2014/ധന നിലവിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളെ ദേശീയ പെൻഷൻ പദ്ധതിയിൽ ചേർക്കുന്നതിനുള്ള നടപടികളാരംഭിച്ചു. നാളിതുവരെ 32 പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് 14786 ജീവനക്കാർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഭാരത സർക്കാർ നിർദ്ദിഷ്ട പദ്ധതിക്കായി നിയോഗിച്ച PFRDA (പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി) നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനും പ്രസ്തുത പദ്ധതിക്ക് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനുംശേഷം മാത്രമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ദേശീയ പെൻഷൻ പദ്ധതിയിലേയ്ക്കുള്ള വിഹിതം അടച്ചുതുടങ്ങിയത്. അതാത് മാസത്തെ എൻ.പി.എസ്. വിഹിതത്തോടൊപ്പം 2013 ഏപ്രിൽ മുതലുള്ള കുടിശ്ശിക തുക (തൊഴിലുടമയുടെ വിഹിതവും ജീവനക്കാരന്റെ വിഹിതവും) ഓരോ ഗഡുക്കളായി അടച്ചുതുടങ്ങിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക തുക പൂർണ്ണമായും അടവാക്കിയിട്ടില്ല.

(സി&ഡി) 6-2-2014-ലെ സർക്കുലർ നമ്പർ 07/14/ധന ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശ പ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. എന്നിവരെയാണ് പെൻഷൻ ഫണ്ട് മാനേജർമാരായി നിയമിച്ചിട്ടുള്ളത്.

ഈ നിക്ഷേപത്തിന്റെ 85% വരെ ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പിബോണ്ടുകൾ എന്നിവയിലും 15% വരെ കമ്പനി ഷെയറുകളിലും 5% വരെ മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകളിലും നിക്ഷേപിക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്.

**കാസർഗോഡ് ജില്ലയിലെ സ്റ്റാമ്പ് പേപ്പറിന്റെ ലഭ്യതക്കുറവ്**

53 (1817) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്റ്റാമ്പ് പേപ്പറിന്റെ ലഭ്യതക്കുറവ് രൂക്ഷമായി അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ക്ഷാമം പൊതുവേ സംസ്ഥാനത്ത് മൊത്തമുള്ളതാണോ അല്ലെങ്കിൽ കാസർഗോഡ് ജില്ലയിൽ മാത്രം അനുഭവപ്പെടുന്നതാണോ എന്ന് വ്യക്തമാക്കാമോ;

(സി) ഏത് മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറുകളാണ് ഇപ്പോൾ കാസർഗോഡ് ജില്ലയിൽ ദുർലഭമായിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സംസ്ഥാനത്ത് നിലവിൽ സ്റ്റാമ്പ് പേപ്പറുകൾ ആവശ്യത്തിന് ലഭ്യമാണ്. 3/2017-ൽ മാനന്തവാടി സ്റ്റാമ്പ് ഡിപ്പോയിൽ 100 രൂപയുടെ നോൺ ജ്യൂഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ ക്ഷാമം നേരിട്ടിരുന്നു. എന്നാൽ ഈ കുറവ് യഥാസമയം പരിഹരിച്ചിരുന്നു.

(സി) കാസർഗോഡ് ജില്ലയിലെ ട്രഷറികളിൽ നിലവിൽ എല്ലാ ഇനത്തിലുമുള്ള സ്റ്റാമ്പ് പേപ്പറുകളും ലഭ്യമാണ്.

**ഗിഫ്റ്റിലെ നിയമനങ്ങൾ**

54 (1818) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിഫ്റ്റിലെ നിയമനങ്ങൾ നടത്തുന്നത് ആരാണ്; ഇത് സംബന്ധിച്ച് അപേക്ഷ ക്ഷണിക്കാറുണ്ടോ; കൃത്യമായ മാനദണ്ഡങ്ങൾ അനുസരിച്ച് ഇന്റർവ്യൂ നടത്തിയാണോ തെരഞ്ഞെടുക്കുന്നത്;

(ബി) ജീവനക്കാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഗിഫ്റ്റിലെ റെഗുലേഷൻസിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ ഗിഫ്റ്റിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും അവർ ഇപ്പോൾ ഏതെല്ലാം ജോലിയിൽ ഏർപ്പെട്ടിരിക്കുന്നുവെന്നും വ്യക്തമാക്കാമോ; ഇവ സംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഗിഫ്റ്റിന്റെ നിയമാവലി അനുസരിച്ച് ചെയർമാനും ഡയറക്ടറും ഒഴികെയുള്ള ജീവനക്കാരെ നിയമിക്കുവാനുള്ള അധികാരം ഗിഫ്റ്റിന് തന്നെയാണ്. എന്നാൽ നിലവിലുള്ള ചട്ടമനുസരിച്ച് ഡയറക്ടറെയും ചെയർമാനെയും നിയമിക്കുന്നത് സർക്കാരാണ്. ഗിഫ്റ്റിൽ നിയമനങ്ങൾ നടത്തുമ്പോൾ കൃത്യമായ മാനദണ്ഡങ്ങൾ അനുസരിച്ചും ഇന്റർവ്യൂ നടത്തിയുമാണ് ജീവനക്കാരെ തെരഞ്ഞെടുക്കുന്നത്.

(ബി) ജീവനക്കാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് നിലവിൽ അനുവർത്തിച്ചു വരുന്ന ഗിഫ്റ്റിലെ സർവ്വീസ് റൂളിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു*. (അനുബന്ധം - 1)

(സി) ഈ സർക്കാർ ഗിഫ്റ്റിൽ നിയമിച്ചവരുടെ വിവരങ്ങൾ ചുവടെ പറയുന്നു:

| പേര്/പദവി | ചുമതലകൾ |
|---|---|
| ഡോ. ഡി. നാരായണ, ഡയറക്ടർ | സ്ഥാപനത്തിന്റെ ഭരണചുമതലയുടെ തലവൻ |
| ശ്രീ. വി. ജെ. ഗോപകുമാർ, കൺസൾട്ടന്റ് (കരാർ അടിസ്ഥാനത്തിൽ) | ചരക്ക് സേവന നികുതി സംബന്ധിച്ചുള്ള കരട് നിയമങ്ങളും ചട്ടങ്ങളും എഴുതി ഉണ്ടാക്കുവാനും മറ്റ് അനുബന്ധ ജോലികൾ യഥാസമയം ചെയ്തുതീർക്കുവാനും വാണിജ്യ നികുതി കമ്മീഷണറെ സഹായിക്കുന്നു. |

ഇവരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിരിക്കുന്നു*. (അനുബന്ധം - 2, 3).

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബിയുടെ പ്രവർത്തന പുരോഗതി

55 (1819) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. ബാബു:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) നിലവിൽ എത്ര തുകയുടെ പദ്ധതികൾക്കാണ് നിർവ്വഹണാനുമതി നൽകിയതെന്നും പദ്ധതികളുടെ അംഗീകാരത്തിനായി കണക്കിലെടുക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ;

(സി) ജി. എസ്. ടി. പ്രാബല്യത്തിലാകുന്നത് കിഫ്ബിയുടെ അടിസ്ഥാന മൂലധനത്തിൽ പ്രധാന ഇനമായ പെട്രോളിയം ഉത്പന്നങ്ങളിന്മേലുള്ള സെസ്സിനെ എങ്ങനെ ബാധിക്കാനിടയുണ്ട്?

### ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനത്തിൽ സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിന് പുറമേനിന്നും പണം കണ്ടെത്തുന്നതിനുള്ള ഒരു കേന്ദ്രീകൃത ഏജൻസിയായി കിഫ്ബി പ്രവർത്തിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്രകാരം പണം കണ്ടെത്തുന്നതിനായി സെബിയും, ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി 1999-ലെ കിഫ് ആക്ട് സമഗ്രമായി ഭേദഗതി ചെയ്യുകയും നിധിയുടെ ഭരണത്തിനും അനുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ മേൽനോട്ടത്തിനും നടത്തിക്കൊണ്ടുപോകുന്നതിനുമായി കിഫ് ബോർഡ് പുനഃസംഘടിപ്പിക്കുകയും ചെയ്തു. കൂടാതെ നിധിയുടെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നതിനും നിധിയുടെ എല്ലാ നിക്ഷേപങ്ങളും ഭേദഗതി ചെയ്ത കിഫ് ആക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസൃതമാണെന്നും ബോർഡിലെ നിധി വകമാറ്റി ചെലവഴിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനുമായി ബാങ്കിംഗ്, ധനകാര്യ റെഗുലേഷൻ, സാമ്പത്തിക വിപണികൾ, ഭരണ നിർവ്വഹണം അല്ലെങ്കിൽ സാമ്പത്തികം എന്നിവയിലേതെങ്കിലും ഒരു മേഖലയിൽ ദേശീയ തലത്തിലോ അന്തർദ്ദേശീയ തലത്തിലോ പരിചയ സമ്പന്നത തെളിയിച്ചവരുമായ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷൻ കിഫ്ബിയിൽ രൂപീകരിച്ചിട്ടുണ്ട്. 7-11-2016-ൽ കിഫ് ബോർഡിന്റെ ഇരുപത്തിയേഴാമത്

ബോർഡ് യോഗം (പുനഃസംഘടിപ്പിച്ച കിഫ് ബോർഡിന്റെ ആദ്യ ബോർഡ് യോഗം) കൂടുകയും 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ്/ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. 21-3-2017-ൽ കൂടിയ കിഫ് ബോർഡിന്റെ ഇരുപത്തിയെട്ടാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്. അടുത്ത ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ട പദ്ധതികളുടെ സൂക്ഷ്മ പരിശോധന നടന്നുവരുന്നു. അംഗീകരിച്ച പദ്ധതികളുടെ നടപ്പാക്കലിനാവശ്യമായ ആദ്യ ഗഡു തുകയ്ക്ക് കിഫ്ബിയിൽ നിലവിലുള്ള ഫണ്ട് പര്യാപ്തമാണ്. ഇതിനുപുറമേ പണം ആവശ്യം വരുന്ന ഘട്ടത്തിൽ ലാന്റ് ബോണ്ടുകൾ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ബജറ്റിൽനിന്നും ഇക്കാലയളവുവരെ കിഫ്ബിക്ക് ലഭ്യമാകേണ്ട തുക നിധിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ ഇരുപത്തിയേഴാമത് ബോർഡ് യോഗം 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 21-3-2017-ൽ കൂടിയ കിഫ് ബോർഡിന്റെ ഇരുപത്തിയെട്ടാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പിലാക്കേണ്ട പദ്ധതികൾ കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതിനുള്ള മാർഗ്ഗനിർദ്ദേശം 8-8-2016-ലെ സ.ഉ.(കൈ)നമ്പർ315/16/ധന ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) പെട്രോളിയം സെസ്സിൽ നിന്നുള്ള വരുമാനം കിഫ്ബിയുടെ തനത് ഫണ്ടിലേയ്ക്ക് കൈമാറാൻ ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 വ്യവസ്ഥ ചെയ്യുന്നുണ്ട്. ജി.എസ്.ടി. പ്രാബല്യത്തിൽ വരുമ്പോൾ ഈ ഇനത്തെ ബാധിക്കാനിടയില്ല എന്നാണ് നിലവിലെ വിലയിരുത്തൽ.

## ട്രഷറികളിലെ സ്ഥിരനിക്ഷേപം

56 (1820) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറികളിൽ എത്ര തുക സ്ഥിരനിക്ഷപമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; നിക്ഷപം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ പുതിയതായി ആവിഷ്കരിച്ചിട്ടുണ്ടോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

സംസ്ഥാനത്തെ ട്രഷറികളിൽ 28-4-2017 വരെ 5425.46 കോടി രൂപയാണ് സ്ഥിരനിക്ഷേപമായുള്ളത്.

നിലവിലെ കോർ ബാങ്കിംഗ് സമ്പ്രദായത്തിൽ സ്ഥിരനിക്ഷേപങ്ങളുടെ പലിശ ട്രഷറി സേവിംഗ്സ് അക്കൗണ്ട് വഴിയാണ് നൽകുന്നത്. അതിനാൽ, സ്ഥിരനിക്ഷേപ പലിശയ്ക്ക് വീണ്ടും സേവിംഗ്സ് ബാങ്ക് നിരക്കിലെ പലിശ എന്ന പ്രയോജനം ഇപ്പോൾ എല്ലാ നിക്ഷേപകർക്കും ലഭിക്കുന്നുണ്ട്. അതിലുപരി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് വാർഷിക പലിശ നൽകിവന്നത് പ്രതിമാസം നൽകുന്നതിനും അനുമതി നൽകിക്കഴിഞ്ഞു. ഇതും സ്ഥിരനിക്ഷേപകരെ ആകർഷിക്കാൻ സഹായകരമാകുന്നതാണ്. കൂടാതെ, മറ്റ് പല ധനകാര്യ സ്ഥാപനങ്ങളും നൽകുന്നതിനെക്കാൾ ഉയർന്ന നിരക്കിലെ പലിശയാണ് ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്ക് നൽകിവരുന്നത്.

## പെട്രോളിന് സെസ്സ്

57 (1821) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിന് സെസ്സ് ഏർപ്പെടുത്തിയതുമൂലം 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും എന്ത് തുക ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) മോട്ടോർ വാഹന നികുതിയിനത്തിൽ 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും എന്ത് തുക നികുതിയായി ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) പെട്രോളിന് സെസ്സ് ഏർപ്പെടുത്തിയതുമൂലം 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക (കോടിയിൽ) |
|---|---|
| 2016-17 | 64.53 |
| 2017-18 | 70.98 |
| 2018-19 | 78.08 |
| 2019-20 | 85.89 |
| 2020-21 | 94.48 |

(ബി) ഓരോ വർഷവും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന നികുതി വരുമാനം ചുവടെ ചേർക്കുന്നു:

വാണിജ്യ നികുതി വകുപ്പ് (പർച്ചേസ് ടാക്സ്)

| വർഷം | തുക (കോടിയിൽ) |
|---|---|
| 2016-17 | 2638.23 |
| 2017-18 | 2769.90 |
| 2018-19 | 2908.39 |
| 2019-20 | 3053.81 |
| 2020-21 | 3205.65 |

മോട്ടോർ വാഹന വകുപ്പ്

| വർഷം | തുക (കോടിയിൽ) |
|---|---|
| 2016-17 | 2565.61 |
| 2017-18 | 3890.64 |

ഓരോ വർഷവും അതാത് വർഷത്തെ പരിധി നിർണ്ണയിക്കുന്നതാണ് പതിവ്.

**ട്രഷറികളിലെ നോട്ട് ക്ഷാമം**

58 (1822) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിലെ നോട്ട് ക്ഷാമം പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) ഏതൊക്കെ വകുപ്പുകളുടെയും സ്ഥാപനങ്ങളുടേയും പണമാണ് ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് നിർദ്ദേശം നൽകിയത്;

(സി) ഇതുപ്രകാരം 2017 ഏപ്രിൽ മാസത്തിൽ മാത്രം വിവിധ വകുപ്പുകളും സ്ഥാപനങ്ങളും എന്ത് തുക ട്രഷറിയിൽ നിക്ഷേപിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) സർക്കാർ ആവശ്യപ്പെട്ടിട്ടും ആവശ്യത്തിന് പണം നൽകാത്ത ബാങ്കുകളിൽ ഇനി പണം നിക്ഷേപിക്കുകയില്ല എന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ട്രഷറികളിലൂടെ ശമ്പളവും പെൻഷനും വിതരണം ചെയ്യുവാനായി ഏജൻസി ബാങ്കുകളിൽനിന്നും ഇംപ്രസ്റ്റ് തുക ആവശ്യപ്പെടുമ്പോൾ മിക്ക ദിവസവും 40 ശതമാനത്തോളം തുക മാത്രമേ ലഭിക്കുകയുണ്ടായിട്ടുള്ളൂ. ഈ കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവയുടെ വരുമാനം ട്രഷറികളിൽ നേരിട്ട് അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി വകുപ്പ്, കെ.എസ്.എഫ്.ഇ. എന്നിവയുടെ വരുമാനമാണ് ട്രഷറികളിൽ നിക്ഷേപിക്കുന്നതിന് നിർദ്ദേശം നൽകിയത്.

(സി) 2017 ഏപ്രിൽ 28 വരെ ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി വകുപ്പ്, കെ.എസ്.എഫ്.ഇ. എന്നിവിടങ്ങളിൽനിന്നും ട്രഷറിയിൽ നിക്ഷേപിച്ച തുക താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| ബിവറേജസ് കോർപ്പറേഷൻ | - | 74.12 കോടി രൂപ |
| കെ.എസ്.എഫ്.ഇ. | - | 339.66 കോടി രൂപ |
| ലോട്ടറി | - | 102.80 കോടി രൂപ |

(ഡി) ഇല്ല.

**വിദ്യാഭ്യാസ അനുബന്ധ സേവനങ്ങൾക്ക് സേവന നികുതി**

59 (1823) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അനുബന്ധ സേവനങ്ങൾക്ക് നൽകിയിരുന്ന സേവന നികുതി ഒഴിവ് പരിമിതപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് സേവന നികുതി നൽകേണ്ട സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഏതെല്ലാം സേവനങ്ങൾക്കാണ് ഈ സ്ഥാപനങ്ങൾ സേവന നികുതി പുതിയതായി നൽകേണ്ടി വരുന്നത്; എത്ര ശതമാനമാണ് ഈയിനത്തിൽ ഈടാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ചരക്ക് സേവന നികുതി ഉൾപ്പെടുത്തുമ്പോൾ ഈ സേവന നികുതിയിൽ എന്ത് തരം മാറ്റത്തിനാണ് സാദ്ധ്യത പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ&ബി) 20-6-2012-ൽ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ25/2012-ST-ലെ ക്രമനമ്പർ 9 പ്രകാരം വിദ്യാഭ്യാസ അനുബന്ധ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന സേവന നികുതി പരിമിതപ്പെടുത്തുന്നതിന് നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. ജൂലൈ 1 മുതൽ ചരക്കുസേവന നികുതി പ്രാബല്യത്തിൽ വരുമ്പോൾ ചരക്കുകൾക്കും സേവനങ്ങൾക്കുമുള്ള നികുതി ഒഴിവുകളും നിരക്കുകളും നിശ്ചയിക്കുന്നത് ജി.എസ്.ടി. കൗൺസിൽ ആണ്. ഇതിനുവേണ്ടി കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥ തലത്തിലുള്ള ഒരു fitment committee രൂപീകരിച്ചിട്ടുണ്ട്. ഇതുവരെ ചരക്കുകളുടെയും സേവനങ്ങളുടെയും ഒഴിവുകളും നിരക്കുകളും സംബന്ധിച്ച് വ്യക്തമായ ധാരണയായിട്ടില്ല.

(സി) ചരക്ക്സേവന നികുതി നിലവിൽ വരുമ്പോൾ നിലവിലുള്ള സേവന നികുതി പൂർണ്ണമായും ഒഴിവാകും. തുടർന്ന് ചരക്കുസേവന നികുതി ഈടാക്കും.

## സർക്കാർ വരുത്തിയ ബാധ്യതകൾ

60 (1824) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വിവിധ മേഖലകളിൽ സർക്കാർ വരുത്തിയ എത്ര തുകയുടെ ബാധ്യതകൾ 2016-17 സാമ്പത്തിക വർഷം കൊടുത്തു തീർത്തുവെന്നതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റെടുത്തപ്പോൾ അടിയന്തരമായി കൊടുത്തു തീർക്കാനുണ്ടായിരുന്ന ബാധ്യതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമനമ്പർ | ഇനം | രൂപ (കോടിയിൽ) |
|---|---|---|
| (1) | (2) | (3) |
| 1. | സാമൂഹ്യസുരക്ഷാ പെൻഷൻ | 1525.34 |
| 2. | ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയത് | 1431.00 |
| 3. | കരാറുകാർക്കും ബിൽ റീഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കുകൾക്കും നൽകാനു ണ്ടായിരുന്നത് | 1775.59 |

| (1) | (2) | (3) |
|---|---|---|
| 4. | വേയ്സ് ആന്റ് മീൻസ്, ട്രഷറി ക്യൂ | 800.00 |
| 5. | വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ എന്നിവയിൽ നിന്നും സമാഹരിച്ച തുക | 1365.00 |
| 6. | മറ്റ് പെൻഷനുകൾ (കർഷകർ, മത്സ്യ ത്തൊഴിലാളികൾ, കയർ തുടങ്ങിയവ) | 268.00 |
| | ആകെ | 7164.93 |

മുൻ സർക്കാർ വരുത്തിയ പ്രസ്തുത കുടിശ്ശികയിൽ, ക്രമനമ്പർ 1, 3, 4, 6 എന്നിവ പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ട്. ഇലക്ട്രോണിക് ലെജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയതിൽ 1204.43 കോടി രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ക്ഷേമനിധികൾ/ ബോർഡുകൾ എന്നിവയിൽനിന്നുമുള്ള സ്ഥിര നിക്ഷേപങ്ങളുടെ കാര്യത്തിൽ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് മാറി നൽകിവരുന്നുണ്ട്.

**സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

61 (1825) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ എത്ര ജീവനക്കാർ ഗുണഭോക്താക്കളാകുമെന്ന് വിശദമാക്കാമോ; എത്ര പെൻഷൻകാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും; വിശദമാക്കാമോ;

(സി) പദ്ധതി നടത്തിപ്പിനായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളെയാണ് പരിഗണിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ 487970 ജീവനക്കാർക്കും 499953 പെൻഷൻകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും.

(സി) IRDA-യുടെ അംഗീകാരമുള്ള നാല് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾക്ക് മുൻഗണന നൽകിക്കൊണ്ട് 28 ആരോഗ്യ ഇൻഷ്വറൻസ് കമ്പനികളെയും ടെണ്ടർ നടപടിക്രമം പാലിച്ചുകൊണ്ട് പരിഗണിക്കുന്നതാണ്.

(ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറാകുന്ന മുറയ്ക്ക് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

62 (1826) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എപ്പോൾ മുതൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ടെണ്ടർ നടപടികളിലൂടെ ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിക്കുന്നതും ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശ്രിതരുടെ വിവരങ്ങൾ ശേഖരിക്കുന്നതുമുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി പ്രാബല്യത്തിൽ വരുന്നതാണ്.

**സാമൂഹ്യക്ഷേമ പെൻഷൻ**

63 (1827) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യക്ഷേമ പെൻഷനുകളിൽ വരുത്തിയ വർദ്ധനവ് എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ക്ഷേമനിധി പെൻഷൻ വാങ്ങുന്നവർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സാമൂഹ്യക്ഷേമ പെൻഷൻ ലഭ്യമാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ തുക പ്രതിമാസം 600 രൂപയിൽനിന്നും 2016 ജൂൺ മാസം മുതൽ 1000 രൂപയായും 2017 ഏപ്രിൽ മുതൽ 1100 രൂപയായും ഉയർത്തിയിട്ടുണ്ട്.

(ബി) ക്ഷേമനിധി പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങി വന്നിരുന്നവർക്ക് ക്ഷേമനിധി പെൻഷൻ ഉയർന്ന നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാപെൻഷൻ, പെൻഷൻ തുക ഉയർത്തുന്നതിന് മുമ്പുള്ള തുകയായ 600 രൂപ നിരക്കിലും ലഭിക്കുന്നതാണ്. തനത് ഫണ്ടിൽനിന്ന് പെൻഷൻ നൽകുന്ന ക്ഷേമനിധികളിൽ അംഗങ്ങളായവർക്ക് ക്ഷേമനിധി പെൻഷനോടൊപ്പം ഉയർന്ന നിരക്കിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതാണ്.

**ട്രഷറികളിൽ നടപ്പിലാക്കിയ ഐ.എഫ്.എം.എസ്.**

64 (1828) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളിൽ നടപ്പിലാക്കിയ ഐ.എഫ്.എം.എസിന്റെ ഭാഗമായി രൂപംകൊടുത്ത കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിൽ വന്നിട്ടുള്ള പിശകുകൾ കാരണം ട്രഷറിയിൽ ഇടപാടുള്ള പെൻഷൻകാർക്കും ചെലാൻ ഇടപാടുകൾക്കായി എത്തുന്ന പൊതുജനത്തിനും വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻ.ഐ.സി തലത്തിൽ പരിശോധിച്ച് ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഐ.എഫ്.എം.എസ്.-ന്റെ ഭാഗമായുള്ള കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളുടെ പിശകുകൾ കാരണം പെൻഷൻകാർക്കും മറ്റ് ഇടപാടുകാർക്കും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിൽ പിശകുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ആയത് പരിശോധിച്ച് ഉചിതമായ പരിഹാര നടപടികൾ സത്വരമായി കൈക്കൊള്ളുന്നതാണ്.

**ചെലവഴിക്കാത്ത തുക**

65 (1829) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 ബജറ്റിൽ വകയിരുത്തുകയും എന്നാൽ ചെലവഴിക്കാത്തതുമായ തുകകൾ എത്രയാണ്; ഹെഡ് തിരിച്ച് വിവരങ്ങൾ നൽകുമോ; ഇതേ സാമ്പത്തിക വർഷത്തിൽ സപ്ലിമെന്ററി ഗ്രാന്റായി അഡീഷണൽ ഓതറൈസേഷൻ വഴി തുക ലഭ്യമാക്കുകയും ചെലവഴിക്കാതെ തിരികെ അടച്ചതുമായ തുകകളുടെയും മറ്റും വിവരങ്ങൾ (എല്ലാ വകുപ്പുകളുടെയും) നൽകുമോ;

(ബി) 2016-2017 സാമ്പത്തിക വർഷത്തിലെ റവന്യൂ കുടിശ്ശിക എത്രയാണ്; കൂടാതെ ഒരോ വകുപ്പിലും അഞ്ച് വർഷത്തിലേറെയായി പിരിച്ചെടുക്കാനുള്ള തുകകൾ എത്രയാണ്; വകുപ്പ് തിരിച്ച് (എല്ലാ വകുപ്പുകളുടെയും)നൽകുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് നികുതി അടയ്ക്കുവാൻ സാവകാശം നല്കിയിട്ടുണ്ട്; തുക സഹിതം വിവരങ്ങൾ നൽകുമോ; കൂടാതെ വിവിധ വകുപ്പുകൾ കണ്ടുപിടിച്ച നികുതി വെട്ടിപ്പുകൾ എത്രയാണ്; ഇതിനെതിരെ വകുപ്പുകൾ (എല്ലാ വകുപ്പുകളും)സ്വീകരിച്ച നടപടികളും ഈടാക്കിയ തുകകളുടെ വിവരങ്ങളും നൽകുമോ;

(ഡി) 2013-14-ലും 2014-2015-ലും കോമ്പൗണ്ടിംഗ് രീതി സ്വീകരിച്ച വ്യാപാരികളെ പരിശോധിച്ചതിൽ വാങ്ങൽ നികുതി ചുമത്താത്തതുകാരണം നികുതിചുമത്തിയതിലുണ്ടായ 2,475.55 കോടി രൂപയുടെ പലിശയുൾപ്പടെയുള്ള കുറവിൽ ഇതുവരെ ഈടാക്കിയ തുക എത്രയാണ്; ഇതിനു ശേഷമുള്ള സാമ്പത്തിക വർഷങ്ങളിലും ഇത്തരത്തിലുള്ള കുറവുകൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാരിന്റെ ബാധ്യതകൾ**

66 (1830) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ ഉള്ള ട്രഷറി ബിൽ ഹോൾഡിംഗ്സ് എത്ര; കുടിശ്ശിക എത്ര; 2016-17-ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കുവാൻ അനുമതി നല്കിയ തുക എത്ര; ഇവ വ്യക്തമാക്കാമോ;

(ബി) 24-5-2016-ൽ ഏതെല്ലാം ക്ഷേമപെൻഷനുകളിൽ കുടിശ്ശിക നൽകുവാനുണ്ടായിരുന്നു എന്നും എത്ര തുക ഇതിനായി വേണ്ടിയിരുന്നു എന്നും ഇതിൽ എത്ര തുക ഈ സർക്കാർ നല്കി എന്നും വ്യക്തമാക്കുമോ;

(സി) മുൻസർക്കാർ കരാറുകാർക്ക് കൊടുക്കുവാനുണ്ടായിരുന്ന തുക എത്ര ; പെൻഷൻ കുടിശ്ശിക എത്ര; വിവിധ വകുപ്പുകൾക്ക് നല്കാനുണ്ടായിരുന്നത് എത്ര; പൊതുമേഖലാസ്ഥാപനങ്ങൾ/ക്ഷേമനിധികൾ/ബോർഡുകൾ എന്നിവയിൽ നിന്നും സ്ഥിരനിക്ഷേപമായി സ്വീകരിച്ചിരുന്ന തുക എത്ര ; ഇവ വ്യക്തമാക്കുമോ;

(ഡി) ഇവ സർക്കാരിനുണ്ടാക്കുന്ന ബാധ്യതകൾ എത്രയെന്നും അതിനെ എപ്രകാരം നേരിടാനാണ് ശ്രമിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്തിന്റെ ട്രഷറി ബില്ലുകളിലെ നിക്ഷേപം 1009.30 കോടി രൂപയായിരുന്നു. അതേസമയം ഏതാണ്ട് 7160 കോടി രൂപയുടെ അടിയന്തര ബാധ്യതകൾ കൊടുത്തു തീർക്കാനുണ്ടായിരുന്നു. 2016-17 സാമ്പത്തികവർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കുന്നതിനായി നിശ്ചയിച്ചിരുന്ന പരിധി 18524 കോടി രൂപയായിരുന്നു.

(ബി) 24-5-2016-ൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നീ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ 1525.34 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു. ഈ സർക്കാർ പ്രസ്തുത കുടിശ്ശിക തീർത്ത് ക്ഷേമപെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റെടുത്തപ്പോൾ അടിയന്തരമായി കൊടുത്തുതീർക്കാനുണ്ടായിരുന്ന ഹ്രസ്വകാല ബാധ്യതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | രൂപ (കോടിയിൽ) |
|---|---|---|
| 1. | സാമൂഹ്യസുരക്ഷാ പെൻഷൻ | 1525.34 |
| 2. | ഇലക്ട്രോണിക് ലെജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയത് | 1431.00 |
| 3. | കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കുകൾക്കും നൽകാനുണ്ടായിരുന്നത് | 1775.59 |
| 4. | വേയസ് ആന്റ് മീൻസ്, ട്രഷറി ക്യൂ | 800.00 |
| 5. | വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ എന്നിവയിൽനിന്നും സമാഹരിച്ച തുക | 1365.00 |
| 6. | മറ്റ് പെൻഷനുകൾ (കർഷകർ, മത്സ്യത്തൊഴിലാളികൾ, കയർ തുടങ്ങിയവ) | 268.00 |
| | ആകെ | 7164.93 |

(ഡി) വിവിധ ഇനങ്ങളിലായി 7165 കോടി രൂപയുടെ അടിയന്തര ബാധ്യത അവശേഷിപ്പിച്ചാണ് മുൻ സർക്കാർ അധികാരം ഒഴിഞ്ഞത്. അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രിച്ചും നികുതി പിരിവ് ഊർജ്ജിതമാക്കിയും സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും പ്രസ്തുത സാമ്പത്തിക ബാധ്യത തരണം ചെയ്യുന്നതിനാണ് സർക്കാർ ശ്രമിച്ചത്.

**സംസ്ഥാനത്തിന്റെ മൂലധന ചെലവുകൾ**

67 (1831) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ മൂലധന ചെലവുകൾക്കായി വകയിരുത്തിയ തുക എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും മൂലധന ചെലവുകൾ എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ; എത്ര ശതമാനം വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ മൂലധന ചെലവുകൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയും ആയതിന്റെ ശതമാനത്തിലുള്ള കണക്കും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2011-12 | 3834.69 | 3852.92 | 100.48 |
| 2012-13 | 6554.90 | 4603.29 | 70.23 |
| 2013-14 | 8635.03 | 4294.33 | 49.73 |
| 2014-15 | 6636.38 | 4254.59 | 64.11 |
| 2015-16 | 9220.16 | 7500.04 | 81.34 |

**സംസ്ഥാനത്തിന്റെ പൊതുകടം**

68 (1832) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ 2017 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപയാണ് എന്നത് വ്യക്തമാക്കുമോ?

ഉത്തരം

അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ആകെ പൊതുകടം 31-12-2016 വരെ 1,74,294.08 കോടി രൂപയും 1-4-2016 മുതൽ 31-12-2016 വരെ 16,923.76 കോടി രൂപയുമാണ്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

69 (1833) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഗീതാ ഗോപി:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സംസ്ഥാനത്തിന് സാധിക്കുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY), യു.എൻ. പങ്കാളിത്തമുള്ള ഗ്രീൻ ക്ലൈമറ്റ് പ്രോജക്ട് എന്നിവയിലേയ്ക്ക് സംസ്ഥാനം പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(സി) പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം ഇരുപത്തിയഞ്ച് ശതമാനത്തിൽ നിന്ന് അമ്പത് ശതമാനമാക്കി പുതുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളെ പൂർണ്ണമായും പാലിക്കുമ്പോൾ ചില പ്രതിസന്ധികൾ ഉണ്ടാകാറുണ്ട്. ഈ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താറുണ്ട്.

(ബി) പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY) നീർത്തട ഘടകത്തിനുവേണ്ടി സംസ്ഥാനം പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, പാലക്കാട് (ഐ.ആർ.റ്റി.സി.)-യുടെ പ്രോജക്ട് (Participatory ecosystem action for climate resilience and climate change impact alleviation in the Palakkad gap of Western Ghats, Kerala) ജി.സി.എഫ്.-ന് സമർപ്പിച്ചിട്ടുണ്ട്.

(സി) പുതിയ മാർഗ്ഗനിർദ്ദേശ പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് രീതി ചുവടെ ചേർക്കുന്നു.

കോർ ഓഫ് ദി കോർ : ഈ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ നൂറ് ശതമാനവും 90 : 10 എന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്.

കോർ : കോർ എന്ന വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് അറുപത് ശതമാനം കേന്ദ്ര വിഹിതവും നാൽപ്പത് ശതമാനം സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ പുതിയ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിനുമുമ്പ് എഴുപത്തിയഞ്ച് ശതമാനം, എൺപത് ശതമാനം എന്ന രീതിയിൽ കേന്ദ്ര വിഹിതം ലഭിക്കുമായിരുന്നു.

ഓപ്ഷണൽ : ഈ വിഭാഗത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം 50 : 50 എന്ന അനുപാതത്തിലാണ്.

**ചെക്കുപോസ്റ്റുകൾ കേന്ദ്രീകരിച്ചുള്ള അഴിമതി**

70 (1834) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെക്കുപോസ്റ്റുകൾ കേന്ദ്രീകരിച്ച് വ്യാപകമായി അഴിമതി നടക്കുന്നുവെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരത്തെ അമരവിള ചെക്കുപോസ്റ്റ് അതിർത്തിയിലെ കർഷകരിൽ നിന്നും ഉദ്യോഗസ്ഥർ പണപ്പിരിവ് നടത്തുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ അഴിമതി രഹിതമാക്കുന്നതിനും കർഷക സൗഹൃദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിശോധിക്കുന്നതാണ്.

(സി) GST നടപ്പിൽവരുന്ന സാഹചര്യത്തിൽ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ സ്വഭാവം എന്തായിരിക്കണമെന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**മണലൂർ എം.എൽ.എ. 2015-16-ൽ ശിപാർശ ചെയ്ത പ്രവൃത്തികൾ**

71 (1835) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണലൂർ എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും, എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ നൽകാമോ?

ഉത്തരം

2015-16 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണലൂർ നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന പ്രവൃത്തികൾ സംബന്ധിച്ച ശിപാർശകളാണ് ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുള്ളത്.

a) പാവറട്ടി ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാന്റ് കം പഞ്ചായത്ത് ഓഫീസ് നിർമ്മാണം

b) കേച്ചേരി ഗവ. എൽ.പി. സ്കൂളിന് ക്ലാസ്സ് റൂം കെട്ടിട നിർമ്മാണം

c) പേരാവൂർ ഗവ. സ്കൂൾ കോമ്പൗണ്ടില എ.ഇ.ഒ. ഓഫീസ് കെട്ടിട നിർമ്മാണം

d) ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ 24-ാം വാർഡിൽ 500m റോഡും രണ്ട് കൾവർട്ടുകളും മെറ്റലിംഗും ടാറിംഗും

e) വാടാനപ്പള്ളി പോലീസ് സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണം

f) മുല്ലശ്ശേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടവും കുഴൽക്കിണർ നിർമ്മാണവും

g) അരിമ്പൂർ ഗവ. ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം

ഇവയിൽ വാടാനപ്പള്ളി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം എന്ന പ്രവൃത്തിക്ക് G.O. (Rt) No. 679/2016/Home dt. 26-2-2016 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**റിട്ടയർ ചെയ്ത വാണിജ്യനികുതി ഉദ്യോഗസ്ഥരുടെ പുനർനിയമനം**

72 (1836) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വാണിജ്യ നികുതി വകുപ്പിൽനിന്ന് റിട്ടയർ ചെയ്ത എത്ര ഉദ്യോഗസ്ഥർക്കാണ് പുനർ നിയമനം നൽകിയത്;

(ബി) അവർ ആരെല്ലാമാണ്; എന്തെല്ലാം ജോലികളാണ് ചെയ്യുന്നത്;

(സി) ഇവരുടെ പുനർ നിയമനം മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വാണിജ്യ നികുതി വകുപ്പിൽ നിന്നും വിരമിച്ച ആർക്കും തന്നെ സർക്കാരിൽ പുനർ നിയമനം നൽകിയിട്ടില്ല.

(സി) ബാധകമല്ല.

**പങ്കാളിത്ത പെൻഷൻ**

73 (1837) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എസ്.ഡി.എൽ. (നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡ് ) സെന്റർ റിക്കോർഡ് ഏജൻസിയുടെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് എത്ര ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ദേശീയ പെൻഷൻ പദ്ധതിയിൽ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും ചേർത്ത് ആകെ എത്ര രൂപയുടെ നിക്ഷേപം ഉണ്ട്; ഇതിന് എത്ര തുക ബോണസ് ആയി ലഭ്യമായിട്ടുണ്ട്;

(സി) ഫണ്ട് മാനേജർമാർ നിക്ഷേപിച്ച ഗവൺമെന്റ് സെക്യൂരിറ്റികൾ, ബോണ്ടുകൾ, കമ്പനി ഷെയറുകൾ, ടേം ഡിപ്പോസിറ്റുകൾ, റുപ്പിബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ എന്നിവയുടെ പ്രോഫിറ്റ് ഗ്രാഫുകൾ പരിശോധിക്കുന്ന സംവിധാനം എങ്ങനെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2017 മാർച്ച് 31 വരെ 49173 സംസ്ഥാന ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് PRAN എടുത്തിട്ടുണ്ട്.

(ബി) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2017 മാർച്ച് 31 വരെ പ്രസ്തുത പദ്ധതിയിൽ ജീവനക്കാരുടെ വിഹിതവും (215.665 കോടി രൂപ) സർക്കാർ വിഹിതവും (215.665 കോടി രൂപ) കൂടിച്ചേർത്ത് ആകെ 431.33 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഇതിന് ബോണസ് ലഭ്യമല്ല. എന്നാൽ ഓരോ ജീവനക്കാരന്റെയും അക്കൗണ്ടിലുള്ള തുകയ്ക്ക് ആനുപാതികമായ റിട്ടേൺ ലഭ്യമാകുന്നുണ്ട്.

(സി) ഫണ്ട് മാനേജർമാർ നിക്ഷേപം നടത്തുന്ന ഗവൺമെന്റ് സെക്യൂരിറ്റികൾ, ബോണ്ടുകൾ, കമ്പനി ഷെയറുകൾ തുടങ്ങിയവയുടെ പ്രോഫിറ്റ് ഗ്രാഫുകൾ കേരളത്തിന് മാത്രമായി പരിശോധിക്കുവാൻ നിലവിൽ സംവിധാനമില്ല. എന്നാൽ വ്യക്തിഗതമായി എൻ.പി.എസ്. വരിക്കാർക്ക് www.cra-nsdl.com എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് പരിശോധിക്കുവാൻ സാധിക്കുന്നതാണ്.

## ഇ-ട്രഷറി സംവിധാനം

74 (1838) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ ഇ-ട്രഷറി സംവിധാനം ഏർപ്പെടുത്തിയിട്ടും ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ വഴി പണമൊടുക്കുന്നതിന് സംവിധാനമൊരുക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നോട്ട് ക്ഷാമം തുടരുന്ന സാഹചര്യത്തിൽ പി.ഒ.എസ്.സംവിധാനം ട്രഷറികളിൽ ഏർപ്പെടുത്താത്തത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നതും ഇ-ട്രഷറി സംവിധാനത്തെ പരാജയപ്പെടുത്തുന്നതുമാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) സംസ്ഥാനത്തെ ട്രഷറി സേവനങ്ങൾ കാലോചിതമായി പരിഷ്കരിക്കാത്തതുമൂലം ഇടപാടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് യഥാസമയം പരിഹരിക്കുന്നതിന് പി.ഒ.എസ്. സംവിധാനമുൾപ്പെടെ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ-ട്രഷറി സംവിധാനത്തിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഏർപ്പെടുത്തുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഡെബിറ്റ് കാർഡ് സംവിധാനം പ്രാവർത്തികമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) നോട്ട് ക്ഷാമംമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ റിസർവ് ബാങ്ക് അധികാരികളെ പല പ്രാവശ്യം അറിയിച്ചിട്ടുണ്ട്. പി.ഒ.എസ്. സംവിധാനം ഏർപ്പെടുത്താത്തത് ട്രഷറികളിൽ ബുദ്ധിമുട്ടുണ്ടാക്കുന്നതായി കരുതുന്നില്ല. ഇ-ട്രഷറി വഴി ഓൺലൈനായാണ് തുകകൾ കൈമാറ്റം ചെയ്യപ്പെടുന്നത്. ആയതിനാൽ നോട്ട് ക്ഷാമം ഇ-ട്രഷറി സംവിധാനത്തെ കാര്യമായി ബാധിച്ചിട്ടില്ല.

(സി) ട്രഷറി സേവനങ്ങൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. പി.ഒ.എസ്. സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഇ-ട്രഷറി കോർബാങ്കിംഗ്, ഓൺലൈനായി ബില്ലുകൾ സമർപ്പിച്ച് പാസ്സാക്കുന്ന സംവിധാനം, റിസർവ് ബാങ്ക് പോർട്ടൽ വഴി ഓൺലൈനായി തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്ന സംവിധാനം തുടങ്ങിയവ നടപ്പിലാക്കിക്കഴിഞ്ഞു.

**ട്രഷറി ഇടപാടുകൾ പൊതുജന സൗഹൃദമാക്കാൻ നടപടി**

75 (1839) <u>ശ്രീ. റോഷി അഗസ്റ്റിൻ :</u>
<u>ശ്രീ. മോൻസ് ജോസഫ് :</u>
<u>ശ്രീ. സി. എഫ്. തോമസ് :</u>
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയതിനുശേഷം ഗുണപരമായ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമേഖല ബാങ്കുകൾ ഇടപാടുകൾ നടത്തുന്നതിനും മറ്റും അമിത ചാർജ്ജുകൾ ഈടാക്കുന്ന പ്രവണത തുടരുന്ന സാഹചര്യത്തിൽ ട്രഷറി സേവിംഗ്സ് ബാങ്ക് സംവിധാനത്തിലേയ്ക്ക് പൊതുജനങ്ങളെ ആകർഷിക്കുന്നതിന് ഉതകുന്നതരത്തിൽ കർമ്മപദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാന സഹകരണ ബാങ്കുകളുമായി സഹകരിച്ച് സംസ്ഥാനത്തുടനീളം ട്രഷറി എ.ടി.എമ്മുകൾ സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ട്രഷറി സംവിധാനം വഴി ജനങ്ങളുടെ ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നവിധത്തിൽ മൊബൈൽ ഫോൺ ആപ്ലിക്കേഷനുകളുടെ സാധ്യത ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയതോടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുള്ളയാൾക്ക് ഏത് ട്രഷറി വഴിയും പണമൊടുക്കുവാനും ഏത് ട്രഷറിയിൽ നിന്നും പണം പിൻവലിക്കാനുമുള്ള സൗകര്യം സാധ്യമായിട്ടുണ്ട്. കൂടാതെ വിവിധ യൂട്ടിലിറ്റി പേമെന്റുകൾക്കുള്ള സൗകര്യം, ഏത് അക്കൗണ്ടിലേയ്ക്കും ഇലക്ട്രോണിക്കായി പണം കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യം എന്നിവയും താമസംവിനാ സാധ്യമാകുന്നതാണ്. ഇതുമൂലം സമയബന്ധിതമായി സേവനം പ്രദാനം ചെയ്യാനും ട്രഷറികളിലെ തിരക്ക് ഒരു പരിധിവരെ കുറയ്ക്കാനും സാധിച്ചിട്ടുണ്ട്.

(ബി) ട്രഷറി സേവിംഗ്സ് ബാങ്കിംഗ് സംവിധാനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 1-11-2016-ൽ കോർ ബാങ്കിംഗ് സംവിധാനം നിലവിൽ വന്നു. ഇതിൻപ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് ചെക്കുകൾ ഏത് ട്രഷറിയിൽ നിന്ന് മാറിയെടുക്കുവാനും ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് ഏത് ട്രഷറിയിൽ നിന്നും തുക അടയ്ക്കുവാനും സാധിക്കും. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും ഐ.എഫ്.എസ്. കോഡുള്ള ബാങ്കുകളിലേയ്ക്ക് തുക മാറ്റുവാൻ കഴിയും. ട്രഷറി സേവിംഗ്സ് ബാങ്കിന് ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനവും മൊബൈൽ ആപ്ലിക്കേഷനും കൊണ്ടുവരുന്നതിനുള്ള നടപടികൾ ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു. ഇത് പൂർത്തിയായാൽ യൂട്ടിലിറ്റി ചാർജ്ജുകളായ electricity, water charges മുതലായവയുടെ പേയ്മെന്റുകൾ ഈ സംവിധാനത്തിലൂടെ നടത്തുവാൻ കഴിയും. ഇത്തരത്തിലുള്ള പദ്ധതികളിലൂടെ ട്രഷറി സേവിംഗ്സ് ബാങ്ക് ആധുനികവൽക്കരണ പ്രക്രിയയിൽ മുന്നോട്ടുപോയി കൂടുതൽ ജനകീയമാക്കുവാനും കഴിയും.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) ട്രഷറി ഉപഭോക്താക്കൾക്കുള്ള മൊബൈൽ ഫോൺ ആപ്ലിക്കേഷൻ സേവനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കൊടകര മിനി സിവിൽ സ്റ്റേഷനിൽ സബ് ട്രഷറി**

76 (1840) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര മിനി സിവിൽ സ്റ്റേഷനിൽ സബ് ട്രഷറിയും സ്റ്റാമ്പ് വെണ്ടറെയും അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊടകര മിനി സിവിൽ സ്റ്റേഷനിൽ സബ് ട്രഷറിയും സ്റ്റാമ്പ് വെണ്ടറെയും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൊടകര സമന്വയ സാംസ്കാരിക സൗഹൃദവേദിയുടെ അപേക്ഷ ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത അപേക്ഷ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ചേലക്കര സബ് ട്രഷറിയിൽ ജൂനിയർ സൂപ്രണ്ട്**

77 (1841) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര സബ് ട്രഷറിയിൽ നിലവിൽ അനുവദനീയമായ തസ്തികകൾ ഏതൊക്കെയാണ്;

(ബി) ഇവയിൽ ഏതെല്ലാം തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(സി) ചേലക്കര സബ് ട്രഷറിയിൽ ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക അനുവദിച്ച് നൽകിയിട്ടില്ലാത്തതുകൊണ്ട് സബ് ട്രഷറി ആഫീസർ ലീവിൽ പോകേണ്ടതായ അവസരത്തിൽ ഏത് തസ്തികയിൽപ്പെട്ടയാൾക്കാണ് പകരം ചാർജ്ജ് നൽകുക;

(ഡി) ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിച്ച് ചേലക്കര സബ് ട്രഷറിയുടെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേലക്കര സബ് ട്രഷറിയിൽ നിലവിൽ 9 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അവ ചുവടെ ചേർത്ത് സമർപ്പിക്കുന്നു:

| | | |
|---|---|---|
| 1 | സബ് ട്രഷറി ഓഫീസർ | 1 |
| 2 | സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് | 1 |
| 3 | സീനിയർ അക്കൗണ്ടന്റ് | 1 |
| 4 | ജൂനിയർ അക്കൗണ്ടന്റ് | 1 |
| 5 | ട്രഷറർ | 2 |
| 6 | ഓഫീസ് അറ്റൻഡന്റ് | 2 |
| 7 | പാർട്ട് ടൈം സ്വീപ്പർ | 1 |
| | ആകെ | ** Expression is faulty ** |

(ബി) തസ്തികകളൊന്നും തന്നെ നിലവിൽ ഒഴിഞ്ഞുകിടക്കുന്നില്ല.

(സി) ചേലക്കര സബ് ട്രഷറിയിൽ ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക അനുവദിച്ച് നൽകാത്തതുകൊണ്ട് സബ് ട്രഷറി ഓഫീസർ ലീവിൽ പോകേണ്ടതായ അവസരത്തിൽ സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റിനാണ് പകരം ചാർജ്ജ് നൽകുന്നത്.

(ഡി) ട്രഷറി ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

**സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾ**

78 (1842) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ട്രഷറികൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഡി.പി.ആർ. തയ്യാറാക്കി നൽകുന്നതിന് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നോ; വിശദമാക്കാമോ;

(സി) ഏതെല്ലാം ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള ഡി.പി.ആർ. ആണ് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ തയ്യാറാക്കി നൽകിയിട്ടുള്ളത്; ആയതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഏറനാട് മണ്ഡലത്തിലെ എടവണ്ണ സബ് ട്രഷറിയുടെ ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 78 ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. അവ താഴെ ചേർക്കുന്നു:

1. ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. ജില്ലാ ട്രഷറി, കൊട്ടാരക്കര
3. ജില്ലാ ട്രഷറി, ഇടുക്കി
4. ജില്ലാ ട്രഷറി, ഇരിങ്ങാലക്കുട
5. ജില്ലാ ട്രഷറി, ചെർപ്പുളശ്ശേരി
6. ജില്ലാ ട്രഷറി, മട്ടന്നൂർ
7. സബ് ട്രഷറി, കടയ്ക്കാവൂർ
8. സബ് ട്രഷറി, കഴക്കൂട്ടം
9. സബ് ട്രഷറി, നെടുമങ്ങാട്
10. സബ് ട്രഷറി, മലയിൻകീഴ്
11. സബ് ട്രഷറി, വിതുര
12. സബ് ട്രഷറി, വെള്ളനാട്
13. സബ് ട്രഷറി, പറവൂർ

14. സബ് ട്രഷറി, പത്തനാപുരം
15. സബ് ട്രഷറി, ചടയമംഗലം
16. സബ് ട്രഷറി, പൂയപ്പള്ളി
17. സബ് ട്രഷറി , അടൂർ
18. സബ് ട്രഷറി , തിരുവല്ല
19. സബ് ട്രഷറി , റാന്നി-പെരുനാട്
20. സബ് ട്രഷറി, കുത്തിയതോട്
21. സബ് ട്രഷറി, പൂച്ചാക്കൽ
22. സബ് ട്രഷറി, എടത്വാ
23. സബ് ട്രഷറി, മാന്നാർ
24. സബ് ട്രഷറി മുതുകുളം
25. സബ് ട്രഷറി, നൂറനാട്
26. സബ് ട്രഷറി, പൊൻകുന്നം
27. സബ് ട്രഷറി, ചങ്ങനാശ്ശേരി
28. സബ് ട്രഷറി, പള്ളിക്കാത്തോട്
29. സബ് ട്രഷറി, മുണ്ടക്കയം
30. സബ് ട്രഷറി, എരുമേലി
31. സബ് ട്രഷറി, കറുകച്ചാൽ
32. സബ് ട്രഷറി, അയർക്കുന്നം
33. സബ് ട്രഷറി, ഈരാറ്റുപേട്ട
34. സബ് ട്രഷറി, കടുത്തുരുത്തി
35. സബ് ട്രഷറി, കുറവിലങ്ങാട്
36. സബ് ട്രഷറി, മുരിക്കാശ്ശേരി
37. സബ് ട്രഷറി, കരിമണ്ണൂർ

38. സബ് ട്രഷറി, പള്ളുരുത്തി
39. സബ് ട്രഷറി, കോലാഞ്ചേരി
40. സബ് ട്രഷറി, കല്ലൂർക്കാട്
41. സബ് ട്രഷറി, മണലൂർ
42. സബ് ട്രഷറി, വടക്കാഞ്ചേരി
43. സബ് ട്രഷറി, വളാഞ്ചേരി
44. സബ് ട്രഷറി, അരീക്കോട്
45. സബ് ട്രഷറി, മക്കരപ്പറമ്പ്
46. സബ് ട്രഷറി, ചങ്ങരംകുളം
47. സബ് ട്രഷറി, കരുവാരക്കുണ്ട്
48. സബ് ട്രഷറി, വണ്ടൂർ
49. സബ് ട്രഷറി, പുലാമന്തോൾ
50. സബ് ട്രഷറി, കോട്ടക്കൽ
51. സബ് ട്രഷറി, എടവണ്ണ
52. സബ് ട്രഷറി, എടക്കര
53. സബ് ട്രഷറി, നിലമ്പൂർ
54. സബ് ട്രഷറി, വേങ്ങര
55. സബ് ട്രഷറി, ഫറോക്ക്
56. സബ് ട്രഷറി, പയ്യോളി
57. സബ് ട്രഷറി, തൊട്ടിൽപ്പാലം
58. സബ് ട്രഷറി, കല്ലാച്ചി
59. സബ് ട്രഷറി, ബാലുശ്ശേരി
60. സബ് ട്രഷറി, മുക്കം
61. സബ് ട്രഷറി, കൂരാച്ചുണ്ട്

62. സബ് ട്രഷറി, പുൽപ്പള്ളി
63. സബ് ട്രഷറി, സുൽത്താൻ ബത്തേരി
64. സബ് ട്രഷറി, നടവയൽ
65. സബ് ട്രഷറി, ശ്രീകണ്ഠാപുരം
66. സബ് ട്രഷറി, ചെറുപുഴ
67. സബ് ട്രഷറി, പഴയങ്ങാടി
68. സബ് ട്രഷറി, ചക്കരക്കല്ല്
69. സബ് ട്രഷറി, കൊളച്ചേരി
70. സബ് ട്രഷറി, ആലക്കോട്
71. സബ് ട്രഷറി, ചട്ടഞ്ചാൽ
72. സബ് ട്രഷറി, മാലക്കല്ല്
73. സബ് ട്രഷറി, ഷൊർണ്ണൂർ
74. സബ് ട്രഷറി, ശ്രീകൃഷ്ണപുരം
75. സബ് ട്രഷറി, ഇരിട്ടി
76. സബ് ട്രഷറി, പാനൂർ
77. സബ് ട്രഷറി, പുതുക്കാട്
78. സബ് ട്രഷറി, മുകുന്ദപുരം

(ബി) ഭൂമി ലഭ്യമായിട്ടുള്ള ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു.

(സി) പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ മാന്നാർ സബ് ട്രഷറി, പുൽപ്പള്ളി സബ് ട്രഷറി, ട്രഷറി ഡയറക്ടറേറ്റ് എന്നീ കെട്ടിടങ്ങൾക്കുള്ള പ്രോജക്ട് റിപ്പോർട്ട് അനുമതിക്കായി ട്രഷറി വകുപ്പ് സമർപ്പിച്ചിരുന്നു. എന്നാൽ 2016-ലെ നിയമസഭ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷമാണ് ശിപാർശ ലഭ്യമായതെന്ന കാരണത്താൽ നിരസിക്കുകയുണ്ടായി. പിന്നീട് മട്ടന്നൂർ അഡീഷണൽ ജില്ലാ

ട്രഷറി കെട്ടിട നിർമ്മാണത്തിനുള്ള പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം '4059-1-90-16 ട്രഷറി കെട്ടിട നിർമ്മാണം' എന്ന ശീർഷകത്തിൽ നിന്നും ചെലവുവഹിച്ച് കെട്ടിടം നിർമ്മിക്കുവാൻ ഭരണാനുമതി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് അനുവാദം നൽകിയിട്ടുണ്ട്.

(ഡി) എടവണ്ണ സബ് ട്രഷറിയുടെ ഡി.പി.ആർ. ലഭ്യമായിട്ടില്ല.

**കൊയ്‌ലാണ്ടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം**

79 (1843) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സബ് ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടം എത്ര വർഷത്തെ പഴക്കമുള്ളതാണെന്ന് വ്യക്തമാക്കാമോ;

(ബി) സബ് ട്രഷറി ഓഫീസിലെ സ്ഥലപരിമിതിയും അസൗകര്യങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ പരിസരത്തുള്ള സ്ഥലം കിട്ടുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) പ്രസ്തുത വിഷയത്തിൽ ഇപ്പോൾ നടന്നു വരുന്ന നടപടികൾ വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 100 വർഷത്തോളം പഴക്കമുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ വിഷയം ഇപ്പോൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) കൊയിലാണ്ടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമി കൈമാറ്റം നടത്തുന്നതിന് ആവശ്യമായ തീരുമാനം ഉണ്ടാകുന്നതിലേയ്ക്ക് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ പ്രോജക്ട്-I ജലവിഭവ സെക്രട്ടറിക്ക് ശിപാർശ സമർപ്പിക്കുകയും തുടർന്ന് പ്രസ്തുത ഭൂമി റവന്യൂ ഭൂമിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ടി വകുപ്പ്

നിർദ്ദേശിച്ചതിനെത്തുടർന്ന് ചീഫ് എഞ്ചിനീയർ പ്രോജക്ട്-I കോഴിക്കോട് ജില്ലാ കളക്ടർക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് കൊയിലാണ്ടി തഹസിൽദാർ ഭൂമി കൈമാറ്റത്തിനുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സമർപ്പിക്കുവാൻ കൊയിലാണ്ടി സബ് ട്രഷറി ആഫീസറോട് ആവശ്യപ്പെടുകയും പ്രസ്തുത അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**ട്രഷറികളിൽ എ.ടി.എം. സംവിധാനം**

80 (1844) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എല്ലാ സർക്കാർ ജീവനക്കാർക്കും ട്രഷറികളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും ട്രഷറി വഴി ശമ്പളം നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

14-12-2012-ലെ G.O.(Rt) No. 10460/12/Fin. പ്രകാരം സംസ്ഥാനത്തെ നാല് ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന stand alone ATM-കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന കാരണത്താൽ സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം.-ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്.

സർക്കാർ ജീവനക്കാരിൽ നാല്പത്തയ്യായിരത്തോളം ജീവനക്കാർ ഇപ്പോൾ തന്നെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴിയാണ് ശമ്പളവും മറ്റ് അലവൻസുകളും മാറുന്നത്. ശമ്പളവും അലവൻസുകളും ഓപ്ഷണലായി ട്രഷറി സേവിംഗ്സ് ബാങ്ക് വഴി സ്വീകരിക്കുന്നതിന് ഗസറ്റഡ് ഓഫീസർമാർക്ക് നിലവിലുണ്ടായിരുന്ന സംവിധാനം നോൺ ഗസറ്റഡ് ഓഫീസർമാർക്ക് കൂടി വ്യാപിപ്പിച്ചുകൊണ്ട് 22-4-2017-ലെ സ.ഉ.(പി)നമ്പർ53/2017/ധന ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**ഭാഗ്യക്കുറിയുടെ സമ്മാന ഘടന**

81 (1845) ശ്രീ. കെ. ആൻസലൻ:

<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>

<u>ശ്രീ. യു. ആർ. പ്രദീപ്:</u>

<u>ശ്രീ. ഐ.ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാന ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഭാഗ്യക്കുറി ടിക്കറ്റുകളുടെ മൊത്തം വിറ്റുവരവിന്റെ ഒരു ശതമാനം ക്ഷേമനിധിയിലേയ്ക്ക് അംശദായമായി അടയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ക്ഷേമനിധി അംഗങ്ങളുടെ ഏതെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും (പൗർണ്ണമി, വിൻവിൻ, സ്ത്രീശക്തി, അക്ഷയ, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ) മുഖവില 30 രൂപയാക്കി ഏകീകരിച്ചുകൊണ്ടും സമ്മാനങ്ങളുടെ എണ്ണത്തിലും ശതമാനത്തിലും വർദ്ധനവ് വരുത്തിയും ഏജന്റുമാർക്കുള്ള ഡിസ്കൗണ്ട് മൂന്ന് സ്ലാബുകളായി നിജപ്പെടുത്തിയും (2000 ടിക്കറ്റുകൾ വരെ 26 ശതമാനം, 2001 മുതൽ 10000 വരെ 27 ശതമാനം, 10,000-ന് മുകളിൽ 28 ശതമാനം) 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ പരിഷ്കരിക്കുന്ന വിഷയം പരിഗണനയിലുണ്ട്. 10 പരമ്പരകളിലായി പരമാവധി 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധത്തിലാണ് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാന ഘടനകൾ പരിഷ്കരിക്കാനുദ്ദേശിക്കുന്നത്.

(ബി) സർക്കാർ ഓരോ വർഷവും സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് വഴി ശേഖരിക്കുന്ന ടിക്കറ്റുകളുടെ മൊത്തം വിറ്റുവരവിന്റെ ഒരു ശതമാനം ക്ഷേമനിധിയിലേയ്ക്കുള്ള അംശദായമായി അടയ്ക്കേണ്ടതാണെന്ന് ക്ഷേമനിധി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഓരോ പുതിയ പദ്ധതികളുടെ നടത്തിപ്പിനും ആനുകൂല്യങ്ങൾ കുടിശ്ശിയില്ലാതെ അനുവദിക്കുന്നതിനും ആവശ്യമായ തോതിൽ ഫണ്ട് അനുവദിക്കുന്നുണ്ട്.

(സി) നിലവിൽ ക്ഷേമനിധി പദ്ധതി വിജ്ഞാപനപ്രകാരം അനുവദിച്ചുവരുന്ന ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, മരണാനന്തര

ധനസഹായം, വിവിധ പെൻഷനുകൾ എന്നിവയ്ക്കും ഓണം ബോണസ് വിതരണം ചെയ്യുന്നതിനും അംഗങ്ങളുടെ മക്കൾക്കുള്ള വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് മുച്ചക്രവാഹനം നൽകുന്ന പദ്ധതി, അംഗങ്ങളായ ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി, അംഗങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ്, അപകട മരണ ഇൻഷ്വറൻസ് എന്നിവ നടപ്പാക്കുന്ന പദ്ധതി എന്നീ പുതിയ പദ്ധതികൾക്കുമായി പ്രസ്തുത തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

## കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിനുകീഴിൽ ജോലി ചെയ്തിരുന്നവർ

82 (1846) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിന് കീഴിൽ ആസ്ഥാന ഓഫീസിലും ജില്ലാ ഓഫീസിലും ജോലി ചെയ്തിരുന്ന എത്രപേരെ ഒഴിവാക്കി; ഒഴിവാക്കിയവരുടെ വിവരങ്ങൾ ജില്ലതിരിച്ച് അറിയിക്കുമോ;

(ബി) ജീവനക്കാരെ പിരിച്ചുവിടാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ ഇതിനോടകം എത്രപേരെ പുതിയതായി നിയമിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് ആസ്ഥാന ഓഫീസിലും 14 ജില്ലാ ഓഫീസുകളിലുമായി 45 പേരെ ഒഴിവാക്കിയിട്ടുണ്ട്. ഒഴിവാക്കിയവരുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം (എ) ആയി ചേർക്കുന്നു.*

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച് കാലാവധി കഴിഞ്ഞതും ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നവരെയും ഒഴിവാക്കി പൂർണ്ണമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിലേയ്ക്കായാണ് ജീവനക്കാരെ പിരിച്ചുവിട്ടത്

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് ആസ്ഥാന ഓഫീസിലും, 14 ജില്ലാ ഓഫീസുകളിലുമായി 45 പേരെ നിയമിച്ചിട്ടുണ്ട്. പുതിയതായി നിയമിച്ചവരുടെ എണ്ണവും വിവരങ്ങളും അനുബന്ധം (ബി) ആയി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് പദ്ധതി

83 (1847) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ഒരിക്കൽ അനുവദിച്ച തുക ചികിത്സയ്ക്ക് ഉപയോഗിച്ച തീർന്നു കഴിഞ്ഞാൽ, രോഗിയുടെ തുടർ ചികിത്സയ്ക്ക് തുക അനുവദിക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ തുടർചികിത്സ അനിവാര്യമായ രോഗികൾക്ക് വീണ്ടും തുക നൽകുന്നതിനെ കുറിച്ച് ആലോചിക്കുമോ;

(സി) റേഷൻ കാർഡ്, ആധാർ കാർഡ്, വോട്ടർ ഐ.ഡി. തുടങ്ങിയ രേഖകൾ ഇല്ലാത്ത ആളുകൾ മാരകമായ രോഗം ബാധിച്ച് ചികിത്സ കാത്തിരിക്കുമ്പോൾ കാരുണ്യ ബെനവലന്റ് സ്കീമിന്റെ ആനുകൂല്യം അവർക്ക് കൂടി ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാരുണ്യ പദ്ധതിപ്രകാരം വൃക്കരോഗ ചികിത്സയ്ക്ക് പരമാവധി മൂന്ന് ലക്ഷം രൂപ വരെയും പദ്ധതിയിലുൾപ്പെട്ട മറ്റ് ചികിത്സകൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വരെയും ഒരു തവണയായോ പല തവണകളായോ ചികിത്സാ സഹായത്തിന് അപേക്ഷിക്കാവുന്നതാണ്. ഹീമോഫീലിയ രോഗചികിത്സയ്ക്ക് പരിധിയില്ലാതെ തുക അനുവദിക്കുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ലോട്ടറി ടിക്കറ്റുകളുടെ സമ്മാന ഘടന

84 (1848) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പുതിയ ലോട്ടറികൾ ഏതെല്ലാമാണ്;

(ബി) ഏതെല്ലാം ലോട്ടറി ടിക്കറ്റുകളുടെ നിരക്ക്,സമ്മാനഘടന എന്നിവ പരിഷ്കരിക്കുകയുണ്ടായി; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നിലവിലുള്ള ലോട്ടറി ടിക്കറ്റുകളുടെ നിരക്ക്, സമ്മാന ഘടന എന്നിവ പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 23-8-2016-ലെ ജി.ഒ. (എം.എസ്.)നമ്പർ85/2016/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിർമ്മൽ എന്ന പേരിൽ 100 രൂപ മുഖവിലയുള്ള ഒരു ബൈവീക്കിലി ലോട്ടറി ആരംഭിച്ചിരുന്നു. 21-4-2017-ലെ ഭാഗ്യനിധി 286-ാമത് നറുക്കെടുപ്പ് മുതൽ പ്രസ്തുത ഭാഗ്യക്കുറി റദ്ദ് ചെയ്ത് പകരം നിർമ്മൽ ദ്വൈവാര ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഭാഗ്യനിധി, പൗർണ്ണമി, വിൻവിൻ എന്നീ ലോട്ടറികളുടെ സമ്മാനഘടനകൾ 2016 നവംബർ മാസത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരുത്തി പരിഷ്കരിച്ചിരുന്നു.

ഈ സർക്കാർ അധികാരത്തിലേറിയശേഷം ആരംഭിച്ച 100 രൂപ മുഖവിലയുള്ള നിർമ്മൽ ബൈവീക്കിലി ലോട്ടറിയുടെ, 3-2-2017-ന് നറുക്കെടുത്ത നിർമ്മൽ 9-ാമത് ഭാഗ്യക്കുറി മുതൽ മുഖവില 50 രൂപയാക്കി കുറച്ചുകൊണ്ട് സമ്മാനഘടന പരിഷ്കരിച്ചിരുന്നു. 21-4-2017-ലെ ഭാഗ്യനിധി 286-ാമത് നറുക്കെടുപ്പ് മുതൽ പ്രസ്തുത ഭാഗ്യക്കുറി റദ്ദ് ചെയ്തുകൊണ്ടും ഭാഗ്യനിധിക്ക് പകരമായി നിർമ്മൽ ദ്വൈവാര ഭാഗ്യക്കുറിയെ നിലവിലുള്ള മുഖവിലയോടും (50 രൂപ) സമ്മാന ഘടനയോടും കൂടി പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റി 21-4-2017-ന് നിർമ്മൽ 14-ാമത് നറുക്കെടുപ്പ് മുതൽ വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് 25-3-2017-ലെ സ.ഉ. (സാധാ) 237/2017/നി.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) 50 രൂപ മുഖവിലയുള്ള കാരുണ്യ, കാരുണ്യപ്ലസ്, സ്ത്രീശക്തി, നിർമ്മൽ എന്നീ ഭാഗ്യക്കുറികളുടെ മുഖവില 30 രൂപയാക്കി കുറച്ചുകൊണ്ടും സമ്മാന ശതമാനത്തിലും സമ്മാനങ്ങളുടെ എണ്ണത്തിലും വർദ്ധനവ് വരുത്തിയും ഭാഗ്യക്കുറി ഏജന്റുമാർക്ക് മൂന്ന് സ്ലാബുകളിലായി ഡിസ്കൗണ്ട് നൽകിക്കൊണ്ടും (2000 ടിക്കറ്റുകൾ വരെ 26 ശതമാനം, 2001 മുതൽ 10000 ടിക്കറ്റുകൾ വരെ 27 ശതമാനം, 10,000-ന് മുകളിൽ 28 ശതമാനം) എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും (പൗർണ്ണമി, വിൻവിൻ, സ്ത്രീശക്തി, അക്ഷയ, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ) സമ്മാനഘടനകൾ 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ട്. 10 പരമ്പരകളിലായി പരമാവധി 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാന ഘടനകൾ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്.

**ഓഡിറ്റ് വകുപ്പിൽ നിന്നും വിജിലൻസിന് നൽകിയ മനുഷ്യദിനങ്ങൾ**

85 (1849) <u>ശ്രീ. മോൻസ് ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്ന് 2016-ൽ എത്ര മനുഷ്യദിനങ്ങൾ സംസ്ഥാന വിജിലൻസിന് നൽകിയിട്ടുണ്ട്;

(ബി) വിജിലൻസിന്റെ പ്രവർത്തനത്തിൽ സഹായിക്കാനായി വിജിലൻസിനോടനുബന്ധിച്ച് ഓഡിറ്റ് വകുപ്പിന്റെ ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പിൽനിന്ന് 2016 വർഷം 1200 മനുഷ്യദിനങ്ങൾ സംസ്ഥാന വിജിലൻസിന് നൽകിയിട്ടുണ്ട്.

(ബി) വിജിലൻസിന്റെ പ്രവർത്തനത്തിൽ സഹായിക്കാനായി വിജിലൻസിനോടനുബന്ധിച്ച് ഓഡിറ്റ് വകുപ്പിന്റെ ഓഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശ ഇതുവരെ സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല.

**ഓഡിറ്റ് കമ്മീഷൻ**

86 (1850) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ പ്രഖ്യാപിച്ച ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഓഡിറ്റ് കമ്മീഷന്റെ ഘടന എപ്രകാരമാണ്;

(സി) സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തുന്ന എല്ലാ ഓഡിറ്റ് പ്രവർത്തനവും ഓഡിറ്റ് കമ്മീഷനിൽ ഉൾപ്പെടുത്തുമോ;

(ഡി) ഓഡിറ്റ് കമ്മീഷൻ വരുമ്പോൾ സംസ്ഥാന ഓഡിറ്റ് വകുപ്പിനെ കമ്മീഷനിൽ ലയിപ്പിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ ഓഡിറ്റ് കമ്മീഷന് രൂപം നൽകുമെന്ന് ബജറ്റ് പ്രസംഗം ഖണ്ഡിക 56 പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സ്വീകരിക്കേണ്ട തുടർ നടപടികൾ പരിശോധിച്ചുവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ വകുപ്പുകളിലും ഓഡിറ്റ്**

87 (1851) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ വകുപ്പുകളിലും രണ്ട് വർഷത്തിനുമുകളിൽ ഓഡിറ്റ് പൂർത്തീകരിക്കാത്തവയുടെ വിവരങ്ങൾ നല്കുമോ; ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാമാണ്;

(ബി) സാമ്പത്തിക സുതാര്യതയുടെ അളവുകോലായ ഓഡിറ്റ് കൃത്യമായി നടത്തുന്നതിന്റെ പ്രാധാന്യം എല്ലാ സ്ഥാപന മേധാവികളേയും ഫിനാൻസ് വിഭാഗം തലവന്മാരേയും ബോധ്യപ്പെടുത്താനും ഓഡിറ്റ് കർശനമായി നടത്താൻ പ്രേരിപ്പിക്കാനും എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നത്;

(സി) ഓരോ സ്ഥാപനത്തിനും അഞ്ചു വർഷത്തേക്കുള്ള സ്റ്റാറ്റജിക് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് തയ്യാറാക്കാൻ ആവശ്യപ്പെടുമോ; ഇത് പരിശോധിക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തുമോ; സർക്കാരിന്റെ കീഴിലുള്ള ബോർഡുകളുടേയും കോർപറേഷനുകളുടേയും സാമ്പത്തിക സുതാര്യതയ്ക്ക് മറ്റെന്തൊക്കെ ചെയ്യാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ**

88 (1852) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ കാലയളവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്ത് വളർച്ചയാണ് കൈവരിച്ചിട്ടുള്ളത്;

(ബി) എത്ര ശതമാനം പലിശ നിരക്കിൽ ആണ് ഈ സ്ഥാപനം വായ്പകൾ

നൽകുന്നത്; ഏതെല്ലാം മേഖലയിലാണ് ഈ സ്ഥാപനത്തിൽ നിന്ന് വായ്പകൾ അനുവദിക്കുന്നത് എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ ഓഡിറ്റിന് മുമ്പുള്ള കണക്കുകൾ പ്രകാരം വായ്പാ തിരിച്ചടവ് മുൻ വർഷത്തെക്കാൾ 15.19 ശതമാനം വർദ്ധനവും, പലിശ വരുമാനം 13.40 ശതമാനം വർദ്ധനവും രേഖപ്പെടുത്തി. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തെ കണക്കുകൾ താഴെ പറയുംപ്രകാരമാണ്:

(തുക ലക്ഷം രൂപയിൽ)

| | | | |
|---|---|---|---|
| വായ്പ തിരിച്ചടവ് | 75820.9 | 87337.85 | 15.19% |
| പലിശ വരുമാനം | 30897.91 | 35038.06 | 13.40% |

(ബി) 1951-ലെ എസ്.എഫ്.സി. ആക്ട് 2(സി)-യിൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള വ്യവസായ സേവന മേഖലകൾക്കാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ അനുവദിക്കുന്നത്. ഉല്പാദന മേഖലയിൽ 11 ശതമാനവും സേവന മേഖലയിൽ 11.5 ശതമാനവും നിർമ്മാണ മേഖലയിൽ (CRE) 12 ശതമാനവുമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ കുറഞ്ഞ വായ്പാനിരക്ക്.

## കെ.എസ്.എഫ്.ഇ. ക്യാൻവാസിംഗ്-കം-കളക്ഷൻ ഏജന്റുമാരുടെ കമ്മീഷൻ

89 (1853) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ ക്യാൻവാസിംഗ്-കം-കളക്ഷൻ ഏജന്റുമാരായി ജോലി ചെയ്യുന്നവർക്ക് നൽകുന്ന കമ്മീഷൻ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് എന്നാണ് നിശ്ചയിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇവരുടെ ജോലിഭാരവും നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവും കണക്കിലെടുത്ത് കമ്മീഷൻ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാർക്ക് നൽകിവരുന്ന ഇൻഷ്വറൻസും ആനുകൂല്യങ്ങളും ഇവർക്കും ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഒരു മാസം 8 ലക്ഷം രൂപ വരെ ചിട്ടിപ്പണം ശേഖരിച്ചുകൊണ്ടുവരുന്നവർക്ക് ശേഖരിച്ച തുകയുടെ 1.5 ശതമാനവും 8 ലക്ഷത്തിനും 15 ലക്ഷത്തിനുമിടയിൽ ചിട്ടിപ്പണം ശേഖരിക്കുന്നവർക്ക് തുകയുടെ ഒരു ശതമാനവും 15 ലക്ഷത്തിനുമുകളിൽ ശേഖരിക്കുന്നവർക്ക് തുകയുടെ 0.5 ശതമാനവും കളക്ഷൻ കമ്മീഷനായി നൽകുന്നു. 10000 രൂപയ്ക്ക് മുകളിൽ ശേഖരിക്കുന്ന ചെക്കുകൾ പ്രത്യേകമായി കണക്കാക്കി ഒരു ചെക്കിന് 150 രൂപ എന്ന നിരക്കിൽ നിജപ്പെടുത്തിയിരിക്കുന്നു. 5000 രൂപയോ അതിന് താഴെയോ തവണ സംഖ്യയുള്ള ചിട്ടികൾ ക്യാൻവാസ് ചെയ്യുന്ന ഏജന്റുമാർക്ക് ആദ്യ തവണ സംഖ്യയുടെ 15 ശതമാനവും 5000 രൂപയ്ക്ക് മേൽ തവണ സംഖ്യയുള്ള ചിട്ടികൾ ക്യാൻവാസ് ചെയ്യുന്ന ഏജന്റുമാർക്ക് ആദ്യ തവണ സംഖ്യയുടെ 12 ശതമാനവും കമ്മീഷനായി നൽകുന്നു. 10000 രൂപയിൽ കൂടുതൽ തവണ സംഖ്യയുള്ളതും എന്നാൽ 40 മാസത്തിൽ കുറവ് കാലാവധിയുള്ളതുമായ ചിട്ടികൾക്ക് 10 ശതമാനവുമാണ് കമ്മീഷൻ ആയി നൽകുന്നത്.

(ബി) 22-7-2008-ൽ നടന്ന ബോർഡ് മീറ്റിംഗിലെ 4560-ാം നമ്പർ തീരുമാനം അനുസരിച്ചാണ് ഇത് നടപ്പാക്കിയിട്ടുള്ളത്.

(സി & ഡി) ഇപ്പോൾ പരിഗണനയിലില്ല.

**കെ.എസ്.എഫ്.ഇ. നവീകരണം**

90 (1854) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടി ക്രമങ്ങൾ വിശദമാക്കുമോ;

(ബി) കെ. എസ്. എഫ്. ഇ. പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ചിട്ടികൾ ഏതെല്ലാമാണ്;

(സി) പുതിയ ചിട്ടികൾ വഴി എത്ര കോടി രൂപ സമാഹരിക്കാനാണ് കെ.എസ്.എഫ്.ഇ. ലക്ഷ്യമിടുന്നത്?

<u>ഉത്തരം</u>

(എ) കെ.എസ്.എഫ്.ഇ.-യുടെ നവീകരണത്തിനായി കോർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ആയ 'കാസ്ബ' എല്ലാ ശാഖകളിലും നടപ്പിലാക്കി. ജീവനക്കാർക്ക് തൊഴിൽ നൈപുണ്യവും സമകാലീന സമ്പദ് വ്യവസ്ഥയെക്കുറിച്ചും ഉപഭോക്തൃ

സേവനത്തെക്കുറിച്ചുമുള്ള നൂതന അറിവുകൾ പകരുന്ന പരിശീലന സമ്പ്രദായം ആരംഭിച്ചു. കുടിശ്ശിക നിവാരണത്തിനായി 'ഇളവ് 2017' എന്ന പേരിൽ ഒരു സമയബന്ധിത പദ്ധതി നടപ്പിലാക്കി.

(ബി) സാധാരണ നടപ്പിലാക്കുന്ന ഉത്സവകാല ചിട്ടികൾക്ക് പുറമേ 'കിഫ്ബി'യുമായി സഹകരിച്ച് പ്രവാസി ചിട്ടികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ 484 കോടി രൂപയുടെ പുതിയ ചിട്ടികളും 'കിഫ്ബി'-യുമായി സഹകരിച്ച് പ്രവാസി ചിട്ടികൾ വഴി അടുത്ത 2-3 വർഷം കൊണ്ട് 12000 കോടി രൂപയുടെ ധനസമാഹരണവും ലക്ഷ്യമിടുന്നു.

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

91 (T* 1855) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കായി സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (Cashless Treatment medical Assistant card) രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പെൻഷൻകാർക്കുൾപ്പെടെ ഇത്തരത്തിൽ ആരോഗ്യ ഇൻഷ്വറൻസ് നൽകുന്നതിനെപ്പറ്റി ആലോചിക്കുമോ;

(സി) ഇൻഡ്യയിൽ മറ്റ് സംസ്ഥാനങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഇത്തരത്തിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ എന്ന കാര്യം അന്വേഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) G.O.(P) No.54/2017/Fin. dated 24-4-2017 പ്രകാരം സർക്കാർ ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കും ആശ്രിതർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) പഞ്ചാബ്, ആന്ധ്രാപ്രദേശ്, തെലുങ്കാന, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ സർക്കാർ ജീവനക്കാർക്ക് ഇത്തരത്തിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഇ-സ്റ്റാമ്പിംഗ് സംവിധാനം

92 (1856) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുകയാണെങ്കിൽ നിലവിലുള്ള സ്റ്റാമ്പ് വെണ്ടർമാരുടെ ജീവിത ഉപാധിയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) കേരളത്തിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം വരുന്നതോടുകൂടി അവർക്ക് ജോലി നഷ്ടപ്പെടാൻ സാധ്യതയുണ്ടെങ്കിൽ ഏത് തരത്തിലുള്ള പുനരധിവാസ നടപടികളാണ് ഉദ്ദേശിക്കുന്നത്;

(ഇ) കാസർകോട് താലൂക്കിലും മുനിസിപ്പാലിറ്റിയിലും കൂടി എത്ര സ്റ്റാമ്പ് വെണ്ടർമാരുടെ അംഗീകൃത ഏജൻസികൾ ഉണ്ട്; ഇതിൽ എത്രയെണ്ണം, എത്ര കാലമായി ഒഴിവായി കിടക്കുന്നുണ്ടെന്നും ഈ ഒഴിവുകൾ എപ്പോൾ നികത്തപ്പെടുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു ലക്ഷം മുതൽ മുകളിലേയ്ക്ക് വരുന്ന തുകയ്ക്കുള്ള മുദ്രപ്പത്രങ്ങളാണ് ഇ-സ്റ്റാമ്പിംഗിന്റെ പരിധിയിൽ വരുന്നത്. നിലവിൽ ഒരു ലക്ഷം മുതൽ മുകളിലേയ്ക്കുള്ള മുദ്രപ്പത്രങ്ങൾ വിൽക്കുന്നതിനുള്ള അധികാരം ട്രഷറി എക്സ്-ഒഫിഷ്യോ വെണ്ടർമാർക്കാണുള്ളത്. അതിനാൽ സ്വകാര്യ വെണ്ടർമാർക്ക് തൊഴിൽ നഷ്ടപ്പെടാനുള്ള സാഹചര്യമില്ല.

(സി) കേരളത്തിൽ 969 സ്റ്റാമ്പ് വെണ്ടർമാരുണ്ട്.

(ഡി) 'ബി' ചോദ്യത്തിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഇ) കാസർഗോഡ് താലൂക്കിലും മുനിസിപ്പാലിറ്റിയിലും കൂടി അഞ്ച് സ്റ്റാമ്പ് വെണ്ടർമാരാണ് നിലവിലുള്ളത്. ഇതിൽ ഒരു വെണ്ടർ 9-2-2017 ന് മരണപ്പെട്ടതിനെത്തുടർന്ന് ടി തസ്തികയിൽ താത്കാലികാടിസ്ഥാനത്തിൽ

നിയമിക്കപ്പെട്ട വെണ്ടറാണ് സ്റ്റാമ്പ് വിൽപ്പന നടത്തുന്നത്.

**സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി കിട്ടുന്നതിനായി നടപടി**

93 (1857) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി നഗരസഭയിലെ 13-ാം വാർഡിൽ 52 പുര കോളനിയിൽ നിലവിലുള്ള 19 വീട്ടുകാർക്ക് കൂടി സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി കിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള (നികുതി (ഇ) വകുപ്പ്) അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്. 6-7-2010-ലെ ജി.ഒ.(പി) 173/2010/ടി.ഡി. നമ്പർ ഉത്തരവുപ്രകാരം ചാലക്കുടി നഗരസഭയിലെ 13-ാം വാർഡിൽ 52 കുടുംബങ്ങൾക്കും സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ചെയ്തുനൽകിയിട്ടുണ്ട്.

**കയർ ഉത്പന്നങ്ങളുടെ പ്രോത്സാഹനം**

94 (1858) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കയർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനുവേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(ബി) കയർ ഉത്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഈ സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) ഈ മേഖലയിലെ സംരംഭകർക്ക് ഏതെല്ലാം തരത്തിലുള്ള സാമ്പത്തിക പിന്തുണയാണ് നൽകി വരുന്നതെന്നറിയിക്കാമോ;

(ഡി) ഈ മേഖലയിലെ തൊഴിലാളികൾക്ക് നൽകി വരുന്ന പെൻഷൻ സ്കീമുകളെക്കുറിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയറുൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനുവേണ്ടി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിൽവരുത്തിയിട്ടുണ്ട്.

1. കയർ മേഖലയിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം

നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

2. ഉല്പാദന വിപണന (പി.എം.ഐ.) ഇൻസെന്റീവിനായി അനുവദിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്.

3. കയർ മാറ്റ് & മാറ്റിംഗ്സ് സ്ഥാപനങ്ങൾ, കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് കയറുൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകിയിട്ടുണ്ട്.

4. PPSS പദ്ധതിപ്രകാരം കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ MGNREGS-ന്റെ ഭാഗമായി കൃഷി-ജല-മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മറ്റ് മേഖലകളിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി വിപുലമായ ബോധവൽക്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

6. മാർക്കറ്റിംഗ് പബ്ലിസിറ്റി, വ്യാപാരമേളകൾ, പുതിയ ഷോറൂമുകൾ എന്നിവയ്ക്കുവേണ്ടി ആവശ്യമായ തുക നൽകിയിട്ടുണ്ട്.

7. 2017 സെപ്റ്റംബർ/ഒക്ടോബർ മാസത്തിൽ ആലപ്പുഴയിൽ വച്ച് കയർ കേരള, രാജ്യന്തര മേള സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

8. 2017-ലെ ഓണത്തിനോടനുബന്ധിച്ച് നഗരങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാളുകൾ മുഖേന സബ്സിഡിയോടുകൂടി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കയറിന്റെ വിദേശ വിപണി വിപുലപ്പെടുത്തുന്നതിന് പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ വഴി സ്വീകരിച്ചുവരുന്നു. 2017 സെപ്റ്റംബറിൽ ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി)

1. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.

2. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.

3. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകി വരുന്നു.

4. കയർ വ്യവസായത്തിൽ സമ്പൂർണ്ണതോതിൽ യന്ത്രവൽക്കരണം സാമൂഹ്യമായ ഭിന്നതകൾ ഒഴിവാക്കി നടപ്പിലാക്കുന്നു.

5. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.

6. വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

7. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

8. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കി വരുന്നു.

9. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

(ഡി) ക്ഷേമനിധി ബോർഡ് മുഖേന കയർ തൊഴിലാളികൾക്ക് പെൻഷൻ, ചികിത്സാസഹായം, മാച്ചിംഗ് ഗ്രാന്റ് എന്നിവ നൽകിവരുന്നു. 2017 മാർച്ച് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. കയർ തൊഴിലാളികളുടെ ആശ്രിതർക്കുള്ള കുടുംബപെൻഷൻ 100 രൂപയിൽ നിന്നും 1000 രൂപയാക്കി ഉയർത്തി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 55125 പേർക്ക് പെൻഷൻ ഇനത്തിൽ 86,57,50,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

**വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ**

95 (1859) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന്, നിലവിലുള്ള പല ഉത്തരവുകളും കർക്കശമായതിനാലും ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലവും പല സംരംഭകർക്കും ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ നിലവിലെ പല കർക്കശ ഉത്തരവുകളും ലഘൂകരിച്ച് ജനങ്ങളെ വിവിധ വ്യവസായ സംരംഭങ്ങൾ

തുടങ്ങുന്നതിലേയ്ക്ക് ആകർഷിയ്ക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ;

(ബി) പല ഡിപ്പാർട്ട്മെന്റുകളിൽ നിന്നും അനുമതി വാങ്ങി മാത്രമേ ഇപ്പോൾ പുതിയ വ്യവസായങ്ങൾ തുടങ്ങുവാൻ സാധിക്കുകയുള്ളൂ എന്നത് വ്യവസായ സംരംഭകർക്ക് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതിനാൽ ഇവ ഒഴിവാക്കി ഒരു സ്ഥാപനത്തിൽ നിന്ന് തന്നെ എല്ലാവിധ എൻ.ഒ.സി.കളും ലഭ്യമാകുന്ന സംവിധാനം സൃഷ്ടിക്കുവാൻ നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ കേരളത്തിലെ വ്യവസായ അന്തരീക്ഷം സൗഹൃദപരമാക്കുന്നതിനായി ബന്ധപ്പെട്ട ചട്ടങ്ങളിലും നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുവാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കൂടുതൽ നിക്ഷേപം കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതും അതുവഴി തൊഴിലവസരവും നികുതി വർദ്ധനവും സൃഷ്ടിക്കുക എന്നതുമാണ് ഇതിന്റെ ലക്ഷ്യം. വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് നിലവിലെ നിയമങ്ങളും നടപടിക്രമങ്ങളും ലളിതമാക്കുകയാണ് ചെയ്യുന്നത്. അതുവഴി കാര്യക്ഷമവും ഫലപ്രദവും വേഗമാർന്നതും അനായാസവുമായ ഭരണ നിർവ്വഹണത്തിലൂടെ വ്യവസായ സംരംഭകർക്ക് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും സമയബന്ധിതമായി നൽകുക എന്നതാണ് ഉദ്ദേശം.

ഇതുസംബന്ധിച്ച് സർക്കാർ പഠനം നടത്തിയിരുന്നു. വ്യാവസായിക മേഖലയിലെ അനുമതികൾ സംബന്ധിച്ച് നിലവിലുള്ള സർക്കാർ നിയമങ്ങൾ/ചട്ടങ്ങൾ/ഉത്തരവുകൾ/ഏകജാലക നിയമം, അടിസ്ഥാന സൗകര്യ മേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതു അപേക്ഷാഫോറം ഇവയെല്ലാം പരിഷ്കരിക്കാൻ ആവശ്യമായ ഭേദഗതികൾ, നവീകരണ ശിപാർശകൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് ഉന്നതതലങ്ങളിൽ നിരവധി തവണ ചർച്ചയ്ക്ക് വിധേയമാക്കിയാണ് സർക്കാർ അംഗീകരിച്ചത്. അപ്രകാരം അംഗീകരിച്ച അന്തിമ റിപ്പോർട്ട് പൊതുജനങ്ങളുടെയും ഉപഭോക്താക്കളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുന്നതിനായി ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങളും അനുമതികളും സമയബന്ധിതമായി നൽകുന്നതിനായി വിവിധ വകുപ്പുകളിലെയും ഏജൻസികളിലെയും നിയമങ്ങൾ/ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയിൽ നിയമാനുസൃതമായി ഭേദഗതി വരുത്തേണ്ടതുണ്ട്. അതിനായി നിലവിലുള്ള

ഏകജാലക ക്ലിയറൻസ് സംവിധാനം 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ' (ഐ.പി.എഫ്.സി.) വഴി ശക്തിപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. ആയതിന് ബന്ധപ്പെട്ട വകുപ്പ്/ഏജൻസികളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.എസ്.ഐ.ഡി.സി.) പ്രവർത്തിക്കും. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി, ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥന്മാർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കും.

ബന്ധപ്പെട്ട വകുപ്പുകളിലെയും ഏജൻസികളിലെയും അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു ഏകീകൃത ഓൺലൈൻ അപേക്ഷാഫോറം കൊണ്ടുവരുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിച്ചുവരുന്നു.

## സിറ്റി ഗ്യാസ് പദ്ധതി

96 (1860) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ. എൻ. ജി. പൈപ്പ് ലൈൻ കടന്നുപോകുന്ന ജില്ലകളിൽ "സിറ്റി ഗ്യാസ്" പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) നിലവിൽ കൊച്ചി നഗരത്തിൽ സിറ്റി ഗ്യാസ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. കൂടാതെ, കൊച്ചി മുതൽ മംഗലാപുരം വരെ പൈപ്പ് ലൈൻ കടന്നുപോകുന്ന തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കൂടി സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനമായിട്ടുണ്ട്.

(സി) ഗെയിൽ വാതക പൈപ്പ് ലൈൻ നിർമ്മാണം പൂർത്തിയാകുന്നതോടൊപ്പം തന്നെ സിറ്റി ഗ്യാസ് പദ്ധതികൾക്കുള്ള നടപടികൾ ആരംഭിക്കുന്നതിന് സർക്കാർ പെട്രോളിയം ആന്റ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിനോട് (പി.എൻ.ജി.ആർ.ബി.) ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് നിലവിൽ എറണാകുളം ജില്ലയിൽ മാത്രമാണ് സിറ്റി ഗ്യാസ് വിതരണ പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ 462 ഗാർഹിക കണക്ഷനുകൾക്കും 2 വാണിജ്യ കണക്ഷനുകൾക്കുമുള്ള രജിസ്ട്രേഷൻ സ്വീകരിക്കുകയും അതുടനെ നൽകാനും കഴിയുകയും ചെയ്യും. ഗാർഹിക വാണിജ്യ വ്യാവസായിക ഉപഭോക്താക്കൾക്ക് ഗ്യാസ് വിതരണം ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിലാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ നഷ്ടകണക്കുകൾ**

97 (1861) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പൊതു മേഖലാ സ്ഥാപനങ്ങളുടെ 2016 മേയ് 31 വരെയുള്ള ലാഭ നഷ്ടകണക്കുകളുടേയും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിലവിലുള്ള ലാഭ നഷ്ടകണക്കുകളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

2015-16 സാമ്പത്തികവർഷത്തിലെ ആഡിറ്റിനുമുൻപുള്ള കണക്കുകൾ പ്രകാരം 10 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും 30 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു. ഇവയുടെ പേരുവിവരവും ലാഭനഷ്ട കണക്കുകളും അനുബന്ധം -I ആയി ചേർക്കുന്നു*. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 കാലയളവിലെ ആഡിറ്റിന് മുൻപുള്ള പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം 13 സ്ഥാപനങ്ങൾ ലാഭത്തിലും 27 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചുവരുന്നു. ഇവയുടെ പേരുവിവരം അനുബന്ധം -II ആയി ചേർക്കുന്നു*.

**പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ**

98 (1862) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുമോ:

(എ) പൊതു മേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരളത്തിലെ ഫർണിച്ചർ വ്യവസായത്തിന്റെ കേന്ദ്രമായ കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴിയിൽ ഒരു ഫർണിച്ചർ ഹബ് സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള സ്ഥാപനങ്ങളുടെ ആധുനികവത്കരണവും വിപുലീകരണവും ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികൾക്കാണ് സർക്കാർ പ്രഥമ പരിഗണന നൽകി നടപടികൾ സ്വീകരിച്ചുവരുന്നത്.

(ബി) 2017-18 ബജറ്റ് പ്രസംഗത്തിൽ ചെറുകിട വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി എറണാകുളം, തൃശ്ശൂർ മേഖലകളിലെ ഫർണിച്ചർ വ്യവസായ സംരംഭങ്ങളെ സഹായിക്കാൻ ഒരു നൂതന അന്തർദ്ദേശീയ ഹബ്ബ് സ്ഥാപിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

**പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി**

99 (1863) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ ?

ഉത്തരം

നിലവിലുള്ള സ്ഥാപനങ്ങൾ സ്വയം പര്യാപ്തത കൈവരിച്ച് ദീർഘകാല നിലനിൽപ്പ് ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഥമ പരിഗണന നൽകി നടപടികൾ സ്വീകരിച്ചുവരുന്നത്.

**വനിതാ സംരംഭകർക്കായി പദ്ധതികൾ**

100 (1864) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി

മുഖേന എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതികളിലൂടെ വനിതാ സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഇത്തരത്തിൽ ഭാവിയിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) വനിതാ സംരംഭകരെ ആകർഷിക്കുന്നതിനും അവരെ മുഖ്യാധാരയിലേയ്ക്കുയർത്തുന്നതിനുമായി പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി. (KSIDC) മുഖേന വനിതാ സംരംഭകത്വ മിഷൻ (വീ-മിഷൻ) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വനിതാ സംരംഭകർക്കായി ഉപദേശവും നിർദ്ദേശ പിന്തുണയും നെറ്റ്‌വർക്കിംഗ് മീറ്റിംഗുകളും നടത്തിവരുന്നു. അതോടൊപ്പം ഈ വനിതാ വ്യവസായങ്ങളെ ലോകത്തിനുമുമ്പിൽ പ്രദർശിപ്പിക്കുന്നതിനും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് പ്രസ്തുത 'വീ-മിഷൻ' പദ്ധതി വഴി സർക്കാർ ലക്ഷ്യമിടുന്നത്. മെന്ററിംഗ് സപ്പോർട്ട്, മറ്റ് വ്യവസായ യൂണിറ്റുകളിലേയ്ക്കുള്ള സന്ദർശനങ്ങൾ, വിപണന ശൃംഖല വിപുലീകരിക്കൽ, ഹ്രസ്വകാല സാമ്പത്തിക സഹായം, അടിസ്ഥാന സൗകര്യ സഹായങ്ങൾ എന്നീ അഞ്ച് തരത്തിലുള്ള പ്രവർത്തനങ്ങളാണ് വീ-മിഷൻ പദ്ധതികളിലൂടെ സർക്കാർ നടപ്പിലാക്കി വരുന്നത്.

(സി) വീ-മിഷൻ പോലുള്ള പദ്ധതികൾ വരും വർഷങ്ങളിൽ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

**കരകൗശല വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി**

101 (1865) ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീമതി വീണാ ജോർജ്ജ്:

ശ്രീ. ആർ. രാജേഷ്:

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ മേഖലയിലെ തൊഴിലാളികളുടെ വേതനവും, തൊഴിൽ സാഹചര്യവും പരിതാപകരമായതിനാൽ അതു പരിഹരിക്കാൻ പദ്ധതിയുണ്ടോ;

(സി) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി കരകൗശല വികസന കോർപ്പറേഷൻ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കരകൗശല വികസന കോർപ്പറേഷന് ഇന്ത്യയിൽ ഉടനീളമായി 19 വിൽപ്പനശാലകളും ഒരു കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററും ഉണ്ട്. കരകൗശല തൊഴിലാളികളിൽ നിന്നും കരകൗശല ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വാങ്ങി കോർപ്പറേഷൻ വിൽപ്പനശാലകൾ വഴി വിൽക്കുന്നു. കോർപ്പറേഷന്റെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ കരകൗശല തൊഴിലാളികൾക്ക് ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി കരകൗശല വികസന കോർപ്പറേഷൻ എക്സിബിഷനുകളും ക്രാഫ്റ്റ് ബസാറുകളും സംഘടിപ്പിക്കുക വഴി ഇന്ത്യയിലുടനീളം കരകൗശല തൊഴിലാളികൾക്ക് നേരിട്ട് വിപണനം നടത്തുവാൻ സാഹചര്യം ഒരുക്കി കൊടുക്കുന്നു. ഇവ കൂടാതെ വിവിധതരം പരിശീലന പരിപാടികളും കരകൗശല തൊഴിലാളികൾക്കായി നടപ്പിലാക്കി വരുന്നു. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുകയും ചെയ്യുന്നു.

(ബി) ഈ മേഖലയിലെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കരകൗശല വികസന കോർപ്പറേഷൻ കരകൗശല തൊഴിലാളികൾക്കായി ഡിസൈൻ വർക്ക്ഷോപ്പുകൾ, ആധുനിക ടൂൾകിറ്റുകളുടെ വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതുകൂടാതെ കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി നാല് വിവിധ ക്രാഫ്റ്റുകളിൽ പുതിയ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

(സി) പിന്നോക്ക വിഭാഗത്തിൽപ്പെട്ട കരകൗശല തൊഴിലാളികൾക്ക് സ്വയം തൊഴിൽ വായ്പാ പദ്ധതിയിനത്തിൽ ആറ് ശതമാനം പലിശ നിരക്കിൽ രണ്ടുലക്ഷം രൂപ വരെ നൽകിവരുന്നു. സ്ത്രീകളായ കരകൗശല തൊഴിലാളികൾക്ക് പലിശയിൽ പ്രത്യേക ഇളവും അനുവദിക്കുന്നുണ്ട്.

(ഡി) കരകൗശല വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കരകൗശല മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് കോർപ്പറേഷൻ സമർപ്പിക്കുന്ന വിവിധ പ്രോജക്ടുകൾ പരിശോധിച്ച് അനുയോജ്യമായ സ്കീമുകളിൽ ഉൾപ്പെടുത്തി അവയുടെ

നടത്തിപ്പിനായി സർക്കാർ ധനസഹായം അനുവദിച്ചുവരുന്നു.

**കരകൗശല വ്യവസായ സംരക്ഷണ പദ്ധതികൾ**

102 (1866) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരകൗശല വ്യവസായത്തിന്റെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതികളുടെ വിശദാംശം അറിയിക്കുമോ;

(സി) ഈ പദ്ധതികളിലൂടെ കരകൗശല തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കരകൗശല വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'Assistance Scheme for Handicraft Artisans (ASHA)' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കരകൗശല മേഖലയുടെ നവീകരണത്തിനും വിപണനത്തിനുമായി പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

കരകൗശല വികസന കോർപ്പറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ആൻഡ് പ്രൊമോഷൻ ഓഫ് ഹാന്റിക്രാഫ്റ്റ്സ് (ഐ.ഡി.പി.എച്ച്.) എന്ന പദ്ധതിയും ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട കരകൗശല തൊഴിലാളികൾക്ക് സ്വയം തൊഴിൽ വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

കേരള ആർട്ടിസാന്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി സർക്കാർ ധനസഹായത്തോടെ വസ്ത്രഗ്രാമം എന്ന പദ്ധതി, പ്രീമിയം റീട്ടെയിൽ സുവനീർ ചെയിൻ പദ്ധതി, ഗുരുകുലം റീഡിസൈൻഡ് ക്ലാസ് റൂം നവീകരണ പദ്ധതി, പൊതുസേവന കേന്ദ്രങ്ങൾ,

ന്യൂസ്വർണ്ണിമ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു.

(ബി) കരകൗശല മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനും സാമ്പത്തിക സഹായം നൽകി കരകൗശല തൊഴിലാളികളെ സ്വയം പര്യാപ്തരാക്കുന്നത് ലക്ഷ്യമിട്ടാണ് 'Assistance Scheme for Handicraft Artisans (ASHA)' എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ കരകൗശല സംരംഭം ആരംഭിക്കുന്നതിനുവേണ്ട സ്ഥിര നിക്ഷേപത്തിന്റെ 40 ശതമാനം (പരമാവധി രണ്ട് ലക്ഷം രൂപ വരെ) ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു. വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർ, യുവാക്കൾ എന്നീ പ്രത്യേക വിഭാഗങ്ങൾ ആരംഭിക്കുന്ന കരകൗശല സംരംഭങ്ങളുടെ സ്ഥിര നിക്ഷേപത്തിന്റെ 50 ശതമാനം (പരമാവധി മൂന്ന് ലക്ഷം രൂപ വരെ) ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു. വർക്ക് ഷെഡ്ഡുകൾ നിർമ്മിക്കുക, ആധുനിക മെഷിനറികളും ഉപകരണങ്ങളും വാങ്ങുക, ടെക്നോളജി, ഡിസൈൻ എന്നിവ സ്വായത്തമാക്കുക തുടങ്ങിയ ആവശ്യങ്ങൾക്ക് സംരംഭകർ നടത്തുന്ന നിക്ഷേപം ഗ്രാന്റ് അനുവദിക്കുന്നതിന് പരിഗണിക്കുന്നു.

കരകൗശല മേഖലയിൽ ക്ലസ്റ്റർ വികസന പദ്ധതി പ്രകാരം വാഴനാര്, കൈതൃ ഓട്, കളിമൺ പാത്ര നിർമ്മാണം, തടി, ലോഹം എന്നീ വിഭാഗങ്ങളിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള പതിനൊന്ന് ക്ലസ്റ്ററുകൾ കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സുരഭി എന്നീ സ്ഥാപനങ്ങൾ മുഖേന ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു.

കരകൗശല മേഖലയിൽ ആവശ്യമായ പരിശീലനം നൽകുന്നതിനും തൊഴിലാളികൾക്ക് ഒറ്റയ്ക്ക് ചെയ്യുന്നതിന് ചെലവേറിയതും ബുദ്ധിമുട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഒരു കേന്ദ്രത്തിൽ ആവശ്യക്കാർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ക്ലസ്റ്ററുകൾ മുഖേന പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കരകൗശല മേഖലയിൽ ഉൽപ്പാദന ക്ഷമത കുറവായതും സ്ഥിരവും ഭേദപ്പെട്ടതുമായ കൂലി ലഭിക്കാത്തതും കാരണം പുതിയ തലമുറ ഈ മേഖലയിൽ കടന്നുവരാൻ കാണിക്കുന്ന വിമുഖതയ്ക്കും തൊഴിലാളികൾ മറ്റുമേഖലകളിലേയ്ക്ക് മാറിപോകുന്ന പ്രവണതയ്ക്കും പരിഹാരമായി 'കരകൗശല മേഖലയുടെ നവീകരണവും വിപണന സഹായവും' പദ്ധതിയിലൂടെ ഭാഗികമായ

ആധുനികവൽക്കരണം കരകൗശല വികസന കോർപ്പറേഷൻ, കാഡ്കോ, സുരഭി എന്നീ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നു. കരകൗശല ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനത്തോടൊപ്പം ഷോറൂമുകൾ മുഖേന ആഭ്യന്തര വിപണനം ശക്തിപ്പെടുത്തി വരുന്നു. ടൂറിസം വകുപ്പുമായി ചേർന്ന് കേരളത്തനിമയോടുകൂടിയ വിവിധയിനം സുവനീറുകൾ വിപണനം നടത്തുവാൻ പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കരകൗശല തൊഴിലാളികളുടെ മികവിനും മേഖലയ്ക്കും സമൂഹത്തിനും അവർ നൽകിയ സംഭാവനകൾക്കും അംഗീകാരം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന സൃഷ്ടികൾക്ക് അവാർഡ് നൽകുന്നു. അവാർഡ് തുകയായി 50,000 രൂപയും പ്രശസ്തി പത്രവും നൽകുന്നു. ഏഴ് കരകൗശല മേഖലകളിൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. അവാർഡ് നേടുന്നവർക്ക് പ്രതിമാസം 3500 രൂപ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

കരകൗശല വികസന കോർപ്പറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ആന്റ് പ്രൊമോഷൻ ഓഫ് ഹാന്റിക്രാഫ്റ്റ്സ് (ഐ.ഡി.പി.എച്ച്.) എന്ന പദ്ധതിപ്രകാരം കരകൗശല തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കി സംസ്ഥാനത്തുടനീളം പ്രദർശന വിൽപ്പനമേളകൾ, തൊഴിൽ പരിശീലനം, നവീന കരകൗശല വസ്തുക്കളുടെ നിർമ്മാണം, ക്ലസ്റ്ററുകൾ, പൊതു സേവന കേന്ദ്രങ്ങൾ, ടൂൾകിറ്റുകൾ, അവബോധന ക്ലാസ്സുകൾ തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ ദേശീയ പിന്നോക്ക വിഭാഗം ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട കരകൗശല തൊഴിലാളികൾക്ക് സ്വയം തൊഴിൽ വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകി വരുന്നു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി സർക്കാർ ധനസഹായത്തോടെ വസ്ത്രഗ്രാമം എന്ന പദ്ധതി, പ്രീമിയം റീട്ടെയിൽ സുവനീർ ചെയിൻ പദ്ധതി, ഗുരുകുലം റീ-ഡിസൈൻഡ് ക്ലാസ്സ് റൂം നവീകരണ പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ, നൃസ്വർണ്ണിമ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു.

(സി) കരകൗശല മേഖലയിൽ നടപ്പിലാക്കിയ 'Assistance Scheme for Handicraft Artisans (ASHA)' എന്ന പദ്ധതിയിലൂടെ കരകൗശല

തൊഴിലാളികൾക്ക് ആവശ്യമായ ധനസഹായം നൽകി അവരെ സംരംഭകരാക്കി മാറ്റാനും കരകൗശല മേഖലയുടെ സമഗ്ര വികസനത്തിനും സാധിക്കുന്നു.

കരകൗശല മേഖലയിൽ ആവശ്യമായ പരിശീലനം നൽകുന്നതിനും തൊഴിലാളികൾക്ക് ഒറ്റയ്ക്ക് ചെയ്യുന്നതിന് ചെലവേറിയതും ബുദ്ധിമുട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഒരു കേന്ദ്രത്തിൽ ആവശ്യക്കാർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ക്ലസ്റ്ററുകൾ മുഖേന പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കരകൗശലമേഖലയുടെ നവീകരണവും വിപണന സഹായവും പദ്ധതിയിലൂടെ കരകൗശല തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ വരുമാനം നേടുന്നതിനും ലക്ഷ്യമിടുന്നു.

സംസ്ഥാന സർക്കാർ കരകൗശല മേഖലയിൽ അവാർഡുകൾ ഏർപ്പെടുത്തുക വഴി ഈ മേഖലയിൽ പ്രവർത്തിക്കുന്നതിന് നൂതന ആശയങ്ങൾ പരീക്ഷിക്കുന്നതിനും പുതുതലമുറയെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും പ്രചോദനമാകുന്നു. കരകൗശല അവാർഡ്, മെറിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഏർപ്പെടുത്തിയത് വഴി തങ്ങൾ സമൂഹത്തിൽ അംഗീകരിക്കപ്പെടുന്നുണ്ടെന്ന ബോധം കരകൗശല കലാകാരന്മാർക്ക് ഉണ്ടാക്കുന്നതിന് സഹായകരമാകുന്നു. അവാർഡ് ലഭിക്കുന്നവർക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള (പ്രതിമാസം 3500 രൂപ ലഭിക്കുന്ന) കരകൗശല പെൻഷനും അർഹത ലഭിക്കുന്നു.

**കുംഭാര കോളനികളിൽ വ്യവസായ യൂണിറ്റ് തുടങ്ങാൻ നടപടി**

103 (1867) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺപാത്രനിർമ്മാണം പരമ്പരാഗത തൊഴിലായി സ്വീകരിച്ചവർ താമസിക്കുന്ന കോളനികൾ (കുംഭാര കോളനി) കൾ നവീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇവിടങ്ങളിൽ പുതിയ വ്യവസായ യൂണിറ്റ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ;

(സി) ടൂറിസവുമായി ബന്ധപ്പെടുത്തി പുതിയ ഉല്പന്ന നിർമ്മാണത്തിന് വിദഗ്ദ്ധ

പരിശീലനം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മൺപാത്ര നിർമ്മാണ മേഖലയിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നായ കളിമണ്ണിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി അന്യ സംസ്ഥാനങ്ങളിൽ നിന്ന് കളിമണ്ണ് ലഭ്യമാക്കുക, ഡാമുകളിലുള്ള കളിമണ്ണ് എടുക്കുന്നതിന് അനുമതി നൽകുക എന്നീ വിഷയങ്ങൾ പരിശോധിക്കപ്പെടേണ്ടവയാണ്. അതോടൊപ്പം ക്ലസ്റ്റർ സംവിധാനം വഴി മണ്ണ് അരച്ച് കുംഭാരന്മാരുടെ കോളനികളിൽ എത്തിച്ച് അവർ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ പൊതുവിപണിയിൽ വിൽക്കുന്നതിനുള്ള സംവിധാനം സ്വീകരിക്കുന്നതിനും പുതിയ മൺപാത്രനിർമ്മാണ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നവർക്ക് പണിയുപകരണങ്ങൾ, കെട്ടിടം, മെഷിനറി എന്നീ സ്ഥിരനിക്ഷേപത്തിനുമേൽ 50 ശതമാനം വരെ ഗ്രാന്റ് നൽകുന്ന ASHA പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. മൺപാത്ര നിർമ്മാണം പരമ്പരാഗത തൊഴിലായി സ്വീകരിച്ച് നിലമ്പൂരിലുള്ള കുംഭാര കോളനിയിലുള്ള സംരംഭകർക്കായി ഒരു ക്ലേ പോട്ടറി ക്ലസ്റ്റർ രൂപീകരിക്കുന്നതിനായി ബേസ് ലൈൻ സർവ്വേ & ഫോർമുലേഷൻ ഓഫ് പ്രോജക്ട് പ്ലാൻ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കേരള കരകൗശല വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) മൺപാത്രങ്ങൾ പോലുള്ള കരകൗശല ഉല്പന്നങ്ങൾക്ക് നിലവിലെ ഐ.ആർ.ഡി.പി. മേളകൾ, മലബാർ ക്രാഫ്റ്റ് മേളകൾ, ഗദ്ദിക, മറ്റ് പ്രാദേശിക വിപണന മേളകൾ എന്നിവയിൽ സ്റ്റാളുകൾ അനുവദിക്കുന്നതിൽ മുൻഗണന നൽകി വരുന്നുണ്ട്. അതോടൊപ്പം പ്രസ്തുത ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന് നിലവിൽ വ്യവസായ വകുപ്പ് സംസ്ഥാനത്ത് നടത്തി വരുന്ന ചെറുകിട വ്യവസായ പ്രദർശന വിപണന മേളയിൽ ഇത്തരം സംരംഭകരെ സൗജന്യമായി പങ്കെടുപ്പിച്ചുവരുന്നു.

(സി) മൺപാത്ര തൊഴിലാളികൾക്ക് സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

104 (1868) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ ആകെ എത്ര ഏക്കർ സ്ഥലമുണ്ട്; ഇതിൽ എത്ര ഏക്കർ സ്ഥലം വ്യാവസായികൾക്ക് നൽകിയിട്ടുണ്ട്; ഈ സ്ഥലം ഏതൊക്കെ വ്യാവസായികൾക്കാണ് നൽകിയിട്ടുള്ളത്; എത്ര സെന്റ് വസ്തു വീതമാണ് നല്കിയിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

ആലപ്പുഴ ജില്ലയിലെ അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വ്യവസായ വകുപ്പിന്റെ അധീനതയിൽ 62.9 ഏക്കർ ഭൂമി ഉണ്ട്. ഇതിൽ 51.5088 ഏക്കർ ഭൂമി വ്യാവസായികൾക്ക് നൽകിയിട്ടുണ്ട്. ഭൂമി അനുവദിച്ചിട്ടുള്ളവരുടെയും ഓരോരുത്തർക്കും അനുവദിച്ച ഭൂമിയുടെയും വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട് *.

**സിൽക്ക്-ന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കപ്പൽ പൊളിക്കൽ സ്ഥാപനം**

105 (1869) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെ കണ്ണൂർ ജില്ലയിലെ അഴീക്കലിൽ സിൽക്ക്-ന്റെ ആഭിമുഖ്യത്തിൽ കപ്പൽ പൊളിക്കൽ വ്യവസായ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യവസായം കൊണ്ട് സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കുമോ;

(സി) പൊളിക്കുന്ന കപ്പലുകളിലെ മാരകമായ രാസവസ്തുക്കൾ പരിസ്ഥിതിക്കും, ജീവജാലങ്ങൾക്കും ഗുരുതര പ്രശ്നങ്ങൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ അഴീക്കലിൽ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് ഒരു കപ്പൽ നിർമ്മാണശാലയുണ്ട്. ബോട്ടുകളുടെയും മറ്റും നിർമ്മാണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ 375 മുതൽ 2375 മെ. ടൺ വരെ ഭാരമുള്ള കപ്പലുകൾ പൊളിക്കുന്ന പ്രക്രിയകളും ഇവിടെ നടന്നുവരുന്നു. കസ്റ്റംസ്, പോർട്ട്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫാക്ടറീസ് & ബോയിലേഴ്സ് തുടങ്ങിയ വകുപ്പുകളുടെ കർശന സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ഇവിടെ കപ്പൽ പൊളിക്കൽ നടക്കുന്നത്. കപ്പൽ അടുപ്പിച്ച്, ഭൂമിയിൽ സ്പർശിക്കാതെ കോൺക്രീറ്റ് പ്രതലത്തിൽ വലിയ കഷണങ്ങളായി മുറിച്ച്, ക്രെയിൻ ഉപയോഗിച്ച് വർക്ക്ഷോപ്പിൽ എത്തിച്ചാണ് പ്രോസസ്സ് ചെയ്യുന്നത്. അന്തരീക്ഷ മലിനീകരണം തടയുവാൻ വാട്ടർ സ്പ്രിംഗ്ലറുകൾ, ഓയിൽ മുതലായവ പരക്കുന്നത് തടയുവാനായി കപ്പലിനുചുറ്റും ബൂംബാരിയറുകൾ തുടങ്ങിയ മുൻകരുതലുകൾ ചെയ്തിട്ടുണ്ട്. ജീവനക്കാർക്ക് ആവശ്യമായ എല്ലാ സുരക്ഷാ ഉപകരണങ്ങളും നൽകുന്നുണ്ട്. ഓയിൽ, ഡീസൽ, ആസ്ബസ്റ്റോസ് തുടങ്ങിയവ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ചട്ടങ്ങൾക്കനുസരിച്ച് കോമൺ ട്രീറ്റ്മെന്റ് & സേഫ് ഡിസ്പോസൽ ഫെസിലിറ്റി മുഖാന്തരമാണ് മാറ്റുന്നത്.

(ബി) ആഭ്യന്തര വിപണിയിൽ ബിൽഡിംഗ് മെറ്റീരിയലുകൾ ഉണ്ടാക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത വർദ്ധിക്കുന്നു. തദ്ദേശീയമായി തൊഴിൽ സാധ്യത വർദ്ധിക്കുന്നു.

(സി) കണ്ണൂർ യൂണിറ്റിൽ സാധാരണ ഗതിയിൽ ചരക്കുകപ്പലുകൾ മാത്രമാണ് പൊളിക്കുന്നത്. കപ്പലുകൾ കൊണ്ടുവരുന്നതിന് മുൻപായി ബന്ധപ്പെട്ട അധികാരികളിൽ നിന്ന് കപ്പലിൽ ആപൽക്കരമായ മാലിന്യങ്ങളോ റേഡിയോ ആക്ടീവ് പദാർത്ഥങ്ങളോ ഇല്ല എന്നതിനുള്ള സാക്ഷ്യപത്രവും കപ്പൽ കൃത്യമായും മാലിന്യമുക്തമാണെന്നും ഉറപ്പുവരുത്തുന്നുണ്ട്.

**ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി**

106 (1870) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ "വാതക പൈപ്പ് ലൈൻ" പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കേരളത്തിലെ ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നത്; വ്യക്തമാക്കുമോ; പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ആശങ്ക ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് പൈപ്പ് ലൈൻ കടന്നുപോകുന്നതിന് അലൈൻമെന്റ് തയ്യാറാക്കിയിട്ടുള്ളത്; സർവ്വേ നമ്പർ, ഉടമസ്ഥത എന്നീ വിവരങ്ങൾ ഉൾപ്പെടെ വിശദാംശം നൽകുമോ;

(ഡി) താരതമ്യേന ജനസാന്ദ്രത കൂടിയ പ്രദേശങ്ങൾ ഒഴിവാക്കി ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അലൈൻമെന്റിൽ മാറ്റം വരുത്തുന്നതിനും ഇത് വഴി ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതിയോടനുബന്ധിച്ച് സ്ഥലം ഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. രണ്ട് ഘട്ടങ്ങളായാണ് ഇത് നടപ്പിലാക്കുന്നത്.

1) കൊച്ചി-കൂറ്റനാട് 2) ബാംഗ്ലൂർ-മാംഗ്ലൂർ. ഇതിൽ ഒന്നാംഘട്ടം പൂർത്തിയായി. കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലൂടെ പൈപ്പ് ലൈൻ കടന്നുപോകുന്നു. വീടുകളെയും മറ്റ് കെട്ടിടങ്ങളെയും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്. ജനവാസ മേഖലയിലെ സുരക്ഷയെക്കുറിച്ച് യാതൊരുവിധ ആശങ്കയുടെയും സാഹചര്യമില്ല. പദ്ധതിക്കായി ഭൂമിയുടെ ഉപയോഗാവകാശം മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. ഉടമസ്ഥാവകാശം ഭൂവുടമയിൽത്തന്നെ നിക്ഷിപ്തമാണ്. ഭൂമിയുടെ ക്രയവിക്രയത്തിന് യാതൊരു തടസ്സവുമില്ല. ഇതുസംബന്ധിച്ചുള്ള ശാസ്ത്രീയ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തിക്കഴിഞ്ഞു.

(സി) ഏറനാട് താലൂക്കിലെ പാണക്കാട്, മേൽമുറി, പൂക്കോട്ടൂർ, നറുകര, പുൽപ്പറ്റ, പാവണ്ണൂർ, അരീക്കോട്, കീഴ്പറമ്പ എന്നീ പ്രദേശങ്ങളിലൂടെയാണ് പൈപ്പ്ലൈൻ കടന്നുപോകുന്നത്. പൈപ്പ്ലൈൻ കടന്നുപോകുന്ന സർവ്വേ നമ്പറുകൾ ഇന്ത്യാ ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ഡി) ജനവാസ മേഖലയിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് യാതൊരു ആശങ്കയ്ക്കും അടിസ്ഥാനമില്ല. ജനസാന്ദ്രത ക്ലാസിഫിക്കേഷൻ അനുസരിച്ച് കൂടിയ കനം ഉറപ്പുവരുത്തി ശാസ്ത്രീയമായി രൂപകൽപ്പന ചെയ്തിട്ടുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത്. ജനവാസ മേഖലയെ പരമാവധി ഒഴിവാക്കിക്കൊണ്ട് നിലവിൽ സാധ്യമായതും ഏറ്റവും അനുയോജ്യമായതുമായ അലൈൻമെന്റ് ആണ് നിലവിലുള്ളത്. വീടുകളെയും മറ്റ് കെട്ടിടങ്ങളെയും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ്ലൈൻ കടന്നുപോകുന്നത്. ഈ പദ്ധതിക്കുവേണ്ടിയുള്ള പൈപ്പ്ലൈൻ

കടന്നുപോകുന്ന സ്ഥലങ്ങളിലെ ഒരു വീടുപോലും പൊളിച്ചുമാറ്റേണ്ട ആവശ്യമില്ല. ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പഞ്ചായത്തുകൾതോറും ശാസ്ത്രീയ കാരണം വിശദീകരിച്ചുകൊണ്ട് ബോധവൽക്കരണം നടത്തിക്കഴിഞ്ഞു. സംസ്ഥാനത്തിന് നേട്ടമുണ്ടാകുന്ന ഈ പദ്ധതിയുടെ ആവശ്യകതയും ജനങ്ങളോട് വിശദീകരിച്ചിട്ടുണ്ട്.

**വ്യവസായ വികസനം വേഗത്തിലാക്കാനുള്ള നടപടികൾ**

107 (1871) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>
<u>ശ്രീ. സി. കെ. നാണു</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനം വേഗത്തിലാക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വ്യവസായങ്ങൾ തുടങ്ങാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന ലൈസൻസിംഗ് അധികാരം എടുത്തുകളഞ്ഞത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാന നഷ്ടത്തിന് കാരണമാകുമെന്ന് കരുതുന്നുണ്ടോ; ഈ വിധത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഭവിക്കുന്ന നഷ്ടം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണിയാകുന്ന വ്യവസായങ്ങൾ തുടങ്ങാൻ ഇത് കാരണമാകും എന്ന് കരുതുന്നുണ്ടോ;

(ഡി) ഒരു പ്രദേശത്തെ പ്രകൃതിവിഭവങ്ങളുടെ ചൂഷണത്തിനിടയാക്കുന്ന വ്യവസായങ്ങൾ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വ്യവസായ വികസനം വേഗത്തിലാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭകത്വ സഹായ പദ്ധതി വഴി അവയ്ക്ക് അധിക സാമ്പത്തിക സഹായം നൽകിവരുന്നു. എല്ലാ ജില്ലാ

വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പരിപാടി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉത്പന്ന വിപണനമേളകൾ തുടങ്ങിയ പരിപാടികൾ നടത്തുന്നുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ വഴി ധനസഹായവും നൽകിവരുന്നു.

(ബി&സി) വ്യവസായങ്ങൾ തുടങ്ങാൻ ലൈസൻസ് നൽകുന്നതിനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം എടുത്തുകളഞ്ഞിട്ടില്ല.

(ഡി) പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യാതെ നിയന്ത്രിതമായ തോതിൽ യുക്തിസഹമായാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിന് വിവിധ വകുപ്പുകൾ പരിശോധന നടത്തി തീരുമാനമെടുക്കുവാനുള്ള സംവിധാനം നിലവിലുണ്ട്.

**കൊച്ചി കിൻഫ്രാ പാർക്ക്**

108 (1872) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കിൻഫ്രാ പാർക്കിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) ഇവിടെ വ്യാവസായിക-ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് അറിയിക്കുമോ;

(സി) ഇതിലേയ്ക്കായി എത്ര തുക ആവശ്യമായി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കൊച്ചിയിൽ കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്കുകൾ താഴെ പറയുന്നവയാണ്.

1. കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി

2. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കനാട്

ഇവയിൽ കളമശ്ശേരിയിലെ ഹൈടെക് പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 26 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

കാക്കനാട് കിൻഫ്ര സ്ഥാപിച്ച കയറ്റുമതി അധിഷ്ഠിത വ്യവസായ പാർക്കിൽ 15 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. അവയും പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമായിട്ടുണ്ട്.

(ബി) കാക്കനാട് വ്യവസായ പാർക്കിലെ 45 MLD ജലവിതരണ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കാവശ്യമായ ഇൻടേക്ക് വെല്ലിന് ആവശ്യമായ ഭൂമി പെരിയാറിനടുത്ത് കണ്ടെത്തുകയും അത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുത്തശേഷം പൈപ്പിടുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. കൂടാതെ കളമശ്ശേരിയിലെ ഹൈടെക് പാർക്കിലെയും 9 MLD ജലവിതരണ പദ്ധതിയുടെ പൈപ്പിടുന്നത് ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ ജലശുദ്ധീകരണ പ്ലാന്റിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇവ പൂർത്തീകരിച്ചശേഷം പ്രസ്തുത പദ്ധതിയും പൂർണ്ണമായും പ്രാവർത്തികമാക്കാനാണ് കിൻഫ്ര ലക്ഷ്യമിടുന്നത്.

(സി) കാക്കനാട്ടെ ജലവിതരണ പദ്ധതിക്ക് 65.1873 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കളമശ്ശേരിയിലെ പദ്ധതിക്ക് 20 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. രണ്ട് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാനാണ് കിൻഫ്ര ലക്ഷ്യമിടുന്നത്.

**മലബാർ സിമന്റ്സ്-ന്റെ മാർക്കറ്റിംഗ് വ്യാപിപ്പിക്കുന്നതിന് നടപടി**

109 (1873) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സ്-ന്റെ മാർക്കറ്റിംഗ് കൂടുതൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള സിമന്റ് ബ്രാൻഡുകൾ കേരളത്തിൽ നന്നായി വിപണി കയ്യടക്കുകയും എന്നാൽ മലബാർ സിമന്റ്സ് പിറകോട്ടു പോവുകയും ചെയ്യുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മലബാർ സിമന്റ്സ്-ന്റെ വിപണി കൂടുതൽ വ്യാപിപ്പിയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) വിപണി വിപുലീകരിക്കുന്നതിനായി കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ഒരു സിമന്റ് ഹബ്ബ് സുസജ്ജമാക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ ജില്ലകൾതോറും സഹകരണമേഖലയെ കൂടുതൽ ഫലപ്രദമായ രീതിയിൽ ഉപയോഗിച്ചുകൊണ്ട് മലബാർ സിമന്റ്സ് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(ബി) കേരള സിമന്റ്സ് വിപണിയുടെ 6-8% വരെ വിഹിതമാണ് മലബാർ സിമന്റ്സിനുള്ളത്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം ഏകദേശം മൂന്നുമാസത്തോളം ഉല്പാദനക്കുറവ് നേരിടുകയും മലബാർ സിമന്റ്സ് വിപണിയിൽ നിന്ന് വിട്ടുനിൽക്കേണ്ടതായ സാഹചര്യം വരികയുമുണ്ടായി. ഈ അവസരത്തിൽ സ്വകാര്യ കമ്പനികൾ മലബാർ സിമന്റ്സിന്റെ വിപണി കയ്യടക്കി. എന്നാൽ മാനേജ്മെന്റിന്റെ സമയോചിതമായ ഇടപെടൽമൂലം അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിച്ച് ഉല്പാദനം കാര്യക്ഷമമാക്കുകയും സഹകരണമേഖലയുടെ കൂടി സഹായത്തോടെ കൈവിട്ട വിപണി തിരിച്ചുപിടിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട്.

**ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം**

110 (1874) <u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ ;

(സി) ചെറുകിട വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിന് സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യാവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യാവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.

(ബി&സി) ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനും വിപണി മെച്ചപ്പെടുത്തുന്നതിനും വ്യവസായ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി ബിസിനസ് ടു ബിസിനസ് മീറ്റ്, കേരളത്തിന്റെ തനതായ കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി കർഷകരുടെയും വ്യവസായ സംരംഭകരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി അഗ്രോ ഫുഡ് പ്രോ, കേരളത്തിലെ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്താനായി എല്ലാ ജില്ലകളിലും വ്യവസായ എക്സിബിഷനുകൾ, ഓരോ പ്രദേശത്തെയും തനത് സാംസ്കാരിക മേളകളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രദർശന വിൽപ്പന മേളകളിൽ എം.എസ്.എം.ഇ.-കളുടെ പങ്കാളിത്തം, എം.എസ്.എം.ഇ.-ഡി.ഐ.-യുമായി സഹകരിച്ചുകൊണ്ട് നാഷണൽ ലെവൽ വെണ്ടർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**വ്യവസായ ക്ലസ്റ്ററുകൾ**

111 (1875) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ ഉദ്ദേശ്യവും ലക്ഷ്യവും എന്തെന്ന് അറിയിക്കുമോ;

(സി) ഇതിലൂടെ സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇത്തരം ക്ലസ്റ്ററുകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഒരു പൊതുവായ ബ്രാൻഡിൽ വിപണനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ഒരേതരം പ്രവർത്തനങ്ങൾ ഒരു ഭൂപ്രദേശത്ത് നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് അവർക്കാവശ്യമായ പൊതുസേവന കേന്ദ്രങ്ങൾ, പൊതു സൗകര്യങ്ങൾ തുടങ്ങിയവ സ്ഥാപിക്കുക എന്നതാണ് ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതിപ്രകാരം പ്രധാനമായും ഉദ്ദേശിക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ ബാങ്ക്, കനത്ത മുതൽമുടക്ക് വേണ്ടി വരുന്നതും പൊതുവായി ഉപയോഗിക്കാൻ കഴിയുന്നതുമായ യന്ത്രസാമഗ്രികൾ സ്ഥാപിക്കുക, ഉല്പന്നത്തിന്റെ വ്യാപാരം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി മുഖേന സാക്ഷാത്കരിക്കുന്നത്.

ക്ലസ്റ്ററിന്റെ പ്രവർത്തനഫലമായി ഉൽപ്പാദന പ്രവർത്തനം കൂടുതൽ ആധുനികവൽക്കരിക്കുകയും പൊതുസേവന കേന്ദ്രങ്ങളുടെ ലഭ്യത കൂടുതൽ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയും ചെയ്യുന്നു. അന്തിമ ഫലമായി സംസ്ഥാനത്തെ വ്യവസായ വളർച്ചയെ ഗുണകരമായി സ്വാധീനിക്കുന്നതിന് ക്ലസ്റ്ററിന്റെ പ്രവർത്തനം സഹായിക്കുന്നു.

(ഡി) ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന ക്ലസ്റ്റർ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. പൊതുവായ ബ്രാൻഡിൽ വിപണനം നടത്തുന്നതിന് അംഗ യൂണിറ്റുകൾ താല്പര്യം പ്രകടിപ്പിക്കുന്നുവെങ്കിൽ അതും ഒരു ക്ലസ്റ്ററിന് നിർവ്വഹിക്കാവുന്നതാണ്.

**ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രങ്ങൾ**

112 (1876) <u>ശ്രീ. റ്റി. വി. രാജേഷ്:</u>

<u>ശ്രീ. ജോർജ് എം. തോമസ്:</u>

<u>ശ്രീ. കാരാട്ട് റസാഖ്:</u>

<u>ശ്രീ. കെ. വി. വിജയദാസ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭകത്വ ആശയവുമായി മുന്നോട്ട് വരുന്ന പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക, അടിസ്ഥാന സൗകര്യങ്ങൾ, വൈദഗ്ധ്യ വികസനം എന്നിവയ്ക്കായി എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സെന്ററുകളിൽ ലഭ്യമാകുന്നത്;

(സി) വിജയം കൈവരിച്ച സംരംഭകരുടെയും വിദഗ്ധരുടെയും പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളെ കൂടുതൽ ഫലപ്രദമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സമഗ്രമായ ഒട്ടനവധി സഹായങ്ങൾ നൽകിക്കൊണ്ട് ഒരു ബിസിനസ്സ് ആശയത്തെ ഉൽപ്പന്നം/സേവനം എന്ന നിലയിലേയ്ക്ക് പരിവർത്തിപ്പിച്ച് വിജയകരമായി ഒരു സംരംഭകനെ സൃഷ്ടിക്കുന്ന വേദിയാണ് ബിസിനസ്സ് ഇൻകുബേഷൻ സെന്റർ. ശരാശരിയിലും അധികമായ തൊഴിൽ ലഭ്യത, സമ്പത്തുല്പാദനം എന്നിവയുടെ സ്ഥിരമായ വളർച്ച വിജയകരമായ ഒരു ബിസിനസ് ഇൻകുബേറ്റർ ഉറപ്പുവരുത്തുന്നു. തൊഴിലവസരങ്ങളുടെ സൃഷ്ടി, സംരംഭകത്വ കാലാവസ്ഥയെ പരിപോഷിപ്പിക്കൽ, സാങ്കേതിക വിദ്യയുടെ വാണിജ്യവൽക്കരണം പ്രാദേശിക സാമ്പത്തികാവസ്ഥയുടെ വൈവിദ്ധ്യ വത്കരണം, പ്രാദേശിക വ്യവസായ സമൂഹങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തൽ, ബിസിനസ്സിന്റെ സൃഷ്ടിയും നിലനിർത്തലും, വനിതകളുടെയും ന്യൂനപക്ഷങ്ങളുടെയും സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കൽ, ആഭ്യന്തരവും ആഗോളവുമായ ബിസിനസ്സ് അവസരങ്ങളെ കണ്ടെത്തൽ, സമൂഹ പുനർ നിർമ്മിതി തുടങ്ങിയ സാമൂഹിക സാമ്പത്തികാവശ്യങ്ങളെ കണ്ടെത്തി പുതിയ സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ഇന്റർനെറ്റ് തുടങ്ങിയവ ബിസിനസ്സ്

ഇൻകുബേഷൻ സെന്റർ മുഖേന ലഭ്യമാകുന്നു.

കേരളത്തിലെ യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. പ്രാരംഭ മൂലധന സഹായം (പരമാവധി 25 ലക്ഷം രൂപ) നൽകി വരുന്നു.

(സി) ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളിൽ പ്രവർത്തിക്കുന്ന കമ്പനികൾക്കായി വിജയം കൈവരിച്ച വിദഗ്ധരുടെയും സംരംഭകരുടെയും സേവനങ്ങൾ ഉൾപ്പെടുത്തി സമയാസമയങ്ങളിൽ മെന്ററിംഗ് സപ്പോർട്ടും വിദഗ്ധ ക്ലാസ്സുകളും കെ.എസ്.ഐ.ഡി.സി. നടത്തി വരുന്നു. കൂടാതെ CII, FICCI, ടൈ കേരള, കേരള സ്റ്റാർട്ട് അപ്പ് മിഷൻ തുടങ്ങിയവർ നടത്തുന്ന വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള പിന്തുണ നൽകുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ പരിഷ്കാരം ആവശ്യമെങ്കിൽ അക്കാര്യം പരിശോധിക്കാവുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതികൾ**

113 (1877) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുവാനും ഇത് വ്യാവസായിക ഉത്പാദനത്തിന് ഉപയോഗിക്കുവാനും വേണ്ടിയുള്ള പദ്ധതികൾ പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**'മാർജിൻ മണി വായ്പയുടെ കുടിശ്ശിക അടച്ചുതീർക്കുന്നതിന് പദ്ധതികൾ'**

114 (1878) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക്

അനുവദിക്കപ്പെട്ടിട്ടുള്ള മാർജിൻ മണി വായ്പയുടെ കുടിശ്ശിക അടച്ച് തീർക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വായ്പക്കാർ സ്വീകരിക്കേണ്ടത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മാർജിൻ മണി വായ്പയുടെ കുടിശ്ശിക അടച്ചുതീർക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ ഒരു നിശ്ചിത സമയപരിധിയിലേയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 24-3-2017-ലെ ജി.ഒ.(ആർ.ടി.) നമ്പർ 459/17/വ്യവ. ഉത്തരവ് പ്രകാരം ഈ സർക്കാർ രണ്ട് കാറ്റഗറികളിലായി പ്രഖ്യാപിച്ചിട്ടുണ്ട്.

കാറ്റഗറി I പ്രകാരം യൂണിറ്റുടമയായ വായ്പക്കാരൻ മരണപ്പെടുകയും സ്ഥാപനം പ്രവർത്തനരഹിതവും ആസ്തികൾ തിരിച്ചടവിന് സാധ്യമല്ലാത്ത തരത്തിൽ നിലവിലില്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അനന്തരാവകാശിയുടെ അപേക്ഷയിന്മേൽ കുടിശ്ശിക തുക പൂർണ്ണമായും എഴുതിത്തള്ളാം. ഇത്തരം കേസ്സുകളിൽ വായ്പ കാലാവധി കഴിയാൻ കാത്തിരിക്കേണ്ടതില്ല.

കാറ്റഗറി II അനുസരിച്ച് റവന്യൂ റിക്കവറി നടപടികളിലിരിക്കുന്നതും യൂണിറ്റ് പ്രവർത്തനരഹിതമാവുകയും ആസ്തികൾ കൈമാറ്റം ചെയ്തിട്ടുള്ളതുമായ യൂണിറ്റുകൾ, മുതലും വായ്പ അനുവദിച്ച തീയതി മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള അപേക്ഷാതീയതി വരെയുള്ള ആറ് ശതമാനം പലിശയും ചേർന്ന തുകയാണ് തിരിച്ചടയ്ക്കേണ്ടതായി കണക്കാക്കേണ്ടത്. വായ്പക്കാരൻ തിരിച്ചടവ് നടത്തിയിട്ടുണ്ടെങ്കിൽ അത് കഴിച്ചുള്ള തുകയുടെ 50 ശതമാനം ഉടൻ അടയ്ക്കേണ്ടതും ബാക്കി തുക ഒരു വർഷത്തിനകം രണ്ട് ഗഡുകളായി അടയ്ക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആനുകൂല്യം റദ്ദാക്കും.

(ബി) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി വായ്പക്കാരൻ നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷയും അനുബന്ധരേഖകളും സ്ഥാപനം പ്രവർത്തനരഹിതമെന്ന് തെളിയിക്കുന്ന രേഖകൾ സഹിതം അതാത് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## 'ഇന്ത്യൻ കോഫി ബോർഡ് തൊഴിലാളി സഹകരണ സംഘം പിരിച്ചുവിട്ട നടപടി'

115 (1879) <u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ കോഫി ബോർഡ് തൊഴിലാളി സഹകരണ സംഘം (4227) ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു;

(ബി) തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന പ്രസ്തുത ഡയറക്ടർ ബോർഡിനെതിരെ കള്ളപരാതിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് അഡ്മിനിസ്ട്രേറ്റർ ഭരണം ഏൽപ്പിച്ചത് സഹകരണ ജനാധിപത്യത്തിനെ നശിപ്പിക്കുന്നതിന് വേണ്ടിയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സഹകരണ സംഘം ഹെഡ് ഓഫീസ് തല്ലിപ്പൊളിച്ച് ഓഫീസ് റിക്കാർഡുകൾ ബലമായി എടുത്തുകൊണ്ടുപോയവർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇന്ത്യൻ കോഫി ഹൗസ് ബോർഡിനെതിരെ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ഇന്ത്യൻ കോഫി ബോർഡ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4227-ൽ ഗുരുതരമായ അഴിമതിയും ക്രമക്കേടുകളും സഹകരണ നിയമത്തിനും ചട്ടത്തിനും വിരുദ്ധമായ ഭരണനിർവ്വഹണവും നടന്നിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ എന്ന നിലയിൽ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 22-2-2017-ലെ ബി2/6711/16-ാം നമ്പർ ഉത്തരവ് പ്രകാരം ഇന്ത്യൻ കോഫീ ബോർഡ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4227-ന്റെ ഭരണ സമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുള്ളതാകുന്നു.

(ബി) ഇന്ത്യൻ കോഫി ബോർഡ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4227-ന് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് രജിസ്ട്രാർ നടപടി സ്വീകരിച്ചിട്ടുള്ളത്.

(സി) ടി വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി**

116 (1880) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റ് പായ്ക്കറ്റ് ഒന്നിന് നൂറ് രൂപ കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിമന്റ് കൂടാതെ കമ്പി, മണൽ എന്നീ നിർമ്മാണ സാമഗ്രികളുടെ വിലയും വർദ്ധിച്ചതോടെ സംസ്ഥാനത്ത് നിർമ്മാണ മേഖല പ്രതിസന്ധിയിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ ഇടപെടുമോ; സിമന്റ് നിർമ്മാതാക്കൾ, വ്യാപാരികൾ, കെട്ടിട നിർമ്മാതാക്കൾ എന്നിവരുടെ പ്രതിനിധികളുമായി ചർച്ച നടത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) സർക്കാർ സ്ഥാപനമായ മലബാർ സിമന്റ്സിൽ ഉത്പാദനം വർദ്ധിപ്പിച്ച് പ്രതിസന്ധി മറികടക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റ് ബാഗ് ഒന്നിന് ഏകദേശം 50-80 രൂപ കൂടുതലാണ്.

(ബി) നോട്ടുപ്രതിസന്ധി, ജലദൗർലഭ്യം, ക്വാറി സമരം മുതലായവ കാരണം നിർമ്മാണ മേഖല പ്രതിസന്ധിയിലായിരുന്നു. നിർമ്മാണ മേഖലയിലെ പ്രതിസന്ധിക്ക് തൊട്ടു മുമ്പ് വിലകൾ, ബില്ലിംഗ് തുക 431 രൂപയും ഹോൾസെയിൽ വില 390 രൂപയും റീട്ടെയ്ൽ വില 420 രൂപയും എന്ന നിലവാരത്തിലായിരുന്നു വിൽപ്പന നടത്തിയിരുന്നത്. നിർമ്മാണ മേഖലയിലെ

പ്രതിസന്ധിയോടുകൂടി സിമന്റിന് ആവശ്യക്കാർ കുറയുകയും ഹോൾസെയിൽ വില 355 മുതൽ 360 രൂപ നിലവാരത്തിലേയ്ക്ക് താഴുകയുമുണ്ടായി. ഈ ഹോൾസെയിൽ വിലയും ബില്ലിംഗ് വിലയും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം നടക്കുന്നതായി അറിയുന്നു. അതിന്റെ ഭാഗമായി ചെറിയ വിലക്കയറ്റം അനുഭവപ്പെട്ടിട്ടുണ്ട്. ബില്ലിംഗ് തുകയിൽ സ്വകാര്യ കമ്പനികൾ കാര്യമായ മാറ്റം വരുത്തിയിട്ടില്ല. മറിച്ച് ചില ആനുകൂല്യങ്ങൾ പിൻവലിക്കുന്നതായി പ്രസ്താവിച്ചിരുന്നു. എന്നാൽ സിമന്റ് ഡീലർ അസോസിയേഷൻ ഇപ്പോൾ കേരളത്തിൽ വില കൂട്ടി വിൽക്കാനുള്ള സാഹചര്യമില്ല എന്ന നിലപാടിലാണ്.

(സി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) സർക്കാർ സ്ഥാപനമായ മലബാർ സിമന്റ്സിൽ ഉല്പാദനം വർദ്ധിപ്പിച്ച് പ്രതിസന്ധി മറികടക്കാൻ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. പ്രവർത്തനരഹിതമായിരുന്ന ചേർത്തലയിലെ സിമന്റ് ഗ്രൈൻഡിംഗ് യൂണിറ്റ് തുറന്ന് പ്രവർത്തനം തുടങ്ങി.
2. കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ മലബാർ സിമന്റ്സിന്റെ സിമന്റ് ഹാൻഡിലിംഗ് ഹബ്ബ് തുടങ്ങുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.
3. വാളയാർ പ്ലാന്റിലെ ഉല്പാദനം കൂട്ടാൻ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനം

117 (1881) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) നിലവിൽ ഏതെല്ലാം സ്ഥാപനങ്ങൾ ആണ് ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ പ്രവർത്തിച്ചു വരുന്നത്; വിശദാംശം നൽകാമോ;

(സി) ഒറ്റപ്പാലം കിൻഫ്രാ പാർക്കിൽ ആരംഭിക്കുന്ന പ്രതിരോധ പാർക്കിലേയ്ക്ക് നിക്ഷേപകരെ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികൾ

ആണ് നാളിതുവരെ സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഒറ്റപ്പാലത്ത് കിൻഫ്ര സ്ഥാപിച്ച വ്യവസായ പാർക്കുകളിൽ താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

- റോഡുകൾ
- വൈദ്യുതി ലൈനുകൾ
- പൈപ്പ് ലൈനുകൾ
- മഴവെള്ള സംഭരണി

കൂടാതെ 106636 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഫാക്ടറി സമുച്ചയവും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കിൻഫ്ര നിർമ്മിച്ച ഫാക്ടറി കെട്ടിട സമുച്ചയം M/s Blissful Garments Private Limited എന്ന വസ്ത്ര നിർമ്മാണ കമ്പനിക്ക് അലോട്ട് ചെയ്തിട്ടുണ്ട്. അവർ അവരുടെ പ്രവർത്തനങ്ങൾ ഭാഗികമായി ആരംഭിച്ചിട്ടുണ്ട്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി പ്രസ്തുത പാർക്കിൽ താഴെപ്പറയുന്ന വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

| Sl. No | Name of party | Area (In acres) | Area (In Sq.ft) |
|---|---|---|---|
| 1 | Additional Skill Acquisition Programme (ASAP), Department of Higher Education, GOK | 1.00 | - |
| 2 | Mr. Subin K.N | 0.12 | - |
| 3 | Mr. Vineeth Kumar | 0.05 | - |
| 4 | Mr. Asif | 0.07 | - |
| 5 | M/s. Skyniche Internet Business Solutions & Services | - | 851 |
| 6 | M/s. Micro Clouds | - | 723 |

(സി) ഒറ്റപ്പാലത്തെ 60 ഏക്കറിൽ സ്ഥാപിക്കുന്ന പ്രതിരോധ പാർക്കിന്റെ നിക്ഷേപകരെ ആകർഷിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര കേന്ദ്ര പ്രതിരോധ

മന്ത്രാലയവുമായും വാണിജ്യ സംഘടനകളായ Confederation of Indian Industry (CII), Federation of Indian Chamber of Commerce (FICCI) എന്നിവയുമായി ചർച്ച നടത്തി വരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നിക്ഷേപകരെ ആകർഷിക്കുന്നതുമായി ബന്ധപ്പെട്ട് കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്.

### കോട്ടയ്ക്കലിൽ വ്യവസായ പാർക്ക്

118 (1882) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് വ്യവസായ പാർക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ജില്ലാ വ്യവസായ കേന്ദ്രം ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഐ.ടി മേഖലയുമായി ബന്ധപ്പെട്ട വ്യവസായം ആരംഭിക്കുവാൻ എന്തെങ്കിലും പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് വ്യവസായ പാർക്ക് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല.

### കുപ്പിവെള്ള-സോഫ്റ്റ് ഡ്രിംഗ്സ് കമ്പനികൾ

119 (T*1883) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കുപ്പിവെള്ള കമ്പനികളും, സോഫ്റ്റ് ഡ്രിംഗ്സ് കമ്പനികളും എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ അന്തർദ്ദേശീയ, ദേശീയ, പ്രാദേശിക കമ്പനികൾ എത്ര വീതമാണെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) കമ്പനികൾ അനുവദനീയമായതിലും കൂടുതൽ ജലം ചോർത്തുന്നുവോയെന്ന പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അധിക ജലചൂഷണത്തിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് ലഭ്യമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) സംസ്ഥാനത്ത് 115 കുപ്പിവെള്ള കമ്പനികൾക്ക് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്.

(ബി) ഭൂജല അതോറിറ്റി നിരാക്ഷേപപത്രം നൽകിയിട്ടുള്ള 115 കുപ്പിവെള്ള കമ്പനികളും പ്രാദേശിക കമ്പനികളാണ്.

(സി) പ്രസ്തുത കമ്പനികളുടെ ജല ഉപഭോഗം പരിശോധിക്കാറുണ്ട്. അനുവദനീമായതിലും കൂടുതൽ ജലം ചോർത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്റ്റാൻഡ് അപ് ഇന്ത്യാ സ്കീം**

120 (1884) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകളെയും എസ്.സി./എസ്.ടി. വിഭാഗക്കാരയും സഹായിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റാൻഡ് അപ് ഇന്ത്യാ സ്കീം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഗുണഭോക്താവ് ആകുന്നതിലേയ്ക്ക് എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്ന് വിശദമാക്കുമോ;

(ബി) ഈ സ്കീമിൽ ലോൺ ലഭിക്കുന്നതിനായി ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷനിൽ (ഡി.ഐ.പി.പി.) പ്രോജക്ട് രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന ഉള്ളതിനാൽ പ്രസ്തുത രജിസ്ട്രേഷന്റെ മാർഗ്ഗങ്ങൾ/സംവിധാനം എന്തെന്ന് വിശദമായി വെളിപ്പെടുത്തുമോ;

(സി) കേരളത്തിലെ ഏതൊക്കെ ബാങ്കുകളാണ് സ്റ്റാൻഡ് അപ് ഇന്ത്യാ സ്കീമിൽ ലോൺ കൊടുക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ലോൺ വേഗത്തിൽ ലഭിക്കുന്നതിന് പ്രസ്തുത ലോൺ സംരംഭകരെ സഹായിക്കുവാൻ വ്യാവസായ വകുപ്പിന് സാധിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. സ്റ്റാൻഡ് അപ് ഇന്ത്യ പദ്ധതി പ്രകാരം ഗുണഭോക്താവാകുന്നത് താഴെപ്പറയുന്നവരാണ്.

1. 18 വയസ്സിനുമുകളിൽ പ്രായമുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ അല്ലെങ്കിൽ വനിതകളായിട്ടുള്ള സംരംഭകർ.

2. ഗുണഭോക്താവിന്റെ ഫസ്റ്റ് ടൈം വെഞ്ചർ ആയിരിക്കും ലോണിനുള്ള അർഹത.

3. ഒരാളിന്റെ ഉടമസ്ഥതയിൽ അല്ലാത്ത കേസ്സുകളിൽ 51 ശതമാനം ഷെയർ ഹോൾഡിംഗും കൺട്രോളിംഗ് സ്റ്റോക്കും പട്ടികജാതി പട്ടികവർഗ്ഗ സംരംഭകർക്ക് അല്ലെങ്കിൽ വനിതാ സംരംഭകർക്ക് ആയിരിക്കണം. വായ്പ എടുക്കുന്ന ആൾ ഏതെങ്കിലും ബാങ്കുകളിൽ അല്ലെങ്കിൽ ധനകാര്യ സ്ഥാപനങ്ങളിൽ കുടിശ്ശികക്കാരനായിരിക്കരുത്.

(ബി) www.Standupmithra.in എന്ന വെബ്സൈറ്റ് മുഖേനയും ബ്രാഞ്ച് മാനേജർ മുഖേനയും ലീഡ് ഡിസ്ട്രിക്ട് മാനേജർ (LDM) മുഖേനയും ഓൺലൈനായി വായ്പയ്ക്ക് അപേക്ഷ നൽകാവുന്നതാണ്. അതിനുവേണ്ടി രജിസ്റ്റർ ചെയ്യാനുള്ള ഓപ്ഷൻ പ്രസ്തുത വെബ്സൈറ്റിൽ തന്നെ ലഭ്യമാണ്.

(സി) പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, സ്വകാര്യമേഖലാ വാണിജ്യ ബാങ്കുകൾ തുടങ്ങിയവ മുഖേന ഈ പദ്ധതി പ്രകാരം വായ്പ ലഭ്യമാണ്.

(ഡി) സംരംഭകന്റെ പരിജ്ഞാനത്തിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിൽ വിജയകരമായി നടത്തുന്ന പദ്ധതികൾ കണ്ടെത്താനും അതിനനുസൃതമായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ സ്ഥാപനത്തിലേയ്ക്ക് ശിപാർശ നൽകാനും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരെ സമീപിച്ചാൽ എല്ലാവിധത്തിലുള്ള സഹായങ്ങളും ചെയ്തുകൊടുക്കുന്നതാണ്.

**റാന്നിയിൽ റബ്ബർ പാർക്ക് പ്രാവർത്തികമാക്കുന്നതിന് നടപടി**

121 (1885) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിക്ക് പ്രഖ്യാപിച്ച റബ്ബർ പാർക്ക് പ്രാവർത്തികമാകാത്തത് എന്തുകൊണ്ടാണെന്നറിയിക്കാമോ ; ഇതിനുശേഷം പ്രഖ്യാപിച്ച പാർക്കുകൾ പോലും യഥാർത്ഥ്യമായപ്പോൾ റബ്ബർ ഉൽപ്പാദന കേന്ദ്രമായ റാന്നിയിലെ റബ്ബർ പാർക്ക് ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) ആയിരക്കണക്കിന് ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി ലഭിക്കാവുന്ന റബ്ബർ പാർക്ക് യാഥാർത്ഥ്യമാക്കാൻ എന്തൊക്കെ നടപടികൾ

സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ&ബി) കിൻഫ്രയും റബ്ബർ ബോർഡും സംയുക്തമായി ചേർന്ന് റാന്നിയിൽ ഒരു റബ്ബർപാർക്ക് സ്ഥാപിക്കുന്നതിന് 2008-ൽ തന്നെ സർക്കാർ തീരുമാനിച്ചിരുന്നതാണ്. എന്നാൽ ഇതിനാവശ്യമായ ഭൂമി ലഭിക്കുന്നതിൽ വന്നു ചേർന്ന നിയമതടസ്സങ്ങളും സമീപ പ്രദേശമായ ഐരാപുരത്ത് കിൻഫ്രയും റബ്ബർ ബോർഡും സംയുക്തമായി സ്ഥാപിച്ചിട്ടുള്ള റബ്ബർ പാർക്കിന്റെ പ്രയോജനം ഈ മേഖലയിലും ലഭ്യമാണ് എന്നും കണ്ടതിനാൽ പ്രസ്തുത പാർക്കിന്റെ പ്രവർത്തനം അടിയന്തര സ്വഭാവത്തിൽ നടപ്പിലാക്കേണ്ട സാഹചര്യമില്ലെന്ന് കിൻഫ്ര അറിയിക്കുകയുണ്ടായി. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സംരംഭം പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുകയുണ്ടായി. എ.വി.റ്റി. കമ്പനിയുടെ അധീനതയിൽ ലഭ്യമായിട്ടുള്ള ഭൂമിയിൽ ഉദ്ദേശം 500 ഏക്കറോളം പുറമ്പോക്കാണെന്നും പ്രസ്തുത സ്ഥലം റബ്ബർ പാർക്കിന് യോഗ്യമാണോ എന്ന് പരിശോധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിന് കിൻഫ്രയുടെയും റവന്യൂ വകുപ്പിന്റെയും ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിക്കൊണ്ട് പ്രസ്തുത യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. തുടർന്ന് കിൻഫ്ര ഒരു പ്രാഥമിക പഠനം നടത്തി റിപ്പോർട്ട് നൽകുകയുണ്ടായെങ്കിലും പ്രസ്തുത പ്രോജക്ടിന്റെ സാമ്പത്തിക സാധ്യതകളും വാണിജ്യ സാമൂഹ്യ കാർഷിക മേഖലകളിൽ ഈ പ്രോജക്ട് വഴി ഉണ്ടായേക്കാവുന്ന പുരോഗതിയും അതോടൊപ്പം സംജാതമായേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും സമഗ്രമായി വിലയിരുത്തപ്പെട്ടിരുന്നില്ല. ഈ സാഹചര്യത്തിൽ പ്രൊഫഷണൽ സ്വഭാവത്തോടുകൂടി ഒരു സമഗ്ര പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സാധ്യമാവുകയുള്ളൂ.

**സംസ്ഥാനത്തെ കിൻഫ്ര പാർക്കുകൾ**

122 (1886) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കിൻഫ്ര പാർക്കുകളുടെ വ്യവസായ/ജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ഈ സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം കിൻഫ്ര പാർക്കുകളെ

നവീകരിക്കുവാനാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കിൻഫ്ര പാർക്കുകളുടെ വ്യവസായ/ജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 5 കോടി രൂപ ചെലവഴിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പാലക്കാട് ജില്ലയിലെ ജല വിതരണ പദ്ധതിയും എറണാകുളം ജില്ലയിലെ കാക്കനാടുള്ള ജലവിതരണ പദ്ധതിയുമാണ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലവിതരണ പദ്ധതികൾ.

(ബി) പാർക്കുകളെ നവീകരിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയില്ല. എന്നാൽ ഒറ്റപ്പാലത്തെ ഡിഫൻസ് പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പാലക്കാട്ട് കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്കിലേയ്ക്ക് സംരംഭകർക്ക് ആവശ്യമുള്ള ജലം ലഭ്യമാക്കുന്നതിനുള്ള വ്യവസായ ജലവിതരണ പദ്ധതികളുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളുമാണ് കിൻഫ്ര പ്രധാനമായും നടപ്പിലാക്കുന്നത്.

**സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ**

123 (1887) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ വ്യവസായ വകുപ്പിന് കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2015-16 വർഷത്തിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്; ഇതേ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം എത്ര രൂപയായിരുന്നു;

(സി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ഡി) 2016-17 വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം എത്ര രൂപയാണ്;

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിനും പുതിയ വ്യവസായ സ്ഥാപനങ്ങൾ പൊതുമേഖലയിൽ തുടങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന് കീഴിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2015-16 വർഷത്തിൽ 10 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്; ഇതേ കാലയളവിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം അനുബന്ധം I*ആയി ചേർക്കുന്നു.

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേരുവിവരം അനുബന്ധം I*ആയി ചേർക്കുന്നു.

(ഡി) 2016-17 വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം അനുബന്ധം *III* ആയി ചേർക്കുന്നു.

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം-IV* ആയി ചേർക്കുന്നു.

## പത്തനംതിട്ട ജില്ലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

124 (1888) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സ്ഥാപനങ്ങൾ പൂട്ടിയതുകാരണം എത്ര പേർക്ക് ജോലി നഷ്ടമായിട്ടുണ്ട്;

(ഡി) പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ എത്ര രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകും എന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## സിഡ്കോയ്ക്ക് വിലക്ക്

125 (1889) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മറുപടി നൽകുമോ:

(എ) സിഡ്കോയ്ക്ക് വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികളും കരാറുകളും നൽകുന്നതിൽ എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) സ്വകാര്യ നിർമ്മാണ കമ്പനികളും കരാറുകാരും ഈ അവസരം പരമാവധി മുതലെടുക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;എങ്കിൽ വിലക്ക് നീക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട മരാമത്ത് ജോലികൾ ചെയ്യുന്നതിന് സിഡ്കോയ്ക്ക് നൽകിയിരുന്ന അംഗീകാരം 1-4-2017 മുതൽ പുതുക്കി നൽകിയിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷക്കാലം മാനേജ്മെന്റ് തലത്തിലുള്ള അനാസ്ഥമൂലം കമ്പനി നഷ്ടത്തിലും സിഡ്കോ ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ കാലവിളംബം നേരിടുകയും ചെയ്തതാണ് കാരണം.

(ബി) ശ്രദ്ധയിൽ വന്നിട്ടില്ല. സിഡ്കോയുടെ അക്രഡിറ്റേഷൻ പുതുക്കി നൽകുന്നത് സംബന്ധിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

**നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

126 (1890) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻപ് നഷ്ടത്തിലായിരുന്ന ഏതെങ്കിലും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കണക്കുകൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുമ്പ് നഷ്ടത്തിലായിരുന്ന താഴെപ്പറയുന്ന അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയിട്ടുണ്ട്.

1. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
2. ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്
3. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
4. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്

5. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്

**ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി & പ്രൊമോഷൻ**

127 (1891) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ കീഴീൽ വനിതകളുടെയും എസ്.സി./എസ്.ടി. വിഭാഗങ്ങളുടെയും ബിസിനസ് സംരംഭം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി & പ്രൊമോഷൻ (DIPP) പദ്ധതിയിൽപ്പെടുത്തി വിവിധ ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രിയൽ സെന്റർ വഴി നടപ്പാക്കുന്ന സ്റ്റാന്റ് അപ് ഇന്ത്യ പദ്ധതി സംസ്ഥാനത്തുള്ള പ്രധാന ബാങ്കുകൾ വഴി നടപ്പിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയ്ക്ക് വേണ്ടി ബാങ്കിൽ നിന്നും സെക്യൂരിറ്റി (വസ്തു, മറ്റ് വകകൾ) വാങ്ങരുതെന്ന നിബന്ധന ഉള്ളകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്നിട്ടും പല ബാങ്കുകാരും, സെക്യൂരിറ്റി ചോദിയ്ക്കുന്നതുമൂലം പല വനിതകളും എസ്.സി./എസ്.ടി. വിഭാഗം ആൾക്കാരും സെക്യൂരിറ്റിയായി വസ്തുക്കളും മറ്റും ബാങ്കുകൾക്ക് കൊടുക്കുവാൻ ഇല്ലാത്തതിനാൽ പല നല്ല സംരംഭങ്ങളിൽ നിന്നും പിൻതിരിഞ്ഞ് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ച് ഈ പുതുവ്യവസായ സംരംഭകരെ സഹായിക്കുമെന്ന് വിശദമാക്കുമോ;

(ഡി) സ്റ്റാന്റ് അപ് ഇന്ത്യ പദ്ധതി പ്രകാരം എത്ര രൂപ വരെയാണ് ലോൺ കൊടുക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) ഈ ലോണിന്റെ പലിശനിരക്കും തിരിച്ചടവും ഏത് രീതിയിലെന്ന് വിശദമാക്കുമോ;

(എഫ്) സ്റ്റാന്റ് അപ് ഇന്ത്യ പദ്ധതി പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ കാര്യങ്ങൾ അപേക്ഷകർക്ക് ചെയ്തു കൊടുക്കുവാൻ വ്യവസായ വകുപ്പിന് സാധിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) അത്തരം നിബന്ധന ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്റ്റാന്റ് അപ്പ് ഇന്ത്യ പദ്ധതിപ്രകാരം 10 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെയാണ് വായ്പ നൽകുന്നത്.

(ഇ) പ്രത്യേക റേറ്റിംഗ് കാറ്റഗറിയിൽ ബാങ്ക് ഈടാക്കുന്ന പലിശ നിരക്കിന്റെ ഏറ്റവും താഴ്ന്ന നിരക്കിലുള്ള പലിശ മാത്രമേ ഈ പദ്ധതിപ്രകാരം ഈടാക്കാവൂ. ഏഴ് വർഷം കൊണ്ടാണ് ഈ വായ്പ തിരിച്ചടയ്ക്കേണ്ടത്. പരമാവധി മൊറട്ടോറിയം പിരീഡ് 18 മാസം ആയിരിക്കും.

(എഫ്) സംരംഭകന്റെ പരിജ്ഞാനത്തിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിൽ വിജയിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഉൽപ്പന്നങ്ങൾ കണ്ടെത്തി പദ്ധതിരേഖ തയ്യാറാക്കി ബാങ്കുകളിലേയ്ക്ക് നൽകാൻ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സഹായിക്കുന്നു. സാങ്കേതികമായും മാനേജീരിയൽ ആയും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. കൂടാതെ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്നതിനുള്ള കൈത്താങ്ങ് സഹായം വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ നൽകുന്നു.

**വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന നടപടി**

128 (1892) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വിദ്യാലയങ്ങൾ സംരംഭക സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇൻഫർമേഷൻ ടെക്നോളജി വ്യവസായ രംഗത്തുൾപ്പെടെ വിദ്യാർത്ഥി സംരംഭകർക്ക് പ്രോത്സാഹനവും വ്യവസായ സാഹചര്യവും സൃഷ്ടിച്ചു നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഐ. ടി. ക്യാമ്പസ്സുകൾ കേന്ദ്രീകരിച്ച് ഇതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനും നൂതന വ്യവസായ മേഖലകൾ പരിചയപ്പെടുത്തുന്നതിനും വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും വ്യവസായ സ്ഥാപനങ്ങൾ

സന്ദർശിക്കുന്നതിനും യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബുകൾ) പ്രവർത്തിച്ചുവരുന്നു. കൂടാതെ പഠന കാലയളവിൽ തന്നെ സംരംഭകത്വത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. മുഖേന ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും ബിസിനസ് മെന്ററിംഗ് സെഷനുകളും പ്രവർത്തിച്ചുവരുന്നു. ഇതിനായി വിദ്യാർത്ഥി സംരംഭകർക്ക് സീഡ് ക്യാപ്പിറ്റൽ അസിസ്റ്റന്റ് സ്കീം വഴി സാമ്പത്തിക സഹായവും ആവിഷ്കരിച്ചുവരുന്നു.

(ബി&സി) കേരളത്തിലൊട്ടാകെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഇ.ഡി. ക്ലബ്ബുകളിൽ വിവിധ സംരംഭകത്വ വികസന പരിപാടികൾ നടത്തുന്നതിന് ചെലവായ തുകയിൽ സർക്കാർ സഹായമെന്ന നിലയ്ക്ക് 280 ഇ.ഡി. ക്ലബ്ബുകൾക്ക് 16,80,000 രൂപ 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ 378 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് 25,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഐ.ടി. ക്യാമ്പസ്സുകൾക്ക് മാത്രമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

**പ്രവർത്തനലാഭമുണ്ടാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ**

129 (1893) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ നഷ്ടത്തിലായിരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തനലാഭമുണ്ടാക്കിയെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ എത്ര വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) മുൻവർഷങ്ങളിൽ ലാഭത്തിലായിരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തന നഷ്ടമുണ്ടാക്കിയെന്ന് വിശദമാക്കുമോ?

**ഉത്തരം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുമ്പ് നഷ്ടത്തിലായിരുന്ന താഴെ പറയുന്ന അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന

ലാഭമുണ്ടാക്കിയിട്ടുണ്ട്.

1. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
2. ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്
3. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
4. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്
5. സ്റ്റീൽ ആന്റ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡ്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതുതായി പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

(സി) 2015-16 സാമ്പത്തിക വർഷത്തിൽ ആഡിറ്റിന് മുമ്പുള്ള ലഭ്യമായ കണക്കുകൾ പ്രകാരം നാമമാത്രമായ ലാഭം റിപ്പോർട്ട് ചെയ്തിരുന്ന കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ 2016-17-ൽ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

**മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജീവനക്കാരുടെ പ്രതിദിന വേതനം**

130 (1894) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിന്റെ ഉത്തരവ് പ്രകാരം 2016 മുതൽ ദിവസവേതനക്കാർക്ക് 600 രൂപ പ്രതിദിന വേതനം ലഭിക്കുമ്പോൾ മൈനിംഗ് & ജിയോളജി വകുപ്പിലെ താൽക്കാലികക്കാർക്ക് കേവലം 250/ 300 രൂപ മാത്രം ലഭിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് മൈനിംഗ് & ജിയോളജി വകുപ്പിലെ ജീവനക്കാർക്കും ബാധകമാക്കാൻ നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ&ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ മിനറൽ ഇൻവെസ്റ്റിഗേഷൻ ക്യാമ്പുകളിൽ താത്കാലിക ദിവസ വേതനക്കാരായ ഡ്രിൽ കൂലി, വാച്ചർ എന്നിവർക്ക് 26-2-2016-ലെ ജി.ഒ.(പി)28/2016/ധന നമ്പർ ഉത്തരവിലെ ഒന്നാം കാറ്റഗറിയിൽ ഉൾപ്പെടുന്ന റെഗുലർ മസ്ദൂർ വേതന നിരക്കായ

600 രൂപ അനുവദിച്ചു നൽകുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നിയന്ത്രണങ്ങൾ

131 (1895) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുനിർമ്മാണവുമായി ബന്ധപ്പെട്ട് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് എന്തെല്ലാം നിയന്ത്രണങ്ങളും നിബന്ധനകളുമാണ് ഏർപ്പെടുത്തിയിരിക്കുന്നത്;വിശദാംശം ലഭ്യമാക്കുമോ;

(ബി) സാധാരണക്കാർക്ക് 10 സെന്റിൽ താഴെയുള്ള വസ്തുവിൽ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് നീക്കുന്നതിനും ചെങ്കല്ല് വെട്ടിയെടുക്കുന്നതിനുമുള്ള നിബന്ധനകളിൽ ഇളവു വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഇളവുകൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. വീട് നിർമ്മിക്കുന്നതിലേയ്ക്ക് ഭൂമി നിരപ്പാക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്ന മണ്ണ് ഗതാഗതം ചെയ്യേണ്ടതുണ്ടെങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ റോയൽറ്റി അടച്ച് പാസ് കരസ്ഥമാക്കേണ്ടതുണ്ട്. മണ്ണ് പുറത്ത് കൊണ്ടുപോകേണ്ടതില്ലെങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമില്ല.

(ബി) 300 സ്ക്വയർ മീറ്റർ വരെ തറ വിസ്തീർണ്ണം വരുന്ന വീടുകൾ നിർമ്മിക്കുന്നതിന് മണ്ണ് നീക്കം ചെയ്യുന്നതിലേയ്ക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും പെർമിറ്റ് ആവശ്യമില്ലെന്നാണ് നിലവിലുള്ള ചട്ടം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ബിൽഡിംഗ് പെർമിറ്റിന്റെ മറവിൽ ഈ ചട്ടം ദുരുപയോഗം ചെയ്ത് അനിയന്ത്രിതമായി മണ്ണ് നീക്കം ചെയ്യുവെന്ന് ഹൈക്കോടതി കണ്ടെത്തുകയും ഈ ചട്ടം ultravires ആണെന്ന് പ്രഖ്യാപിക്കുകയും മണ്ണ് നീക്കം ചെയ്യേണ്ടിവരുന്ന ഏതൊരാവശ്യത്തിനും പാരിസ്ഥിതികാനുമതി നിർബന്ധമാക്കുകയും ചെയ്തിരുന്നു. ഈ ഹൈക്കോടതി വിധി ഗൃഹനിർമ്മാണത്തെ സാരമായി ബാധിക്കുമെന്നതിനാൽ

ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ച് സ്റ്റേ സമ്പാദിച്ച് പാരിസ്ഥിതികാനുമതി സമ്പാദിക്കുന്നതിൽ നിന്നും ഇളവ് നേടിയിരിക്കുകയാണ്. ഈ സ്റ്റേയുടെ അടിസ്ഥാനത്തിൽ നിലവിൽ പാരിസ്ഥിതികാനുമതി ഇല്ലാതെ 300 സ്ക്വയർ മീറ്റർ തറ വിസ്തീർണ്ണം വരുന്ന ഗൃഹനിർമ്മാണത്തിന് മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വീട് നിർമ്മാണത്തിന് ലഭിച്ച പെർമിറ്റിന്റെ മറവിൽ അനിയന്ത്രിതമായ മണ്ണ് ഖനനം തടയുന്നതിന് ആവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടുതൽ ഇളവുകൾ നൽകുന്ന കാര്യം പരിഗണനയിലില്ല.

**ക്വാറികളുടെ പ്രവർത്തനം**

132 (1896) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വാറികളുടെ പ്രവർത്തനത്തിന്, വിവിധ സാധ്യതകളെ ഏകോപിപ്പിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടകാര്യങ്ങൾ സംബന്ധിച്ച കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ക്വാറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റിയുടെ മറ്റ് ശിപാർശകൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) സംസ്ഥാനത്തെ ക്വാറി/ക്രഷർ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 11-8-2015-ലെ സ.ഉ.(സാധാ) നമ്പർ 805/2015/വ്യവ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ഖനനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ കമ്മിറ്റി പരിശോധിക്കുകയും ചില ശിപാർശകൾ നൽകുകയുമുണ്ടായി. ഖനനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിക്കൊണ്ടുള്ള സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഖനന നിർമ്മാണ മേഖലയിലെ പ്രതിസന്ധി ഒഴിവാക്കുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുമന്ത്രിമാരെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച്

28-12-2016-ലും 28-3-2017-ലും രണ്ട് യോഗങ്ങൾ ചേരുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ പാരിസ്ഥിതികാനുമതിക്കുള്ള അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തു. എല്ലാ ലൈസൻസുകളും നേടി പ്രവർത്തിച്ചുവരുന്ന ലീസ് ക്വാറികൾക്ക് അകാരണമായി സ്റ്റോപ് മെമ്മോ നൽകുന്നത് ഒഴിവാക്കുവാനും വിവിധ ലൈസൻസുകളുടെ കാലാവധി ഏകീകരിക്കാനും പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാനും വീട് വയ്ക്കുന്നതിന് മണ്ണ് മാറ്റുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നീക്കം ചെയ്യുന്നതിന് കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനും പ്രത്യേകാവശ്യത്തിനായി പതിച്ചുകൊടുത്ത ഭൂമിയിൽ ഖനനം അനുവദിക്കുന്നതിന് ചട്ടഭേദഗതികൾ ആവശ്യമാണോയെന്ന് പരിശോധിക്കുന്നതിനും തീരുമാനിച്ചു. കൂടാതെ ദൂരപരിധി സംബന്ധിച്ച നിഷ്കർഷ കെ.എം.എം.സി. ചട്ടങ്ങളിൽ നിന്ന് ഒഴിവാക്കാനും പാരിസ്ഥിതികാനുമതി അപേക്ഷാ ഫീസ് ഏരിയായുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കാനും അപേക്ഷകൾ തയ്യാറാക്കുന്നതിന് സഹായിക്കുന്നതിന് ജില്ലാ കളക്ടറേറ്റിലും മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ഓഫീസുകളിലും സഹായ കേന്ദ്രങ്ങൾ ഏർപ്പെടുത്താനും തീരുമാനിച്ചു.

ഖനനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ ഇറക്കിയ നിയമങ്ങൾ/ഉത്തരവുകൾ ക്രോഡീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിനായി 6-1-2017-ലെ സ.ഉ.(ആർ.ടി.)19/2017/വ്യവ ഉത്തരവുപ്രകാരം വ്യവസായ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച ഇന്റർ ഡിപ്പാർട്ട്മെന്റൽ കമ്മിറ്റിയും നിലവിലുണ്ട്. കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഉദുമ സ്പിന്നിംഗ് മിൽസ്**

133 (1897) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ തടസ്സങ്ങൾ ഒഴിവാക്കി മിൽസ് തുറന്ന് പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(സി) കാസർഗോഡ് പാക്കേജിൽ നിന്നും മറ്റും തുക അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ സ്ഥാപനം എന്ന് തുറന്ന് പ്രവർത്തിപ്പിക്കാനാവും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) കോസ്റ്റ് ഓവർറൺമൂലം അധിക പ്രവർത്തന മൂലധനം ആവശ്യമായി വന്നതും മുൻ ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സുകൾ നിലനിൽക്കുന്നതുമാണ് ഉദുമ സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിക്കാത്തതിനുള്ള കാരണങ്ങൾ.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12-7-2016-ൽ വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജ്മെന്റും കൂടി ആലോചിക്കുകയും തുടർന്ന് 2016 ഒക്ടോബർ 9-ന് യോഗം ചേരുകയും മിൽ തുറന്നുപ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതുപ്രകാരം 33.94 കോടി രൂപ അടങ്കൽ തുകയുള്ള പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. മില്ലിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളിന്മേൽ 4-4-2017-ൽ സർക്കാർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. ഹൈക്കോടതിയിലെ മേൽ കേസ്സുകളിന്മേൽ തീരുമാനം ഉണ്ടാകുന്നമുറയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതാണ്.

(സി) കാസർഗോഡ് പാക്കേജിന്റെ ഭാഗമായി 160 ലക്ഷം രൂപ ഉദുമാ സ്പിന്നിംഗ് മില്ലിനായി സർക്കാർ അനുവദിച്ചിട്ടുണ്ട്. മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഇനിയും 11.57 കോടി രൂപയുടെ ധനസഹായം ആവശ്യമാണ്. കൂടാതെ ആവശ്യമായ ജീവനക്കാരെ നിയമിക്കാനും കഴിയണം. മേൽ തുക ലഭ്യമായി ഏകദേശം 90 ദിവസത്തിനുള്ളിൽ മില്ലിൽ ഉല്പാദനം ആരംഭിക്കാൻ കഴിയും.

**സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകുന്ന പദ്ധതി**

134 (1898) ശ്രീ. അൻവർ സാദത്ത്:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ. വി. ടി. ബൽറാം:

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി വ്യവസായത്തെ രക്ഷപ്പെടുത്തുവാൻ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കൈത്തറി

യൂണിഫോം നൽകുന്ന പദ്ധതിയുടെ അവസ്ഥ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയനുസരിച്ച് ഏതെല്ലാം കുട്ടികൾക്കാണ് യൂണിഫോം നൽകാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതനുസരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ യൂണിഫോം നൽകുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിവരിക്കുമോ?

ഉത്തരം

(എ)

1. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി
2. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.
3. ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം
4. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി
5. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ
6. കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ് ഇൻക്യുബേറ്റർ
7. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായം
8. കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ
9. അംശദാന സമ്പാദ്യ പദ്ധതി
10. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന)
11. വിപണന കയറ്റുമതി പ്രോത്സാഹനം
12. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും

13. പരിശീലനം, നൈപുണ്യം, ശേഷി വികസനം

14. കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം.

(ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലയിൽ പഠിക്കുന്ന 1 മുതൽ 8 വരെയുള്ള സ്കൂൾ കുട്ടികൾക്ക് 2017 അദ്ധ്യയന വർഷം മുതൽ സൗജന്യമായി കൈത്തറി തുണി സ്കൂൾ യൂണിഫോമിന് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ഇതിലേയ്ക്ക് ഏകദേശം 130 ലക്ഷം മീറ്റർ തുണിയുടെ ആവശ്യം വരുമെന്ന് കണക്കാക്കുകയും ചെയ്തു. എന്നാൽ വിശദമായ വിലയിരുത്തലിൽ സംസ്ഥാനത്തെ കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണത്തിലുള്ള കുറവും സമയ ദൗർലഭ്യവും കാരണം നിശ്ചിത ലക്ഷ്യം നിശ്ചിത സമയപരിധിക്കുള്ളിൽ കൈവരിക്കുവാൻ കഴിയില്ലെന്ന് കണ്ടെത്തിയതിനാൽ സംസ്ഥാനത്തെ ഒന്ന് മുതൽ അഞ്ച് വരെയുള്ള സർക്കാർ സ്കൂളുകളിൽ മാത്രം സൗജന്യമായി സ്കൂൾ യൂണിഫോം കൈത്തറി വസ്ത്രത്തിൽ നൽകിയാൽ മതിയെന്ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ലക്ഷ്യം 925 ലക്ഷം മീറ്റർ തുണിയായി പുതുക്കി നിശ്ചയിക്കപ്പെട്ടു. തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസ്സിംഗ് മില്ലിൽ (റ്റി.സി.റ്റി.പി.) നിന്നും ചായം മുക്കി ലഭിക്കുന്ന തുണി യൂണിഫോമിനായി മേയ് 15-നകം എല്ലാ സ്കൂളുകളിലും എത്തിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയനുസരിച്ച് ഒന്ന് മുതൽ എട്ട് ക്ലാസ്സുകൾ വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൈത്തറി തുണിയിൽ യൂണിഫോം നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ഡി) അടുത്ത സ്കൂൾ അദ്ധ്യയന വർഷത്തേക്കുള്ള തുണി ഉൽപ്പാദിപ്പിക്കാനുള്ള തുടർച്ചയായ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 3000 നെയ്ത്തുകാരെ ഉൾപ്പെടുത്തി 20 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിക്കുവാൻ ഈ വർഷം ലക്ഷ്യമിടുന്നു. ഏത് ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഇത് നൽകുമെന്നത് തീരുമാനിച്ചിട്ടില്ല.

**കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി നടപടികൾ**

135 (1899) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഈ

സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ കൈത്തറി റിബേറ്റ് കുടിശ്ശിക എത്ര ഉണ്ടായിരുന്നു; 31-3-2016-ലെ കണക്ക് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; എത്ര സംഘങ്ങൾ തുറന്ന് പ്രവർത്തിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് രണ്ട് ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി രൂപീകരിച്ചു. ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകുക എന്നതിനുപുറമേ കൈത്തറി മേഖലയിലെ നെയ്ത്തുകാർക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസമെങ്കിലും ജോലി നൽകി അവരുടെ വേതനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിരിക്കുന്നു.

2017-18 വർഷത്തിൽ ഒരു വീട്ടിൽ ഒരു തറി പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയിലൂടെ തറി സ്ഥാപിക്കാൻ കഴിവില്ലാത്തതും എന്നാൽ ഒരു അംഗത്തിനെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും തറി സ്ഥാപിക്കാൻ ചെലവിന്റെ 75 ശതമാനം സർക്കാർ സഹായം നൽകും. ഇതുവഴി കൈത്തറി മേഖലയിൽ കൂടുതൽ പേരെ ആകർഷിക്കുവാൻ സാധിക്കും.

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും നെയ്ത്തുകാർക്കും നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുംവേണ്ടി നെയ്ത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ആവശ്യമനുസരിച്ച് ഒരു പ്രദേശത്ത് പരിജ്ഞാനം ലഭിച്ച ഒരു ഡിസൈനറെ വീതം ഉൾപ്പെടുത്തി ഒരു വർഷത്തേക്ക് പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.

'കേരള കൈത്തറി' എന്ന പേരിൽ പ്രത്യേക ബ്രാന്റോടുകൂടിയ, കൈത്തറി

ഉൽപ്പന്നങ്ങൾക്കും കേരള ഹാന്റ്ലും വിൽപ്പനശാലകൾക്കും ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) 31-3-2016-ൽ ഉണ്ടായിരുന്ന കൈത്തറി റിബേറ്റ് കുടിശ്ശിക തുക 25.32 കോടി രൂപ ആയിരുന്നു. ഈ സർക്കാർ അധികാരമേൽക്കുമ്പോഴും മേൽപ്പറഞ്ഞ തുക തന്നെയായിരുന്നു റിബേറ്റ് കുടിശ്ശിക.

(സി) സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ഖാദി ബോർഡിന്റെ സ്ഥലം കെട്ടി സംരക്ഷിക്കുന്നതിന് നടപടി

136 (1900) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ പരിയാരം വില്ലേജിൽ മെയിൻറോഡിനോട് ചേർന്നു കിടക്കുന്ന ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കെട്ടി സംരക്ഷിക്കുന്നതിനും, പ്രസ്തുത സ്ഥലത്ത് അനുയോജ്യമായ പദ്ധതി നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

ചാലക്കുടി മണ്ഡലത്തിലെ പരിയാരം വില്ലേജിൽ മെയിൻറോഡിനോട് ചേർന്നു കിടക്കുന്ന പ്രസ്തുത സ്ഥലം ഖാദി ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിരുന്ന ഒരു സംഘത്തിന്റെ പേരിലുള്ളതാണ്. ടി സംഘം നിലവിൽ ലിക്വിഡേറ്റ് ചെയ്തിട്ടുള്ളതും സംഘത്തിന്റെ പേർക്കുള്ള പ്രസ്തുത സ്ഥലം കേരള ഖാദി ബോർഡ് ചെയർമാന്റെ പേർക്ക് മാറ്റുന്നതിനുള്ള നടപടിയിലുമാണ്. ഈ സ്ഥലം ഖാദി ബോർഡിന്റെ ഉടമസ്ഥതയിലാകുന്ന മുറയ്ക്ക് ആയത് കെട്ടി സംരക്ഷിക്കുന്നതിനും അവിടെ അനുയോജ്യമായ പദ്ധതി നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

## ആലത്തൂർ നിയോജകമണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള യൂണിറ്റുകൾ

137 (1901) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ ഏതെല്ലാം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിശദവിവരങ്ങൾ നൽകാമോ;

(ബി) മണ്ഡലത്തിൽ പുതിയ യൂണിറ്റുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ മലക്കുളം, പുള്ളോട്, കിഴക്കഞ്ചേരി, മേലാർക്കോട്, ചിതലി, കളപ്പെട്ടി എന്നീ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

138 (1902) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിമ്പിക്സിൽ രാജ്യത്തിന് മികച്ച താരങ്ങളെ സംഭാവന ചെയ്യുന്നതിന് "ഓപ്പറേഷൻ ഒളിമ്പ്യ" എന്ന പേരിൽ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഏതൊക്കെ മത്സര ഇനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) കേരളത്തിലെ ഒളിമ്പ്യന്മാരെ സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലിന്റെ പരിശീലകരായി നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എത്രപേരെയാണ് ഇതുപ്രകാരം നിയമിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതി.

(ബി) ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ (ഷട്ടിൽ), ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ കായിക ഇനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) ഉണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്കൂൾ/കോളേജ്/സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനായി കേരളത്തിൽ നിന്നുള്ള ഒളിമ്പ്യൻമാരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കായി പത്രപരസ്യം നൽകിയിട്ടുണ്ട്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഇടവ ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയം നവീകരണം**

139 (1903) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ ഇടവ ഗ്രാമപഞ്ചായത്തിൽ സ്പോർട്സ് കൗൺസിലിനുകീഴിലുള്ള സ്റ്റേഡിയം അന്തർദ്ദേശീയ സ്റ്റേഡിയമായി ഉയർത്തുന്നതിനും നവീകരിക്കുന്നതിനും എത്ര രൂപ ചെലവ് വരുമെന്ന കണക്കെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ 14 ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതാണെന്ന 2016-17-ലെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി (കിഫ്ബി) ഇടവ ഗ്രാമപഞ്ചായത്തിൽ ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 13-2-2017-ലെ സ.ഉ. (ആർ.ടി.)നമ്പർ33/17/കാ.യു.വ. പ്രകാരം 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**എച്ച്.എ.റ്റി.സി. ഗ്രൗണ്ടിന്റെ ശോചനീയാവസ്ഥ**

140 (1904) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാർ എച്ച്.എ.റ്റി.സി. ഗ്രൗണ്ടിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ശോചനീയാവസ്ഥ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നുള്ള ഒരു സബ് കമ്മിറ്റി എച്ച്.എ.റ്റി.സി. മൂന്നാർ സന്ദർശിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**മികച്ച സ്പോർട്സ് താരങ്ങൾക്ക് ജോലി**

141 (1905) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച സ്പോർട്സ് താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കളിക്കാരെയാണ് നിലവിൽ ഉൾപ്പെടുത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്തവർക്കുകൂടി ജോലി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിൽ നടന്നുവരുന്നു. പ്രസ്തുത സ്പോർട്സ് ക്വോട്ട നിയമനത്തിനായി പരിഗണിക്കുന്ന കായിക ഇനങ്ങളുടെ പട്ടിക അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു+.

(ബി) സ്പോർട്സ് ക്വാട്ട പദ്ധതി പ്രകാരം വിഭിന്നശേഷിയുള്ള കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനായി പ്രതിവർഷം രണ്ട് ഒഴിവുകൾ വീതം നീക്കിവച്ചിട്ടുണ്ട്. എന്നാൽ സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്തവർക്ക് നിയമനം നൽകുന്ന കാര്യം പരിഗണനയിലില്ല.

**സ്പോർട്സ് നയം**

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

142 (1906) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് & ഗെയിംസിൽ മികവ് തെളിയിച്ചിട്ടുള്ള വിവിധ സ്പോർട്സ് താരങ്ങൾക്ക് മികവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വിവിധ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ ജോലി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ സ്പോർട്സ് & ഗെയിംസ് താരങ്ങൾക്ക് കൊടുക്കുന്ന വിവിധതരം പ്രോത്സാഹനങ്ങൾ പരിമിതമാണ് എന്ന പരാതികളുടെ വെളിച്ചത്തിൽ ഇവർക്കുള്ള സ്കോളർഷിപ്പുകൾ, കിറ്റ് അലവൻസുകൾ തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കായിക താരങ്ങൾക്ക് അവരുടെ കായിക മികവുകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡപ്രകാരം സംസ്ഥാന സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വോട്ടയിൽ ഓരോ വർഷവും 50 പേർക്ക് വീതം നിയമനം നൽകിവരുന്നു. 35-ാം ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയ കായിക താരങ്ങൾക്കും ടീം ഇനത്തിൽ സ്വർണ്ണമെഡൽ നേടിയ കായിക താരങ്ങൾക്കും നിലവിൽ ജോലിയില്ലാത്തവർക്ക് കേരള സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിനും ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങളിൽ നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനും സർക്കാർ ഉത്തരവായിരുന്നു. ആയതിൽ കായിക മികവ് പുലർത്തിയ ശ്രീ. സജൻ പ്രകാശിനും കുമാരി എലിസബത്ത് സൂസൻ കോശിക്കും പോലീസ് വകുപ്പിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലും കുമാരി അനിൽഡാ തോമസ്, കുമാരി അനു രാഘവൻ എന്നിവർക്ക് വനം വകുപ്പിലും ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(ബി) ദേശീയ/അന്തർദ്ദേശീയ തലത്തിൽ നേട്ടങ്ങൾ കൈവരിക്കുന്നവർക്ക് സംസ്ഥാന സർക്കാർ ഓരോ വർഷവും ക്യാഷ് അവാർഡ് നൽകുന്നുണ്ട്. കൂടാതെ 35-ാമത് നാഷണൽ ഗെയിംസിൽ പങ്കെടുത്ത് വ്യക്തിഗത/ടീമിനത്തിൽ മെഡൽ നേടിയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. 11 മികച്ച കായിക താരങ്ങളെ അവരുടെ മികവിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം തെരഞ്ഞെടുക്കുകയും അവർക്ക് എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് എന്ന

പേരിൽ പ്രതിമാസം 10,000 രൂപ സ്കോളർഷിപ്പും സ്പോർട്സ് കിറ്റും 2015 മുതൽ നൽകുന്നതിന് തീരുമാനിക്കുകയും ഇതിലേക്കായി കായിക താരങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് റൂൾ 16(III) പ്രകാരം ഇന്ത്യയ്ക്ക് വെളിയിൽ വച്ച് നടക്കുന്ന അംഗീകൃത ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന മലയാളി കായിക താരങ്ങൾക്കും ഒഫിഷ്യൽസിനും 6,000 രൂപ വീതം കിറ്റ് അലവൻസും ഇൻഡ്യയ്ക്കകത്ത് വച്ച് നടക്കുന്ന അംഗീകൃത ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന മലയാളി താരങ്ങൾക്കും ഒഫിഷ്യൽസിനും 3,000 രൂപ വീതവും കിറ്റ് അലവൻസും നൽകി വരുന്നുണ്ട്.

**സ്പോർട്സ് ക്വാട്ട നിയമന മാനദണ്ഡം**

143 (1907) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിയമനത്തിനായുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നടന്നുവരുന്നു. താഴെപറയും പ്രകാരം നേട്ടം കൈവരിച്ച കായിക താരങ്ങളെയാണ് സ്പോർട്സ് ക്വാട്ട നിയമനത്തിനായി പരിഗണിക്കുന്നത്.

1. അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോക കപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

2. രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽ പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.

3. സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.

4. വിജ്ഞാപനം ചെയ്തിട്ടുള്ള തസ്തികകളിലേയ്ക്ക് ആവശ്യമായ മിനിമം വിദ്യാഭ്യാസ യോഗ്യത, വിശദാംശങ്ങൾ 7-12-2015-ലെ വിജ്ഞാപനത്തിൽ ലഭ്യമാണ്.

(ബി) 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട നിയമനത്തിനായി 1052 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നിയമനം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

**എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയം**

144 (1908) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഡി.പി.ആർ തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ;

(സി) ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഏത് ഏജൻസിയെന്നും, ഏജൻസിയെ നിശ്ചയിച്ച തീയതി ഏതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി&സി) കിഫ്ബി പദ്ധതി നടപ്പിലാക്കുന്നതിന് 7-8-2015-ലെ സ.ഉ. (പി) നമ്പർ339/2015/ധന. പ്രകാരം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കിഫ്ബി ഗൈഡ്‌ലൈൻസ് പ്രകാരം

സർക്കാർ അംഗീകൃത ഏജൻസികളിൽനിന്നും എസ്.പി.വി. കണ്ടെത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം കായിക യുവജന കാര്യാലയ എഞ്ചിനീയറിംഗ് വിംഗ് മുഖാന്തരം ചില ഡി.പി.ആർ.-കൾ തയ്യാറാക്കി വരികയാണ്. എസ്.പി.വി. നിലവിൽ വന്നതിനുശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തിയ മറ്റെല്ലാ സ്റ്റേഡിയങ്ങളുടെയും ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സരം**

145 (1909) ശ്രീ. പി. ടി. തോമസ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ സെമിഫൈനൽ മത്സരങ്ങളുടെ വേദിയാകാൻ കേരളത്തിന് കഴിയാതിരുന്ന സാഹചര്യം എന്താണ്;

(ബി) ഫിഫ മുന്നോട്ടു വച്ച അന്തിമസമയക്രമം സംസ്ഥാനം ഗൗരവത്തോടെ എടുത്തില്ലെന്നും അണ്ടർ 17 ലോകകപ്പിന്റെ വ്യാപ്തിയും, പ്രാധാന്യവും തിരിച്ചറിയാൻ ഉദ്യോഗസ്ഥവൃന്ദത്തിനും ഭരണാധികാരികൾക്കും കഴിയാതെപോയി എന്നുമുള്ള ആക്ഷേപം ശരിയാണോ;

(സി) ഭരണ സംവിധാനത്തിലെ അനാസ്ഥയാണോ ഒരുക്കങ്ങളിലെ മെല്ലെപ്പോക്കിന് കാരണമായതെന്ന് വ്യക്തമാക്കുമോ;

(ഡി) സെമിഫൈനൽ മത്സരങ്ങൾക്ക് മുമ്പുള്ള മറ്റ് മത്സരങ്ങളെങ്കിലും സംസ്ഥാനത്തിന് ലഭിക്കുന്ന തരത്തിൽ മേയ് 15-ന് മുമ്പ് ഫിഫ നിഷ്കർഷിച്ച വിധത്തിൽ ഒരുക്കങ്ങൾ പൂർത്തിയാക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സെമി ഫൈനൽ മത്സരങ്ങൾ കേരളത്തിന് നൽകുമെന്ന് ഔദ്യോഗികമായ അറിയിപ്പുകൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ക്വാർട്ടർ ഫൈനൽ വരെയുള്ള മത്സരങ്ങളാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ശരിയല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) എല്ലാ ഒരുക്കങ്ങളും പൂർത്തിയായി വരുന്നു. മേയ് 15-ന് മുമ്പ് ഒരുക്കങ്ങൾ പൂർത്തിയാകും. ക്വാർട്ടർ ഫൈനൽ വരെയുള്ള മത്സരങ്ങൾ ലഭിച്ചിട്ടുണ്ട്.

**അണ്ടർ 17 ലോകകപ്പ്**

146 (1910) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ടർ 17 ലോകകപ്പിന്റെ വിജയകരമായ നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഫിഫ നിലവാരത്തിലെത്തിക്കുവാൻ ഏതെല്ലാം ഗ്രൗണ്ടുകളാണ് പരിശീലനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അണ്ടർ 17 ലോകകപ്പുമായി ബന്ധപ്പെട്ട സ്റ്റേഡിയത്തിന്റെയും നാല് പരിശീലന ഗ്രൗണ്ടുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മഹാരാജാസ് കോളേജ് ഗ്രൗണ്ട്, പനമ്പിള്ളി നഗർ സ്പോർട്സ് അക്കാദമി ഗ്രൗണ്ട്, ഫോർട്ട് കൊച്ചി വേളി ഗ്രൗണ്ട്, ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ട് എന്നീ നാല് പരിശീലന ഗ്രൗണ്ടുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ ഗ്രൗണ്ടുകളിൽ പുൽപ്രതലം തയ്യാറാക്കുക, ഫ്ലഡ് ലൈറ്റുകൾ സ്ഥാപിക്കുക, വിശ്രമമുറികൾ തയ്യാറാക്കുക എന്നീ പ്രവൃത്തികളാണ് പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നത്.

**യുവജനക്ഷേമ ബോർഡ് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ**

147 (1911) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകൽ, സ്വയം

സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, സാമൂഹിക പ്രവർത്തനം തുടങ്ങിയവയ്ക്കായി സംസ്ഥാന യുവജനക്ഷേമ ബോർഡ് 2016-17-ൽ സംഘടിപ്പിച്ച പരിപാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമത്തിനായി പുതിയതായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചത് 2017 ജനുവരിയിലാണ്. ഈ സാഹചര്യത്തിൽ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകൽ, സ്വയം സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പരിപാടികൾ നടപ്പിലാക്കാൻ സാധിച്ചില്ല.

വിവിധ മേഖലകളിൽ മികച്ച സാമൂഹിക പ്രവർത്തനം നിർവ്വഹിച്ച യുവജനങ്ങളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി യുവജനക്ഷേമ ബോർഡ് സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം 2013 മുതൽ നൽകി വരുന്നു. കൃഷി, കല, സാഹിത്യം, സാമൂഹികം, കായികം, മാധ്യമം എന്നീ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച യുവജനങ്ങൾക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്. അതോടൊപ്പം സംസ്ഥാനത്തിലും ജില്ലാതലങ്ങളിലും മികവാർന്ന പ്രവർത്തനം കാഴ്ചവച്ച യുവജന ക്ലബ്ബുകൾക്കും അവാർഡ് നൽകുന്നുണ്ട്. ജില്ലാതലത്തിലെ മികച്ച യൂത്ത് ക്ലബ്ബുകൾക്ക് 30,001 രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങിയതാണ് പുരസ്കാരം. സംസ്ഥാനതലത്തിൽ മികച്ച യൂത്ത് ക്ലബ്ബിന് 50,001 രൂപയും ശില്പവും പ്രശസ്തി പത്രവും പുരസ്കാരമായി വിതരണം ചെയ്യുന്നു. പത്രമാധ്യമങ്ങളിലൂടെ അപേക്ഷ സ്വീകരിക്കുകയും വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ മൂന്ന് വിദഗ്ദ്ധർ അടങ്ങുന്ന ജ്യൂറി, അവാർഡ് നിർണ്ണയിക്കുകയും ചെയ്യുന്നു. അവാർഡുകൾക്കർഹമായ ക്ലബ്ബുകളിൽ നിന്നും മികച്ച ഒരെണ്ണം തെരഞ്ഞെടുത്ത് സംസ്ഥാനതല അവാർഡ് നൽകുന്നു. 2016-17-ൽ മേൽപ്പറഞ്ഞ വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം നടത്തിയ യുവപ്രതിഭകളെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം നൽകി ആദരിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. കേരളോത്സവം

2016-ൽ 883 ഗ്രാമപഞ്ചായത്തുകളിലും 151 ബ്ലോക്ക് പഞ്ചായത്തുകളിലും 85 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ജില്ലാതലങ്ങളിലും കേരളോത്സവം സംഘടിപ്പിച്ചു. കേരളോത്സവം 2016-സംസ്ഥാനതല മത്സരങ്ങളിൽ വിജയിച്ചവർ 2017 ജനുവരി 12 മുതൽ 16 വരെ തീയതികളിൽ ഹരിയാനയിലെ റോഹ്തക്കിൽ വച്ച് സംഘടിപ്പിച്ച നാഷണൽ യൂത്ത് ഫെസ്റ്റിൽ കേരളത്തെ പ്രതിനിധീകരിച്ച് നിരവധി മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്തു.

2. ദേശീയ യുവജനദിനാചരണം

ദേശീയ യുവജന ദിനാഘോഷത്തോടനുബന്ധിച്ച് 14 ജില്ലകളിലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യുവജന കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ ദേശീയ യുവജന ദിനാചരണം സംഘടിപ്പിക്കുകയുണ്ടായി.

3. നാഷണൽ ഫോക് ഫെസ്റ്റ്

ഇന്ത്യയിലെ എട്ടോളം സംസ്ഥാനങ്ങളിലെ നാടോടി കലാകാരൻമാരെ ഉൾപ്പെടുത്തി അവരുടെ തനത് നാടൻ കലാരൂപങ്ങൾ കേരള ജനതയ്ക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നാഷണൽ ഫോക് ഫെസ്റ്റ് ഓഫ് കേരള (നാടോടി കലാമേള) സംഘടിപ്പിക്കുകയുണ്ടായി.

4. യുവസാഹിത്യ ക്യാമ്പ്

സാഹിത്യ മേഖലയിലെ അഭിരുചിയുള്ള നൂറ്റിയൻപതോളം യുവതീയുവാക്കളെ സംഘടിപ്പിച്ചുകൊണ്ട് യുവ സാഹിത്യ ക്യാമ്പ് സംഘടിപ്പിച്ചു.

5. യുവ മാധ്യമ പ്രവർത്തക ക്യാമ്പ്

കേരളത്തിലെ പത്ര-മാധ്യമ രംഗത്ത് തൽപ്പരരായ യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് മേഖലാതലത്തിലും സംസ്ഥാനതലത്തിലും യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു.

6. വനിതാ ശില്പശാല

വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട് ജില്ലാ-സംസ്ഥാന അടിസ്ഥാനത്തിൽ വനിതാ ശിൽപ്പശാലകൾ സംഘടിപ്പിച്ചുവരുന്നു.

7. യൂത്ത് അവാർഡ് 2015

2015-ലെ യൂത്ത് അവാർഡ് വിതരണം മാർച്ച് 14-ാം തീയതി നടത്തി.

സാഹിത്യം, കായികം, കല, കാർഷികം, സാമൂഹിക പ്രവർത്തനം, മാധ്യമം എന്നീ മേഖലകളിലെ മികച്ച പ്രവർത്തനം കാഴ്ചവച്ച വ്യക്തികൾക്കും സംസ്ഥാനത്തെ മികച്ച യൂത്ത് ക്ലബ്ബുകൾക്കും ജില്ലാതല യൂത്ത് ക്ലബ്ബുകൾക്കും അവാർഡ് നൽകി.

**മറയൂരിൽ സബ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി**

148 (1912) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മറയൂരിൽ സബ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ സബ് സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മറയൂരിൽ 33 കെ. വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് 17-3-2016-ൽ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും സബ് സ്റ്റേഷൻ നിർമ്മിക്കാൻ നൽകാനിരിക്കുന്ന ഭൂമി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലുള്ള ഒരു കേസ്സിൽ ഉൾപ്പെട്ടതാകയാൽ കോടതി ഉത്തരവ് ലഭിച്ചതിനുശേഷം മാതൃകമ്പനിയുടെ സമ്മതത്തോടെ മാത്രമേ സബ് സ്റ്റേഷൻ ആരംഭിക്കാൻ നിർവ്വാഹമുള്ളൂ.

(ബി) കോടതി നടപടികൾക്ക് കാലതാമസം ഉണ്ടാകുമെന്നതിനാൽ മറയൂരിലേയ്ക്ക് 53 കി.മീ. 33 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നേരിട്ട് പള്ളിവാസൽ വൈദ്യുതി നിലയത്തിൽ നിന്നും വലിച്ച് മറയൂർ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബാധകമല്ല.

**ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ കസ്റ്റമർ കെയർ സെന്റർ**

149 (1913) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്റ്റമർ കെയർ സെന്റർ എന്ന ആശയം വൈദ്യുതി ബോർഡിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ സേവനങ്ങൾക്കും വൈദ്യുതി ബില്ല് തുക അടയ്ക്കുന്നതിനും ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി ഒരു കസ്റ്റമർ കെയർ സംവിധാനം ഇരിമ്പിളിയം പഞ്ചായത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിനുള്ള നടപടികൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, മഞ്ചേരി എന്നിവരുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കേരളത്തിലെ എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കുമായി തിരുവനന്തപുരം വൈദ്യുതി ഭവനോടനുബന്ധിച്ച് ഒരു കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്റർ പ്രവർത്തിച്ചുവരുന്നു.

(ബി) വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടർ കൂടാതെ ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ബോർഡ് ഒരുക്കിയിട്ടുണ്ട്. അതിനാൽ സെക്ഷൻ ഓഫീസിൽ നേരിട്ട് പോകാതെ ഇന്റർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്തി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ സാധിക്കും. ഇത് കൂടാതെ അക്ഷയ കേന്ദ്രങ്ങൾ വഴിയും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ട്.

(സി & ഡി) ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിൽ കസ്റ്റമർ കെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭ്യമായിട്ടില്ല.

**ലൈൻ വർക്കർമാരെ സ്ഥിരപ്പെടുത്തൽ**

150 (1914) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കരാർ ലൈൻ വർക്കർമാരെ സ്ഥിരപ്പെടുത്തുവാൻ 2004-ൽ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ID 27/2002 കേസ്സിൽ 2004-ലെ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധിയിലും ആയതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും സുപ്രീം കോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിവിധ കോടതി വിധികളിലും കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവിൻപ്രകാരം ആയിരത്തി ഇരുന്നൂറോ അതിൽ കൂടുതലോ ദിവസങ്ങളിൽ ബോർഡിൽ ജോലി നോക്കിയിട്ടുള്ള കരാർ തൊഴിലാളികളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. ലേബർ കമ്മീഷണർ തയ്യാറാക്കിയ ലിസ്റ്റ് തുടർ നടപടികൾക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് കൈമാറിയിട്ടുണ്ട്. ഇവരുടെ നിയമനത്തിനായി മസ്ദൂർ തസ്തികയിൽ 1486 ഒഴിവുകൾ ജില്ല തിരിച്ച് പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സോളാർ എനർജിയുടെ ഉപയോഗം വ്യാപിപ്പിക്കൽ**

151 (1915) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. വി. അൻവർ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വീടുകളിൽ സോളാർ എനർജിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) ഗാർഹിക ആവശ്യങ്ങൾക്ക് സോളാർ എനർജിയുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജം ലഭ്യമാക്കുന്നതിന് ഏതെല്ലാം സർക്കാർ ഏജൻസികളും സർക്കാർ അംഗീകൃത ഏജൻസികളുമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വീടുകളിൽ സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് നിലവിൽ ഏതെല്ലാം ഇനത്തിൽ എത്ര രൂപ വരെ സബ്സിഡി ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സോളാർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വായ്പ നൽകുന്നത് സംബന്ധിച്ച് ബാങ്ക് മേധാവികളുമായി ചർച്ച നടത്തുമോ;

(ഇ) സോളാർ എനർജിയുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എം.പി.മാർ, എം.എൽ.എ.മാർ അടക്കമുള്ള ജനപ്രതിനിധികളുടെ വീടുകളിൽ ഇവ സ്ഥാപിച്ച് മാതൃക കാട്ടുന്നതിനുള്ള നിർദ്ദേശം നൽകുമോ;

(എഫ്) പ്രസ്തുത പദ്ധതിയിൽ സർക്കാർ ജീവനക്കാർ കൂടി പങ്കാളികളാകണമെന്ന് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഗ്രിഡ് ബന്ധിതമായും അല്ലാതെയുമുള്ള സൗരോർജ്ജ നിലയങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി ആ നിലയം വഴി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ഇൻസെന്റീവ് നൽകുന്നുണ്ട്. ഗ്രിഡ് ബന്ധിതമല്ലാത്ത നിലയങ്ങളിലുൽപ്പാദിപ്പിക്കാനുള്ള വൈദ്യുതിക്ക് യൂണിറ്റിന് 1 രൂപ നിരക്കിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഇൻസെന്റീവ് നൽകുന്നുണ്ട്.

ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയംവഴി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉപഭോഗം കഴിഞ്ഞ് ബാക്കിയുള്ള വൈദ്യുതിയാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കുന്നത്. ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഓരോ ബില്ലിംഗ് കാലയളവിലെയും ഉപഭോഗം ഉൽപ്പാദനവുമായി തട്ടിക്കിഴിച്ച് ബാക്കി ഉപഭോഗം മാത്രമാണ് ബില്ല് ചെയ്യുന്നത്. ഉൽപ്പാദന മിച്ചമുണ്ടെങ്കിൽ അടുത്ത ബില്ലിംഗ് കാലയളവിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതാണ്. ഇത്തരം തട്ടിക്കിഴിക്കലുകൾക്ക് ശേഷം വർഷാവസാനം (അതായത് എല്ലാ വർഷവും സെപ്റ്റംബർ 30-ന് രാത്രി 12 മണി) നെറ്റ് മീറ്ററിൽ ലഭ്യമാകുന്ന കയറ്റുമതി യൂണിറ്റ് വൈദ്യുതി, കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന വിലയ്ക്കനുസരിച്ചുള്ള തുക അതാത് ഉപഭോക്താവിന്

ലഭ്യമാക്കുന്നതാണ്.

വീടുകളിൽ സോളാർ എനർജിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി റൂഫ് ടോപ്പ് സോളാർ ഓഫ് ഗ്രിഡ് പദ്ധതിയും സോളാർ ഗ്രിഡ് കണക്റ്റഡ് പദ്ധതിയും സർക്കാർ സബ്സിഡിയോടെ അനെർട്ട് നടപ്പിലാക്കിവരുന്നു.

(ബി) അനെർട്ടാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന നോഡൽ ഏജൻസി. ഇതുകൂടാതെ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി, ഉല്പാദന വിതരണ ഏജൻസി എന്ന നിലയിലും എം.എൻ.ആർ.ഇ. എംപാനൽ ചെയ്ത ഏജൻസികളും ഈ പ്രവർത്തനം ഏറ്റെടുത്ത് നടത്തിവരുന്നു.

(സി) 2016-17 പദ്ധതിയിൽ ഗ്രിഡ് കണക്റ്റഡ് വിഭാഗത്തിൽ കേന്ദ്ര സബ്സിഡിയായും ഓരോ കാറ്റഗറിയിലും ഏറ്റവും കുറഞ്ഞ വിലയുടെ 30 ശതമാനമോ അല്ലെങ്കിൽ കേന്ദ്ര സർക്കാർ തീരുമാനിക്കുന്ന ബെഞ്ച് മാർക്ക് വിലയുടെ 30 ശതമാനമോ ഏതാണ് കുറവ് എന്ന കണക്കിൽ സബ്സിഡി ലഭ്യമാണ്. ഓഫ് ഗ്രിഡ് വിഭാഗത്തിൽ കിലോവാട്ടിന് 45000 രൂപ എന്ന നിരക്കിലാണ് കേന്ദ്ര സബ്സിഡി ലഭ്യമായിട്ടുള്ളത്.

സംസ്ഥാന സർക്കാരിന്റെ സബ്സിഡിയായി ഗ്രിഡ് കണക്റ്റഡ് വിഭാഗത്തിന് ഒരു കിലോവാട്ടിന് 7200 രൂപയും ഓഫ് ഗ്രിഡ് വിഭാഗത്തിന് 22,500 രൂപയുമാണ് സബ്സിഡിയായി ലഭ്യമാക്കുന്നത്.

(ഡി) ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള ചർച്ച പുരോഗമിച്ചുവരുന്നു.

(ഇ & എഫ്) ജനപ്രതിനിധികൾക്കും ജീവനക്കാർക്കുമായി പ്രത്യേക പദ്ധതി നടപ്പാക്കുന്നില്ല. നിലവിലുള്ള പദ്ധതികൾ പ്രകാരം ഈ വിഭാഗങ്ങളിൽപ്പെട്ടവർക്കും അപേക്ഷ സമർപ്പിച്ച് സോളാർ വൈദ്യുതി ഉപയോഗപ്പെടുത്താൻ കഴിയും.

**മണലൂർ മുല്ലശ്ശേരിയിൽ പുതിയ ട്രാൻസ്ഫോർമർ**

152 (1916) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരിയിലെ വൈദ്യുതി സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരിയിലെ 33 കെ.വി. സബ്സ്റ്റേഷന്റെ ശേഷി

വർദ്ധിപ്പിക്കുന്നതിനായി പുതിയ 5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ വരുത്തിയ വർദ്ധനവ്

153 (1917) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കേരളത്തിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്, വൈദ്യുതി ഉപഭോഗം എത്രയാണ്, കുറവു വരുന്ന വൈദ്യുതി വാങ്ങുന്നതിന് നിലവിൽ ഒരു യൂണിറ്റിന് എത്ര രൂപയാണ് ചെലവ് വരുന്നത്;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ വർദ്ധന വരുത്തിയിട്ടുണ്ടോ, എത്ര പൈസയുടെ വർദ്ധനവാണ് വരുത്തിയത്;

(സി) 2019 വരെ ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി നിരക്കിൽ വർദ്ധനവ് വരുത്തില്ലെന്ന രീതിയിൽ കേന്ദ്ര സർക്കാരുമായി ഏതെങ്കിലും കരാറിൽ ഒപ്പു വച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പീക്ക് സമയത്തെ കണക്കനുസരിച്ച് നിലവിൽ ഏകദേശം 1130 മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്. കേരളത്തിലെ ശരാശരി ഉപഭോഗം 73.95 Mu ആണ്.

കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും മറ്റ് സ്വകാര്യ സംരംഭകരിൽ നിന്നും പവർ എക്സ്ചേഞ്ചിൽനിന്നും വാങ്ങുന്ന വൈദ്യുതിയുടെ മാർച്ച് മാസത്തിലെ ശരാശരി വില യൂണിറ്റ് ഒന്നിന് 3.84 രൂപയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ 17-4-2017-ലെ ഉത്തരവ് പ്രകാരം 18-4-2017 മുതൽ വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*. എന്നാൽ പ്രതിമാസം 250 യൂണിറ്റ് വരെ ഉപഭോഗമുള്ളവർക്ക് യൂണിറ്റൊന്നിന് 10 പൈസ മുതൽ 30 പൈസ വരെയും 251 യൂണിറ്റ് മുതൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

400 വരെയുള്ള ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 40 മുതൽ 50 പൈസ വരെയുമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്. അതായത് പ്രതിമാസം 250 യൂണിറ്റ് വരെ ഉപഭോഗമുള്ള 97% ഗാർഹിക ഉപഭോക്താക്കൾക്ക് 5%- ൽ താഴെ മാത്രമേ വർദ്ധനവ് വരുത്തിയിട്ടുള്ളൂ.

കൂടാതെ പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ളവർക്ക് വൈദ്യുതി ചാർജ്ജിന്മേൽ നൽകി വരുന്ന സബ്സിഡി (ആദ്യത്തെ 40 യൂണിറ്റിന് 35 പൈസ ക്രമത്തിലും 41 മുതൽ 120 യൂണിറ്റ് വരെ 50 പൈസ ക്രമത്തിലും) നിരക്ക് വർദ്ധനവിന് ശേഷവും നൽകിവരുന്നു. ഇതിനുപുറമേ പ്രതിമാസം 120 യൂണിറ്റ് വരെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജിനത്തിൽ 20 രൂപ സബ്സിഡി നൽകി വന്നിരുന്നത് തുടരുന്നുണ്ട്.

(സി) കേന്ദ്ര സർക്കാർ തയ്യാറാക്കിയ ഉദയ് സ്കീമിൽ ചേരുമ്പോൾ തയ്യാറാക്കിയ പ്രതീക്ഷിത വരവുചെലവ് കണക്കുകൾ പ്രകാരം 2017-18-ൽ തുടങ്ങുന്ന സാമ്പത്തിക വർഷങ്ങളിൽ ബോർഡ് തനതുവർഷം ലാഭത്തിലേയ്ക്ക് നീങ്ങുമെന്നുമാണ് പ്രതീക്ഷിച്ചിരുന്നത്. ആയതിനാൽ തനതു വർഷ കണക്കുകൾ പ്രകാരം നിരക്ക് വർദ്ധന വേണ്ടി വരില്ല എന്നു പ്രതീക്ഷിച്ചിരുന്നു. എന്നാൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ കണക്ക് പ്രകാരം കെ.എസ്.ഇ.ബി.-ക്ക് 2012-13 സാമ്പത്തിക വർഷം വരെ 4,944.05 കോടി രൂപയുടെ റവന്യൂ കമ്മി ഉണ്ടായിട്ടുണ്ട്. പ്രസ്തുത തുകയുടെ ഒരു ഭാഗം ഏകദേശം 1,040 കോടി രൂപ നികത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ റെഗുലേറ്ററി കമ്മീഷൻ നേരിയ നിരക്ക് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുതി നിരക്ക് വർദ്ധനവ് അനുവദിക്കുന്നതിനുള്ള അധികാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പരിധിയിൽ വരുന്നതിനാൽ റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ എടുത്ത നടപടിക്രമങ്ങളുടെ ഭാഗമായിട്ടാണ് 2017-18 സാമ്പത്തിക വർഷത്തേക്കുള്ള നിരക്ക് വർദ്ധനവിന്റെ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിച്ചത്.

**മസ്ദൂർ തസ്തികയിലെ ഒഴിവ് നികത്തൽ**

154 (1918) <u>ശ്രീ. യു. ആർ. പ്രദീപ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ഇ. ബി. യിൽ മസ്ദൂർ തസ്തിക എത്ര എണ്ണം ഒഴിഞ്ഞ് കിടക്കുന്നുണ്ട്;

(ബി) ഈ തസ്തികകൾ നികത്തുന്നതിന് ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) നിലവിൽ ഒഴിവുകൾ ഇല്ല.

**എലത്തൂർ തലക്കുളത്തൂർ സൗരോർജ്ജ പ്ലാന്റ്**

155 (1919) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ മണ്ഡലത്തിലെ തലക്കുളത്തൂരിൽ സ്ഥിതി ചെയ്യുന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള 3 ഏക്കർ വിസ്തൃതിയിൽ 650 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് എന്ന് കമ്മീഷൻ ചെയ്യുമെന്ന് വെളിപ്പെടുത്താമോ;

(ബി) ബോർഡിന്റെ അധീനതയിലുള്ള ശേഷിക്കുന്ന സ്ഥലത്ത് കെ.എസ്.ഇ. ബി . ലിമിറ്റഡിന്റെ ട്രെയിനിംഗ് സെന്റർ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂരിൽ 650 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് നിലയം 22-4-2017-ൽ ഗ്രിഡിലേയ്ക്ക് ബന്ധിപ്പിച്ചിട്ടുണ്ട്.

(ബി & സി) ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചിച്ചിരുന്നു. തീരുമാനം എടുത്തിട്ടില്ല.

**അതിരപ്പിള്ളി തേനരുവി-നർമ്മദ, ചിക്ലായി എന്നീ ജലനിധികൾക്ക് നൽകിയ അധികബിൽ**

156 (1920) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ തേനരുവി-നർമ്മദ, ചിക്ലായി എന്നീ ജലനിധികൾക്ക് കെ.എസ്.ഇ.ബി. നൽകിയ അധിക ബിൽ ഒഴിവാക്കുന്നതിനായി ജലനിധി സെക്രട്ടറി സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതികളിൽ ഗാർഹികേതര ആവശ്യങ്ങൾക്കായി കുടിവെള്ളം ഉപയോഗിക്കുന്നതായി കണ്ടെത്തിയതിനാൽ തേനരുവി - നർമ്മദ പദ്ധതിക്ക് 4,97,950 രൂപയുടെയും ചിക്ലായി പദ്ധതിക്ക് 6,92,125 രൂപയുടെയും അധിക ബിൽ നൽകിയിരുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം പ്രസ്തുത ബില്ലുകൾ രണ്ട് വർഷത്തേക്കായി നിജപ്പെടുത്തി തേനരുവി - നർമ്മദ പദ്ധതിക്ക് 1,98,710 രൂപയായും ചിക്ലായി പദ്ധതിക്ക് 2,43,272 രൂപയായും കുറവ് ചെയ്ത് നൽകിയിട്ടുണ്ട്.

തേനരുവി - നർമ്മദ ജലനിധി അതിരപ്പിള്ളി, ചിക്ലായി ജലനിധി അതിരപ്പിള്ളി സെക്രട്ടറിയുടെ അധിക ബിൽ ഒഴിവാക്കുന്നതിനായുള്ള അപേക്ഷ ലഭിച്ചതിനെ തുടർന്ന് ഇരിഞ്ഞാലക്കുട ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് ഉപഭോക്താക്കളുമായി ഹിയറിംഗ് നടത്തുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഹിയറിംഗ് നടത്തി സമർപ്പിച്ച റിപ്പോർട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പരിശോധിച്ചുവരുന്നു.

**കോഴിക്കോട് നല്ലളം താപവൈദ്യുത നിലയം**

157 (1921) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നല്ലളം താപവൈദ്യുത നിലയത്തിന്റെ ഉൽപ്പാദനശേഷി എത്രയാണ്;

(ബി) നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതി പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നുണ്ട്;

(സി) ഇതിന്റെ ഉൽപ്പാദനശേഷി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ നല്ലളം താപവൈദ്യുത നിലയത്തിന്റെ ഉത്പാദന ശേഷി 96 മെഗാവാട്ട് ആണ്.

(ബി) ഈ സാമ്പത്തിക വർഷം (2017-18) ഇതുവരെ നിലയത്തിൽ നിന്നും വൈദ്യുതോല്പാദനം ഒന്നും നടന്നിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത നിലയത്തിൽ നിന്നും ഏകദേശം 38 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്.

(സി) ഇല്ല.

## വൈദ്യുതോത്പാദന രംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

158 (1922) ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള വൈദ്യുതി താങ്ങാവുന്ന നിരക്കിൽ എല്ലാവർക്കും എന്ന സർക്കാർ നയം പ്രാവർത്തികമാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) വൈദ്യുതോത്പാദന രംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളും അവയുടെ പുരോഗതിയും അറിയിക്കാമോ;

(സി) പ്രസരണ രംഗം ശാക്തീകരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഗുണമേന്മയുള്ള വൈദ്യുതി എല്ലാവർക്കും എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി അപേക്ഷാഫോറം ലഘൂകരിക്കുക, 1000 സ്ക്വയർ ഫീറ്റിൽ കുറഞ്ഞ തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് രേഖകളില്ലാതെ തന്നെ കണക്ഷൻ നൽകുക എന്നിങ്ങനെ നിരവധി നടപടികൾ സ്വീകരിച്ചു. വയറിംഗ് ചെയ്യാൻ കഴിയാത്ത കുടുംബങ്ങളുടെ വയറിംഗ് ജോലികൾ ബോർഡ് തന്നെ ഏറ്റെടുത്ത് നിർവ്വഹിക്കുകയും കണക്ഷൻ നൽകുകയും ചെയ്തു. കേരളത്തിലെ എല്ലാ വീടുകളിലും അംഗനവാടികളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിച്ചത്. വൈദ്യുതിയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് പ്രസരണ വിതരണ ശൃംഖലകൾ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരികയാണ്. ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കുന്നതിനും വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികളും ഗുണമേന്മയുള്ള വൈദ്യുതി എല്ലാവർക്കും എന്ന ലക്ഷ്യത്തോടെയാണ്.

(ബി) വൈദ്യുതോൽപ്പാദന രംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവ ഉപയോഗപ്പെടുത്തി വൈദ്യുതോൽപ്പാദനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ഇ.ബി. ലിമിറ്റഡ് 9.26 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 9.66 മെഗാവാട്ട് പദ്ധതികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. 4.71 മെഗാവാട്ട് പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കാറ്റിൽ നിന്നുള്ള വൈദ്യുതോൽപ്പാദനത്തിനായി 1 മെഗാവാട്ട് ശേഷിയുള്ള മൈക്രോ വിൻഡ് നിലയം പൂവാർ കടൽത്തീരത്ത് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കഞ്ചിക്കോട് നിലവിലുള്ള 9 കാറ്റാടി യന്ത്രങ്ങളിൽ 5 എണ്ണം മാറ്റി പകരം ശേഷി കൂടിയ 5 മെഷീനുകൾ സ്ഥാപിക്കുന്നതിനും പുതുതായി ഒരു 2.5 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി യന്ത്രം സ്ഥാപിക്കുന്നതിനും ദർഘാസ് ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 45 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ 20 പീക്കോ പദ്ധതികൾ (5 കിലോവാട്ടിന് താഴെയുള്ളവ) നടപ്പിലാക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്.

അനെർട്ട് മുഖേന 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി - 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചുനൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി - 6400 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട വിദൂര സ്ഥലങ്ങളായ 2000 വീടുകളിൽ സോളാർ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക് - സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (1 മെഗാവാട്ട് മുതൽ 3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനും സർക്കാർ

ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ ആകെ 1.4 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും പദ്ധതികളുണ്ട്.

(സി) പ്രസരണ ശൃംഖല ശാക്തീകരിക്കുന്നതിനായി അഞ്ച് വർഷത്തിനുള്ളിൽ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 114 സബ്സ്റ്റേഷനുകളുടെയും 2413 കി.മീറ്റർ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നേരിടുന്നതിന് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പേരിൽ ഒരു പ്രസരണ ശൃംഖല വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി 2017-21 കാലഘട്ടത്തിൽ സംസ്ഥാനത്തുടനീളം ഒരു പ്രസരണ ഇടനാഴിയും അഞ്ച് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും ഇരുപത്തിനാല് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും നിർമ്മാണം പൂർത്തീകരിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യിൽ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ നിയമനം

159 (1923) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യിൽ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിലേയ്ക്കുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ; ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കി; ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും;

(ബി) പുതുതായി ആരംഭിച്ച വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ ഉൾപ്പെടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) കെ.എസ്.ഇ.ബി., കെ.എസ്.എഫ്.ഇ., മലബാർ സിമന്റ് തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്കുള്ള ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ/ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയുടെ നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് പട്ടിക 22-9-2014-ന് നിലവിൽ വന്നു. ടി ലിസ്റ്റിൽ കെ.എസ്.ഇ.ബി.യിലേയ്ക്ക് 190 പേർക്ക് നിയമന ശിപാർശ നൽകി. കെ.എസ്.ഇ.ബി. 2015 ജനുവരി മുതൽ എൻ.ജെ.ഡി. ഒഴികെ നൽകിയ പി.എസ്.സി. വഴിയുള്ള നിയമന ഉത്തരവുകൾ വഴി 159- ഉം കൂടാതെ ഭിന്നശേഷിക്കാരായ (പി.എസ്.സി. വഴി) 5 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

ടി ലിസ്റ്റിന്റെ കാലാവധി 21.09.2017-ന് അവസാനിക്കുന്നതാണ്.

(ബി) വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ട്, മീറ്റർ റീഡിംഗിൽ PDA നടപ്പാക്കിയത്, കമ്പ്യൂട്ടർവൽക്കരണ നടപടികൾ തുടങ്ങിയ കാര്യങ്ങൾ ജീവനക്കാരുടെ ജോലിഭാരത്തിൽ വരുത്തിയ മാറ്റങ്ങൾ എന്നിവ പരിശോധിച്ച് മാത്രമേ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ക്യാഷ്യർ ഉൾപ്പെടെ വിവിധ തസ്തികകളിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഈ നടപടികളുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ തിട്ടപ്പെടുത്തി മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.

## കെ.എസ്.ഇ.ബി. കേരളത്തിന് വെളിയിൽ നിന്നും വാങ്ങുന്ന വൈദ്യുതി

160 (1924) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് കേരളത്തിന് വെളിയിൽ നിന്നും ഒരു മാസം ശരാശരി എത്ര യൂണിറ്റ് വൈദ്യുതി വാങ്ങുന്നുണ്ട്; ഇത് ഏതൊക്കെ സ്ഥാപനത്തിൽ നിന്നും യൂണിറ്റിന് എത്ര തുകയ്ക്കാണെന്നും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വൈദ്യുതി വാങ്ങുന്ന ഇനത്തിൽ ഒരു മാസം കെ.എസ്.ഇ.ബി. ലിമിറ്റഡ് എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ട്;

(സി) കേരളത്തിന് വെളിയിൽ നിന്നും വൈദ്യുതി വാങ്ങി കേരളത്തിലെ വിവിധ താരിഫിലുള്ള ഉപഭോക്താക്കൾക്ക് /വ്യാവസായികൾക്ക് നൽകുന്നത് മൂലം ഉണ്ടാകുന്നത് നഷ്ടമാണോ; അതോ ലാഭമാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2017 മാർച്ച് മാസം കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്തിന് പുറത്ത് നിന്നും 1699.61 Mu വൈദ്യുതി വാങ്ങിയിട്ടുണ്ട്. ഇത് ഏതൊക്കെ സ്ഥാപനത്തിൽ നിന്നുമാണെന്നും യൂണിറ്റ് എത്ര തുകയ്ക്കാണെന്നുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) കേരളത്തിനകത്തുള്ള സ്വകാര്യ സംരംഭകരിൽ നിന്നും സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയും ചേർത്ത് 2017 മാർച്ച് മാസം 655.66 കോടി രൂപയ്ക്ക് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നഷ്ടമാണ്. ഒരു യൂണിറ്റ് വൈദ്യുതി പുറമേ നിന്നും വാങ്ങി ഉപഭോക്താക്കളുടെ അടുത്തെത്തിക്കുന്നതിന് വൈദ്യുതി വാങ്ങൽ ചെലവിന് പുറമേ പ്രസരണ, വിതരണ നഷ്ടത്തിന്റെ ചെലവ്, തേയ്മാന ചെലവുകൾ, മൂലധന നിക്ഷേപത്തിനും മറ്റുമായിട്ടുള്ള വായ്പകളുടെ പലിശയിനത്തിലുള്ള ചെലവുകൾ കൂടി കണക്കിലെടുക്കേണ്ടതാണ്. അപ്രകാരം കണക്കിലെടുക്കുമ്പോൾ പുറമേ നിന്നും വൈദ്യുതി വാങ്ങി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിലേയ്ക്ക് യൂണിറ്റിന് ശരാശരി 5 രൂപ 83 പൈസ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 2017-18 ലേയ്ക്ക് കമ്മീഷൻ അംഗീകരിച്ച താരിഫ് വർദ്ധനവ് കൂടി കണക്കിലെടുത്താൽ പ്രസ്തുത വൈദ്യുതി വിൽക്കുന്നതിലൂടെ ഉപഭോക്താവിൽ നിന്നും ശരാശരി ഒരു യൂണിറ്റിൽ 5 രൂപ 53 പൈസ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനാൽ 2017-18-ൽ ഓരോ യൂണിറ്റ് വൈദ്യുതി വിൽക്കുമ്പോഴും 30 പൈസയുടെ നഷ്ടമുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

### കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഒഴിവുകൾ

161 (1925) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഏതൊക്കെ തസ്തികകളിൽ ഒഴിവുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തസ്തിക തിരിച്ച് ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ തസ്തികകളുടെ ഒഴിവുകൾ പി.എസ്.സി.- യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഏതെങ്കിലും തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലിവിൽ ഉണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഏതൊക്കെ തസ്തികകളിൽ കരാർ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ; ഇവരുടെ എണ്ണവും തസ്തികകളും വിശദമാക്കുമോ;

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ജീവനക്കാർ ജോലിചെയ്യുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) കെ.എസ്.ഇ.ബി.-യിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ

ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിന് എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

കമ്പനി സെക്രട്ടറി - 1

ഡെപ്യൂട്ടി ചീഫ് അക്കൗണ്ട് ഓഫീസർ - 1

കമ്പനി സെക്രട്ടറിയുടെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ ഒഴിവ് പ്രൊമോഷൻ മുഖേന നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനുപുറമേ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) പ്രൊമോഷൻ വഴി നികത്തേണ്ട 30% ക്വോട്ടയിൽ 48 ഒഴിവുകളും പ്രൊമോഷൻ വഴി നികത്തേണ്ട 20% ക്വാട്ടയിൽ 143 ഒഴിവുകളും ഉണ്ട്. ലൈൻമാൻ-II ഗ്രേഡിൽ നിന്നും ലൈൻമാൻ ഗ്രേഡ്-I-ലേയ്ക്ക് പ്രൊമോഷൻ വഴി നികത്തേണ്ട 399 ഒഴിവുകൾ ഉണ്ട്. ഓവർസിയർ (ഇലക്ട്രിക്കൽ)-ലേയ്ക്ക് പ്രൊമോഷൻ നൽകി നികത്തേണ്ട 130 ഒഴിവുകൾ ഉണ്ട്. ക്യാഷ്യർ തസ്തികയിൽനിന്നും സീനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകി നികത്തേണ്ട 217 ഒഴിവുകൾ ഉണ്ട്. ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസറുടെ രണ്ട് ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകൾ പി.എസ്.സി. വഴി നികത്തേണ്ടവയാണ്. പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പ്രൊമോഷൻ വഴി നികത്തേണ്ട 25% ക്വാട്ടയിൽ 22 ഒഴിവുകൾ ഉണ്ട്. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) 30% ക്വാട്ടയിൽ 7 NJD ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മീറ്റർ റീഡർ തസ്തികയിൽ പ്രൊമോഷൻ by transfer appointment വഴി നികത്തേണ്ട 334 ഒഴിവുകളുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ 40% ക്വോട്ടയിൽ പി.എസ്.സി. വഴി നിയമിക്കേണ്ട 51 ഒഴിവുകൾ ഉണ്ട്. ഇവയിൽ നാല് ഒഴിവുകൾ (NJD) കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. 30% ക്വാട്ടയിൽ രണ്ട് ഒഴിവുകളും 20% ക്വോട്ടയിൽ 57 ഒഴിവുകളും ഉണ്ട്. ഇവ പ്രൊമോഷൻ വഴി നികത്തേണ്ടതാണ്.

വിവിധ ആധുനികവൽക്കരണ നടപടികളിലൂടെ ജോലിഭാരത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ കണക്കിലെടുത്ത് വരുത്തുന്ന പുനഃക്രമീകരണങ്ങൾക്ക് ശേഷമേ ചില തസ്തികകളിലെ ഒഴിവുകൾ കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(സി) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള റാങ്ക് പട്ടികകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. ചീഫ് പേഴ്സണൽ ഓഫീസർ
2. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നേരിട്ടുള്ള നിയമനം
3. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ഡിപ്പാർട്ട്മെന്റ് ക്വാട്ട
4. ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ
5. ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ (3% PH)
6. എൽ. ഡി. ടൈപ്പിസ്റ്റ്/ജൂനിയർ ഫെയർ കോപ്പി അസിസ്റ്റന്റ്
7. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നേരിട്ടുള്ള നിയമനം

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കരാറടിസ്ഥാനത്തിൽ നേരിട്ട് ജീവനക്കാരെ നിയമിക്കുന്നില്ല. എന്നാൽ ചില പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്. കരാറുകാരൻ പ്രവൃത്തികൾ ചെയ്യാൻ യോഗ്യരായ ആൾക്കാരെക്കൊണ്ട് ഏറ്റെടുത്ത പ്രവൃത്തികൾ ചെയ്യിക്കുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) സ്വീകരിക്കും. IIMK(കോഴിക്കോട് ഐ.ഐ.എം.കെ)-യുടെ പഠന റിപ്പോർട്ട് പ്രകാരം ചില തസ്തികകളിൽ നിയമനം നടത്തരുതെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

### കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി ചാർജ്ജ് കുടിശ്ശിക

162 (1926) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളുടെ വൈദ്യുതിചാർജ്ജ് കുടിശ്ശിക എത്ര കോടി രൂപയാണ്;

(ബി) വൈദ്യുതിചാർജ്ജ് കുടിശ്ശിക വരുത്തിയ ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളുടെ എണ്ണം എത്രയാണ്; ഈ വിഭാഗങ്ങൾ കെ.എസ്.ഇ.ബി. -ക്ക് നൽകാനുള്ള തുക എത്ര?

(സി) തുക സമയബന്ധിതമായി പിരിച്ചെടുക്കാൻ കെ.എസ്.ഇ.ബി.

എന്തെല്ലാം നടപടികൾ കൈക്കൊള്ളും? വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 31-3-2017-ലെ ത്രൈമാസ കണക്കുപ്രകാരം സഹകരണ സ്ഥാപനങ്ങളുടെയും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉൾപ്പെടെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക 255 കോടി രൂപയാണ്. സഹകരണ സ്ഥാപനങ്ങളുടെ കുടിശ്ശിക മാത്രമായി ക്രോഡീകരിച്ചിട്ടില്ല.

(ബി) 31-3-2017-ലെ ത്രൈമാസ കണക്കുപ്രകാരം വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയ ഹൈടെൻഷൻ എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളുടെ എണ്ണം 1250 ആണ്. ഈ വിഭാഗങ്ങൾ കെ.എസ്.ഇ.ബി.-ക്ക് നൽകാനുള്ള തുക 1361.69 കോടി രൂപയാണ്.

(സി) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു.

**കെ.എസ്.ഇ.ബി.-യിലെ കരാർ തൊഴിലാളികൾ**

163 (1927) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ വിവിധ വിഭാഗങ്ങളിലായി കരാറടിസ്ഥാനത്തിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; ഓരോ വിഭാഗത്തിലെയും എണ്ണം പ്രത്യേകമായി നൽകുമോ;

(ബി) കരാർ തൊഴിലാളികളുടെ വേതനം പരിഷ്കരിച്ചുകൊണ്ട് ഉത്തരവിറങ്ങിയിട്ടുണ്ടോ;

(സി) ഇത് പ്രകാരമുള്ള പരിഷ്കരിച്ച വേതനം കരാർ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ;

(ഡി) നൽകിയിട്ടില്ലെങ്കിൽ പരിഷ്കരിച്ച വേതനം കൊടുക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കരാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നില്ല. എന്നാൽ ചില പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്. ഇങ്ങനെയുള്ള അവസരങ്ങളിൽ പ്രസ്തുത പ്രവൃത്തിക്ക് ചെലവാകാൻ സാധ്യതയുള്ള തുക മുൻകൂട്ടി കണക്കാക്കി പ്രവൃത്തിയുടെ വിശദവിവരത്തോടൊപ്പം പ്രസിദ്ധീകരിക്കുകയും പ്രവൃത്തി ഏറ്റെടുക്കാൻ താല്പര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ/ദർഘാസുകൾ ക്ഷണിക്കുകയുമാണ് പതിവ്. എന്നാൽ പ്രവൃത്തി ഏറ്റെടുക്കാൻ താല്പര്യമുള്ള വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് തുകയ്ക്ക് അല്ലെങ്കിൽ അതിൽ നിന്നും കൂടുതലോ കുറവോ ആയ തുകയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാവുന്നതാണ്. ലഭിക്കുന്ന ക്വട്ടേഷൻ/ദർഘാസുകളിൽ മെച്ചപ്പെട്ടതിനെ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിക്കുകയാണ് പതിവ്. ജോലിയുടെ സ്വഭാവമനുസരിച്ച് കരാറുകാരൻ നിശ്ചിത യോഗ്യതയുള്ള ആൾക്കാരെക്കൊണ്ട് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

## കെ.എസ്.ഇ.ബി.-യിലെ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിലെ ഒഴിവുകൾ

164 (1928) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(സി) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത എത്ര ഒഴിവുകളാണ് കണ്ടെത്തിയത് ;

(ഡി) കെ.എസ്.ഇ.ബി.-യിൽ നിലവിൽ നിയമനനിരോധനമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ട്, മീറ്റർ റീഡിംഗ് PDA നടപ്പാക്കിയത്, കമ്പ്യൂട്ടർവൽക്കരണ നടപടികൾ തുടങ്ങിയ കാര്യങ്ങൾ ജീവനക്കാരുടെ ജോലിഭാരത്തിൽ വരുത്തിയ മാറ്റങ്ങൾ എന്നിവ പരിശോധിച്ച് മാത്രമേ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ക്യാഷ്യർ

ഉൾപ്പെടെ വിവിധ തസ്തികകളിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഈ നടപടികളുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ തിട്ടപ്പെടുത്തി മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ. പുതുതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം കെ.എസ്.ഇ.ബി.-യിലെ വിവിധ തസ്തികകളിലെ ഒഴിവ് വിവരങ്ങൾ ആവശ്യപ്പെടുകയും പ്രസ്തുത വിവരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് പരിശോധനാ റിപ്പോർട്ടൊന്നും ബോർഡിൽ ലഭിച്ചിട്ടില്ല.

## കെ.എസ്.ഇ.ബി.-യുടെ വരുമാനകമ്മി നികത്തുന്നതിന് വൈദ്യുതി നിരക്ക് വർദ്ധനവ്

165 (1929) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത് എങ്കിൽ വിശദാംശം നൽകുമോ;

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 2013 നവംബർ ഒന്ന് വരെയുള്ള ബാധ്യതകൾ സർക്കാർ ഏറ്റെടുത്തിരുന്നോ;

(സി) നിലവിൽ കെ.എസ്.ഇ.ബി.-ക്ക് വരുമാനം കമ്മിയുണ്ടോ;എങ്കിൽ എത്രയാണ്;

(ഡി) പ്രസ്തുത കമ്മി നികത്തുന്നതിനായിട്ടാണോ വൈദ്യുതി നിരക്ക് 2017 ഏപ്രിൽ 18 മുതൽ വർദ്ധിപ്പിച്ചത്?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽ ലാഭകരമായിട്ടല്ല പ്രവർത്തിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തിലെ കണക്ക പ്രകാരം റവന്യൂ കമ്മി 313.29 കോടി രൂപയാണ്. 2016-17 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. പ്രസ്തുത വർഷത്തിലെ അർദ്ധ വാർഷിക കണക്ക പ്രകാരം (ഏപ്രിൽ 2016 മുതൽ സെപ്റ്റംബർ 2016 വരെ) റവന്യൂ കമ്മി 730.33 കോടി രൂപയാണ്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 2013 നവംബർ ഒന്ന്

വരെയുള്ള ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്തിട്ടില്ല.

(സി) ഉണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 17-4-2017-ലെ ഉത്തരവിലൂടെ സ്വമേധയാ ഉള്ള നടപടിക്രമങ്ങളിലൂടെ 2016-17, 2017-18 വർഷങ്ങളിലേയ്ക്കുള്ള പ്രതീക്ഷിത വരവു ചെലവു കണക്കുകളെ സംബന്ധിച്ച (ARR & ERC) ഉത്തരവിറക്കിയിട്ടുണ്ട്.

ടി ഉത്തരവു പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് 400.12 കോടി രൂപയുടെ വരുമാന കമ്മിയും 2017-18 സാമ്പത്തിക വർഷത്തിൽ 490.92 കോടി രൂപയുടെ ലാഭവും ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ കൺട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത കണക്കുകളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള ട്രൂ-അപ്പ് പെറ്റീഷനുമേൽ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം 2012-13 സാമ്പത്തിക വർഷം വരെയുള്ള ട്രൂ-അപ്പ് ഉത്തരവ് പ്രകാരം നികത്താതെയുള്ള വരുമാന കമ്മി 4944 കോടി രൂപയാണ്. (എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കണക്കുപ്രകാരം ഇത് 7171.50 കോടി രൂപയാണ്.)

(ഡി) 2012-13 സാമ്പത്തിക വർഷം വരെയുള്ള കമ്മീഷന്റെ ട്രൂ-അപ്പ് ഉത്തരവ് പ്രകാരം നികത്താതെയുള്ള ആകെ വരുമാനകമ്മി 4944 കോടി രൂപയാണ്. ടി വരുമാന കമ്മിയുടെ ഒരു ഭാഗം മാത്രമാണ് (1040.92 കോടി രൂപ) 2017-18 സാമ്പത്തിക വർഷത്തിൽ നികത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. ടി തുകയിൽ നിന്ന് 2017-18 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഉണ്ടാകുമെന്ന് കമ്മീഷൻ നിജപ്പെടുത്തിയിട്ടുള്ള (സ്വമേധയാ ഉള്ള നടപടിക്രമങ്ങളുടെ ഭാഗമായി) 490.92 കോടി രൂപയുടെ ലാഭം തട്ടി കിഴിച്ചതിനുശേഷം ബാക്കിയുള്ള 550 കോടി രൂപ മാത്രം താരിഫ് വർദ്ധനവിലൂടെ ഈ വർഷം ഈടാക്കാനുള്ള ഉത്തരവാണ് കമ്മീഷൻ നൽകിയിട്ടുള്ളത്.

## സി.എഫ്.എൽ.-കൾക്കും ഫിലമെന്റ് ബൾബുകൾക്കും പകരം എൽ.ഇ.ഡി. ബൾബുകളും സ്മാർട്ട് മീറ്ററും

166 (1930) ശ്രീ. ആർ. രാജേഷ്:
ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന അതിഗുരുതരമായ വൈദ്യുതി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ തെരുവ് വിളക്കുകളും വീടുകളിൽ ഉപയോഗിക്കുന്ന സി.എഫ്.എൽ.കളും ഫിലമെന്റ് ബൾബുകളും മാറ്റി പകരം എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പുരോഗതി അറിയിക്കാമോ;

(ബി) പദ്ധതിക്കായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്നും ഈ പദ്ധതിയിലൂടെ വൈദ്യുതി ഉപഭോഗത്തിൽ എത്ര കുറവുണ്ടാകുമെന്നുമാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കാമോ;

(സി) പ്രതിമാസ വൈദ്യുതി ഉപഭോഗം 200 യൂണിറ്റിലധികമുള്ള ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ ഘടിപ്പിക്കാനുള്ള പദ്ധതി വഴി ലക്ഷ്യമാക്കുന്ന നേട്ടമെന്തെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) വീടുകളിൽ ഉപയോഗിക്കുന്ന സി.എഫ്.എൽ. ഫിലമെന്റ് ബൾബുകൾ മുതലായവ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി നാഷണൽ എൽ.ഇ.ഡി. മിഷനിൽ പങ്കാളികളായ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര സ്ഥാപനവുമായി സഹകരിച്ച് ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്) എന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം 1.5 കോടി 9W എൽ.ഇ.ഡി. ബൾബുകൾ, 75 ലക്ഷം ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ നൽകാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി പൂർത്തീകരണത്തിലൂടെ 670 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിവർഷം ലാഭിക്കാൻ കഴിയുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

സംസ്ഥാനത്തെ വിവിധ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ആക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റി പ്രദേശത്ത് 6876-ഉം വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ 407-ഉം തെരുവ് വിളക്കുകൾ ഇപ്രകാരം എൽ.ഇ.ഡി. ആക്കിയിട്ടുണ്ട്. ഇതിലൂടെ ഉദ്ദേശം 1.35 ദശലക്ഷം യൂണിറ്റ് പ്രതിവർഷം ലാഭിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. കൂടാതെ നെൻമണിക്കര വടക്കാഞ്ചേരി പഞ്ചായത്തുകളിലും തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കുന്നതിനും സംസ്ഥാനത്തുടനീളം തെരുവ് വിളക്കുകളും ഗാർഹിക ഉപഭോക്താക്കളുടെ സി.എഫ്.എൽ., ഇൻകാൻഡസെന്റ്

ബൾബുകളും മാറ്റി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിലേയ്ക്ക് ഒരു ബൃഹത്തായ പദ്ധതിയുടെയും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ സ്മാർട്ട് മീറ്റർ മുഖേന ലഭിക്കുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. റ്റി.ഒ.ഡി., താരിഫ് ഉള്ള ഉപഭോക്താക്കൾക്ക് പീക്ക് ഉപഭോഗവും മറ്റും നിയന്ത്രിച്ച്, വൈദ്യുതി ബില്ലിൽ കുറവ് വരുത്താവുന്നതാണ്. വൈദ്യുതി തടസ്സങ്ങൾ തത്സമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതുകൊണ്ട്, വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക് കഴിയും. ഇപ്രകാരം 200 യൂണിറ്റിൽ അധികം വൈദ്യുതി ഉപഭോഗമുള്ള സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും ലക്ഷ്യമിടുന്നു.

**ഓച്ചിറ സബ്ഡിവിഷൻ വിഭജനം**

167 (1931) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ ഇലക്ട്രിക്കൽ സബ്ഡിവിഷൻ ഓഫീസിലെ ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ഓച്ചിറ ഇലക്ട്രിക്കൽ സബ്ഡിവിഷനെ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഡിവിഷനെ വിഭജിച്ച് വള്ളിക്കാവ് കേന്ദ്രമാക്കി സബ്ഡിവിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഓച്ചിറ സെക്ഷന്റെ കീഴിൽ നിലവിൽ 25000-ത്തിന് മുകളിൽ ഉപഭോക്താക്കൾ ഉണ്ടെങ്കിലും ടി സെക്ഷന്റെ വിസ്തൃതി 32 ചതുരശ്ര കിലോമീറ്റർ മാത്രമേയുള്ളൂ. ഉപഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധനവുമൂലം സെക്ഷൻ ഓഫീസിലെ ജീവനക്കാർക്ക് അമിത ജോലിഭാരം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനഃക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ്

മുൻഗണന നൽകുന്നത്. പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനം ആവശ്യപ്പെട്ട വൈദ്യുതി**

168 (1932) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനം ആവശ്യപ്പെട്ട വൈദ്യുതി ലഭ്യമാകുന്നുണ്ടോ; ഇതിന് വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് ഇപ്പോഴുണ്ടായ വൈദ്യുത ചാർജ്ജ് വർദ്ധനവിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര പൂളിൽനിന്നും സംസ്ഥാനത്തിന് ഓരോ കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നും അനുവദിച്ചിട്ടുള്ള വിഹിതം ജനറേറ്ററുകളുടെ ലഭ്യതയനുസരിച്ച് ലഭിക്കുന്നുണ്ട്.

(ബി) വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനങ്ങളിലെ വൈദ്യുതി താരിഫ് നിർണ്ണയിക്കുന്നതിനുള്ള അധികാരം അതാത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകളിൽ നിക്ഷിപ്തമാണ്. ഇതിന്റെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട അപ്പലേറ്റ് ട്രൈബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി (APTEL)-ന്റെ 11.11.2011-ലെ ഉത്തരവ് പ്രകാരവും കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടിക്രമങ്ങളുടെ ഭാഗമായി 17-4-2017-ലെ ഉത്തരവിലൂടെ 18-4-2017 മുതൽ സംസ്ഥാനത്തെ താരിഫ് പരിഷ്കരിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. വൈദ്യുതി നിയമം 2003-ലെ 61-ാം വകുപ്പ് പ്രകാരം സംസ്ഥാനത്ത് വൈദ്യുതി മേഖലയിൽ പ്രവർത്തിക്കുന്ന ബിസിനസ്സ് യൂണിറ്റുകളുടെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുന്നതിനും കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതിനുമുള്ള ചട്ടങ്ങൾ (താരിഫ് റെഗുലേഷൻസ് 2014) KSERC പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ ചട്ടങ്ങളിലെ Norms-ന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയാൽ ബോർഡിന്റെ സാമ്പത്തിക ഭദ്രതയെ തന്നെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ടി ചട്ടങ്ങൾക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സമീപിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷത്തേയ്ക്കുള്ള പ്രതീക്ഷിത

വരവുചെലവ് കണക്കുകളെ സംബന്ധിക്കുന്ന പെറ്റീഷൻ (ARR & ERC പെറ്റീഷൻ) സമർപ്പിച്ചുവെങ്കിലും കമ്മീഷൻ അതിന്മേൽ അനിവാര്യമായ തുടർ നടപടികൾ സ്വീകരിച്ചില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്ന സാഹചര്യത്തിലും സമർപ്പിച്ച ARR & ERC പെറ്റീഷനിൽ തുടർ നടപടികൾ സ്വീകരിക്കാത്തതിനാലും തുടർന്നുള്ള വർഷങ്ങളിലെ ARR & ERC പെറ്റീഷൻ (2016-17 - 2017-18) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സമർപ്പിച്ചിരുന്നില്ല. മേൽ സൂചിപ്പിച്ച സാഹചര്യത്തിലും ബഹുമാനപ്പെട്ട അപ്പലേറ്റ് ട്രൈബ്യൂണലിന്റെ 11-11-2011-ലെ വിധിയുടെ അടിസ്ഥാനത്തിലും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ ഉള്ള നടപടിക്രമങ്ങളുടെ ഭാഗമായി 17-4-2017-ലെ ഉത്തരവ് പ്രകാരം 2016-17, 2017-18 വർഷത്തേയ്ക്കുള്ള പ്രതീക്ഷിത വരവുചെലവ് കണക്കുകളെ സംബന്ധിച്ച ഉത്തരവിറക്കുകയും 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള താരിഫ് പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

ടി ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനും 2016-17 സാമ്പത്തിക വർഷത്തിൽ 400.12 കോടി രൂപയുടെ വരുമാനകമ്മിയും 2017-18-ൽ 490.92 കോടി രൂപയുടെ ലാഭവും ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ C&AG ആഡിറ്റ് ചെയ്ത കണക്കുകളുടെ അടിസ്ഥാനത്തിലും നിലവിലുള്ള ചട്ടങ്ങൾ പ്രകാരവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കമ്മീഷൻ സമർപ്പിച്ചിട്ടുള്ള True-up പെറ്റീഷനുമേൽ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം 2012-13 സാമ്പത്തിക വർഷം വരെ True-up പ്രകാരമുള്ള വരുമാന കമ്മി 4944 കോടി രൂപയാണ്. (എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കണക്കുപ്രകാരം ഇത് 7171.50 കോടി രൂപയാണ്). ടി നഷ്ടം മുഴുവൻ താരിഫ് വർദ്ധനവിലൂടെ നികത്തുകയാണെങ്കിൽ ഉപഭോക്താക്കൾക്ക് താരിഫ് ഷോക്കിന് കാരണമായി തീരുമെന്നുള്ളതിനാൽ മേൽ സൂചിപ്പിച്ച വരുമാന കമ്മിയുടെ ഒരുഭാഗം മാത്രമാണ് (1040.92 കോടി രൂപ) 2017-18-ൽ നികത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

ടി തുകയിൽ നിന്ന് 2017-18 സാമ്പത്തികവർഷത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനും ഉണ്ടാകുമെന്ന് കമ്മീഷൻ നിജപ്പെടുത്തിയിട്ടുള്ള (സ്വമേധയാ ഉള്ള നടപടിക്രമങ്ങളുടെ ഭാഗമായി) 490.92 കോടി രൂപയുടെ ലാഭം തട്ടികിഴിച്ചതിനുശേഷം ബാക്കിയുള്ള 550 കോടി രൂപ മാത്രം താരിഫ് വർദ്ധനവിലൂടെ ഈടാക്കാനുള്ള ഉത്തരവാണ് റെഗുലേറ്ററി കമ്മീഷൻ നൽകിയിട്ടുള്ളത്.

**ആറന്മുള നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം**

169 (1933) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കുവാൻ കഴിയാത്ത വീടുകൾ ഇനി എത്രയെണ്ണമുണ്ട്; ഈ വീടുകൾ ഏത് പഞ്ചായത്തിൽ; ഏത് വാർഡിൽ ; ആരുടേതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ലഭിച്ച അപേക്ഷയിൽ സ്വന്തമായി വയറിംഗ് ചെയ്തത് എത്രം; ചെയ്യാത്തത് എത്ര എന്ന് വിശദമാക്കാമോ;

(ഡി) ഇതുവരെയുള്ള പ്രവൃത്തികൾക്ക് എത്ര രൂപ ചെലവായിട്ടുണ്ട്?

ഉത്തരം

(എ) 27-4-2017-ലെ കണക്കനുസരിച്ച് ആറന്മുള നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1035 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) ഏഴ് എണ്ണം Property Crossing Objection-നുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നിന്നും അനുമതി ലഭിക്കേണ്ട വീടുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | വാർഡ് | പേരും വിലാസവും |
|---|---|---|---|
| 1 | ഓമല്ലൂർ പഞ്ചായത്ത് | 4 | മായ, കല്ലിടുക്കിൽ, പാരായ് നാലി |
| 2 | കോയിപ്പുറം പഞ്ചായത്ത് | 2 | നാഗപ്പൻ, പുന്നയ്ക്കൽ, ഐരക്കാവ് |
| 3. | കോയിപ്പുറം പഞ്ചായത്ത് | 9 | പൊന്നമ്മ,പുളിക്കത്തറ, മന്നിൽ,പൂവത്തൂർ |

| | | | |
|---|---|---|---|
| 4. | ഇലവന്തൂർ പഞ്ചായത്ത് | 12 | ശശി,കൊട്ടാരത്തിൽ ഹരിജൻ കോളനി, ഇലന്തൂർ |
| 5 | നാരങ്ങാനം പഞ്ചായത്ത് | 5 | തങ്കമ്മ,ഇടശ്ശേരിയിൽ, നാരങ്ങാനം |
| 6 | പത്തനംതിട്ട മുനിസിപ്പാലിറ്റി | 11 | ഗോപാലകൃഷ്ണൻ, തെങ്ങുതറയിൽ വീട്, വെട്ടിപ്രം |
| 7 | പത്തനംതിട്ട മുനിസിപ്പാലിറ്റി | 2 | അമ്മിണി, സംക്രാന്തി, മുരുപ്പേൽ, വെട്ടിപ്രം |

(സി) ലഭ്യമായ കണക്കുകൾ പ്രകാരം പദ്ധതിയിൽ അപേക്ഷ നൽകിയവരിൽ 921 പേർ സ്വന്തമായി വയറിംഗ് ചെയ്തവരും 121 പേർ കെ.എസ്.ഇ.ബി./മറ്റു സ്രോതസ്സുകളിലൂടെ വയറിംഗ് നടത്തിയവരും ആണ്.

(ഡി) പ്രാഥമിക കണക്കനുസരിച്ച് ആറന്മുള നിയോജക മണ്ഡലത്തിലെ പദ്ധതി പ്രവൃത്തികൾക്കായി 72.94 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**ചേലക്കര മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

170 (1934) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;വിശദാംശം വ്യക്തമാക്കുമോ;

(ബി) ചേലക്കര മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽ നിലവിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതായിട്ടാണ് കെ.എസ്.ഇ.ബി. കണ്ടെത്തിയിട്ടുള്ളത്; ഇവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ വേഗത്തിൽ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ചേലക്കര നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയ വോൾട്ടേജ് ഇംപ്രൂവ്മെന്റ്, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുക എന്നീ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

തോന്നൂർക്കരയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ ജോലിയും കണ്ടംകുളം പടിഞ്ഞാറെ പങ്ങാരപ്പിള്ളി ഭാഗങ്ങളിൽ 11 കെ.വി. ഇന്റർലിങ്കിംഗ് സ്ഥാപിക്കുന്ന

പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. യൂക്കാലിക്കാട് ഭാഗത്ത് വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഈച്ചാടി, വല്ലങ്ങിപ്പാറ ഭാഗത്ത് സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

ദേശമംഗലം സെക്ഷന്റെ കീഴിൽ രാമൻകുളം, മന്നേംകോട്ട് കോളനി ഭാഗത്തും ചെറുതുരുത്തി സെക്ഷന്റെ കീഴിൽ നെടുംപുര, നല്ലവരമ്പ്, തെക്കേക്കുന്ന്, താഴപ്ര പുത്തൻകുളം എന്നീ പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം പരിഹരിക്കാനായി വി.ഐ. വർക്കുകൾ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

ചേലക്കര സെക്ഷന്റെ കീഴിൽ മംഗലാംകുന്ന്, വെണ്ണൂർ സ്കൂൾ, ഈച്ചാടി, ചേപ്പ, പൂലാക്കോട് സ്കൂൾ, അംബേദ്കർ കോളനി എന്നിവിടങ്ങളിലും തിരുവില്വാമല സെക്ഷന്റെ കീഴിൽ കാട്ടുകുളം ഭാഗത്തും കണ്ടന്നൂർ സെക്ഷൻ കീഴിൽ ചേലൂർ ഭാഗത്തും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായുള്ള ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ചേലക്കര സബ് സ്റ്റേഷന്റെ കീഴിൽ നിലവിലുള്ള 5 MVA ട്രാൻസ്ഫോർമർ കൂടാതെ ഒരു 5 MVA 33/11 ട്രാൻസ്ഫോർമർ സ്ഥാപിക്കൽ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടി സബ് സ്റ്റേഷനിൽ നിന്ന് രണ്ട് 11 കെ.വി. ഫീഡറിന്റെ വർക്കുകൾ കൂടി പൂർത്തിയായാൽ ചേലക്കര, ഇളനാട് ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയും. ഫീഡറുകൾ രണ്ടാഴ്ചക്കകം ചാർജ്ജ് ചെയ്യുന്നതാണ്. ഇത് കൂടാതെ ചേലക്കര സെക്ഷന്റെ കീഴിൽ പടിഞ്ഞാറെ പങ്ങാരപ്പിള്ളി, തൃക്കണായ നരിക്കുണ്ട് എന്നീ പ്രദേശങ്ങളിലും പഴയന്നൂർ സെക്ഷന്റെ കീഴിൽ തെക്കേത്തറ, കുമ്പളക്കോട് ഭാഗങ്ങളിലും തിരുവില്വാമല സെക്ഷന്റെ കീഴിൽ കയറുംപാറ, മലാറ എന്നീ പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കാനായുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**വൈദ്യുതി വിതരണ ശൃംഖല ശക്തമാക്കുന്ന പദ്ധതിക്ക് കിഫ്ബി-യിൽ നിന്നും സഹായം**

171 (1935) ശ്രീ. സി. ദിവാകരൻ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ .കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്ത് നിന്ന് വൈദ്യുതി കൊണ്ടുവരാൻ സാധിക്കത്തക്ക തരത്തിൽ പതിനായിരം കോടി രൂപ ചെലവഴിച്ച് വൈദ്യുതി വിതരണ ശൃംഖല ശക്തമാക്കുന്നതിന് നീക്കമുണ്ടോ;വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ നിന്ന് സഹായം ലഭ്യമാകുന്നുണ്ടോ;വ്യക്തമാക്കുമോ;

(സി) വൈദ്യുതി മേഖലയിലെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് പ്രസ്തുത പദ്ധതി സഹായകരമാകുമോ;

(ഡി) പദ്ധതി പൂർത്തിയാക്കുന്നതോടെ മറ്റെന്തൊക്കെ നേട്ടങ്ങളാണ് സംസ്ഥാനത്തിന് ലഭ്യമാകുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ ഭാവിയിലെ ഉയർന്ന ഊർജ്ജ ഉപഭോഗം നിറവേറ്റുന്നതിനായി സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന വൈദ്യുതിയെ ആശ്രയിക്കേണ്ടതുണ്ട്. കേരളത്തിന് ഒരു 2000 മെഗാവാട്ടിന്റെ ഊർജ്ജ ഇടനാഴിയുടെയും മറ്റു ചില അന്തർ സംസ്ഥാന പ്രസരണ ലൈനുകളുടേയും അനുമതി ലഭിച്ചിട്ടുണ്ട്. ഇങ്ങനെ ലഭ്യമാകുന്ന അധിക വൈദ്യുതി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുന്നതിന് കേരളത്തിൽ നിലവിലുള്ള വൈദ്യുതി പ്രസരണ ശൃംഖല അപര്യാപ്തമാണ്. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ പ്രസരണ ശേഷി മെച്ചപ്പെടുത്തുന്നതിനും ശൃംഖല നവീകരിക്കുന്നതിനും കൂടി ലക്ഷ്യമിട്ടുകൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഒരു ദീർഘകാല പ്രസരണ പദ്ധതിയായ Trans Grid 2.0 -ന് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഈ പദ്ധതിയിൽ പ്രധാനമായും നിലവിലുള്ള ചില സബ് സ്റ്റേഷനുകളേയും ചില ലൈനുകളേയും ഉയർന്ന പ്രസരണ വോൾട്ടേജിലേയ്ക്ക് ഉയർത്തൽ, പ്രസരണ ശൃംഖലയുടെ ബലപ്പെടുത്തൽ, പ്രസരണ ശേഷി വർദ്ധിപ്പിക്കൽ, പുതിയ HV സബ് സ്റ്റേഷനുകളുടെ നിർമ്മാണം, അനുബന്ധ ലൈനുകൾ എന്നിവ ഉൾപ്പെടുന്നു. കൂടാതെ പുതിയ ലൈനുകളുടേയും സബ് സ്റ്റേഷനുകളുടേയും നിർമ്മാണത്തിലൂടെ നിലവിലുള്ള പ്രസരണ ശൃംഖലയിൽ വരുന്ന അനുബന്ധ ജോലികളും പ്രസരണശൃംഖലയും വിതരണ ശൃംഖലയും ഏകോപിപ്പിക്കുന്ന ജോലികളും ഉൾപ്പെടുന്നു.

പുനരുല്പാദന സ്രോതസ്സുകളിൽ നിന്നും വലിയ തോതിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ പ്രസരണം ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച പ്രസരണ ശൃംഖല നിർമ്മാണവും മറ്റും ഉൾപ്പെടുത്തിയ ഹരിതോർജ്ജ ഇടനാഴി പദ്ധതിയും ട്രാൻസ്

ഗ്രിഡ് 2.0-ൽ ഉൾപ്പെടുന്നു.

(ബി) ഉണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾക്ക് കിഫ്ബി വഴി സഹായം അഭ്യർത്ഥിച്ചിരുന്നു. കിഫ്ബി ആകെ 5200 കോടി രൂപയുടെ സഹായം നിബന്ധനകൾക്ക് വിധേയമായി നൽകാനുള്ള ധാരണയായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ആവിഷ്കാരത്തിലൂടെ പ്രസരണ മേഖലയിലെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് സാധിക്കും.

(ഡി) പ്രസ്തുത പദ്ധതിയുടെ (Trans Grid 2.0) പൂർത്തീകരണത്തിലൂടെ താഴെപ്പറയുന്ന നേട്ടങ്ങളാണ് സംസ്ഥാനത്തിന് ലഭ്യമാകുന്നത്:

1. പ്രസരണ ഇടനാഴിയിലെ Congestion ഒഴിവാകും.
2. പ്രസരണ നഷ്ടം കുറയുന്നതുമൂലമുള്ള സാമ്പത്തിക നേട്ടം.
3. വൈദ്യുതി തടസ്സം ഗണ്യമായി കുറയും.
4. കൃത്യമായ വോൾട്ടതയിൽ വൈദ്യുതി സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും പ്രത്യേകിച്ച് ഉത്തര കേരളത്തിൽ ലഭ്യമാകും.
5. പദ്ധതി കാലയളവിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.
6. ബൃഹത്തായ പദ്ധതിയാണെങ്കിലും പ്രസരണ നഷ്ടം കുറയുകയും വൈദ്യുതി തടസ്സം ഒഴിവാക്കുകയും ചെയ്യുന്നതിനാൽ ഉപഭോക്താവിന്റെ സാമ്പത്തിക ബാധ്യത കുറവായിരിക്കും.
7. വൈദ്യുതി തടസ്സം കുറയുന്നതിനാൽ സംസ്ഥാനത്തെ വാണിജ്യ-വ്യാവസായിക പുരോഗതിക്ക് ആക്കം കൂട്ടും.
8. വൈദ്യുതി കാര്യക്ഷമമായി എത്തിക്കുന്നതിനാൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ 24X7 എല്ലാവർക്കും വൈദ്യുതി എന്ന പദ്ധതിയുടെ സാക്ഷാത്കാരത്തിനും ഇതുവഴി സാധിക്കും.
9. ഇതുവഴി ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടും.

**വൈദ്യുതി ഭവനിൽ അഞ്ച് വർഷത്തിലേറെയായി സ്ഥലംമാറ്റമില്ലാത്ത ജീവനക്കാർ**

172 (1936) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഭവനിൽ അഞ്ച് വർഷത്തിലേറെയായി സ്ഥലംമാറ്റമില്ലാതെ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണ്;

(ബി) ഇങ്ങനെ സ്ഥലംമാറ്റമില്ലാതെ തുടർച്ചയായി തുടരാൻ അനുവദിക്കുന്നതിന്റെ മാനദണ്ഡം വിശദീകരിക്കാമോ;

(സി) ഈ ജീവനക്കാരെ പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) 870 ജീവനക്കാർ

(ബി) ഓഫീസർമാരേയും വർക്ക്മെൻ വിഭാഗത്തിൽ വരുന്ന ജീവനക്കാരെയും അതാത് വിഭാഗത്തിന് ബാധകമായ സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് പൊതു സ്ഥലംമാറ്റം നടത്തുന്നത്. ഓരോ വർഷവും പൊതു സ്ഥലംമാറ്റത്തിനായി വരുന്ന അപേക്ഷകൾ പരിഗണിച്ച് സ്റ്റേഷനിലെ സീനിയറായ ജീവനക്കാരെയാണ് ആവശ്യാനുസരണം സ്ഥലം മാറ്റുന്നത്.

വൈദ്യുതി ഭവനിൽത്തന്നെ വിവിധ ഭാഗങ്ങളിൽ 100-ൽപരം സെക്ഷനുകളും ഓഫീസുകളുമുണ്ട്. മുകളിൽ സൂചിപ്പിച്ച ഉദ്യോഗസ്ഥർ വൈദ്യുതി ഭവനിൽ തുടർച്ചയായി 5 വർഷത്തിലേറെക്കാലമായി ജോലി ചെയ്യുന്നുണ്ടെങ്കിലും ഇന്റേണൽ അറേഞ്ച്മെന്റിൽ കൂടി വൈദ്യുതി ഭവൻ വിവിധ ഓഫീസുകളിലേയ്ക്ക് സ്ഥലം മാറ്റപ്പെടാറുണ്ട്.

(സി) ജീവനക്കാരെ പൊതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം മാറ്റുന്നത്.

**വൈദ്യുതി നിരക്ക് വർദ്ധനവിൽ നിന്ന് ഒഴിവാക്കിയിട്ടുള്ള വിഭാഗങ്ങൾ**

173 (1937) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ച് റെഗുലേറ്ററി കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ നിരക്ക് വർദ്ധനയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ നിരക്ക് വർദ്ധനവിലൂടെ വൈദ്യുതി ബോർഡിന് പ്രതിവർഷം എത്ര കോടി രൂപ അധിക വരുമാനം ലഭിക്കും;

(സി) നിരക്ക് വർദ്ധനവിൽ നിന്ന് ഏതെങ്കിലും വിഭാഗങ്ങളെ വൈദ്യുതി ബോർഡ് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇതിന് മുമ്പ് ഏത് വർഷമാണ് സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവിറക്കിയത്?

ഉത്തരം

(എ) ഉത്തരവിറക്കിയിട്ടുണ്ട്.

താരിഫ് പരിഷ്കരണത്തിലൂടെ ഗാർഹിക വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 3.5% മുതൽ 10% വരെ വർദ്ധനവും വ്യാവസായിക ഉപഭോക്താക്കളുടെ താരിഫിൽ 3.45% മുതൽ 5.75% വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ പ്രതിമാസം 250 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന 97% ഗാർഹിക ഉപഭോക്താക്കൾക്കും 5 ശതമാനത്തിൽ താഴെ മാത്രമേ വർദ്ധനവ് വരുത്തിയിട്ടുള്ളൂ.

(ബി) നിരക്ക് വർദ്ധനവിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് 2017-18 ലേയ്ക്ക് 550 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നാണ് കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്.

(സി) നിരക്ക് വർദ്ധനവിൽ നിന്നും താഴെപ്പറയുന്ന വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.

i. താൽക്കാലിക കണക്ഷനുകൾ

ii. കാർഷിക വിഭാഗം ഉപഭോക്താക്കൾ

iii. സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

iv. ഗവൺമെന്റ് ആശുപത്രികളും അവയോടനുബന്ധിച്ച് ആരോഗ്യ മേഖലയിലുള്ള സ്ഥാപനങ്ങളും

v. ആരാധനാലയങ്ങളും മതപഠന കേന്ദ്രങ്ങളും ആശ്രമങ്ങളും കോൺവെന്റുകളും

vi. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീഴിലുള്ള ഓഫീസുകളും സ്ഥാപനങ്ങളും

vii. വാട്ടർ അതോറിറ്റി, കെ.എസ്.ആർ.ടി.സി. എന്നിവയുടെ ഓഫീസുകൾ

viii. വക്കീലന്മാർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ മുതലായവരുടെ ഓഫീസുകൾ

ix. പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ഓഫീസുകളും പോസ്റ്റ്

ഓഫീസുകളും

x. ബാങ്കുകൾ, റെയിൽവേ സ്റ്റേഷനുകൾ, എ.ടി.എം. കൗണ്ടറുകൾ

xi. അനാഥാലയങ്ങൾ, അംഗനവാടികൾ, വൃദ്ധസദനങ്ങൾ, വായനശാലകൾ, പൊതുശൗചാലയങ്ങൾ, ഇ-ടോയ്‌ലറ്റ്സ്

xii. ലൈബ്രറികളും റീഡിംഗ് റൂമുകളും

xiii. കേബിൾ ടി.വി. സ്ഥാപനങ്ങൾ, ദൂരദർശൻ/ആകാശവാണിയുടെ ഓഫീസുകൾ, ഇൻഷ്വറൻസ് കമ്പനികൾ

xiv. നിർമ്മാണ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ ട്രെയിനിംഗ് സ്ഥാപനങ്ങൾ

xv. എല്ലാത്തരം കച്ചവട സ്ഥാപനങ്ങൾ (100 യൂണിറ്റ് വരെ പ്രതിമാസം ഉപഭോഗമുള്ള ചെറുകിട കച്ചവടക്കാർ ഒഴികെ)

xvi. സിനിമ തിയേറ്ററുകൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ (2000 വാട്ട്സിനുമുകളിൽ കണക്റ്റഡ് ലോഡുള്ളവ)

xvii. റെയിൽവേ സ്റ്റേഷനുകൾ

xviii. ഹൈടെൻഷൻ വിഭാഗത്തിലുള്ള ഗാർഹിക ഉപഭോക്താക്കൾ

കൂടാതെ താഴെപ്പറയുന്ന ഉപഭോക്താക്കളുടെ താരിഫിൽ കുറവ് വരുത്തിയിട്ടുണ്ട്.

i. ചെറുകിട കുടിവെള്ള പദ്ധതികൾ
ii. ഹൈ ടെൻഷൻ/എക്സ്ട്രാ ഹൈ ടെൻഷൻ ഉപഭോക്താക്കളുടെ കോളനികൾ
iii. നാണ്യവിളകൾ
iv. ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ
v. ആരോഗ്യ മേഖലയിലുള്ള സ്വകാര്യ സ്ഥാപനങ്ങൾ
vi. കോൾ സെന്ററുകൾ

കൂടാതെ പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ആദ്യത്തെ 40 യൂണിറ്റിന് 35 പൈസ നിരക്കിലും തുടർന്നുള്ള 80 യൂണിറ്റിന് (41 മുതൽ 120 യൂണിറ്റ് വരെ) 50 പൈസ നിരക്കിലും നൽകി വന്നുകൊണ്ടിരിക്കുന്ന സബ്സിഡി തുടരുന്നു. കൂടാതെ കാർഷിക വിഭാഗം ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ ഗവൺമെന്റ്

സബ്സിഡി നൽകിവരുന്നു. ഇതിനുപുറമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ള, 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കൾക്ക് 1.50 രൂപ നിരക്കിൽ വൈദ്യുതി നൽകി വരുന്നു. 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ളതും പ്രതിമാസം 20 യൂണിറ്റ് വരെ ഉപഭോഗമുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായി നൽകിവരുന്നു. കാസർഗോഡ്, ഹോസ്ദുർഗ് എന്നീ താലൂക്കുകളിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രതിമാസം 150 യൂണിറ്റ് വരെ താരതമ്യേന കുറഞ്ഞ നിരക്കായ 1.50 രൂപാ നിരക്കിൽ നൽകാൻ റഗുലേറ്ററി കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ട്.

(ഡി) ഇതിനുമുമ്പ് റഗുലേറ്ററി കമ്മീഷന്റെ 14-8-2014 ലെ ഉത്തരവുപ്രകാരം 16-8-2014 മുതൽ സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും വൈദ്യുതി ചാർജ്ജ് പുതുക്കി ഉത്തരവിറക്കിയിരുന്നു.

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ബോർഡ് വിവേചനം കാട്ടുന്നുവെന്ന ആരോപണം

174 (1938) ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ബോർഡ് വിവേചനം കാട്ടുന്നുവെന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നാളിതുവരെ വൈദ്യുതി കുടിശ്ശികയിനത്തിൽ എന്ത് തുക ബോർഡിന് പിരിഞ്ഞ് കിട്ടുവാനുണ്ട്;അതിൽ 10 ലക്ഷത്തിലധികം കുടിശ്ശികയുള്ളവർ ആരെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്ത് കുടിശ്ശിക പിരിച്ചെടുത്തുവെന്നും അതിൽ റവന്യൂ റിക്കവറി നടപടികളിലൂടെ പിരിച്ചെടുത്ത തുകയെത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 31-3-2017 ത്രൈമാസ കണക്കുപ്രകാരം ബോർഡിന് കുടിശ്ശിക ഇനത്തിൽ 2121.68 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഇതിൽ 10

ലക്ഷത്തിലധികം കുടിശ്ശികയുള്ള ഉപഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ 1,45,83,37,851 രൂപയും റവന്യൂ റിക്കവറി നടപടികളിലൂടെ 4,11,47,730 രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

**വൈദ്യുതി ബോർഡ് കമ്പനിയാക്കി മാറ്റിയ ശേഷമുണ്ടായ നേട്ടവും കോട്ടവും**

175 (1939) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് കമ്പനിയാക്കി മാറ്റിയ ശേഷമുണ്ടായ സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങളും കോട്ടങ്ങളും വിശദീകരിക്കാമോ; വൈദ്യുതി ബോർഡിന് സ്ഥിരമായി കമ്പനി സെക്രട്ടറിയുണ്ടോ; ഉണ്ടെങ്കിൽ നിയമനരീതികൾ വിശദീകരിക്കാമോ;

(ബി) വൈദ്യുതി ബോർഡ് കമ്പനിയാക്കി മാറ്റിയ ശേഷം അതിന്റെ മാനേജ്മെന്റ് ഘടനയിൽ എന്തെല്ലാം മാറ്റംവരുത്തി എന്ന് വ്യക്തമാക്കാമോ; ഈ മാറ്റം ഗുണകരമായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ;

(സി) പരമ്പരാഗത ഊർജ്ജ സ്രോതസുകളിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് ഇന്നുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉൽപ്പാദന പ്രസരണ വിതരണ മേഖലകളെ ഒരു കുടക്കീഴിലാക്കി സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ ഒരൊറ്റ കമ്പനിയായിട്ടാണ് വൈദ്യുതി ബോർഡിനെ പുനഃസംഘടിപ്പിച്ചത്. കമ്പനിവൽക്കരണംമൂലം പ്രവർത്തന ക്ഷമതയിൽ പ്രത്യേകിച്ച് ഗുണമൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കമ്പനി വൽക്കരിക്കാതിരുന്നാൽ നഷ്ടമാകുമായിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും മറ്റാനുകൂല്യങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് കമ്പനിവൽക്കരണം

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സഹായകരമായിട്ടുണ്ട്. ഇതുമുഖേന മെച്ചപ്പെട്ട സേവനം ജനങ്ങളിൽ എത്തിക്കുന്നതിന് സാധ്യമായിട്ടുണ്ട്. ഇൻകംടാക്സ്, സർവ്വീസ് ടാക്സ് തുടങ്ങിയവയിൽ ബോർഡ് സർക്കാരിന്റെ ഭാഗമായിരുന്നപ്പോൾ അനുവദിക്കപ്പെട്ട ഇളവുകളും ആനുകൂല്യങ്ങളും കമ്പനിയായി പുനഃസംഘടിപ്പിച്ചപ്പോൾ നഷ്ടപ്പെട്ടു. കെ.എസ്.ഇ.ബി.എൽ.-ൽ ഒരു കമ്പനി സെക്രട്ടറിയുടെയും അസിസ്റ്റന്റ് കമ്പനി സെക്രട്ടറിയുടെയും തസ്തിക വീതം അനുവദിച്ചിട്ടുണ്ട്. കമ്പനി സെക്രട്ടറിയുടെ നിയമനരീതി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ചുവടെ വിവരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണ്.

1. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറി ഓഫ് ഇന്ത്യ (ICSI)യുടെ ഫെലോ ആയിരിക്കണം. നിയമബിരുദം അഭികാമ്യം.

2. യോഗ്യത നേടിയതിനുശേഷം കമ്പനിയിൽ 10 വർഷം ജോലിപരിചയം വേണം. അതിൽ 5 വർഷം 100 കോടി രൂപയുടെ അംഗീകൃത മൂലധനമുള്ള കമ്പനിയിലായിരിക്കുകയും വേണം.

3. ഊർജ്ജ മേഖലയിലെ ജോലി പരിചയം അധിക യോഗ്യതയായിരിക്കും.

4. നിയമന സമയത്ത് പ്രായം 50 വയസ്സ് കവിയാൻ പാടില്ല.

5. ശമ്പള സ്കെയിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടേതിന് സമാനമായിരിക്കും.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന കമ്പനി സെക്രട്ടറിയെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി ബോർഡിനെ കമ്പനിവൽക്കരിക്കുന്നതിനുമുമ്പ് ചെയർമാൻ, ഫുൾടൈം മെമ്പർമാർ, ഒരു നോൺ ഒഫിഷ്യോ മെമ്പർ, സംസ്ഥാന സർക്കാരിലെ ധനകാര്യ-ഊർജ്ജ വകുപ്പ് സെക്രട്ടറിമാർ എന്നിവരടങ്ങിയതായിരുന്നു മാനേജ്മെന്റ് ഘടന. ബോർഡിനെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന പേരിൽ കമ്പനിയായി രജിസ്റ്റർ ചെയ്തതിനെ തുടർന്ന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ഫുൾടൈം ഡയറക്ടർമാർ, ഒരു നോൺ ഒഫിഷ്യോ ഡയറക്ടർ, സർക്കാരിലെ ധനകാര്യ-ഊർജ്ജ വകുപ്പുകളിലെ സെക്രട്ടറിമാർ എന്നിവരടങ്ങിയ ഡയറക്ടർ ബോർഡ് ആയി മാനേജ്മെന്റ് ഘടന മാറി. കമ്പനീസ് ആക്ട് 1956-ന് പകരം കേന്ദ്ര സർക്കാർ കമ്പനീസ് ആക്ട് 2013 നടപ്പിലാക്കിയതിനെ തുടർന്ന് സെക്ഷൻ 149(6) പ്രകാരം ആക്ടിൽ വ്യവസ്ഥ ചെയ്യുന്ന വിധത്തിൽ ഇൻഡിപെൻഡന്റ് ഡയറക്ടറെ നിയമിക്കുകയും ചെയർമാൻ

& മാനേജിംഗ് ഡയറക്ടർ, ഫുൾടൈം ഡയറക്ടർമാർ, ഇൻഡിപെൻഡന്റ് ഡയറക്ടർ, സർക്കാർ ധനകാര്യ-ഊർജ്ജ വകുപ്പിലെ സെക്രട്ടറിമാർ എന്നിവരടങ്ങിയ നിലവിലെ മാനേജ്മെന്റ് ഘടന രൂപവൽക്കരിക്കുകയുണ്ടായി. ഇൻഡിപെൻഡന്റ് ഡയറക്ടറെ നിയമിച്ചതിന് പുറമേ പുതിയ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ആഡിറ്റ് കമ്മിറ്റി (സെക്ഷൻ 177) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി കമ്മിറ്റി (സെക്ഷൻ 131) എന്നീ കമ്മിറ്റികൾ രൂപവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിന് ഏറെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം സഹായകരമാണ്.

(സി) ഖനിജ ഇന്ധനങ്ങൾ, 25 മെഗാവാട്ടിന് മുകളിൽ ഉത്പാദന ശേഷിയുള്ള ജലസംഭരണികൾ ഇവയെ ആശ്രയിച്ച് പ്രവർത്തിക്കുന്ന വൈദ്യുതി പദ്ധതികളെ പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളായി പരിഗണിക്കുന്നു.

ജലശേഷി മാത്രമാണ് സംസ്ഥാനത്ത് സ്വാഭാവികമായി ലഭ്യമാകുന്ന പരമ്പരാഗത വൈദ്യുതോത്പാദന സ്രോതസ്സ്. 25 മെഗാവാട്ടിന് മുകളിലുള്ള പദ്ധതികളുടെ സംസ്ഥാനത്തെ മൊത്തം ശേഷി 1914 മെഗാവാട്ടാണ്.

പ്രകൃതി വാതകം ഉപയോഗിച്ചുള്ള ബ്രഹ്മപുരം (1050 മെഗാവാട്ട്), പുതുവൈപ്പിൻ (1200 മെഗാവാട്ട്), ചീമേനി (1050-1200 മെഗാവാട്ട്) തുടങ്ങിയ പദ്ധതികൾ പരിഗണനയിലുണ്ടായിരുന്നെങ്കിലും വാതക വിലയിലെ സന്നിഗ്ധത കാരണം മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല.

ബൈതരണി കൽക്കരിപ്പാടം അനുവദിച്ചതിനെത്തുടർന്ന് ചീമേനിയിൽ ഒരു കൽക്കരി നിലയം സ്ഥാപിക്കുവാൻ തീരുമാനമുണ്ടായെങ്കിലും പ്രാദേശിക എതിർപ്പിനെത്തുടർന്ന് പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല.

പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളിലൊന്നായ ജലവൈദ്യുത പദ്ധതികൾ (ചെറുകിട/വൻകിട/പമ്പ്/ഓഗ്മെന്റേഷൻ/ കപ്പാസിറ്റി അഡിഷൻ) കണ്ടെത്തുകയും അവയുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ സർവ്വേയും മറ്റ് അനുബന്ധ ജോലികളും നടന്നുവരുന്നു.

### വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ പ്രശ്നങ്ങൾ

176 (1940) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് അതത് മണ്ഡലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വൈദ്യുതി മന്ത്രി വിളിച്ചു ചേർത്ത എം.എൽ.എ. മാരുടെ യോഗത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നും ഉന്നയിക്കപ്പെട്ട

വിഷയങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചു തുടങ്ങിയോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി മന്ത്രി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ അവലോകനയോഗം നടത്തിയിരുന്നു. ആലത്തൂർ നിയോജകമണ്ഡലത്തെ സംബന്ധിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷൻ നൽകാനുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ, പദ്ധതിക്കായുള്ള ഫണ്ട് കണ്ടെത്തുവാനും വയറിംഗ് പൂർത്തിയാക്കാൻ പ്രാപ്തിയില്ലാത്ത വീടുകൾ വയർ ചെയ്യുന്നതിനുമായുള്ള മാർഗ്ഗങ്ങൾ എന്നീ വിഷയങ്ങളാണ് പ്രസ്തുത യോഗത്തിൽ ഉന്നയിക്കപ്പെട്ടത്.

(ബി) പദ്ധതിയിൽ അപേക്ഷ സമർപ്പിച്ച 1306 ഗുണഭോക്താക്കളിൽ 1304 പേർക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന 2 വീടുകൾ വൈദ്യുതീകരിക്കുന്നതിന് Property Crossing Objection-നുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽനിന്നും അനുമതി ലഭിക്കേണ്ടതുണ്ട്. അനുമതി ലഭിച്ച് ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ പ്രസ്തുത കണക്ഷനുകളും നൽകി മണ്ഡലത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്.

**സംസ്ഥാനം ഉത്പാദിപ്പിക്കുന്നതും പുറത്തുനിന്നും വാങ്ങുന്നതുമായ വൈദ്യുതി**

177 (1941) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനം ഉത്പാദിപ്പിക്കുന്നതും പുറത്തു നിന്ന് വാങ്ങുന്നതുമായ വൈദ്യുതിയുടെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ കണക്കുകൾ നല്കാമോ; വൈദ്യുതി ഉപഭോഗം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജലവൈദ്യുതിക്കുപുറമേ മറ്റ് രീതിയിൽ വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്ന വൈദ്യുതി ഉപഭോഗവും മാറ്റമില്ലാതെ തുടരുന്ന ഉത്പാദനവും തമ്മിലുള്ള അന്തരം എങ്ങനെ നികത്താനാണു ഉദ്ദേശിക്കുന്നത്?

ഉത്തരം

സംസ്ഥാനം ഉത്പാദിപ്പിക്കുന്നതും പുറത്തുനിന്നും വാങ്ങുന്നതുമായ വൈദ്യുതിയുടെ കഴിഞ്ഞ അഞ്ചുവർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു:

| | 2012-13 (ദ.ശ.യൂ.) | 2013-14 (ദ.ശ.യൂ.) | 2014-15 (ദ.ശ.യൂ.) | 2015-16 (ദ.ശ.യൂ.) | 2016-17 (ദ.ശ.യൂ.) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനത്തെ ഉല്പാദനം | 7161.63 | 9716.97 | 8514.04 | 7191.33 | 4619.25 |
| പുറത്തുനിന്നും കൊണ്ടുവരുന്ന വൈദ്യുതി | 12756.37 | 10946.31 | 13173.90 | 15424.01 | 18862.53 |
| ഉപഭോഗം | 19918.11 | 20680.61 | 21698.30 | 22765.90 | 23819.19 |

ജലവൈദ്യുതിക്ക് പുറമേ കാറ്റിൽ നിന്നും സൗരോർജ്ജത്തിൽ നിന്നും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടികൾ എടുത്തുവരുന്നു. സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന ഉപഭോഗത്തിനാവശ്യമായ വൈദ്യുതി സംസ്ഥാനത്തെ ഉല്പാദനം കൊണ്ട് മാത്രം മതിയാവില്ല. ഈ കുറവ് നികത്തുന്നതിനായി പുറമേ നിന്ന് കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. സംസ്ഥാനത്തിന് പുറത്തുനിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകുന്നതിനാൽ സംസ്ഥാനത്തിനുള്ളിലുള്ള താപനിലയങ്ങളിലെ വില കൂടിയ വൈദ്യുതി ഉല്പാദിപ്പിക്കുന്നില്ല. പുറമേ നിന്ന് കൂടുതൽ വൈദ്യുതി കൊണ്ടുവരാൻ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കാനും മുടങ്ങിക്കിടക്കുന്ന അന്തർസംസ്ഥാന ലൈനുകളുടെ നിർമ്മാണം ത്വരിതപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈപ്പിൻ സമ്പൂർണ്ണ വൈദ്യുതീകൃത മണ്ഡലമായി പ്രഖ്യാപിക്കുന്നതിന് ചെലവഴിച്ച തുക

178 (1942) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകൃത മണ്ഡലമായി പ്രഖ്യാപിക്കുന്നതിനായി എത്ര വൈദ്യുതി കണക്ഷനുകളാണ് പുതുതായി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലേയ്ക്ക് ആകെ എത്ര തുകയാണ് ചെലവിട്ടതെന്നും, ഇതിനായി ഏതെല്ലാം ഫണ്ടുകൾ വിനിയോഗിച്ചുവെന്നും വിശദമാക്കാമോ;

(സി) മൊത്തമായി വയറിംഗ് ചെയ്യാൻ നിവൃത്തിയില്ലാത്ത എത്ര ഗുണഭോക്താക്കൾക്ക് സ്പോൺസർഷിപ്പ് മുഖാന്തരം വയറിംഗ് ജോലികൾ പൂർത്തിയാക്കിയെന്ന് വിശദമാക്കാമോ; ഇതിനായി ഏതെല്ലാം ഏജൻസികളിൽ നിന്നും എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 28-4-2017-ലെ കണക്കനുസരിച്ച് വൈപ്പിൻ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 476 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) പദ്ധതിക്കായി വൈപ്പിൻ മണ്ഡലത്തിൽ 28-4-2017 വരെ 29,91,519 രൂപ ചെലവഴിച്ചിട്ടുണ്ട്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്, കെ.എസ്.ഇ.ബി.-യുടെ വിഹിതം മുതലായ ഫണ്ടുകൾ വിനിയോഗിച്ചിട്ടുണ്ട്.

(സി) സ്വന്തമായി വയറിംഗ് ചെയ്യാൻ പ്രാപ്തിയില്ലാത്ത 16 വീടുകൾക്ക് സ്പോൺസർഷിപ്പ് മുഖാന്തരം വയറിംഗ് ചെയ്ത് നൽകിയിട്ടുണ്ട്. ഇതിൽ നോയൽ ബിൽഡേഴ്സ് എന്ന സ്ഥാപനം തങ്ങളുടെ CSR ഫണ്ടിൽ നിന്നും 10 വീടുകൾ വയറിംഗ് ചെയ്യുന്നതിനായി കെ.എസ്.ഇ.ബി.-യിൽ 50,000 രൂപ നിക്ഷേപിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. ജീവനക്കാരുടെ സംഘടനകളും മറ്റു സുമനസ്സുകളും ബാക്കിയുള്ള 6 വീടുകൾ വയറിംഗ് ചെയ്തുനൽകിയിട്ടുണ്ട്.

### കോതമംഗലം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

179 (1943) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി എന്നത്തേയ്ക്ക് പ്രഖ്യാപിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 27-4-2017-ലെ കണക്കുകൾ പ്രകാരം കോതമംഗലം നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ അപേക്ഷ നൽകിയ 655 ഗുണഭോക്താക്കളിൽ 607 വീടുകൾക്ക് വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ട്. 9 കി.മീ. 11 കെ.വി. ഭൂഗർഭ കേബിൾ, 2 ട്രാൻസ്ഫോർമർ, 5 കി.മീ എൽ.റ്റി. ലൈൻ ഉൾപ്പെടുന്ന പ്രവൃത്തികളുള്ള ഇടുക്കി കോളനിയെ വൈദ്യുതീകരിക്കുന്ന പ്രവൃത്തിയും ലൈൻ എത്തിക്കാൻ കഴിയാത്ത ഉൾപ്രദേശങ്ങളിൽ വികേന്ദ്രീകൃത വിതരണവും ഉത്പാദനവും (DDG) വഴി വൈദ്യുതി എത്തിക്കേണ്ട സ്ഥലങ്ങളിലെ വൈദ്യുതീകരണവുമാണ് ഇനി ബാക്കിയുള്ളത്.

വൈദ്യുത ലൈൻ എത്തിയിട്ടില്ലാത്ത ഉൾനാടൻ പ്രദേശങ്ങളിൽ സൗരവൈദ്യുത നിലയം സ്ഥാപിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിൽ വരുത്തുന്നതിലേയ്ക്കായി കോതമംഗലം മണ്ഡലത്തിൽ 176 വീടുകൾ വൈദ്യുതീകരിക്കേണ്ടതായുണ്ട്. ഇതിനുവേണ്ടി കരാർ അടിസ്ഥാനത്തിൽ

ജോലികൾ പുരോഗമിച്ചുവരുന്നു. 2017 മേയ് മാസം രണ്ടാം പകുതിയോടെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

**വൈപ്പിൻ മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസ്**

180 (1944) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനസാന്ദ്രതയേറിയ വൈപ്പിൻ മണ്ഡലത്തിൽ പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനായി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനഃക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് മുൻഗണന നൽകുന്നത്. പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**വൈദ്യുതി ബോർഡിന്റെ നഷ്ടം**

181 (1945) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൈദ്യുതി ബോർഡിന് വലിയ നഷ്ടം സംഭവിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ 2011-12, 2012-13 വർഷത്തെ കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലെ ബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ബാദ്ധ്യത പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കെ.എസ്.ഇ.ബി. 2012-13 സാമ്പത്തിക വർഷം വരെ കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന നിശ്ചിത ശതമാനം ലാഭം കണക്കുകളിൽ

കാണിക്കുന്നുണ്ട്. ഇപ്രകാരം ലാഭം കാണിക്കേണ്ടുന്ന തുകയിൽ വന്ന കുറവും നഷ്ടവും റവന്യൂ ഗ്യാപ്പ് അഥവാ റഗുലേറ്ററി അസറ്റായി വരവ് വച്ചിട്ടുണ്ട്. 2011-12, 2012-13 വർഷങ്ങളിലെ റവന്യൂ ഗ്യാപ്പ് ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | റവന്യൂ ഗ്യാപ്പ് / റഗുലേറ്ററി അസറ്റ് (തുക കോടിയിൽ) |
|---|---|
| 2011-12 | 1934.13 |
| 2012-13 | 3998.89 |

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കടബാധ്യതകൾ 31-3-2017 പ്രകാരം ചുവടെ ചേർക്കുന്നു:

| | (തുക കോടിയിൽ) |
|---|---|
| ഓവർഡ്രാഫ്റ്റ് | 666.19 |
| ഹ്രസ്വകാല വായ്പ | 2553.69 |
| ദീർഘകാല വായ്പ | 4523.00 |
| ആകെ | 7742.88 |

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ബാധ്യത പരിഹരിക്കുന്നതിനായി സാമ്പത്തിക വിഭാഗത്തിൽ ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടുവരുന്നു.

മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പയെടുക്കുന്നതാണ്. കേന്ദ്ര സർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച 'ഉദയ് പദ്ധതി' പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം 'AT & C loss'-ഉം 'റവന്യൂ ഗ്യാപ്പും' കുറയ്ക്കുന്നതിനും നടപടി എടുക്കുന്നതാണ്.

മിതമായ വിലയിൽ ഹ്രസ്വ-ദീർഘ കാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ ബാധ്യതകൾ പരിഹരിക്കുന്നതുമാണ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനിൽ, കെ.എസ്.ഇ.ബി. സമർപ്പിച്ചിട്ടുള്ള വരവുചെലവു കണക്കുകൾ അംഗീകരിക്കുന്നത് പ്രകാരം താരിഫ്

വർദ്ധനവ് നടപ്പിലാക്കുമ്പോൾ ബാധ്യതകൾ കുറയുന്നതാണ്.

കേരള സംസ്ഥാന വാട്ടർ അതോറിറ്റിയിൽനിന്നും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ട 1,300 കോടി രൂപ ലഭ്യമാകുമ്പോൾ ബോർഡിന്റെ സാമ്പത്തിക ബാധ്യത ഗണ്യമായി കുറയുന്നതാണ്.

**കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ട്**

182 (1946) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാരിന്റെയോ ബോർഡിന്റെയോ പരിഗണനയിലുണ്ടോ;

(ബി) കെ.എസ്.ഇ.ബി.-യുടെ ഏതെല്ലാം തസ്തികകളിലെ എത്ര ഒഴിവുകളിലാണ് നിയമനം നടത്തുന്നത് നിർത്തി വയ്ക്കാൻ ഈ റിപ്പോർട്ട് ശിപാർശ ചെയ്തിട്ടുള്ളത്; ഏതെല്ലാം തസ്തികകൾ വെട്ടിക്കുറയ്ക്കാനാണ് ശിപാർശയുള്ളത്;

(സി) ഈ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി. ഏതെങ്കിലും തരത്തിലുള്ള കൂടിയോലോചനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ സർക്കാർ ഈ വിഷയത്തിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) റിപ്പോർട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭ്യമായിട്ടുണ്ട്.

(ബി) റിപ്പോർട്ടിലെ ശിപാർശകളിൽ വിശദമായ പഠനത്തിനുശേഷം മറ്റു ചില കാര്യങ്ങൾ കൂടി പഠനവിധേയമാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ഐ.ഐ.എം. കോഴിക്കോട്-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൂടി ലഭ്യമായതിനുശേഷം മാത്രമേ ഏതെല്ലാം തസ്തികകളിൽ നിയമനങ്ങൾ നടത്തണമെന്നും ഏതെല്ലാം ഒഴിവാക്കണമെന്നുമുള്ള കാര്യങ്ങളിൽ നടപടികൾ കൈക്കൊള്ളുകയുള്ളൂ.

(സി) ഇല്ല.

**കാസർഗോഡ് ജില്ലയിലെ വൈദ്യുതി സെക്ഷൻ ഓഫീസുകൾ**

183 (1947) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ ഓഫീസിനും അനുവദിച്ച തസ്തികകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും ഓഫീസിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണെങ്കിൽ എത്ര കാലമായി ഒഴിവുകൾ തുടരുന്നു എന്നും എപ്പോൾ നികത്തപ്പെടും എന്നും വ്യക്തമാക്കാമോ;

(ഡി) ഈ ഓഫീസുകളിൽ അനുവദിക്കപ്പെട്ട വാഹനങ്ങളുടെ കണക്ക് വ്യക്തമാക്കാമോ;

(ഇ) ഏതെങ്കിലും ഓഫീസിൽ വാഹനത്തിന്റെ കുറവ് കാരണം പ്രവർത്തനതടസ്സമുണ്ടായിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ 30 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ ഉണ്ട്. അവ താഴെ പറയുന്നവയാണ്:

1. കാസർഗോഡ്

2. നെല്ലിക്കുന്ന്

3. കുമ്പള

4. ചേർക്കള

5. ബദിയടുക്ക

6. മുള്ളേറിയ

7. പെർള

8. ചട്ടൻചാൽ

9. ഉപ്പള

10. പൈവളിഗ

11. മഞ്ചേശ്വരം

12. വോർക്കാടി

13. ഉദുമ
14. കുറ്റിക്കോൽ
15. കാഞ്ഞങ്ങാട്
16. ചിറ്റാരി
17. മാവുങ്കൽ
18. രാജപുരം
19. ബളാംതോട
20. പെരിയ ബസാർ
21. നീലേശ്വരം
22. നല്ലോമ്പുഴ
23. ഭിമനടി
24. ചോയംകോട്
25. പിലികോട്
26. തൃക്കരിപ്പൂർ
27. കയ്യൂർ
28. പടന്ന
29. പടന്നക്കാട്
30. സീതാംഗോളി

(ബി&സി) അനുവദിച്ച തസ്തികകളുടെയും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+. ഒഴിവുള്ള തസ്തികകൾ പ്രൊമോഷൻ നിയമനം, സ്ഥലംമാറ്റ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ ഓഫീസുകളിൽ ഓരോ വാഹനങ്ങളാണ് അനുവദിച്ചിട്ടുള്ളത്.

(ഇ) തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാസർഗോഡ് ജില്ലയ്ക്ക് ആവശ്യമായ വൈദ്യുതി ലൈനുകൾ**

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

184 (1948) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയ്ക്ക് ആവശ്യമായ വൈദ്യുതി തൂണുകൾ എവിടെനിന്നാണ് കൊണ്ടുവരുന്നത്;

(ബി) പ്രസ്തുത തൂണുകൾ വൈദ്യുതി വകുപ്പ് നേരിട്ട് നിർമ്മിക്കുന്നതാണോ അതോ ഏതെങ്കിലും കമ്പനികൾക്ക് കരാർ നല്കുകയാണോ; വ്യക്തമാക്കുമോ ;

(സി) ഒരു വർഷം കാസർഗോഡ് ജില്ലയിൽ എത്ര വൈദ്യുതി തൂണുകൾ ആവശ്യമുണ്ടെന്നും ഇതിന് ആവശ്യമായ തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്രയും തൂണുകൾ സ്വന്തമായി നിർമ്മിക്കുന്നതാണോ കരാർ നൽകുന്നതാണോ ലാഭകരം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) മംഗലാപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ജ്യോതി കൺസ്ട്രക്ഷൻ കമ്പനിയുടെ മഞ്ചേശ്വരം യാർഡിൽനിന്നും കൂടാതെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾക്കുവേണ്ടി ജ്യോതി കൺസ്ട്രക്ഷൻ കമ്പനിയുടെ ഗുണ്ടൽ പേട്ട് യാർഡിൽ നിന്നും കാസർഗോഡ് ജില്ലയിൽ പോസ്റ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ഒരു വർഷം ഏകദേശം 10200 എട്ട് മീറ്റർ പോസ്റ്റുകളുടെയും 2400 ഒൻപത് മീറ്റർ പോസ്റ്റുകളുടെയും ആവശ്യകത ഉണ്ട്. ഇതിനായി ഉദ്ദേശം 3.401 കോടി രൂപ പ്രതീക്ഷിക്കുന്നു. വൈദ്യുതി വകുപ്പിന് ആവശ്യമായ തൂണുകൾ സ്വന്തമായി നിർമ്മിക്കുന്നില്ല. വൈദ്യുതി വകുപ്പിന് സ്വന്തമായി യാർഡിന്റെ സ്ഥലം മാത്രമേയുള്ളൂ. നിർമ്മാണം ടെണ്ടർ മുഖേന കരാർ നൽകുകയാണ് ചെയ്യുന്നത്.

**കുറ്റ്യാടി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

185 (1949) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) കുറ്റ്യാടി മണ്ഡലത്തെ എന്നത്തേയ്ക്ക് സമ്പൂർണ്ണ വൈദ്യുതീകൃത മണ്ഡലമായി പ്രഖ്യാപിക്കാൻ കഴിയും;

(സി) പദ്ധതിക്കായി ഇതിനോടകം എത്ര തുക വിനിയോഗിച്ചു;

(ഡി) ഈ തുക ഏതൊക്കെ ഇനങ്ങളിൽ നിന്ന് ലഭ്യമായതാണ്;

(ഇ) മണ്ഡലത്തിലെ എത്ര വീടുകൾ പുതുതായി വൈദ്യുതീകരിച്ചു; പഞ്ചായത്ത്തല കണക്ക് ലഭ്യമാക്കുമോ;

(എഫ്) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ നടന്ന പ്രധാന പ്രവൃത്തികൾ എന്തൊക്കെ;വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ & ബി) 28-4-2017-ലെ കണക്കനുസരിച്ച് കുറ്റ്യാടി നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിച്ച 1038 ഉണഭോക്താക്കളിൽ 1037 പേർക്കും വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന ഒരു വീട് വൈദ്യുതീകരിക്കുന്നതിന് Property Crossing Objection-നുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽനിന്നും അനുമതി ലഭിച്ചാൽ ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ പ്രസ്തുത കണക്ഷനും നൽകി മണ്ഡലത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്.

(സി) പ്രാഥമിക കണക്കുകൾ പ്രകാരം പദ്ധതിക്കായി കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഒരു കോടി പതിനഞ്ച് ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ഡി) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, കെ.എസ്.ഇ.ബി.-യുടെ വിഹിതം, DDUGJY പദ്ധതി വിഹിതം എന്നീ ഇനങ്ങളിൽ നിന്നാണ് തുക ലഭ്യമായത്.

(ഇ) കുറ്റ്യാടി മണ്ഡലത്തിലെ വൈദ്യുതീകരിച്ച 1037 വീടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | നൽകിയ വൈദ്യുതി കണക്ഷനുകൾ |
|---|---|---|
| 1 | ആയഞ്ചേരി | 91 |
| 2 | പുറമേരി | 95 |
| 3 | തിരുവള്ളൂർ | 163 |
| 4 | വേളം | 158 |
| 5 | കുന്നമ്മൽ | 66 |
| 6 | കുറ്റ്യാടി | 54 |
| 7 | മണിയൂർ | 301 |
| 8 | വില്ല്യാപ്പള്ളി | 109 |
| | ആകെ | 1037 |

(എഫ്) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽപ്പെടുത്തി 24 കി.മീ.

വൈദ്യുത ലൈൻ നിർമ്മിച്ച് 24 അംഗനവാടികൾ ഉൾപ്പെടെ 1037 വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്. കൂടാതെ വയറിംഗ് ചെയ്യാൻ പ്രാപ്തിയില്ലാത്ത ഇരുപതോളം വീടുകൾക്ക് കെ.എസ്.ഇ.ബി. ജീവനക്കാരും വയർമാൻമാരും മറ്റു സുമനസ്സുകളും ചേർന്ന് വയറിംഗ് നടത്തിയിട്ടുണ്ട്.

**ഇരിമ്പിളിയം ആശാരിക്കടവ് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക**

186 (1950) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-9-2016 ൽ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ ആശാരിക്കടവ് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക ഒഴിവാക്കണമെന്ന് കാണിച്ച് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി. അധികൃതർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇലക്ട്രിക്കൽ സെക്ഷൻ എടയൂരിനുകീഴിലുള്ള കൺസ്യൂമർ നമ്പർ 17 ആയ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ ആശാരിക്കടവ് ശുദ്ധജല പദ്ധതിയുടെ കണക്ഷൻ ദീർഘകാലത്തെ കുടിശ്ശികയെ തുടർന്ന് പൂർണ്ണമായും വിച്ഛേദിച്ചിരിക്കുന്നു. കേരള സപ്ലൈകോഡ് 2014 റെഗുലേഷൻ 136/5 പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിശ്ശിക അടയ്ക്കാൻ ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനോട് നിർദ്ദേശിച്ചെങ്കിലും നാളിതുവരെ തുക അടച്ചിട്ടില്ല.

**നെടുമങ്ങാട് മണ്ഡലത്തിലെ വീടുകളുടെ വൈദ്യുതീകരണം**

187 (1951) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ എത്ര വീടുകൾ വൈദ്യുതീകരിച്ചെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്ര തുക ചെലവാക്കിയെന്നും കെ.എസ്.ഇ.ബി. എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി സന്നദ്ധസംഘടനകളുടെ സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) 27-4-2017-ലെ കണക്കനുസരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ വൈദ്യുതീകരിച്ച വീടുകളുടെ പഞ്ചായത്ത് തിരിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | നൽകിയ വൈദ്യുതി കണക്ഷനുകൾ |
|---|---|---|
| 1 | നെടുമങ്ങാട് മുനിസിപ്പാലിറ്റി | 402 |
| 2 | മാണിക്കൽ ഗ്രാമപഞ്ചായത്ത് | 293 |
| 3 | വെമ്പായം ഗ്രാമപഞ്ചായത്ത് | 254 |
| 4 | കരകുളം ഗ്രാമപഞ്ചായത്ത് | 175 |
| 5 | അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | 95 |
| 6 | പോത്തൻകോട് ഗ്രാമപഞ്ചായത്ത് | 172 |
| | ആകെ | 1391 |

(ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 37 ലക്ഷം രൂപ വാഗ്ദാനം ചെയ്തതിൽ 27-4-2017 വരെ 17 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെ വിഹിതമായി 51.15 ലക്ഷം രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) പദ്ധതി നടത്തിപ്പിനായി നിലവിൽ സന്നദ്ധ സംഘടനകളുടെ ധനസഹായമൊന്നും ലഭിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

188 (1952) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതുവരെയായെന്ന് അറിയിക്കാമോ;

(ബി) ഇനി ഏതെല്ലാം മണ്ഡലങ്ങളിലെ ഏതെല്ലാം പ്രദേശങ്ങൾ വൈദ്യുതീകരിക്കാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിച്ച 8106 അപേക്ഷകരിൽ 8106 പേർക്കും വൈദ്യുതി കണക്ഷൻ നൽകി വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുണ്ട്.

**സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ**

189 (1953) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) മാർച്ച് 31 -ന് മുൻപ് അപേക്ഷ നൽകാൻ കഴിയാത്തവർക്ക് ഇനി അപേക്ഷിക്കാൻ അവസരം നൽകുമോ;

(സി) ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് മറ്റ് ഭൂവുടമകൾ അനുവാദം നൽകാത്തതിനാൽ പൂർത്തീകരിക്കാനാകാത്ത പ്രവൃത്തി പൂർത്തീകരിക്കാൻ പ്രത്യേക നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽനിന്നുള്ള അനുമതി ലഭിക്കേണ്ടത്, മറ്റുള്ളവരുടെ ഭൂമിയിലൂടെ ലൈൻ വലിക്കുന്നതിൽ തടസ്സമുള്ളത്, വയറിംഗ് പൂർത്തിയാക്കി അപേക്ഷ നൽകാൻ കഴിയാത്തത്, 2017 മാർച്ച് മാസം അവസാനം മാത്രം അപേക്ഷ ലഭിച്ചതുമായ ഉപഭോക്താക്കൾ തുടങ്ങിയ കാരണങ്ങളാൽ ബാക്കി നിൽക്കുന്നവ ഒഴിച്ച് പ്രായോഗികമായി കണക്ഷൻ നൽകുന്നതിന് കഴിയാവുന്ന മുഴുവൻ വീടുകൾക്കും വൈദ്യുതി നൽകിക്കൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) 2017 മാർച്ച് 31-നകം വാസയോഗ്യമായ വീടുകൾക്കും അന്നേക്ക് പ്രവർത്തനക്ഷമമായ അംഗൻവാടികൾക്കും വൈദ്യുതി എത്തിക്കുക എന്നതാണ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. പദ്ധതി നീട്ടുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല. പുതിയ വീടുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലും തീയതി മാനദണ്ഡമാക്കി മാത്രമേ ഇത്തരം പദ്ധതികൾ നടപ്പാക്കാൻ കഴിയുകയുള്ളൂ. കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കി തുടർന്നുള്ള വീടുകൾക്കും നിയമാനുസൃതം കണക്ഷൻ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

## സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിക്കാനുള്ള നിയോജക മണ്ഡലങ്ങൾ

190 (1954) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഏതെങ്കിലും നിയോജക മണ്ഡലങ്ങളിൽ പൂർത്തീകരിക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മണ്ഡലങ്ങളിൽ ; അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇതിന് വേണ്ടി സംസ്ഥാന സർക്കാർ, ഇലക്ട്രിസിറ്റി ബോർഡ്, എം.എൽ.എ.മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ ചെലവിട്ട തുക എത്രയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ & ബി) വനം വകുപ്പിൽ നിന്നുള്ള അനുമതി ലഭിക്കേണ്ടത്, മറ്റുള്ളവരുടെ ഭൂമിയിലൂടെ ലൈൻ വലിക്കുന്നതിൽ തടസ്സമുള്ളത്, വയറിംഗ് പൂർത്തിയാക്കി അപേക്ഷ നൽകാൻ കഴിയാത്തത്, മാർച്ച് അവസാനം മാത്രം അപേക്ഷ ലഭിച്ചതുമായ ഉപഭോക്താക്കൾ തുടങ്ങിയ കാരണങ്ങളാൽ ബാക്കി നിൽക്കുന്നവ ഒഴിച്ച് പ്രായോഗികമായി കണക്ഷൻ നൽകുന്നതിന് കഴിയാവുന്ന മുഴവൻ വീടുകൾക്കും വൈദ്യുതി നൽകിക്കൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്.

ഇങ്ങനെ ബാക്കി വന്ന വീടുകൾക്കും കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ പദ്ധതിക്ക് വേണ്ടി വൈദ്യുതി കണക്ഷനുള്ള അപേക്ഷ ലഘൂകരിക്കൽ, 1000 സ്ക്വയർമീറ്ററിൽ താഴെയുള്ള വീടുകൾക്ക് കൈവശാവകാശ രേഖകൾ ഒഴിവാക്കൽ തുടങ്ങി വിവിധ നടപടികളിലൂടെ മുൻകാലങ്ങളിൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാതിരുന്ന വീടുകൾക്ക് കൂടി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ വിവിധ കാരണങ്ങളാൽ ഇനിയും വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടില്ലാത്ത മണ്ഡലങ്ങൾ അരുവിക്കര, ചാലക്കുടി, ദേവികുളം, ഇടുക്കി, കൽപ്പറ്റ, മാനന്തവാടി, പീരുമേട്, പെരുമ്പാവൂർ, കോതമംഗലം, പുനലൂർ, സുൽത്താൻബത്തേരി, തൊടുപുഴ എന്നിവയാണ്. ഈ മണ്ഡലങ്ങളിലും പ്രവർത്തനം പൂർത്തീകരിക്കാനുള്ള നടപടികൾ നടന്നുവരികയാണ്.

(സി) പദ്ധതി പൂർത്തിയാകാത്തതിനാൽ വിവിധ വകുപ്പുകൾ ചെലവിട്ട തുക സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ല.

**അതിരപ്പിള്ളി പദ്ധതി സംബന്ധിച്ച് പരിസ്ഥിതി ആഘാതപഠനം**

191 (1955) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളിയിൽ ഒരു ജലവൈദ്യുത പദ്ധതി തുടങ്ങുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പരിസ്ഥിതി ആഘാതപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അതിരപ്പിള്ളിയിൽ ജലവൈദ്യുത പദ്ധതി ആരംഭിക്കുകയാണെങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാവും; എങ്കിൽ ആയത് ഇപ്പോൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ എത്ര ശതമാനമാണ്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ എത്ര ഏക്കർ വനഭൂമി വെള്ളത്തിനടിയിലാകുമെന്നും, പാരിസ്ഥിതിക ആവാസ വ്യവസ്ഥയ്ക്ക് എത്രമാത്രം കോട്ടമുണ്ടാക്കുമെന്നും മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അതിരപ്പിള്ളിയിൽ ജലവൈദ്യുത പദ്ധതി സമവായത്തിലൂടെ നടപ്പാക്കാൻ കഴിയുമോ എന്നതാണ് വൈദ്യുതി വകുപ്പ് പരിശോധിക്കുന്നത്.

(ബി) ഉണ്ട്. പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി 163 മെഗാവാട്ട് ആണ്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി 2049.76 മെഗാവാട്ട് ആണ്. ആതിരപ്പിള്ളി പദ്ധതിയുടെ സ്ഥാപിതശേഷി മൊത്തം ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷിയുടെ 8 ശതമാനത്തോളം വരും.

(ഡി) 138.6 ഹെക്ടർ വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി ആവശ്യമുണ്ട്. അതിൽ 107.40 ഹെക്ടർ വനഭൂമി വെള്ളത്തിനടിയിലായിരിക്കും. നദീതടം, തേക്ക് പ്ലാന്റേഷൻ എന്നിവ ഉൾപ്പെടെയാണ് 107.40 ഹെക്ടർ ഭൂമി വരുന്നത്. പരിസ്ഥിതി ആവാസ വ്യവസ്ഥയെ സംബന്ധിച്ച് വിശദമായ പഠനത്തിനും വിദഗ്ദ്ധരുടെ വിലയിരുത്തലിനും ശേഷമാണ് പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 1998-ലും 2005-ലും 2007-ലും 2015-ലും പാരിസ്ഥിതിക അനുമതി വ്യവസ്ഥകൾക്ക് വിധേയമായി നൽകിയത്.

### സൗരഗൃഹ പദ്ധതിപ്രകാരം വീടുകളിൽ സ്ഥാപിച്ച പ്ലാന്റ്

192 (1956) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരഗൃഹ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) നാളിതുവരെയായി എത്ര വീടുകളിലാണ് പ്ലാന്റ് സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുള്ളത്; ഏതെല്ലാം ഏജൻസികളെയാണ് പ്ലാന്റ് സ്ഥാപിക്കുവാൻ ഏൽപ്പിച്ചതെന്ന് വിശദമാക്കാമോ;

(സി) ഇതുവഴി എത്ര മെഗാവാട്ടിന്റെ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അനെർട്ട് വഴി സ്ഥാപിച്ചതുൾപ്പെടെ 417 വീടുകളിൽ കെ.എസ്.ഇ.ബി.എൽ. സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. 10000 വീടുകളിൽ ഒരു കിലോവാട്ട് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിപ്രകാരം 9836 വീടുകളിൽ അനെർട്ടിന്റെ സ്പെസിഫിക്കേഷൻ പ്രകാരം പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എം.എൻ.ആർ.ഇ. ചാനൽ പാർട്ട്ണേഴ്സിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ച് ലിസ്റ്റ് ചെയ്യപ്പെട്ട ഏജൻസികളാണ് പ്ലാന്റുകൾ സ്ഥാപിച്ചത്. 22-10-2013-ൽ പ്രസിദ്ധീകരിച്ച ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഇതുവഴി കെ.എസ്.ഇ.ബി.എൽ.-ന് 6192.35 കി.വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനും അനെർട്ടിന് 9.8 മെഗാവാട്ട് വൈദ്യുതി ഉല്പാദന സ്ഥാപിതശേഷി ഉയർത്തുവാനും കഴിഞ്ഞിട്ടുണ്ട്.

(ഡി) ഇതിനായി അനെർട്ട് ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | വകയിരുത്തിയ തുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|---|
| 1 | 2012-13 | 580 | - |
| 2 | 2013-14 | 1000 | 749.97 |
| 3 | 2014-15 | 355.18 | 1233.57 |
| 4 | 2015-16 | 1404 | 1143.48 |
| 5 | 2016-17 | 560.82 | 692.64 |
| | ആകെ | 3900 | 3819.66 |

**ജോലിക്കിടെ ഷോക്കേറ്റ് മരണം**

193 (1957) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിയ്ക്കിടെ ഷോക്കേറ്റ് നിരവധി ജീവനക്കാർ മരണപ്പെടുന്നുവെന്ന കാര്യം പരിശോധിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ അധികവും കോൺട്രാക്ട് തൊഴിലാളികളാണെന്ന കാര്യം വൈദ്യുതി ബോർഡ് പരിശോധിച്ചിട്ടുണ്ടോ;

(സി) കോൺട്രാക്ട് തൊഴിലാളികൾ ജോലിയ്ക്കിടെ മരണമടഞ്ഞാൽ അവരുടെ ആശ്രിതർക്ക് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 2016 ജനുവരി മുതൽ ഇപ്രകാരം ജോലിക്കിടെ മരണമടഞ്ഞ ജീവനക്കാരുടെ (കോൺട്രാക്ടും സ്ഥിരം ജീവനക്കാരും) വിശദമായ വിവരവും നൽകിയ ആനുകൂല്യവും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ വൈദ്യുതാഘാതമേറ്റ് കഴിഞ്ഞ മൂന്ന് വർഷകാലയളവിൽ മരണപ്പെട്ട ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| വർഷം | ബോർഡ് ജീവനക്കാർ | കരാർ തൊഴിലാളികൾ |
|---|---|---|
| 2014 | 13 | 14 |
| 2015 | 10 | 14 |
| 2016 | 9 | 11 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളികളുടെ ആശ്രിതർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നിലവിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കുന്ന നഷ്ടപരിഹാരം ചുവടെ ചേർക്കുന്നു. മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെപ്പറയുന്ന മരണാനന്തര നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ.

2. ശവസംസ്കാര ചെലവിനായി 5,000 രൂപ.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

അപകടമരണം സംഭവിക്കുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു.

ഇതിനുപുറമേ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

(ഡി) 2016 ജനുവരി മുതൽ 31-3-2017 വരെ ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണപ്പെട്ട ബോർഡ് ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവരുടെ ആശ്രിതർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നൽകിയ നഷ്ടപരിഹാരത്തിന്റെയും ഇതര സാമ്പത്തിക സഹായങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം (1), (2) എന്നിവയായി ചേർത്തിരിക്കുന്നു*.

**മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ്**

194 (1958) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പവർ പ്ലാന്റ് എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്;

(സി) എൻ.എച്ച്. 66-നോടു ചേർന്ന് കിടക്കുന്ന ഈ സ്ഥലം പ്രയോജനപ്പെടുത്തി കെ.എസ്.ഇ.ബി. എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രവർത്തിക്കുന്നില്ല.

(ബി) ഈ നിലയം 8.921 ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്.

(സി) കാസർഗോഡ് നിലയവുമായുള്ള കരാർ കാലാവധി 13-5-2016-ൽ അവസാനിച്ചെങ്കിലും കരാറുമായി ബന്ധപ്പെട്ട ചില തർക്കങ്ങൾ നിലനിൽക്കുകയും തർക്കപരിഹാരത്തിനായി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് കാസർഗോഡ് നിലയത്തിന് നൽകേണ്ടതായ ബാക്കി തുക, വിവിധ കോടതികളിൽ ഇതുസംബന്ധിച്ച കേസ് നിലനിൽക്കുന്നതിനാൽ തീർപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. കാസർഗോഡ് നിലയവുമായുള്ള ഇത്തരം ബാധ്യതകൾ തീർന്നതിനുശേഷം മാത്രമേ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഈ സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളൂ.

**വൈദ്യുതി കമ്മിക്ക് പരിഹാരം**

195 (1959) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇനി എത്ര ദിവസത്തെ വൈദ്യുതോൽപ്പാദനത്തിനുള്ള വെള്ളം കേരളത്തിലെ വിവിധ ജലസംഭരണികളിൽ ഉണ്ടെന്ന് ഇനം തിരിച്ച് പറയാമോ;

(ബി) കേരളത്തിൽ ഒരു ദിവസം ആകെ എത്ര മെഗാവാട്ട് വൈദ്യുതിയുടെ ഉപഭോഗമാണ് ഇപ്പോൾ (ഏപ്രിൽ 1 മുതൽ ശരാശരി) ഉള്ളത് ; ഇതിൽ ജലവൈദ്യുത പദ്ധതിയിൽ നിന്നും ലഭിക്കുന്നതും മറ്റു മാർഗ്ഗങ്ങൾ ഉപയോഗിച്ച് ലഭിക്കുന്നതും എത്ര മെഗാവാട്ട് വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിന് കേന്ദ്ര പൂളിൽ നിന്നും ലഭിക്കേണ്ട വൈദ്യുതിയുടെ അളവ് എത്ര വീതമാണ്; ഇത് കൃത്യമായി ലഭിക്കുന്നുണ്ടോ;

(ഡി) വൈദ്യുതിക്കമ്മി പരിഹരിക്കുന്നതിൽ കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ഇതിനായി ചെലവഴിക്കേണ്ടി വരുന്നത് പ്രതിദിനം എത്ര രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) വൈദ്യുതിക്കായി ചെലവഴിക്കുന്ന അധിക പണം എങ്ങനെ തിരിച്ചുപിടിക്കാനാണ് കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നത്; ഇതിന്റെ

വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 27-4-2017-ലെ കണക്കനുസരിച്ച് എല്ലാ ജലസംഭരണികളിലും കൂടി ഏകദേശം 855 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജലം ലഭ്യമാണ്. സംഭരണി തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഇത് മേയ് 31 വരെ ഉൽപ്പാദിപ്പിക്കുവാനും കൂടാതെ ഏകദേശം 400 ദശലക്ഷം യൂണിറ്റ് കരുതൽ നീക്കിയിരിപ്പായി വയ്ക്കാനും സാധിക്കുന്ന രീതിയിലാണ് ഉൽപ്പാദനം ക്രമീകരിക്കുന്നത്.

(ബി) ഏപ്രിൽ 1 മുതൽ പീക് സമയങ്ങളിൽ ശരാശരി 3800 മെഗാവാട്ട് വൈദ്യുതിയാണ് ആവശ്യമായി വരുന്നത്. ലഭ്യതവിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്:

| | |
|---|---|
| കേന്ദ്ര വിഹിതം | 1200 മെഗാവാട്ട് |
| ദീർഘകാല/ മദ്ധ്യകാല/ ഹ്രസ്വകാല കരാർ പ്രകാരം | 1040 മെഗാവാട്ട് |
| പവർ എക്സ്ചേഞ്ച് ഡീവിയേഷൻ മുതലായവ | 350 മെഗാവാട്ട് |
| ജലവൈദ്യുത പദ്ധതി | 1210 മെഗാവാട്ട് |
| കേന്ദ്രവിഹിതം | 1200 മെഗാവാട്ട് |

(സി) കേന്ദ്ര പൂളിൽ നിന്നും ദിനംപ്രതി ലഭ്യമാകുന്നത് ഏകദേശം 28.15 ദശലക്ഷം യൂണിറ്റാണ് (ഏപ്രിൽ 26 വരെയുള്ള കണക്കനുസരിച്ച്). പ്രതീക്ഷിക്കുന്ന അളവിൽ ശരാശരി ലഭ്യമാകുന്നുണ്ട്.

(ഡി) കാലവർഷക്കുറവുമൂലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാനായി മദ്ധ്യകാല/ദീർഘകാല കരാറുകൾ മുഖേന (ഡി.ബി.എഫ്.ഒ.ഒ. പ്രകാരം) 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ 2016 മുതൽ ലഭ്യമാക്കുകവഴി ഡാമുകളിൽ വെള്ളം വേനൽക്കാലത്തേക്ക് സംഭരിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല/ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചുതുടങ്ങി. 1-3-2017 മുതൽ 30-6-2017 വരെ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് ലഭിക്കുന്നുണ്ട്. കൂടാതെ മാർച്ച് 2017 മുതൽ മേയ് 2017 അവസാനം വരെ 100 മെഗാവാട്ട് വൈദ്യുതി 24 മണിക്കൂറും 100 മെഗാവാട്ട് വൈദ്യുതി രാത്രി 6 മണിക്കൂറും ലഭിക്കുന്ന മറ്റൊരു ഹ്രസ്വകാല കരാർ പ്രകാരം ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺ ഷെഡ്യൂൾഡ് ഇന്റർചേഞ്ച്, കപ്പാസിറ്റർ അജസ്റ്റ്മെന്റ് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്. ഹ്രസ്വകാല കരാറുകളുടെ അടിസ്ഥാനത്തിൽ വാങ്ങുന്ന വൈദ്യുതിക്ക് മാത്രം ശരാശരി 300 കോടി രൂപയുടെ മൊത്തം ചെലവ് കണക്കാക്കുന്നു. കരാറടിസ്ഥാനത്തിൽ അല്ലാതെ ദിവസവും പവർ എക്സ്ചേഞ്ചുകളിൽ നിന്നും ശരാശരി ഒരു യൂണിറ്റിന് 4 രൂപ നിരക്കിലും വൈദ്യുതി വാങ്ങുന്നുണ്ട്.

(ഇ) വൈദ്യുതി കമ്മി പരിഹരിക്കുന്നതിന് വിവിധ സ്രോതസ്സുകളിൽ നിന്ന് വാങ്ങുന്ന വൈദ്യുതിക്ക് കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച തുകയേക്കാൾ കൂടുതൽ തുക ചെലവാകുന്ന അവസരങ്ങളിൽ ആ തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വർഷാവസാനം truing up പെറ്റീഷനിൽ ഉൾപ്പെടുത്തി കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഈ തുക വിശദമായ പരിശോധനയ്ക്ക് ശേഷം കമ്മീഷൻ ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ്ജ് പരിഷ്കരിച്ച് ഈടാക്കുകയോ പിന്നീട് ഈടാക്കാനായി റഗുലേറ്ററി അസറ്റ് ആയി നീക്കിവയ്ക്കുകയോ ചെയ്യുന്നു. കൂടാതെ ഓരോ പാദവർഷത്തിലും ഇന്ധനവിലയിൽ ഉണ്ടായ വ്യതിയാനംമൂലം വൈദ്യുതി വാങ്ങൽ വിലയിൽ ഉണ്ടായ അധിക ബാധ്യത "ഫ്യൂവൽ സർചാർജ്ജ്" ആയി ഉപഭോക്താക്കളിൽ നിന്നും അതത് വർഷം തന്നെ ഈടാക്കുവാൻ വൈദ്യുതി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് കമ്മീഷൻ പുറത്തിറക്കിയ ചട്ടങ്ങളിൽ തന്നെ വ്യവസ്ഥ ചെയ്യുന്നുമുണ്ട്.

**സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട് പ്രകാരം ലഭിക്കുന്ന ആനുകൂല്യം**

196 (1960) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ മരണമടഞ്ഞവർക്ക് റിസ്ക് ഫണ്ട് പ്രകാരം എത്ര തുകയുടെ

ആനുകൂല്യമാണ് ലഭിക്കുക;

(ബി) റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഏത് സ്ഥാപനത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ സഹകരണ ബാങ്കിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ലോൺ എടുക്കുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കുമോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക/കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളാൻ വ്യവസ്ഥയുണ്ട്. 30-3-2012-ന് മുമ്പ് എടുത്ത വായ്പകൾക്ക് ഒരു ലക്ഷം രൂപയും അതിന്റെ പലിശയും എഴുതിത്തള്ളാനുള്ള വ്യവസ്ഥയുണ്ട്.

(ബി) റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷയും അനുബന്ധരേഖകളും ബന്ധപ്പെട്ട സഹകരണ ബാങ്കിന് നൽകണം. ബാങ്ക് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശിപാർശയോടെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് സമർപ്പിക്കണം.

(സി) ജില്ലാ സഹകരണ ബാങ്കിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ലോൺ എടുക്കുന്നവർക്ക് റിസ്ക് ഫണ്ട് സ്കീമിലെ നിബന്ധനകൾക്ക് വിധേയമായി ഈ ആനുകൂല്യം ലഭിക്കും.

**കൺസ്യൂമർഫെഡ് കോഴിക്കോട് ജില്ലയിൽ നിർത്തലാക്കിയ സ്റ്റോറുകൾ**

197 (1961) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള സ്റ്റോറുകൾ കോഴിക്കോട് ജില്ലയിൽ

നിർത്തലാക്കിയതിന്റെ കാരണമടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ;

ഉത്തരം

കൺസ്യൂമർഫെഡിന്റെ കീഴിലുള്ള കോഴിക്കോട് ജില്ലയിലെ കൊടുവള്ളി, കുലിമാട്, മുണ്ടോട്ടുകുളങ്ങര, കടിയങ്ങാട്, കൊടഞ്ചേരി എന്നീ ത്രിവേണികളാണ് നിർത്തലാക്കിയിട്ടുള്ളത്. ഇതിൽ കൊടുവള്ളി ഒഴികെയുള്ള ത്രിവേണികൾ പ്രവർത്തിച്ചിരുന്ന സ്ഥലം സൗജന്യമായി പഞ്ചായത്തുകൾ അനുവദിച്ചിട്ടുള്ളതായിരുന്നു. കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് സൗജന്യമായി അനുവദിക്കുവാൻ പഞ്ചായത്തുകൾ തയ്യാറായിരുന്നില്ല. വാടക നൽകി ടി ത്രിവേണികൾ പ്രവർത്തിപ്പിക്കുന്നത് ടി യൂണിറ്റുകളുടെ പ്രവർത്തനത്തിന് കൂടുതൽ നഷ്ടം വരുത്തിവയ്ക്കുമെന്നതിനാലാണ് ഇവ നിർത്തലാക്കിയത്.

കൊടുവള്ളി ത്രിവേണി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് വാടക വർദ്ധനവ് ആവശ്യപ്പെടുകയുണ്ടായതിനാൽ, ടി യൂണിറ്റിൽ വിൽപ്പനയുടെ വർദ്ധനവ് സാദ്ധ്യമല്ല എന്ന് ബോധ്യമായ സാഹചര്യത്തിൽ വാടക വർദ്ധനവ് നൽകി യൂണിറ്റ് പ്രവർത്തിക്കുന്നത് കൂടുതൽ നഷ്ടം വരുത്തിവയ്ക്കും എന്നതിനാലാണ് നിർത്തലാക്കിയിട്ടുള്ളത്.

**സഹകരണ സംഘങ്ങളുടെ വർദ്ധിക്കുന്ന ലോൺ കുടിശ്ശിക ശതമാനം**

198 (1962) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പ എഴുതിതള്ളലും, മൊറട്ടോറിയം പ്രഖ്യാപിക്കലുംമൂലം സഹകരണ സംഘങ്ങളുടെ ലോൺ കുടിശ്ശിക ശതമാനം വർദ്ധിക്കുകയും സംഘങ്ങളുടെ ക്ലാസിഫിക്കേഷനെ ബാധിക്കുകയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ട ലോണുകൾ കുടിശ്ശിക കണക്കിൽപ്പെടുത്താതെ പ്രത്യേകമായി സൂക്ഷിക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**അടാട്ട് സർവ്വീസ് സഹകരണ ബാങ്ക് വായ്പ**

199 (1963) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ നിന്നും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ് വായ്പ എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വായ്പ എടുത്തിട്ടുള്ളത് ബാങ്കിന്റെ നിയമാവലിക്കു വിധേയമായിട്ടാണോ; അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ ഏത് വകുപ്പ് അനുസരിച്ചാണ് ഈ വായ്പ എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) വായ്പ അനുവദിച്ചിട്ടുള്ളത് അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ ഏത് ബ്രാഞ്ചിൽ നിന്നുമാണ്; പ്രസ്തുത വായ്പ അനുവദിച്ച മാനേജരുടെ പേരുവിവരം വ്യക്തമാക്കുമോ;

(ഡി) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ് ഏതെല്ലാം പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്; തുകയും ബാങ്കും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വായ്പ എടുത്തിട്ടുള്ളത് ബാങ്കിന്റെ നിയമാവലിക്ക് വിധേയമായിട്ടാണ്. അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ നിയമാവലി ക്ലാസ്സ് 29 (1)-ലെ വ്യവസ്ഥ പ്രകാരമാണ് വായ്പ എടുത്തിട്ടുള്ളത്.

(സി)

ബ്രാഞ്ച്: പുറനാട്ടുകര ബ്രാഞ്ച്.

വായ്പ അനുവദിച്ച മാനേജർ: ബാങ്ക് മാനേജരുടെ ചുമതല വഹിക്കുന്ന ശ്രീ. പി. ആർ. പ്രദീപ് കുമാർ.

(ഡി) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ് അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും അൻപത് കോടി (50 കോടി) രൂപ വായ്പയെടുത്തിട്ടുണ്ട്.

## വാമനപുരം മണ്ഡലത്തിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ

200 (1964) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ പുനരുജ്ജീവിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; അതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കേരളത്തിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ എവിടെയൊക്കെ പ്രവർത്തിക്കുന്നു;വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ മാത്രമായി പ്രവർത്തിച്ചിരുന്ന സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ കൺസ്യൂമർ ഫെഡറേഷൻ നിർത്തലാക്കി യിട്ടുണ്ടെങ്കിലും നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ ത്രിവേണിയുടെ റൂട്ടിൽ വാമനപുരം കൂടി ഉൾപ്പെടുത്തി വേണ്ട സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെ 57 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നു. ഇവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ഒല്ലൂർ മണ്ഡലത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ

201 (1965) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഒല്ലൂർ നിയോജക മണ്ഡലത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

ഒല്ലൂർ നിയോജക മണ്ഡലത്തിൽ 8 പട്ടികജാതി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 4 സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. <u>മാടക്കത്തറ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.742</u>

ടി സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ട്. സംഘം നഷ്ടത്തിലാണെങ്കിലും ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

2. <u>മാന്ദാമംഗലം പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എച്ച്.ഡബ്ല്യു.42</u>

ടി സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ട്. സംഘം മുൻപ് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നതാണെങ്കിലും പിന്നീട് പ്രവർത്തന രഹിതമാകുകയും എന്നാൽ ഇപ്പോൾ പുനരുദ്ധരിക്കാനുള്ള നടപടികൾ നടന്നുവരുന്നതുമാണ്. സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

3. <u>ഒല്ലൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.751</u>

ടി സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ട്. സംഘം നഷ്ടത്തിലാണെങ്കിലും ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്

4. <u>നെടുപുഴ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.201</u>

ടി സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ട്. സംഘം നഷ്ടത്തിലാണെങ്കിലും ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഫുഡ് പ്രോഡക്ട്സ് ഉൽപ്പാദനമാണ് ഇപ്പോൾ നടത്തിവരുന്നത്.

5. <u>നടത്തറ മുള വ്യവസായ പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ 4156</u>

ടി സംഘം പ്രവർത്തനരഹിതമാണ്. ടി സംഘത്തിൽ ഭരണസമിതിയോ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ, അഡ്മിനിസ്ട്രേറ്ററോ നിലവിലില്ല.

6. <u>പാണഞ്ചേരി പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.738</u>

ടി സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ടെങ്കിലും സംഘം പ്രവർത്തനരഹിതമാണ്.

7. <u>പീച്ചി പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.748</u>

ടി സംഘം പ്രവർത്തനരഹിതമാണ്. ടി സംഘത്തിൽ ഭരണസമിതി നിലവിലില്ല.

8. <u>തൃശ്ശൂർ പട്ടികജാതി മത്സ്യത്തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.1287</u>

ടി സംഘം പ്രവർത്തനരഹിതമാണ്. ടി സംഘത്തിൽ ഭരണസമിതി നിലവിലില്ല.

കൂടാതെ ഒല്ലൂർ നിയോജകമണ്ഡലത്തിൽ തൃശ്ശൂർ തലപ്പിള്ളി താലൂക്ക് പട്ടികവർഗ്ഗ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.673 എന്ന ഒരു പട്ടികവർഗ്ഗ സഹകരണ സംഘവും പ്രവർത്തിക്കുന്നു. ടി സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഇപ്പോൾ ചെറിയ തോതിൽ വനവിഭവം ശേഖരിച്ച് വിപണനം നടത്തിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ട്.

**സർഫസി നിയമപ്രകാരമുള്ള ജപ്തി നടപടികൾ**

202 (1966) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിലെ സർഫസി നിയമപ്രകാരമുള്ള ജപ്തി നടപടികൾ ഒഴിവാക്കി നൽകുവാൻ സർക്കാർ ഇടപെടാറുണ്ടോ; ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

സഹകരണ ബാങ്കുകളിലെ സർഫസി നിയമപ്രകാരമുള്ള ജപ്തി നടപടികൾ ഒഴിവാക്കി നൽകാൻ പൊതുവായി സർക്കാർ ഇടപെടാറില്ല.

**കോർബാങ്കിംഗ് പൂർത്തിയാക്കണമെന്ന രജിസ്ട്രാറുടെ നിർദ്ദേശം**

203 (1967) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് ലക്ഷത്തിന് മുകളിൽ പണമായി നൽകാനാവില്ലെന്നത് പ്രാഥമിക സഹകരണ ബാങ്കുകളെ എപ്രകാരമാണ് ബാധിക്കുക എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രാഥമിക സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകളുമായി കോർബാങ്കിംഗ് പൂർത്തിയാക്കണമെന്ന രജിസ്ട്രാറുടെ നിർദ്ദേശം പൂർണ്ണമായും പാലിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക വായ്പയ്ക്ക് നബാർഡ് നൽകുന്ന പലിശയിളവ് കർഷകർക്ക് ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു

(സി) കാർഷിക വായ്പയ്ക്ക് നബാർഡ് നൽകുന്ന പലിശയിളവ് കർഷകർക്ക് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടായിട്ടില്ല. എന്നാൽ വരും കാലങ്ങളിൽ റുപേ കിസാൻ കാർഡിന്റെ അടിസ്ഥാനത്തിൽ കാർഷിക വായ്പാ വിതരണം നടത്തണമെന്ന നബാർഡ് നിർദ്ദേശത്തെത്തുടർന്ന് ആയതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ഇ.എ.എസ്. ഭവന നിർമ്മാണ പദ്ധതി**

204 (1968) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണത്തിന് ഗവ. ആനുകൂല്യം നല്കുമ്പോൾ ഗുണഭോക്താവ് ടിയാന്റെ പ്രമാണം 12 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യില്ല എന്ന് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത് കൊടുക്കേണ്ടതിനാൽ സാധാരണക്കാരായ ഗുണഭോക്താക്കൾക്ക് സഹകരണ ബാങ്കുകളിൽ നിന്ന് ഈ പ്രമാണങ്ങൾ വച്ച് ലോണുകൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ.എം.എസ്.ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയപ്പോൾ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഇത്തരം പ്രമാണങ്ങളിൻമേൽ സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ അനുവദിക്കുന്നതിന് സഹകരണ വകുപ്പ് ഇറക്കിയ സർക്കുലർ എല്ലാ സർക്കാർ ഭവന പദ്ധതികൾക്കും ബാധകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ വകുപ്പിന് ഇക്കാര്യം തീരുമാനിക്കാൻ കഴിയുന്നതല്ല.

## അരിവില കുറയ്ക്കുന്നതിന് കൺസ്യൂമർഫെഡ് നടത്തിയ ഇടപെടലുകൾ

205 (1969) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിലെ അരി വില കുറയ്ക്കുന്നതിന് കൺസ്യൂമർഫെഡ് നടത്തിയ വിപണി ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കൺസ്യൂമർഫെഡ് വാങ്ങുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) പൊതുവിപണിയിലെ അരിവില കുറയ്ക്കുന്നതിനും അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 678 അരിക്കടകൾ ആരംഭിച്ച് സുവർണ്ണമസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തിവരികയും ചെയ്യുന്നു.

(ബി) കൺസ്യൂമർഫെഡ് വാങ്ങുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സംബന്ധിച്ച് കൃത്യമായ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ഗുണമേന്മ ഉറപ്പുവരുത്തുന്നതിലേയ്ക്കായി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ നടത്തുന്നുണ്ട്. ഇ-ടെണ്ടറും, ഇ-നെഗോഷിയേഷനുംശേഷം ക്വാട്ട് ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും അവർ സപ്ലൈ ചെയ്യാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ സാമ്പിൾ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇത്തരത്തിൽ പരിശോധന നടത്തുന്ന വേളയിൽ കൺസ്യൂമർഫെഡിലെ ജീവനക്കാരെ കൂടാതെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ ഭാരവാഹികൾ, നീതി സ്റ്റോറിലെ ജീവനക്കാർ എന്നിവർ കൂടി ഉൾപ്പെടുന്ന പർച്ചേസ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ഗോഡൗണിൽ ഓർഡർ ചെയ്യുന്ന സാധനങ്ങൾ ലഭ്യമാകുന്ന വേളയിൽ സാമ്പിളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ട്. ഇത്തരം പരിശോധനയിൽ ഗുണമേന്മ ഒത്തുപോകുന്നില്ലെങ്കിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്ന ഏജൻസികളിൽ നിന്നും പിഴ ഈടാക്കുന്നുണ്ട്. ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി ലാബുകളിൽ അയച്ച് പരിശോധനയും നടത്താറുണ്ട്.

## നീതി സ്റ്റോറുകൾ

206 (T* 1970) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഇക്കാര്യം പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. നടപടികൾ നടന്നുവരുന്നു.

## വിഷു-ഈസ്റ്റർ മാർക്കറ്റിൽ കൺസ്യൂമർഫെഡ് നടത്തിയ വിൽപ്പന

207 (1971) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷു-ഈസ്റ്റർ ആഘോഷങ്ങളോടനുബന്ധിച്ച് കമ്പോള ഇടപെടലിനായി കൺസ്യൂമർഫെഡിന് തുക അനുവദിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഏപ്രിൽ മാസം വിഷു-ഈസ്റ്റർ മാർക്കറ്റുകളിലും കൺസ്യൂമർ ഫെഡ് മുഖേനയും എത്ര കോടി രൂപയുടെ വിൽപ്പന നടത്തിയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) വിഷു-ഈസ്റ്റർ ആഘോഷങ്ങളോടനുബന്ധിച്ച് കമ്പോള ഇടപെടലിനായി കൺസ്യൂമർഫെഡിന് തുക അനുവദിച്ചിരുന്നില്ല. എന്നാൽ ഈ കാലയളവിൽ പൊതു വിപണിയിലെ അരിവില നിയന്ത്രിക്കുന്നതിന് വേണ്ടി സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 678 അരിക്കടകൾ ആരംഭിച്ച്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സുവർണ്ണമസൂരി എന്ന ഉൽപ്പന്നനാമമുള്ള അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ വിതരണം ചെയ്തിരുന്നു. ഇത് കൂടാതെ ത്രിവേണി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ എന്നിവ വഴി പൊതുവിപണിയിലെ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയേറിയ സാധനങ്ങൾ വിറ്റഴിച്ചിരുന്നു.

(ബി) വിഷു-ഈസ്റ്റർ കാലയളവിൽ പ്രത്യേക ചന്തകൾ സംഘടിപ്പിച്ചിട്ടില്ല. ഇക്കാലയളവിൽ സൂപ്പർ മാർക്കറ്റുകളിലൂടെ 3.61 കോടി രൂപയും അരിക്കടകളിലൂടെ 1.84 കോടി രൂപയുടെയും വിൽപ്പനയും കൈവരിച്ചിട്ടുണ്ട്.

**സഹകരണ മേഖലയിലെ സാമ്പത്തിക പ്രതിസന്ധി**

208 (1972) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സഹകരണ മേഖലയിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്?

ഉത്തരം

500, 1000 മൂല്യമുള്ള നോട്ടുകൾ കേന്ദ്ര സർക്കാർ പിൻവലിച്ചത് മുഖേന രാജ്യത്തിന്റെ സാമ്പത്തിക മേഖലയിൽ ഉണ്ടായ പ്രതിസന്ധി സംസ്ഥാനത്തെ സഹകരണമേഖലയെയും താൽക്കാലികമായി ബാധിച്ചിരുന്നു. ഇപ്രകാരമുണ്ടായ താൽക്കാലിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സഹകരണമേഖല സംരക്ഷണ ക്യാമ്പയിനും അതിനോടനുബന്ധിച്ച് പ്രത്യേക നിക്ഷേപ സമാഹരണ യജ്ഞവും നടത്തിയിട്ടുണ്ട്.

**സഹകരണ മേഖലയുടെ വികസനം**

209 (1973) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ വികസനത്തിന് എന്തെല്ലാം നൂതനപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മേഖലയുടെ വികസനത്തിന് ഇപ്പോൾ നടന്നുവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ഈ മേഖലയുടെ വികസനത്തിനായി മുൻസർക്കാർ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിവരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകൾ, നീതി വിതരണ കേന്ദ്രങ്ങൾ എന്നിവയെല്ലാം വിവര സാങ്കേതികവിദ്യയുടെ പിൻബലത്താൽ ഏകോപിപ്പിച്ച് ഫലപ്രദമായി മാർക്കറ്റ് ഇടപെടൽ ശക്തമാക്കുന്നതിന് പദ്ധതിയുണ്ട്. കൺസ്യൂമർഫെഡിലെ ജീവനക്കാരെ കൂടുതൽ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി പ്രൊഫഷണൽവൽക്കരണവും പരിശീലനവും ലക്ഷ്യമിടുന്നുണ്ട്. ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് ക്യാഷ് ലെസ് സംവിധാനത്തിലൂടെ നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ടവരും സാധാരണക്കാരുമായ വ്യക്തികൾക്ക് സർക്കാരിന്റെ സേവനങ്ങൾ സമന്വയിപ്പിച്ച് ലഭ്യമാക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്.

ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ ബേക്കൽ കേന്ദ്രമാക്കി ആയുർവേദ റിസോർട്ട്, ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ ആശ്രാമം കേന്ദ്രമാക്കി അഡ്വഞ്ചർ പാർക്കിൽ ഒരു മിനിയേച്ചർ റെയിൽവേ നിർമ്മിക്കുന്ന പദ്ധതി, വർക്കല ഹരിഹരപുരത്ത് കയർ ടൂറിസം ഹൗസ്ബോട്ട്, തിരുവനന്തപുരത്ത് ട്രിവാൻഡ്രം ഫെസ്റ്റിവൽ, ആശുപത്രി സഹകരണ സംഘങ്ങൾ, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, കേപ്പ്, വനിതാ സഹകരണ സംഘം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, ടൂറിസം, വെൽഫെയർ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ എന്നിവയുടെ ധനസഹായത്തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് എത്തിക്കുന്നതിലേക്കായി കോർബാങ്കിംഗ് നടപ്പിലാക്കു ന്നതിനുള്ള നടപടി ആരംഭിച്ചു. സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളും കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള പ്രാഥമിക കാർഷിക വായ്പാസംഘങ്ങളും ചേർന്ന് ഡിജിറ്റൽ ട്രാൻസാക്ഷൻസ് പ്രോത്സാഹിപ്പിക്കു

ന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പൈലറ്റ് അടിസ്ഥാനത്തിൽ ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വട്ടവട, മൂന്നാർ, മറയൂർ, ദേവികുളത്തെ മറ്റു പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ വിപണന സഹായത്തിനുള്ള പലിശ സബ്സിഡിക്കായി രണ്ട് കോടി രൂപ വകയിരുത്തിയിരിക്കുന്നു.

25 കോടിരൂപ കാർഷിക വായ്പാ സഹകരണസംഘങ്ങളുടെ ആധുനികവൽക്കരണത്തിന് മാത്രമായി വകയിരുത്തിയിരിക്കുന്നു. കോർബാങ്കിംഗ് സൊല്യൂഷന്റെ വികസനത്തിനും നിലവിലുള്ള സാങ്കേതിക വിദ്യയുടെ നിലവാരം ഉയർത്തുവാനും ദേശീയതലത്തിലുള്ള ഐ.റ്റി. വിദഗ്ധരെ താൽക്കാലികമായി നിയമിക്കുവാനും ദേശീയതലത്തിലുള്ള ഐ.റ്റി. സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം തേടുന്നതിനുമായാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിക്കായി പ്രത്യേക അനുമതി തേടേണ്ടതാണ്. എല്ലാ വായ്പാ സഹകരണ സംഘങ്ങളേയും സാങ്കേതിക തട്ടിലേയ്ക്ക് (ടെക്നോളജി പ്ലാറ്റ്ഫോം) ആകർഷിക്കുന്നതിലേയ്ക്കായി പ്രോത്സാഹന പദ്ധതി ആരംഭിക്കുന്നതാണ്. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങൾ ടെക്നോളജി പ്ലാറ്റ്ഫോമിന്റെ ഭാഗമായിരിക്കും. സഹകരണ മേഖലയിൽ പുതിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയിട്ടുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകി അംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ്.

തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ, കോളേജ് സഹകരണ സംഘങ്ങളെ അതാത് സ്ഥലത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും ജില്ലാ സഹകരണ ബാങ്കുകളുടേയും മേൽനോട്ടത്തിൽ പുനരുജ്ജീവിപ്പിക്കുക.

ഓഹരി മൂലധനം, വായ്പ, സബ്സിഡി സഹായങ്ങൾ എന്നിവ നൽകി പ്രാഥമിക സഹകരണ സംഘങ്ങൾ/കൺസ്യൂമർഫെഡ്, നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ തുടങ്ങാൻ വേണ്ടിയുള്ള സഹായം നൽകുക.

വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും ആധുനികവൽക്കരണത്തിനും കമ്പ്യൂട്ടർ വത്കരണത്തിനും സഹായം നൽകുന്നതാണ്.

അട്ടപ്പാടിയിലെ പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ ഇ.എം.എസ്. കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലുമായി ചേർന്ന് സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതിക്കായാണ് തുക

വകയിരുത്തിയിരിക്കുന്നത്. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക, ആരോഗ്യ പ്രവർത്തകരെ/വോളന്റിയർമാരെ എല്ലാ കോളനികളിലും വിട്ട് ആരോഗ്യ-പോഷക ആവശ്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക, ആംബുലൻസ് സേവനങ്ങൾ ഉറപ്പാക്കുക, ഗർഭിണികൾക്കും കുട്ടികൾക്കും ഭക്ഷണവും ആവശ്യമായ പോഷകാഹാരങ്ങളും നൽകുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജില്ലാ പട്ടികവർഗ്ഗ വികസന ആഫീസർ, ജില്ലാ പട്ടികജാതി ആഫീസർ, ജോയിന്റ് രജിസ്ട്രാർ എന്നിവർ സംയുക്തമായി ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതാണ്. ഈ പദ്ധതി ആവശ്യാനുസരണം മറ്റ് അവശ്യപ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതാണ്.

കേരള എസ്.സി./എസ്.ടി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉൽപ്പാദന യൂണിറ്റിന്റെ പേറ്റന്റുകൾ അടങ്ങിയ മരുന്നുകളുടെ ഉൽപ്പാദനത്തിനായുള്ള സഹായം.

ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.ടി. സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള സഹായം.

സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം.

2017-18 വർഷത്തിൽ സുവർണ്ണം സ്റ്റോർ എന്ന പദ്ധതി ആരംഭിക്കുന്നതിനായി സർക്കാർ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനേയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) മിതമായ നിരക്കിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി ആശുപത്രി സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. ഇവയ്ക്ക് ആംബുലൻസ് വാങ്ങുന്നതിനും ബ്ലഡ് ബാങ്ക്, ലബോറട്ടറി എന്നിവ സ്ഥാപിക്കുന്നതിനും തുക അനുവദിച്ചുവരുന്നു. എൻ.സി.ഡി.സി. പദ്ധതി, നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരവും തുക അനുവദിച്ചുവരുന്നു. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് സംസ്ഥാന പദ്ധതി പ്രകാരവും എൻ.സി.ഡി.സി. പദ്ധതി പ്രകാരവും ആവശ്യമായ തുക അനുവദിച്ചുവരുന്നു. കേപ്പിന് സംസ്ഥാന പദ്ധതി പ്രകാരം ഗ്രാന്റും അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിൽ നിന്നും തുക നൽകിവരുന്നു. ഇതുപോലെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ എന്നിവയ്ക്കും ഇപ്രകാരം തുക നൽകിവരുന്നു. കക്കാ സഹകരണ സംഘങ്ങൾക്കായി

ഇക അനുവദിച്ചു. ദുർബ്ബല വനിതാ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും പ്രവർത്തന മൂലധനം അനുവദിക്കുന്നതിനും ധനസഹായം നൽകിവരുന്നു. ഹൗസിംഗ് ഫെഡറേഷനും പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾക്കും പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുന്നതിന് ഓഹരി മൂലധന സഹായം നൽകിവരുന്നു. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽ നിന്നും ഭവനവായ്പയെടുത്ത അംഗങ്ങൾക്ക് ഈടായി നൽകിയ പ്രമാണം തിരികെ ലഭിക്കുന്നതിനുവേണ്ടി ഹൗസിംഗ് ഫെഡറേഷന് സർക്കാർ പലിശരഹിത വായ്പ അനുവദിച്ചു നൽകിയിട്ടുണ്ട്.

ദുർബ്ബല വിഭാഗത്തിൽപ്പെട്ട വിപണന സംഘങ്ങളുടെ പുനരുദ്ധാരണം, കാർഷിക മേഖലയുടെ വളർച്ച എന്നിവയ്ക്ക് സംസ്ഥാന പദ്ധതി, എൻ.സി.ഡി.സി പദ്ധതികൾ വഴി ധനസഹായം നൽകിവരുന്നു. വിപണന പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക വിപണന സഹകരണ സംഘങ്ങൾക്കുള്ള മാർജിൻ മണി /ദീർഘകാലവായ്പ- എൻ.സി.ഡി.സി. പദ്ധതി വഴി നൽകിവരുന്നു.

ദുർബ്ബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി, സഹകരണ സംഘങ്ങളുടെ വികസനത്തിനും പ്രവർത്തന വൈവിദ്ധ്യവൽക്കരണത്തിനുമുള്ള ധനസഹായം, മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്നിവയെല്ലാം ഇപ്പോൾ നടന്നുവരുന്ന പദ്ധതികളാണ്. സഹകരണ മേഖലയുടെ വികസനത്തിന് സംയോജിത സഹകരണ വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാന സഹകരണ യൂണിയനും സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങളും മുഖേന സഹകരണ വിദ്യാഭ്യാസം, പരിശീലനം എന്നിവ നടപ്പിലാക്കുന്നതിനും ഗവേഷണം, സഹകരണ പ്രചാരണം എന്നിവയ്ക്കായും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർ ബാങ്കിംഗ്, എ.ടി.എം. ഉൾപ്പെടെയുള്ള ആധുനികവൽക്കരണം, സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക, വായ്പാ തിരിച്ചടവ് കാലയളവിൽ മരണപ്പെടുന്ന വായ്പക്കാരന്റെ വായ്പകൾ നിബന്ധനയ്ക്ക് വിധേയമായി എഴുതിത്തള്ളുക, നെൽക്കൃഷിയ്ക്ക് വായ്പകൊടുക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വയം സഹായ ഗ്രൂപ്പുകൾക്ക് പ്രോത്സാഹനം, ഹൈടെക്

കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക, ഹരിതഭവനങ്ങൾ സ്ഥാപിക്കുക, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നൽകിയ വായ്പയുടെ പലിശ സബ്സിഡി, ഭവനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വായ്പാ പലിശ സബ്സിഡി തുടങ്ങിയവ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നടപ്പിലാക്കുന്നതിനുള്ള പദ്ധതി, പുതിയ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായുള്ള പദ്ധതി, സ്കൂൾ/സർവ്വകലാശാല സഹകരണ സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, നീതി സ്റ്റോറുകൾക്കും/ നീതി മെഡിക്കൽ സ്റ്റോറുകൾക്കും, ജില്ലാതല മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ തുടങ്ങിയവയ്ക്ക് ധനസഹായ പദ്ധതി, സ്വയം സഹായ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, വനിതാ ഫെഡറേഷൻ എന്നിവയ്ക്ക് തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്നതിനും, മോട്ടോർ ട്രാൻസ്പോർട്ട്/ആട്ടോറിക്ഷാ/ടാക്സി ഡ്രൈവർമാരുടെ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, സാഹിത്യ പ്രസാധക സഹകരണ സംഘം, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കും, സഹകരണ ആശുപത്രികൾ/ ഡിസ്പെൻസറികൾ, സഹകരണ ആശുപത്രി അപെക്സ് ഫെഡറേഷൻ, മെച്ചപ്പെട്ട സജ്ജീകരണങ്ങളുള്ള മെഡിക്കൽ ലബോറട്ടറീസ്, ബ്ലഡ് ബാങ്ക് എന്നിവ എല്ലാ താലൂക്ക്, ജില്ലാ ആശുപത്രികളിലും ആരംഭിക്കുന്നതിനും ദുർബ്ബലമായ വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും ഉപകരണസജ്ജമായ മണ്ണു പരീക്ഷണശാലകൾ, വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും അച്ചടി സംഘങ്ങളുടെ പുനരുദ്ധാരണത്തിനുമുള്ള ധനസഹായ പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പ്രത്യേക പ്രോജക്ടുകൾക്കായി നൽകുന്ന ധനസഹായ പദ്ധതി, മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി, സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമുള്ള ധനസഹായ പദ്ധതി, സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായുള്ള ധനസഹായ പദ്ധതി, പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കുവേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായ പദ്ധതി, കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായുള്ള ധനസഹായ പദ്ധതി, കർഷക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ

ആരംഭിച്ച കർഷക സേവന കേന്ദ്രത്തിനുള്ള ധനസഹായ പദ്ധതി, കാർഷിക വിപണനമേഖലയെ ശക്തിപ്പെടുത്തുന്നതിനായി സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി, ഉപഭോക്തൃ ഫെഡറേഷൻ, മൊത്തവ്യാപാര സ്റ്റോർ, ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി, നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ ഇവ ഏറ്റെടുത്തു നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി, സംസ്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് സഹായം, ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി, പ്രാഥമിക വിപണനസംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ദുർബ്ബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി, സഹകരണ സംഘങ്ങളിൽ കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി, പുഷ്പകൃഷി നടത്തുന്ന സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. ധനസഹായ പദ്ധതി, കാർഷികോൽപ്പന്നങ്ങളുടെ ഗുണനിലവാരം, തരംതിരിക്കൽ, കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം തുടങ്ങിയ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്ക് എൻ.സി.ഡി.സി. ധനസഹായ പദ്ധതി, തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ സംയോജിത സഹകരണവികസനം (ഐ.സി.ഡി.പി.) ലക്ഷ്യമാക്കിയുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി, നെൽകൃഷി പലിശ രഹിത വായ്പ പദ്ധതി, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പലിശ രഹിത വായ്പ പദ്ധതി, കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി, എന്നീ ധനസഹായ പദ്ധതികളും കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമും നടപ്പാക്കി വരുന്നു.

(സി) സഹകരണ മേഖലയുടെ വികസനത്തിനായി ആശുപത്രി സഹകരണ സംഘങ്ങൾ, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, കേപ്പ്, ടൂറിസം സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, പലവക വിഭാഗം സംഘങ്ങൾ, മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ, പ്രിന്റിംഗ് സഹകരണ സംഘങ്ങൾ എന്നീ വിഭാഗത്തിലുള്ള സഹകരണ സംഘങ്ങൾക്ക് വിവിധ വികസന പ്രവർത്തനങ്ങൾക്കായി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

സഹകരണ മേഖലയുടെ വികസനത്തിന് സംയോജിത സഹകരണ വികസന പദ്ധതി ഇടുക്കി, പാലക്കാട് ജില്ലകളിൽ ആരംഭിച്ചു. തൃശ്ശൂർ ജില്ലയിൽ 7-ാം സഹകരണ ധനസഹായ പദ്ധതി, സംസ്ഥാന/ജില്ല/പ്രാദേശിക സഹകരണ സംഘങ്ങൾക്ക് മാർജിൻ മണി നൽകുന്നതിനായുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി, സഹകരണ മേഖലയിലെ ദുർബ്ബല കാർഷിക സംസ്കരണ

യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി, പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും എൻ.സി.ഡി.സി. ധനസഹായ പദ്ധതി. സഹകരണ ആശുപത്രികൾ, വനിതാ സഹകരണ സംഘങ്ങൾ, സാഹിത്യ സഹകരണ സംഘങ്ങൾ തുടങ്ങിയ സേവനമേഖലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് എൻ.സി.ഡി.സി. ധനസഹായ പദ്ധതി, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് യന്ത്രങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി, ഗ്രാമീണ പാർപ്പിട പദ്ധതി, വൈദ്യുതീകരണം, ആരോഗ്യം, ആശുപത്രികൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്ക് എൻ.സി.ഡി.സി. ധനസഹായ പദ്ധതി, കാർഷിക മേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. ധനസഹായ പദ്ധതി, സംഭരണശാലകൾ നിർമ്മിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. ധനസഹായ പദ്ധതി, സംസ്ഥാന/ജില്ലാ/പ്രാദേശിക തലത്തിലുള്ള മറ്റ് സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും മാർജിൻ മണി നൽകുന്നതിനായുള്ള എൻ.സി.ഡി.സി ധനസഹായ പദ്ധതി, വിപണന സംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് എൻ.സി.ഡി.സി. കോൺഗ്രസ്/എക്സ്പോ സംഘടിപ്പിക്കുകയുണ്ടായി. സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി 'എന്റെ സംഘം' ക്യാമ്പയിൻ സംഘടിപ്പിച്ചു. എസ്.സി/എസ്.ടി. സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിനും സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും തുക അനുവദിച്ചു. സംഘം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് മാനേജീരിയൽ സബ്സിഡി ഇനത്തിലും തുക അനുവദിച്ചിട്ടുണ്ട്. എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനും തൊഴിൽ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ടിനത്തിലും തുക അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി/വർഗ്ഗ വികസന സഹകരണ ഫെഡറേഷനും അനുബന്ധ സ്ഥാപനങ്ങൾക്കും പ്രവർത്തനത്തിനും ഭരണപരമായ ചെലവുകൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കി. നിക്ഷേപ ഗ്യാരന്റി സ്കീം പരിഷ്കരിച്ചു.

## നോൺ ടീച്ചിംഗ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ തസ്തികകളിലെ നിയമനം

210 (1974) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) CAPE-ൽ നോൺ ടീച്ചിംഗ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ തസ്തികകളിലെ നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയും ഒരു നിയമനവും നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മറ്റ് ജോലികൾക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞതിനാൽ നിയമനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) CAPE-ൽ നോൺ ടീച്ചിംഗ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായുള്ള പി.എസ്.സി. പരീക്ഷയ്ക്കുള്ള ചോദ്യാവലി CAPE-ലെ അദ്ധ്യാപകർ ഉൾപ്പെട്ട ഇന്റേണൽ ഫാക്കൽറ്റിയാണ് തയ്യാറാക്കിയത്. ശേഷം നടത്തിയ ഇന്റർവ്യൂവിൽ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തിയിരുന്നില്ല. സാധാരണ ഇത്തരം പരീക്ഷകളെല്ലാം പുറത്തുള്ള അംഗീകൃത ഏജൻസികൾ മുഖേനയാണ് നടത്താറുള്ളത്. മേൽ കാരണത്താൽ പരീക്ഷാ നടത്തിപ്പിനെതിരെ നിരവധി പരാതികൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിലാണ് നിയമനം നടത്താതിരുന്നത്.

(ബി) പരാതികൾ കൂടുതൽ പരിശോധന ആവശ്യമുള്ളതാണ്.

## സഹകരണ വകുപ്പിന്റെ കീഴിലെ അരിക്കടകൾ

211 (1975) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ റേഷൻ വിഹിതം വെട്ടിക്കുറച്ചതിനെ തുടർന്ന് കേരളത്തിൽ അരിവിലയിൽ ഉണ്ടായ ഉയർച്ച നേരിടുന്നതിനായി സഹകരണ വകുപ്പിന്റെ കീഴിൽ എത്ര അരിക്കടകൾ തുടങ്ങിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അരിക്കടകൾ ആരംഭിച്ച ശേഷം അരി വിലക്കയറ്റം നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ അരിവിലയിലുണ്ടായ ഉയർച്ച നേരിടുന്നതിനായി കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് 678 അരിക്കടകൾ തുടങ്ങിയിട്ടുണ്ട്.

(ബി) അരിക്കടകൾ ആരംഭിച്ച ശേഷം അരിവിലക്കയറ്റം നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അരിക്കടകളുടെ പ്രവർത്തനം ഫലപ്രദമാണ്. ഇതിന് പൊതുജനങ്ങൾക്കിടയിൽ നല്ല സ്വീകരണമാണ് ലഭിച്ചിട്ടുള്ളത്. ജയ അരിയുടെ വില പൊതുവിപണിയിൽ 50 രൂപയിൽ നിന്നും 32 രൂപയിലേക്കും കുറുവ അരിയുടെ വില 46 രൂപയിൽ നിന്നും 36 രൂപയിലേക്കും മറ്റ് അരി ഇനങ്ങളുടെ വില ഗണ്യമായ തോതിലും കുറഞ്ഞിട്ടുണ്ട്. ഒപ്പം സുവർണ്ണമസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

## സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്നവർ റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗം

212 (1976) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്നവരെ സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗമാക്കണമെന്ന എന്തെങ്കിലും നിർദ്ദേശം സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് എല്ലാ സഹകരണ സംഘങ്ങളും പാലിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശം പാലിക്കാത്ത സഹകരണ ബാങ്കുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടിക്ക് കർശന നിർദ്ദേശം നല്കുമോ?

<u>ഉത്തരം</u>

(എ) വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്നവരെ റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗമാക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇത് എല്ലാ സഹകരണ സംഘങ്ങളും പാലിക്കുന്നുണ്ടോ എന്ന കാര്യം

പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിൽ ബഹുഭൂരിഭാഗവും റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങളെ ചേർത്തുവരുന്നുണ്ട്.

(സി) പ്രസ്തുത നിർദ്ദേശം പാലിക്കാത്ത സഹകരണ ബാങ്കുകൾക്കെതിരെ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല. റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങളെ ഉൾപ്പെടുത്തണമെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## സഹകരണ സ്ഥാപനങ്ങൾ വഴി സിമന്റ് ലഭ്യമാക്കാൻ നടപടി

213 (1977) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ വഴി സിമന്റ് വിതരണം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) നിർമ്മാണ സാമഗ്രികൾ സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ സഹകരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഭാവിയിൽ പരിഗണിക്കാവുന്നതാണ്.

## ജില്ലാ സഹകരണ ബാങ്ക് ഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുപ്പ്

214 (1978) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കിന്റെ ഭരണസമിതി പിരിച്ചുവിടപ്പെട്ട സാഹചര്യത്തിൽ ഉടൻ തിരഞ്ഞെടുപ്പ് പ്രക്രിയകൾ ആരംഭിക്കുമോ;അതോ അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഓർഡിനൻസിലെ വ്യവസ്ഥപ്രകാരം പരമാവധി ഒരു വർഷംവരെയാണ് അഡ്മിനിസ്ട്രേറ്റർക്ക് തുടരാൻ വ്യവസ്ഥയുള്ളത്. അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുന്നത്.

(ബി) ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുന്നത്.

**ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികൾ പിരിച്ചുവിടൽ**

215 (1979) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതികൾ പിരിച്ച് വിട്ടത് ഏതെങ്കിലും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണോയെന്ന് അറിയിക്കാമോ;

(ബി) അല്ലെങ്കിൽ പിരിച്ച് വിടാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രാഥമിക സഹകരണ സംഘങ്ങളെ ജില്ലാ സഹകരണ ബാങ്കുകളുടെ അഫിലിയേഷനിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) സർക്കാർ ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികൾ പിരിച്ചുവിട്ടത് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല.

(ബി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമായി നിലവിലുള്ള കേന്ദ്ര സഹകരണ സംഘമാണ് ജില്ലാ സഹകരണ ബാങ്കുകൾ. ആയതിനാലാണ് 4/17 നമ്പർ ഓർഡിനൻസ് പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ വോട്ടവകാശമുള്ള അംഗത്വം PACS-നും അർബൻ ബാങ്കുകൾക്കുമായി പരിമിതപ്പെടുത്തിയത്.

(സി) പ്രാഥമിക സഹകരണ സംഘങ്ങളെ ജില്ലാ സഹകരണ ബാങ്കുകളുടെ അഫിലിയേഷനിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ല. PACS, അർബൻ ബാങ്ക് എന്നിവയൊഴികെയുള്ള പ്രാഥമിക സഹകരണ സംഘങ്ങളെ നാമമാത്ര അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വോട്ടവകാശത്തിനുള്ള അർഹത നഷ്ടപ്പെടും.

## ജില്ലാ സഹകരണ ബാങ്ക് അംഗത്വത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടവർ

216 (1980) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ ഏതെല്ലാം സഹകരണ ബാങ്കുകൾ അംഗത്വം നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്;

(ബി) ഏതെങ്കിലും തരത്തിലുള്ള സഹകരണ ബാങ്കുകളെ അംഗത്വത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗത്തിലുള്ള സഹകരണ ബാങ്കുകളെയാണ് ഒഴിവാക്കിയിട്ടുള്ളത്;

(സി) കാർഷിക ഗ്രാമ വികസന ബാങ്കുകളെ അംഗത്വം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണം; ഇവയെ ഉൾപ്പെടുത്തുന്നതിനായി ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമാണ് ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം നൽകാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും ഒഴികെയുള്ള ഇതര വിഭാഗത്തിൽപ്പെട്ട എല്ലാ സംഘങ്ങൾ/ ബാങ്കുകളേയും വോട്ടവകാശമുള്ള അംഗത്വത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) കാർഷിക ഗ്രാമ വികസന ബാങ്കുകളെ വോട്ടവകാശമുള്ള അംഗത്വം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (PACS) അപെക്സ് ബാങ്കാണ് ജില്ലാ സഹകരണ ബാങ്ക്. ഇവയെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

## സംയോജിത സഹകരണ വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

217 (1981) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ജില്ലകളിലാണ് സംയോജിത സഹകരണ വികസന പദ്ധതി നടപ്പിലാക്കി വരുന്നത്;

(ഡി) പ്രസ്തുത പദ്ധതിയിൻ കീഴിൽ മാനവശേഷി വികസനം, പരിശീലനം, പ്രോത്സാഹനം എന്നിവയ്ക്ക് സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ഒരു പ്രദേശത്തിന്റെ സമഗ്രവികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.). സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, കാർഷികവും അനുബന്ധമേഖലകളിലുമുള്ള ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനം, നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തൽ, സഹകരണമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവവിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകൽ എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ഇടുക്കി, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. തൃശ്ശൂർ ജില്ലയിൽ ഉടൻ പ്രവർത്തനം ആരംഭിക്കും.

(ഡി) മാനവശേഷി വികസനം, പരിശീലനം, പ്രോത്സാഹനം എന്നിവയ്ക്ക് സംയോജിത സഹകരണ വികസന പദ്ധതിയിൽ സബ്സിഡി തുക വകയിരുത്തിയിട്ടുണ്ട്. പ്രോജക്ട് ഇംപ്ലിമെന്റേഷൻ ടീം നേരിട്ട് പരിശീലന പരിപാടികൾക്ക് ടി തുകയിൽ നിന്നും ചെലവഴിക്കുകയാണ് ചെയ്യുന്നത്.

**തൃശ്ശൂർ ജില്ലയിലെ പുത്തൂർ സഹകരണ ബാങ്കിൽ നടന്ന ക്രമക്കേട്**

218 (1982) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പുത്തൂർ സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ; എങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ക്രമക്കേടുകൾ നടന്നിരുന്ന സമയത്ത് കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണോ പുത്തൂർ സഹകരണ ബാങ്ക് ഭരിച്ചിരുന്നത്;

(സി) പുത്തൂർ സഹകരണ ബാങ്കിലെ സഹകാരികളുടെ നിക്ഷേപവും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനും ക്രമക്കേട് നടത്തിയവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സഹകരണ നിയമം 65 പ്രകാരം അന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിൽ പ്രധാനമായും താഴെപ്പറയുന്ന ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്.

1. ബാങ്ക് നൽകിയ വായ്പകളിലെ ക്രമക്കേടുകൾ.
2. വകുപ്പുതല അനുമതി കൂടാതെ ആസ്തികൾ സമ്പാദിച്ചത്.
3. നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരമുള്ള നിരക്കിൽ അധികരിച്ച് പലിശ നൽകിയത്.

(ബി) അതെ.

(സി) സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണം പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 68 പ്രകാരം സർചാർജ്ജ് നടപടികൾ സ്വീകരിച്ചിട്ടുള്ളതും അന്ന് നിലവിൽ ഉണ്ടായിരുന്ന ഭരണസമിതിയെ നീക്കം ചെയ്തിട്ടുള്ളതുമാണ്.

## അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ അനിൽ അക്കരയുടെ വായ്പ എഴുതിത്തള്ളി എന്ന പരാതി

219 (1983) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ അനിൽ അക്കരയുടെ വായ്പ എഴുതിത്തള്ളി എന്ന പരാതിയിൽ സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ നിയമസഭാംഗത്തിനെതിരെ അന്വേഷണം നടത്തുന്നതിന് മുമ്പായി നിയമസഭാസ്പീക്കറുടെ അനുമതി വാങ്ങിയിട്ടുണ്ടോ;അനുമതി ഉത്തരവിന്റെ പകർപ്പും അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ പേരും പദവിയും വ്യക്തമാക്കുമോ;

(സി) തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും മുൻ നിയമസഭാ സാമാജികനായ ശ്രീ.ബാബു എം പാലിശ്ശേരി എന്ന ശങ്കരനാരായണനോ അല്ലെങ്കിൽ ബാങ്കിലെ ജീവനക്കാരിയായ ഭാര്യ ശ്രീമതി. ഇന്ദിരാ പ്രിയദർശിനിയോ ഏതെങ്കിലും വായ്പ എടുത്തിട്ടുണ്ടോ;ഉണ്ടെങ്കിൽ ഈ വായ്പയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) അനിൽ അക്കരയ്ക്ക് നൽകിയിട്ടുള്ള വായ്പയ്ക്ക് സർക്കാരിന്റെ വിവിധ ഉത്തരവുകൾ പ്രകാരം പലിശ ഇളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പലിശ ഇളവ് നിയമാനുസൃതമാണോ;ഏത് ബ്രാഞ്ചിൽ നിന്നുമാണ് പലിശ ഇളവ് നൽകിയിട്ടുള്ളത്;ഈ ബ്രാഞ്ച് മാനേജരുടെ പേരു വിവരം വ്യക്തമാക്കുമോ;

(ഇ) വായ്പ സംബന്ധിച്ച കേസ്സുകളിൽ സഹകരണ ആർബിട്രേഷൻ കോടതിവിധി പറഞ്ഞതിനുശേഷം വീണ്ടും ആ തുകയ്ക്ക് പലിശ ഈടാക്കുന്നതിന് നിയമമുണ്ടോ;അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ ഇത്തരത്തിൽ ഏതെങ്കിലും കേസ്സിൽ പലിശ ഈടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും തുക ഈടാക്കിയ ജീവനക്കാരന്റെ പേരും പദവിയും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മുകളിൽ (എ) ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ഉണ്ട്. ശ്രീ. ബാബു എം. പാലിശ്ശേരിയുടെ ഭാര്യയും ടി ബാങ്കിലെ ജീവനക്കാരിയുമായ ശ്രീമതി ഇന്ദിര പ്രിയദർശിനി ടി ബാങ്കിലെ ജീവനക്കാർക്ക് അനുവദിക്കുന്ന 1,00,000 രൂപയുടെ എംപ്ലോയീസ് ഓവർഡ്രാഫ്റ്റ് വായ്പ എടുത്തിട്ടുണ്ട്.

(ഡി) പലിശ ഇളവ് നൽകിയിട്ടുണ്ട്. ആയത് നിയമാനുസൃതമാണ്. മുതുവറ ബ്രാഞ്ചിൽ നിന്നുമാണ് പലിശ ഇളവ് നൽകിയിട്ടുള്ളത്.

ബ്രാഞ്ച് മാനേജരുടെ പേര് ശ്രീമതി ഇന്ദിര പ്രിയദർശിനി.

(ഇ) ധനസംബന്ധമല്ലാത്ത കേസ്സുകളിൽ മാത്രമാണ് ആർബിട്രേഷൻ കോടതിവിധി പറയുന്നത്. ധനസംബന്ധമായ കേസ്സുകൾ തീർപ്പാക്കുന്നത്

ആർബിട്രേറ്റർമാരാണ്. ആർബിട്രേറ്റർമാർ പുറപ്പെടുവിക്കുന്ന അവാർഡുകളിൽ പറയുന്ന വ്യവസ്ഥ പ്രകാരമാണ് അവാർഡ് തുകയ്ക്കു മേൽ പലിശ ഈടാക്കുന്നത്. അല്ലാതെ ഇതിന് പ്രത്യേക നിയമമില്ല. അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ സംവിധാനങ്ങളെ ദുരുപയോഗപ്പെടുത്തി കണക്കുകളിൽ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതിനാലും കമ്പ്യൂട്ടറിലെ രേഖകളിൽ അപാകതകൾ ഉള്ളതിനാലും ടി ബാങ്കിൽ ഇത്തരത്തിൽ പലിശ കണക്കാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

## അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പാ പലിശയിളവ് ലഭിച്ച വ്യക്തികൾ

220 (1984) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 2005-2006 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സർക്കാരിന്റെ വിവിധ ഉത്തരവുകൾ പ്രകാരം വായ്പയ്ക്ക് പലിശ ഇളവ് ലഭിച്ച വ്യക്തികളുടെ പേരും തുകയും വ്യക്തമാക്കുമോ;

(ബി) ഈ ബാങ്കിൽ നിന്നും ലോൺ എടുത്തിട്ടുള്ള പരേതയായ കെ. പി. മേരി, അക്കരപട്ടിയേയ്ക്കൽ വീട്, പുറനാട്ടുകര എന്ന ഓഹരി ഉടമയ്ക്ക് 2010-ൽ സഹകരണ ആർബിട്രേഷൻ വിധി അനുസരിച്ച് അടയ്ക്കേണ്ടതായ ആകെ തുക എത്രയെന്ന് വ്യക്തമാക്കുമോ:

(സി) ഈ കേസ്സിൽ ആർബിട്രേഷൻ കോടതി വിധി പറഞ്ഞിട്ടുള്ളത് വായ്പ എടുത്തിട്ടുള്ള കെ. പി. മേരിയുടെ വാദം കേട്ടിട്ടാണോ; എങ്കിൽ ഈ വിധിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 23-12-2010-ൽ എ.ആർ.സി. നമ്പർ 3074/2010 പ്രകാരം അവാർഡ് പുറപ്പെടുവിച്ചപ്പോൾ മുതലും പലിശയുമടക്കം 7,69,243 രൂപയാണ് അടയ്ക്കേണ്ടിയിരുന്നത്.

(സി) ഈ കേസ്സിൽ ആർബിട്രേറ്റർ മുമ്പാകെ ശ്രീമതി കെ. പി. മേരി

ഹാജരായിട്ടില്ല.

**നോട്ട് അസാധുവാക്കൽ പ്രക്രിയയിലൂടെ സഹകരണമേഖല നേരിട്ട ബുദ്ധിമുട്ടുകൾ**

221 (1985) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നോട്ട് അസാധുവാക്കൽ തീരുമാനം സഹകരണമേഖലയെ എപ്രകാരം ബാധിച്ചുവെന്നും അതുണ്ടാക്കിയ പ്രതിസന്ധികൾ എന്തെല്ലാമെന്നും ഇതുമൂലം സഹകരണ മേഖലയിൽ വന്ന നിക്ഷേപത്തിന്റെ കുറവും നിക്ഷേപം പിൻവലിക്കലും പ്രസ്തുത മേഖലയെ എപ്രകാരം ബാധിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽനിന്നും സഹകരണമേഖലയെ സംരക്ഷിക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണമേഖല നോട്ട് അസാധുവാക്കൽ പ്രക്രിയയിലൂടെ നേരിട്ട ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്നും ഇത് ജനങ്ങളെ എപ്രകാരം ബുദ്ധിമുട്ടിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) സഹകരണമേഖലയിലെ നിക്ഷേപ സമാഹരണം മെച്ചപ്പെടുത്തി പ്രസ്തുത മേഖലയെ സംപുഷ്ടീകരിക്കാനും അതിലൂടെ മെച്ചപ്പെട്ട പ്രവർത്തനം ജനങ്ങൾക്ക് നൽകുവാനും എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 8-11-2016 അർദ്ധരാത്രി മുതൽ സഹകരണ സംഘങ്ങൾക്ക് അവരുടെ പക്കലുള്ള 500, 1000 രൂപ കറൻസികൾ കൈമാറ്റം ചെയ്യാൻ സാധിക്കാത്ത അവസ്ഥ സംജാതമായി. 9-11-2016-ന് സഹകരണ സംഘങ്ങളിൽ സാമ്പത്തിക ഇടപാടുകൾ നടന്നിട്ടില്ല. 10-11-2016 മുതൽ 14-11-2016 വരെ പ്രാഥമിക സഹകരണ സംഘങ്ങൾ സ്വീകരിച്ച 500, 1000 കറൻസികൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ഒരാഴ്ചയിൽ 24,000 രൂപ മാത്രമേ ഒരു അക്കൗണ്ടിൽ നിന്നും പിൻവലിക്കാൻ കഴിഞ്ഞുള്ളൂ. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തുച്ഛമായ ഈ തുക തികച്ചും അപര്യാപ്തമായിരുന്നു. ഒരു പ്രാഥമിക

സംഘത്തിൽ ശരാശരി പതിനായിരത്തോളം ഇടപാടുകാരുണ്ട്. സാധുവായ കറൻസി ഉപയോഗിച്ച് (പുതിയ 2000 നോട്ടുൾപ്പെടെ) നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ പ്രധാന ബിസിനസ്സായ വായ്പാവിതരണവും തിരിച്ചടവും നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു.

വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെ (കൺസ്യൂമർ സ്റ്റോർ, നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, വളം ഡിപ്പോ, ക്ലിനിക്കൽ ലാബ് തുടങ്ങിയവ) പ്രാഥമിക സംഘങ്ങൾ നടത്തുന്ന ദൈനംദിന പ്രവർത്തനങ്ങളെല്ലാം ബുദ്ധിമുട്ടിലായി. വിവാഹം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ആളുകൾക്ക് വായ്പാതുക യഥാസമയം നൽകുവാൻ സാധിച്ചിട്ടില്ല. കെട്ടിട നിർമ്മാണം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി സംഘങ്ങളിൽ നിന്നും നിക്ഷേപ തുക പിൻവലിക്കാനാകാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. കാർഷിക വായ്പാ വിതരണവും തിരിച്ചടവും പൂർണ്ണമായും നിലച്ചത് കർഷകരെയും ദുരിതത്തിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം വന്നു. ഇത് പ്രാഥമിക സംഘങ്ങൾക്ക് പലിശ നഷ്ടത്തിന് കാരണമായി. സഹകരണ ബാങ്കിലെ സ്വർണ്ണപ്പണയം ഉൾപ്പെടെയുള്ള വായ്പകൾക്ക് പണം നൽകാൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞില്ല. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തതിനാൽ ജനജീവിതം ദുരിത പൂർണ്ണമായിത്തീർന്നു.

(ബി) പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി. (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കാൻ അനുവദിച്ചു. പ്രാഥമിക സഹകരണ സംഘത്തിൽ ഇടപാടുകാരനുള്ള അക്കൗണ്ടിൽ നിന്നും അക്കൗണ്ട് ഉടമ ആവശ്യപ്പെടുന്ന തുക ജില്ലാ സഹകരണ ബാങ്കിലുള്ള അയാളുടെ അക്കൗണ്ടിലേയ്ക്ക് നൽകി, ആഴ്ചയിൽ 24,000 രൂപയോ, റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിയിലുള്ള തുകയോ ഇടപാടുകാരന് പിൻവലിക്കാവുന്നതും ചെക്ക്, ഡ്രാഫ്റ്റ് ഇടപാടുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. എന്നിവ ഉപയോഗിച്ച് ആവശ്യമായ തുക ഇടപാടുകാർ നിർദ്ദേശിക്കുന്ന വ്യക്തിക്ക്/സ്ഥാപനങ്ങൾക്ക്

നൽകാൻ നിർദ്ദേശം നൽകി. കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ തുടർന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുകയും കർഷകർക്ക് അനുവദിക്കുന്ന വായ്പാത്തുക മേൽ വിവരിച്ച രീതിയിൽ ആരംഭിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലുള്ള പ്രാഥമിക സംഘത്തിലെ അംഗങ്ങളുടെ/കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തുനൽകുകയും അംഗങ്ങളെ/കർഷകരെ അതിൽ നിന്നും പിൻവലിക്കുന്നതിന് അനുവദിക്കുന്നതിന് നിർദ്ദേശിച്ചു. പ്രാഥമിക സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിലൂടെ അംഗങ്ങൾക്ക് തുടർന്നും ഇടപാടുകൾ നടത്തുന്നതിനും നിക്ഷേപം സ്വീകരിക്കുന്നതിനും വായ്പാ തിരിച്ചടവ് നടത്തുന്നതിനും അനുവദിച്ചു. ഇപ്രകാരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിലെ ഇടപാടുകാരന് അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ടി വരുന്ന ചെലവ് ജില്ലാ സഹകരണ ബാങ്ക് വഹിക്കുവാൻ തീരുമാനിച്ചു. ഈ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നേരിടുന്ന കറൻസി ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള താൽക്കാലിക സംവിധാനമായിരിക്കുമെന്നും നിർദ്ദേശം നൽകി.

(സി) നോട്ട് അസാധുവാക്കൽ പ്രക്രിയയിലൂടെ സംഘങ്ങളുടെ പ്രധാന ബിസിനസ്സായ വായ്പാ വിതരണവും, തിരിച്ചടവും നിക്ഷേപവും ഉൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. കാർഷിക വായ്പാ വിതരണവും തിരിച്ചടവും നിലച്ചത് കർഷകരെ ദുരിതത്തിലാക്കി. വായ്പേതര പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങി. കെട്ടിടനിർമ്മാണം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി നിക്ഷേപ തുക പിൻവലിക്കാനാകാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തതിനാൽ ജനജീവിതം ദുരിതപൂർണ്ണമായിത്തീർന്നു.

(ഡി) നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 1720682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ

സമാഹരണ യജ്ഞം നടത്തി.

**പ്രാഥമിക ജില്ലാ സഹകരണ ബാങ്കുകൾ തമ്മിൽ കോർബാങ്കിംഗ്**

222 (1986) ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. കെ. ദാസൻ:

ശ്രീ. പി. കെ. ശശി:

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക, ജില്ലാ സഹകരണ ബാങ്കുകൾ തമ്മിൽ 2017 മാർച്ച് 31-ന് മുമ്പായി കോർബാങ്കിംഗ് പൂർത്തിയാക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ ഇറക്കിയിട്ടുണ്ടോ;

(സി) ഈ നിർദ്ദേശംമൂലം പ്രസ്തുത ബാങ്കുകൾ കാർഷിക വായ്പകൾ നൽകുന്നത് മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി&ഡി) ബാധകമല്ല.

**ഒല്ലൂർ വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ**

223 (1987) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എതെല്ലാം സംഘങ്ങൾക്കാണ് ഒന്നിലധികം ശാഖകളുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ രണ്ട് വിവിധോദ്ദേശ്യ സഹകരണ

സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. ആശാരിക്കാട് ഗ്രാമീണ മൾട്ടി പർപ്പസ് സഹകരണ സംഘം ആർ. 1019
2. തൃശ്ശൂർ ജില്ലാ ഫാമിലി വെൽഫെയർ, മൾട്ടി പർപ്പസ് സഹകരണ സംഘം ആർ.666

(ബി) ആശാരിക്കാട് ഗ്രാമീണ മൾട്ടി പർപ്പസ് സഹകരണ സംഘം ആർ. 1019-ന് ഒരു ശാഖ മാത്രം പ്രവർത്തിക്കുന്നുണ്ട്. ഒന്നിലധികം ശാഖകൾ ഇല്ല.

**തൃശ്ശൂർ അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്ക് ക്രമക്കേട്**

224 (1988) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സഹകരണബാങ്ക് ഭരണസമിതിയെ സസ്പെൻഡ് ചെയ്ത് ചുമതലകളിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മാസത്തേക്കാണ് മാറ്റി നിർത്തിയിട്ടുള്ളത്;

(സി) ഭരണസമിതിയെ മാറ്റി നിർത്താൻ എന്തെല്ലാം ക്രമക്കേടുകൾ ബാങ്കിൽ നടന്നതായിട്ടാണ് സഹകരണ വകുപ്പ് കണ്ടെത്തിയിട്ടുള്ളത്;വിശദാംശം വ്യക്തമാക്കുമോ;

(ഡി) ക്രമക്കേട് നടത്തിയവർക്കെതിരെ, കർശന നടപടി സ്വീകരിച്ച് ജനങ്ങളുടെ നിക്ഷേപം സംരക്ഷിക്കുന്നതിനും ബാങ്കിനെ ജനോപകാരപ്രദമാക്കി മാറ്റുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആറ് മാസത്തേയ്ക്കാണ് മാറ്റി നിർത്തിയിട്ടുള്ളത്.

(സി) ബാങ്കിന്റെ അംഗത്വ രജിസ്റ്ററിൽ കൃത്രിമം കാണിച്ച് അനർഹരെ ഉൾപ്പെടുത്തി നിയമ വിരുദ്ധമായി വായ്പകൾ നൽകിയിട്ടുള്ളതായും സോഫ്റ്റ്‌വെയർ സംവിധാനങ്ങളെ ദുരുപയോഗപ്പെടുത്തി കണക്കുകളിൽ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായും ബാങ്കിന്റെ നിയമാവലി വ്യവസ്ഥകൾക്ക് വിരുദ്ധമായി വായ്പാ

വിതരണവും തിരിച്ചടവിൽ ഇളവ് അനുവാദവും നൽകിയതായും കണ്ടെത്തിയിട്ടുണ്ട്.

(ഡി) ബാങ്കിന്റെ നിലവിലുണ്ടായിരുന്ന ഭരണസമിതിയെ ആറ് മാസത്തേയ്ക്ക് മാറ്റി നിർത്തിയിട്ടുണ്ട്. ബാങ്കിൽ നടന്ന ക്രമക്കേടുകളെ കുറിച്ച് വിശദമായ അന്വേഷണത്തിന് തീരുമാനിച്ചിട്ടുണ്ട്.

## തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്

225 (1989) ശ്രീ. അനിൽ അക്കര :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിനെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം താൽക്കാലികമായി മാറ്റി നിർത്തിയ ഉത്തരവ് നടപ്പാക്കിയത് സഹകരണ നിയമം അനുസരിച്ചുള്ള ചട്ടങ്ങൾ പാലിച്ചാണോ;

(ബി) സഹകരണ നിയമം വകുപ്പ് 32 പ്രകാരമുള്ള ഉത്തരവ് ജോയിന്റ് രജിസ്ട്രാർ ആഫിസിലാണോ ടൈപ്പ് ചെയ്തിട്ടുള്ളത് ; ആണെങ്കിൽ പ്രസ്തുത ഉത്തരവ് ടൈപ്പ് ചെയ്ത ഉദ്യോഗസ്ഥന്റെ പേരും പദവിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) അതെ.

(ബി) ഉത്തരവ് ജോയിന്റ് രജിസ്ട്രാർ (ജനറൽ) തൃശ്ശൂർ ആഫീസിലാണ് തയ്യാറാക്കിയിട്ടുള്ളത്.

| | | |
|---|---|---|
| ഉദ്യോഗസ്ഥന്റെ പേര് | - | ശ്രീനാഥ് പി. പി. |
| പദവി | - | എൽ.ഡി. ടൈപ്പിസ്റ്റ് |

## തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ജീവനക്കാർ

226 (1990) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിലെ സ്ഥിര ജീവനക്കാരിൽ ഏതെല്ലാം ജീവനക്കാരുടെ നിയമനം സർക്കാർ അംഗീകരിച്ചിട്ടില്ല

എന്ന് പേരും പദവിയും സഹിതം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ 1999-ലെ ക്ലാസിഫിക്കേഷൻ അനുസരിച്ച് 52 തസ്തികകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ സംഘത്തിൽ 38 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. തസ്തികകൾ ഇല്ലാതെ തന്നെ ചുവടെപ്പറയുന്ന ജീവനക്കാരെ ഭരണസമിതി നിയമിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1. സനീഷ് തോമസ് | - | ക്ലാർക്ക് |
| 2. ആനി. ടി. ഒ. | - | ക്ലാർക്ക് |
| 3. എ. ഷീജ. | - | ക്ലാർക്ക് |
| 4. സ്വപ്ന ബൈജു | - | ക്ലാർക്ക് |
| 5. പി. ആർ. പ്രദീപ് കുമാർ. | - | പ്യൂൺ |
| 6. മനോജ് ജോസ് | - | പ്യൂൺ |
| 7. എ. പി. ഫിലിപ്പ് | - | പ്യൂൺ |
| 8. ഷോണി. സി. ഒ. | - | പ്യൂൺ |
| 9. പ്രമോദ്. പി. കെ. | - | പ്യൂൺ |
| 10. കെ. ആർ. അജയകുമാർ | - | പ്യൂൺ |
| 11. എൻ. വി. ബോസ് | - | സെയിൽസ്മാൻ |
| 12. ദിനേഷ് കുമാർ ഇ. കെ. | - | സെയിൽസ്മാൻ |
| 13. സുരേഷ്. എ. കെ. | - | സെയിൽസ്മാൻ |

**സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്രമക്കേടുകൾ**

227 (1991) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ

എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ക്രമക്കേട് സംബന്ധിച്ച് ഒരു റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സുൽത്താൻ ബത്തേരി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ അനധികൃത നിയമനങ്ങൾ സംബന്ധിച്ച് ലഭിച്ച പരാതികൾ രജിസ്ട്രാർ ഓഫീസിലെ ഇൻസ്പെക്ഷൻ വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്) എന്നിവർ സംയുക്തമായി അന്വേഷിച്ച് റിപ്പോർട്ട് രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സുൽത്താൻ ബത്തേരി താലൂക്ക് പ്രാഥമിക സഹകരണ ബാങ്കിന്റെ 2015-16 വർഷത്തെ ആഡിറ്റിനോടനുബന്ധിച്ച് സമർപ്പിച്ചിട്ടുള്ള സ്പെഷ്യൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വയനാട് ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം ബാങ്കിൽ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നുവരുന്നു. വിജിലൻസ് അന്വേഷണം വേണമെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ആയതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

## കൺസ്യൂമർഫെഡിന്റെ സൂപ്പർമാർക്കറ്റുകളും കടവും ലാഭവും

228 (1992) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കൺസ്യൂമർ ഫെഡിന്റെ കടം എത്രയായിരുന്നു;

(ബി) ഇപ്പോൾ കൺസ്യൂമർ ഫെഡ് ലാഭത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ടോ; നിലവിൽ കടങ്ങൾ ഉണ്ടോ:

(സി) കൺസ്യൂമർ ഫെഡ് നിലവിൽ സൂപ്പർ മാർക്കറ്റുകൾ നടത്തുന്നുണ്ടോ; സംസ്ഥാനത്ത് എത്ര എണ്ണം ഉണ്ട്;

(ഡി) എല്ലാ ജില്ലകളിലും കൺസ്യൂമർ ഫെഡിന്റെ സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കൺസ്യൂമർഫെഡിന്റെ

ബാധ്യത 991.70 കോടി രൂപയായിരുന്നു.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർഫെഡിന് താൽക്കാലിക കണക്കുകൾ പ്രകാരം 64.78 കോടി രൂപ പ്രവർത്തന ലാഭം ഉണ്ടായിട്ടുണ്ട്. നിലവിൽ 936.02 കോടി രൂപയുടെ ബാധ്യതയുണ്ട്.

(സി) കൺസ്യൂമർഫെഡ് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ നടത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് 204 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൺസ്യൂമർ ഫെഡറേഷന്റെ സൂപ്പർ മാർക്കറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | ത്രിവേണി സൂപ്പർ മാർക്കറ്റുകൾ |
|---|---|
| തിരുവനന്തപുരം | 17 |
| കൊല്ലം | 27 |
| പത്തനംതിട്ട | 13 |
| ഇടുക്കി | 10 |
| ആലപ്പുഴ | 19 |
| കോട്ടയം | 13 |
| എറണാകുളം | 18 |
| തൃശ്ശൂർ | 17 |
| പാലക്കാട് | 14 |
| മലപ്പുറം | 17 |
| കോഴിക്കോട് | 19 |
| വയനാട് | 3 |
| കണ്ണൂർ | 10 |
| കാസർഗോഡ് | 7 |
| ആകെ | 204 |

## പൈതൃക പരിസ്ഥിതി വിനോദസഞ്ചാര മേഖലകൾ

229 (T* 1993) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൈതൃക പരിസ്ഥിതി വിനോദസഞ്ചാര മേഖലകളെ വികസിപ്പിക്കുന്നതിനും അതുവഴി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലെ പൈതൃക പരിസ്ഥിതി വിനോദസഞ്ചാരമേഖലകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) കേരളത്തിലെ പ്രധാന ഗുഹാക്ഷേത്രങ്ങളും പ്രസ്തുത ക്ഷേത്രങ്ങളിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(ഡി) പൈതൃക പരിസ്ഥിതി വിനോദസഞ്ചാര മേഖലകളിൽ ആവശ്യത്തിന് യാത്രാ സൗകര്യവും വിനോദസഞ്ചാരികൾക്ക് താമസിക്കുന്നതിനുവേണ്ട സൗകര്യങ്ങളും നടപ്പിലാക്കുമോ; ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഇത്തരമൊരു പദ്ധതി ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ പൈതൃക പദ്ധതിയിൽ ഉൾപ്പെട്ട മുസിരിസ് പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി എന്നിവ നടപ്പാക്കി വരുന്നു

(ബി) മുസിരിസ് പൈതൃക പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായതിനെത്തുടർന്ന് അതിന്റെ ഉൽഘാടനം 27-2-2016 ന് <u>ബഹു.</u> ഇന്ത്യൻ പ്രസിഡന്റ് നിർവ്വഹിക്കുകയുണ്ടായി. രണ്ടാംഘട്ടം വികസന പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. തലശ്ശേരി പൈതൃക പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ആലപ്പുഴ പൈതൃക പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടി ആരംഭിച്ചുകഴിഞ്ഞു.

(സി) ഗുഹാക്ഷേത്രങ്ങൾ ടൂറിസം വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. എന്നാൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലേക്കായി ബ്രോഷറുകൾ മറ്റ് പ്രചരണ ഉപാധികൾ എന്നിവ ഉൾപ്പെടുത്തി വിപണനം നടത്തി വരുന്നു.

(ഡി) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**ബി.ആർ.ഡി.സി.-ക്ക് ബജറ്റിൽ വകയിരുത്തിയ തുക**

230 (1994) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ബി.ആർ.ഡി.സി.-ക്ക് ബജറ്റിൽ

എത്ര തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) പ്രസ്തുത തുക എന്തിനുവേണ്ടി ചെലവഴിക്കാനായിരുന്നു ബജറ്റ് നിർദ്ദേശം; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) തുക ബജറ്റ് പരാമർശ പ്രകാരം ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) ബേക്കലിന്റേയും സമീപ പ്രദേശങ്ങളുടേയും വിനോദസഞ്ചാര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഏജൻസിയാണ് ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. സൗത്ത് ബീച്ച് പാർക്ക് നവീകരണം, സർവ്വീസ് റോഡ് നിർമ്മാണം, ജലപദ്ധതി നടത്തിപ്പ്, വൈദ്യുതീകരണം, മാലിന്യ നിർമ്മാർജ്ജനം, ഭരണ പരിശീലന ബ്ലോക്ക് നിർമ്മാണം എന്നിവയ്ക്കായി 2016-17 വാർഷിക ബജറ്റിൽ ബി.ആർ.ഡി.സി.-ക്ക് 150 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(സി) 2016-17 വർഷം ബി.ആർ.ഡി.സി.-യ്ക്കുള്ള share capital contribution ഇനത്തിൽ വകയിരുത്തിയിരുന്ന 150 ലക്ഷം രൂപ Tourism promotion/ marketing പരിപാടികൾക്കായി വിനിയോഗിക്കുന്നതിന് ബി.ആർ.ഡി.സി. നിർദ്ദേശിച്ചിരുന്നെങ്കിലും share capital ഇനത്തിൽ കോർപ്പറേഷന് വകയിരുത്തിയിട്ടുള്ള തുക പ്രസ്തുത ആവശ്യങ്ങൾക്ക് വക മാറ്റി ചെലവഴിക്കാൻ അനുവദനീയമല്ലാത്തതിനാൽ തുക ചെലവഴിക്കാൻ സർക്കാർ അനുമതി നൽകിയില്ല.

## ഉത്തര കേരളത്തിലെ നദികൾ ഉൾപ്പെടുന്ന റിവർ ക്രൂയിസ് ടൂറിസം സർക്യൂട്ട്

231(1995) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ നദികൾ ഉൾപ്പെടുന്ന റിവർക്രൂയിസ് ടൂറിസം സർക്യൂട്ട് പദ്ധതിക്കായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;വിശദാംശം നൽകുമോ?

ഉത്തരം

കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തരകേരളത്തിലെ നദികൾ ഉൾപ്പെടുന്ന "റിവർ ക്രൂയിസ് ടൂറിസം സർക്യൂട്ട്" പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പുഴകളിലൂടെയും

കായലുകളിലൂടെയുമുള്ള വിനോദസഞ്ചാരവും വടക്കൻ കേരളത്തിലെ കലയും സംസ്കാരവും യോജിപ്പിച്ച് കൊണ്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് ലക്ഷ്യമിടുന്നത്. ഇതിന് മുന്നോടിയായി ഈ പ്രദേശങ്ങൾ ഉൾപ്പെട്ടുവരുന്ന ജനപ്രതിനിധികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളിൽ നിന്നും അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നതിനും അതുവഴി പദ്ധതിരേഖ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗ്രാമീണ ടൂറിസത്തിന് പ്രാധാന്യം നൽകൽ**

232 (1996) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലകളിലെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഉതകുന്നവിധത്തിൽ ടൂറിസം മേഖലയിൽ എന്തെല്ലാം കർമ്മപദ്ധതികളാണ് നിലവിൽ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നഗരകേന്ദ്രീകൃത ടൂറിസത്തിൽ നിന്ന് മാറി ഗ്രാമീണ ജീവിതത്തിലേയ്ക്കുള്ള യാത്രകൾക്ക് പ്രാധാന്യം നൽകുന്ന സഞ്ചാരികളുടെ അഭിരുചി കണക്കിലെടുത്ത് അപരിചിത ദേശങ്ങളിലെ ഭക്ഷണം, ആചാരങ്ങൾ, കൃഷി എന്നിവ അറിയാനും അനുഭവിക്കാനും കഴിയുന്ന വിധത്തിൽ ടൂറിസം സംവിധാനങ്ങൾ ആകർഷകമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ബാലരാമപുരം, മാന്നാർ, ആറന്മുള, ചെറുതുരുത്തി, പയ്യന്നൂർ, മുത്തങ്ങ തുടങ്ങിയ 10 കേന്ദ്രങ്ങൾ പൈതൃക ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമങ്ങളിൽ സാമൂഹിക സാമ്പത്തിക പഠനം നടത്തുന്നതിനും ഗ്രാമങ്ങളിലെ വിപണികളെയും ഉൽപ്പന്നങ്ങളെയും കുറിച്ച് പഠനം നടത്തി സഞ്ചാരികളെ ഇവിടേക്ക് ആകർഷിക്കുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഗ്രാമീണ മേഖലയിലെ ടൂറിസം സാധ്യതകളുള്ള മേഖലകൾ വികസിപ്പിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) ഉത്തരവാദ ടൂറിസം പദ്ധതിയിൽ ഇക്കാര്യങ്ങൾ ലക്ഷ്യമിടുന്നുണ്ട്.

**ഗ്രീൻ കാർപെറ്റ് പദ്ധതിയുമായി സംയോജിപ്പിച്ച് ഹൗസ്ബോട്ട് മാലിന്യ സംസ്കരണം**

233 (1997) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ വേമ്പനാട്ട് കായലിലും അനുബന്ധ കായലുകളിലും സഞ്ചരിക്കുന്ന വീട്ടുവഞ്ചികൾ (ഹൗസ് ബോട്ട്) ശാസ്ത്രീയ മാലിന്യ സംസ്കരണ രീതികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്;

(ബി) ഇവയിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിന് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്തുന്ന ബോട്ടുകളുടെ എണ്ണം കുറവാണെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഹൗസ് ബോട്ടുകളിൽ ബയോ ടോയ്‌ലെറ്റ് സംവിധാനം ഒരുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; ഗ്രീൻ കാർപെറ്റ് പദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിനായി രണ്ട് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP)-കൾ സ്ഥാപിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിൽ വന്നതിലൂടെ കായലോര പരിസ്ഥിതി സംരക്ഷണവും ജലാശയങ്ങളുടേയും കായലോരങ്ങളുടേയും മലിനീകരണവും നിയന്ത്രിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം നിയന്ത്രിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തിലൂടെയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഹൗസ് ബോട്ടുകൾക്കുള്ള ക്ലാസിഫിക്കേഷനിൽ ശാസ്ത്രീയ മാലിന്യ നിർമ്മാർജ്ജനം ഒരു ഘടകമായതിനാൽ ബയോ ടോയ്‌ലെറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) നിലവിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഹൗസ് ബോട്ടുകളിൽ ബയോ ടോയ്ലെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. ഹൗസ് ബോട്ടുകൾക്കുള്ള ക്ലാസ്സിഫിക്കേഷൻ നൽകുന്ന മാർഗ്ഗരേഖകളിൽ ബയോ ടോയ്ലെറ്റ് സംവിധാനത്തിന് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഈ സൗകര്യം ഉൾപ്പെടുത്തിയുള്ള ഹൗസ് ബോട്ടുകൾക്ക് പ്രത്യേക ക്ലാസ്സിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന രീതി നടപ്പിലാക്കി വരുന്നു. ഹൗസ് ബോട്ടുകളിൽ നിന്ന് പുറന്തള്ളപ്പെടുന്ന മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും പൊതുജന പങ്കാളിത്തത്തോടെയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കുന്നത് നിലവിൽ വകുപ്പിന്റെ പരിഗണനയിലില്ല. എങ്കിലും ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**ഗ്രീൻ കാർപ്പെറ്റ് പദ്ധതി**

234 (1998) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കാൻ ആവിഷ്കരിച്ചിട്ടുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടിയിൽ എന്തൊക്കെ പരിഷ്കരണങ്ങളാണ് നടപ്പാക്കിയത്;

(സി) ഇനിയും എന്തൊക്കെ കാര്യങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം, വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.-കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പെറ്റ് എന്ന പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും മേഖലാതലത്തിലും നിരീക്ഷണ സമിതികൾ (Monitoring Cell) രൂപീകരിച്ചുവരുന്നു. ഇത്തരം സമിതികൾ ഓരോ സെന്ററുകളുടെയും കാര്യത്തിൽ യഥാസമയം പരിശോധന നടത്തി വേണ്ട സംഗതികൾ സമയബന്ധിതമായി തീർത്ത് ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും പരാതിയും ഒഴിവാക്കുന്നു. മാലിന്യ സംസ്കരണത്തിന് പ്രത്യേക പ്രാധാന്യം നൽകിയുള്ള ഈ പദ്ധതി ഓരോ സെന്ററുകളുടെയും വികസനത്തിനോടൊപ്പം സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള

ടൂറിസ വികസനത്തിനും അതുവഴി അന്താരാഷ്ട്ര തലത്തിലുള്ള പ്രചരണത്തിനും സഹായകരമായി വർത്തിക്കുന്നു.

കേരളത്തിലെ തെരഞ്ഞെടുത്ത 79 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ താഴെപ്പറയുന്ന പത്തിന അജണ്ട പ്രകാരമുള്ള കാര്യങ്ങളാണ് ഈ പദ്ധതിയിലൂടെ ഏർപ്പെടുത്തുന്നത്.

1. മാലിന്യ നിർമ്മാർജ്ജനം, വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും.
2. മേന്മയേറിയ പൊതു ശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും.
3. ശുദ്ധമായ കുടിവെള്ളവും, ഭക്ഷണവും.
4. കേടുപാടുകളില്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ.
5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ.
6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തൽ, അടിയന്തര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം
7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം
8. ജീവനക്കാർ, സന്നദ്ധപ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം, തിരിച്ചറിയൽ കാർഡ് എന്നിവ നൽകുന്നു.
9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം.
10. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി നിയമിച്ചു വരുന്നു.

(ബി) ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്മുടിയിലെ ലോവർ സാനിറ്റോറിയത്തിൽ വർഷങ്ങളായി പ്രവർത്തനരഹിതമായി കിടന്നിരുന്ന ടൂറിസ്റ്റ് അമിനിറ്റി സെന്റർ പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാ സംവിധാനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ സെന്ററിൽ ഡെസ്റ്റിനേഷൻ മാനേജരെ നിയമിച്ചിട്ടുണ്ട്.

(സി) കൂടുതൽ സെക്യൂരിറ്റി സംവിധാനം, ലൈറ്റിംഗ് സംവിധാനം,

ചിൽഡ്രൻസ് പാർക്ക്, സാഹസിക ടൂറിസം പദ്ധതികൾ എന്നിവ നടപ്പിലാക്കുന്ന കാര്യം പരിശോധനയിലാണ്.

### കായംകുളം ഡി.റ്റി.പി.സി. അമിനിറ്റി സെന്ററിൽ നിന്നും ബോട്ട് സർവ്വീസ്

235 (T* 1999) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം ഡി.റ്റി.പി.സി. അമിനിറ്റി സെന്ററിൽ നിന്നും ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കാവുന്നതാണ്.

### ആഭ്യന്തര ടൂറിസം

236 (2000) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആഭ്യന്തര ടൂറിസം ശക്തിപ്പെടുത്തുന്നതിന് വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

1. ടൂറിസം മേഖലയിലുള്ള സംരംഭകരുടെ ഉൽപ്പന്നങ്ങൾ കേരളത്തിനകത്തും പുറത്തും വിപണനം ചെയ്യുന്നതിനായി കേരള ടൂറിസത്തിന്റെ സഹകരണത്തോടെ കേരള ട്രാവൽ മാർട്ട് നടപ്പാക്കി.
2. മുസിരിസ്, സ്പൈസ് റൂട്ട് എന്നിവയെ മുൻനിർത്തി പൈതൃക ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
3. അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
4. കേരളത്തിലെ സാംസ്കാരിക പരിപാടികൾ, ഉത്സവങ്ങൾ എന്നിവ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉൾപ്പെടുത്തി കലണ്ടർ തയ്യാറാക്കുകയും ആയത് ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസുകൾ വഴി ആഭ്യന്തര ടൂറിസ്റ്റുകൾക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. ഉത്തരവാദിത്വ ടൂറിസം ആഭ്യന്തര വിപണിക്ക് പരിചയപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. സഞ്ചാരികൾക്ക് ടൂർ ഓപ്പറേറ്റർമാരും ഹോട്ടലുകളുമായി സഹകരിച്ച് ആകർഷകമായ ആനുകൂല്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

7. കേരളത്തെ വിവാഹ/MICE ടൂറിസത്തിനുള്ള പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ, ഓഫ് ലൈൻ പ്രചരണ മാർഗ്ഗങ്ങൾ നടപ്പാക്കി വരുന്നു.

8. ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ഇന്ത്യയിൽ തെരഞ്ഞെടുക്കപ്പെട്ട 22 നഗരങ്ങളിൽ റോഡ് ഷോ-കൾ സംഘടിപ്പിക്കുകയുണ്ടായി.

**മാന്നാർ പൈതൃക ഗ്രാമ പദ്ധതി**

237 (2001) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച ,പൈതൃകഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയ മാന്നാർ പ്രദേശത്ത് ടൂറിസം വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മാന്നാർ പൈതൃകഗ്രാമ പദ്ധതി എന്ന് നടപ്പിലാക്കുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) മാന്നാർ പൈതൃക ഗ്രാമമായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമങ്ങളിൽ സാമൂഹിക സാമ്പത്തിക പഠനം നടത്തേണ്ടതുണ്ട്. പ്രസ്തുത ഗ്രാമത്തിലെ

വിപണികളെയും ഉത്പന്നങ്ങളെയും കുറിച്ച് പഠനം നടത്തി സഞ്ചാരികളെ ഇവിടേക്ക് ആകർഷിക്കുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പിൽഗ്രിം ടൂറിസം സർക്യൂട്ട്

238 (2002) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ തന്നെ ഏറെ പ്രശസ്തമായ ആരാധനാലയങ്ങളായ ചെട്ടികുളങ്ങര, ഓച്ചിറ, ഹരിപ്പാട്, മണ്ണാറശാല, മാവേലിക്കര അടക്കമുള്ള ക്ഷേത്രങ്ങളെ തമ്മിൽ ബന്ധപ്പിക്കുന്ന ഒരു പിൽഗ്രിം ടൂറിസം സർക്യൂട്ട് നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കാവുന്നതാണ്.

## കൊയിലാണ്ടി മണ്ഡലത്തിൽ ഫിഷറീസ് ടൂറിസം

239 (2003) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ഫിഷറീസ് സെക്ടറുമായി ചേർന്ന് ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കുന്ന ഫിഷറീസ് ടൂറിസം പദ്ധതി സർക്കാരിൽ സമർപ്പിച്ചത് ഏത് നിലയിൽ പരിഗണിച്ച് വരുന്നു എന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിന്മേൽ ടൂറിസം വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ടൂറിസം വകുപ്പിന് കൊയിലാണ്ടി മണ്ഡലത്തിൽ ഫിഷറീസുമായി ചേർന്നുള്ള പദ്ധതികളൊന്നും നിലവിലില്ല.

## മാവേലിക്കര വെട്ടിക്കോട്ചാൽ ടൂറിസം പദ്ധതി

240 (2004) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര വെട്ടിക്കോട്ചാൽ ടൂറിസം പദ്ധതിയെ ആലപ്പുഴ മെഗാടൂറിസം സർക്യൂട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; അടിയന്തരമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ പരിഗണനയിലില്ല.

**ബാലുശ്ശേരി-കക്കയം ടൂറിസം കോറിഡോർ**

241 (2005) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ബാലുശ്ശേരി-കക്കയം ടൂറിസം കോറിഡോറിന്റെ വിശദമായ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിന് എന്താണ് തടസ്സമെന്നത് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട് . പദ്ധതി രൂപരേഖയിൽ പ്രതിപാദിച്ചിരുന്ന ഒരു ഘടകമായി 'ഡെവലപ്മെന്റ് ഓഫ് കണയംകോട്' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ഉടൻ തുടങ്ങുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിനോദസഞ്ചാര വകുപ്പിന്റെ കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

242 (2006) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ ചുമതലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത സ്ഥാപനം/സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ നടത്തിവരുന്ന കോഴ്സുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;ഈ കോഴ്സുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ;കേരളാ പി.എസ്.സി. അംഗീകരിച്ച കോഴ്സുകൾ നട<u>ത്തു</u>ന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

1. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരളാ) സൊസൈറ്റി (FCI)
2. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (KITTS)

3. കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM)

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഉത്തര മലബാർ ടൂറിസം പദ്ധതി

243 (2007) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്, കണ്ണൂർ ജില്ലയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഉത്തരമലബാർ ടൂറിസം പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ;ഉണ്ടെങ്കിൽ ഈ പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ്, കണ്ണൂർ ജില്ലകളിലേയും കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലേയും പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളെ കോർത്തിണക്കി നോർത്ത് മലബാർ ടൂറിസം ഡെവലപ്മെന്റ് ഇനിഷിയേറ്റീവ് എന്ന പദ്ധതി വകുപ്പിന്റെ പരിഗണനയിലാണ്.

## ഉത്തരവാദിത്ത ടൂറിസം പദ്ധതി

244 (2008) ശ്രീ.മുല്ലക്കര രത്നാകരൻ :
ശ്രീ. ജി.എസ്.ജയലാൽ :
ശ്രീ. വി.ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്നുണ്ടോ ; വിശദമാക്കുമോ;

(ബി) ഉത്തരവാദിത്ത ടൂറിസത്തിന് കീഴിൽ ഗ്രാമീണ ടൂറിസം പാക്കേജുകൾ നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഉത്തരവാദിത്ത ടൂറിസം പദ്ധതി ബോധവത്ക്കരണം നടത്തുന്നതിനായി എന്തൊക്കെ ശ്രമങ്ങളാണ് നടത്തിവരുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ടൂറിസം കേന്ദ്രങ്ങളിൽ 2008 മുതൽ നടപ്പാക്കി വരുന്നു. ഒന്നാംഘട്ടത്തിൽ കുമരകം, തേക്കടി, വൈത്തിരി, കോവളം എന്നിവിടങ്ങളിലും 2012 മുതൽ ബേക്കൽ, കുമ്പളങ്ങി, അമ്പലവയൽ എന്നിവിടങ്ങളിലും പദ്ധതി ആരംഭിച്ചിട്ടുണ്ട്. തുടർന്ന് ഉത്തരവാദിത്ത ടൂറിസം വിപുലീകരണ പദ്ധതിയിൽ 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും 'ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം' എന്ന പേരിൽ 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി. ഈ സർക്കാർ വന്നതിനുശേഷം ഉത്തരവാദിത്ത ടൂറിസം പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ കീഴിൽ ഗ്രാമീണ ടൂറിസം പാക്കേജുകൾ നടപ്പാക്കുന്നുണ്ട്. കുമരകം, തേക്കടി, നെല്ലറച്ചാൽ, ചെട്ട്യാലത്തൂർ, ചെറുവയൽ, ബേക്കൽ, കോവളം എന്നിവിടങ്ങളിൽ ഗ്രാമീണ ടൂറിസം പാക്കേജുകൾ നടന്നുവരുന്നു. പുതുതായി വൈക്കത്തും പ്രസ്തുത പാക്കേജുകൾ ആരംഭിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലുകളായ കയർ, ഓലമെടയൽ, തഴപ്പായ നെയ്ത്ത്, കുട്ട, വട്ടി നിർമ്മാണം, മൺപാത്രനിർമ്മാണം, കള്ള് ചെത്തൽ, തെങ്ങ് കയറ്റം, നെയ്ത്ത്, വിവിധ മത്സ്യബന്ധന രീതികൾ, കാർഷിക രീതികൾ, വിവിധ കലാ പ്രവർത്തനങ്ങൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, അമ്പെയ്ത്ത് എന്നിവയെല്ലാം പ്രമേയമാക്കി രൂപകൽപ്പന ചെയ്യപ്പെട്ട ഈ പാക്കേജുകൾ ഇന്ന് അന്തർദ്ദേശീയ ടൂറിസം രംഗത്ത് തന്നെ വലിയ മതിപ്പ് ഉണ്ടാക്കിയിട്ടുണ്ട്. പുതുതായി ഈ വർഷം 20 ഗ്രാമീണ ടൂറിസം പാക്കേജുകൾ കൂടി രൂപകൽപ്പന ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഗ്രാമീണ ടൂറിസം പാക്കേജുകളിൽ നിന്നും മേൽ പ്രസ്താവിച്ച പരമ്പരാഗത തൊഴിലാളികൾക്കും മറ്റ് തദ്ദേശ വാസികൾക്കും മെച്ചപ്പെട്ട വരുമാനം ലഭ്യമാകുന്നുണ്ട്.

(സി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ബോധവൽക്കരണത്തിനായി പൊതുവിലുള്ള പരസ്യ പ്രചരണ മാർഗ്ഗങ്ങൾ, ഓൺലൈൻ, സോഷ്യൽ മീഡിയ മാർക്കറ്റിംഗ് എന്നിവയ്ക്ക് പുറമേ കുടുംബശ്രീ തലങ്ങളിൽ യോഗങ്ങൾ, പഞ്ചായത്ത്തല ശില്പശാലകൾ, സെമിനാറുകൾ, ടൂറിസം വ്യാവസായികൾക്കായി പ്രത്യേക യോഗങ്ങൾ, ടൂർ ഓപ്പറേറ്റർമാർക്കായി യോഗങ്ങൾ, മോക്ക് വിസിറ്റുകൾ, കേരള ട്രാവൽ മാർട്ട് പോലുള്ള മേളകളിൽ സ്റ്റാളുകളും പ്രചരണ പരിപാടികളും തുടങ്ങിയ രീതികളെല്ലാം അവലംബിക്കാറുണ്ട്. ഇതിനുപുറമേ അന്തർദ്ദേശീയ, ദേശീയ സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. ലോക ടൂറിസം വേദികളായ ഡബ്ല്യൂ.ടി.എം., ഐ.ടി.ബി എന്നിവിടങ്ങളിലും യു.എൻ., ഡബ്ല്യു.ടി.ഒ.-യിലും വരെ ഉത്തരവാദിത്ത ടൂറിസം അവബോധനത്തിനായി പ്രചരണങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, വിവിധ സ്റ്റേക്ക് ഹോൾഡർമാർ എന്നിവർക്കായി ജില്ലകളിൽ അവബോധന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ദേശീയ-അന്തർദ്ദേശീയ, പ്രാദേശിക മാധ്യമ

പ്രവർത്തകർക്കായും ഉത്തരവാദിത്ത ടൂറിസത്തിനായുള്ള പ്രത്യേക അവബോധന പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ നടത്താറുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോഗേർസ് വിസിറ്റിൽ ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടുത്തിയിരുന്നു.

**മണ്ഡല-മകരവിളക്ക് കാലത്തെ ശബരിമലയിലെ കാണിക്ക**

245 (2009) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മണ്ഡല-മകരവിളക്ക് സമയത്ത്, ശബരിമലയിൽ കാണിക്ക എണ്ണി തിട്ടപ്പെടുത്തുന്നതിനുമുമ്പായി, ഇതിന് നിയോഗിച്ച ജീവനക്കാരെ പ്രസ്തുത ഡ്യൂട്ടിയിൽ നിന്നും പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു കാരണം യഥാസമയം കാണിക്ക എണ്ണി തിട്ടപ്പെടുത്താൻ കഴിഞ്ഞില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികളാണ് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ഡ്യൂട്ടി നിശ്ചയിച്ചതിലുള്ള ജാഗ്രത കുറവാണോ ഇത്തരം അവസ്ഥ ഉണ്ടാക്കിയതെന്ന കാര്യം പരിശോധിച്ച് വീഴ്ച വരുത്തിയവർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിന് ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

**ശബരിമല ഭണ്ഡാര ചുമതലയും കാണിക്കയെണ്ണലും**

246 (2010) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല ഭണ്ഡാര ചുമതലയും കാണിക്കയെണ്ണലും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുവാൻ രഹസ്യനീക്കം നടക്കുന്നുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ ആയത് തടയുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ശബരിമല മാസ്റ്റർ പ്ലാൻ**

247 (2011) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് സർക്കാർ അനുവദിച്ച തുകയെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് നാളിതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ഈ ഫണ്ട് ഉപയോഗപ്പെടുത്തി ഏതൊക്കെ പ്രവൃത്തികളാണ് ശബരിമലയിൽ നടത്തിയിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ആഡിറ്റ് (കേരള സ്റ്റേറ്റ് ആഡിറ്റ്) വിഭാഗമാണ് ആഡിറ്റ് നടത്തി വരുന്നത്.

(ബി) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് നാളിതുവരെ 77.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ശബരിമലയിൽ നടത്തിയ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്ന പദ്ധതികൾ**

248 (2012) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്ന പദ്ധതികളുടെ മാസ്റ്റർ പ്ലാനിന് ഉന്നതാധികാരസമിതി അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സന്നിധാനത്ത് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്ക് എന്ത് തുക വീതം 2016- 2017 കാലയളവിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സന്നിധാനത്ത് അഞ്ച് ദശലക്ഷം ലിറ്റർ ശേഷിയുള്ള മാലിന്യസംസ്കരണ പ്ലാന്റ്, അയ്യപ്പ ഭക്തൻമാർക്ക് വിശ്രമിക്കുന്നതിനും ക്യൂ നിൽക്കുന്നതിനുമുള്ള ക്യൂ കോംപ്ലക്സുകൾ, സന്നിധാനത്ത് ഒരേ സമയം 4000 പേർക്ക് അന്നദാനം നൽകുന്നതിനുള്ള അന്നദാന മണ്ഡപം, പമ്പയിലെ അന്നദാന മണ്ഡപം, റസ്റ്റോറന്റ് ബ്ലോക്ക്, നിലയ്ക്കലിൽ അയ്യപ്പ ഭക്തൻമാർക്ക് വിശ്രമിക്കാനുള്ള പിൽഗ്രിം ഷെൽട്ടറുകൾ, പാർക്കിംഗ് ഗ്രൗണ്ട് തുടങ്ങിയ വിവിധ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കുന്നാർ ഡാമിന്റെ ഉയരം കൂട്ടി അവിടെനിന്നും കൂടുതൽ ജലം പമ്പ് ചെയ്ത് ശബരിമലയിൽ എത്തിക്കുന്നതിനുള്ള അനുവാദം കേന്ദ്ര വന്യജീവി ബോർഡിൽ നിന്ന് ലഭിക്കാത്തതിനാൽ, ഇപ്പോൾ ഗ്രൗണ്ട് ലവൽ വാട്ടർ ടാങ്കുകൾ ആവശ്യാനുസരണം നിർമ്മിച്ച് വെള്ളം ശേഖരിക്കുകയും വിതരണം ചെയ്യുകയുമാണ്. കൂടാതെ പമ്പയിലും നിലയ്ക്കലിലും ആവശ്യാനുസരണം ശുദ്ധജല വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) കേന്ദ്ര ടൂറിസം വകുപ്പിന്റെ സ്പിരിച്വൽ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി 99.9892 കോടി രൂപയും 6.30 കോടി രൂപയും അനുവദിച്ചതിൽ ആദ്യഗഡുവായി യഥാക്രമം 19,61,69,400 രൂപയും 1,23,60,000 രൂപയും ലഭിച്ചിട്ടുണ്ട്.

**ദേവസ്വം ബോർഡ് ജീവനക്കാരുടെ നിയമനം**

249 (2013) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ദേവസ്വം ബോർഡുകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ നിയമനം പൂർണ്ണമായും പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വികരിക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി, കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി എന്നീ അഞ്ച് ദേവസ്വം ബോർഡുകൾ/ മാനേജിംഗ് കമ്മിറ്റികൾ കേരളത്തിൽ ഉണ്ട്.

(ബി) ഇല്ല. നിയമനങ്ങൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രസാദം പദ്ധതി**

250 (2014) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പ്രസാദം പദ്ധതിയിൽ ഗുരുവായൂർ ക്ഷേത്രത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ് തുക അനുവദിക്കുന്നതെന്നും എത്ര കോടിയുടെ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നതെന്നും അറിയിക്കുമോ?

ഉത്തരം

(എ) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'പ്രസാദ്' സ്കീമിൽ ഗുരുവായൂർ ക്ഷേത്ര പരിസര വികസനം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും 4614.20 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും അതിൽ 922.84 ലക്ഷം രൂപ ആദ്യ ഗഡുവായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | പദ്ധതി ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ | 1157.08 |
| 2 | ടൂറിസ്റ്റ് അമിനിറ്റി സെന്റർ | 364.47 |
| 3 | കൺസ്ട്രക്ഷൻ ഓഫ് മൾട്ടി ലെവൽ കാർ പാർക്കിംഗ് | 2356.78 |
| 4 | നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ചർ CCTV സിസ്റ്റം ഫോർ ടെമ്പിൾ പ്രിമൈസസ് | 516.15 |
| 5 | കണ്ടിജൻസി | 131.83 |
| 6 | കൺസൾട്ടൻസി ഫീസ് | 87.89 |
| | ആകെ | 4614.2 |

**മലബാർ ദേവസ്വം ക്ഷേത്ര ജീവനക്കാരുടെ സ്ഥാനക്കയറ്റം**

251 (2015) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരിൽ നിന്നും ഉദ്യോഗക്കയറ്റം വഴി എക്സിക്യൂട്ടീവ് ഓഫീസർമാരായി നിയമനം നടത്തുന്നതിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ത്വരിതപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

ഇതുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ, സർക്കാരിന്റെ മുമ്പാകെയുള്ള റിവിഷൻ പെറ്റീഷനിൽ തീരുമാനമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വർക്കല ജനാർദ്ദന സ്വാമി ക്ഷേത്രക്കുളത്തിന്റെ നവീകരണം**

252 (2016) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രക്കുളത്തിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രക്കുളത്തിന്റെ നവീകരണത്തിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ കുളത്തിന്റെ പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വർക്കല ജനാർദ്ദന സ്വാമി ക്ഷേത്രക്കുള നവീകരണത്തിനായി അംഗീകരിച്ച 1,84,00,000 രൂപയുടെ എസ്റ്റിമേറ്റിൽ കുളത്തിന്റെ നാലുവശത്തുമുള്ള കല്പടവുകളുടെ സംരക്ഷണഭിത്തിയുടേയും ബാക്കി ഭാഗങ്ങളിലെ സംരക്ഷണ ഭിത്തികളുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി സർക്കാർ വിഹിതമായ ഒരു കോടി രൂപ ഉൾപ്പെടെ ഇതുവരെ ഒരുകോടി നാല്പത്തിയാറ് ലക്ഷം രൂപ ചെലവഴിച്ചു.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും തുക അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**ശബരിമലയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

253 (2017) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ 23.3 കോടി രൂപ ചെലവഴിച്ച് സജ്ജീകരിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ്

നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമല്ലെന്നുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയത് ഉപേക്ഷിക്കാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പ്ലാന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പി.വി.സി. പൈപ്പുകൾ മാറ്റി കാസ്റ്റ് അയൺ പൈപ്പ് സ്ഥാപിക്കുന്ന ജോലി, ഓസോണേഷൻ ഫലപ്രദമാക്കി ഡിസ്ഇൻഫെക്ഷൻ ചെയ്യുന്ന ജോലി, സംരക്ഷണ ഭിത്തികളുടെ നിർമ്മാണം, എസ്.ടി.പി.-യുമായി ഇനിയും ബന്ധപ്പെടുത്താത്ത ലൈനുകളുടെ ജോലി തുടങ്ങിയവ ഉടൻ നടപ്പിലാക്കുന്നതിന് കരാറുകാരന് ട്രാവൻകൂർ ദേവസ്വം ബോർഡ് നിർദ്ദേശം നൽകി.

(സി) ചീഫ് ടെക്നിക്കൽ എക്സാമിനറിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ പരിഹരിക്കുന്നതിന് കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കരാർ ജീവനക്കാർ**

254 (2018) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഏതെല്ലാം തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളാണ് കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളിലെ അനാവശ്യ തസ്തികകൾ ഒഴിവാക്കുന്നതിനും ജോലിഭാരം കുറവുള്ള തസ്തികകൾ പുനഃക്രമീകരിക്കുന്നതിനുമുള്ള പഠനങ്ങൾ നടന്നുവരികയാണ്.

**ക്ഷേത്രക്കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് പദ്ധതി**

255 (2019) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളും കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കായംകുളം മണ്ഡലത്തിൽ ഏതെല്ലാം ക്ഷേത്രക്കുളങ്ങളും കാവുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ഇതിന്റെ നടപടിക്രമങ്ങളുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കായംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട കൃഷ്ണപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ക്ഷേത്രക്കുളത്തിന്റെ നവീകരണവും കായംകുളം പുതുക്കുളങ്ങര ദേവസ്വത്തിലെ ക്ഷേത്രക്കുളത്തിന്റെ നവീകരണവും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരിഗണിക്കാവുന്നതാണ്.

**ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം**

256 (2020) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടേയും ആൽത്തറകളുടെയും പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച നിബന്ധനകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1792-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 A.M.]

## II. അടിയന്തരപ്രമേയം

### കുടിവെള്ള വിതരണം

മി. സ്പീക്കർ: സംസ്ഥാനം അതിരൂക്ഷമായ വരൾച്ച നേരിട്ടിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും കുടിവെള്ളം എത്തിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാനോ, ജില്ലകൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാനോ, വാട്ടർ അതോറിറ്റിയുടെ ജലവിതരണ സമ്പ്രദായത്തിലെ കേടുപാടുകൾ നീക്കാനും കൂടുതൽ കാര്യക്ഷമമാക്കാനും ആവശ്യമായ ഫണ്ട് അനുവദിക്കാനോ, അത്യാവശ്യമുള്ള സ്ഥലങ്ങളിലും എസ്.സി./എസ്.ടി. കോളനികളിലും കുടിവെള്ളം ലോറിയിൽ എത്തിക്കാനോ സർക്കാർ തയ്യാറാകാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അടൂർ പ്രകാശ്, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കേരളത്തിൽ ഇക്കഴിഞ്ഞ കാലത്ത് വരൾച്ച അതിരൂക്ഷമായിരുന്നു. അതിനനുസൃതമായി ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കുകയും ചെയ്തു. ഒക്ടോബർ മാസത്തിൽത്തന്നെ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനുവേണ്ടി പ്രത്യേക യോഗങ്ങൾ വിളിച്ചുചേർക്കുകയും ചർച്ചചെയ്യുകയും ചെയ്തു. അന്നുതന്നെ നടപടികൾക്ക് തുടക്കം കുറിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളെയും ഒക്ടോബർ മാസം 31-ാം തീയതിയോടുകൂടി വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് മന്ത്രിമാർക്ക് പ്രത്യേകമായി ഓരോ ജില്ലകളുടെ ചുമതല നിശ്ചയിക്കുകയും ആ ജില്ലകളിൽ ചുമതലക്കാരായ മന്ത്രിമാർ, ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ യോഗങ്ങൾ വിളിച്ചുചേർക്കുകയും വരൾച്ച നേരിടുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും നവംബർ-ഡിസംബർ മാസത്തോടുകൂടി ആ ജില്ലകളിലൊക്കെ നടത്താൻ സാധിച്ചിട്ടുണ്ട്. 28-10-2016-ന് എസ്.ഡി.എം.എ.-യുടെ മീറ്റിംഗിൽ എല്ലാ ജില്ലകളെയും വരൾച്ചാബാധിത ജില്ലകളായി പ്രഖ്യാപിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് ജി.ഒ. പുറപ്പെടുവിച്ചു. ജില്ലകളിൽ ചുമതലക്കാരായ മന്ത്രിമാരെ

നിശ്ചയിച്ച് പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. അതിനെ തുടർന്ന് ചീഫ് സെക്രട്ടറി, റവന്യൂ സെക്രട്ടറി, ഫോറസ്റ്റ് ഓഫീസേഴ്സ് ഉൾപ്പെടെയുള്ളവർ - വന്യമൃഗങ്ങളുടെ പ്രശ്നം കൂടി ചർച്ച ചെയ്യേണ്ടതുകൊണ്ട് അവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേർന്ന് ഇതിനാവശ്യമായ തീരുമാനങ്ങൾ എടുക്കുകയുണ്ടായി. 19-12-2016-ൽ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ജി.ഒ. പുറപ്പെടുവിക്കുകയും ചെയ്തു. 31-1-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് വഴി ജില്ലകളുടെ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയുണ്ടായി. 1702-2017-ന് വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്ക് കുഴൽക്കിണർ കുഴിക്കുന്നത് മേയ് 31 വരെ നിയന്ത്രിച്ചുകൊണ്ട് ജി.ഒ. വന്നു. കുടിവെള്ളം വിതരണം ചെയ്യുന്നതിന് അത്രയേറെ പ്രാധാന്യമുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങൾ ചെയ്തത്. 25-2-2017-ൽ കിയോസ്കുകളും വാട്ടർ ടാങ്കുകളും വഴി വെള്ളം വിതരണം ചെയ്യുന്നതിനുള്ള വ്യാപകമായ നടപടി ആരംഭിച്ചുകൊണ്ടുള്ള ഉത്തരവും ഇറക്കി. 2-3-2017-ൽ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി. വിവിധ തീയതികളിലായി മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ അവലോകന യോഗങ്ങളും നടത്തി. അതുപോലെതന്നെ അനാഥമായി അലയുന്ന കന്നുകാലികൾക്ക് വെള്ളവും ഭക്ഷണവും നൽകാൻ മൃഗസംരക്ഷണ വകുപ്പും പഞ്ചായത്തുകളും ചേർന്ന് നടപടി സ്വീകരിക്കാനാവശ്യമായ ഉത്തരവായിട്ടുണ്ട്. 28-3-2017-ന് കേന്ദ്ര കൃഷി വകുപ്പുമന്ത്രി ഡോ. രാധാമോഹൻ സിംഗിനെ സന്ദർശിച്ച് വരൾച്ചാ മെമ്മോറാണ്ടം നൽകുകയുണ്ടായി. റവന്യൂ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഉൾപ്പെടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെല്ലാം പങ്കെടുത്തുകൊണ്ടാണ് അത് നൽകിയത്. 19-4-2017 മുതൽ 21-4-2017 വരെ കേന്ദ്ര സംഘം സംസ്ഥാനത്ത് വരൾച്ചാ സ്ഥിതി വിലയിരുത്തുന്നതിനുവേണ്ടി വരികയുണ്ടായി. ഇതിനുമുമ്പ് ഇത്തരം മെമ്മോറാണ്ടങ്ങൾ സമർപ്പിച്ചാൽ അതേ സമയത്തുതന്നെ ആ സംഘങ്ങളൊന്നും ഇവിടെ വരാറുണ്ടായിരുന്നില്ല. ഇത്തവണ വളരെ പെട്ടെന്നുതന്നെ സംഘം ഇവിടെ വരികയും പരിശോധന നടത്തുകയുമുണ്ടായി. കുടിവെള്ളത്തിനായി മാർച്ച് അവസാനിച്ച കാലയളവിൽ 69.9 കോടി രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. മാർച്ച് മാസം അവസാനം വരെ 20.95 കോടി രൂപയാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. അവശേഷിക്കുന്ന സംഖ്യ സ്വാഭാവികമായും സറണ്ടർ ചെയ്യുകയും അത് തിരിച്ച് അവർക്ക് ആവശ്യത്തിനനുസരിച്ച് നൽകുകയും ചെയ്യുന്നുണ്ട്.സാമ്പത്തിക സ്ഥിതി മോശമായതുകൊണ്ടോ; പണമില്ലാത്തതുകൊണ്ടോ വെള്ളം എവിടെയും വിതരണം ചെയ്യാത്ത യാതൊരു സാഹചര്യവുമുണ്ടായിട്ടില്ല. കൃഷിനാശത്തിന് 19.49 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് 2016-17-ൽ അനുവദിച്ചു. ബാക്കി തുക ലാപ്സാകില്ല. ആ പണം

ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. 2016-17-ൽ ജലവിഭവ വകുപ്പ് വരൾച്ചാ പ്രതിരോധത്തിനായി 91.77 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച കിയോസ്കുകളുടെ എണ്ണം 5000-ഉം സ്ഥാപിച്ച കിയോസ്കുകളുടെ എണ്ണം 2588-ഉം ആണ്. ആവശ്യാനുസരണം അതാത് ജില്ലാ കളക്ടർമാരാണ് ഇതൊക്കെ നിശ്ചയിക്കുകയും അനുവദിച്ചുകൊടുക്കുകയും ചെയ്യുന്നത്. 2013-14 കാലഘട്ടത്തിൽ സ്ഥാപിച്ചിരുന്ന 764 കിയോസ്കുകൾ കൂടിയുണ്ട്. ഇതുൾപ്പെടെ 3352 കിയോസ്കുകളിൽ ഇപ്പോൾ വെള്ളം വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ 3352 കിയോസ്കുകൾക്ക് പുറമേ, പുതുതായി ഓർഡർ കൊടുത്തിട്ടുള്ള 908 എണ്ണത്തിൽ 100 എണ്ണം പാലക്കാട് ജില്ലയിൽ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. വാട്ടർ ടാങ്കുകൾ ഉപയോഗിച്ച് വെള്ളം വിതരണം ചെയ്യുന്നതിന് പ്രത്യേകമായ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടന്നുവരികയാണ്. 21-4-2017-വരെ 169253 ട്രിപ്പുകൾ നടത്തിയതായി കൃത്യമായി കണക്കുകൾ ഉള്ളതാണ്. തുടർന്ന് മേയ് 31 വരെ ശരാശരി 76150 ട്രിപ്പുകൾ കൂടി ആവശ്യമായി വരുമെന്ന് കണക്കാക്കി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന് നൽകിയ നിവേദനത്തിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം ഫണ്ടുപയോഗിച്ച് ടാങ്കർ ലോറിയിൽ തനത് പ്രദേശത്ത് വെള്ളം വിതരണം ചെയ്യുന്നതിന് അനുമതിയും നൽകിയിരിക്കുകയാണ്. തിരുവനന്തപുരത്ത് നെയ്യാർ അണക്കെട്ടിൽ നിന്ന് പേപ്പാറ അണക്കെട്ടിലേയ്ക്ക് ജലമെത്തിക്കാൻ 6 കോടി രൂപ സംസ്ഥാന ദുരന്ത ലഘൂകരണ നിധിയിൽനിന്ന് നൽകിയിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ നടത്തിയ തീവ്രയത്നത്തെക്കുറിച്ച് ഇവിടെ എല്ലാവർക്കും അറിയാവുന്നതാണ്. തിരുവനന്തപുരം നഗരത്തിലേയ്ക്കാവശ്യമായ വെള്ളമെത്തിക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും നടക്കുകയാണ്. ഒരു ജില്ലയിലും വെള്ളം ലഭ്യമല്ല എന്ന രീതിയിലുള്ള ഒരു പരാതിയും ഉയർന്നുകേൾക്കുന്ന സാഹചര്യമില്ല. ഇപ്പോഴത്തെ ഗൗരവതരമായ അവസ്ഥ നല്ലതുപോലെ ബോദ്ധ്യപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത്. എല്ലാ പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഒരു പ്രദേശത്തും അത്തരം പരാതികൾ നിലനിൽക്കുന്നില്ല. അതിനിടയിലുണ്ടായ ഒരു വലിയ ഭാഗ്യമെന്ന് പറയാവുന്നത്, പല പ്രദേശങ്ങളിലും പ്രത്യേകിച്ച് മദ്ധ്യ തിരുവിതാംകൂർ മേഖലയിൽ വ്യാപകമായി പലപ്പോഴായി കിട്ടിയ മഴ വലിയ തോതിൽ സഹായകരമായിട്ടുണ്ട് എന്ന് പറയാതിരിക്കാൻ കഴിയില്ല. കുടിവെള്ളപ്രശ്നം പരിഹരിക്കാൻ അത് ഏറെ സഹായകരമായ ഒരു ഘടകമായിരുന്നു. ഈ സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്.

ശ്രീ. അടൂർ പ്രകാശ്: സർ, നമ്മുടെ സംസ്ഥാനത്ത് അതിരൂക്ഷമായ വരൾച്ച നേരിടുന്നതിനുവേണ്ടി ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ഈ ഗവൺമെന്റ് വളരെ ഉണർന്ന് പ്രവർത്തിച്ചുവെന്നാണ് അദ്ദേഹം അവകാശപ്പെട്ടത്. ഉണർന്ന് പ്രവർത്തിച്ചതെങ്ങനെയാണെന്ന് ചോദിച്ചാൽ, നിരവധി ഗവൺമെന്റ് ഉത്തരവുകൾ ഇറക്കുകയുണ്ടായി. നിരവധി ഗവൺമെന്റ് ഉത്തരവുകൾ ഇറക്കിയാൽ കേരളത്തിലെ ജനങ്ങൾക്ക് വരൾച്ച നേരിടാൻ വേണ്ടി കുടിവെള്ളം എത്തിച്ചുകൊടുക്കാൻ കഴിയുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കുന്നത്. അതുപോലെ, 25-2-2017-ന് 5000 കിയോസ്കുകൾ സ്ഥാപിക്കാൻ ഉത്തരവ് കൊടുത്തുവെന്നും 3352 കിയോസ്കുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അങ്ങ് ഇവിടെ പറയുകയുണ്ടായി. ഞങ്ങളിവിടെ വരൾച്ചയെക്കുറിച്ച് കാര്യങ്ങൾ അവതരിപ്പിക്കുന്നത് കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും വലിയ ദുരിതങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ്. ഇവിടെ ഇരിക്കുന്നവർക്ക് മാത്രമല്ല അപ്പുറത്തിരിക്കുന്നവർക്കും ഈ പറയുന്ന കാര്യങ്ങളെല്ലാം ബാധകമാണ് എന്നുള്ളതുകൊണ്ടാണ് വീണ്ടും ഞങ്ങൾ വരൾച്ചയുമായി ബന്ധപ്പെട്ട് നോട്ടീസ് കൊടുത്തത്. ബഹുമാന്യനായ ഷാഫി പറമ്പിൽ ഇതേ വിഷയം ഇവിടെ അടിയന്തരപ്രമേയമായി അവതരിപ്പിച്ചിട്ടുണ്ട്. അന്ന് പറഞ്ഞ മറുപടി തന്നെ അങ്ങ് ഇപ്പോൾ ആവർത്തിക്കുകയുണ്ടായി. കുടിവെള്ളം എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ നമുക്കിവിടെ യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ സ്വീകരിക്കണം. അതിൽ രാഷ്ട്രീയം കാണാൻ പാടില്ല. രാഷ്ട്രീയം കണ്ടുകൊണ്ടല്ല അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത്. കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ ഈ സഭയിൽ പറയാനും ചർച്ച ചെയ്യാനും സഭയെ ബോധ്യപ്പെടുത്താനുമുള്ള ഒരവസരം ബഹുമാന്യനായ മന്ത്രിയും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ളവർ ഒരുക്കിത്തരുമെന്നുള്ള വിശ്വാസത്തിലാണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകുന്നത്. നമ്മുടെ സംസ്ഥാനത്ത് 44 നദികളുണ്ടായിട്ടും ഒരിറ്റു വെള്ളം പോലും വിതരണം ചെയ്യാൻ കഴിയാത്ത ഒരവസ്ഥ നിലനിൽക്കുകയാണ്. വരൾച്ച ഉണ്ടായത് എൽ.ഡി.എഫ്.-ന്റെ കുറ്റമാണെന്ന് ആക്ഷേപിക്കാൻ ഞങ്ങൾ തയ്യാറല്ല, ഞങ്ങൾ അങ്ങനെ പറയുകയുമില്ല. കുടിവെള്ളത്തിന്റെ കാര്യത്തിൽ ഞങ്ങളങ്ങനെ പറയുന്ന പ്രശ്നമില്ല. പക്ഷേ മറ്റു ചില കാര്യങ്ങളിൽ തെറ്റുകളുണ്ടാകുമ്പോൾ അത് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നത് ഞങ്ങളുടെ ഉത്തരവാദിത്വമാണ്. വരൾച്ച ഉണ്ടായതിനുശേഷം..... മൺസൂൺ കാലത്ത് 34 ശതമാനം മഴ കുറവായിരുന്നു. അതുപോലെതന്നെ തുലാവർഷവും പ്രതീക്ഷിച്ചത്രയും നമുക്ക് ലഭ്യമായില്ല. 62 ശതമാനത്തിലധികം

മഴയിൽ കുറവുണ്ടായി. 28-10-2016-ന് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗ തീരുമാനമനുസരിച്ച് 30-10-2016-ൽ സംസ്ഥാനത്തെ എല്ലാ ജില്ലകളും വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിക്കുകയുണ്ടായി. അങ്ങനെ പ്രഖ്യാപിച്ചതിനുശേഷം, ഇവിടെ അങ്ങ് തന്നിട്ടുള്ള കണക്കനുസരിച്ചാണെങ്കിൽ 22.50 കോടി രൂപ ജില്ലകൾക്ക് നൽകി. അതിൽ രണ്ട് കോടി രൂപ വയനാട് ജില്ലയിലും 2.50 കോടി രൂപ പാലക്കാട് ജില്ലയിലും മറ്റു ജില്ലകളിൽ 1.50 കോടി രൂപയും നൽകി അതുകൂടാതെ 50 ലക്ഷം രൂപ വീതം അങ്ങ് നൽകുകയും ചെയ്തു. ഇപ്പോൾ അങ്ങിവിടെ പറഞ്ഞ കണക്ക് അനുസരിച്ചാണെങ്കിൽ 69.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക അനുവദിച്ചു കൊടുക്കുന്നത് ഒരു ഉത്തരവാദിത്വമെന്നുള്ള നിലയിൽ അങ്ങ് ചെയ്തതാണ്. ആ കാര്യത്തിൽ ഒരു തർക്കവും ഞങ്ങളെ സംബന്ധിച്ചിടത്തോളമില്ല. പക്ഷേ ഇത് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുണ്ടോ; അതാണ് നോക്കേണ്ടത്. 2013-14 കാലഘട്ടത്തിൽ കേരളത്തിൽ അതിരൂക്ഷമായ വരൾച്ചയുണ്ടായി. ഇത്രത്തോളം ഉണ്ടായില്ലെങ്കിലും, രൂക്ഷമായ വരൾച്ചയാണ് അന്നും നേരിട്ടത്. ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടി അന്ന് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. ആ വരൾച്ചയെ നേരിടുന്നതിനുവേണ്ടി അന്നത്തെ സർക്കാർ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ യോഗം വിളിച്ചുചേർത്തു. വിളിച്ചുചേർക്കുക മാത്രമല്ല, വിളിച്ചുചേർത്തതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ചില തീരുമാനങ്ങളെടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അദ്ദേഹത്തോടൊപ്പം അന്നത്തെ റവന്യൂ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാനും എല്ലാ ജില്ലകളിലും പോയിരുന്നു. അന്ന് ഓരോ ജില്ലയുടെയും ചുമതല ഓരോ മന്ത്രിമാർക്ക് കൊടുത്തു. ഇന്ന് നിങ്ങളും മന്ത്രിമാർക്ക് ഓരോ ചുമതല ഏൽപ്പിച്ചു കൊടുത്തിട്ടുണ്ട്. പക്ഷേ അങ്ങനെ ഏൽപ്പിച്ചു കൊടുക്കപ്പെട്ട മന്ത്രിമാർ ഉത്തരവാദിത്വ ബോധത്തോടുകൂടി അക്കാര്യങ്ങൾ നിറവേറ്റുന്നുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്തണം. മന്ത്രിമാർ യോഗം വിളിച്ചുചേർക്കുമ്പോൾ ആരെയൊക്കെയാണ് വിളിക്കുന്നത്; എം.എൽ.എ.-മാർ, എം.പി.-മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും മെമ്പർമാരുമടക്കമുള്ള ആളുകൾ, പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവരെ വിളിക്കും. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്ത് ഓരോ കളക്ടറേറ്റുകളിലും വച്ച് ചേരുന്ന യോഗത്തിൽ ഇവരെയെല്ലാം വിളിച്ചുചേർത്ത് എം.എൽ.എ.-മാരും എം.പി.-മാരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും പഞ്ചായത്ത് പ്രസിഡന്റുമാരുമൊക്കെ പറയുന്ന കാര്യങ്ങൾ അവധാനതയോടുകൂടി കേൾക്കുകയും അതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി അന്ന് റവന്യൂ വകുപ്പിൽനിന്ന് 139 കോടി രൂപയാണ് അനുവദിച്ചത്. പല ജില്ലകളിൽനിന്നും നിർദ്ദേശങ്ങളുണ്ടായതിന്റെ

അടിസ്ഥാനത്തിലാണ് ഇത്രയും തുക ചെലവഴിക്കാൻ വേണ്ടി അനുവദിച്ചത്. ഒരു നദിയിൽ ചെക്ക് ഡാം നിർമ്മിച്ചാൽ അവിടെ വെള്ളം കൊടുക്കാൻ കഴിയും. അതുപോലെ, പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള പൈപ്പ്‌ലൈൻ നീട്ടിക്കൊടുത്താൽ 150 കുടുംബങ്ങൾക്ക് വെള്ളം എത്തിച്ചുകൊടുക്കാൻ കഴിയും. ഇതെല്ലാം ഞങ്ങളെടുത്ത തീരുമാനങ്ങളായിരുന്നു. ഞങ്ങൾ തീരുമാനങ്ങളെടുക്കുക മാത്രമല്ല, അത് നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം നിറവേറ്റി എന്നുള്ളതും ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ അന്ന് രൂക്ഷമായ വരൾച്ചയെ നേരിട്ടു. ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്, എല്ലാ മന്ത്രിമാർക്കും ഓരോ ജില്ലയിൽ അതിനുള്ള ഉത്തരവാദിത്വം കൊടുത്തുവെന്നാണ്. ഞങ്ങൾ അതിനെയൊന്നും നിഷേധിക്കുന്നില്ല. മന്ത്രിമാർക്ക് ഉത്തരവാദിത്വം കൊടുത്തുവെന്ന് പറയുമ്പോൾ ആ മന്ത്രിമാർ എന്ത് ഉത്തരവാദിത്വം നിറവേറ്റിയെന്നുകൂടി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ പറയാൻ തയ്യാറാകണം. എന്റെ ജില്ലയിൽ ഉത്തരവാദിത്വം ഉണ്ടായിരുന്ന മന്ത്രിയാണ് അങ്ങയുടെ തൊട്ടടുത്തിരിക്കുന്ന ശ്രീ. മാത്യു ടി. തോമസ്. ജനുവരി മാസം അവസാനമാണ് ശ്രീ. മാത്യു ടി. തോമസ് പത്തനംതിട്ട ജില്ലയിൽ വന്ന് യോഗം ചേർന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, രണ്ടുതവണ യോഗം ചേർന്നിരുന്നു.

ശ്രീ. അടൂർ പ്രകാശ് : സർ, ഒരു പ്രാവശ്യമാണ് എനിക്ക് കത്ത് കിട്ടിയത്. ആ സമയത്ത് ഞാൻ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. കിയോസ്കുകൾ സ്ഥാപിക്കാൻ അങ്ങ് അവിടെ വച്ച് തീരുമാനമെടുത്തു. പത്തനംതിട്ട ജില്ലയ്ക്ക് 180 കിയോസ്കുകൾ അനുവദിക്കുമെന്നാണ് അങ്ങ് അവിടെ വച്ച് പറഞ്ഞത്. അത് ശരിയല്ലെങ്കിൽ ഞാൻ തിരുത്താനും തയ്യാറാണ്. പക്ഷേ, ഇന്നുവരെ ഒരു കിയോസ്ക് പോലും സ്ഥാപിച്ചിട്ടില്ല. മാത്രമല്ല, ഈ കിയോസ്കുകൾ സ്ഥാപിച്ചു എന്നുള്ളതുകൊണ്ട് വെള്ളം എത്തിച്ച് കൊടുക്കാൻ പറ്റുമോ? എന്റെ നിയോജകമണ്ഡലമായ കോന്നിയിൽ 11 പഞ്ചായത്തുകളാണുള്ളത്. ഒരു പഞ്ചായത്തിൽനിന്നും അതിന്റെ അതിർത്തിയിലേയ്ക്ക് എത്തണമെങ്കിൽ ഏതാണ്ട് 95 കി.മീറ്ററിലധികം യാത്ര ചെയ്യണം. നിങ്ങൾ കിയോസ്കുകൾ സ്ഥാപിച്ച് എവിടെയാണ് വെള്ളം കൊടുക്കുന്നത്? 11250-ൽ അധികം കിയോസ്കുകൾ ഇവിടെ സ്ഥാപിക്കാൻ പോകുന്നുവെന്ന് പ്രഖ്യാപിച്ചിട്ടും.... അതിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ കണക്കനുസരിച്ച് 3352 കിയോസ്കുകൾ ഇപ്പോൾ സ്ഥാപിച്ചു

എന്നാണ് ഇവിടെ പറഞ്ഞത്. ഇവിടെയുള്ള എം.എൽ.എ.-മാർ പറയുന്നത് അവരുടെയാരുടെയും നിയോജകമണ്ഡലത്തിൽ ഇങ്ങനെയൊരു സാധനം കണ്ടിട്ടേയില്ലെന്നാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഇതുവരെ ഒരു കിയോസ്ക് പോലും സ്ഥാപിച്ചിട്ടില്ല. ഞാൻ കോന്നി നിയോജകമണ്ഡലത്തിനുവേണ്ടി മാത്രമല്ല, കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ ഇവിടെ അറിയിക്കാനും സഭ ചർച്ച ചെയ്യാനുംവേണ്ടിയാണ് ഈ കാര്യങ്ങൾ പറയുന്നത്. ഇത്തരത്തിൽ മുന്നോട്ടുപോയാൽ നമുക്ക് എങ്ങനെ വരൾച്ചയെ നേരിടാൻ കഴിയും? ഇന്ന് ഇപ്പോൾ ആശ്വാസമുള്ള കാര്യം എന്താണ്? ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു, ഇപ്പോൾ വേനൽമഴ നമുക്ക് കുറച്ച് കിട്ടിയിട്ടുണ്ടെന്നതാണ്. ആ വേനൽമഴ കിട്ടിയെങ്കിലും വേണ്ട സ്ഥലത്ത് മഴ ലഭ്യമായോ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്.

ബഹുമാനപ്പെട്ട മാത്യു ടി. തോമസ് പേപ്പാറ ഡാം സന്ദർശിക്കുന്ന ചിത്രം പത്രത്തിൽ കണ്ടു. അവിടെ വെള്ളം ഉണ്ടോയെന്ന് പരിശോധിക്കാൻ പോയതാണ്. അങ്ങയെ അഭിനന്ദിക്കാൻകൂടി ഈ അവസരം വിനിയോഗിക്കുകയാണ്. അഭിനന്ദിക്കുന്നത് എന്തിനാണെന്ന് ചോദിച്ചാൽ, അങ്ങ് പോയി കണ്ടു എന്നുള്ളത് കൊണ്ടല്ല, കണ്ടത് ഒരു കാര്യം, കാണണം അത് നമ്മുടെ ഉത്തരവാദിത്വമാണ്. ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ അങ്ങയുടെ ഉത്തരവാദിത്വമാണ്. അതിൽ പങ്കാളികളായിരിക്കുന്നിടത്തോളം കാലം അങ്ങ് ആ ഉത്തരവാദിത്വം നിറവേറ്റണം.

ഇന്ന് തിരുവനന്തപുരം പട്ടണത്തിൽ ഡ്രഡ്ജർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് കൊടുക്കുന്നു. അത് നല്ല കാര്യം. തിരുവനന്തപുരം പട്ടണത്തിൽ എന്നതുപോലെ കേരളത്തിലെ വിവിധ മേഖലകളിൽ ഇതുപോലെ ദുരിതം അനുഭവിക്കുന്ന അനേകം ആളുകളുണ്ട് എന്ന് അങ്ങ് മനസ്സിലാക്കണം. അതാണ് പ്രധാനപ്പെട്ട വിഷയം. അവരെയൊന്നും നോക്കിക്കാണാതെ, അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാതെ മുന്നോട്ടുപോകുന്നത് ശരിയാണോ എന്നതിനെക്കുറിച്ച് ആലോചിക്കണം.

അങ്ങ് ഇറക്കിയ ചില ഉത്തരവുകളുമായി ബന്ധപ്പെട്ട്.... പമ്പിംഗിന് അവധി, കുടിവെള്ളം മുട്ടിക്കാൻ തുഗ്ലക്ക് പരിഷ്കാരം.... തുഗ്ലക്കിനെ ആക്ഷേപിക്കുന്ന രീതിയിലേയ്ക്ക് അങ്ങ് പോകുന്നുവെന്ന് തൊട്ടടുത്തിരിക്കുന്ന ശ്രീ. ഇ. ചന്ദ്രശേഖരന്റെ പാർട്ടിയുടെ പത്രമായ ജനയുഗത്തിൽ പറഞ്ഞിരിക്കുകയാണ്. അതുപോലെ ഇന്ന് 'ജലക്ഷാമം', 'പൊള്ളുന്നു', 'തുള്ളിയില്ല വെള്ളം' തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ജനയുഗത്തിൽ പറഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് ആശ്വാസകരമായ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. അങ്ങ് 28-3-2017-ന് കേന്ദ്ര ഗവൺമെന്റിന് മെമ്മോറാണ്ടം കൊടുത്തു; നല്ല കാര്യം അത് കൊടുക്കണം.

992 കോടി രൂപയ്ക്കാണ് അങ്ങ് മെമ്മോറാണ്ടം സമർപ്പിച്ചത്. കേന്ദ്ര സംഘം വളരെ പെട്ടെന്ന് ഇവിടെ വരികയും പരിശോധന നടത്തുകയും ചെയ്തു. ഏപ്രിൽ മാസം 19 മുതൽ 21 വരെയുള്ള ദിവസങ്ങളിലാണ് രണ്ട് സംഘങ്ങളായി അവർ കേരളത്തിലെത്തി പലയിടത്തും പരിശോധന നടത്തിയത്. പരിശോധന നടത്തിയതിനുശേഷം അവർ മുഖ്യമന്ത്രിയെ കണ്ടു. എല്ലാ കാലഘട്ടങ്ങളിലും ഇതുപോലെയുള്ള അവസരത്തിൽ കേന്ദ്രസംഘം വരികയും ഏറ്റവും അവസാനം കേരളത്തിലെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകളെ നേരിട്ട് കണ്ട് ചർച്ച ചെയ്യാറുമുണ്ട്. ചർച്ചചെയ്ത കാര്യങ്ങളെല്ലാം ശരിയാണെന്ന് പറഞ്ഞ് അവർ മടങ്ങിപ്പോകുന്നതും സാധാരണ പതിവുള്ള ഒരു കാര്യമാണ്. ഇത് പത്രത്തിൽ വന്നു; അവർക്കെല്ലാം ബോധ്യപ്പെട്ടു; അത് നല്ല കാര്യം. ബോധ്യപ്പെട്ടാൽ അതനുസരിച്ച് നമുക്ക് സാമ്പത്തിക സഹായം ലഭ്യമാകണം. സ്പെഷ്യൽ അസിസ്റ്റന്റ്സ് എന്നുള്ള നിലയിൽ തുക കിട്ടണം. ആ സാമ്പത്തികസഹായം ലഭ്യമാകാൻവേണ്ടി നമ്മൾ കാത്തിരിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. അതിനകത്ത് ഒരു ചതിക്കുഴിയുണ്ടെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അറിയാൻവേണ്ടി ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രീ, നമുക്ക് എല്ലാവർഷവും കേന്ദ്രഗവൺമെന്റിൽനിന്നും എസ്.ഡി.ആർ.എഫ്. എന്ന നിലയിൽ ഫണ്ട് അനുവദിക്കാറുണ്ട്. 2015-16-ൽ 184 കോടി രൂപയും 2016-17-ൽ 194 കോടി രൂപയുമാണ് കിട്ടിയത്. 2017-18-ൽ 203 കോടി രൂപയാണ് കിട്ടാൻ പോകുന്നത്. ഇപ്പോഴത്തെ അക്കൗണ്ടിൽ ഏതാണ്ട് 300 കോടിയിലധികം രൂപ ബാലൻസ് നിൽക്കുകയാണ്. ഈ തുക ഇവിടെ കിടക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് എത്ര പണം അനുവദിച്ചാലും ഈ തുകയുടെ ബാക്കി പണം മാത്രമേ നമുക്ക് കിട്ടുകയുള്ളൂ. ഞാൻ ഒരു ഉദാഹരണം പറയുന്നുവെന്നേയുള്ളൂ, 500 കോടി രൂപ അനുവദിക്കുന്നുവെന്ന് വയ്ക്കുക, ആ 500 കോടി രൂപ അനുവദിച്ചാൽ അതിൽ 300 കോടി രൂപയുടെ ബാക്കി മാത്രമാണ് കേരളത്തിന് അവകാശപ്പെട്ടതായി മാറാൻ പോകുന്നത്. ഇത്തരത്തിൽ ഏറെ നിരുത്തരവാദപരമായിട്ടുള്ള ഒരു പെരുമാറ്റം ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്നത് ശരിയല്ലെന്നുള്ളതുകൊണ്ടും അപ്പുറവുമിപ്പുറവുമിരിക്കുന്ന എം.എൽ.എ.-മാർ എന്നുള്ള നിലയിൽ ഞങ്ങൾക്ക് ഞങ്ങളുടെ നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെട്ട് പല കാര്യങ്ങളും ചർച്ച ചെയ്യാനുള്ള ഒരു അവസരമായി ഇത് മാറ്റിയെടുക്കാനും വേണ്ടിയാണ്

ഈ അടിയന്തരപ്രമേയത്തിനുവേണ്ടി നോട്ടീസ് നൽകിയിട്ടുള്ളത്. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ളതാണ് എന്റെ ആവശ്യം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അടൂർ പ്രകാശ് ഇപ്പോൾ അടിയന്തരപ്രമേയമെന്ന നിലയിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ള കാര്യത്തിൽ വളരെ കാര്യമാത്രപ്രസക്തമായ ഏതെങ്കിലും വിഷയം ഉന്നയിച്ചിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇത്രനേരം പറഞ്ഞതെല്ലാം എഴുതിത്തന്നതിനകത്തുള്ള കാര്യങ്ങളിൽ കിടന്ന് തിരയുകയായിരുന്നു. അല്ലാതെ അതിൽ കൂടുതലൊന്നുംതന്നെ പറഞ്ഞിട്ടില്ല. എന്തുകൊണ്ടാണ് അങ്ങനെ പറയുന്നത്? വരൾച്ച നേരിടുന്നതിനാവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുകയല്ലാതെ കാര്യമായ ഒന്നും ഈ സർക്കാർ ചെയ്തില്ലെന്നാണ് പറയുന്നത്. ഏത് സർക്കാരിന്റെ കാലത്തും ഉത്തരവുകളുണ്ടാകും; അതെല്ലാം ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്; ഇപ്പോഴുമുണ്ടാകുന്നു. ആ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അതിനുള്ള പ്രവർത്തനങ്ങൾ താഴെത്തലത്തിൽ ചർച്ച ചെയ്യാനും തീരുമാനമെടുക്കാനും എല്ലാ ജില്ലകളിലും ആവശ്യമായ അത്രയും തവണ (ഒന്നോ രണ്ടോ മൂന്നോ തവണ) യോഗങ്ങൾ വിളിച്ചുചേർക്കാനും ചർച്ച ചെയ്യാനും ആവശ്യങ്ങൾ മനസ്സിലാക്കാനുമുള്ള എല്ലാ ശ്രമങ്ങളും നടത്തി. 11,000 കിയോസ്കുകൾ സ്ഥാപിക്കുമെന്ന് പറഞ്ഞിട്ട് എന്തുകൊണ്ടാണ് 5000 ആയത് എന്ന് ചോദിച്ചാൽ, ജില്ലകളിൽ നടത്തിയ ആദ്യഘട്ട ചർച്ചയിൽ ഉയർന്നുവന്ന അഭിപ്രായമാണ് 11,000-ൽ ചിലവാനം കിയോസ്കുകൾ ആവശ്യമുണ്ട് എന്നത്. എന്നാൽ ആവർത്തിച്ച് ഓരോ ജില്ലകളിലും ഇതിന്റെ സാദ്ധ്യതയെക്കുറിച്ചുള്ള പരിശോധന നടത്തി വന്നപ്പോൾ അവിടെനിന്ന് ഉയർന്നുവന്നിട്ടുള്ള അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിയാണ് 5000 കിയോസ്കുകൾ എന്ന് തീരുമാനിച്ചത്. അല്ലാതെ വെട്ടിക്കുറച്ചതല്ല, ഓരോ ജില്ലയിലും അതാത് സ്ഥലത്തെ ആവശ്യങ്ങൾ കണ്ടറിഞ്ഞാണ് തീരുമാനമെടുത്തത്. നിങ്ങളൊക്കെ പങ്കെടുത്ത യോഗങ്ങളാണ്. ആരെങ്കിലും ആവശ്യത്തിന് വേണ്ടെന്ന് തീരുമാനിച്ചതുകൊണ്ടല്ല, ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കിയോസ്കുകൾ സ്ഥാപിക്കാനാവശ്യമായ നടപടികളും തുടങ്ങി. എന്നാൽ ഇതൊന്നുമുണ്ടായില്ല, പത്തനംതിട്ട ജില്ലയിൽ ഒരു കിയോസ്ക് പോലും സ്ഥാപിച്ചിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്, എന്നാൽ 92 കിയോസ്കുകൾ ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ട്. അത് പരിശോധിക്കണം. .........(ബഹളം).............

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്..... ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങ് ഇങ്ങോട്ടു നോക്കി സംസാരിക്കു...

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ മിനിഞ്ഞാന്ന് കളക്ടറുടെ പക്കൽനിന്ന് റിപ്പോർട്ട് വാങ്ങി. രണ്ടുകൊല്ലമായി വാട്ടർ അതോറിറ്റിക്കും ഇറിഗേഷനും കൊടുക്കാനുള്ളതിൽ 10 പൈസപോലും കൊടുത്തിട്ടില്ല; ഇപ്പോൾ ഞങ്ങൾ ആ തുക കൊടുത്തു കൊണ്ടിരിക്കുകയാണ്. ............(ബഹളം)...........

മി. സ്പീക്കർ: ....പ്ലീസ്. ... പ്ലീസ്..... ഇരിക്കൂ...

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അടൂർ പ്രകാശ്, താങ്കൾ ഇത് പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. എല്ലാ ജില്ലകളിലും ആവശ്യമായ കിയോസ്കുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും കിയോസ്കുകൾ സ്ഥാപിക്കുകയും ചെയ്തതിന്റെ കണക്കാണ് 2588 എന്ന് ഞാൻ പറഞ്ഞത്. മുൻകാലത്ത് സ്ഥാപിച്ച 764 കിയോസ്കുകളിൽ വെള്ളം വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനുപുറമേ, ടാങ്കർ ലോറികളിൽ വെള്ളം വ്യാപകമായി വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കിയിട്ടുമുണ്ട്. അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് വിതരണം ചെയ്യുന്നത്. എവിടെയും വെള്ളം കിട്ടുന്നില്ലെന്ന് പരാതി ആവർത്തിച്ച് പറയാമെന്നുള്ളതൊഴിച്ചാൽ, ഗവൺമെന്റ് അതിൽ അത്രയേറെ താല്പര്യമെടുത്തുകൊണ്ട് വിതരണത്തിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഒരുക്കിയതുകൊണ്ട് എവിടെയും പരാതിയില്ലാത്തവിധം കാര്യങ്ങൾ നടന്നുപോകുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ....(മൈക്ക് ഓഫ്)....

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ടാങ്കറിൽ വെള്ളം കൊടുത്തു കൊണ്ടിരിക്കുകയാണ്. എവിടെയാണ് വെള്ളം കിട്ടാത്തത്; എവിടെയാണ് കാശില്ലാത്തത്?

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, പരസ്പരം ഇങ്ങനെ സംസാരിക്കുന്ന സാഹചര്യം ഒഴിവാക്കാനാണ് ചെയറിനെ നോക്കി സംസാരിക്കണമെന്ന് പറയുന്നത്. ദയവായി മിനിസ്റ്റർ ചെയറിനോട് സംസാരിച്ചാൽ മതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് 09-3-2017 -ലെ ഗവൺമെന്റ് ഉത്തരവാണ്. ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾക്ക് ചെലവഴിക്കുന്നതിന് അനുവദിച്ച തുക സംബന്ധിച്ചുള്ള ഉത്തരവാണത്.

1-4-2017 മുതൽ 31-5-2017 വരെ ഒരു ഗ്രാമപഞ്ചായത്തിന് വെള്ളം കൊടുക്കുന്നതിനുവേണ്ടി അനുവദിച്ചത് 10 ലക്ഷം രൂപയാണെന്നാണ് ആ ഉത്തരവിൽ പറയുന്നത്. 10 ലക്ഷം രൂപ കൊണ്ട് എന്തുചെയ്യാൻ പറ്റും? ഞാൻ പറയുന്നത്, ഇതുസംബന്ധിച്ച് അപ്പുറവുമിപ്പുറവുമുള്ളവർ ആലോചിക്കണ്ടേ? ഒരു മുനിസിപ്പാലിറ്റിയിൽ രണ്ടുമാസത്തേയ്ക്ക് 15 ലക്ഷം രൂപയും ഒരു കോർപ്പറേഷൻ ഏരിയായിൽ 20 ലക്ഷം രൂപയുമാണ് അനുവദിച്ചത്. ഞാൻ മനസ്സിലാക്കിയിടത്തോളം നമ്മൾ ചെലവഴിക്കാത്ത തുക ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ട വകുപ്പിന്റെ കൈവശമുണ്ട്. അത് ഇരിക്കവേ എന്തിനാണ് ഈ കൊടിയ വരൾച്ചയിൽ ആ തുക പിടിച്ചുവച്ചതെന്ന് അങ്ങ് ദയവായി പറയുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച വിഷയത്തിൽ ജില്ലാ ഭരണകൂടത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വെള്ളം വിതരണം ചെയ്യുന്നതിനുപുറമേ അത്യാവശ്യം വേണ്ടിവരുന്ന സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായി ചെലവഴിക്കുന്നതിനുള്ള അനുമതി കൂടി നൽകിയതാണ്. ......(ബഹളം)..... മറുപടി പറഞ്ഞ് കഴിയട്ടെ. ........(ബഹളം).......

മി. സ്പീക്കർ: അവതരണാനുമതി തേടി ഒരാൾ ഇവിടെ 15 മിനിറ്റോളം സംസാരിച്ചു. അതിനുള്ള മറുപടിയാണ് മന്ത്രി പറയുന്നത്. ........(ബഹളം)....... പ്ലീസ് .......... ഇരിക്കൂ. അദ്ദേഹത്തിന്റെ പ്രസംഗത്തിനും ചോദ്യങ്ങൾക്കും ആദ്യം മറുപടി പറയട്ടെ. പ്ലീസ് .......... ഇരിക്കൂ.

10.00 A.M.]

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ നേതൃത്വത്തിൽ കുടിവെള്ള വിതരണം നടത്തുകയാണ്. അതിനുപുറമേ ആവശ്യമായി വന്നാൽ എവിടെയും കുടിവെള്ള വിതരണം നടത്താൻ പ്രത്യേകമായി അനുമതി നൽകിയിരിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ അടൂർ പ്രകാശ് കേന്ദ്ര സംഘം വന്നതുസംബന്ധിച്ച് പറയുകയുണ്ടായി. കേന്ദ്രസംഘം സംസ്ഥാനത്ത് വന്നപ്പോൾ 50 തൊഴിലുറപ്പ് ദിനങ്ങളാണ് അധികമായി കിട്ടിയത്. ഇതിനുമുൻപ് ഒരിക്കലും ഇല്ലാത്തതാണ്, ചരിത്രത്തിൽ ആദ്യവുമാണ്. ഏതാണ്ട് 3 ലക്ഷം പേർ തൊഴിലുറപ്പുമേഖലയിൽ ജോലി ചെയ്യുന്നുവെങ്കിൽ അവർക്ക് ഒരു ദിവസം 245 രൂപ വച്ച് ഏതാണ്ട് 50 ദിവസത്തെ അധികജോലി ലഭിച്ചാൽ 365 കോടി രൂപയെങ്കിലും ആ ഇനത്തിൽ സംസ്ഥാന ഗവൺമെന്റിന് ലഭിക്കും.

കേരളത്തിലെ വരൾച്ചയുടെ രൂക്ഷത കേന്ദ്ര ഗവൺമെന്റിന് ബോധ്യപ്പെടുത്തി കൂടുതൽ തൊഴിൽ ദിനങ്ങളും കൂടുതൽ ഭക്ഷ്യ ധാന്യങ്ങളും കൂടുതൽ മണ്ണെണ്ണയും ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യങ്ങളൊക്കെ അവർ പരിശോധിച്ച് 50 തൊഴിൽ ദിനങ്ങൾ കൂടുതൽ നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. നെയ്യാർ ഡാമിൽ നിന്നും ഇവിടെ വെള്ളം എത്തിക്കാൻ ചെയ്ത പ്രവൃത്തികളൊക്കെ ഒരു തമാശയായി പറയുന്നതുപോലെ അവിടെ സന്ദർശിച്ചതിനെ പ്രത്യേകമായി അഭിനന്ദിക്കുന്നുവെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. കുടിവെള്ളം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൃത്യമായി ഉണ്ടായി എന്നത് അംഗീകരിക്കാതെ ആവശ്യമായ ഘട്ടത്തിൽ ഉണർന്നു പ്രവർത്തിക്കാൻ സന്നദ്ധമായ ജലവിഭവ വകുപ്പിനെയും അതുപോലെ തന്നെ ആവശ്യമായ മറ്റു നടപടികൾ സ്വീകരിച്ച വകുപ്പുകളെയും ആക്ഷേപിക്കത്തക്ക രീതിയിൽ പറഞ്ഞാൽ എന്താണ് ന്യായം? കുടിവെള്ളത്തിന്റെ പ്രശ്നം ഭരണ പ്രതിപക്ഷത്തിന്റെയല്ല, രാഷ്ട്രീയവുമല്ല. ഇത് രാഷ്ട്രീയമല്ലെന്നാണ് ബഹുമാനപ്പെട്ട അടൂർ പ്രകാശ് ചൂണ്ടിക്കാണിച്ചത്. ഇത് രാഷ്ട്രീയമല്ലെന്ന് നല്ല ബോധ്യമുള്ളത് ഞങ്ങൾക്കാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള ഉത്തരവാദിത്വമാണ് സർക്കാർ നിർവ്വഹിച്ചിരിക്കുന്നത്. അതിന് ആവശ്യമായ സംവിധാനങ്ങളെല്ലാം ഒരുക്കിയിരിക്കുകയാണ്. എല്ലാ മേഖലകളിലും കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. അതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെന്നും തോന്നുന്നില്ല. ഈ പ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾത്തന്നെ അവിടെ കിയോസ്കുകൾ വച്ചില്ല, സ്വന്തം ജില്ലയിൽ സ്ഥാപിച്ചില്ലായെന്ന് അദ്ദേഹം പറഞ്ഞത് ശരിയല്ല. അവിടെ 92 കിയോസ്കുകൾ സ്ഥാപിച്ചതിന്റെ കണക്കുണ്ട്. ഓരോ ജില്ലകളിലും സ്ഥാപിച്ച കിയോസ്കുകളുടെ കണക്കുമുണ്ട്. ആവശ്യമാണെങ്കിൽ അക്കാര്യം ഞാൻ ഇവിടെ പറയാം. തിരുവനന്തപുരം- 260, കൊല്ലം-125, ആലപ്പുഴ-200 പത്തനംതിട്ട-92 കോട്ടയം-160, ഇടുക്കി-64, പാലക്കാട്-496, തൃശ്ശൂർ-20, എറണാകുളം-100, കോഴിക്കോട് -350, വയനാട്-100, മലപ്പുറം-70, കണ്ണൂർ -300, കാസർഗോഡ് -221 കിയോസ്കുകൾ സ്ഥാപിച്ചു. ആവശ്യമായ അളവിൽ കിയോസ്കുകൾ സ്ഥാപിക്കാനും അതിൽ വെള്ളം എത്തിക്കാനുമുള്ള സംവിധാനം ഉണ്ടാക്കിയിരിക്കുകയാണ്. ഇതിനൊക്കെ പണം അനുവദിച്ചതിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചപ്പോൾ, ആ പണം ആവശ്യത്തിന് അനുവദിച്ചിട്ടുണ്ടെന്ന് മാത്രമല്ല മാർച്ച് 31-ന് അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ അവശേഷിക്കുന്ന സംഖ്യ സറണ്ടർ ചെയ്തിരിക്കുകയുമാണ്. തുടർന്ന് സ്വാഭാവികമായും ആവശ്യമായ പണം തിരിച്ചുകൊടുക്കും. അദ്ദേഹം പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട കാര്യം, എത്ര രൂക്ഷമായ വരൾച്ചയുണ്ടെങ്കിലും

കേന്ദ്രത്തിൽനിന്നും കണക്കാക്കുന്ന പണത്തിൽ ഇവിടെ അവശേഷിക്കുന്ന സംഖ്യ കഴിച്ച് ബാക്കിയേ കിട്ടുകയുള്ളൂവെന്നാണ്. അത് പുതിയ കണ്ടുപിടിത്തമല്ലേ? ഇതൊക്കെ നേരത്തേയും അങ്ങനെയായിരുന്നു. കഴിഞ്ഞ കാലത്ത് അനുവദിച്ചുകൊടുത്തിരിക്കുന്ന പല വർക്കുകളും ഇപ്പോഴും നടക്കാതിരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആ പണം റിലീസ് ചെയ്യാതെ പോകുകയും ചെയ്യുന്ന സാഹചര്യത്തിൽ പണം ഇവിടെ ചെലവാകാതിരിക്കുകയാണ്. പണമില്ലാത്ത വിഷയമില്ല. കഴിഞ്ഞ കാലത്ത് കൊടുത്തിട്ടുള്ള വർക്കുകൾ പൂർത്തീകരിക്കാത്തതിനെത്തുടർന്നാണ് ആ പണം ചെലവഴിക്കാൻ കഴിയാത്തത്. അതെല്ലാം അദ്ദേഹത്തിന് അറിയാവുന്നതാണ്. എന്നിട്ട് എന്തോ ഒരു പുതിയ കണ്ടുപിടിത്തം പോലെ പണം പിടിച്ചുവയ്ക്കുന്നുവെന്നാണ് പറയുന്നത്. പണം പിടിച്ചുവയ്ക്കുന്നതല്ല. ഇത്തരം സന്ദർഭങ്ങളിൽ ആവശ്യാനുസരണമാണ് പണം അനുവദിക്കുന്നത്. ഒരു ജില്ലയിലും ആവശ്യത്തിനനുസരിച്ച് പണം ഇല്ലെന്നുള്ള ആക്ഷേപമില്ല. എവിടെയെങ്കിലും അത്തരം വിഷയങ്ങളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിക്കാൻ കഴിയും. ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ, ഏതെങ്കിലും പോരായ്മകൾ ചൂണ്ടിക്കാണിച്ച് പരിഹരിക്കാനാണ് ശ്രമിക്കുന്നതെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കാം. രാഷ്ട്രീയമല്ലെന്ന് പറയുകയും കേവലം രാഷ്ട്രീയത്തിന്റെ പേരിൽ മാത്രം ഇത്തരമൊരു പ്രമേയം അവതരിപ്പിക്കുകയും ചെയ്യുവെന്നതുകൊണ്ട് അതിൽ ഒരു ന്യായവുമില്ല. ജലവിഭവ വകുപ്പ് ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി വിശദീകരിക്കുന്നതാണ് .... (ബഹളം)...

മി. സ്പീക്കർ: ഇരിക്കു, ഇരിക്കു, ഇതിനുശേഷം പ്രതിപക്ഷ നേതാവിന് പറയാനുള്ള അവസരമുണ്ട്. ഇതൊന്നും ശരിയല്ല. ഇല്ലാത്ത നടപടിക്രമങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയില്ല. ഒരാൾ അവതരണാനുമതി തേടി സംസാരിച്ചു. അതിന് മറുപടി പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകഴിഞ്ഞാൽ പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ അവസരമുണ്ട്. ജലവിഭവ വകുപ്പുമന്ത്രി കൂടി പറയട്ടെ;

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഈ വർഷമുണ്ടായ അതിരൂക്ഷമായ വരൾച്ച സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ചർച്ച നടത്തിയിരുന്നു. ആ ചർച്ചയിൽ ഇരുഭാഗത്തുനിന്നും വന്ന അഭിപ്രായങ്ങളടക്കം സ്വീകരിച്ചുകൊണ്ട് ഇടപെടേണ്ട കാര്യങ്ങളിൽ ഇടപെടാനുള്ള ജാഗ്രത ഈ ഗവൺമെന്റിന്റെ എല്ലാ വകുപ്പുകളും ഇതിനോടകംതന്നെ സ്വീകരിച്ചിട്ടുണ്ട്. സാധാരണ കാണുന്ന വരൾച്ചയല്ല ഇത്തവണയുണ്ടായിട്ടുള്ളത്. അതിന്റെ വിശദാംശങ്ങളിലേയ്ക്കോ കണക്കുകളിലേയ്ക്കോ ഞാൻ പോകുന്നില്ല. തെക്ക് പടിഞ്ഞാറൻ കാലവർഷവും

വടക്കു കിഴക്കൻ തുലാവർഷവും അതോടൊപ്പംതന്നെ ശീതകാല മഴയുമൊക്കെ കുറഞ്ഞുപോയതിന്റെ കൃത്യമായ കണക്കുകൾ ഇറിഗേഷൻ വകുപ്പ് സൂക്ഷിച്ചിട്ടുണ്ട്. നൂറ്റാണ്ടിലെതന്നെ ഏറ്റവും വലിയ വരൾച്ചയിലേയ്ക്കാണ് നമ്മൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് പ്രയാസങ്ങളും പ്രശ്നങ്ങളും ഈ നാട്ടിൽ തീരെയില്ലെന്ന അർത്ഥത്തിലല്ല ഞാൻ പറഞ്ഞത്. ആ പ്രയാസങ്ങളും പ്രശ്നങ്ങളും ലഘൂകരിച്ചുകൊണ്ടുവരാൻ സാധ്യമായ മുഴുവൻ കാര്യങ്ങളും എല്ലാവരെയും വിശ്വാസത്തിലെടുത്തുകൊണ്ട് നടപ്പിലാക്കാനാണ് ഈ മാസങ്ങളിൽ ജലവിഭവ വകുപ്പും റവന്യൂ വകുപ്പും മറ്റെല്ലാ വകുപ്പുകളും ചേർന്ന് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് ബഹുമാന്യനായ അടൂർ പ്രകാശ് സൂചിപ്പിച്ച കാര്യങ്ങൾക്ക് മറുപടി പറയണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഒരു ജില്ലയെ സംബന്ധിച്ച് മാത്രം ഞാൻ പറയുന്നതല്ല, അദ്ദേഹം പത്തനംതിട്ട ജില്ലയെ സംബന്ധിച്ച് സൂചിപ്പിച്ചതുകൊണ്ടാണ് പറയുന്നത്. അവിടെ രണ്ടുതവണ അവലോകന യോഗങ്ങൾ ചേർന്നു. കിയോസ്കുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചു. കിയോസ്കുകൾ കൊണ്ടുമാത്രം പ്രശ്നം പരിഹരിക്കാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെ അവിടത്തെ മറ്റ് എം.എൽ.എ.-മാരായ ശ്രീ. രാജു എബ്രഹാം, ശ്രീ. ചിറ്റയം ഗോപകുമാർ, ശ്രീമതി വീണാ ജോർജ്ജ് അടക്കമുള്ളവർ പറയുകയുണ്ടായി. മറ്റെല്ലാ ജില്ലകളിലും ആ അഭിപ്രായം ഉണ്ടായി. ജില്ലാതലത്തിൽ എം.എൽ.എ. മാരുടെകൂടി അഭിപ്രായങ്ങൾ സംസ്ഥാന മന്ത്രിസഭാ യോഗം ചർച്ച ചെയ്തിട്ടാണ് കിയോസ്കുകളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതില്ലെന്നും ടാങ്കർ ലോറികളിൽകൂടി ജലവിതരണം നടത്തണമെന്ന നിർദ്ദേശം നൽകാൻ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും സംസ്ഥാന മന്ത്രിസഭയും തീരുമാനിച്ചത്. ജില്ലകളിൽ നടന്ന അവലോകന യോഗങ്ങളിലുണ്ടായ അഭിപ്രായങ്ങളെ ഗവൺമെന്റ് ഗൗരവമായി എടുത്തുവെന്നുള്ളതുകൊണ്ടാണ് കിയോസ്കുകൾ വഴി മാത്രമെന്ന തീരുമാനത്തിൽ നിന്നും മാറി അത് പൂർണ്ണതോതിൽ ഫലപ്രദമാക്കാൻ ടാങ്കർ ലോറികൾ വഴിയും ജലം എത്തിക്കണമെന്ന തീരുമാനമെടുത്തത്. അങ്ങനെ ടാങ്കർ ലോറികൾ വഴി വെള്ളം കൊടുക്കാൻ, ജില്ലാഭരണകൂടവും പഞ്ചായത്തുകളും ചേർന്ന് ക്രമീകരിക്കുന്ന ടാങ്കറുകളിൽ ജല അതോറിറ്റി ജലം ശേഖരിച്ച് നൽകുന്നുണ്ട്. ബഹുമാനപ്പെട്ട അടൂർ പ്രകാശ് തിരുവനന്തപുരം ജില്ലയിൽ മാത്രമായി ജലവിഭവ വകുപ്പ് പ്രവർത്തിക്കുന്നുവെന്ന് പറഞ്ഞത് ശരിയല്ല.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ ഇവിടെ ഈ വിഷയം അവതരിപ്പിച്ചപ്പോൾ തിരുവനന്തപുരം ജില്ലയിൽ വെള്ളം കൊടുത്തതിന്

ആക്ഷേപം പറഞ്ഞതല്ല. അങ്ങ് മുൻകൈയെടുത്ത് തിരുവനന്തപുരം ജില്ലയിൽ വെള്ളം കൊടുത്തതിന് ഞാൻ അങ്ങയെ അഭിനന്ദിക്കുകയായിരുന്നു. അങ്ങ് പത്തനംതിട്ട ജില്ലയിൽ നിന്നുള്ള ഒരു മന്ത്രിയാണ്. തിരുവനന്തപുരത്ത് വെള്ളം കൊടുത്തത് തെറ്റാണെന്ന് ഞാൻ പറഞ്ഞില്ല. ബാക്കിയുള്ള സ്ഥലങ്ങളിലും അതുപോലെ വെള്ളം എത്തിക്കണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. മാത്യു. ടി. തോമസ്: സർ, ഞാൻ ഈ സംസ്ഥാന മന്ത്രിസഭയിലെ ഒരു മന്ത്രിയാണ്. ഒരു ജില്ലയിലെ മാത്രമല്ല, ഈ മന്ത്രിസഭ കേരളത്തിലാകമാനം സ്വീകരിച്ചിരിക്കുന്ന നടപടികളെ അങ്ങ് അഭിനന്ദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നേരത്തേതന്നെ സംസ്ഥാനത്തൊട്ടാകെ കുടിവെള്ളക്ഷാമം രൂക്ഷമാകുമെന്ന തിരിച്ചറിവിൽ ജല അതോറിറ്റിയുടെ സ്രോതസ്സുകളിൽ തടയണ നിർമ്മിച്ച് വെള്ളം കെട്ടിനിർത്താനുള്ള ശ്രമം നടത്തിയിരുന്നു. എന്നാലും ചില പ്രദേശങ്ങളിൽ ഗൗരവതരമായ പ്രശ്നമുണ്ടായി. തിരുവനന്തപുരം മാത്രമല്ല, പാലക്കാട്, കാസർഗോഡ്, മലപ്പുറം തുടങ്ങിയ ജില്ലകളിലെല്ലാം കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഭാരതപ്പുഴയിലും കടലുണ്ടിപ്പുഴയിലും വാമനപുരം നദിയിലുമൊക്കെ നീരൊഴുക്ക് തീരെയില്ലാത്ത അവസ്ഥയാണ്. ഈ നദികളെ ആശ്രയിച്ചുള്ള കുടിവെള്ള പദ്ധതികളൊക്കെ സ്തംഭനാവസ്ഥയിലാണ്. ശേഖരിച്ച വെള്ളം വിതരണം ചെയ്യുന്നത് കൂടാതെ മറ്റ് സ്ഥലങ്ങളിൽനിന്നും ടാങ്കർ ലോറി വഴിയും ജലം വിതരണം ചെയ്യുകയാണ്. അതിനുള്ള നടപടികളെല്ലാം വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിക്ക് പണം നൽകിയില്ലെന്നതാണ് അടിയന്തരപ്രമേയത്തിലുള്ള ഒരു വിഷയം. വാട്ടർ അതോറിറ്റിക്ക് ഇക്കാര്യത്തിൽ പണത്തിന്റെ പ്രയാസം ഉണ്ടായില്ല. ഇക്കാര്യത്തിൽ പണമൊരു പ്രശ്നമാകരുതെന്ന് ദുരന്തനിവാരണ അതോറിറ്റി നേരത്തേ തീരുമാനിച്ചിരുന്നു. കൃത്യമായ നടപടിക്രമങ്ങളുമായാണ് മുന്നോട്ടുപോയത്. വാട്ടർ അതോറിറ്റി ജില്ലകളിലാകമാനം ടാങ്കറുകളിൽ വിതരണം ചെയ്യാനുള്ള വെള്ളം ലഭ്യമാക്കിക്കൊടുക്കുകയും നേരത്തേ തന്നെ തടയണകൾ നിർമ്മിച്ച് ജലം ശേഖരിച്ച് കൊടുക്കാനുള്ള ശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്. വരൾച്ച രൂക്ഷമായതുകൊണ്ട് ചില പ്രയാസങ്ങൾ വന്നിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. വാട്ടർ അതോറിറ്റി മാത്രമല്ല ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റും നവംബർ മാസംതന്നെ ഇക്കാര്യങ്ങൾ ആലോചിക്കുകയും നിലവിൽ പ്രവർത്തനക്ഷമമായി നിൽക്കുന്ന 14,000 കുഴൽക്കിണറുകൾക്ക് പുറമേ 6000 കുഴൽക്കിണറുകളിൽ കൂടി ഹാന്റ് പമ്പുകൾ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. അത് 7000-ത്തിൽ എത്തിനിൽക്കുകയാണ്. തിരുവനന്തപുരത്ത് മാത്രമല്ല സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ, 7000 കുഴൽക്കിണറുകൾ അധികമായി നിർമ്മിച്ച

കൊണ്ടിരിക്കുകയാണ്. നവംബർ മാസം തന്നെ ആലോചന നടത്തി ഡിസംബർ-ജനവരി മാസങ്ങളിലായി കുറേ അധികം, (60000-ത്തോളം) കുഴൽക്കിണറുകളുടെ പണി പൂർത്തീകരിക്കുകയും ബാക്കി പൂർത്തീകരിച്ചു കൊണ്ടിരിക്കുകയുമാണ്. കുഴൽക്കിണറുകളെ ആശ്രയിച്ചുള്ള 286 ചെറുകിട പദ്ധതികൾക്ക് അനുവാദം കൊടുത്തതിൽ 235 എണ്ണം പൂർത്തീകരിച്ചു. ജലനിധി പദ്ധതികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഈ സമയത്ത് ബഹുമാനപ്പെട്ട അംഗങ്ങളിൽ പലരും ഉദ്ഘാടനത്തിന് എന്നെ ക്ഷണിക്കുന്നുണ്ട്. മേയ് മാസത്തിനുള്ളിൽ 160 ചെറുകിട പദ്ധതികൾ പൂർത്തീകരിക്കാനാണ് ശ്രമിച്ചത്. ഇത് വരൾച്ചയുടെ കാലമാണ്, കുടിവെള്ളത്തിന്റെ അത്യാവശ്യം കണക്കിലെടുത്ത് മന്ത്രിയുടെ സമയം നോക്കി ഉദ്ഘാടനത്തിന് കാത്തുനിൽക്കരുതെന്ന് ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അക്കാര്യത്തിൽ പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമൊന്നുമില്ല. അതാത് മണ്ഡലത്തിലെ എം.എൽ.എ.മാർ തന്നെ ഉദ്ഘാടനം ചെയ്യുകയോ അല്ലെങ്കിൽ ഉദ്ഘാടനമില്ലാതെയോ വെള്ളം കൊടുക്കുക എന്നതിനാണ് പ്രഥമ പരിഗണന നൽകേണ്ടത്. അത്തരത്തിൽ ജലനിധിയുടെ പ്രവർത്തനം നടക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തി ആലപ്പുഴ നഗരത്തിലും എട്ട് പഞ്ചായത്തുകൾക്കും കൂടിയുള്ള പദ്ധതി (64 MLD) UIDSSMT വഴി പൂർത്തീകരിച്ച് മറ്റന്നാൾ (6-5-2017) മുഖ്യമന്ത്രി തുറന്നുകൊടുക്കുന്നതോടുകൂടി ആലപ്പുഴ പട്ടണത്തിന്റെ പ്രശ്നം തീരുകയാണ്. അതുപോലെ പശ്ചിമ കൊച്ചിയിലേയ്ക്ക് 15 MLD അധികജലം ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. പേപ്പാറയിൽ ഞാൻ പോയി എന്നത് ശരിയാണ്. അവിടെ പോകാനുള്ള പ്രധാന കാരണം പേപ്പാറയിലുള്ള വെള്ളം മേയ് 17 വരെ മാത്രമേ തിരുവനന്തപുരം നഗരത്തിൽ കൊടുക്കാൻ സാധിക്കുകയുള്ളൂവെന്ന് വളരെ നേരത്തേതന്നെ കണക്കുകൂട്ടിയിരുന്നു. അതുകൊണ്ട് ചില നിയന്ത്രണങ്ങൾ വരുത്തണമെന്ന് വാട്ടർ അതോറിറ്റിയിൽ നിന്നും നിർദ്ദേശം വന്നിരുന്നു. 25 ശതമാനം പമ്പിംഗ് കുറയ്ക്കണമെന്നാണ് നിർദ്ദേശം. ആ നിയന്ത്രണത്തിലൂടെ ഉള്ള വെള്ളം മേയ് 31 വരെ നീട്ടിയെടുക്കുക എന്നതായിരുന്നു ലക്ഷ്യം. ഗവൺമെന്റും മന്ത്രി എന്ന നിലയിൽ ഞാനും ആ നിർദ്ദേശത്തോട് പൂർണ്ണമായി യോജിച്ചില്ല. കാരണം 25 ശതമാനം നിയന്ത്രണം കൊണ്ടുവന്നാൽ അതിന്റെ പ്രയാസം 25 ശതമാനമായിരിക്കില്ല, അതിലും മുകളിലായിരിക്കും. പക്ഷേ ഏപ്രിൽ 17 വരെയും തിരുവനന്തപുരം ജില്ലയിലും മറ്റ് ജില്ലകളിലും വേനൽമഴ പെയ്തിട്ടും, കഴിഞ്ഞ വർഷങ്ങളിൽ പെയ്തതിനേക്കാൾ കൂടുതൽ വേനൽ മഴ ഈ വർഷം നമുക്ക് കിട്ടിയെങ്കിലും വേനൽമഴ കൊണ്ട് നമുക്ക്

മെച്ചമൊന്നുമില്ല. വെറും 86 മില്ലി മീറ്റർ വെള്ളം കിട്ടേണ്ടിടത്ത് 126 മില്ലി മീറ്റർ വെള്ളം കിട്ടി, പക്ഷേ 2500 മില്ലി മീറ്റർ കിട്ടേണ്ടിടത്ത് 1500 മില്ലി മീറ്റർ കിട്ടിയിട്ടാണ് നമുക്ക് വേനൽ മഴയിൽ ചില വർദ്ധനവുകൾ ഉണ്ടായത്. കേരളത്തിലെ എല്ലാ ജില്ലകളിലും വേനൽമഴ ലഭിച്ചപ്പോഴും തിരുവനന്തപുരം ജില്ലയിൽ കുറവായിരുന്നുവെന്നതിനേക്കാൾ ഉപരിയായി പേപ്പാറ ഡാമിന്റെ വൃഷ്ടിപ്രദേശത്ത് തീരെ മഴ ലഭിച്ചില്ല. അതുകൊണ്ട് നിർബന്ധിതമായി ഈ നിയന്ത്രണം കൊണ്ടുവരുമ്പോൾ അത് ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടിത്തന്നെ പേപ്പാറ ഡാം സന്ദർശിച്ച് അവിടെ ജലനിരപ്പ് കുറവാണെന്ന് മാധ്യമങ്ങളോട് പറഞ്ഞതിനുശേഷമാണ് 18-ാം തീയതി മുതൽ നിയന്ത്രണം കൊണ്ടുവന്നത്. പക്ഷേ ആ നിയന്ത്രണം വലിയ ബുദ്ധിമുട്ടുകൾ ഈ നഗരത്തിലുണ്ടാക്കി. അതുകൊണ്ട് നിയന്ത്രണം പിൻവലിക്കണമെന്ന വലിയ ഡിമാന്റുണ്ടായി. പിൻവലിച്ചാൽ വിതരണം ചെയ്യാൻ വെള്ളമില്ല. ഈ സാഹചര്യത്തിലാണ് യുദ്ധകാലാടിസ്ഥാനത്തിൽ നെയ്യാറിൽ നിന്നും വെള്ളം കൊണ്ടുവരാനുള്ള സാധ്യത ഗവൺമെന്റ് പരിശോധിച്ചത്. വനപ്രദേശമായതിനാൽ അസാധ്യമെന്നാണ് ആദ്യം പറഞ്ഞത്. കാരണം വനത്തിലൂടെ പൈപ്പ്ലൈൻ ഇടാൻ സാധിക്കുകയില്ല. വനത്തിലൂടെ വൈദ്യുതി വലിക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും വനം വകുപ്പ് ഉദ്യോഗസ്ഥരും സഹകരിച്ച് നെയ്യാർ ഡാമിലെ കാപ്പുകാട് നിന്ന് ഒന്നര കിലോമീറ്റർ പമ്പ് ചെയ്ത് ഒരു തോട്ടിലെത്തിച്ച് ആ തോട് ഒൻപത് കിലോമീറ്റർ വൃത്തിയാക്കി, കാര്യോട് തോടും കുമ്പിളി തോടും വൃത്തിയാക്കി കയ്യേറ്റങ്ങളുണ്ടായിരുന്നത് ഒഴിപ്പിച്ച് അതിനെ വെള്ളമൊഴുകുന്നതിന് സജ്ജമാക്കി, അടിയന്തരമായി നാലഞ്ച് ദിവസങ്ങൾ കൊണ്ടാണ് ഈ പ്രവൃത്തികൾ ചെയ്തത്. അതിനുശേഷം ആലപ്പുഴ നിന്നും കോട്ടയത്തെ വ്യവസായ വകുപ്പിന്റെ TCL-ൽ നിന്നും ഡ്രഡ്ജർ എത്തിച്ചു. ഡ്രഡ്ജർ എത്തിക്കുക എന്നാൽ വണ്ടിയോടിച്ചുപോകുന്നതുപോലെ പോകാൻ സാധിക്കില്ല. ക്രെയിനുപയോഗിച്ച് ട്രെയിലറിൽ കയറ്റി ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി വ്യവസായം, പോലീസ്, മോട്ടോർ വാഹനം തുടങ്ങിയ വകുപ്പുകൾ സഹകരിച്ച് അവിടെ പുതിയ പാത തെളിച്ചാണ് ഡ്രഡ്ജർ ഇറക്കിയത്. ഗുജറാത്തിൽനിന്നും പ്രത്യേകമായ മോട്ടോർ വന്നിട്ടുണ്ട്. അത് സ്ഥാപിക്കുകയാണ്. അതുകൊണ്ടും തിരുവനന്തപുരം നഗരത്തിൽ നിയന്ത്രണങ്ങളില്ലാതെ കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ മേയ് 17-ന് ശേഷവും ജലമുണ്ടാകും എന്ന ഒരു അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടെത്തിക്കാൻ കഴിഞ്ഞു. അതിന് പ്രതിപക്ഷത്തുനിന്നും ഈ സർക്കാരിനെ അഭിനന്ദിച്ചു. ആ അഭിനന്ദനങ്ങൾക്ക് ഈ സർക്കാരിനുവേണ്ടി ഞാൻ നന്ദി അറിയിക്കുന്നു. അതിരൂക്ഷമായ വരൾച്ച നേരിടാൻ സർക്കാർ സ്വീകരിച്ച നടപടികളെ ശ്രീ. അടൂർ

പ്രകാശ് അടക്കമുള്ള ആളുകൾ അഭിനന്ദിച്ചു. അതിന്റെ സന്തോഷവും ഞാൻ അറിയിക്കുന്നു. അതിന്റെ പശ്ചാത്തലത്തിൽ സാധ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുവെന്ന് പ്രതിപക്ഷം കൂടി അംഗീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു. നിങ്ങളെല്ലാവരേയും പ്രതിനിധീകരിച്ചാണ് പ്രതിപക്ഷനേതാവ് സംസാരിക്കുന്നത്. നിങ്ങൾക്ക് പറയാനുള്ളത് അദ്ദേഹത്തിന് കുറിച്ച് കൊടുത്താൽ മതി. അങ്ങ് സംസാരിക്കൂ.....

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഗൗരവതരമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അടൂർ പ്രകാശ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരുടെയും പ്രസംഗം കഴിഞ്ഞപ്പോൾ കേരളത്തിൽ ആർക്കും കുടിവെള്ളക്ഷാമമില്ല എന്ന് വളരെ നല്ല നിലയിൽ അവർ ഇവിടെ സമർത്ഥിച്ചിരിക്കുകയാണ്. ഞാൻ ഞായറാഴ്ച റവന്യൂ വകുപ്പുമന്ത്രിയുടെ ജില്ലയായ കാസർഗോഡുണ്ടായിരുന്നു. അവിടെ വച്ച് ജലവിഭവ വകുപ്പുമന്ത്രിയെ വിളിച്ചു. ഞാൻ അവിടെ ചെന്നപ്പോൾ എന്നോടൊപ്പം ശ്രീ. എൻ. എ. നെല്ലിക്കുന്നും ഉണ്ടായിരുന്നു. അവിടത്തെ വ്യാപാരികളും വ്യവസായികളുമാണ് എന്നെ ആദ്യം വന്നുകണ്ടത്. കാസർഗോഡ് നഗരത്തിൽ രണ്ടാഴ്ചയായി വെള്ളം കിട്ടുന്നില്ല. ഇടയ്ക്ക് കിട്ടിയത് ഉപ്പുവെള്ളമായിരുന്നു. ഞാൻ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയെ വിളിക്കാൻ ശ്രമിച്ചു, എന്നാൽ അദ്ദേഹത്തെ കിട്ടിയില്ല. ഞാൻ ജില്ലാ കളക്ടറെ വിളിച്ചു. അദ്ദേഹം പറഞ്ഞു, ശരിയാണ്, ഇവിടെ രണ്ടാഴ്ചയായി വെള്ളമില്ല. അവസാനം മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരോട് ഞാൻ കൂടി സംസാരിച്ചതിനുശേഷമാണ് മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ കുടിവെള്ളം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചത്. ബഹുമാന്യനായ മന്ത്രിയുടെ ജില്ലയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): സർ, കുടിവെള്ള വിതരണത്തിന്റെ ചുമതല മുനിസിപ്പാലിറ്റിയ്ക്കുണ്ടല്ലോ; അങ്ങ് പറഞ്ഞതുകൊണ്ട് മാത്രം മുനിസിപ്പാലിറ്റി വെള്ളം കൊടുത്തുവെന്ന് പറയുന്നത് ശരിയായിട്ടുള്ള കാര്യമാണോ; മുനിസിപ്പാലിറ്റിക്ക് ആ ഉത്തരവാദിത്വം നിർവ്വഹിക്കാൻ ബാദ്ധ്യതയില്ലേ?

ശ്രീ. പി. കെ. ബഷീർ: സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന ഒരു കാര്യമാണ്. പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് പണം ചെലവഴിക്കാനാണ് ഉത്തരവിട്ടത്. റവന്യൂ ഡിപ്പാർട്ട്മെന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഒരു തുകയും കുടിവെള്ള പ്രശ്നത്തിനും വരൾച്ചയ്ക്കും കൊടുത്തിട്ടില്ല. അത് മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടത്, ടെണ്ടർ കഴിഞ്ഞാൽ പിന്നീട് ജില്ലാ കളക്ടറുടെ അനുവാദം വാങ്ങിയതിനുശേഷം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പണം ചെലവഴിക്കാൻ അല്ലെങ്കിൽ കുടിവെള്ളം വിതരണം ചെയ്യാൻ വീണ്ടും ജില്ലാ കളക്ടറുടെ കയ്യിൽ നിന്ന് അംഗീകാരം വാങ്ങണമെന്നാണ് റവന്യൂ വകുപ്പ് പറഞ്ഞിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് ഫണ്ടുപയോഗിച്ച് കുടിവെള്ളം കൊടുക്കുന്നതിന് ജില്ലാ കളക്ടറുടെ സാങ്ഷൻ വാങ്ങേണ്ടതിന്റെ ആവശ്യമെന്താണ്? രണ്ടാമതായി, മലപ്പുറം ജില്ലാ വികസന സമിതി കഴിഞ്ഞ മാസം 29-ാം തീയതി മീറ്റിംഗ് കൂടിയപ്പോൾ ശ്രീ. വി. അബ്ദുറഹിമാനും ഞാനും അടക്കമുള്ള എം.എൽ.എ.-മാർ ചോദിച്ചപ്പോൾ 72 കിയോസ്കുകൾ അവിടെ വച്ചിട്ടുണ്ടെന്നാണ് പറഞ്ഞത്. അതിലേയ്ക്ക് വെള്ളം കൊടുക്കാനുള്ള സംവിധാനങ്ങൾ ഇതുവരെ ആയിട്ടില്ല എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നാണ് ചോദ്യം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പറഞ്ഞുവന്നത് ഇതിലെ രാഷ്ട്രീയമല്ല, ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. കോട്ടയ്ക്കൽ ആയുർവ്വേദ മെഡിക്കൽ കോളേജിൽ വെള്ളം ലഭിക്കാത്തതിന്റെ പേരിൽ രോഗികളെ മുഴുവൻ അവിടെനിന്നും പറഞ്ഞുവിട്ടു. തിരുവനന്തപുരത്ത് അമ്പൂരി പഞ്ചായത്തിൽ മികച്ച ക്ഷീരകർഷകനുള്ള അവാർഡ് ലഭിച്ച ഹഷിമുദ്ദീൻ തന്റെ കാലികളെ കുളിപ്പിക്കാൻ വെള്ളമില്ല എന്നുപറഞ്ഞ് മൃഗാശുപത്രിയിൽ കൊണ്ടുവിട്ടു. തൃശ്ശൂർ, കണ്ണൂർ പോലുള്ള ജനവാസകേന്ദ്രങ്ങളിൽ പുലി നഗരത്തിലിറങ്ങുന്നു. ഏറ്റുമാനൂർ അമ്പലത്തിൽ ആനയെ കുളിപ്പിക്കാൻ വെള്ളമില്ലാത്തതുകൊണ്ട് അവർക്ക് കോടതിയെ സമീപിക്കേണ്ടിവന്നു. പല അമ്പലങ്ങളിലും ഇപ്പോൾ ആറാട്ട് നടത്തുന്നത് ഉരുളിക്കകത്താണ്. ഇതെല്ലാം പത്രത്തിൽ വന്ന വാർത്തകളാണ്. ഇവിടെ കുടിവെള്ളക്ഷാമത്തിന്റെ പ്രശ്നമില്ല എന്നാണ് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും പറയുന്നത്. കാസർഗോഡ് ജില്ലയിലെ ജനങ്ങളുടെ കാര്യം ഞാൻ ഇവിടെ പറഞ്ഞു. അവർ ഉപ്പുവെള്ളം കുടിക്കുകയാണ്. അവിടത്തെ ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാൻ അവിടത്തെ മന്ത്രി കൂടിയായ റവന്യൂ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടില്ല. ഇവിടെ യാതൊരു പ്രശ്നവുമില്ല എന്നാണ് അദ്ദേഹം പറയുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇങ്ങനെ പറയുന്നതുകൊണ്ടാണ് ഞാൻ ഇടപെട്ടത്. കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ ഏറെ വർഷങ്ങളായി മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ഉപ്പുവെള്ളമാണ് എത്തുന്നത്. കഴിഞ്ഞ കാലങ്ങളിൽ പ്രഖ്യാപിച്ച ശുദ്ധജല വിതരണത്തിനുള്ള വലിയ പദ്ധതികളൊന്നും പൂർത്തീകരിച്ചിട്ടില്ല. അതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ ഉപ്പുവെള്ളം കയറിയത്. നേരത്തേ തടയണ തയ്യാറാക്കിയെങ്കിലും കുറച്ച് താമസം വന്നതുകൊണ്ട് ഇപ്പോൾ ഉപ്പുവെള്ളമായി മാറി. ഉപ്പുവെള്ളം കയറുന്നതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ എല്ലാക്കാലത്തും അവിടെയുള്ളതാണ്. മുനിസിപ്പൽ പ്രദേശത്ത് ഉൾപ്പെടെ ശുദ്ധജല വിതരണ സംവിധാനം നടപ്പിലാക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് നേരത്തേതന്നെ അനുമതിയുണ്ട്. അത് ഒരു പുതിയ തീരുമാനമല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, റവന്യൂ വകുപ്പുമന്ത്രി, മുനിസിപ്പാലിറ്റിക്ക് മാത്രമല്ല ജില്ലാ കളക്ടർക്ക് എന്താണ് ജോലി? ഇക്കാര്യത്തിൽ ജില്ലാ ഭരണകൂടത്തിനും ഉത്തരവാദിത്വമില്ലേ? ഞാൻ ജില്ലാ കളക്ടറെയും മന്ത്രിയെയും വിളിച്ചു. ഒരിടത്തും പ്രശ്നമില്ലെന്ന് അങ്ങ് പറഞ്ഞതുകൊണ്ട് മാത്രമാണ് ഞാൻ പറഞ്ഞത്. ഞാൻ അങ്ങനെ ചെയ്തതുകൊണ്ട് പറഞ്ഞതല്ല. ഒരു കാര്യം മനസ്സിലാക്കണം, നിങ്ങളുടെ ഗവൺമെന്റ് വന്നതുകൊണ്ടാണ് വരൾച്ച യുണ്ടായതെന്ന് ഞങ്ങളാരും പറഞ്ഞില്ലല്ലോ; 115 വർഷത്തിനുശേഷമാണ് ഇത്രയും വലിയ വരൾച്ചയുണ്ടായത്. ഈ വരൾച്ചയെ ഗൗരവമായി കാണണമെന്നുമാത്രമേ ഞങ്ങൾ പറയുന്നുള്ളൂ. Two prolonged strategy ഇക്കാര്യത്തിൽ വേണം. ഒന്ന്, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ച നേരിടാനുള്ള പദ്ധതി. മറ്റൊന്ന്, ഹ്രസ്വകാലാടിസ്ഥാനത്തിൽ നേരിടാനുള്ള പദ്ധതി. കിയോസ്കുകൾ വച്ചുവെന്ന് അങ്ങ് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി, കിയോസ്കുകളിൽ വെള്ളമില്ല എന്ന് ശ്രീ. പി. കെ. ബഷീർ പറഞ്ഞത് 100 ശതമാനം ശരിയാണ്. ഇത് പരിശോധിക്കണ്ടേ; ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വീഡിയോ കോൺഫറൻസിംഗ് നടത്തി. മന്ത്രിമാർക്ക് ചുമതല കൊടുത്തു. പക്ഷേ ഇതിനെപ്പറ്റി ഒരു റിവ്യൂ നടത്തണ്ടേ; ജില്ലകളിലെ സ്ഥിതിയെന്താണെന്ന് അറിയണ്ടേ; നവംബർ മാസം മുതൽ ഇവിടെ വരൾച്ചയാണ്. അതിനുള്ള ഉത്തരവിറക്കിയത് എന്നാണ്? 9-3-2017-ൽ. നാല് മാസം കഴിഞ്ഞാണ് മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും permissive sanction-നുള്ള ഉത്തരവിറങ്ങുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഇക്കാര്യം ചൂണ്ടിക്കാണിച്ചില്ലേ; ഓരോ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും കൊടുത്തത് permissive sanction ആണ്.

അല്ലാതെ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നോ റവന്യൂ വകുപ്പിൽ നിന്നോ കൊടുത്ത പണമല്ല. പണം ചെലവഴിക്കാൻ പഞ്ചായത്തുകൾക്ക് permissive sanction കൊടുക്കുകയാണ് ചെയ്തത്. അത് എല്ലാക്കാലത്തും കൊടുക്കുന്നതാണ്. പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും തീരപ്രദേശങ്ങളിലും വെള്ളമില്ലാത്ത ഗുരുതരമായ അവസ്ഥയെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. അവിടങ്ങളിൽ അടിയന്തരമായി വെള്ളമെത്തിക്കണം. വേറെ ഒരിടത്തുനിന്നും വെള്ളം ലഭിക്കുന്നില്ല എന്നതാണ് തീരപ്രദേശങ്ങളിലെ ഏറ്റവും ഗുരുതരമായ അവസ്ഥ. അതോടൊപ്പംതന്നെ വാട്ടർ ബെഡ് താഴോട്ട് പോകുന്നു. കുഴൽ കിണറുകൾ കുഴിച്ച നടപടി പരാജയപ്പെടുന്നു. ഇവിടെയെല്ലാം ജില്ലാഭരണകൂടം ഉണർന്ന് പ്രവർത്തിച്ച് കുടിവെള്ളമെത്തിക്കണമെന്നതാണ് ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിക്കാൻ കഴിയുന്ന നടപടി. വയനാട്, ഇടുക്കി, കുട്ടനാട് പ്രദേശങ്ങളിലെ കൃഷി വ്യാപകമായി നശിച്ചിരിക്കുന്നു. ഏലം, കുരുമുളക്, നാളികേരം കർഷകർ ദുരിതത്തിലാണ്. ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ തയ്യാറാകണം. കേന്ദ്രഗവൺമെന്റിന് മെമ്മോറാണ്ടം കൊടുത്തു. കേന്ദ്രസംഘം ആലപ്പുഴ ജില്ലയിൽ വരേണ്ടതല്ലേ; ഏറ്റവും കൂടുതൽ കൃഷിനാശമുണ്ടായ സ്ഥലം ആലപ്പുഴ ജില്ലയാണ്. ആലപ്പുഴ ജില്ലയിൽ ഈ ടീം സന്ദർശിച്ചില്ല എന്നുള്ള വ്യാപകമായ പരാതി ആ ജില്ലയിലെ എം.എൽ.എ.-മാർക്കും ജില്ലാപഞ്ചായത്തിനും മറ്റെല്ലാവർക്കുമുണ്ട്. മാത്രമല്ല, കൃഷിക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുവാൻ എന്തുകൊണ്ടാണ് കേന്ദ്രസംഘം മുന്നോട്ട് വരാത്തത്; ദീർഘകാലാടിസ്ഥാനത്തിൽ കർഷകരെ സഹായിക്കാനുള്ള എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് ബഹുമാന്യനായ മന്ത്രി പറഞ്ഞില്ല. തിരുവനന്തപുരം നഗരത്തിൽ വെള്ളം കിട്ടിയെന്ന് ബഹുമാന്യനായ മാത്യു. ടി തോമസ് പറഞ്ഞല്ലോ. ഇന്നത്തെ മനോരമ പത്രമാണ്. 'നിയന്ത്രണമില്ല, വെള്ളവുമില്ല, പമ്പിംഗ് നിയന്ത്രണമില്ലെന്ന് അറിയിപ്പ് മാത്രം, ശുദ്ധജലമില്ലാതെ ഒട്ടേറെ പ്രശ്നങ്ങളുമായി ജനങ്ങൾ നെട്ടോട്ടമോടുന്നു.' ശ്രീ. കെ. മുരളീധരന്റെ മണ്ഡലത്തിലെ പേരൂർക്കട, ഉരുത്തുംമൂല, മണ്ണാമൂല വാർഡുകൾക്ക് പുറമേ ശ്രീ. വി.എസ്. ശിവകുമാറിന്റെ മണ്ഡലത്തിലെ നഗരഹൃദയമായ തമ്പാനൂരിൽ ആഴ്ചകളായി വെള്ളം ലഭിക്കാത്തതിനെത്തുടർന്ന് പേരൂർക്കട, ഉരുത്തുംമൂല, മണ്ണാമൂല വാർഡുകളിലെ താമസക്കാർ പ്രതിഷേധവുമായി രംഗത്ത് വരുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): സർ, തിരുവനന്തപുരം നഗരത്തിൽ വെള്ളത്തിന്റെ ഒരു പ്രശ്നവുമില്ല എന്ന് ഞാൻ പറഞ്ഞില്ല. പമ്പിംഗ് നിയന്ത്രണം മാറ്റിയശേഷവും പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. നഗരത്തിൽത്തന്നെ 51 പോയിന്റുകളിൽ കിയോസ്കുകൾ സ്ഥാപിച്ച് വെള്ളം കൊടുക്കുന്നുണ്ട്. എന്നിട്ടും

പ്രയാസമുള്ള സ്ഥലങ്ങളുണ്ട്. പ്രയാസമുള്ള സ്ഥലങ്ങളെ സംബന്ധിച്ച് അറിയിപ്പ് കിട്ടിയാൽ ഉടനടി വാട്ടർ അതോറിറ്റി ജീവനക്കാർ ഇടപെട്ട് വെള്ളമെത്തിച്ച് കൊടുക്കുന്നുണ്ട്. പേരൂർക്കട എ.ഇ. ഓഫീസ് നാട്ടുകാർ ഉപരോധിച്ചു. ഞാനും കൂടി ഇടപെട്ടതിന്റെ ഫലമായി പേരൂർക്കടയിൽ ഇന്നലെ വെള്ളം ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടായി. പ്രയാസമുള്ള സ്ഥലങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയാൽ, അത് തിരുവനന്തപുരം സിറ്റിയെന്നല്ല, ഗവൺമെന്റിന് അല്ലെങ്കിൽ വാട്ടർ അതോറിറ്റിക്ക് ചെയ്യാൻ കഴിയുന്ന എല്ലാകാര്യങ്ങളും ചെയ്യുമെന്ന് ഈ സഭയിൽ വീണ്ടും ഉറപ്പുനൽകുകയാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, നിരന്തരമായി തലസ്ഥാന നഗരിയിലെ ജനങ്ങൾ എം.എൽ.എ.-മാരെ വിളിക്കുകയാണ്. നെയ്യാർഡാമിൽ നിന്ന് വെള്ളം കൊണ്ടുവന്ന കാര്യത്തിൽ ഞാനും അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. പക്ഷേ 400 MLD വെള്ളം ആവശ്യമുള്ള തലസ്ഥാന നഗരിയിൽ എത്ര വെള്ളമാണ് കൊടുക്കാൻ കഴിയുന്നത്; മൂന്നിലൊന്ന് വെള്ളം കൊടുക്കാൻ കഴിയുന്നില്ല. അടിയന്തരമായി നഗരത്തിനകത്തുള്ള എം.എൽ.എ.-മാരുടെ യോഗം വിളിച്ച് എവിടെയൊക്കെയാണ് കുടിവെള്ളക്ഷാമം ഉണ്ടാകുന്നതെന്ന് മനസ്സിലാക്കി അവിടെ ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. മുരളീധരൻ: സർ, ഇവിടെ പറഞ്ഞ പ്രദേശങ്ങൾ മാത്രമല്ല, ചീഫ് സെക്രട്ടറി ഉൾപ്പെടെ താമസിക്കുന്ന ജവഹർ നഗറിലും ഏറ്റവും രൂക്ഷമായ കുടിവെള്ള പ്രശ്നമുണ്ട്. ഞാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിക്കാറുണ്ട്. പക്ഷേ ഒരു പ്രവണത കാണുന്നത്, നാട്ടുകാർ തടയാൻ ചെല്ലുമ്പോൾ വെള്ളം കൊടുക്കും. എം.എൽ.എ. വിളിച്ചുപറഞ്ഞാൽ ഇപ്പോൾ ശരിയാക്കാമെന്ന് പറയും. ഞാൻ ഉദ്യോഗസ്ഥരെ കുറ്റം പറയുന്നതല്ല. ഒരു ഭാഗത്ത് അടച്ച് മറു ഭാഗത്ത് തുറന്നുകൊടുക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. അങ്ങനെ സർക്കസ് കളിക്കുകയാണ്. പക്ഷേ മണ്ണാമൂല ഏരിയയിലൊക്കെ 22 ദിവസമായി വെള്ളം ലഭിക്കാത്ത പ്രദേശങ്ങൾ ഈ നഗരത്തിലുണ്ട്.

ശ്രീ. മാത്യു. ടി. തോമസ്: സർ, നെയ്യാർ ഡാമിൽ നിന്നും കൊണ്ടുവരുന്ന വെള്ളം നഗരത്തിന് മതിയാവും എന്ന് ഞാൻ പറഞ്ഞില്ല. 400 MLD വെള്ളം വേണ്ടിടത്ത് നെയ്യാർഡാമിൽ നിന്ന് 118-120 MLD വെള്ളം മാത്രമേ കൊണ്ടുവരാൻ കഴിയുന്നുള്ളൂ. എന്നാൽ മെയ് 17-ന് ശേഷം ജലത്തിന്റെ സാന്നിദ്ധ്യം ഇവിടെ ഇല്ലാത്ത ഒരവസ്ഥ ഒഴിവാക്കാൻ വേണ്ടിയാണ് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചത്. അതുകൂടി ആളുകൾ മനസ്സിലാക്കണം. മറ്റ് ക്രമീകരണങ്ങൾ ചെയ്യാവുന്ന രൂപത്തിലൊക്കെ വാട്ടർ അതോറിറ്റി ചെയ്യുന്നുണ്ട്. ശ്രദ്ധയിൽപ്പെടുത്തിയാൽ അതൊക്കെ ചെയ്തുകൊടുക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, കഴിഞ്ഞ മാസം 19-ാം തീയതി മുതൽ ഏർപ്പെടുത്തിയിരിക്കുന്ന പമ്പിംഗ് നിയന്ത്രണം മാറ്റിക്കഴിഞ്ഞാൽ തിരുവനന്തപുരം നഗരത്തിൽ വെള്ളം

കിട്ടുമെന്നാണ് എല്ലാവരും പറയുന്നത്. അതിനുള്ള നടപടി സ്വീകരിക്കണം. ഇപ്പോഴും അതാണ് പ്രശ്നം എന്നാണ് പറയുന്നത്. അങ്ങ് പരിശോധിച്ചാൽ മതി. ഞങ്ങൾ ഇവിടെ പറയുന്നതെന്താണ്; ഗവൺമെന്റിനെ വിമർശിക്കുകയല്ല ചെയ്തിട്ടുള്ളത്. കൂടുതൽ അവധാനതയോടുകൂടി കാര്യങ്ങൾ കാണണം. ജനങ്ങളുടെ ക്ലേശവും ബുദ്ധിമുട്ടും പരിഹരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും തീരദേശങ്ങളിലും മലമുകളിലും താമസിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം കുടിവെള്ള ക്ഷാമം വളരെ രൂക്ഷമാണ്. രാഷ്ട്രീയ ഭിന്നതകളല്ല ഇവിടെയുള്ള പ്രശ്നം. അതുകൊണ്ട് ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും പദ്ധതികൾ ആവിഷ്കരിച്ച് കേരളത്തിലെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള അടിയന്തര നടപടി ഗവൺമെന്റ് സ്വീകരിക്കണം. റവന്യൂ ജലസേചന വകുപ്പുകൾ സംയുക്തമായി ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഏതായാലും രണ്ട് മന്ത്രിമാർ ഇക്കാര്യത്തിൽ വളരെ പോസിറ്റീവായി പ്രതികരിച്ച സാഹചര്യത്തിൽ നടപടിയുണ്ടാകുമെന്നുള്ള പ്രതീക്ഷയിൽ പ്രതിപക്ഷം വാക്കൗട്ടിൽ നിന്നും പിന്മാറുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) അഴീക്കൽ തുറമുഖ നിർമ്മാണം

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിൽ കൊച്ചി കഴിഞ്ഞാൽ ഏറ്റവും വികസന സാധ്യതയുള്ള പ്രകൃതിദത്തമായ തുറമുഖമാണ് അഴീക്കൽ തുറമുഖം. ഇത് ഇന്ത്യയിലെ ആദ്യത്തെ കേന്ദ്ര സർക്കാർ നിയോഗിച്ച പഠനസംഘം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. എന്നാൽ ഇപ്പോഴും അഴീക്കൽ തുറമുഖം വികസനത്തിന്റെ പ്രാരംഭഘട്ടംപോലും പിന്നിട്ടിട്ടില്ല. ഈ തുറമുഖത്തിന്റെ വികസനം സംബന്ധിച്ച് വർഷങ്ങളായി നിരവധി വാഗ്ദാനങ്ങൾ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും തുറമുഖത്തിന്റെ കാര്യത്തിൽ ഇപ്പോഴും കാര്യങ്ങൾ പഴയപടിതന്നെയാണ്. 2011-2016-ലെ യു.ഡി.എഫ്. ഭരണ കാലയളവിൽ അഴീക്കൽ തുറമുഖവുമായി ബന്ധപ്പെട്ട് പ്രഖ്യാപനങ്ങളല്ലാതെ കാര്യമായൊന്നും ചെയ്തിട്ടില്ല. 2014 ഒക്ടോബർ 31-ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി കപ്പൽ സർവ്വീസിന്റെ ഫ്ലാഗ് ഓഫ് കർമ്മം അവിടെ നിർവ്വഹിച്ചു. എന്നാൽ ഇതുവരെയും അവിടെനിന്ന് കപ്പൽ സർവ്വീസ് ആരംഭിച്ചിട്ടില്ല. കഴിഞ്ഞ

എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, 2006-2011 കാലയളവിലാണ് തുറമുഖ വികസനവുമായി ബന്ധപ്പെട്ട് കാര്യമായ ചില ഇടപെടലുകൾ നടന്നത്. തുറമുഖത്തിന് ആവശ്യമായ സ്ഥലമെടുപ്പ്, തുറമുഖത്തേയ്ക്കുള്ള റോഡ് നിർമ്മാണം, 250 മീറ്റർ വാർഫിന്റെ നിർമ്മാണം, റെയിൽവേ കണക്ടിവിറ്റിക്കുവേണ്ടിയുള്ള പ്രാഥമിക നടപടികൾ തുടങ്ങി 30 കോടിയിലധികം രൂപ 2006-2011 കാലയളവിൽ എൽ.ഡി.എഫ്. സർക്കാർ വിനിയോഗിക്കുകയുണ്ടായി. എന്നാൽ ഇക്കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ അഞ്ച് വർഷക്കാലം കേവലമായ പ്രഖ്യാപനങ്ങൾക്കപ്പുറത്തേയ്ക്ക് എന്തെങ്കിലും ചെയ്യാൻ ആ സർക്കാർ തയ്യാറായില്ല. കണ്ണൂരിനെ സംബന്ധിച്ചിടത്തോളം അടിയന്തരമായി കപ്പൽ സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ടെക്സ്റ്റൈൽ, കൈത്തറി, സുഗന്ധദ്രവ്യങ്ങൾ, നാണ്യവിളകൾ എന്നിവ പ്രധാന നഗരങ്ങളിൽ എത്തിക്കുന്നതിന് അഴീക്കൽ തുറമുഖം വളരെയേറെ സഹായകരമായിത്തീരും. അറേബ്യൻ തീരത്തുള്ള പ്രധാനപ്പെട്ട പോർട്ടുകളിലേയ്ക്ക് കപ്പൽ സർവ്വീസ് ആരംഭിക്കാനുള്ള നടപടിയുണ്ടാകണം. ആ പോർട്ടിൽ ഡ്രഡ്ജർ വന്നുവെങ്കിലും പൈപ്പ്ലൈൻ വന്നത് ഒരു വർഷത്തിനുശേഷമാണ്. അതുകൊണ്ടുതന്നെ ഇതുവരെ അവിടെ ഡ്രഡ്ജിംഗ് ആരംഭിച്ചിട്ടില്ല. കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് അത് ഏൽപ്പിച്ചത്. 6 മീറ്റർ ആഴത്തിലാണ് ഡ്രഡ്ജിംഗ് നടത്താനുദ്ദേശിക്കുന്നത്. പക്ഷെ, ആ ഡ്രഡ്ജിംഗ് ഇതുവരെ ആരംഭിക്കാൻ തയ്യാറായിട്ടില്ല. അതുപോലെതന്നെ പോർട്ടിന്റെ എക്സ്റ്റൻഷനെന്ന നിലയിൽ അഴീക്കൽ മുനമ്പിന്റെ ഭാഗത്തുള്ള ബ്രേക്ക്വാട്ടർ കൂടി ഉപയോഗപ്പെടുത്താൻ കഴിയണമെങ്കിൽ നിലവിലുള്ള റോഡ് അങ്ങോട്ടേയ്ക്ക് നീട്ടേണ്ടതായിട്ടുണ്ട്. നിലവിൽ അങ്ങോട്ടുള്ള റോഡിന് 3 മീറ്റർ വീതി മാത്രമേയുള്ളൂ. അപ്പോൾ റോഡിന് ആവശ്യമായ സ്ഥലം കണ്ടെത്തണം. സ്ഥലം ഏറ്റെടുക്കൽ വേഗത്തിലാക്കാൻ നടപടിയുണ്ടാകണം. അതുപോലെതന്നെ കെ.എസ്.ഇ.ബി. സബ്സ്റ്റേഷന്റെ കപ്പാസിറ്റി കൂട്ടാൻ നടപടി സ്വീകരിക്കണം. കണ്ണൂർ വിമാനത്താവളംകൂടി യാഥാർത്ഥ്യമായിക്കഴിഞ്ഞാൽ അഴീക്കൽ തുറമുഖത്തോടുള്ള ഒരു കണക്ടിവിറ്റി അത്യാവശ്യമായിവരും. ഇത് സംബന്ധിച്ച് നേരത്തേ രണ്ട് തവണ സർവ്വേ നടന്നിട്ടുള്ളതാണ്. കണ്ണൂർ സൗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്നും വിമാനത്താവളത്തിലേയ്ക്ക് റെയിൽപ്പാത നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് തവണയാണ് സർവ്വേ നടന്നത്. ഇനി സാമ്പത്തിക സർവ്വേകൂടി പൂർത്തിയാക്കേണ്ടതുണ്ട്. അതുപോലെതന്നെ കണ്ണൂരിലെ ധർമ്മശാലയിൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തിട്ട് മൂന്ന് വർഷമായി. ഈ തുറമുഖ വികസനം നീണ്ടുപോകുന്നതുമൂലം ഇപ്പോഴും ആ ഫ്രൈറ്റ് സ്റ്റേഷൻ

അടഞ്ഞുകിടക്കുകയാണ്. ഈ ഫ്രൈറ്റ് സ്റ്റേഷൻ പുറത്തുകൊടുക്കുന്നതിനുള്ള നീക്കം നടക്കുന്നുണ്ടെന്നാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. ഇക്കാര്യത്തിൽ സർക്കാർ ഇടപെടണം. 2016-17-ലെ ബജറ്റിൽ 500 കോടി രൂപയാണ് ഇതിനുവേണ്ടി കിഫ്ബിയിൽ മാറ്റിവച്ചത്. പക്ഷെ, ഈ പറയുന്ന തുക വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് കാര്യമായ ശ്രമമൊന്നും ഉണ്ടായിട്ടില്ല. പ്രിയമൊഴി കമ്മിറ്റി അഴീക്കൽ പോർട്ടിന്റെ വികസനവുമായി ബന്ധപ്പെട്ട് അവിടൊരു ഷിപ്പ്‌യാർഡിന്റെ സാദ്ധ്യത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതുകൂടി കണക്കിലെടുക്കാൻ നടപടിയുണ്ടാകണം. വളരെയേറെ സാദ്ധ്യതകളുള്ള അഴീക്കൽ പോർട്ടിന്റെ വികസനം സമയബന്ധിതമായി പൂർത്തീകരിക്കാൻ അടിയന്തര നടപടിയുണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. റ്റി. വി. രാജേഷ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഇവിടെ വ്യക്തമാക്കിയ കാര്യങ്ങൾ പ്രധാനപ്പെട്ടതാണ്. അതെല്ലാം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യങ്ങൾ തന്നെയാണ്. അഴീക്കൽ തുറമുഖം സംസ്ഥാനത്തെ വലിയ ചരക്കുഗതാഗത കേന്ദ്രമായി, പ്രത്യേകിച്ച് മലബാർ മേഖലയുടെ വികസനത്തിനുള്ള ഒരു സുപ്രധാന കേന്ദ്രമായി വികസിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മൂന്ന് ഘട്ടങ്ങളായുള്ള വികസനമാണ് സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളത്. 227 മീറ്റർ നീളമുള്ള നിലവിലെ തുറമുഖം ക്രെയിനുകളും മറ്റ് ആധുനിക ഉപകരണങ്ങളും സജ്ജമാക്കി പ്രവർത്തനക്ഷമമാക്കുന്നതാണ് ആദ്യഘട്ടം. ഇതിനായി 4 മീറ്റർ ആഴത്തിൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തി പണികൾ ആരംഭിച്ചിരിക്കുകയാണ്. ആദ്യഘട്ടം പൂർത്തിയാകുന്നതോടെ ലക്ഷദ്വീപിലെ ആന്ത്രോത്തിലേയ്ക്കുള്ള ചരക്കുഗതാഗതം ആരംഭിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചു വരികയാണ്. അതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ ലക്ഷദ്വീപ് അധികാരികളുമായി ചർച്ചകൾ നടന്നുകഴിഞ്ഞിട്ടുണ്ട്. 150 മീറ്റർ നീളമുള്ള മൂന്ന് ബർത്തുകളും 200 മീറ്റർ നീളമുള്ള രണ്ട് ബർത്തുകളും ഉൾപ്പെടുന്ന രണ്ടാംഘട്ട വികസനത്തിന്, 496 കോടി രൂപ ചെലവ് വരുന്ന പ്രോജക്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് 7-3-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ യോഗം വിളിച്ചുചേർത്തിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനം ഘട്ടംഘട്ടമായി നടപ്പിലാക്കാൻ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ മാതൃകയിൽ ഒരു പ്രത്യേക കമ്പനി രൂപീകരിക്കാനും സാങ്കേതിക നിർവ്വഹണ മേഖലകളിൽ

ആവശ്യമായ കൺസൾട്ടന്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതിന്റെ പശ്ചാത്തലത്തിൽ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ തയ്യാറാക്കി കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പി.പി.പി. അല്ലെങ്കിൽ ലാന്റ്‌ലോർഡ് മോഡലിൽ 14.5 മീറ്റർ ആഴത്തിൽ 550, 460, 600 മീറ്റർ നീളത്തിലുള്ള മൂന്ന് വാർഫുകളുള്ള വൻകിട തുറമുഖമായി അഴീക്കലിനെ വികസിപ്പിക്കാനാണ് മൂന്നാംഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ആദ്യ രണ്ട് ഘട്ടങ്ങൾ പൂർത്തീകരിച്ചശേഷമാണ് മൂന്നാംഘട്ടത്തിലെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി അഴീക്കൽ തുറമുഖം വികസിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെന്നാണ് ഇത് സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, അഴീക്കൽ തുറമുഖത്തിന്റെ ആഴം കൂട്ടൽ ഇനിയും തുടങ്ങിയിട്ടില്ല. അവിടെ മണ്ണുമാന്തി യന്ത്രം എത്തിയിട്ട് ഒരു വർഷം കഴിഞ്ഞു. കടലിൽ നിന്ന് മണൽ കരയിലേയ്ക്ക് തള്ളാൻ ഡ്രഡ്ജറിൽ കുഴൽ ഘടിപ്പിക്കുന്ന ജോലിയും പൂർത്തിയായി. രണ്ടായിരത്തോളം മീറ്റർ നീളമുള്ള കുഴലാണ് ഘടിപ്പിച്ചിരിക്കുന്നത്. ഇതിന് മേൽനോട്ടം വഹിക്കാൻ മുംബൈയിൽ നിന്നുള്ള എഞ്ചിനീയർമാരും അവിടെ എത്തിയിട്ടുണ്ട്. മണ്ണ് തള്ളുന്നതിനാവശ്യമായ പ്രത്യേക സ്ഥലവും കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട്. നിരവധി തവണ ചരക്കുകപ്പൽ അഴീക്കലിൽ വന്നെങ്കിലും ആഴക്കുറവുകാരണം പുറംകടലിലാണ് നങ്കൂരമിട്ടത്. അടിയന്തരമായി ഈ മണ്ണ് നീക്കാൻ ആവശ്യമായ നടപടിയുണ്ടാകണം. മണ്ണ് നീക്കൽ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് വിശദമാക്കാമോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> സർ, ഡ്രഡ്ജിംഗ് സംബന്ധിച്ച് ഇവിടെ പറഞ്ഞതുപോലെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയാണ് പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്. അതിന് ഗുജറാത്ത്, ബോംബെ എന്നിവിടങ്ങളിൽ നിന്നുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെടുകയും അവർ എത്തുകയും ചെയ്തിട്ടുണ്ട്. അവർ പ്രവർത്തനം പൂർത്തീകരിക്കും. ഇപ്പോൾത്തന്നെ കണ്ണൂർ വിമാനത്താവളത്തിനാവശ്യമായ മൂന്ന് പട്ടുകുറ്റൻ ക്രെയിനുകൾ കപ്പലിൽ അഴീക്കൽ തുറമുഖത്ത് ഇറക്കുകയുണ്ടായി. കണ്ടെയ്നർ ഷിപ്പ് ഉൾപ്പടെയുള്ള കപ്പലുകൾ വരാനും വ്യാപാരബന്ധിതമായ പരിപാടികൾ നടത്താനുമുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് സംബന്ധിച്ച് അവിടെ വിവിധതലങ്ങളിൽ പ്രവർത്തിക്കുന്ന

പ്രധാനപ്പെട്ടവരുടെയും ചേമ്പർ ഓഫ് കൊമേഴ്സ് ഉൾപ്പെടെയുള്ള വ്യാപാര വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നവരുടെയും യോഗം വിളിച്ചുചേർക്കുകയും അവിടെ ചരക്കുകപ്പൽ എത്തിക്കഴിഞ്ഞാൽ തിരിച്ചുപോകുമ്പോൾ ചരക്കുകൾ കൊണ്ടുപോകാനുമുള്ള പശ്ചാത്തലസൗകര്യം ഒരുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കണ്ണൂരിന്റെയും പ്രത്യേകിച്ച് മലബാറിന്റെയും വികസനത്തിനുള്ള സുപ്രധാന ഘടകമായി വികസിപ്പിക്കാൻ കഴിയുന്നതാണ്. റെയിൽവേ കണക്ടിവിറ്റി സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റോഡ് ഗതാഗതം സംബന്ധിച്ച കാര്യങ്ങൾ ഇവിടെ പറഞ്ഞതുപോലെ ആവശ്യമായിവരും. തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയുമെല്ലാം സഹായം പ്രാദേശികമായി ഉണ്ടായാൽ മാത്രമേ സ്ഥലലഭ്യത ഉറപ്പുവരുത്താൻ കഴിയൂവെന്നതാണ് അനുഭവങ്ങൾ വ്യക്തമാക്കുന്നത്. അതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം സമയബന്ധിതമായി നടത്തണമെന്ന കാര്യത്തിൽ പ്രത്യേകം നിഷ്കർഷിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ രണ്ടുതവണ യോഗം ചേർന്ന് അടിയന്തര പ്രാധാന്യത്തോടുകൂടി കേരളത്തിന്റെ, പ്രത്യേകിച്ച് മലബാറിന്റെ വികസനത്തിന് സാധ്യതയുള്ള ഒരു തുറമുഖ കേന്ദ്രമാക്കി അഴീക്കോടിനെ മാറ്റിയെടുക്കാനും നിർദ്ദേശിച്ചതാണ്. അതിന്റെ ഭാഗമായി ലക്ഷദ്വീപിലേയ്ക്കുള്ള യാത്രാക്കപ്പലിന്റെ കാര്യവും പരിശോധിക്കും, ബേപ്പൂരിൽ നിന്ന് ചരക്കുകപ്പൽ ഇപ്പോൾതന്നെ പോകുന്നുണ്ട്; അവർക്കുകൂടി സ്വീകാര്യമായ നിലയിൽ അഴീക്കലിൽ നിന്ന് സർവ്വീസ് ആരംഭിക്കണമെന്ന് ലക്ഷദ്വീപുകാരും പറഞ്ഞിട്ടുണ്ട്. ആ നിർദ്ദേശംകൂടി കണക്കിലെടുത്തുകൊണ്ട് തുറമുഖവകുപ്പ് ചരക്കുഗതാഗതവും യാത്രാക്കപ്പൽ ഗതാഗതവും ആരംഭിക്കുന്നതിന് ത്വരിതഗതിയിൽ നടപടി സ്വീകരിക്കുന്നതാണ്.

## (2) സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു നിർബന്ധിതാവസ്ഥയിലാണ് സ്വാശ്രയ മേഖലയെ കൊണ്ടു വരേണ്ടിവന്നത്. പൊതുമേഖലയിൽ എഞ്ചിനീയറിംഗ്/ ബി.എഡ്./ മറ്റ് പ്രൊഫഷണൽ കോളേജുകൾ എന്നിവ നമ്മുടെ ആവശ്യത്തിനുണ്ടായിരുന്നില്ല. പ്രൊഫഷണൽ കോളേജുകളുടെ കാര്യത്തിൽ വിരലിലെണ്ണാവുന്ന സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾ മാത്രമുള്ള ഒരു സാഹചര്യമുണ്ടായിരുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് ഈ പ്രതിസന്ധി മറികടക്കാൻ സ്വാശ്രയ മേഖലയെ

പ്രോത്സാഹിപ്പിച്ചു. എൽ.ഡി.എഫും ആ നയം പിൻതുടരുകയാണ് ചെയ്തത്. പിൽക്കാലത്ത് മാറിമാറി വന്ന സർക്കാരുകൾ ഈ വിഷയത്തിൽ ആവശ്യമായ ജാഗ്രതയോ മുൻകരുതലോ സ്വീകരിക്കാത്ത ഒരു സാഹചര്യം വന്നുചേർന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിൽ യാതൊരു മാനദണ്ഡങ്ങളും സ്വീകരിക്കപ്പെട്ടില്ല. ഒരു പെർസ്പെക്ടീവ് പ്ലാനുമുണ്ടായില്ല. അതുകൊണ്ട് കോളേജിനുവേണ്ടി അപേക്ഷിച്ച് ചെല്ലുന്നവർക്ക് അനുമതി കൊടുക്കേണ്ട ഒരു സാഹചര്യം ബഹുമാനപ്പെട്ട കോടതികളിൽ വന്നുചേർന്നു. 152 എഞ്ചിനീയറിംഗ് കോളേജുകളും ഏതാണ്ട് 212 ബി.എഡ്. കോളേജുകളുമാണ് ഇപ്പോൾ ഇവിടെയുള്ളത്. ഇവിടത്തെ സ്ഥിതിയെന്തെന്നാൽ, 70% സീറ്റുകളാണ് ഫിൽ ചെയ്യപ്പെടുന്നത്. 30% സീറ്റുകളും എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിഞ്ഞ് കിടക്കുകയാണ്. നിർഭാഗ്യകരമായ സാഹചര്യമാണിത്. ഒരു സർക്കാർ സെൽഫ് ഫൈനാൻസിംഗ് സ്ഥാപനമടക്കം 13 കോളേജുകളിൽ കേവലം 30 ശതമാനത്തിന് താഴെയാണ് ഇപ്പോൾ അഡ്മിഷനുള്ളത്. കഴിഞ്ഞ വർഷം 11 കോളേജുകളിൽ പത്ത് ശതമാനമായിരുന്നു അഡ്മിഷൻ. വിജയം ഏതാണ്ട് 40 ശതമാനവും. കുട്ടികൾ നാലും ആറും വർഷങ്ങൾ കഴിഞ്ഞിട്ടും അവരുടെ പരീക്ഷകൾ എഴുതുന്ന പ്രക്രിയ ഇപ്പോഴും തുടരുകയാണ്. ഒരു കോളേജിൽ കഴിഞ്ഞ പ്രാവശ്യം വിജയശതമാനം രണ്ട് ശതമാനത്തിൽ താഴെയായിരുന്നു. ഒരർത്ഥത്തിൽ ഡ്രോപ് ഔട്ടുകളാണ് ഇവിടെ ഇപ്പോൾ നിലവിലുള്ളത്. ഒന്നും രണ്ടും സെമസ്റ്റർ കഴിയുമ്പോൾതന്നെ പഠനം നിർത്തിപോകുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ ധാരാളമാണ്. അതിന്റെ കെടുതിയെന്താണെന്ന് വച്ചാൽ പ്ലസ് ടു മാത്രമാണ് ഇന്ന് നമ്മുടെ പുതിയ തലമുറയ്ക്ക് ലഭിക്കുന്നത്. ധാരാളം കുട്ടികൾ ഡ്രോപ് ഔട്ടായി പോകുന്ന ഗുരുതരമായ ഒരു സാഹചര്യമാണുള്ളത്. എഞ്ചിനീയറിംഗ് ബിരുദധാരികളിൽ 30 ശതമാനത്തിന് മാത്രമെ ജോബ് മാർക്കറ്റിൽ യോഗ്യത നേടാൻ കഴിയുന്നുള്ളൂവെന്ന് ഒരു പഠനം സൂചിപ്പിക്കുന്നു. ക്യാമ്പസ് റിക്രൂട്ട്മെന്റിന്റെ കാര്യത്തിലും കേരളം വളരെ പിന്നിലാണ്. ബി.എഡ്. കോളേജുകളുടെ കാര്യത്തിൽ, 212 കോളേജുകളിൽ എൻ.സി.റ്റി.ഇ. റെഗുലേഷൻ മാറി. നേരത്തേ ബി.എഡ്.-ന് ഒരു വർഷമായിരുന്നത് ഇപ്പോൾ രണ്ട് വർഷമാക്കി. ഫലത്തിൽ പെൺകുട്ടികൾ ധാരാളമായി പ്രവേശനം നേടുന്ന ഈ കോളേജുകളിൽ പ്ലസ് ടു-വും ഡിഗ്രി-യും കഴിഞ്ഞ് നാല് വർഷം ബി.എഡും എം.എഡും പഠിക്കേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. അപ്പോൾ ഇരുപത്തിനാലും ഇരുപത്തിയഞ്ചും വയസ്സാകും. അങ്ങനെയായപ്പോൾ സ്വാഭാവികമായും ഇന്നവിടെ അപേക്ഷകരുടെ എണ്ണം കുറഞ്ഞു. സർക്കാർ കോളേജുകളിലും എയ്ഡഡ് കോളേജുകളിലും

അപേക്ഷകരുടെ എണ്ണം കുറഞ്ഞിരിക്കുന്നു. മറ്റ് കോഴ്സുകൾക്ക് അഡ്മിഷൻ കിട്ടാൻ സാധ്യതയില്ലാത്തവരുടെ അഭയ കേന്ദ്രമായി ടീച്ചർ എഡ്യുക്കേഷൻ രംഗം മാറുന്ന ദുരവസ്ഥ വരും. അടുത്ത ഭാവിയിൽ യോഗ്യരും സമർത്ഥരുമായ അദ്ധ്യാപകരെ കിട്ടാത്ത അവസ്ഥ വന്നു ചേരും. ഈ പ്രതിസന്ധി മറികടക്കാൻ എൻ.സി.ടി.ഇ ചില നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. എൻ.സി.ടി.ഇ. റെഗുലേഷൻ മാറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും ഇവിടെ അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാത്തത് നിർഭാഗ്യകരമാണ്. എൻ.സി.ടി.ഇ. നിർദ്ദേശിക്കുന്ന യോഗ്യതയുള്ള ബി.എഡ്. കോളേജുകളിൽ ഇന്റഗ്രേറ്റഡ് കോഴ്സും പാർട്ട് ടൈം കോഴ്സും തുടങ്ങുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. ഈ സാഹചര്യത്തിലാണ് ഈ രംഗത്ത് ഒരഴിച്ചുപണി ആവശ്യപ്പെടുന്നത്. റീ-സ്ട്രക്ചറിംഗിനാവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യത്തിൽ ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് അടക്കമുള്ളവർ കാണിക്കുന്ന നിരുത്തരവാദിത്വം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരിക്കും എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇത് മറികടക്കാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് ആലോചിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവന്നത്. ഒന്ന്, എഞ്ചിനീയറിംഗ് കോളേജുകളും ബി.എഡ് കോളേജുകളും. ഇത്രയും അധികം കോളേജുകൾ നമുക്കാവശ്യമുണ്ടോ? ഉഭയ സമ്മതപ്രകാരം, അതായത് കോളേജുകളുടെ സമ്മതത്തോടെ, ഇവയുടെ എണ്ണം കുറയ്ക്കണം. എന്നാൽ ഇങ്ങനെ കുറയ്ക്കുന്ന സ്ഥലങ്ങളിൽ പകരം സംവിധാനമെന്തെന്നതിനെക്കുറിച്ച് ഗവൺമെന്റിന് ഒരു നയമുണ്ടാകണം. കോളേജുകളുടെ എണ്ണം കുറയ്ക്കാതെ ഈ രംഗത്ത് മറ്റ് മാർഗ്ഗമില്ല. നിലവാരത്തകർച്ചയുണ്ട്. പക്ഷേ ഇവിടെയും ശ്രദ്ധിക്കേണ്ട ഒരു കാര്യം, കേരളത്തിന് പുറത്തേയ്ക്ക് വിദ്യാർത്ഥികൾ പഠനത്തിനായി പോകുന്നു. ഇവിടെ അഡ്മിഷന് വരുന്ന കുട്ടികളുടെ എണ്ണം കുറയുമ്പോൾത്തന്നെ കേരളത്തിന് പുറത്തേയ്ക്ക് വിദ്യാർത്ഥികൾ പോകുന്നുണ്ട്. ഈ സാഹചര്യം മനസ്സിലാക്കി എഞ്ചിനീയറിംഗ് രംഗത്ത് ഒരഴിച്ചുപണി, ഒരു പുനർവിന്യാസം നടത്തുന്നതിന് ഗൗരവതരമായ ഒരു പഠനം ആവശ്യമാണ്. ബി.എഡ് കോളേജുകളുടെ കാര്യത്തിൽ എൻ.സി.റ്റി.ഇ. ഇന്റഗ്രേറ്റഡ് കോഴ്സ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് പരിഹാരമെന്തെന്ന് വച്ചാൽ ഗവൺമെന്റ് രണ്ട് കാര്യങ്ങളിൽ ഇടപെടണം. ഒന്ന്, പ്ലസ് ടു കഴിഞ്ഞ് ബി.എ.- ബി.എഡ്/ബി.എസ്.സി-ബി.എഡ്. നാല് കൊല്ലംകൊണ്ട് പൂർത്തിയാകും. അതുപോലെ എം.എഡ്-ന് രണ്ട് കൊല്ലമെന്നത് മാറ്റാൻ കേരള ഗവൺമെന്റ് എൻ.സി.റ്റി.ഇ.-യുമായി ബന്ധപ്പെടേണ്ടതുണ്ട്. എം.സി.എ., എം.ബി.എ. കോഴ്സുകളുടെ കാര്യത്തിലും ഇന്ന് സ്ഥിതിഗതികൾ

വ്യത്യസ്തമല്ല. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് നിർബന്ധിതമായ സാഹചര്യത്തിലാണ് നമ്മൾ സ്വാശ്രയ മേഖലയെ പ്രോത്സാഹിപ്പിച്ചത്. എന്നാൽ ആ രംഗത്ത് ഇന്ന് ഒരഴിച്ചുപണിയോ ഒരു പുനഃസംഘടനയോ ആവശ്യമാണ്. ഒരു പുനർവിന്യാസം വേണം. അതിന് ഗൗരവതരമായ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എല്ലാ ആളുകളുടെയും സമ്മതത്തോടുകൂടി ഈ രംഗത്ത് മാറ്റം കൊണ്ടുവരികയും വേണം. മൂന്നാം ലോകരാഷ്ട്രങ്ങളിലെ പൗരന്മാർക്ക് കുറഞ്ഞ ചെലവിൽ സമാധാനപരമായ ഒരന്തരീക്ഷത്തിൽ വരാവുന്ന സ്ഥലമാണ് കേരളം. വേണമെങ്കിൽ നമുക്കൊരു എഡ്യൂക്കേഷൻ ഹബ്ബായി മാറ്റുന്നതിനുള്ള സൗകര്യങ്ങൾ ഇന്ന് കേരളത്തിലുണ്ട്. ആ സൗകര്യം ഉപയോഗപ്പെടുത്തുവാൻ കഴിയണമെങ്കിൽ നിലവാരം വർദ്ധിപ്പിക്കണം. മതിയായ സൗകര്യങ്ങളുണ്ടാകണം. അതിനനുസൃതമായി ഈ മേഖലയിൽ എത്രയും വേഗം ഒരു പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ്, ബി.എഡ്., എം.ബി.എ., കോളേജുകൾ റീ-സ്ട്രക്ചർ ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട്, വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനാണ് ഈ ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അങ്ങ് പറഞ്ഞ ഒരു കാര്യം വളരെ ശരിയാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ, സ്വാശ്രയ മേഖലയിൽ നമ്മളെയെല്ലാം വേദനിപ്പിക്കുന്ന രീതിയിൽ നിരവധി പ്രശ്നങ്ങൾ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം അങ്ങ് പറഞ്ഞതുതന്നെയാണ്. ഈ മേഖലയിൽ ഒരു പെർസ്പെക്ടീവ് പ്ലാനോ ഡിസ്ക്രിപ്റ്റീവ് പ്ലാനോ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ആ പ്രശ്നം പരിഹരിക്കപ്പെടണമെന്നാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യവും ആഗ്രഹവും. ആ രീതിയിൽ തന്നെയാണ് ഈ മേഖലയെ നമ്മൾ സമീപിക്കുന്നത്. ഇതുവരെ ഈ മേഖലയിൽ ഒരു പെർസ്പെക്ടീവ് പ്ലാനോ ഡിസ്ക്രിപ്റ്റീവ് പ്ലാനോ ഉണ്ടായിരുന്നില്ല. പ്രശ്നങ്ങൾ മറികടക്കാൻ ആ മേഖലയിൽ നിലവിലുള്ള അവസ്ഥ വച്ച് ഒരു പ്ലാനുണ്ടാക്കുക മാത്രമാണ് പോംവഴി. ആ വിഷയത്തിലെ മൂന്ന് കാര്യങ്ങളിൽ മൂന്ന് തരത്തിൽ സംസ്ഥാന സർക്കാർ ഇടപെട്ടു കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇപ്പോഴുള്ള പ്രവർത്തനം അതുമായി ബന്ധപ്പെട്ട സർവ്വകലാശാലകൾ യു.ജി.സി. എ.ഐ.സി.റ്റി.ഇ. കൗൺസിൽ ഓഫ് ആർകിടെക്ചർ ഇവയുടെ മാനദണ്ഡമനുസരിച്ച് അവലോകനം ചെയ്തുവരികയാണ്. ഇതാണ് ഒരു ഭാഗം.

രണ്ടാമത്തെ ഭാഗം, അങ്ങനെ അവലോകനംചെയ്തിട്ടും നിരവധി പ്രശ്നങ്ങൾ ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. അദ്ധ്യാപക-വിദ്യാർത്ഥി പ്രശ്നങ്ങൾ, ജീവനക്കാരുടെ പ്രശ്നങ്ങൾ, കൊമേഴ്സ്യലൈസേഷൻ തുടങ്ങിയവയെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ മേഖലയിൽ നിലനിൽക്കുന്ന എല്ലാ പ്രശ്നങ്ങളും സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017-ലെ ജി.ഒ. (എം.എസ്.) 37/2017 പ്രകാരം ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനും ഡോ. കെ. കെ. എം. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളായും ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ സിറ്റിംഗ് നടന്നുവരികയാണ്. ഈ കമ്മീഷൻ വിശദമായ ഒരു പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. നേരത്തേ പറഞ്ഞ അവലോകനത്തിന്റെ പശ്ചാത്തലത്തിലും കമ്മീഷന്റെ പ്രവർത്തന പശ്ചാത്തലത്തിലും കേരളത്തിൽ ഈ മേഖലയിൽ വളരെ വിശദമായ ഒരു പ്ലാൻ രൂപീകരിക്കപ്പെടണമെന്ന് സർക്കാർ ആഗ്രഹിക്കുകയാണ്. ഈ കമ്മീഷൻ നാല് മാസത്തിനുള്ളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ദിശാബോധമുള്ള പഠനത്തെത്തുടർന്ന് ദിശാബോധമുള്ളൊരു പ്ലാൻ ഈ രംഗത്തുണ്ടാകും. പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതുകൊണ്ട് അതിനെപ്പറ്റി ഡീറ്റെയിൽഡായി ഞാൻ പറയുന്നില്ല. കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ് രണ്ടാമത്തെ ഭാഗം. സ്വകാര്യ സ്വാശ്രയ മേഖലകളിൽ പുതുതായി കോളേജുകൾ അനുവദിക്കേണ്ടതില്ലെന്ന സമീപനമാണ് മൂന്നാമത്തെ ഭാഗം. ഇപ്രകാരം മൂന്ന് തരത്തിലുള്ള, അവലോകനത്തിന്റെയും പഠനത്തിന്റെയും തീരുമാനത്തിന്റെയും ഭാഗമായി കേരളത്തിലെ സ്വാശ്രയ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യക്തമായ ഒരു പെർസ്പെക്ടീവ് പ്ലാനും ഡിസ്ക്രിപ്റ്റീവ് പ്ലാനും ഉണ്ടാകത്തക്ക രീതിയിലുള്ള ഒരു ഇടപെടലാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുള്ളത്.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണത്തിൽ ഇത്രയും പെരുപ്പമുള്ളപ്പോൾ, ഞാൻ പെർസ്പെക്ടീവ് പ്ലാനിനെക്കുറിച്ച് പറയാനുള്ള കാരണം, ലോകത്ത് എല്ലായിടത്തും എഞ്ചിനീയറിംഗ് കോളേജുകളുടെ നമ്പർ എത്രയാണോ ഒരു റേഷ്യോ നിശ്ചയിച്ച് പോളിടെക്നിക്/ഐ.ടി.ഐ. വേണം. നമ്മുടെ വർക്ക് ഫോഴ്സ് കുറവാണല്ലോ? ഇവിടെ 152 എഞ്ചിനീയറിംഗ് കോളേജുകളുണ്ട്. പോളിടെക്നിക്കിന്റെ എണ്ണമെത്രയാണ്; പൊതുമേഖലയിൽ നമുക്ക് സ്ഥാപനങ്ങൾ കൊണ്ടുവരാൻ കഴിയാത്ത സാഹചര്യമാണ്. ഇപ്പോൾ ഒരു പഠനം നടക്കുന്നു എന്നു പറഞ്ഞത് സ്വാഗതാർഹമാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു. പക്ഷേ ഈ പ്രശ്നം ഈ നാലു മാസത്തിനുള്ളിൽ പഠിച്ച്

രണ്ടുമാസംകൊണ്ട് നടപ്പിലാക്കാൻ കഴിയണം. അതുകൊണ്ട് ഈ പോളി ടെക്നിക്കുകളുടെയും ഐ.ടി.ഐ.കളുടെയും കാര്യത്തിൽ തീരുമാനമുണ്ടാകണം. നമ്മുടെ മക്കൾ എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് പോയിട്ട് പ്ലസ് ടു-ക്കാരായി മാറുകയാണ്. എന്തൊരു ദുരന്തമാണ് കേരളത്തിൽ നടക്കുന്നത്. അതുകൊണ്ട് ആ ദുരന്തം അവസാനിപ്പിക്കാൻ കഴിയുന്ന ഈ മിഡിൽ പാർട്ട് സ്വീകരിക്കുന്നതിന് നടപടി ഉണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ പഠനത്തിന്റെ ഭാഗമായിട്ടുള്ള തുടർ നടപടികളിൽ അതുണ്ടായിരിക്കും. ഈ പ്രവർത്തനത്തിന്റെ കാഴ്ചപ്പാടുതന്നെ പോളിടെക്നിക്കും എഞ്ചിനീയറിംഗ് കോളേജും മാത്രമല്ല ഇവിടെയുള്ള മറ്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളും ഗവൺമെന്റ് സെക്ടറുകളിലുള്ള കോളേജുകളും തമ്മിൽ ഇതെല്ലാം ഇന്റഗ്രേറ്റ് ചെയ്ത് എങ്ങനെ ഇതിനെ കൂടുതൽ സാമൂഹ്യവൽക്കരിക്കാം എന്നുള്ളതാണ് . ആ കാഴ്ചപ്പാടിൽനിന്നുകൊണ്ട് നേരത്തേ അങ്ങ് പറഞ്ഞ പോളിടെക്നിക്കിന്റെ പ്രശ്നവും എഞ്ചിനീയറിംഗ് കോളേജുമായുള്ള റിലേഷന്റെ പ്രശ്നവും പ്രൊപ്പോഷന്റെ പ്രശ്നവുമെല്ലാം പഠന വിധേയമായിക്കൊണ്ടിരിക്കുകയാണ് എന്നുള്ളതുകൊണ്ട് അതിനിടയിൽ ഒരു അഭിപ്രായം ഞാൻ പറയുന്നില്ല. അത് ശരിയായിരിക്കില്ല. കാരണം പഠനം നടന്നുകൊണ്ടിരിക്കുകയാണ്. തീർച്ചയായും ആ പഠനത്തിൽ ഇക്കാര്യം വളരെ സൂക്ഷ്മമായി പരിശോധിച്ച് ഇന്റഗ്രേഷന്റെ സാധ്യത പൂർണ്ണമായും നിലനിർത്തും. ആ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം തുടർ വർഷങ്ങളിലും ഉണ്ടാകും.

## IV. സബ്മിഷൻ

### (1) അഖിലിന് മർദ്ദനമേറ്റ സംഭവം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എന്റെ നിയോജക മണ്ഡലത്തിൽ ഏവൂർ സുനിൽ ഭവനത്തിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകനായിരുന്ന സുനിൽ കുമാർ കഴിഞ്ഞ വർഷം കൊല്ലപ്പെട്ടിരുന്നു. ഈ കൊലപാതകത്തിൽ ദൃക്സാക്ഷിയായ കാർത്തികപ്പള്ളി താലൂക്കിൽ ചേപ്പാട് വില്ലേജിൽ ആലമ്പള്ളിയിൽ പുഷ്പാംഗദൻ മകൻ അഖിലിനെ കൊലക്കേസ് പ്രതികളായ രാഹിൽ, ശരത്ത് എന്നിവരും സി.പി.എം. ലോക്കൽ കമ്മിറ്റി സെക്രട്ടറിയായ എം.കെ. വേണുകുമാറും കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷനിലെ പോലീസുകാരായ സിയാദും മറ്റു പോലീസുകാരും കൂടി സ്റ്റേഷനിൽ വച്ച് മൃഗീയമായി മർദ്ദിക്കുകയുണ്ടായി. കഴിഞ്ഞ 28-ാം തീയതി ഒരു കേസ് ഒത്തുതീർപ്പാക്കാനെന്ന പേരിൽ സ്റ്റേഷനിലേയ്ക്ക് വിളിച്ചു വരുത്തിയായിരുന്നു

മർദ്ദനം. തുടർന്ന് IPC 308 വകുപ്പ് ചേർത്ത് മാവേലിക്കര സബ്ജയിലിൽ റിമാന്റ് ചെയ്തു. ജയിലിൽ വച്ച് വാർഡനായ ലതീഷ് ക്രൂരമായി ഇയാളെ മർദ്ദിക്കുകയുണ്ടായി. സുനിൽ കുമാർ വധക്കേസിലെ മുൻ പഞ്ചായത്തംഗം പ്രകാശനെ പ്രതിയാക്കാൻ നീ എത്ര ലക്ഷം വാങ്ങിച്ചു എന്ന് ചോദിച്ചായിരുന്നു മർദ്ദനം. 28 ദിവസവും ഇടതടവില്ലാതെ മർദ്ദനമായിരുന്നു. ജയിലിലെ മൃഗീയമായ മർദ്ദനത്തിന്റെ അടിസ്ഥാനത്തിൽ അഖിലിന്റെ നാവ് മുറിയുകയും സംസാരിക്കാൻ കഴിയാതാവുകയും ചെയ്തു. നാഭിക്ക് ശക്തമായി പരിക്കേറ്റതുമൂലം മൂത്ര തടസ്സം ഉണ്ടായി. മൊബൈൽ ഫോൺ പിടിച്ചുവാങ്ങി സുനിൽകുമാർ വധക്കേസിലെ തെളിവുകളുടെ മെമ്മറി കാർഡ് നശിപ്പിക്കുകയും ചെയ്തു. ഇതോടൊപ്പംതന്നെ നിരന്തരമായ ഭീഷണി ഈ ചെറുപ്പക്കാരൻ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ സംഭവത്തെക്കുറിച്ച് വിശദമായൊരു അന്വേഷണം നടത്തണം.

ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തതിന്റെ എല്ലാ റിക്കാർഡുകളും എന്റെ കയ്യിലുണ്ട്. Accident register-cum-wound certificate-ഉം എന്റെ കയ്യിലുണ്ട്. സബ്ജയിലിൽ റിമാന്റിൽ കഴിഞ്ഞ കാലഘട്ടത്തിൽ അവിടത്തെ പോലീസുകാരും മറ്റു ജയിൽപ്പുള്ളികളും ദേഹോപദ്രവം ചെയ്തതിനെ തുടർന്ന് ശരീര വേദനയും മൂത്ര തടസ്സവും നാക്കിന് മുറിവും സംഭവിച്ചു എന്നുള്ളതിന്റെ റിക്കാർഡുകളാണിത്. ബഹുമാന്യനായ മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഇതുസംബന്ധിച്ച് നിഷ്പക്ഷമായ ഒരു അന്വേഷണം നടത്തണം. ജയിലിലും പോലീസ് സ്റ്റേഷനിലും വച്ചാണ് ഈ യുവാവിന് മർദ്ദനമേറ്റിട്ടുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, എന്റെ കയ്യിലുള്ള റിപ്പോർട്ടനുസരിച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതിൽനിന്ന് തീർത്തും വ്യത്യസ്തമായ ഒരു അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. ആലപ്പുഴ പള്ളിപ്പാട് കോട്ടയ്ക്കകം പത്മാലയം വീട്ടിൽ പ്രസാദിനെ 27-3-2017-ന് വൈകിട്ട് പ്രസാദിന്റെ ലോറി ഡ്രൈവറായിരുന്ന ചേപ്പാട് അലമ്പള്ളി അഖിൽ, തന്നെ ഡ്രൈവർ സ്ഥാനത്തുനിന്നും മാറ്റിയതിലുള്ള വിരോധം കാരണം ചൂണ്ടുപലക ജംഗ്ഷനു സമീപംവച്ച് ഇരുമ്പ് കസേരകൊണ്ട് തലയ്ക്കടിച്ച് ആഴത്തിൽ പരിക്കേൽപ്പിച്ചിരുന്നു. പ്രസാദിന്റെ പരാതി പ്രകാരം കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷനിൽ 28-3-2017-ന് അഖിലിനെതിരെ IPC 324, 308 വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 384/17 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് അന്വേഷണം നടത്തി അന്നേ ദിവസംതന്നെ അഖിലിനെ അറസ്റ്റ് ചെയ്ത് ഹരിപ്പാട് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്. അഖിലിനോട് സ്റ്റേഷനകത്തോ പുറത്തോവച്ച് പോലീസ് ഉദ്യോഗസ്ഥരോ മറ്റാരെങ്കിലുമോ

മോശമായി പെരുമാറുകയോ ദേഹോപദ്രവമേൽപ്പിക്കുകയോ ചെയ്തിട്ടില്ല. 4-4-2017-ന് കോടതി ജാമ്യം അനുവദിച്ചതിനെ തുടർന്ന് അന്നുതന്നെ അയാളെ ജയിലിൽനിന്നും വിട്ടയച്ചിട്ടുണ്ട്. ജയിലിൽ പ്രവേശിക്കുന്ന സമയത്തോ ജയിലിൽ പാർപ്പിച്ചിരുന്ന കാലയളവിലോ ആരുംതന്നെ അദ്ദേഹത്തെ മർദ്ദിച്ചിട്ടില്ല. ഇക്കാര്യത്തിൽ പരാതികളൊന്നുംതന്നെ ജയിൽ അധികൃതർക്ക് ലഭിച്ചിട്ടുമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതുസംബന്ധിച്ച് ഒരു നിഷ്പക്ഷമായ അന്വേഷണം നടത്തണം.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങ് അതുസംബന്ധിച്ച് ഒരു കത്ത് നൽകിയാൽ പരിശോധിക്കാൻ ഞാൻ ഏർപ്പാടാക്കാം.

## (2) ധനസഹായം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, 13-4-2017-ന് രാവിലെ 11 മണിക്ക് പത്തനാപുരത്തുനിന്ന് കൊട്ടാരക്കരയിലേയ്ക്ക് പോകുന്ന റോഡിൽ കുന്നിക്കോട് പച്ചില വളവിൽ കലഞ്ഞൂർ എയിംസ് ആശുപത്രിയുടെ ഒരു ആംബുലൻസ് അപകടത്തിൽപ്പെട്ടു. പത്തനാപുരത്തുള്ള ഫാത്തിമ ബീവി എന്ന 85 വയസ്സുള്ള മുത്തശ്ശിക്ക് അസുഖം കൂടിയിട്ട് അവരെ അംബുലൻസിൽ കൊട്ടാരക്കര ഹോസ്പിറ്റലിലേയ്ക്ക് കൊണ്ടു പോവുകയായിരുന്നു. വഴിക്കു വച്ച് ഒരു ട്രാൻസ്പോർട്ട് ബസ്സുമായി കൂട്ടിയിടിച്ചു. ആ അംബുലൻസ് വന്ന സ്പീഡിൽത്തന്നെ ഇടിക്കുകയായിരുന്നു. അതിലുണ്ടായിരുന്ന അവരുടെ മകൾ 46 വയസ്സുള്ള ഹാജിറാ ബീവി, അവരുടെ കൊച്ചുമകൻ ഷെരീഫ് (33 വയസ്സ്), കൊച്ചുമകൾ സബീന (35 വയസ്സ്), ഡ്രൈവർ സുബിൻ കോശി, ഇവർ 5 പേരും മരിച്ചു. 3 പേർ ആ സ്പോട്ടിൽത്തന്നെ മരിച്ചു. ബാക്കി രണ്ട് പേർ ഹോസ്പിറ്റലിൽ കിടന്ന് ദിവസങ്ങൾക്കുള്ളിൽ മരിച്ചു. ഇവരുടെയെല്ലാം കുടുംബം അനാഥമായി. 33 വയസ്സുള്ള ഷെരീഫിന് രണ്ടും നാലും വയസ്സുള്ള രണ്ട് കുഞ്ഞുങ്ങളാണ്. അതുപോലെ സബീനയ്ക്ക് മൂന്നും എട്ടും വയസ്സുള്ള രണ്ട് പെൺ കുഞ്ഞുങ്ങളാണ്. ഇവരുടെ സ്ഥിതി വളരെ മോശമാണ്. ഇവർ താമസിക്കുന്നത് വളരെ ചെറിയൊരു വീട്ടിലാണ്. സാമ്പത്തികം വളരെ കുറഞ്ഞ സാഹചര്യത്തിൽ ജീവിക്കുന്ന ആളുകളാണ്. അന്നന്ന് പണിക്ക് പോയാൽ അന്നന്ന് കിട്ടുന്ന വരുമാനംകൊണ്ട് ജീവിക്കുന്ന, ദാരിദ്ര്യം അനുഭവിക്കുന്ന, വളരെ ബുദ്ധിമുട്ടുന്ന ആളുകളാണ്. അവരുടെ ഈ മൂന്ന് കുടുംബങ്ങൾ അനാഥമായി. ഡ്രൈവർ, 85 വയസ്സുള്ള മുത്തശ്ശി ഇവരെല്ലാവരും പോയി. നാലു കുടുംബങ്ങളും വലിയ ദുഃഖത്തിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് കാര്യമായ സഹായം ഈ

കുടുംബങ്ങൾക്ക് നൽകി ഈ കുഞ്ഞുങ്ങളെ സഹായിക്കണം. അനാഥമായ കുടുംബങ്ങളെ സഹായിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. വാഹനാപകടമാണ്. സ്വാഭാവികമായിട്ടും ഇൻഷ്വറൻസ് കിട്ടുമെന്നൊക്കെ പറയും. പക്ഷേ അതൊക്കെ എന്നുകിട്ടും, എപ്പോൾ കിട്ടുമെന്നൊന്നും പറയാൻ സാധിക്കില്ല. ഈ കുഞ്ഞുങ്ങളുടെ സ്ഥിതി വളരെവളരെ മോശമാണ്. അമ്മയും പോയി, അച്ഛനും പോയി, നാല് കുഞ്ഞുങ്ങൾ വളരെ വിഷമത്തിലാണ്. ഈ 5 പേരുടെയും കുടുംബങ്ങൾ വലിയ ദുഃഖമാണ് അനുഭവിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് കാര്യമായ സഹായം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നൽകണം. 10,000 രൂപ തഹസിൽദാർ ആദ്യ സഹായം എന്നുള്ള നിലയിൽ ഈ വീടുകളിലെല്ലാം എത്തിച്ചിട്ടുണ്ട്. ബാക്കി നല്ലൊരു തുക നൽകി സഹായിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വല്ലാത്തൊരു ദുരന്ത സംഭവമാണ് ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. 15-4-2017-ന് പകൽ പത്തനാപുരം കടക്കാമൺ കോളനിയിലെ ഫാത്തിമാ ബീവിയെയും കൊണ്ട് ബന്ധുക്കൾ ചികിത്സയ്ക്ക് പോവുകയായിരുന്ന കലഞ്ഞൂർ എ.ഇ.എം. ആശുപത്രി വക ആംബുലൻസ് കുന്നിക്കോട് പച്ചില വളവിൽവച്ച് കെ.എസ്.ആർ.ടി.സി. ബസ്സിൽ ഇടിച്ചു. ഇതിൽ ഫാത്തിമാ ബീവി, ചെറുമകൻ ഷെരീഫ്, അംബുലൻസ് ഡ്രൈവർ സുബിൻ കോശി എന്നിവർ സംഭവ സ്ഥലത്തുവച്ചും ഫാത്തിമാ ബീവിയുടെ ചെറുമകൾ സബീന അന്നേ ദിവസവും അവരോടൊപ്പമുണ്ടായിരുന്ന ഹാജിറാ ബീവി 15-4-2017-ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ചും മരണപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ കുന്നിക്കോട് പോലീസ് ക്രൈം നമ്പർ 617/17 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

### (3) മതസൗഹാർദ്ദം തകർക്കാനുള്ള ശ്രമം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, എന്റെ നിയോജക മണ്ഡലത്തിലെ കരുമാല്ലൂർ പഞ്ചായത്തിൽ തുടരെത്തുടരെ ഉണ്ടായ മൂന്ന് സംഭവങ്ങളാണ് ഞാൻ അങ്ങയുടെ മുൻപിൽ സബ്മിഷനായി അവതരിപ്പിക്കുന്നത്. ഏതോ ഛിദ്ര ശക്തികൾ അവിടെ നിലനിൽക്കുന്ന മതസൗഹാർദ്ദവും സമാധാനാന്തരീക്ഷവും തകർക്കാൻ കരുതിക്കൂട്ടി ശ്രമിക്കുന്നു എന്നുള്ളതിന്റെ തെളിവാണത്.

ഒന്നാമത്തേത്, കാരുകുന്ന് പ്രദേശത്ത് പശുവിനെ അറുത്തപ്പോൾ ചില ആളുകൾ വന്ന് അവിടെ മണ്ണ് വാരിയിട്ട് സംഘർഷമുണ്ടാക്കി, പ്രശ്നമുണ്ടായി. രണ്ടാമത്, അവിടെ യു.സി. കോളേജിന് സമീപമുള്ള കാർമൽഗിരി; സെമിനാരിയുടെ മതിൽ നാലു സ്ഥലത്ത്, ദീർഘമായി 5-10 മീറ്റർ നീളത്തിൽ പൊളിച്ചു കളഞ്ഞു. മൂന്നാമത്തേത്, ഈ അടുത്ത രണ്ടു ദിവസം മുൻപ് പൂജാരിമാർക്ക് പരിശീലനം കൊടുക്കുന്ന ചിറയത്ത് ക്ഷേത്രത്തിന് സമീപം കശാപ്പു ചെയ്ത മൃഗങ്ങളുടെ അവശിഷ്ടങ്ങൾ ചാക്കിൽക്കെട്ടി കൊണ്ടുവന്ന് നിക്ഷേപിച്ചു. അവിടത്തെ മതസൗഹാർദ്ദവും സമാധാനാന്തരീക്ഷവും തകർക്കുന്നതിന് ഏതോ ഛിദ്രശക്തികൾ പ്ലാൻ ചെയ്യുന്നുണ്ട്. ഈ മൂന്ന് കേന്ദ്രങ്ങളും വളരെ പ്രധാനപ്പെട്ട സ്ഥലങ്ങളാണ്. അപ്പോൾ അങ്ങ് രഹസ്യപ്പോലീസിന്റെ സഹായം തേടണം. അങ്ങ് ലോ ആന്റ് ഓർഡർ ശക്തിപ്പെടുത്തി ഇവരെ കണ്ടുപിടിച്ച് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്നു കർശനമായ, അതോടൊപ്പംതന്നെ നല്ലൊരു ശിക്ഷ കിട്ടാവുന്ന രീതിയിലുള്ള സെക്ഷനിട്ട് കേസ്സെടുത്ത് നിയമത്തിന്റെ മുൻപിൽ കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

11.00 A.M.]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മതസൗഹാർദ്ദം തകർക്കാനുള്ള നീക്കത്തെ ഗൗരവമായിട്ടാണ് സർക്കാർ കാണുന്നത്. ഈസ്റ്റർ ആഘോഷവുമായി ബന്ധപ്പെട്ട് 15-4-2017-ന് എറണാകുളം കാരക്കുന്ന് എന്ന സ്ഥലത്ത് ജേക്കബ്ബ് എന്നയാൾ തന്റെ കൂട്ടുകാരുമായി ചേർന്ന് ഒരു പശുവിനെ വിലയ്ക്കുവാങ്ങി അടുത്തുള്ള പറമ്പിൽ വച്ച് കശാപ്പ് ചെയ്ത് ഇറച്ചിയാക്കിക്കൊണ്ടിരിക്കെ ബി.ജെ.പി. അനുഭാവികളായ പതിനാലോളം പേർ ചേർന്ന് ടേബിളിൽ നിന്നും ഇറച്ചി വലിച്ച് താഴെയിട്ട് മണ്ണു വാരിയിട്ട് നശിപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ക്രൈം 413/17 ആയി ആലുവ വെസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരുന്നു. ഈ കേസ്സിൽ 8 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. പശുവിനെ വിലയ്ക്ക് വാങ്ങിയവരിൽ എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവരും ഉൾപ്പെട്ടിട്ടുള്ളതാണ്.

ആലുവ യു.സി. കോളേജിന് സമീപമുള്ള കാർമൽഗിരി സെമിനാരി വക അര കിലോമീറ്റർ നീളമുള്ള മതിലിന്റെ ഒരു വശം എങ്ങനെയോ പൊളിഞ്ഞു വീണു എന്നുള്ള പരാതി 9-4-2017-ന് ആലുവ ഈസ്റ്റ് പോലീസിന് ലഭിച്ചതിനെത്തുടർന്ന് നടത്തിയ അന്വേഷണത്തിൽ, അത് കാലപ്പഴക്കമുള്ള മതിലാണെന്ന് മനസ്സിലായിട്ടുണ്ട്. ആരെങ്കിലും മനഃപൂർവ്വം പൊളിച്ചതായി ഇതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല, കൂടുതൽ അന്വേഷണം നടത്തിവരുന്നു. കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ഈ ഭാഗത്ത് പോലീസ് നിരീക്ഷണവും പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

കിഴക്കേ വെളിയത്തുനാട് മില്ലുപടി എന്ന സ്ഥലത്തുനിന്നും തടിക്കടവിലേയ്ക്ക് പോകുന്ന റോഡിന്റെ വശത്ത് പാടത്തിന് സമീപം ആളൊഴിഞ്ഞ ഭാഗത്ത് 1-5-2017-ന് ആരോ ഇറച്ചി വെട്ടിയതിന്റെ അവശിഷ്ടങ്ങൾ ഉപേക്ഷിച്ചതായി, കരുമാലൂർ പഞ്ചായത്ത് മെമ്പർ പോലീസ് സ്റ്റേഷനിൽ അറിയിച്ചതിൻ പ്രകാരം പോലീസ് അവിടെയെത്തുകയും പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ അവ കുഴിച്ചു മൂടുകയും ചെയ്തിട്ടുള്ളതാണ്. അന്വേഷണത്തിൽ ഇറച്ചി അവശിഷ്ടങ്ങൾ അവിടെ ഇട്ടവരെപ്പറ്റി സൂചനകളൊന്നും ലഭിച്ചിട്ടില്ല. ഇവിടെയും പോലീസിന്റെ നിരീക്ഷണവും പട്രോളിംഗും ഏർപ്പെടുത്തിയിട്ടുള്ളതാണ്. ഈ സംഭവങ്ങൾ സാമുദായിക സൗഹാർദ്ദമില്ലാതാക്കുന്നതിനും ക്രമസമാധാനം തകർക്കാനുമുള്ള ഗൂഢാലോചനയുടെ ഭാഗമായുള്ള നീക്കമായി ഇതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ ചെറുത്ത് തോൽപ്പിക്കുന്നതിന് എല്ലാ ജനാധിപത്യ മതേതര വിശ്വാസികളുടെയും ജാഗ്രതയോടെയുള്ള പിന്തുണ ആവശ്യമാണ്. ഈ പ്രശ്നം സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. ഇതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും ഗൗരവമായിത്തന്നെ സ്വീകരിക്കുന്നതാണ്.

## (4) റെയിൽവേ മേൽപ്പാലം നിർമ്മാണം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, എന്റെ മണ്ഡലത്തിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ നടക്കാവ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ഞാൻ 2-ാം സമ്മേളനത്തിൽ ഉപക്ഷേപം ഉന്നയിച്ചിരുന്നു. മലമ്പുഴ ഡാമിന്റെ കവാടപ്രദേശത്ത് നിലനിൽക്കുന്നതും റെയിൽവേയുടെ പാലക്കാട് ഡിവിഷനോട് ചേർന്ന് കിടക്കുന്നതും ആയതുകൊണ്ടുതന്നെ തീവണ്ടി ഗതാഗതത്തിന്റെ എണ്ണവും, ഗതാഗതക്കുരുക്കിന്റെ സാന്ദ്രതയും ദിനംതോറും വർദ്ധിച്ചു വരുന്നു. ഓരോ അഞ്ച് മിനിറ്റിലും നിലവിലുള്ള തീവണ്ടിപ്പാതയുടെ കവാടം അടയ്ക്കുന്നതുമൂലം അസുഖ ബാധിതരെ ആശുപത്രിയിൽ എത്തിക്കാൻ കഴിയാതെ ഈ സ്ഥലത്ത് വച്ചുതന്നെ മരണം സംഭവിക്കുന്നവരുടെ എണ്ണം പെരുകുകയാണ്. ആ പ്രദേശത്തെ ജനങ്ങളുടെ ചിരകാല സ്വപ്നമാണ് ഈ മേൽപ്പാലം. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരികയാണെങ്കിൽ 8 മാസംകൊണ്ട് മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് തറക്കല്ലിടാമെന്ന് പറഞ്ഞിരുന്നതാണ്. മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി ആദ്യം പരിഷ്കരിച്ച ബജറ്റിൽ 25 കോടി രൂപ വകയിരുത്തുകയും തുടർന്ന് റോഡ്സ് & ബ്രിജസ് കോർപ്പറേഷനെ നിർമ്മാണ ചുമതലയേൽപ്പിക്കുകയും അവർ സർക്കാരിന് സമർപ്പിച്ച വിശദമായ

പ്രോജക്ട് റിപ്പോർട്ടിൽ അടങ്കൽ തുക 38 കോടി രൂപയായി മാറുകയും, ആയതിന് കിഫ്ബി താൽക്കാലിക അംഗീകാരം നൽകുകയും ചെയ്തുവെന്ന് മനസ്സിലാക്കുന്നു. മേൽപ്പാലത്തിന്റെ പ്രവൃത്തി യാഥാർത്ഥ്യമാകണമെങ്കിൽ കിഫ്ബിയുടെ അന്തിമ അംഗീകാരം വേണം. കൂടാതെ ഇന്ത്യൻ റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭാഗത്ത് പ്രവൃത്തി തുടങ്ങാൻ റെയിൽവേയിലേയ്ക്ക് തുക അടയ്ക്കേണ്ടതുമുണ്ട്. റവന്യൂ അധികാരികൾ പാലത്തിന്റെ നിർമ്മാണത്തിനായി സ്ഥലമെടുപ്പ് തുടങ്ങേണ്ടതായിട്ടുണ്ടെന്നും മനസ്സിലാക്കുന്നു. എന്നാൽ ഈ വക കാര്യങ്ങൾ ഒച്ച് ഇഴയുന്നതുപോലെ മന്ദഗതിയിലാണെന്നാണ് ജനങ്ങളുടെ പരാതി. ജനങ്ങളുടെ ഈ അസംതൃപ്തി രാഷ്ട്രീയ മുതലെടുപ്പിന് ചിലർ ഉപയോഗിക്കുന്നുമുണ്ട്. ഈ പശ്ചാത്തലത്തിൽ മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ജാഗ്രതയുണ്ടാകേണ്ടതാണ്. മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രവൃത്തികളിൽ ഒന്നായതും, പ്രദേശത്തെ ജനങ്ങളുടെ ചിരകാല അഭിലാഷവുമായ അകത്തേതറ നടക്കാവ് മേൽപ്പാല നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി കൈക്കൊള്ളണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ബഹുമാനപ്പെട്ട വി.എസ്. അച്യുതാനന്ദൻ ഉന്നയിച്ച വിഷയം മലമ്പുഴ മണ്ഡലത്തിലെ അകത്തേതറ നടക്കാവ് റെയിൽവേ മേൽപ്പാലത്തെ സംബന്ധിച്ചാണ്. 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ സർക്കാർ 25 കോടി രൂപ ഇതിനായി അനുവദിച്ചിരുന്നു. എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ അത് 38.88 കോടി രൂപയായി വർദ്ധിച്ചു. 2017 ഫെബ്രുവരി 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 132/2017 പി.ഡബ്ല്യൂ.ഡി. പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിലാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്, അതുവഴി ഫണ്ട് കണ്ടെത്തണം. ഇതിന്റെ വിശദമായ രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കാൻ 2016 ഡിസംബർ 10-ാം തീയതി റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് T-149/2016/1800 നമ്പരാണ്. അതിനുശേഷം കൂടിയ കിഫ്ബിയുടെ യോഗം (കിഫ്ബിയുടെ രണ്ട് യോഗങ്ങളാണ് ഇതുവരെ കൂടിയത്) ഇതിന് കണ്ടീഷണലായി അപ്രൂവൽ നൽകി. 21-3-2017-ലാണ് ഉപാധികളോടെ കിഫ്ബിക്ക് അംഗീകാരം നൽകിയത്, ഒരു മാസം ആയിട്ടേയുള്ളൂ. ഫൈനൽ അപ്രൂവലിനുവേണ്ടി ആർ.ബി.ഡി.സി.കെ. സമർപ്പിച്ച ക്ലാരിഫിക്കേഷൻ റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബി അത് ഫൈനലായി അംഗീകരിച്ചു തരണം. ഡെപ്പോസിറ്റ് വ്യവസ്ഥയിൽ നിർമ്മിക്കുന്ന ഈ റെയിൽവേ മേൽപ്പാലത്തിന്റെ റെയിൽവേ ട്രാക്കിനുമുകളിലുള്ള സ്പാനറിന്റെ

നിർമ്മാണത്തിനുള്ള ചെലവ് ഇപ്പോഴത്തെ നിബന്ധന പ്രകാരം സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്, അത് വഹിക്കാൻ കഴിയും, കിഫ്ബിയാണ് അതിന് പണം തരേണ്ടത്. റെയിൽവേ സ്പാനിന്റെ ജനറൽ അറേയ്ഞ്ച്മെന്റ്, ഡ്രോയിംഗ് തയ്യാറാക്കി പി.ഡബ്ല്യൂ.ഡി. റെയിൽവേയ്ക്ക് സമർപ്പിച്ചു കഴിഞ്ഞു. തുടർ നടപടികൾ ആരംഭിക്കുന്നതിനായി 2016 ഡിസംബർ 21-ന് W352/J/214 നമ്പർ പ്രകാരം 16.5 ലക്ഷം രൂപ സെന്റേജ് ചാർജ്ജായി റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പണം റെയിൽവേയ്ക്ക് നൽകേണ്ടത് കിഫ്ബിയാണ്, അത് അടിയന്തരമായി നൽകണമെന്ന് കാണിച്ച് 2016 ഏപ്രിൽ 22-ന് ആർ.ബി.ഡി.സി.കെ. കിഫ്ബി-ക്ക് കത്ത് കൊടുത്തിട്ടുണ്ട്. കൂടാതെ ഫൈനൽ അപ്രൂവൽ ലഭിക്കുന്നതിന് മുൻപ് തന്നെ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതിക്കായുള്ള പ്രൊപ്പോസലും ഏപ്രിൽ മാസം 4-ാം തീയതി തന്നെ കിഫ്ബിക്ക് നൽകിയിട്ടുണ്ട്. നടപടികളെല്ലാം സാധാരണയുള്ളതിനേക്കാൾ വളരെ വേഗത്തിലാണ് റോഡ്സ് & ബ്രിജസ് കോർപ്പറേഷൻ ചെയ്തിരിക്കുന്നത്. ഇതിൽ രണ്ട് കാര്യമാണുള്ളത്. ഒന്ന്, റെയിൽവേയ്ക്ക് കൊടുക്കേണ്ട 15 ലക്ഷം രൂപ കിഫ്ബിയിൽ നിന്ന് കിട്ടണം, രണ്ടാമത്, ഭൂമി ഏറ്റെടുക്കാനുള്ള അനുവാദം കിട്ടണം. ഈ രണ്ട് താമസം മാത്രമേയുള്ളൂ, ബാക്കിയെല്ലാം റെഡിയാണ്. അത് കിട്ടുന്ന മുറയ്ക്ക് അതിവേഗം തന്നെ നിർമ്മിക്കാൻ കഴിയും.

### (5) ഇ.എസ്.ഐ. തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റ്

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, 1956-ൽ ആരംഭിച്ച ഇ.എസ്.ഐ. പദ്ധതിയിൽ 31000 തൊഴിലാളികളാണുണ്ടായിരുന്നത്. കൂടുതൽ തൊഴിലാളികൾ ക്രമേണ ഈ പദ്ധതിയിൽ ചേർന്നു. ഇന്ന് അതിൽ 9 ലക്ഷത്തോളം അംഗങ്ങളുണ്ട്. 1985-ൽ ഇ.എസ്.ഐ. സംസ്ഥാനത്ത് പ്രത്യേക വകുപ്പായി മാറി. ഇ.എസ്.ഐ. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കും കുടുംബങ്ങൾക്കും ആവശ്യമുള്ള പരിപൂർണ്ണ വൈദ്യസഹായം, മരുന്നുകൾ, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം, ലബോറട്ടറി പരിശോധനകൾക്ക് പുറമേ നിന്ന് വാങ്ങുന്ന മരുന്നുകളുടെ വിലയും ഇൻഷ്വറൻസിന്റെ മുഴുവൻ ചെലവും നല്കി വരുന്നു. കേരളത്തിൽ തൃശ്ശൂരിൽ മേഖലാ ഓഫീസും 53 ബ്രാഞ്ച് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ഈ ബ്രാഞ്ച് ഓഫീസുകൾ വഴിയാണ് തൊഴിലാളികളുടെ രജിസ്ട്രേഷനും ധനസഹായ വിതരണവും നടത്തുന്നത്. തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ആശുപത്രികളിലും ലഭ്യമല്ലാത്ത ചികിത്സ മറ്റ് ആശുപത്രികളിൽ ചെയ്താൽ റീ-ഇംബേഴ്സ്മെന്റും സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും എംപാനൽ ചെയ്ത ആശുപത്രികളിൽ ചികിത്സാ സൗകര്യവും

ലഭിക്കുന്നുണ്ട്. 78 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. ഈ സൗകര്യം കുടുംബസമേതം ലഭിക്കുന്നതിന് 3 മാസത്തെ സേവനവും 39 ദിവസത്തെ വിഹിതം അടയ്ക്കുകയും ചെയ്താൽ മതിയായിരുന്നു. ഇ.എസ്.ഐ. കോർപ്പറേഷന്റെ 7-11-16-ലെ 5(14)/11/5/2012 എന്ന സർക്കുലർ പ്രകാരം രണ്ട് വർഷം തുടർച്ചയായ സേവനവും 186 ദിവസത്തെ വിഹിതം അടയ്ക്കുകയും ചെയ്താൽ മാത്രമേ ഇതുവരെ തൊഴിലാളികൾക്ക് ലഭ്യമായിരുന്ന എല്ലാ സൗകര്യങ്ങളും ലഭിക്കൂ എന്നതാണ് സ്ഥിതി. രണ്ട് വർഷ കാലാവധിയും 186 ദിവസത്തെ വിഹിതം അടയ്ക്കലും പല മേഖലകളിലും സാധ്യമല്ലാത്ത കാര്യമാണ്. ഇത് തൊഴിൽ മേഖലയിൽ ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കും. തൊഴിലാളിക്കും കുടുംബാംഗങ്ങൾക്കും കിട്ടിക്കൊണ്ടിരുന്ന വിദഗ്ദ്ധ ചികിത്സയും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയും നിഷേധിക്കപ്പെടും. തികച്ചും തൊഴിലാളി വിരുദ്ധമായ സർക്കുലർ പ്രകാരമുള്ള വ്യവസ്ഥകൾ നിർബന്ധമാക്കി ഇ.എസ്.ഐ. റീജിയണൽ ഡയറക്ടർ എല്ലാ സൂപ്രണ്ടുമാർക്കും നിർദ്ദേശം നൽകിയിരിക്കുന്നു. പുതുതായി തൊഴിൽ മേഖലയിൽ വരുന്ന ഒരു തൊഴിലാളിക്കും ചികിത്സ ലഭ്യമല്ലാത്ത ഗുരുതരമായ സ്ഥിതി സംജാതമായിരിക്കുകയാണ്. ആയതിനാൽ 11-4-2017-ന്റെ സർക്കുലർ റദ്ദ് ചെയ്യിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ഇടപെട്ട് ഈ തൊഴിലാളി വിരുദ്ധ നിലപാട് തിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട അംഗം വി. കെ. സി. മമ്മത് കോയ ഇവിടെ ഉന്നയിച്ചിട്ടുള്ളത് കേരളത്തിലെ അതീവ ഗൗരവമായ പ്രശ്നങ്ങളിലൊന്നാണ്. ഇ.എസ്.ഐ.-യിൽ അംഗങ്ങളായ കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളെ ബാധിക്കുന്ന ഗൗരവമായ പ്രശ്നമാണ് സഭയുടെ മുമ്പാകെ ഉന്നയിച്ചിട്ടുള്ളത്. കൂടുതൽ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തണമെന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നയമാണ്. ഈ സർക്കാർ അധികാരമേറ്റതിനുശേഷമുള്ള ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽത്തന്നെ ഇക്കാര്യം ഉൾപ്പെടുത്തിയിരുന്നു. 1-2-2017 മുതൽ സംസ്ഥാനം മുഴുവൻ ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. പത്തോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന ഫാക്ടറികൾ, കച്ചവട സ്ഥാപനങ്ങൾ, സിനിമാ തിയേറ്ററുകൾ, പത്ര-മാധ്യമ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവയെല്ലാം ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നിബന്ധന പ്രകാരം ഒരു ഗുണഭോക്താവിന് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാകണമെങ്കിൽ ചികിത്സ ആവശ്യമായ അസുഖം കണ്ടെത്തുന്നതിന് തൊട്ടുമുൻപുള്ള രണ്ട് വർഷം

തുടർച്ചയായി ജോലി ചെയ്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. രോഗം ആരംഭിക്കുന്നതിന് മുമ്പായി നാല് അംശദായ കാലയളവുകളിലായി 156 ദിവസത്തെ അംശദായം അടയ്ക്കുകയും മേൽപ്പറഞ്ഞ നാല് അംശദായ കാലയളവിൽ ഏതെങ്കിലും രണ്ടെണ്ണത്തിൽ രോഗാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയും വേണം. ഈ നിബന്ധനകൾ പരമാവധി തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നിഷേധിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. കശുവണ്ടി മേഖലയിലടക്കം തൊഴിൽ ദിനങ്ങൾ കുറഞ്ഞ മേഖലകളിൽ ഫലത്തിൽ ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നിഷേധിക്കപ്പെടും. ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ പുതുതായി ഉൾപ്പെടുത്തപ്പെട്ട തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിന് രണ്ട് വർഷം തുടർച്ചയായി തൊഴിൽ ലഭിക്കേണ്ടി വരും. ഇത്തരത്തിൽ തൊഴിലാളി താല്പര്യങ്ങൾക്ക് വിരുദ്ധമായ തീരുമാനമാണ് ഇ.എസ്.ഐ. കോർപ്പറേഷൻ കൈക്കൊണ്ടിരിക്കുന്നത്. വിഷയത്തിന്റെ ഗൗരവാവസ്ഥ ഉൾക്കൊണ്ട് പ്രസ്തുത തീരുമാനം റദ്ദാക്കണമെന്നും ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കണമെന്നും അഭ്യർത്ഥിച്ച് ബഹുമാനപ്പെട്ട കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിക്ക് സംസ്ഥാന തൊഴിലും എക്സൈസും വകുപ്പുമന്ത്രി കത്തയച്ചിട്ടുണ്ട്. തീരുമാനം പുനഃപരിശോധിക്കണമെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് റഫർ ചെയ്യുന്ന അതേ മാനദണ്ഡങ്ങളാണ് കേരളത്തിൽ സ്പെഷ്യാലിറ്റി ചികിത്സയ്ക്കും ബാധകമായിട്ടുള്ളത്. സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുന്നതിനാൽ, സ്പെഷ്യാലിറ്റി എംപാനൽമെന്റ് അർഹത നിലവിലുണ്ടായിരുന്ന പ്രകാരം നിലനിർത്തുന്ന കാര്യം സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്.

### (6) ചെക്ക് ഡാം നിർമ്മാണം

<u>ശ്രീ. ബി. സത്യൻ</u>: സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ഞാൻ ഇവിടെ സബ്മിഷനായി ഉന്നയിക്കുന്നത്. കിളിമാനൂർ, പഴയകുന്നുമ്മൽ, മടവൂർ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനുവേണ്ടി 31 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചിരുന്ന കിളിമാനൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയാതെ പ്രതിസന്ധിയിലായിരിക്കുകയാണ്. ചിറയിൻകീഴ്, വർക്കല, നെടുമങ്ങാട് താലൂക്കിന്റെ ചില ഭാഗങ്ങൾ എന്നിവ ഉൾപ്പെടുന്ന കുടിവെള്ള പദ്ധതികളുടെ പ്രധാന കേന്ദ്രം വാമനപുരം നദിയാണ്. പ്രതിദിനം 6 കോടി ലിറ്റർ വെള്ളം പമ്പ് ചെയ്തിരുന്ന നദിയാണ് ഇന്ന് ഒരു കാലത്തുമില്ലാത്ത രീതിയിൽ വറ്റി വരണ്ട്, പല ഭാഗങ്ങളിലും കുട്ടികൾ ഫുട്ബോളും ക്രിക്കറ്റും കളിക്കുന്ന പ്രദേശമായി

മാറിയിരിക്കുന്നത്. ഇത് വളരെ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഡിസാസ്റ്റർ മാനേജ്മെന്റ്, റിവർ മാനേജ്മെന്റ്, അമൃതം പദ്ധതി തുടങ്ങി പലതുമുണ്ട്. ഇവിടെ മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, വാട്ടർ അതോറിറ്റി ഇവയെല്ലാമുണ്ട്. 115 വർഷത്തിനിടയിൽ ഇത്രയും അതിരൂക്ഷമായ വരൾച്ച ഉണ്ടായിട്ടില്ല. നദികൾ വറ്റി വരണ്ട് കിടന്നിട്ട് ആ നദികളിലുള്ള മണ്ണ് നീക്കം ചെയ്യാനും, മഴ വരുമെന്ന് കണ്ട് അടിയന്തരമായി മുൻകരുതൽ നടപടികൾ സ്വീകരിക്കാനും കഴിഞ്ഞിട്ടില്ല. ജൂണിൽ മഴ വരാൻ പോകുകയാണ്. അത് മുൻകൂട്ടിക്കണ്ട് എന്തെങ്കിലും മുൻകരുതലോ, തയ്യാറെടുപ്പുകളോ നടത്തിയിട്ടുണ്ടോ? ഇത് ആ പ്രദേശത്താകെയുള്ള ജനങ്ങളെ ഉത്ക്കണ്ഠാകുലരാക്കിയിരിക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തരമായ ഇടപെടൽ ആവശ്യമാണ്. ഏതാണ്ട് 31 കോടി രൂപയോളം ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയിട്ടും, മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കാൻ കഴിയാത്തതിന്റെ ദയനീയ ദൃശ്യം അവിടെ കാണുകയാണ്. എല്ലാ പണികളും പൂർത്തിയായപ്പോഴാണ് വെള്ളം പമ്പ് ചെയ്യാൻ പറ്റുന്നില്ലെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ പോയത്. ഒരു ദീർഘവീക്ഷണവുമില്ലാതെയാണ് വാട്ടർ അതോറിറ്റിയും ഇതുമായി ബന്ധപ്പെട്ട ഗവേഷണ നിരീക്ഷണങ്ങൾ നടത്തുന്ന സ്ഥാപനങ്ങളും ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളും പ്രവർത്തിച്ചത്. ഈ സ്ഥാപനങ്ങളെല്ലാം ഒരു മുൻധാരണയുമില്ലാതെയാണ് പദ്ധതികൾ ആരംഭിക്കുന്നത്. പദ്ധതികൾ ആരംഭിച്ചതിന്റെ പണം സർക്കാർ ഖജനാവിന് നഷ്ടമുണ്ടാക്കിയ കാര്യം മാധ്യമങ്ങളെല്ലാം തുടർച്ചയായി എഴുതിക്കൊണ്ടിരിക്കുകയാണ്. ഈ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി, ഇപ്പോൾ വറ്റിവരണ്ടു കിടക്കുന്ന നദികളിലെ മണ്ണ് നീക്കം ചെയ്ത് ആവശ്യമായ തടയണകൾ നിർമ്മിക്കുന്നതിനായി വളരെ ഗൗരവമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. അതിന് സാധിക്കുന്ന ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളെയും മറ്റ് ഏജൻസികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഗവൺമെന്റിന്റെ വിവിധ ഡിപ്പാർട്ട്മെന്റുകളെയുമെല്ലാം യോജിപ്പിച്ചുകൊണ്ട് അടിയന്തര നടപടി സ്വീകരിക്കണമെന്ന ഗൗരവതരമായ വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപെടുത്തുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ ഈ വർഷം അപ്രതീക്ഷിതമായുണ്ടായ രൂക്ഷമായ വരൾച്ചയിൽ ഏറ്റവുമധികം ബുദ്ധിമുട്ടനുഭവിക്കുന്ന നദിയാണ് വാമനപുരം നദി. ഭാരതപ്പുഴയിലും

കടലുണ്ടിപ്പുഴയിലും ചന്ദ്രഗിരിപ്പുഴയിലും ഈ പ്രശ്നമുണ്ട്. ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ, പഴയകുന്നുമ്മൽ, മടവൂർ പഞ്ചായത്തുകൾക്കായുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ചു. കടുത്ത വേനലിൽ വാമനപുരം നദിയിലെ വെള്ളം ക്രമാതീതമായി കുറഞ്ഞതിനാൽ പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. തിരുവനന്തപുരം ജില്ലയിലെ ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് 17-11-2016-ൽ കൂടിയ യോഗത്തിൽ വാമനപുരം നദിക്ക് കുറുകേ കാരേറ്റ് പാലത്തിന് സമീപം തടയണ നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിരുന്നു. പ്രസ്തുത റഗുലേറ്റർ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ച 600 കോടി രൂപയിൽ ഇതിനുവേണ്ടി പണം കണ്ടെത്താനുള്ള ശ്രമമാണ് നടക്കുന്നത്. ഇത് പ്രാവർത്തികമായാൽ ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ, പഴയകുന്നുമ്മൽ, മടവൂർ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### (7) കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം

ശ്രീ. പി. ടി. തോമസ്: സർ, കെ.എസ്.ആർ.ടി.സി.-യുടെ മരണമണി മുഴങ്ങുകയാണ്. 44000 പെൻഷൻകാർക്ക് മൂന്ന് മാസമായി പെൻഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. എല്ലാം ശരിയാകുമെന്ന് പറഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഒന്നും ശരിയായില്ലെന്ന് മാത്രമല്ല പെൻഷൻ പോലും കൊടുക്കുന്നില്ല. യു.ഡി.എഫ്. സർക്കാർ എന്തെല്ലാം പ്രയാസങ്ങളുണ്ടെങ്കിലും എല്ലാ മാസവും മുടങ്ങാതെ കൃത്യമായി പെൻഷൻ കൊടുത്തിരുന്നു. ഏതെങ്കിലും ഒരു മാസം ഞങ്ങൾ പെൻഷൻ കൊടുത്തില്ലെന്ന് പറഞ്ഞാൽ ഞാൻ മാപ്പ് പറയാം. പെൻഷന്റെ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുക എന്നുള്ളതായിരുന്നു എൽ.ഡി.എഫ്.-ന്റെ മുദ്രാവാക്യം. എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ പെൻഷൻ ഇല്ലാതായി. 'നയാ പൈസ ഇല്ല കയ്യിൽ.. നയാ പൈസ ഇല്ല' എന്ന പഴയ പാട്ടുപോലെ അരലക്ഷത്തോളം കെ.എസ്.ആർ.ടി.സി. പെൻഷൻകാർ നാട്ടിലൂടെ തെക്കുവടക്ക് നടക്കുകയാണ്. ഇത് സർക്കാർ കണ്ണു തുറന്ന് കാണണം. മഹാഭൂരിപക്ഷം പെൻഷൻകാരും രോഗികളാണ്. അവർക്ക് മരുന്നുവാങ്ങാൻ പോലും കാശില്ല. പെൻഷൻ കൊടുക്കാത്തത് മഹാപാപമാണ്. 1954-ലെ ട്രാൻസ്പോർട്ട് സമരം ഒരു കമ്മ്യൂണിസ്റ്റുകാരനും മറക്കാൻ കഴിയുന്നതല്ല. ഒരു കമ്മ്യൂണിസ്റ്റ് സർക്കാരിന് കെ.എസ്.ആർ.ടി.സി.-ക്കാർക്ക് പെൻഷൻ കൊടുക്കാതിരിക്കാൻ പറ്റുമോ? 36 വർഷം കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിച്ച ബംഗാളിൽ മൂവായിരം ബസ്സുകൾ ഉണ്ടായിരുന്നപ്പോൾ നമുക്ക് 4200 ബസ്സുകൾ ഉണ്ടായിരുന്നു.

എൽ.ഡി.എഫ്. കൺവീനർ ശ്രീ. വൈക്കം വിശ്വനാണ് ആ സംഘടനയുടെ പ്രസിഡന്റ്. അദ്ദേഹം പറഞ്ഞിട്ടുപോലും കേൾക്കാതെ മെയ് ഒന്നിന് തൊഴിലാളി ദിനത്തിൽ കെ.എസ്.ആർ.ടി.സി. പണിമുടക്കി. പണിമുടക്കിയ തൊഴിലാളികൾക്കുനേരെ കരിനിയമം പ്രാഖ്യാപിച്ചുവെന്ന് മാത്രമല്ല, സസ്പെന്റും ചെയ്തു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ദീർഘവീക്ഷണത്തിന്റെ ഉദാഹരണമാണ് രാജ്യം മുഴുവനുമുള്ള ട്രാൻസ്പോർട്ട് കോർപ്പറേഷൻ. കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയാകുമെന്ന് നമ്മളെല്ലാം കരുതിയിരുന്ന ടി. വി. തോമസ് ആയിരുന്നു കേരളത്തിലെ ആദ്യത്തെ ഗതാഗത വകുപ്പുമന്ത്രി. കേരളത്തിലെ എല്ലാ പ്രധാന പട്ടണങ്ങളിലും കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായി കെട്ടിടങ്ങളും സ്ഥലങ്ങളുമുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ സ്ഥിതി എന്താണ്? ക്രിസ്തുമസ്, വിഷു, റംസാൻ തുടങ്ങിയ വിശേഷ ദിവസങ്ങളിൽ ജീവനക്കാർക്ക് അഡ്വാൻസ് തുക കൊടുത്തിരുന്നു. 2016 ജൂൺ 14-ന് പെൻഷൻകാർ പിരിച്ചുണ്ടാക്കിയ കാശ് ഉപയോഗിച്ച് പെൻഷൻ ഭവൻ പണിയുകയുണ്ടായി. അതിന്റെ ഉദ്ഘാടനവേളയിൽ ഒരു ദിവസം പോലും പെൻഷൻ മുടങ്ങില്ലെന്നാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. അവർക്ക് മൂന്നുമാസമായി പെൻഷൻ കൊടുത്തിട്ടില്ല. ദയവായി പെൻഷൻ നൽകാനുള്ള നടപടി സ്വീകരിക്കണം. അങ്ങ് പുതിയ മന്ത്രിയാണ്. ഞങ്ങൾ അങ്ങയിൽ പ്രതീക്ഷ അർപ്പിക്കുന്നു. കെ.എസ്.ആർ.ടി.സി.-യെ പിരിച്ചുവിടാനുള്ള ഒരു സംരംഭത്തിനും അങ്ങ് കൂട്ടുനിൽക്കില്ലെന്ന് ഞങ്ങൾക്കറിയാം. ഇക്കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, ഇമ്പിച്ചിബാവയുടെ ഭരണത്തിനുശേഷം ഇന്നുവരെ കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനം ലാഭത്തിൽ പ്രവർത്തിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പെൻഷൻ മുടങ്ങിയിട്ടില്ലെന്ന് അങ്ങ് പറയുകയുണ്ടായി. 2014 ജൂൺ-ജൂലൈ മാസങ്ങളിൽ പകുതി പെൻഷൻ വിതരണം ചെയ്ത കാര്യം അങ്ങ് മറന്നുപോയോ? നാണക്കേടുള്ളതുകൊണ്ടാണ് ഞങ്ങൾ പകുതി പെൻഷൻ കൊടുക്കാതിരുന്നത്.

കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിച്ച് സുഗമമായി പെൻഷൻ വിതരണം ചെയ്യുന്നതിനായി 2015 ഏപ്രിൽ ഒന്ന് മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനും കോർപ്പറേഷനും സർക്കാരും തുല്യമായ വിഹിതം ഫണ്ടിൽ നിക്ഷേപിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ആയതിൻ പ്രകാരം പെൻഷൻ തുകയുടെ പകുതി തുക സർക്കാർ അനുവദിച്ചുവരുന്നു. പെൻഷൻ തുകയുടെ 50 ശതമാനം സർക്കാർ ഗ്രാന്റായി നൽകുമെന്ന് ഈ ബജറ്റിലും ഉറപ്പ് നൽകിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം 2017 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടില്ല. പെൻഷൻ കുടിശ്ശിക നൽകുന്നതിനുള്ള കെ.എസ്.ആർ.ടി.സി. വിഹിതം വായ്പായി സമാഹരിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളെ സമീപിച്ചിട്ടുണ്ട്. പെൻഷൻ നൽകാനുള്ള തുക വായ്പയായി ഉടൻതന്നെ

ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കെ.എസ്.ആർ.ടി.സി.-യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൽക്കട്ടയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസർ ശ്രീ. സുശീൽ ഖന്നയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത പഠനത്തിന്റെ പ്രാഥമിക നിർദ്ദേശങ്ങളിന്മേൽ നടപടികളെടുത്ത് തുടങ്ങും. അന്തിമ റിപ്പോർട്ട് ലഭ്യമായതിനുശേഷം ആയതുപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുമ്പോൾ എല്ലാ മാസവും കൃത്യമായി പെൻഷൻ വിതരണം ചെയ്യാൻ കഴിയുന്ന രീതിയിൽ കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്ന പ്രയത്നത്തിലാണ് മാനേജ്മെന്റും ഗവൺമെന്റും. രണ്ട് ദിവസത്തിനകം ഏപ്രിൽ മാസത്തെ ശമ്പളം കൊടുക്കുമ്പോൾ മാർച്ച് മാസത്തിലെ പെൻഷൻ കുടിശ്ശികകൂടി കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (8) പർച്ചേസ് ടാക്സ് പിൻവലിക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. ഉബൈദുള്ള: സർ, കേരളത്തിലെ സ്വർണ്ണ വ്യാപാര മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധി സഭയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പ്രസ്തുത വിഷയം കഴിഞ്ഞ സഭാ സമ്മേളനത്തിൽ സഭയുടെയും അങ്ങയുടെയും ശ്രദ്ധയിൽക്കൊണ്ടുവന്നപ്പോൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാമെന്നാണ് അങ്ങ് മറുപടി നൽകിയത്. തുടർന്ന്, സ്വർണ്ണ വ്യാപാരികൾ കടയടച്ച് സമരം സംഘടിപ്പിച്ചു. അന്നുനടന്ന ചർച്ചയിലും അങ്ങ് ഈ വിഷയം പരിഗണിക്കാമെന്ന് ഉറപ്പ് നൽകിയെന്നാണ് അറിയുന്നത്. സ്വർണ്ണവ്യാപാര മേഖലയുമായി ബന്ധപ്പെട്ട് ആയിരക്കണക്കിന് കുടുംബങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉപജീവനം നടത്തുന്നു. ഒരു സ്വയംതൊഴിൽ സംരംഭമെന്ന നിലയിൽ ബാങ്കുകളിൽനിന്ന് വായ്പയെടുത്തും മറ്റുമാണ് സ്വർണ്ണവ്യാപാര രംഗത്തുള്ള സാധാരണക്കാരായ ചെറുകിട വ്യാപാരികൾ കടന്നുവന്നത്. അവർക്കൊക്കെ പിടിച്ചുനിൽക്കാൻ പറ്റാത്തൊരു അവസ്ഥയാണ് ഇപ്പോഴുള്ളത്. സ്വർണ്ണവ്യാപാര രംഗത്തുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1994-ൽ ആരംഭിച്ച കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ നികുതി അടച്ചുവരുന്ന വ്യാപാരികൾ 2013-14 വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ 5 ശതമാനം പർച്ചേസ് ടാക്സ് അടയ്ക്കണമെന്ന് കാണിച്ച് ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥർ നോട്ടീസ് നൽകിക്കൊണ്ടിരിക്കുകയാണ്. 2014-ലെ ധനകാര്യ നിയമപ്രകാരം വാറ്റ് നിയമത്തിലെ വകുപ്പ് 8(F1)-ൽ കോമ്പൗണ്ടിംഗ് നികുതിയിൽ ഭേദഗതി വരുത്തിയപ്പോൾ ഒരു പദപ്രയോഗത്തിൽ വന്ന പിശകിനെത്തുടർന്നാണ് പഴയ സ്വർണ്ണാഭരണങ്ങൾക്ക് ഇതുവരെയുമില്ലാത്ത പർച്ചേസ് ടാക്സ് ചുമത്തിയിരിക്കുന്നതെന്നാണ് അറിയുന്നത്. 2013-14 മുതൽ ഇതുവരെ അടച്ച

നികുതിയുടെ ഏകദേശം അഞ്ചിരട്ടിയോളം വരുന്ന തുകയാണ് ഇങ്ങനെ പർച്ചേസ് ടാക്സായി അടയ്ക്കാൻ ആവശ്യപ്പെടുന്നത്. വാറ്റ് നിയമം പരിശോധിച്ചാൽ പർച്ചേസ് ടാക്സിന് സ്വന്തമായി നിലനിൽപ്പില്ലെന്ന് മനസ്സിലാകും. എത്ര ഭീമമായ സംഖ്യയാണ് അവർ മുൻകാല പ്രാബല്യത്തോടെ അടവാക്കിയത്? സ്ഥാപനങ്ങൾ നടത്തിക്കൊണ്ട് പോകാൻ കഴിയാതെ ഇടത്തരം വ്യാപാരികൾ ഈ രംഗത്തുനിന്ന് പിൻമാറിക്കൊണ്ടിരിക്കുകയാണ്. അത്യാവശ്യം സൗകര്യമുള്ള വ്യാപാരികളാണെങ്കിൽ അവർ സംസ്ഥാനത്തിന് പുറത്തും വിദേശങ്ങളിലും പോയി പുതിയ ഷോറൂമുകൾ തുറക്കുകയാണ് ചെയ്യാറുള്ളത്. സ്വർണ്ണ വ്യാപാര മേഖലയിൽ, സ്വർണ്ണാഭരണ നിർമ്മാണത്തിൽ പരിശീലനം ലഭിച്ച ധാരാളം യുവാക്കളടക്കം നമ്മുടെ സംസ്ഥാനത്തുണ്ട്. അത്തരം യുവാക്കൾക്ക് തൊഴിലവസരം നഷ്ടപ്പെടുകയും നമ്മുടെ സംസ്ഥാനത്തിന് ലഭ്യമാകേണ്ട വരുമാനത്തിൽ വലിയ ഇടിവ് സംഭവിക്കുകയാണ്. സാങ്കേതിക പിഴവിന്റെ പേരിൽ സ്വർണ്ണ വ്യാപാരികളിൽനിന്ന് ഈടാക്കുന്ന വാങ്ങൽ നികുതി മുൻകാല പ്രാബല്യത്തോടെ തിരിച്ചെടുക്കാനുള്ള വ്യാണിജ്യ നികുതി വകുപ്പിന്റെ നടപടി ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. തികച്ചും അന്യായമായ ഈ നികുതി നിയമവിരുദ്ധമാണെന്നും ഹൈക്കോടതി അഭിപ്രായപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ സ്വർണ്ണ വ്യാപാര മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിന് നിയമ ഭേദഗതിയിൽ വന്ന പിശക് തിരുത്താൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് വീണ്ടും അപേക്ഷിക്കാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നങ്ങളോട് എനിക്ക് എതിരഭിപ്രായമില്ല. ഈ പിശക് നിയമസഭയിൽ പറയണം, എങ്കിൽ പരിഗണിക്കാമെന്നാണ് ഞാൻ പറഞ്ഞത്. ബാക്കിയുള്ള പ്രതിപക്ഷാംഗങ്ങളും അതിനെ അനുകൂലിച്ചു. പ്രസ്തുത വിഷയത്തെക്കുറിച്ച് വരാൻ പോകുന്ന സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാമെന്ന് ഞാൻ അന്ന് നിയമസഭയിൽ ഉറപ്പു നൽകിയതാണ്. ഒരിക്കൽ ഒരു കാര്യം നിയമസഭയിൽ പറഞ്ഞാൽ പറഞ്ഞതുതന്നെയാണ്, അത് പിന്നീട് മാറ്റാൻ സാധിക്കുകയില്ല. നിശ്ചയമായും ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുമ്പോൾ കൂട്ടായി ചർച്ച ചെയ്ത് തീരുമാനമെടുക്കാം.

### (9) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ സേവന വ്യവസ്ഥകൾ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, 2008-ൽ ഹിന്ദുമത ധർമ്മ സ്ഥാപന ഭരണ വകുപ്പ് നിർത്തലാക്കപ്പെട്ടതിനെത്തുടർന്ന് നിരവധി ജീവനക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതാണ് ഈ സബ്മിഷൻ. നിർത്തലാക്കപ്പെട്ട പ്രസ്തുത വകുപ്പിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി തുടരുന്നതിന് അനുവദിച്ചുകൊണ്ടും സേവന-വേതന വ്യവസ്ഥകൾ സംരക്ഷിച്ചുകൊണ്ടും ഇതര

വകുപ്പുകളിലേയ്ക്ക് മാറ്റി നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇപ്രകാരം മറ്റ് വകുപ്പുകളിലേയ്ക്ക് മാറ്റം ലഭിക്കുന്നതിന് ഓപ്ഷൻ നൽകിയതിൽ തീരുമാനം അനന്തമായി നീണ്ടുപോയ സാഹചര്യത്തിൽ മലബാർ ദേവസ്വം ബോർഡിൽ പ്രത്യേക വിഭാഗമായി തുടരാൻ അനുവദിച്ചിരുന്നു. എന്നാൽ ഇവർക്ക് നിയമാനുസൃതമായി ലഭിക്കേണ്ട പ്രൊമോഷൻ, ഹയർ ഗ്രേഡ് എന്നിവ ലഭിക്കാൻ കാലതാമസം നേരിടുകയാണ്. സമയബന്ധിതമായി പ്രൊമോഷൻ ലഭിക്കാതെ പെൻഷൻ പറ്റിയവർക്ക് ആജീവനാന്ത പെൻഷനിലും ഗണ്യമായ കുറവ് വരുന്നുണ്ട്. തങ്ങളുടെ മാതൃവകുപ്പ് നിർത്തലാക്കപ്പെട്ട ഇവർ ലാവണമില്ലാതെ അക്ഷരാർത്ഥത്തിൽ അനന്തവിഹായസ്സിലാണ് കഴിയുന്നത്. അതുകൊണ്ടുതന്നെ ആശ്രിത നിയമനവ്യവസ്ഥ പ്രകാരം ജോലി കിട്ടാനുള്ള സാധ്യതയും നഷ്ടപ്പെട്ടിരിക്കുന്നു. നിലവിൽ മരണപ്പെട്ട രണ്ടുപേരുടെ ആശ്രിതർക്ക് ഇതുവരെ ജോലി ലഭിച്ചിട്ടില്ല. ഇത്തരം നീതിനിഷേധം പരിഹരിക്കണം. നിർത്തലാക്കപ്പെട്ട ഹിന്ദുമത ധർമ്മ സ്ഥാപന ഭരണവകുപ്പിൽനിന്നും ഒഴിവാക്കപ്പെട്ട് മലബാർ ദേവസ്വം ബോർഡിൽ പ്രത്യേക വിഭാഗമായി തുടരുന്ന സർക്കാർ ജീവനക്കാർക്ക് 2008-ൽ നൽകിയ ഓപ്ഷൻ അനുസരിച്ച് ഇതര വകുപ്പുകളിലേയ്ക്ക് നിയമനം നൽകുന്നതിനും മുൻകാല പ്രാബല്യത്തോടെ സേവന-വേതന വ്യവസ്ഥകൾ ലഭ്യമാകുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണിത്. 2008-ലെ സർക്കാർ ഉത്തരവ് പി.നമ്പർ 301/2008/ആർ.ഡി. പ്രകാരം ഹിന്ദുമത ധർമ്മ സ്ഥാപന ഭരണ വകുപ്പ് നിർത്തലാക്കി പകരം മലബാർ ദേവസ്വം ബോർഡ് നിലവിൽ വരികയും പ്രസിഡന്റ് ഉൾപ്പെടെ 9 അംഗങ്ങൾ 2-10-2008-ൽ ചുമതലയേൽക്കുകയും ചെയ്തു. നിർത്തലാക്കപ്പെട്ട വകുപ്പിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും സംരക്ഷിക്കുകയും മറ്റ് വകുപ്പുകളിലേയ്ക്ക് ഓപ്ഷൻ അനുവദിക്കുകയും ചെയ്യണമെന്ന വ്യവസ്ഥയിൽ സർക്കാർ അന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മറ്റ് വകുപ്പുകളിലെ സമാന തസ്തികകളുടെ ലഭ്യത, പുനർവിന്യാസം മുഖേന പുതിയ വകുപ്പുകളിൽ ഉണ്ടാകുന്ന സീനിയോറിറ്റി ഉൾപ്പെടെയുള്ള സർവ്വീസ് പ്രശ്നങ്ങൾ തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ ജീവനക്കാരെ പുനർവിന്യസിക്കുക എന്നുള്ളത് ലളിതമായ പ്രക്രിയയല്ല. അതിനാൽ നിർത്തലാക്കപ്പെട്ട ഹിന്ദുമത ധർമ്മ സ്ഥാപന ഭരണ വകുപ്പിലെ നിലവിലുണ്ടായിരുന്ന തസ്തികകൾ വാനിഷിംഗ് കാറ്റഗറിയായി പ്രഖ്യാപിച്ച് പ്രസ്തുത തസ്തികയിലെ ജീവനക്കാരെ മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ

ഒരു പ്രത്യേക യൂണിറ്റായി പരിഗണിക്കുകയും ടി ജീവനക്കാരുടെ പെൻഷൻ ഉൾപ്പെടെയുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും സംരക്ഷിച്ച് നിർത്തലാക്കപ്പെട്ട വകുപ്പിൽ ഉണ്ടായിരുന്നതുപോലെ സർക്കാർ ജീവനക്കാരായിത്തന്നെ തുടരാവുന്നതാണെന്ന് വ്യക്തമാക്കി സർക്കാർ 8-6-2010-ലെ (എം.എസ്.) 222/2010/ആർ.ഡി. പ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ജീവനക്കാർക്ക് ഓപ്ഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വീണ്ടും മലബാർ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടുവെങ്കിലും ജീവനക്കാരുടെ സർവ്വീസും സീനിയോറിറ്റിയും സംരക്ഷിക്കുന്നതടക്കമുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉണ്ടാകുമെന്നതിനാൽ ഓപ്ഷൻ അനുവദിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല. നിർത്തലാക്കപ്പെട്ട വകുപ്പിലെ ജീവനക്കാരായി നിലവിൽ ബോർഡിൽ 71 ജീവനക്കാരാണുള്ളത്. ഇവർക്ക് നിയമാനുസൃതം ലഭിക്കേണ്ട എല്ലാ സ്ഥാനക്കയറ്റങ്ങളും കാലാകാലങ്ങളിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ഈ കാലയളവിൽ ബോർഡിൽ ആശ്രിത നിയമന വ്യവസ്ഥയിൽ 2 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത നിയമനം ലഭിച്ചവർ നിർത്തലാക്കപ്പെട്ട ഹിന്ദുമത ധർമ്മ സ്ഥാപന ഭരണ വകുപ്പിലോ മറ്റിതര വകുപ്പുകളിലോ നിയമനം ലഭിക്കണമെന്ന് ആവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ വ്യവഹാരങ്ങൾ ഫയൽ ചെയ്തിട്ടുണ്ട്. ട്രിബ്യൂണലിന്റെ അന്തിമ വിധിക്കനുസരിച്ച് സർക്കാർ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (10) സ്കൂൾ പാചകത്തൊഴിലാളികളെ സ്കൂൾ ജീവനക്കാരായി അംഗീകരിക്കൽ

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, കേന്ദ്ര സർക്കാരിന്റെ സ്കീം വർക്കേഴ്സിന്റെ ഭാഗമായി കേരളത്തിൽ പണിയെടുക്കുന്ന സ്കൂൾ പാചകത്തൊഴിലാളികൾ വിവരണാതീതമായ ദുരിതങ്ങൾ അനുഭവിച്ചുകൊണ്ടാണ് ജോലി ചെയ്യുന്നത്. അശാസ്ത്രീയവും കടുത്ത അദ്ധ്വാനഭാരത്താൽ അപ്രായോഗികവുമായിട്ടുള്ള തൊഴിലാളി ക്രമീകരണം, വിജ്ഞാപനം ചെയ്യപ്പെട്ടിട്ടും നടപ്പിലാകാത്ത മിനിമം കൂലി വ്യവസ്ഥകൾ, 30-40 വർഷം ജോലി ചെയ്ത് വിരമിക്കുന്നവർക്കുപോലും ഗ്രാറ്റുവിറ്റിയോ മറ്റേതെങ്കിലും റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്കോ അർഹത അനുവദിക്കാത്ത സ്ഥിതി, യാതൊരുവിധ തൊഴിൽ നിയമങ്ങളും ഇ.എസ്.ഐ.-യും പ്രോവിഡന്റ് ഫണ്ടും ബാധകമാകാത്ത അവസ്ഥ, മാനേജ്മെന്റുകളുടെ ദയാദാക്ഷണ്യത്തിന് വിനീത വിധേയരായി നിന്നാൽമാത്രം ലഭിക്കുന്ന തൊഴിൽ

സ്ഥിരത, കൂടെ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് പാചകത്തൊഴിലാളി തന്നെ കൂലി നൽകേണ്ട ദുരവസ്ഥ തുടങ്ങി നിരവധി ഗൗരവതരമായ പ്രശ്നങ്ങൾ കേരളത്തിലെ സ്കൂൾ പാചകത്തൊഴിലാളികൾ നേരിടുന്നുണ്ട്. ഇന്ത്യയിൽത്തന്നെ ആദ്യമായി പാചകത്തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം 2016 ആഗസ്റ്റ് 8-ന് കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് പ്രകാരമാണ് നിലവിൽ പാചകത്തൊഴിലാളികൾക്ക് വേതനം ലഭിച്ചു കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവും തൊഴിൽ വകുപ്പിന്റെ പുതിയ വിജ്ഞാപനവും പൊരുത്തപ്പെടുത്താനുള്ള നടപടി ഉണ്ടാകാത്തതിനാൽ സംസ്ഥാന സർക്കാരിന്റെ യശസ്സ് ഉയർത്താവുന്നതും തൊഴിലാളികൾക്ക് ഏറെ ആശ്വാസകരവുമായ മിനിമം കൂലി വിജ്ഞാപനം ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പൊതു വിദ്യാഭ്യാസരംഗം നവീകരിക്കാനുള്ള ഇടതുപക്ഷ സർക്കാരിന്റെ ശ്രമവും പ്രാദേശിക സർക്കാരുകൾ, പി.ടി.എ. എന്നിവരുടെ ഇടപെടലുകൾമൂലവും നിരവധി വിദ്യാലയങ്ങളിൽ സമൃദ്ധമായ ഉച്ചഭക്ഷണവും പ്രഭാത ഭക്ഷണവും നൽകുന്നുണ്ട്. ഇതിന്റെ അധികഭാരവും വന്നുചേരുന്നത് പാചകത്തൊഴിലാളികളിലാണ്. പാചകത്തൊഴിലാളികളിൽ 99 ശതമാനവും ഗ്രാമീണ സ്ത്രീകളാണ്. കൂടാതെ ഇവരിൽ കൂടുതൽപേരും പട്ടികജാതി-പട്ടികവർഗ്ഗ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരാണ്. ഇവരുടെ സാമൂഹിക പരിരക്ഷയും സാമ്പത്തിക സുരക്ഷയും ഉറപ്പുവരുത്തേണ്ടത് ഇടതുപക്ഷ സർക്കാരിന്റെ കർത്തവ്യമാണ്. പാചകത്തൊഴിലാളികൾ ഒഴികെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെയെല്ലാം സ്കൂൾ ജീവനക്കാരായി അംഗീകരിച്ച് അവർക്ക് സർക്കാർ ശമ്പളവും അനുബന്ധ ആനുകൂല്യങ്ങളും 12 മാസവും കൃത്യമായി നൽകുന്നുണ്ട്. എന്നാൽ പാചകത്തൊഴിലാളികൾക്കുമാത്രം ജോലിക്കുവരുന്ന ദിവസങ്ങളിൽ ദിവസക്കൂലിയായിട്ടാണ് നൽകുന്നത്. വേനലവധിക്കാലത്തും മറ്റ് അവധി ദിവസങ്ങളിലും പാചകത്തൊഴിലാളികൾക്ക് വേതനം ലഭിക്കാറില്ല. ഇത് കടുത്ത അവഗണനയും വിവേചനവുമാണ്. അതുകൊണ്ട് കേരളത്തിലെ സ്കൂളുകളിലെ പാചകത്തൊഴിലാളികളെ സ്കൂൾ ജീവനക്കാരായി അംഗീകരിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു; മാത്രമല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 8-7-2016-ൽ ആദ്യ ബജറ്റിലൂടെ പ്രതിമാസം 500 രൂപയും 3-3-2017-ൽ രണ്ടാമത്തെ ബജറ്റിലൂടെ പ്രതിദിനം 50 രൂപയും പാചകത്തൊഴിലാളികളുടെ വേതനത്തിൽ വർദ്ധനവ്

പ്രഖ്യാപിക്കുകയുണ്ടായി. വർദ്ധിപ്പിച്ച സംഖ്യ മുൻകാല പ്രാബല്യത്തോടെ കുടിശ്ശിക സഹിതം തൊഴിലാളികൾക്ക് നൽകാൻ നടപടി ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കേരള സംസ്ഥാനത്ത് ഉച്ചഭക്ഷണ പദ്ധതിയിൻ കീഴിൽ 12327 സ്കൂളുകളാണുള്ളത്. ഇവയിലെല്ലാമായി 13664 പാചകത്തൊഴിലാളികൾ ജോലി ചെയ്യുന്നു. സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളികളെ നിയമിക്കുന്നതിനുള്ള അധികാരം സ്കൂൾ നൂൺഫീഡിംഗ് കമ്മിറ്റിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സ്കൂൾ തലത്തിൽ ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായി നടത്തുന്നതും ഇതുസംബന്ധിച്ച മുഴുവൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതും പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടം നിർവ്വഹിക്കുന്നതും സ്കൂൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള സ്കൂൾ നൂൺഫീഡിംഗ് കമ്മിറ്റിയാണ്. പി.ടി.എ. പ്രസിഡന്റ് ചെയർമാനും പ്രധാന അദ്ധ്യാപകൻ കൺവീനറുമായ പ്രസ്തുത കമ്മിറ്റിയിൽ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തെ വാർഡ് മെമ്പർ, അദ്ധ്യാപക പ്രതിനിധികൾ, മദർ പി.ടി.എ. അംഗം, എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട രക്ഷകർത്താക്കളുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നു. പാചകത്തൊഴിലാളികളുടെ നിയമനത്തിൽ സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന സ്ത്രീകൾ, എസ്.സി./എസ്.ടി./ഒ.ബി.സി./ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർ എന്നിവർക്ക് മുൻഗണന നൽകുന്നു. കൂടാതെ പ്രാദേശിക പ്രാതിനിധ്യം, ആരോഗ്യം, ശുചിത്വം എന്നിവയിലുള്ള ശ്രദ്ധ, പാചകത്തിലുള്ള പ്രാവീണ്യം എന്നിവ കണക്കിലെടുത്താണ് പാചകത്തൊഴിലാളികളെ നിയമിക്കേണ്ടത് എന്നതിനാലാണ് ടി ചുമതല ബന്ധപ്പെട്ട സ്കൂൾ നൂൺഫീഡിംഗ് കമ്മിറ്റിക്ക് നൽകിയിട്ടുള്ളത്. പാചകത്തൊഴിലാളികളുടെ നിയമനത്തിൽ ഉപജില്ല/ജില്ല/ സംസ്ഥാന തലങ്ങളിലെ വിദ്യാഭ്യാസ കാര്യാലയങ്ങൾക്ക് നിലവിൽ പങ്കൊന്നുമില്ല. എന്നാൽ പാചകത്തൊഴിലാളികൾക്കുള്ള ഓണറേറിയം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുമാണ് നൽകുന്നത്. സ്കൂളുകളിൽ ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾക്ക് പ്രതിമാസം 600 രൂപയാണ് ഓണറേറിയം ഇനത്തിലുള്ള കേന്ദ്രവിഹിതം. സംസ്ഥാന വിഹിതമായ 400 രൂപയും ചേർത്ത് ആകെ 1,000 രൂപയാണ് പ്രതിമാസം ഓണറേറിയമായി നൽകാൻ കേന്ദ്രം നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾക്ക് 5-9-2016 മുതൽ 400 രൂപ മുതൽ 475 രൂപവരെ പ്രതിദിനം ഓണറേറിയമായി നൽകിവരുന്നു. ഇതിൻപ്രകാരം ഒരു പാചകത്തൊഴിലാളിക്ക് പ്രതിമാസം ശരാശരി 9,000 രൂപ വരെ ഓണറേറിയമായി ലഭിക്കുന്നു. ഇത് മതിയായ വേതനമാണെന്ന് സർക്കാരിന് അഭിപ്രായമില്ല. ഉയർന്ന നിരക്കിൽ ഓണറേറിയം നൽകുന്നതിന്

സംസ്ഥാന സർക്കാരിന് പ്രതിവർഷം 100 കോടി രൂപയോളം അധിക ബാധ്യതവരും. ഇതിനുപുറമേ 2017-18-ലെ ബജറ്റിൽ പാചകത്തൊഴിലാളികൾക്ക് പ്രതിമാസം 500 രൂപകൂടി ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവരുടെ മറ്റ് പ്രശ്നങ്ങൾ പരിഹരിക്കാർ സർക്കാർ ശ്രമിക്കുന്നതാണ്.

## V. റിപ്പോർട്ട് സമർപ്പണം

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ് : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## VI. ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണമെന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിനെന്ന XXVI- ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2017-2018 | | | | |
|---|---|---|---|---|---|---|
| | | 14-3-2017-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| V | കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | 88,93,25,000 | …... | 266,79,73,000 | ….. | 266,79,73,000 |
| VI | ഭൂനികുതി | 165,38,25,000 | ….... | 496,14,76,000 | …... | 496,14,76,000 |
| XI | ജില്ലാഭരണവും പലവകയും | 164,50,02,000 | …... | 493,50,07,000 | ….. | 493,50,07,000 |
| XXI | ഭവന നിർമ്മാണം | 24,45,27,000 | 19,12,75,000 | 73,35,80,000 | 57,38,25,000 | 130,74,05,000 |
| XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 103,40,25,000 | …... | 310,20,77,000 | ….... | 310,20,77,000 |

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭവന നിർമ്മാണമെന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിനെന്ന XXVI- ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V കാർഷികാദായ നികുതിയും വിൽപ്പനനികുതിയും

(നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ)

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 266,79,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാർഷികാദായ നികുതി നിയമത്തിലെ പട്ടികയിൽ വന്ന പിഴവ് തിരുത്തി നികുതിഭാരം കുറയ്ക്കുന്നതിന് പകരം അത് വർദ്ധിപ്പിക്കുന്ന നയം സ്വീകരിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ : സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 266,79,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാർഷികാദായ നികുതി മുൻകാല പ്രാബല്യത്തോടെ പിരിച്ചെടുക്കാനിടയായ സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ : സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 266,79,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാർഷിക രംഗത്തെ തകർച്ചയും വിൽപ്പന നികുതി പിരിവിലെ വീഴ്ചകളുംമൂലം ഉണ്ടായതായി പറയപ്പെടുന്ന സംഭവവികാസങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 266,79,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നികുതിചോർച്ച തടയുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 266,79,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിൽപ്പന നികുതി കുടിശ്ശിക ഇളവുകൾ നൽകി സമയബന്ധിതമായി പിരിച്ചെടുക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി : സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 266,79,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജി.എസ്.ടി പ്രാബല്യത്തിൽ വരുമ്പോൾ നികുതി വകുപ്പിന് ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് തുടക്കം കുറിക്കാത്തതായ നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 266,79,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വരുമ്പോൾ ഉണ്ടാകാവുന്ന മാറ്റങ്ങളെക്കുറിച്ച് നിലനിൽക്കുന്ന ആശങ്ക പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാത്ത വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 266,79,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചെക്കുപോസ്റ്റുകളിൽ നിരീക്ഷണ ക്യാമറ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്താതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ് . പി.</u>: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 266,79,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചെറുകിട കർഷകർക്ക് ധനസഹായം ലഭ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 266,79,73,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സി. മമ്മൂട്ടി

2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

<u>ധനാഭ്യർത്ഥന നമ്പർ VI ഭൂനികുതി</u>

<u>(നയനിരാകരണത്തിനുള്ള വെട്ടികുറയ്ക്കൽ)</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 496,14,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഒരു മന്ത്രിയുടെ ബന്ധുക്കളും പാർട്ടി പ്രവർത്തകരും മൂന്നാറിൽ നൂറുകണക്കിന് ഏക്കർ ഭൂമി കയ്യേറിയിട്ടും അവ ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 496,14,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റവന്യൂ ഭൂമികളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 496,14,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റീസർവ്വേ നടന്ന പ്രദേശങ്ങളിലെ റവന്യൂ

റിക്കാർഡുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താത്തതുമൂലം ഭൂ ഉടമകൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 496,14,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂമി ഏറ്റെടുക്കലിനുള്ള സർവ്വേ നടപടികൾ അനന്തമായി നീളുന്നതുമൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 496,14,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീട്ടുകരം സ്വീകരിക്കുന്ന രീതിയിൽ ഭൂനികുതി പിരിച്ചെടുക്കുന്നതിന് ക്യാമ്പ് കളക്ഷൻ പോലുള്ള രീതികൾ അവലംബിക്കാതിരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 496,14,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചില സർവ്വേ നമ്പരുകളിൽ യഥാർത്ഥ ഉടമകളിൽനിന്നും ഭൂനികുതി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം പരിഹരിക്കണമെന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്.പി: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 496,14,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂനികുതി അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 496,14,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂനികുതി അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 496,14,76,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സി. മമ്മൂട്ടി
2. ശ്രീ.പാറക്കൽ അബ്ദുല്ല
3. ശ്രീ. ടി. വി. ഇബ്രാഹിം
4. ഡോ. എം. കെ. മുനീർ

<u>ധനാഭ്യർത്ഥന നമ്പർ XI ജില്ലാഭരണവും പലവകയും</u>

(<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>)

<u>ഡോ. എം. കെ. മുനീർ</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,50,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമുതൽ സംരക്ഷണത്തിന് ആവശ്യമായ സഹായം ജില്ലാഭരണകൂടത്തിന് ലഭ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,50,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ശബ്ദശല്യം നിയന്ത്രിക്കുന്നതിന് സമയോചിതമായി നടപടി സ്വീകരിക്കാൻ വിമുഖത കാട്ടുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,50,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (CMDRF അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനം കൈക്കൊള്ളാതെ നിർദ്ധന രോഗികളെ നിത്യദുരിതത്തിലേയ്ക്ക് തള്ളി വിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,50,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗര പ്രദേശങ്ങളിലെ ഗതാഗതക്കുരുക്കും അനധികൃത പാർക്കിംഗും ശക്തമായി നിയന്ത്രിക്കുന്നതിന് ജില്ലാ ഭരണകൂടം അർഹിക്കുന്ന പ്രാധാന്യം നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,50,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ ഭൂമി കയ്യേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്ന ജില്ലാഭരണാധികാരികൾക്ക് പോലീസ് സഹായം ലഭ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,50,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജില്ലാഭരണകൂടങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,50,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജില്ലാ കളക്ടർമാർക്കുള്ള അധികാരത്തിൽ റവന്യൂ റിക്കവറി ഗഡുക്കളായി നൽകുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,50,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മലപ്പുറം സിവിൽ സ്റ്റേഷൻ വളപ്പിൽ പിടിച്ചിട്ട വാഹനങ്ങളുടെ കണക്കെടുത്ത് അവയുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പാക്കാത്തതുമൂലം ഉണ്ടാകുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,50,07,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. ടി. വി. ഇബ്രാഹിം
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. സി. മമ്മൂട്ടി

<u>ധനാഭ്യർത്ഥന നമ്പർ XXI ഭവനനിർമ്മാണം</u>

(നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ)

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 130,74,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഈ ഗവൺമെന്റ് പ്രഖ്യാപിച്ച സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ LIFE-ന്റെ നടത്തിപ്പിന് പ്രാരംഭ നടപടികൾ കൈക്കൊള്ളാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 130,74,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി (LIFE) നടപ്പാക്കുന്നതിൽ ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 130,74,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള ഭവന നിർമ്മാണ ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി : സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 130,74,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ രംഗത്ത് വിപ്ലവം സൃഷ്ടിച്ച പ്രീ-ഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി : സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 130,74,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണത്തിന് ആവശ്യമായ ചെലവ് കുറഞ്ഞ നിർമ്മാണ സാമഗ്രികൾ കണ്ടെത്താൻ ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്താത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 130,74,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന രഹിതർക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതികൾ നിശ്ചലമായത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 130,74,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന രഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 130,74,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണത്തിന് പൊതുമേഖലാ ബാങ്കുകളിൽനിന്നും സഹകരണ ബാങ്കുകളിൽനിന്നും അനുവദിക്കുന്ന വായ്പയുടെ പലിശ നിരക്കുകൾ കുറവുചെയ്യുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 130,74,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഭവനനിർമ്മാണത്തിന് പലിശ രഹിത വായ്പ ലഭ്യമാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 130,74,05,000 രൂപയിൽ നിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പാറക്കൽ അബ്ദുല്ല
2. ശ്രീ. ടി. വി. ഇബ്രാഹിം
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ധനാഭ്യർത്ഥന നമ്പർ XXVI- പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

(നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ)

ഡോ. എം. കെ. മുനീർ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 310,20,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കഴിഞ്ഞ കാലവർഷത്തിൽ കിടപ്പാടം നഷ്ടമായവർക്ക് അർഹമായ നഷ്ടപരിഹാരം നൽകാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 310,20,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസ നിധിയിൽനിന്നും തുക വിതരണം നടത്തുന്നതിന് കാലവിളംബം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 310,20,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം അർഹതപ്പെട്ടവർക്ക് കൃത്യമായി ലഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 310,20,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭംമൂലം ഉണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 310,20,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലവർഷക്കെടുതിക്കുള്ള കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 310,20,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് കാര്യക്ഷമമല്ലായെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 310,20,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ആധുനിക സംവിധാനങ്ങളുടെ അപര്യാപ്തതയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 310,20,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അതികഠിനമായ വരൾച്ച മുൻകൂട്ടി പ്രവചിക്കപ്പെട്ടിട്ടും യഥാസമയം പരിഹാര നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 310,20,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നുള്ള തുക ക്രിയാത്മകമായും സമയബന്ധിതമായും വിനിയോഗിക്കുന്നതിന് ജില്ലാ മേധാവികൾക്ക് നിർദ്ദേശം നൽകാത്തതുമൂലം പ്രയാസങ്ങൾ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 310,20,77,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. ടി. വി. ഇബ്രാഹിം
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. സി. മമ്മൂട്ടി.

ശ്രീമതി പി. അയിഷാ പോറ്റി : സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഐക്യ കേരളത്തിലെ ആദ്യ മന്ത്രിസഭയുടെ അറുപതാം വാർഷിക ആഘോഷ വേളയിൽ നടക്കുന്ന ഈ സഭാ സമ്മേളനത്തിന് ചരിത്ര പ്രാധാന്യമുണ്ട്. ആ ചരിത്ര പ്രാധാന്യത്തെ ഉചിതമായ രീതിയിൽ സ്മരിക്കുന്നതിന് നടപടിയെടുത്ത ബഹുമാനപ്പെട്ട സ്പീക്കറെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. സമാനതകളില്ലാത്ത ചരിത്ര പശ്ചാത്തലത്തിൽ നിലവിൽ വന്ന ആദ്യ മന്ത്രിസഭ, മഹാനായ സഖാവ് ഇ.എം.എസ്. നേതൃത്വം നൽകിയ, സർക്കാർ ചരിത്രം തിരുത്തിക്കുറിച്ച സഭയാണിത്. ചരിത്ര പ്രാധാന്യമുള്ള ഈ വേളയിലും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള സർക്കാരാണ് ഭരിക്കുന്നത് എന്നത് കാവ്യനീതിയാണ്. ജാതി-മത-വർഗ്ഗീയ ചിന്തകളിൽനിന്നും മോചിതരായി വികസിത കേരളം കെട്ടിപ്പടുക്കുന്നതിനും കേരളത്തിന്റെ ജനകീയ വികസന ബദൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും സമൂഹത്തിൽനിന്നും അഴിമതിയും കെടുകാര്യസ്ഥതയും തുടച്ചുനീക്കുന്നതിനും പ്രതിജ്ഞാബദ്ധമായ ഒരു സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. കേരളത്തിന്റെ സമഗ്ര വികസനത്തിന് കാരണമാകുന്ന ഭാവനാസമ്പന്നമായ പദ്ധതികൾ ജനങ്ങളുടെ സമ്പൂർണ്ണമായ പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ഈ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഞാൻ മറ്റ് ചർച്ചകളിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ദേവസ്വവുമായി ബന്ധപ്പെട്ട് ദിവസേന പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന വാർത്തയുടെ അടിസ്ഥാനത്തിലുള്ള ചില വിഷയങ്ങൾ ഇവിടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലയളവിൽ ദേവസ്വം ഭരണം കാര്യക്ഷമമായും സുതാര്യമായും നടക്കുന്നുവെന്നത് പ്രധാനമായും നിരീക്ഷിക്കേണ്ട കാര്യമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലയളവിലും ബഹുമാനപ്പെട്ട ജി. സുധാകരൻ മന്ത്രിയായിരുന്ന കാലത്തും ഒട്ടേറെ ശ്രദ്ധേയമായ നടപടികൾ ദേവസ്വം ബോർഡിലും ദേവസ്വം ഭരണത്തിലും നടപ്പാക്കിയിട്ടുണ്ടെന്നുള്ളത് ഈ അവസരത്തിൽ ഓർക്കാൻ കഴിയുന്നതാണ്. നിലവിലെ ദേവസ്വം വകുപ്പുമന്ത്രിയായ ശ്രീ. കടകംപള്ളി സുരേന്ദ്രനും അതേപാതയിലൂടെ കൂടുതൽ ഊർജ്ജസ്വലമായി ഈ കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ടെന്നുള്ളതും ഈ അവസരത്തിൽ ഓർക്കുകയാണ്. അഴിമതിക്ക് തടയിട്ട് ദേവസ്വം ഭരണം സുതാര്യമാക്കാൻ സർക്കാർ അതീവ ജാഗ്രത പുലർത്തുകയാണിപ്പോൾ. ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്ര ജോലികളിലേയ്ക്കുള്ള നിയമനങ്ങൾ സുതാര്യമാക്കി നിയമന അഴിമതി തടയാനായി കഴിഞ്ഞ സർക്കാർ രൂപീകരിച്ച ജംബോ റിക്രൂട്ട്മെന്റ് ബോർഡിനുപകരം യോഗ്യതയുള്ള മൂന്ന് അംഗങ്ങളെ ഉൾപ്പെടുത്തി ഈ സർക്കാർ ബോർഡ് പുനഃസംഘടിപ്പിച്ചു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ഉബൈദുള്ള)

മലബാർ ദേവസ്വം ബോർഡ് ആക്ട് ഭേദഗതി ചെയ്യാൻ മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചു. അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരിച്ചുപിടിക്കാൻ ശക്തമായ നടപടികൾ ആരംഭിച്ചു. ശബരിമല വികസനത്തിനായി 150 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചു. ദേവസ്വം ക്ഷേത്രങ്ങളിലെ ആയുധ പരിശീലനം വിലക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടി വളരെ ധീരമാണെന്ന് പറയാതിരിക്കാനാവില്ല. ഞാനും മുമ്പ് ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതാണ്. പല ക്ഷേത്രങ്ങളുടെയും കോമ്പൗണ്ടുകൾ ചില സംഘടനകളുടെ ആയുധ പരിശീലനത്തിനുവേണ്ടി ഉപയോഗിക്കുന്നത് ഒഴിവാക്കുന്നതിന് ശക്തമായ നടപടി സ്വീകരിച്ചുവെന്നത് ശ്രദ്ധേയമാണ്. ശബരിമലയിലെ വരുമാനമാണ് ബോർഡിന്റെ നിലനിൽപ്പിന് ആധാരമെന്ന് നമുക്കെല്ലാമറിയാം. എന്നാൽ നിലവിൽ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന പല തീരുമാനങ്ങളും ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കാത്തതാണെന്ന് പറയാതിരിക്കാൻവയ്യ. സർക്കാരുമായി ആവശ്യമായ കൂടിയാലോചനകളില്ലാതെ ഒരൊറ്റ പോക്കു പോകുകയാണ്. ശബരിമല ക്ഷേത്രത്തിന്റെ പേര് അതീവ രഹസ്യമായി മാറ്റിയ നടപടി അതിനൊരു ഉദാഹരണമാണ്. ചെറിയ ക്ഷേത്രങ്ങളുടെ പേര് മാറ്റാൻപോലും ബോർഡിന് അധികാരമില്ലെന്നതാണ് വാസ്തവം. 2016 ഒക്ടോബർ

5-ന്റെ ദേവസ്വം ബോർഡ് യോഗം ശബരിമല 'ശ്രീധർമ്മ ശാസ്താ ക്ഷേത്രം' എന്ന പേര് 'ശ്രീ അയ്യപ്പ സ്വാമി ക്ഷേത്രം' എന്നാക്കി മാറ്റി. ആദ്യത്തെ പേരിന് എന്തായിരുന്നു കുഴപ്പം; ക്ഷേത്രം ഉണ്ടായ കാലംമുതൽ ആ പേരല്ലേ ഉപയോഗിച്ചുവന്നിരുന്നത്; എന്തിനുവേണ്ടിയാണ് അങ്ങനെയൊരു മാറ്റമുണ്ടാക്കിയത്? ഇതൊക്കെ ഒട്ടും അംഗീകരിച്ചു കൊടുക്കാനാകുന്ന കാര്യങ്ങളല്ല. ഇതെല്ലാം ഗവൺമെന്റ് ഗൗരവമായി കാണണമെന്നാണ് എനിക്ക് പറയാനുള്ളത്.

പൊന്നമ്പലമേട്ടിൽ ക്ഷേത്രം നിർമ്മിക്കാൻ ഒരേക്കർ വനഭൂമി വിട്ടുനൽകണമെന്ന് ബോർഡ് പ്രസിഡന്റ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇത് സർക്കാരിനോട് ചോദിക്കണ്ടേ; സർക്കാരിന് ഇതിൽ ഒരു കാര്യവുമില്ലേ? ഇത്തരത്തിലുള്ള നിരവധിയായ കാര്യങ്ങളാണ് അവിടെ നടക്കുന്നത്. സംസ്ഥാന സർക്കാരിനോട് ഇക്കാര്യം ആലോചിച്ചിട്ടുപോലുമില്ല. ഇത് സാമാന്യ ജനാധിപത്യ മര്യാദയല്ലെന്ന് മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

അഴിമതി തടയാൻ സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ചീഫ് വിജിലൻസ് ഓഫീസറെ നിയമിച്ച് വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും എണ്ണിയാലൊടുങ്ങാത്ത അഴിമതിക്കഥകളാണ് നിത്യേന പുറത്തുവരുന്നത്. 'അമ്പലം വിഴുങ്ങികൾ' എന്ന പരമ്പരതന്നെ പത്രങ്ങളിലുണ്ട്. എല്ലാ പത്രങ്ങളിലും ഇത് സംബന്ധിച്ചുള്ള വാർത്തകളാണ്. ശബരിമലയിൽ പാത്രങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് 1.87 കോടി രൂപയുടെ അഴിമതി മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നു. ഇക്കഴിഞ്ഞ ദിവസങ്ങളിൽ പരമ്പരയായി വന്ന വാർത്തയാണ് ഞാനിവിടെ പറയുന്നത്. ഈ അഴിമതിയോടൊപ്പം കമ്പ്യൂട്ടർവത്കരണത്തിലെ അഴിമതിയും, പമ്പയിലെ മെസ് ക്രമക്കേടും പുറത്തുകൊണ്ടുവന്നു.

ശബരിമലയിലെ മഹാഭണ്ഡാര ചുമതല സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാനുള്ള നീക്കം നടക്കുന്നുവെന്നതും അതിനേക്കാൾ ഗൗരവമുള്ളതാണ്. ശബരിമലയിലേതടക്കം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എല്ലാ അക്കൗണ്ടുകളും ധനലക്ഷ്മി ബാങ്കിൽനിന്നും മറ്റൊരു ബാങ്കിലേയ്ക്ക് മാറ്റാനുള്ള നീക്കവും ഗൗരവത്തോടെ കാണണം. ഇവിടെയൊരു ഗവൺമെന്റുള്ളപ്പോൾ അതിനെ മൈന്റ് ചെയ്യാതെ മറ്റൊരു രീതിയിൽ പോകുകയാണ്. ഇത്തരം വഴിവിട്ട കാര്യങ്ങളുടെയെല്ലാം കേന്ദ്രബിന്ദു നിലവിൽ ദേവസ്വം ബോർഡ് സെക്രട്ടറി സ്ഥാനം വഹിക്കുന്ന ഉദ്യോഗസ്ഥനാണെന്ന് മാധ്യമങ്ങൾവഴി പുറത്തുവന്നിട്ടുണ്ട്.

വിജിലൻസിന്റെ ത്വരിതാന്വേഷണം നേരിടുന്ന ഈ ഉദ്യോഗസ്ഥൻ അദ്ദേഹത്തിനെതിരായ പരാതികൾ അദ്ദേഹത്തിന്റെ ജൂനിയറായ ഉദ്യോഗസ്ഥനെ കൊണ്ട് അന്വേഷിപ്പിച്ച് തീർപ്പാക്കുന്ന വിചിത്ര രീതിയും കാണാൻ കഴിയും. ഏറ്റവും ഒടുവിലായി ഈ ഉദ്യോഗസ്ഥനെ ബോർഡിന്റെ കമ്മീഷണറാക്കാൻ ബോർഡ് ശിപാർശ ചെയ്തതായി മനസ്സിലാക്കുന്നു. ഇതെല്ലാം ഗവൺമെന്റ് ഗൗരവത്തോടെ കാണണം. പുറമെയുള്ള ചിലരുടെ ശക്തമായ ഇടപെടലുകൾ ഇവിടെ നടക്കുന്നതായും കേൾക്കുന്നുണ്ട്. സുനിൽ സ്വാമി എന്നയാൾ ശബരിമല ക്ഷേത്രത്തിന്റെ ഭരണത്തിൽ ഇടപെടുന്നതായി പറഞ്ഞുകേൾക്കുന്നുണ്ട്. അതുകൂടി ഗവൺമെന്റ് അന്വേഷിക്കേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ സർക്കാർ ഇടപെടുമെന്ന് കരുതുന്നു.

അഴിമതി തുടച്ചുനീക്കാൻ ശക്തമായ നടപടി വേണം. കൊട്ടാരക്കര ഗണപതി ക്ഷേത്രം ഏറ്റവും പ്രസിദ്ധമായ ഒരു ക്ഷേത്രമാണ്. അവിടെ ക്ഷേത്രം വക കുറേ ഭൂമി നിരവധി കാലങ്ങളായി കാടുകയറിക്കിടക്കുകയാണ്. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് അഡ്വ. രാജഗോപാലൻ നായരുടെ നേതൃത്വത്തിൽ അവിടെയൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ കാലാവധി കഴിഞ്ഞുപോയതിനാൽ അതെങ്ങുമെത്താതെ കിടക്കുകയാണ്. ഇപ്പോഴത്തെ പ്രസിഡന്റ് ഒരു മാസ്റ്റർ പ്ലാനുണ്ടെന്ന് പറയുന്നുണ്ട്. പക്ഷെ ഒരു ചുവടുപോലും മുന്നോട്ടു വച്ചിട്ടില്ല. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് കുറച്ചുകൂടി ജാഗ്രതയോടെ ഇടപെട്ട് ആ ക്ഷേത്രത്തിന് കൂടുതൽ മാറ്റമുണ്ടാക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ശബരിമല സീസണിൽ ആയിരക്കണക്കിന് ഭക്തർ അവിടെ വന്നുപോയിക്കൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ സൗകര്യങ്ങളും കൂടുതൽ മാറ്റവും മനോഹാരിതയും ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിനുള്ള സാഹചര്യങ്ങളും ഒരുക്കുന്നതിനുള്ള ഇടപെടലുകൾകൂടി നടത്തണമെന്നാണ് ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

കേരളത്തിന്റെ പൊതുഭൂമി സ്വന്തക്കാർക്കും ഇഷ്ടക്കാർക്കും റിസോർട്ട് മാഫിയകൾക്കും തീറെഴുതി കൊടുക്കുന്നതിന് ജനങ്ങൾ കഴിഞ്ഞ കാലങ്ങളിൽ സാക്ഷ്യം വഹിച്ചിട്ടുണ്ട്. പറഞ്ഞാൽ തീരാത്തത്ര അഴിമതിക്കഥകളാണ് ഇവിടെയുള്ളത്. മെത്രാൻ കായലിൽ 378 ഏക്കറും കടമക്കുടിയിൽ 47 ഏക്കറും വയൽ നികത്താനുള്ള ശ്രമം ഹൈക്കോടതി തടഞ്ഞു. സമയമില്ലാത്തതുകൊണ്ട് പത്രവാർത്തകളൊന്നും വായിക്കുന്നില്ല. മെത്രാൻ കായലിൽ എൽ.ഡി.എഫ്. സർക്കാർ നെൽകൃഷി ചെയ്ത് വിളവെടുപ്പ് നടത്തിയെന്നുള്ളത് അങ്ങേയറ്റം ശ്രദ്ധേയമായ കാര്യമാണ്. ആറന്മുള മറ്റൊരു ഉദാഹരണമാണ്. വൈക്കം ചെമ്പിൽ 150 ഏക്കർ നിലം മുൻ മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവായിരുന്ന ഷാഫി മേത്തറിന്

പതിച്ചുനൽകിയെന്ന വാർത്ത വന്നിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോട്ടയം കോടിമത മൊബിലിറ്റി ഹബ്ബിനുവേണ്ടി 100-125 ഏക്കർ ഭൂമി നികത്താൻ ഉത്തരവ് നൽകി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ......(മൈക്ക് ഓഫ്)...... ആ ഉത്തരവിന്റെ കോപ്പി കാണിക്കാമോ?

ശ്രീമതി പി. അയിഷാ പോറ്റി: പത്രത്തിൽ വന്നിട്ടുള്ള വാർത്തയാണ് ഞാൻ വായിക്കുന്നത്. ഹോപ്പ് പ്ലാന്റേഷൻസിന് 724 ഏക്കർ ഭൂമി ഭൂപരിഷ്കരണ നിയമത്തിൽ നിന്ന് ഒഴിവാക്കി നൽകി. ഇതുമായി ബന്ധപ്പെട്ട് എത്രയോ വാർത്തകൾ ഇവിടെ വന്നിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. നെല്ലിയാമ്പതിയിൽ 900 ഏക്കർ ഭൂമി പോബ്സ് ഗ്രൂപ്പിന് നൽകാൻ കഴിഞ്ഞ സർക്കാർ തീരുമാനിച്ചു. അതെല്ലാം തെറ്റാണെന്ന് ഹൈക്കോടതി പറഞ്ഞു. കോന്നിയിൽ ജാതിമത സംഘടനകൾക്കുപോലും 18 ഏക്കർ പതിച്ചുകൊടുത്തില്ലേ; ഞാൻ പറയുന്നതല്ലല്ലോ, ഇതെല്ലാം പത്രങ്ങളിൽ വന്നിട്ടുള്ള കാര്യങ്ങളാണ്. വിവാദ സന്യാസി സന്തോഷ് മാധവന്റെ ഇടനിലക്കാരായ സ്വകാര്യ കമ്പനിക്ക് നൂറ്റി ഇരുപത്തിയെട്ടോളം ഏക്കർ ഭൂമി പതിച്ചുനൽകാൻ കഴിഞ്ഞ സർക്കാർ ഉത്തരവിട്ടു. കരഭൂമിക്ക് പുറമേ ചേർത്തല താലൂക്കിൽപ്പെടുന്ന 1.5 ഏക്കറോളം....

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ഉബൈദുള്ള)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ, കോടിമത മൊബിലിറ്റി ഹബ്ബിന് 100 കണക്കിന് ഏക്കർ ഭൂമി പതിച്ചുകൊടുത്തുവെന്ന് ഇവിടെ പറയുകയുണ്ടായി. നിയമസഭയിൽ പറയുന്ന കാര്യം സബ്സ്റ്റാൻഷ്യേറ്റ് ചെയ്യാൻ കഴിയുന്ന വിധത്തിൽ നിയമപരമായ ബാക്കിംഗ് വേണം. അങ്ങനെയൊരു ഉത്തരവുണ്ടെങ്കിൽ ആ ഉത്തരവിന്റെ നമ്പർ പറയണം, അല്ലെങ്കിൽ ആ ഉത്തരവ് ടേബിൾ ചെയ്യണം, അതുമല്ലെങ്കിൽ അതിന്റെ ബാക്കി ഡീറ്റെയിൽസ് പറയണം. ഞാൻ അതിന്റെ തൊട്ടപ്പുറത്ത് താമസിക്കുന്ന ആളാണ്, കൂടാതെ ആ നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിക്കുകയുമാണ്. എനിക്ക് അങ്ങനെയൊരു അറിവ് കിട്ടിയിട്ടില്ല. ഞങ്ങൾക്കാർക്കും ഒരു അറിവുമില്ലാതെ, അവിടെനിന്ന് 150 കി.മീ. അകലെ താമസിക്കുന്ന ഒരാൾ ആരോ എഴുതിക്കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയൊരു കാര്യം നിയമസഭയിൽ പറയുന്നത് ശരിയാണോ; അതുകൊണ്ട് ഇക്കാര്യം സഭാരേഖകളിൽനിന്ന് മാറ്റണം. അതല്ലെങ്കിൽ സബ്സ്റ്റാൻഷ്യേറ്റ് ചെയ്യാനുള്ള രേഖ വച്ചാലും മതി. ഒന്നുമില്ലാതെ തിരുനക്കര മൈതാനത്തുനിന്ന് പ്രസംഗിക്കുന്നതുപോലെ നിയമസഭയെ കയ്യിലെടുക്കുന്നത് ശരിയല്ല. അതുകൊണ്ട് ഇത് രേഖകളിൽ കാണരുത്.

<u>മി. ചെയർമാൻ</u>: അങ്ങ് ഉന്നയിച്ച കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.*

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: വെറുതേ ആരെങ്കിലും എഴുതിത്തരുന്നത് പറയുന്ന ആളല്ല ഞാൻ. "*പൊതുഭൂമി വിറ്റുതുലയ്ക്കുന്ന സർക്കാർ*" - പത്രവാർത്തയാണ്. ഇത് തെറ്റാണെങ്കിൽ പത്രങ്ങൾക്കെതിരെ കേസ് കൊടുക്കണം. "*കോടിമത മൊബിലിറ്റി ഹബ്ബിൽ ഇക്കോ ടൂറിസം പദ്ധതികളെന്ന പേരിൽ ആരംഭിക്കുന്നത് ബസ് ടെർമിനൽ കോംപ്ലക്സും മറ്റും*" - ഇത് പത്രവാർത്തയാണ്. ഒന്നുംകാണാതെ പറയുന്നയാളല്ല ഞാൻ, നോക്കിയിട്ടേ പറയുകയുള്ളൂ. സർക്കാർ ഭൂമി അന്യാധീനപ്പെടുന്നത് തടയുക മാത്രമല്ല, അനധികൃത ഭൂമികയ്യേറ്റം തടയുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനും ശക്തമായ നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മൂന്നാറിൽ നടക്കുന്ന നടപടികൾ എൽ.ഡി.എഫ്.-ലെ തർക്കമായാണ് യു.ഡി.എഫ്. വ്യാഖ്യാനിക്കുന്നത്. കൂട്ടുത്തരവാദിത്വത്തോടുകൂടി തന്നെയാണ് ഈ സർക്കാർ പ്രവർത്തിക്കുന്നതെന്ന് മുഖ്യമന്ത്രി മറുപടി നൽകിയിട്ടുണ്ട്. കുടിയേറ്റവും കയ്യേറ്റവും രണ്ടായി കാണുകയെന്നത് തന്നെയാണ് എൽ.ഡി.എഫ്. നിലപാടെന്ന് അദ്ദേഹം ഇവിടെ പറഞ്ഞിട്ടുണ്ട്. 1977 ജനുവരി 1-നുമുമ്പ് അവിടെ കുടിയേറിയ ഒരു ലക്ഷം പേർക്ക് ഉടൻ പട്ടയം കൊടുക്കുമെന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. റവന്യൂ വകുപ്പുമന്ത്രിയും അത് പറഞ്ഞിട്ടുള്ളതാണ്. ടാറ്റാ ഉൾപ്പെടെ വൻകിട തോട്ടമുടമകൾ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി തിരികെ പിടിക്കുമെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിനെപ്പോലെ വാചകമടി മാത്രമല്ല, പ്രവൃത്തികൂടി ചെയ്യാനാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ശ്രമം എന്നുള്ളത് ഈ പ്രവർത്തനങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പിൽ തികച്ചും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടെയുള്ള ഏറ്റവും രൂക്ഷമായ വരൾച്ചയാണ് നമ്മൾ നേരിടുന്നത്. അത് ഈ സർക്കാരിന്റെ കുറ്റംകൊണ്ടല്ലല്ലോ. വരൾച്ചയെ പ്രതിരോധിക്കാൻ കാര്യക്ഷമമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. അതുമായി ബന്ധപ്പെട്ട് ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുണ്ട്, ടാങ്കർ ലോറികളിലൂടെ കൊടുക്കുന്ന വെള്ളം ഈ മാസംകൂടി തുടരാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ബഹു. മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അഴിമതിക്കെതിരെ കർശനമായ നടപടി സ്വീകരിച്ചത് ഈ സർക്കാരിന്റെ

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ .2007/ ഇ.ബി./2017/ നി.സെ.തീയതി 5-5-2017) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

നേട്ടങ്ങളിലൊന്നാണ്. മറ്റൊന്ന്, ദുരിതാശ്വാസത്തിനുള്ള തുക അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായി അത് വാങ്ങാനും അല്ലെങ്കിൽ അതിന്റെ സർട്ടിഫിക്കറ്റ് കൊടുക്കാനുമുള്ള നടപടി സ്വീകരിക്കണം. എം.എൽ.എ.-മാർ പറഞ്ഞുവിടുന്നവർക്ക് സർട്ടിഫിക്കറ്റ് കൊടുത്ത് കക്ഷികളെ തിരികെവിടാനുള്ള ഇടപെടൽകൂടി ഉണ്ടാകണം. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ഒരു കാര്യം കൂടി പറയാനുണ്ട്. നിരന്തരമായ ആവശ്യങ്ങൾക്കുശേഷമാണ് കൊട്ടാരക്കര കേന്ദ്രമാക്കി കൊല്ലം ജില്ലയിൽ ഒരു റവന്യൂ ഡിവിഷൻ വേണമെന്ന് ആവശ്യപ്പെട്ടത്. പ്രസ്തുത ഡിവിഷന്റെ ആസ്ഥാനം കൊട്ടാരക്കര തന്നെയാണ് ഏറ്റവും നല്ലത്. ഇത് പ്രാദേശികവാദമല്ല. പുതിയ ഡിവിഷന്റെ മധ്യഭാഗം കൊട്ടാരക്കര തന്നെയാണ്. ഡിവിഷൻ പ്രവർത്തിപ്പിക്കാൻ എല്ലാ പശ്ചാത്തല സൗകര്യങ്ങളും കൊട്ടാരക്കരയിൽ ഉണ്ട്. റൂറൽ എസ്.പി. ഓഫീസും വാട്ടർ അതോറിറ്റി ഡിവിഷൻ പോലുള്ള ജില്ലാ ഓഫീസുകളും കോടതി സമുച്ചയവും കൊട്ടാരക്കരയിലുണ്ട്. ജനങ്ങൾക്ക് ഒരുമിച്ച് കാര്യങ്ങൾ സാധിക്കാവുന്ന സൗകര്യം കൂടി പരിഗണിച്ചുകൊണ്ട് അവിടെത്തന്നെ ഇത് തരണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. വെളിയം, ഓടനാവട്ടം വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം ലഭിക്കുന്നതിനുള്ള സഹായം ഗവൺമെന്റിൽ നിന്നുണ്ടാകണം. എഴുകോൺ, കൊട്ടാരക്കര, മൈലം വില്ലേജ് ഓഫീസുകൾ കാലോചിതമായി നവീകരിക്കാനുള്ള സഹായമുണ്ടാകണം. ജില്ലാ ഭരണകൂടത്തിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കി മെച്ചപ്പെടുത്തി വേഗത്തിൽ കാര്യങ്ങൾ നീങ്ങുന്നതിനുള്ള ഇടപെടൽ ഉണ്ടാകണം. സമ്പൂർണ്ണ പാർപ്പിട പദ്ധതി നന്നായി നടപ്പിലാക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. നാല് കൊല്ലക്കാലം കൊണ്ട് മുഴുവൻ പേർക്കും വീടും ജീവിത സൗകര്യങ്ങളും ഉണ്ടാക്കുന്ന ഏറ്റവും ശ്രദ്ധേയമായിട്ടുള്ള ലൈഫ് പദ്ധതി. ഇതെല്ലാം ചേർന്ന് വരുമ്പോൾ കേരളത്തിന് പുതിയ ഒരു മുഖം ഉണ്ടാകുമെന്ന് വർത്തമാനത്തിൽ മാത്രമല്ല പ്രവൃത്തിയിൽകൂടി കാണിച്ചുതരാൻ കഴിയണമെന്ന് ആവർത്തിച്ച് പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ടും ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

12.00 Noon]

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. റവന്യൂ വകുപ്പുമന്ത്രി അടുത്ത കാലങ്ങളിൽ കൈക്കൊണ്ടിട്ടുള്ള ചില ശക്തമായ നടപടികളെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കാലാകാലങ്ങളായി കേരളത്തിൽ ചർച്ച ചെയ്യുന്നൊരു വിഷയമാണ് കുടിയേറ്റവും, കയ്യേറ്റവും. എത്രയോ വർഷങ്ങൾക്കു മുമ്പ്,

നമ്മളൊക്കെ ജനിക്കുന്നതിനുമുമ്പ്, കുടിയേറ്റം ഉണ്ടായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. മധ്യതിരുവിതാംകൂറിൽനിന്നും വളരെ കഷ്ടപ്പെട്ട് കാളവണ്ടിയിലും, നടന്നും സഞ്ചരിച്ച് പഴയ മലബാർ, ഇടുക്കി പ്രദേശങ്ങളിലും കുടിയേറിപാർത്ത ജനതയുണ്ടായിരുന്നു. അങ്ങനെ കുടിയേറി പാർത്തവരാണ് അവിടെ കൃഷി ഇറക്കിയതും ആ മണ്ണിനെ പൊന്നാക്കിയതും. പക്ഷേ പിന്നീട് അതിന്റെ മറവിൽ കയ്യേറ്റങ്ങളാണുണ്ടായത്. 1-1-77 വരെയുള്ളത് സഭ തന്നെ അംഗീകരിച്ച കാര്യമാണ്. അതിനുശേഷം ഉണ്ടായിട്ടുള്ളത് മുഴുവൻ കയ്യേറ്റങ്ങളാണ്. കയ്യേറ്റം എന്നു പറയുമ്പോൾ പരസ്പരം കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അത്യാവശ്യം എല്ലാവരും കയ്യേറിയിട്ടുണ്ട്. മൂന്നാറിൽ ബി.ജെ.പി. ഒഴികെ എല്ലാ പാർട്ടിക്കാരും സ്ഥലം കയ്യേറിയിട്ടുണ്ട്. കാരണം ബി.ജെ.പി. അവിടെയില്ല. ഇലക്ഷൻ കാലത്ത് മാത്രമേ അവിടെ മത്സരം ഉണ്ടാകാറുള്ളൂ. അത് കഴിഞ്ഞാൽ ആ പ്രദേശങ്ങളിലൊക്കെ 'അപ്പാ അപ്പാ' ആണ്. അതുകൊണ്ട് ആര് ഭൂമി കയ്യേറിയാലും കയ്യേറ്റക്കാരെ ഒഴിപ്പിച്ച് ഭൂമി സർക്കാരിലേക്ക് കൊണ്ടുവരണം. മൂന്നാറിൽ മാത്രമല്ല, നെയ്യാർഡാമിലും കയ്യേറ്റം നടന്നിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന സീറോ ലാന്റ്ലെസ് പ്രോഗ്രാം എന്തുകൊണ്ടാണ് പൂർത്തിയാക്കാൻ കഴിയാത്തത്? സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി ഇപ്പോൾ കാണാനില്ല. കാരണം പലയിടത്തും ഭൂമി കയ്യേറിയിരിക്കുകയാണ്. രേഖ നോക്കുമ്പോൾ സർക്കാർ ഭൂമി, എന്നാൽ ചെന്ന് നോക്കുമ്പോൾ മറ്റുള്ള ആളുകൾ അവിടെ താമസിക്കുകയാണ്. എൽ.ഡി.എഫ്.- ന്റെ കാലത്ത് ഒരു നിയമം കൊണ്ടുവന്നാൽ യു.ഡി.എഫ്. -ന്റെ കംപ്ലയിന്റ്, യു.ഡി.എഫ് ന്റെ കാലത്ത് ഒരു നിയമം കൊണ്ടുവന്നാൽ എൽ.ഡി.എഫ്-ന്റെ കംപ്ലയിന്റ്. ഇങ്ങനെ പരസ്പരം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അങ്ങനെയല്ലേയെന്ന് പറയുമ്പോൾ കയ്യേറ്റക്കാർ പിന്നെയും കയ്യേറിക്കൊണ്ടിരിക്കും. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് അതിന്റേതായ കോൺഫിഡൻസ് നൽകുക എന്നുള്ളതാണ് കയ്യേറ്റം ഒഴിപ്പിക്കുമ്പോഴുള്ള പ്രധാനപ്പെട്ട ഒരു ഘടകം. കയ്യേറ്റം ആര് ചെയ്താലും ഒഴിപ്പിക്കണം. ഏത് പാർട്ടി വന്നാലും എം.എൽ.എ. ആണെങ്കിലും എം.പി. ആണെങ്കിലും ആര് ഭൂമി കയ്യേറിയാലും കയ്യേറ്റം കയ്യേറ്റം തന്നെയാണ്. വെറുതെ റിക്കാർഡ് ഇല്ലാതെ ഞാൻ ആരുടേയും പേര് പറയുന്നില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞപോലെ തിരുനക്കര മൈതാനത്തോ പുത്തരിക്കണ്ടം മൈതാനത്തോ സംസാരിക്കുന്ന പോലെയല്ലല്ലോ സംസ്ഥാന നിയമസഭയിൽ സംസാരിക്കേണ്ടത്. അതുകൊണ്ട് ഞാൻ ഊഹാപോഹങ്ങളൊന്നും പറയുന്നില്ല. പക്ഷേ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ രണ്ട് ഭരണകക്ഷി എം.എൽ.എ.- മാരോട്, ഒന്ന് മന്ത്രിയും മറ്റൊന്ന് അദ്ദേഹത്തിന്റെ പാർട്ടി എം.എൽ.എ ആയ ശ്രീ. എസ്.

രാജേന്ദ്രനോടും ചോദിച്ചുകൊണ്ട് മാത്രമേ കയ്യേറ്റം ഒഴിപ്പിക്കാൻ പാടുള്ളു എന്ന് പറഞ്ഞതായി പത്രങ്ങളിൽ വായിച്ചു. അത് ശരിയായ രീതിയാണോ? എന്റെ നിയോജകമണ്ഡലത്തിൽ ആരെങ്കിലും ഭൂമി കയ്യേറിയിട്ടുണ്ടെങ്കിൽ അത് ഒഴിപ്പിക്കുന്നതിന് ഒരിക്കലും എന്നോട് ആലോചിക്കേണ്ട ആവശ്യമില്ല. മറിച്ച് ഒഴിപ്പിക്കുന്നതിന് സാങ്കേതിക തടസ്സമെന്തെങ്കിലും ഉണ്ടായാൽ സ്ഥലം എം.എൽ.എ.- യോട് പ്രശ്നത്തിൽ ഇടപെട്ട് അത് പരിഹരിക്കാൻ പറയണം. ഇടുക്കി ജില്ലയിൽ എൽ.ഡി.എഫ് -ന് മൂന്ന് എം.എൽ.എ.മാരുണ്ട്. അതിൽ രണ്ട് എം.എൽ.എ.-മാരോട് മാത്രം ചോദിച്ച് നടപടിയെടുക്കണമെന്ന് ഭരണത്തലവനായ മുഖ്യമന്ത്രി പറയുമ്പോൾ അതിന് എങ്ങനെയാണ് സാധാരണ രീതിയിൽ ഉദ്യോഗസ്ഥന്മാർക്ക് എന്തെങ്കിലും എതിർപ്പ് പറയാൻ കഴിയുക. കാരണം മുഖ്യമന്ത്രി എന്നു പറയുന്നത് ഹെഡ് ഓഫ് ദ സ്റ്റേറ്റ് ആണ്. ഹെഡ് ഓഫ് ദ സ്റ്റേറ്റ് കർശന നിർദ്ദേശം കൊടുക്കുമ്പോൾ ഒരു ഉദ്യോഗസ്ഥന് മറിച്ച് ചെയ്യാൻ ധൈര്യമുണ്ടാകുമോ? ഒരാളോട് കൂടിയാലോചിച്ച് ഒഴിപ്പിക്കാൻ ചെന്നാൽ ഒരിക്കലും അത് ചെയ്യാൻ കഴിയില്ല. അതുകൊണ്ട് റവന്യൂ വകുപ്പുമന്ത്രിയുടെ ഉദ്ദേശമനുസരിച്ച് കയ്യേറ്റക്കാരെ മുഴുവൻ ഒഴിപ്പിക്കണമെങ്കിൽ ഉദ്യോഗസ്ഥർക്ക് ഒരു കോൺഫിഡൻസ് ഉണ്ടാകണം. പക്ഷേ ഇവിടെ മൂന്നാർ വിഷയത്തിൽ..., ഓരോ സർക്കാർ വരുമ്പോഴും അവരുടെ നയങ്ങൾ നടപ്പിലാക്കാൻ സർക്കാർ ഉദ്യോഗസ്ഥന്മാർ ബാധ്യസ്ഥരാണ്. അത് ചീഫ് സെക്രട്ടറി ആണെങ്കിലും ഡി.ജി.പി ആണെങ്കിലും അതാത് ഗവൺമെന്റിൽ ആരാണോ അധികാരത്തിൽ വരുന്നത് അവരുടെ ഉത്തരവുകൾ പാലിക്കാൻ ആ ഉദ്യോഗസ്ഥന്മാർ ബാധ്യസ്ഥരാണ്. എന്നാൽ ഒരു സർക്കാരിന്റെ കാലത്ത് ഡി.ജി.പി ആയിരുന്ന വ്യക്തിയെ മറ്റൊരു സർക്കാരിന്റെ കാലത്ത് മാറ്റുന്ന ഒരു പ്രവണത ഉണ്ടായി. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഡി.ജി.പി ആയിരുന്ന വ്യക്തി യു.ഡി.എഫ് ഗവൺമെന്റ് വന്നപ്പോഴും ഡി.ജി.പി ആയിരുന്നു. ആ രീതിയിൽ തന്നെയല്ലേ കളക്ടർമാരേയും സബ്കളക്ടർമാരേയുമൊക്കെ കാണേണ്ടത്. കേരളത്തിൽ ഇപ്പോൾ പത്രമാധ്യമങ്ങളിൽ മാത്രം കാണുന്ന തൽക്കാലത്തെ മഴയിൽ കുരുത്ത, ഭാവിയിൽ അടഞ്ഞുപോകുന്ന ,കൂമ്പ് ചീഞ്ഞ് പോകുന്ന ചില ആളുകളുണ്ടല്ലോ, ആർ.എസ്.എസ്. പോലുള്ളവ, അതിലേയ്ക്കൊക്കെ എന്തിനാണ് ഉദ്യോഗസ്ഥരെ റിക്രൂട്ട് ചെയ്തു കൊടുക്കുന്നത്? പ്രത്യേകിച്ച് ഇടുക്കി കളക്ടർക്കൊക്കെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുണ്ടോ. സബ് കളക്ടർ ഒരു ചെറുപ്പക്കാരനാണ്. മന്ത്രി കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ പറഞ്ഞു. കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ ചെന്നപ്പോൾ ആ പാവത്തിനേയും ആർ.എസ്.എസ്. ആക്കേണ്ട വല്ല കാര്യവുമുണ്ടോ. സത്യപ്രതിജ്ഞ ചെയ്ത മന്ത്രി ഉദ്യോഗസ്ഥന്മാരോട് വളരെ നല്ല രീതിയിൽ പെരുമാറേണ്ടതല്ലേ. ഇനി ഉദ്യോഗസ്ഥന്മാർ എന്തെങ്കിലും തെറ്റ്

ചെയ്താൽ അതിന് നിയമപരമായ നടപടി സ്വീകരിക്കാമല്ലോ. അതിന് പകരം ഉദ്യോഗസ്ഥന്മാരെ ചീത്ത പറയുകയും അവരെയൊക്കെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകങ്ങളാക്കുകയും ചെയ്താൽ ഈ പറയുന്ന പോലുള്ള ഉദ്ദേശങ്ങൾ നമുക്ക് പൂർത്തീകരിക്കാൻ കഴിയില്ല. അങ്ങനെ വന്നാൽ ഉദ്യോഗസ്ഥർക്ക് എങ്ങനെയാണ് സത്യസന്ധമായി ജോലി ചെയ്യാൻ കഴിയുക. അവർക്ക് വേണ്ട സംരക്ഷണം കൊടുക്കണ്ടേ? അതുപോലെ എന്ത് ഒഴിപ്പിക്കാൻ ചെന്നാലും അവിടെ ജാതിയും മതവും കൊണ്ടുവരികയാണ്. ഇവിടെ ഇപ്പോൾ കുരിശിന്റെ വിഷയം പറഞ്ഞു. ഇങ്ങനെയുള്ള കാര്യങ്ങൾ പല സ്ഥലത്തും ഉണ്ട്. ചില സ്ഥലത്ത് കുരിശായി വരുന്നുണ്ട്. ചില സ്ഥലത്ത് ശൂലത്തിന്റെ രൂപത്തിൽ വരുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പേരൂർക്കട-വഴയില റോഡിൽ ഫുട്പാത്ത് കെട്ടി നല്ല രീതിയിൽ അറേയ്ഞ്ച് ചെയ്തപ്പോഴാണ് അവിടെ ആരോ ശൂലം കൊണ്ടുവച്ചത്. എപ്പോൾ ശൂലം വച്ചുവെന്ന് ആർക്കുമറിയില്ല. ശൂലത്തിന്റെ പേരിൽ ഇപ്പോൾ ചിലർ വന്ന് ഇവിടെ ഇനി മറ്റു വികസനമൊന്നും പാടില്ല, ഇത് ഞങ്ങൾ ആരാധിക്കുന്ന സ്ഥലമാണെന്ന് പറയുന്നു. അങ്ങനെ എന്തെങ്കിലും ആരാധനയുണ്ടോ? മുമ്പ് നമ്മൾ വായിച്ചിട്ടുണ്ട്, നമ്മളെല്ലാവരും ജനിക്കുന്നതിനുമുമ്പ് ആർ.എസ്.എസ്.-കാർ ബാബ്റി മസ്ജിദിൽ കുറേ വിഗ്രഹങ്ങൾ കൊണ്ടു വച്ചുവെന്നും ഇതൊന്നും വ്യവസ്ഥാപിതമായി മതപരമായി സ്ഥാപിച്ചതല്ലെന്നും അതുകൊണ്ട് അതൊക്കെയെടുത്ത് സരയു നദിയിൽ ഒഴുക്കിക്കളയാൻ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞു എന്നും. അതുപോലെ ഇവിടെയും കുരിശിന്റെ പേരിലും ശൂലത്തിന്റെ പേരിലുമൊക്കെ കയ്യേറ്റങ്ങളെ ന്യായീകരിക്കുന്നത് നിയന്ത്രിക്കേണ്ടതുണ്ട്. കുരിശ് പൊളിച്ചതിനെക്കുറിച്ച് പറയുമ്പോൾ ആ കുരിശിന്റെ മാഹാത്മ്യം ഇപ്പോൾ പലരും എടുത്തുപറയുന്നുണ്ട്. പക്ഷേ ആറേഴ് വർഷങ്ങൾക്ക് മുമ്പ് ഇതേ കുരിശ് ധരിച്ച ബിഷപ്പുമാരെ നികൃഷ്ടജീവികൾ എന്നുവിളിച്ച ഒരു കാലഘട്ടമുണ്ടായിരുന്നു. അതുകൊണ്ട് കുരിശിനോട് ബഹുമാനം വേണം. കുരിശും ശൂലവുമൊക്കെ കയ്യേറ്റത്തിന് ആയുധമാക്കുന്ന രീതി ശരിയല്ല. ഇക്കാര്യത്തിൽ കർശനമായിട്ടുള്ള നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഏതായാലും റവന്യൂ വകുപ്പുമന്ത്രി വളരെ ശാന്തനായിട്ടാണ് ഇരിക്കുന്നതെങ്കിലും അദ്ദേഹത്തിന് ശക്തമായി പ്രവർത്തിക്കാൻ കഴിയുന്നുവെന്നത് ഒരു നല്ല കാര്യം തന്നെയാണ്. ആ രീതിയിൽ മുന്നോട്ടുപോകുമ്പോൾ ഉദ്യോഗസ്ഥന്മാർക്കുവേണ്ട പ്രൊട്ടക്ഷൻ കൊടുക്കാനും......., അന്ന് സബ് കളക്ടർ കയ്യേറ്റഭൂമി ഒഴിപ്പിക്കാൻ ചെന്നപ്പോൾ അദ്ദേഹത്തിനെ അക്രമിക്കാൻ ചെന്ന കുറേയാളുകളുണ്ട്. അവരുടെ പരാതിയുടെ പേരിൽ സബ് കളക്ടർക്കെതിരെ കേസ്സെടുത്തുവെന്ന് ഇന്നലെ ചാനലിൽ കണ്ടു. അത് ശരിയാണോ എന്ന് എനിക്കറിയില്ല. ഇങ്ങനെയൊക്കെ യാണെങ്കിൽ

ഉദ്യോഗസ്ഥന്മാർക്ക് എങ്ങനെയാണ് ഒരു സ്ഥലത്ത് ചെന്ന് ശക്തമായിട്ടുള്ള നടപടികളെടുക്കാൻ കഴിയുക? അതുകൊണ്ട് ഈ കാര്യങ്ങളിലൊക്കെ ഉദ്യോഗസ്ഥന്മാരെ കർശനമായി സംരക്ഷിക്കുന്ന നിലപാട് തീർച്ചയായിട്ടും മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. ഇന്ന് രാവിലെ ജി.എസ്.ടി.-യിലെ വരുമാനത്തെക്കുറിച്ച് പറയുമ്പോൾ, പെട്രോളിയം ഐറ്റങ്ങളെയൊക്കെ ഇതിൽ നിന്ന് ഒഴിവാക്കിയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. നമുക്ക് ഒരു കാര്യത്തിൽ ഉറപ്പില്ലാത്തത്, ഇത് നാളെ കേന്ദ്രം മാറ്റിക്കൂടായ്കയില്ല. കാരണം, കേന്ദ്രത്തിലേത് നരേന്ദ്ര മോദി സർക്കാരാണ്. അങ്ങനെ ചെയ്യുമ്പോൾ എന്തായാലും നമ്മുടെ വരുമാനത്തിൽ കുറേ മാറ്റങ്ങളുണ്ടാകുമല്ലോ: നിയമസഭയിൽ കഴിഞ്ഞ ബജറ്റിൽ അങ്ങ് പ്രതിപാദിച്ച എന്റെ നിയോജകമണ്ഡലത്തിലെ വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം ഉൾപ്പെടെയുള്ള ഒരുപാട് വികസനങ്ങൾ കിഫ്ബിയുമായി ബന്ധപ്പെട്ടതാണ്. നാളെ കേന്ദ്ര ഗവൺമെന്റ് നിലപാട് മാറ്റുമ്പോൾ നമ്മുടെ വരുമാനത്തിനെ അത് കാര്യമായി ബാധിക്കും. അദ്ദേഹം അന്ന് പറഞ്ഞതിൽ പ്രതീക്ഷയുണ്ട്. പക്ഷേ കേന്ദ്രം ഭരിക്കുന്നത് നരേന്ദ്ര മോദിയായതുകൊണ്ട് വലിയ പ്രതീക്ഷയൊന്നും വേണ്ട. കേന്ദ്രം തിരിച്ചൊരു തീരുമാനമെടുത്താൽ തീർച്ചയായും നമ്മുടെ വരുമാനത്തെ ബാധിക്കും. അക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വളരെ ജാഗ്രതയുണ്ടാകണം. ഞാൻ രാഷ്ട്രീയം പറയുന്നില്ല. പക്ഷേ ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സീറ്റിലില്ലെങ്കിലും ശ്രീ. എ. കെ. ബാലൻ അദ്ദേഹത്തിന്റെയടുത്തുണ്ട്. എന്തെല്ലാം ആക്ഷേപങ്ങൾ പറഞ്ഞാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വന്തമായി അഴിമതി ചെയ്യുമെന്ന് ആരും കരുതുന്നില്ല. പക്ഷേ ഇപ്പോൾ ചിലരൊക്കെ അദ്ദേഹത്തിനോടുകൂടെ കൂട്ടുകൂടാൻ വരുന്നുണ്ട്. ചില നോട്ടടിക്കുന്ന യന്ത്രങ്ങളൊക്കെ ചുറ്റും കറങ്ങുന്നുണ്ട്. അതിലൊന്നും അദ്ദേഹം വീണുപോകരുത്. കാരണം ചിലതിനെ ചുമന്നാൽ ചുമക്കുന്നവർക്ക് എന്ത് സംഭവിക്കുമെന്നുള്ളതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി ഞാൻ എതിർക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള V, VI, XI, XXI, XXVI എന്നീ നമ്പർ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ പൊതു സ്ഥലങ്ങൾ കയ്യേറ്റത്തിന്റെ കേന്ദ്രമാക്കി മാറ്റിയ അനുഭവം നമുക്ക് ഓർമ്മയുള്ളതാണ്. അതിന്റെ വെളിച്ചത്തിലാണ് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ കയ്യേറ്റങ്ങൾ തടയും എന്നും അത് പിടിച്ചെടുക്കുമെന്നും പ്രഖ്യാപിച്ചത്. തദവസരത്തിൽ കേരളത്തിൽ വലിയ തോതിലുള്ള

കയ്യേറ്റങ്ങളാണ് നടന്നതെങ്കിൽപ്പോലും അന്നത്തെ മുഖ്യമന്ത്രി ബഹുമാന്യനായ ഉമ്മൻചാണ്ടി ഈ അടുത്ത ദിവസങ്ങളിലായി പറഞ്ഞത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു കയ്യേറ്റവും നടന്നില്ലെന്നാണ്. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. നേരത്തേ ബഹുമാനപ്പെട്ട അംഗം ശ്രീമതി പി. അയിഷാപോറ്റി അതിന്റെ ഏകദേശ രൂപം ഇവിടെ വെളിപ്പെടുത്തുകയുണ്ടായി. ഇടുക്കി ജില്ലയിലെ പള്ളിവാസൽ പഞ്ചായത്തിൽ മാത്രം കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് 62 റിസോർട്ടുകളാണ് ഉയർന്നുവന്നത്. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് കയ്യേറ്റം നടന്നില്ല എന്ന് ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ഇടുക്കിയിൽ വച്ചാണ് സൂചിപ്പിച്ചത്. മറ്റിതര ജില്ലകളുമായി ബന്ധപ്പെടുത്തി സൂചിപ്പിച്ചാലും നമുക്കിത് കാണാൻ കഴിയും, കഴിഞ്ഞ നിയമസഭയിൽ ഇതുസംബന്ധിച്ച് വളരെ വിശദമായ ചർച്ചകൾ നടന്നതാണ്. പലതും പിടിച്ചെടുക്കാനുള്ള ശ്രമം ഇപ്പോൾ നടക്കുന്നുണ്ട്, തീർച്ചയായും യുദ്ധകാലാടിസ്ഥാനത്തിൽ അത് പിടിക്കണം. ഇതുപോലെ തന്നെ പുഴ പുറമ്പോക്കും വലിയ തോതിൽ കയ്യേറിയിട്ടുണ്ട്. ആ രണ്ട് പ്രശ്നങ്ങളാണ് അതുമായി ബന്ധപ്പെട്ടുള്ളത്. ഒന്ന് പുറമ്പോക്ക് നമുക്ക് നഷ്ടപ്പെടുന്നു, രണ്ട് പുഴ കയ്യേറുന്നതിന്റെ ഫലമായി അവയുടെ വിസ്താരം കുറയുന്ന സമീപനം കൂടിയുണ്ട്. പുഴകളെ സംരക്ഷിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി; അത് ടൂറിസവുമായി ബന്ധപ്പെടുത്തി നടപ്പാതകളാക്കി മാറ്റി സംരക്ഷിക്കണം. കയ്യേറിയവർ അത് ഗവൺമെന്റ് ഭൂമിയെന്ന് തിട്ടപ്പെടുത്തിക്കൊണ്ട് ...........

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ)

പാട്ടത്തിന് കൊടുക്കുന്ന നിലപാടുകളും സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പുഴ കയ്യേറ്റവും തടയാനുള്ള സംവിധാനം ഒരുക്കേണ്ടതുണ്ട്. അതോടൊപ്പം പാട്ടവ്യവസ്ഥയിൽ കൈവശം വച്ച ഭൂമികളുണ്ട്. അത് കുടിശ്ശികയാണ്. അത് പിടിച്ചെടുക്കാനും കുടിശ്ശിക വന്ന ഭൂമി ഏറ്റെടുക്കാനുമുള്ള സംവിധാനവും ഇതിന്റെ ഭാഗമായുണ്ടാകണമെന്ന് ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗോൾഫ് ക്ലബ്ബുമായി ബന്ധപ്പെട്ട് വലിയ ചർച്ചകൾ ഇവിടെ നടന്നതാണ്. ശക്തന്മാരാണ് ഇത്തരം ഭൂമികൾ കൈവശപ്പെടുത്തിയിട്ടുള്ളത്, അത് തടയപ്പെടേണ്ടതുണ്ട്. കാരണം ഒരു സെന്റ് ഭൂമിക്കുവേണ്ടി പ്രയാസപ്പെടുന്ന ലക്ഷക്കണക്കിന് മനുഷ്യരുള്ള ഒരു സംസ്ഥാനത്താണ് നാം ജീവിക്കുന്നത്. അപ്പോൾ കയ്യൂക്കുള്ളവൻ ഇത് കൈവശപ്പെടുത്തുന്ന അവസ്ഥ ഒരിക്കലും അനുവദിക്കാൻ പാടില്ല. ഇപ്പോൾ ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകൾ തീർച്ചയായും സ്വാഗതാർഹമാണ്. അതിന് പ്രത്യേക പ്രിൻസിപ്പൽ സെക്രട്ടറിയും

ലാന്റ് റവന്യൂ കമ്മീഷണറെയും ജോയിന്റ് കമ്മീഷണറേയും ഉൾപ്പെടുത്തി ഒരു ഉന്നതതല സമിതി രൂപീകരിച്ചുകൊണ്ട് അന്യാധീനപ്പെട്ട ഭൂമിതിരിച്ചെടുക്കുന്നതിനുള്ള നല്ല നടപടികളുമായി മുന്നോട്ടുപോകുന്നുണ്ട്. അത് സ്വാഗതാർഹമാണ്. താഴെത്തട്ടിലും ജില്ലാ, താലൂക്ക് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ശക്തമായ നിലയിൽ അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകണം. അതോടൊപ്പം നെൽപ്പാടം നികത്തൽ നിയന്ത്രണം സംബന്ധിച്ച് സഭയിൽ മാറി മാറി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്ന സമയത്ത് വന്ന ഒരു പിശക്, എന്റെ വ്യക്തിപരമായ അഭിപ്രായമാണ്-തോട്ടങ്ങൾ സംരക്ഷിക്കപ്പെട്ടതുപോലെ വയലുകൾ സംരക്ഷിക്കപ്പെടാൻ ഒരു ക്ലോസ് അതിൽ വയ്ക്കാത്ത സാഹചര്യം വന്നതിനെ തുടർന്നാണ് വയലുകൾ വലിയ തോതിൽ നമുക്ക് നഷ്ടപ്പെട്ടുപോയത്. വയൽ എന്നുപറയുന്നത് ജലസ്രോതസ്സുകളാണ്. അതിന്റെ സംരക്ഷകർ കൃഷിക്കാരാണെന്ന് കണ്ടുകൊണ്ട് കാർഷിക മേഖലയിൽ, നെൽക്കൃഷിയിൽ വരുന്ന നഷ്ടം കണക്കാക്കി അവർക്ക് സഹായങ്ങൾ നൽകാൻ ആ ഗവൺമെന്റ് തീരുമാനിക്കേണ്ടതായിരുന്നു. തുടർന്നുള്ള ഗവൺമെന്റുകളും അതിന് തുനിയേണ്ടതായിരുന്നു. അങ്ങനെ ചെയ്യാത്തതുകൊണ്ടാണ് ഇത്തരമൊരു പ്രശ്നം നേരിടേണ്ടി വന്നത്. ഇന്ന് വാട്ടർ അതോറിറ്റിക്ക് നൽകുന്ന പണത്തേക്കാൾ എത്രയോ ലാഭമായിരുന്നു അവിടത്തെ കിണറുകൾ റീ-ചാർജ്ജ് ചെയ്യുകയെന്നത്. ഏറ്റവും വലിയ സംഭരണികൾ എന്ന നിലയ്ക്കായിരുന്നു അത് നമ്മുടെ പാടശേഖരങ്ങളിൽ ഉണ്ടായിരുന്നത്. നെൽക്കൃഷിയുടെ നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ, കൃഷിക്കാരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഭൂപരിഷ്കരണ നിയമം വന്നതിന്റെ ഭാഗമായി നെൽവയലുകൾ തുണ്ടുതുണ്ട ഭൂമികളായി മാറിപ്പോയി. ഉള്ള നെൽവയലുകൾ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ ഇന്ന് ആരംഭിച്ചിട്ടുണ്ട്. ഇതിനുമാത്രമല്ല, വെസ്റ്റേൺ ഫോറസ്റ്റിലുള്ളതിനേക്കാൾ മരം നമ്മുടെ നാട്ടിലുണ്ട്. യഥാർത്ഥത്തിൽ ഈ മരം വച്ചുപിടിപ്പിക്കുമ്പോൾ ഇൻസെന്റീവ് എന്ന നിലയ്ക്ക് ഈ മരങ്ങൾ നട്ടുവളർത്തുന്ന കൃഷിക്കാരനെ സഹായിക്കേണ്ടതാണ്. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു സഹായം അന്ന് ചെയ്തിരുന്നുവെങ്കിൽ ഇത് നമുക്ക് ഒഴിവാക്കിയെടുക്കാൻ കഴിയുമായിരുന്നു. ഏതായാലും ഉള്ള വയലുകൾ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ വളരെ ജാഗ്രതയോടുകൂടിയാണ് ഇന്നത്തെ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. അതിന്റെ ഭാഗമായി ആറന്മുളയിൽ നിന്നുള്ള ബ്രാൻഡഡ് അരി മാർക്കറ്റിൽ ഇറക്കാൻ കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതുമായി ബന്ധപ്പെട്ട് നമ്മൾ ധാരാളം ചർച്ചകൾ നടത്തി. ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തിയെയാണ് അത് സൂചിപ്പിക്കുന്നത്. അവിടെ കൃഷിയിറക്കി; നെല്ലുല്പാദിപ്പിച്ച്; ആ അരി മാർക്കറ്റിൽ ബ്രാൻഡ് ചെയ്യാൻ കഴിയുന്ന നിലയിലേയ്ക്ക് വന്നു. അതുപോലെ

തന്നെയാണ് മെത്രാൻ കായലിലും. തീർച്ചയായും ഈ സമീപനവുമായി നമുക്കേറെ മുന്നോട്ടുപോകേണ്ടതുണ്ട്. എന്നാൽ അതുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങളുണ്ട്. നേരത്തേ വയൽ നികത്തിപ്പോയ ആളുകൾക്ക് വീട് വയ്ക്കാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കണമെന്നതിന്റെ അടിസ്ഥാനത്തിലുള്ള നിലപാടുകൾ സ്വീകരിക്കുന്ന ചർച്ചകൾ ഇവിടെ നടന്നു. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചു. ഇന്ന് അഞ്ഞൂറ്റി അറുപത്തിയഞ്ചോളം പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.എന്നാൽ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിച്ച് അവരെ സഹായിക്കാനുള്ള നിലപാടുകൾ കൂടി സ്വീകരിക്കണം. 128 പഞ്ചായത്തുകളിൽ കൂടി ഡാറ്റാ ബാങ്ക് പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും ചുരുങ്ങിയ മാസങ്ങൾക്കുള്ളിലാണെങ്കിൽപ്പോലും യുദ്ധകാലാടിസ്ഥാനത്തിൽ ആ പ്രവർത്തനവുമായി നീങ്ങാൻ റവന്യൂ വകുപ്പ് ഏറെ താല്പര്യമെടുത്തിട്ടുണ്ട്. അതിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഭൂമി വിതരണവുമായി ബന്ധപ്പെട്ട് ജില്ലകളിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റിക്ക് രൂപം നൽകി അതിന്റെ പ്രവർത്തനങ്ങൾ താഴെത്തട്ട് വരെ എത്തിയിട്ടുണ്ട്. ലാന്റ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ കൈകാര്യം ചെയ്യാൻ 29 പ്രത്യേക സ്പെഷ്യൽ ട്രിബ്യൂണലുകൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. തീർച്ചയായും അത് സ്വാഗതാർഹമാണ്.

അർഹതപ്പെട്ടവർക്കെല്ലാം സമയബന്ധിതമായി പട്ടയം വിതരണം ചെയ്യണം. മാറിയും തിരിഞ്ഞുംവന്ന ഗവൺമെന്റുകൾ പട്ടയം നൽകിയപ്പോൾ, പട്ടയം ലഭിച്ചിട്ടുണ്ടെങ്കിലും പലർക്കും ഭൂമി ലഭിച്ചിട്ടില്ല. പട്ടയം നൽകുമ്പോൾ ഭൂമി കൂടിയുണ്ടെന്ന് ഉറപ്പുവരുത്തുന്ന മോണിറ്ററിംഗ് സംവിധാനംകടി ഉണ്ടാകണം. മന്ത്രിമാർ പങ്കെടുത്ത് വലിയ പട്ടയ മേളകൾ നടത്തിയ വാർത്തകൾ കഴിഞ്ഞ നിയമസഭയിൽ ഞാൻ കേട്ടതാണ്. പക്ഷെ, ഭൂമി അവർക്ക് കിട്ടിയില്ല, കടലാസ് മാത്രമാണ് കിട്ടിയത്. അവർക്ക് എത്ര സെന്റ് ഭൂമിയാണോ കൊടുക്കുന്നത്, അത് അഞ്ച് സെന്റ് ആയാലും മൂന്ന് സെന്റ് ആയാലും പത്ത് സെന്റായാലും ശരി, ആ ഭൂമി ആവിടെയുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ടായിരിക്കണം പട്ടയം നൽകേണ്ടത്. ഏതായാലും സംസ്ഥാനത്ത് ഇന്ന് അങ്ങനെ കൊടുക്കാനുള്ള സംവിധാനത്തിലേയ്ക്ക് വരുമ്പോൾ ഇടുക്കിയിൽ ഉൾപ്പെടെ പാവപ്പെട്ട ഭൂരഹിതരായ കൃഷികാർക്ക് പട്ടയം നൽകാനുള്ള സംവിധാനം അതിവേഗം സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഏപ്രിൽ 30-ന് പട്ടയം നൽകുന്നതിനെക്കുറിച്ച് മുഖ്യമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്.

വരൾച്ചാ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ഇന്ന് രാവിലെ കുടിവെള്ളത്തിന്റെ കാര്യം ചർച്ച ചെയ്തു. അതിനുള്ള ഹ്രസ്വകാല ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കണം. ഏറ്റവും കടുത്ത വരൾച്ച വന്ന ഈ കാലയളവിൽ, ഏറ്റവും വരൾച്ച അനുഭവിക്കുന്ന പ്രദേശങ്ങൾ ഏതെന്ന് കണ്ട് അതിനൊരു മാപ്പ് തയ്യാറാക്കണം. കുറച്ച് വെള്ളം അവിടെനിന്നും ഇവിടെനിന്നും എത്തിച്ചുകൊടുക്കുന്ന സംവിധാനങ്ങളല്ല വേണ്ടത്. ഇതിനേക്കാൾ കടുത്ത വരൾച്ച വരാൻ സാധ്യതയുണ്ടെന്ന് കണ്ടുകൊണ്ട് ഇത്തരം ഏരിയകളെ മാർക്ക് ചെയ്ത് ഇതിന് ശാശ്വതമായ പരിഹാരം കാണാനുള്ള സംവിധാനങ്ങൾ ഒരുക്കാൻ ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കണം. നൂറ് കണക്കിന് വീടുകൾ, മലയുടെ മുകളിലുള്ള എത്ര വില്ലേജുകളുണ്ട്; വെള്ളമുള്ള സമയത്തുതന്നെ വാട്ടർ അതോറിറ്റിയുടെ വെള്ളം അവിടെ അടിച്ചെത്തിക്കാൻ യാതൊരു സാധ്യതയുമില്ലാത്ത പ്രദേശങ്ങളാണവ. അതിന് പരിഹാരം കാണുന്ന നില സ്വീകരിക്കണമെങ്കിൽ ഈ കൊടും വരൾച്ചയുടെ ഭാഗമായി ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള സംവിധാനമാണ് ഒരുക്കേണ്ടത്.

പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ എനിക്ക് ഒരു വിഷയം സൂചിപ്പിക്കാനുള്ളത്, എല്ലാ ഗവൺമെന്റ് ഏജൻസികളും ഒരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ ഇതിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. സമീപകാലത്ത് അത്തരമൊരു മാതൃകാപരമായ പ്രവർത്തനം നടന്നത് തമിഴ്നാട്ടിലാണ്. അവിടെ വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി, പി.ഡബ്ല്യു.ഡി., കൃഷി വകുപ്പ്, പോലീസ്, എക്സൈസ്, ഫോറസ്റ്റ് തുടങ്ങി എല്ലാ വകുപ്പുകളും ചേർന്ന് ശ്രമകരമായ ജോലി നടത്തിയിട്ടുണ്ട്. അത് മാതൃകാപരമാണ്. അത്തരമൊരു നില സ്വീകരിച്ചുകൊണ്ട് പ്രകൃതിദുരന്ത നിവാരണ പ്രവർത്തനങ്ങളിലേയ്ക്ക് പോകാൻ കഴിയുന്നുണ്ട്. ഈ സമയത്തിനകം ഏറെ മുന്നോട്ട് പോകാൻ കഴിഞ്ഞു. എന്റെ മണ്ഡലത്തിലെ പശുക്കടവിൽ ഒട്ടേറെ ചെറുപ്പക്കാർ ഒഴുകി മരിച്ച സാഹചര്യമുണ്ടായപ്പോൾ, ബഹുമാനപ്പെട്ട അഞ്ച് മന്ത്രിമാർ അവിടെ എത്തിച്ചേർന്ന് ഈ വകുപ്പുകളെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് പ്രവർത്തനം നടത്തുന്ന നിലപാട് സ്വീകരിച്ചത് മാതൃകാപരമാണ്. തീർച്ചയായും ഭാവിയിലും ഇത്തരം ദുരന്തങ്ങൾ ഒട്ടേറെ വരാൻ സാധ്യതയുണ്ടെന്ന് കണ്ടുകൊണ്ട് ഈ പ്രവർത്തനത്തെ ശക്തിപ്പെടുത്തണമെന്ന് സൂചിപ്പിക്കുന്നു. അതോടൊപ്പം കഴിഞ്ഞ ബജറ്റുമായി ബന്ധപ്പെട്ട് ഒട്ടേറെ റവന്യൂ ഡിവിഷണൽ ഓഫീസുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വടകര കേന്ദ്രീകരിച്ച് ആർ.ഡി. ഓഫീസ് അനുവദിക്കാൻ സന്മനസ് കാണിച്ച ഗവൺമെന്റിനെയും മന്ത്രിയെയും എല്ലാ അർത്ഥത്തിലും അഭിനന്ദിച്ചുകൊണ്ട് ഒരിക്കൽ കൂടി ഈ ധനാഭ്യർത്ഥനയെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കഴിഞ്ഞ പതിനൊന്നര മാസമായി പുതിയതായി ഒരു പദ്ധതിക്കും തുടക്കം കുറിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഇപ്പോഴും മുൻ ഗവൺമെന്റിന്റെ കാര്യങ്ങൾ മാത്രമാണ് മന്ത്രിമാരും അപ്പുറത്തുനിന്ന് സംസാരിക്കുന്ന എം.എൽ.എ.മാരും പറഞ്ഞുകൊണ്ടിരിക്കുന്നത്. ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി നെട്ടോട്ടം ഓടുകയാണ്. കുടിവെള്ളം ലഭിക്കാതെ ജനങ്ങൾ പലായനം ചെയ്യേണ്ടി വരുന്നത് കേരള ചരിത്രത്തിൽ ആദ്യമാണ്. എന്നിട്ടാണ് 2588 കിയോസ്കുകൾ സ്ഥാപിച്ചുവെന്ന് മന്ത്രി രാവിലെ പറഞ്ഞത്. കിയോസ്കുകൾ സ്ഥാപിച്ചതുകൊണ്ട് ജനങ്ങൾക്ക് വെള്ളം കിട്ടുമോ? കഴിഞ്ഞ ശനിയാഴ്ച മലപ്പുറത്ത് ചേർന്ന ഡി.ഡി.സി. യോഗത്തിൽ ഞങ്ങൾ ഇക്കാര്യം ഉന്നയിച്ചു. സ്ഥാപിച്ചിട്ടുള്ള കിയോസ്കുകളിൽ വെള്ളമുണ്ടോയെന്ന് പരിശോധിക്കാൻ കിലോമീറ്ററോളം സഞ്ചരിക്കണം. കുടവുമെടുത്ത് ടാക്സി/ ഓട്ടോറിക്ഷ പിടിച്ച് കിയോസ്കിൽ പോയി നോക്കണം, വെള്ളമില്ലെങ്കിൽ തിരിച്ചുവരണം. കിയോസ്കിൽ വെള്ളമുണ്ടോയെന്ന് പരിശോധിക്കാനുള്ള ഒരു സംവിധാനം പോലും ഏർപ്പെടുത്തിയിട്ടില്ല. മന്ത്രിമാർക്ക് ചുമതല കൊടുത്തുകൊണ്ട് അവരുടെ നേതൃത്വത്തിൽ യോഗം ചേർന്നുവെന്ന് പറഞ്ഞു. യോഗം ചേരുകയല്ലാതെ ഒരു സംഗതിയും ഫലപ്രദമായി നടപ്പാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഇവിടെ ഭരണമുണ്ടോ എന്നാണ് ജനങ്ങൾ ഇപ്പോൾ ചോദിച്ചുകൊണ്ടിരിക്കുന്നത്. പിന്നെ എങ്ങനെയാണ് ഈ ധനാഭ്യർത്ഥനയെ നമുക്ക് പിന്തുണയ്ക്കാൻ സാധിക്കുന്നത്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : സർ, .....

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ജനങ്ങളിലേയ്ക്ക് ഇറങ്ങണം, അപ്പോൾ മാത്രമേ കേൾക്കുകയുള്ളൂ. റിവർ മാനേജ്മെന്റ് ഫണ്ടിൽ കോടിക്കണക്കിന് രൂപ കെട്ടിക്കിടക്കുകയാണ്. റിവർ മാനേജ്മെന്റ് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ ഒരു നടപടിയും സ്വീകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട യു. പ്രതിഭ ഹരി ഉൾപ്പെടെയുള്ള എം.എൽ.എ.മാരുടെ ചോദ്യത്തിന്, മൂന്ന് ജില്ലകളിൽ മാത്രം ചുരുക്കം ചില സംരക്ഷണ ഭിത്തികളുടെ പ്രവൃത്തി നടന്നതൊഴിച്ചാൽ മറ്റ് ജില്ലകളിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല എന്നാണ് അങ്ങ് മറുപടി നൽകിയത്. വായിക്കാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ വായിക്കുന്നില്ല. കോടിക്കണക്കിന് രൂപ എല്ലാ ജില്ലകളിലും കെട്ടിക്കിടക്കുകയാണ്. മലപ്പുറം ജില്ലയിൽ മാത്രം 54 കോടി രൂപയാണ് കെട്ടിക്കിടക്കുന്നത്. ഇതിനിടയിൽ 20

കോടി രൂപ പത്തനംതിട്ടയിലേയ്ക്ക് കൊണ്ടുപോകാനുള്ള ശ്രമം നടന്നു. അതിപ്പോൾ ജനപ്രതിനിധികൾ ഇടപെട്ട് തടഞ്ഞിരിക്കുകയാണ്. റിവർ മാനേജ്മെന്റ് ഫണ്ട് കുടിവെള്ളം പോലുള്ള ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപയോഗിക്കണം. മറ്റൊരു ജില്ലയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്ന നടപടി ഒരിക്കലും ഉണ്ടാകാൻ പാടില്ലെന്ന് സാന്ദർഭികമായി പറയുകയാണ്.

നമ്മുടെ പുഴകളിലും തോടുകളിലുമൊക്കെ റഗുലേറ്റർ കം ബ്രിഡ്ജുകൾ സ്ഥാപിക്കണം. പരമാവധി തോടുകളിൽ തടയണകൾ സ്ഥാപിക്കണം. ഇപ്പോൾ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കുന്ന നടപടികളൊക്കെ ശരിയാണ്. എന്നാൽ പോലും വരുംനാളുകളിൽ ദീർഘവീക്ഷണത്തോടുകൂടി പദ്ധതികൾക്ക് രൂപം നൽകാൻ കഴിഞ്ഞാൽ മാത്രമേ ഇതിന് ശാശ്വത പരിഹാരം ഉണ്ടാക്കാൻ സാധിക്കൂ. റിവർ മാനേജ്മെന്റ് ഫണ്ടിൽ ആരാണ് പ്രൊപ്പോസൽ സമർപ്പിച്ചതെന്ന് ചോദിച്ചപ്പോൾ അതിന് ഒരു എക്സ്പെർട്ട് കമ്മിറ്റി ഉണ്ടെന്നാണ് പറഞ്ഞത്. എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച പ്രൊപ്പോസലുകൾ എന്തൊക്കെയാണ്; ഏതൊക്കെ പദ്ധതികളാണ് ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചത് തുടങ്ങിയ കാര്യങ്ങളൊന്നും ജനപ്രതിനിധികൾ അറിയുന്നില്ല. ജനപ്രതിനിധികൾക്ക് ഇക്കാര്യങ്ങൾ അറിയാനുള്ള സംവിധാനംകൂടി ഉണ്ടാക്കണം.

കിയോസ്കുകളിൽ വെള്ളമില്ല. എന്നാൽ കെയ്സുകളിൽ മദ്യം സുലഭമായി എത്തിക്കുകയാണ്. പാതയോരത്തെ മദ്യ ഷാപ്പുകൾ അടച്ചുപൂട്ടണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞു. അതിനെത്തുടർന്ന് ആ മദ്യ ഷാപ്പുകളൊക്കെ ജനവാസ കേന്ദ്രങ്ങളിൽ പുനഃസ്ഥാപിക്കുകയാണ്. ജനങ്ങൾ ആകെ പ്രയാസപ്പെടുകയാണ്. മലപ്പുറം ജില്ലയിലെ എന്റെ നിയോജകമണ്ഡലത്തിൽ മുണ്ടുപറമ്പ്- കാവുങ്ങൽ ബൈപ്പാസിൽ പുതിയ ഷാപ്പ് തുറന്നു. ഇപ്പോൾ അതിലെ വഴിനടക്കാൻ കഴിയില്ല. ജനങ്ങൾക്ക് താമസിക്കാൻ വയ്യ. അവിടെ വമ്പിച്ച ജനക്കൂട്ടമാണ്. പൊതുസമ്മേളനം നടക്കുന്നുവെന്ന് തോന്നി പോകും. ആളുകൾ മദ്യം വാങ്ങാൻ വന്നതാണ്. ബഹുമാനപ്പെട്ട എ. പി. അനിൽ കുമാർ കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ ഇക്കാര്യം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞത് എല്ലാം നിയമ വിധേയമായിട്ടാണ് നടക്കുന്നതെന്നാണ്. നിയമം ജനങ്ങൾക്കു വേണ്ടിയല്ലേ; ജനങ്ങളെ ദ്രോഹിക്കാൻ വേണ്ടി നിയമമുണ്ടോ? വെള്ളം കൊടുക്കാൻ കഴിയാത്ത ഗവൺമെന്റ് ഇഷ്ടം പോലെ കള്ള് കൊടുക്കുകയാണ്. മദ്യം ഓൺലൈനിൽ കൊടുക്കാൻ പോവുകയാണെന്നാണ് കൺസ്യൂമർ ഫെഡിന്റെ പുതിയ പ്രസിഡന്റ് പറഞ്ഞത്. മദ്യം കഴിച്ച് ജനങ്ങൾക്ക് ജീവിക്കാൻ പറ്റുമോ? കുടിവെള്ളം വേണ്ടേ? കുടിവെള്ളം ഓൺലൈൻ വഴി എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കാമെന്ന് പറഞ്ഞാൽ

നമുക്ക് അംഗീകരിക്കാമായിരുന്നു. മുൻ ഗവൺമെന്റിന്റെ കാലത്ത് മദ്യശാലകൾക്ക് അനുമതി കൊടുക്കാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. ആ അധികാരം ഈ ഗവൺമെന്റ് എടുത്ത് കളഞ്ഞിട്ടുണ്ടോ എന്ന് പറയണം. മലപ്പുറം നഗരസഭ പുതിയതായി ആരംഭിച്ച മദ്യശാല നിർത്തൽ ചെയ്യാൻ സ്റ്റോപ് മെമ്മോ കൊടുത്തിട്ടും നിർത്തിവയ്ക്കാതെ അതിന്റെ പ്രവർത്തനങ്ങളുമായി തുടർന്ന് പോവുകയാണ്. ഇവിടെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലെ വട്ടംകുളത്ത് കുറ്റിപ്പാലയിൽ മദ്യഷാപ്പിനെതിരായി ജനകീയ പ്രക്ഷോഭം നടക്കുകയാണ്. നാടാകെ മദ്യഷാപ്പുകൾക്കെതിരായി ജനകീയ പ്രക്ഷോഭങ്ങൾ നടക്കുമ്പോഴും, ആ ജനകീയ പ്രക്ഷോഭം കണ്ടില്ലെന്ന് നടിച്ച് ജനങ്ങളെ മദ്യപാനികളാക്കി മാറ്റാനുള്ള ശ്രമങ്ങളാണ് ഇവിടെ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. 'നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയെ ' എന്നായിരുന്നു പഴയ മുദ്രാവാക്യം. 'നമ്മൾ കാണും പുറമ്പോക്കെല്ലാം നമ്മുടേതാക്കും സഖാക്കളെ' എന്നതാണ് ഇപ്പോഴത്തെ മുദ്രാവാക്യം. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യയായ പി. അയിഷാ പോറ്റി പറഞ്ഞത്, ഇത് കൂട്ടുത്തരവാദിത്വമുള്ള ഗവൺമെന്റാണെന്നാണ്. ബഹുമാനപ്പെട്ട ശ്രീ. കെ. മുരളീധരൻ പറഞ്ഞതുപോലെ ഞാൻ റവന്യൂ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. അദ്ദേഹം ധീരമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. 'ധൈര്യമായി ഒഴിപ്പിക്കൂ' സബ് കളക്ടറോട് മന്ത്രി, 'എതിർക്കും' എന്ന് എം.എൽ.എ., നല്ല കൂട്ടുത്തരവാദിത്വമല്ലേ? സബ് കളക്ടറോട് മൂന്നാറിലെ കയ്യേറ്റം ധൈര്യമായി ഒഴിപ്പിക്കുവെന്ന് മന്ത്രി പറഞ്ഞപ്പോൾ എതിർക്കുമെന്ന് എം.എൽ.എ.പറഞ്ഞു. 'റവന്യൂ വകുപ്പിന്റെ നിർദ്ദേശവും കോടതി നിർദ്ദേശങ്ങളും ചട്ടങ്ങളും അനുസരിച്ച് പ്രവർത്തിക്കുന്ന സബ് കളക്ടർ പ്രാദേശിക നേതാക്കളുടെയും ഭൂമാഫിയകളുടെയും എതിർപ്പ് തുടർച്ചയായി നേരിടുകയാണ്. 'സബ് കളക്ടറുടെ മടക്കം നാല് കാലിലായിരിക്കും' എന്നുവരെ എം.എൽ.എ. ഭീഷണിപ്പെടുത്തിയപ്പോൾ 'കയ്യേറ്റം ഒഴിപ്പിക്കാമെന്ന് ഒരു ഉദ്യോഗസ്ഥനും കരുതേണ്ടാ' എന്ന് ഒരു മന്ത്രി പറഞ്ഞു. ഇത് എന്റെ അഭിപ്രായമല്ല, ഒരു പത്രത്തിൽ വന്ന എഡിറ്റോറിയലാണ് ഞാൻ വായിച്ചത്. 'കയ്യേറ്റം ഒഴിപ്പിക്കാൻ വന്നാൽ നാല് കാലിലെ തിരിച്ചുപോവുകയുള്ളൂ' എന്ന് എം.എൽ.എ. പറയുകയാണ്.

<u>ശ്രീമതി സി. കെ. ആശ:</u> സർ, പുറമ്പോക്കുകളെല്ലാം സഖാക്കൾ കയ്യേറിയിരിക്കുകയാണെന്നുള്ള ഒരു പരാമർശം ഇവിടെയുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പരിസ്ഥിതിലോല പ്രദേശമെന്ന് പ്രഖ്യാപിച്ച പള്ളിവാസൽ പഞ്ചായത്തിൽ മാത്രം 61 റിസോർട്ടുകൾ പുതുതായി പണിതത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ഇവിടെ പറയുന്നത് അതല്ല, കൂട്ടുത്തരവാദിത്വമുള്ള ഗവൺമെന്റാണെന്നാണ് പറഞ്ഞത്. 'ഇവിടെ എന്തു ചെയ്യണമെന്ന് ഞങ്ങൾക്കറിയാം. ഇടുക്കിക്കാർ കൊഞ്ഞാണന്മാരാണെന്ന് വിചാരിക്കരുത് ', 'മൂന്നാറിൽ മാധ്യങ്ങൾക്ക് നിക്ഷിപ്ത താല്പര്യങ്ങളാണ്. ടൂറിസം തകരാറിലാക്കുംവിധം ചാനൽ ദിവ്യന്മാർ അങ്ങോട്ടെഴുന്നെള്ളിയാൽ ജനപിന്തുണയോടെ എന്തു ചെയ്യണമെന്ന് ഞങ്ങൾക്കറിയാം. വർഷത്തിൽ 6 ലക്ഷം പേർ വിനോദസഞ്ചാരത്തിനായി എത്തുന്ന നാട്ടിൽ കയ്യേറ്റമുണ്ടെന്ന് പറഞ്ഞ് മുകളിൽ നിന്ന് പൊട്ടിവീണ ചില ഉദ്യോഗസ്ഥർ രംഗത്ത് വരുന്നുണ്ട്. നൂറ്റാണ്ടായി കൈവശമുള്ളത് കയ്യേറ്റ ഭൂമിയാണെന്ന് പറഞ്ഞു വരുന്നവർ വരുന്നതുപോലെ തിരിച്ച് പോകണമെന്നില്ല.' എന്ന് വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി. 'ധൈര്യമായി പൊയ്ക്കോ' എന്ന് റവന്യൂ വകുപ്പുമന്ത്രി പറയുമ്പോൾ 'വന്നതുപോലെ തിരിച്ച് പോകാൻ കഴിയില്ല' എന്നാണ് വൈദ്യുതി വകുപ്പ് മന്ത്രി പറയുന്നത്. ആവശ്യമുള്ള പോലീസ് സേനയെ ലഭിച്ചാൽ കയ്യേറ്റം ഒഴിപ്പിക്കലുമായി മുന്നോട്ട് പോകുമെന്നാണ് സബ്കളക്ടർ പറയുന്നത്. ഉദ്യോഗസ്ഥർക്ക് സംരക്ഷണം കൊടുക്കാൻ കഴിയണം. പാതയോരങ്ങളിലൊക്കെ കെട്ടിയുണ്ടാക്കിയിട്ടുള്ള പാർട്ടി സ്തൂപങ്ങളും കൊടിമരങ്ങളും താൽക്കാലിക ഷെഡ്ഡുകളും വലിയ അപകടമുണ്ടാക്കുന്നുണ്ട്. കാൽനട യാത്രക്കാർക്ക് നടക്കാൻ കഴിയുന്നില്ല. പല ഷെഡ്ഡുകളെയും കഞ്ചാവിന്റെയും മദ്യത്തിന്റെയും ഉപയോഗത്തിനായാണ് ചെറുപ്പക്കാർ വിനിയോഗിക്കുന്നത്. അതുകൊണ്ട് പാതയോരങ്ങളിൽ അനുമതിയില്ലാതെ കെട്ടിയുണ്ടാക്കിയ ഷെഡ്ഡുകൾ, പാർട്ടി സ്തൂപങ്ങൾ, കൊടിമരങ്ങൾ തുടങ്ങിയവ നീക്കം ചെയ്യാൻകൂടി നടപടി സ്വീകരിക്കണം. ഈ പറഞ്ഞത് എല്ലാ പാർട്ടികൾക്കും ബാധകമാണ്. അങ്ങനെയാണെങ്കിൽ കേരള ചരിത്രത്തിലെ ശ്രദ്ധേയനായ റവന്യൂ മന്ത്രിയായി അങ്ങേയ്ക്ക് മാറാൻ കഴിയും.

<u>മി. ചെയർമാൻ:</u> ദയവായി ചുരുക്കണം. അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ഇവിടെ കാര്യങ്ങളൊക്കെ വളരെ സ്പീഡിലാണ് പോകുന്നതെന്നാണ് ഇന്നലെ ഒരു മന്ത്രി പ്രസംഗത്തിൽ പറഞ്ഞത്. എന്ത് സ്പീഡാണ്? മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അപേക്ഷ കൊടുത്താൽ അത് 'വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിനയച്ച്' എന്ന മറുപടിയല്ലാതെ ഇതുവരെ നയാപൈസ കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട ഒരു മെമ്പർക്ക് അതുമായി ബന്ധപ്പെട്ട് ഇവിടെ സബ്മിഷൻ അവതരിപ്പിക്കേണ്ടി വന്നു.

<u>മി. ചെയർമാൻ:</u> അങ്ങ് ചുരുക്കണം.... രണ്ട് മിനിറ്റ് അധികമായി..... വഴങ്ങിയതിന് സമയം അനുവദിക്കാൻ പറ്റില്ല.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ഒരു മിനിറ്റുകൂടി. ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട വിഷയം കാരണമാണ് പല വികസന പദ്ധതികളും മുടങ്ങിക്കിടക്കുന്നത്. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഇതുവരെ ഒരു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര നിയമത്തിന്റെ മറവിൽ ലാൻഡ് അക്വിസിഷൻ നടപടികളിൽ ഉദ്യോഗസ്ഥന്മാർ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. അതുകൊണ്ട് ലാൻഡ് അക്വിസിഷൻ നടപടികളിൽ ഒരു തീരുമാനമുണ്ടാക്കണം. രണ്ട് മന്ത്രിമാർ സ്പീഡിൽ രാജിവച്ചു; ഒരു മന്ത്രി രാജി വയ്ക്കാൻ പോകുകയാണെന്നു പറയുന്നു; എന്നല്ലാതെ വേണ്ടത്ര സ്പീഡിൽ ഒന്നും നടക്കുന്നില്ല. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ ഞാൻ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഏതാനും ദിവസങ്ങൾ കൂടി കഴിയുമ്പോൾ ഒരു വർഷം തികയുകയാണ്. കേരളത്തിലെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിത ദുരിതങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയായിരുന്നുവെങ്കിലും ആദ്യ ക്യാബിനറ്റിൽ തന്നെ കുടിശ്ശികയുണ്ടായിരുന്ന ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ തീരുമാനിച്ചു എന്നുള്ളത് ഗവൺമെന്റിന്റെ ഭാവി പ്രവർത്തനത്തെ സംബന്ധിച്ച സൂചനയായിരുന്നു. കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ടു നിരോധനത്തിന്റെ ഫലമായും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മദ്യശാലകൾ പൂട്ടിയതുമൂലമുണ്ടായ വരുമാന നഷ്ടത്തിനിടയിലും സംസ്ഥാനത്തെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരു കുറവും വരുത്താതെ മെച്ചപ്പെട്ട ധനമാനേജ്മെന്റ് നടപ്പിലാക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിന്റെ നികുതി ഘടന, ജി.എസ്.ടി. നിരക്ക് ഇവയൊക്കെ മാറുന്നതോടെ നികുതി വരുമാനത്തിൽ കാര്യമായ മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിലെ ചെക്ക് പോസ്റ്റുകളെ ആധുനികവൽക്കരിക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും ഈ ഗവൺമെന്റ് പ്രത്യേക താല്പര്യമെടുക്കുന്നത് അഭിനന്ദനമർഹിക്കുന്നതാണ്.

കേരളത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാനുള്ള സഹായം, സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ആരോഗ്യ ഇൻഷ്വറൻസ്, നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കൽ, കൊടും വരൾച്ചയിലും പവർകട്ടില്ലാത്ത സംസ്ഥാനമായി കേരളം നിൽക്കുന്നത്, സംസ്ഥാന പാതകളിലെ ടോൾ നിരോധനം, ക്ഷേമപെൻഷനുകൾ വീടുകളിൽ

എത്തിക്കൽ തുടങ്ങി ഒട്ടനവധി ജനോപകാരപ്രദമായ തീരുമാനങ്ങളെടുത്ത ഗവൺമെന്റ് ജനവിശ്വാസം ആർജ്ജിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ടാണ് പ്രതിപക്ഷം കേരളത്തിലെ ചില മാധ്യമങ്ങളുടെ സഹായത്തോടെ ഗവൺമെന്റിനെതിരെയും കേരളത്തിലെ മുഖ്യമന്ത്രിക്കെതിരെയും ആക്ഷേപങ്ങൾ ചൊരിയുന്നത്. ഒറ്റക്കെട്ടായി നിന്നുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഇതിനെ നേരിടുകതന്നെ ചെയ്യും. അഞ്ചുവർഷം പൂർത്തിയാകുമ്പോൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കെല്ലാം മുന്നിലായിരിക്കും കേരളത്തിന്റെ സ്ഥാനം എന്ന് എനിക്കുറപ്പുണ്ട്.

ഐക്യ കേരളത്തിലെ ആദ്യ മന്ത്രിസഭയുടെ 60-ാം വാർഷികം നമ്മൾ ആഘോഷിക്കുകയാണ്. ആധുനിക കേരളത്തിന് വഴിയൊരുക്കിയ ചരിത്ര നിയോഗമായിരുന്നു 1957-ലെ ഇ.എം.എസ്. ഗവൺമെന്റ്. കേവലം 28 മാസം കൊണ്ട് കേരളത്തിന്റെ അടിത്തറ പണിയുയർത്തുന്നതിന് ആ ഗവൺമെന്റിന് സാധിച്ചു. പൊതുവിദ്യാഭ്യാസത്തിനും ജനകീയ ആരോഗ്യ സംരക്ഷണത്തിനും ദരിദ്ര-ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും ഊന്നൽ നൽകിക്കൊണ്ട് അന്ന് ആവിഷ്കരിച്ച വേറിട്ട വികസന മാതൃക 'കേരള മോഡൽ 'എന്ന് ലോക പ്രശസ്തി നേടി. ആ മന്ത്രിസഭയുടെ നേർ പൈതൃകം അവകാശപ്പെട്ട പിണറായി സർക്കാർ ആവിഷ്കരിക്കുന്ന 'ഹരിത കേരളം' പദ്ധതി, കേരളത്തിലെ കർഷകർക്ക് ആശ്വാസം നൽകിക്കൊണ്ടും കേരളത്തിന്റെ നഷ്ടപ്പെട്ട കാർഷിക സംസ്കൃതി മടക്കി കൊണ്ടുവരാനും അന്യമായിക്കൊണ്ടിരിക്കുന്ന മണ്ണും വെള്ളവും തിരിച്ചു പിടിക്കാനുമുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പുത്തൻ കാൽവയ്പാണ്. വികേന്ദ്രീകൃത ജനാധിപത്യത്തിന്റെ സുവർണ്ണകാലം തിരിച്ചു കൊണ്ടുവരാൻ നടത്തുന്ന ശ്രമങ്ങളും കേരള മാതൃക വീണ്ടും ശക്തിപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്. അടുത്ത അഞ്ചുവർഷംകൊണ്ട് സംസ്ഥാനത്ത് വീടില്ലാത്തവർക്കെല്ലാം വീട് നിർമ്മിച്ചുനൽകുന്ന 'ലൈഫ്' പദ്ധതിക്ക് സർക്കാർ ആരംഭം കുറിച്ചുകഴിഞ്ഞു. 1971-ൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിലവിൽ വന്നെങ്കിലും സംസ്ഥാനത്തെ പാർപ്പിട പ്രശ്നത്തിന് പൂർണ്ണമായി പരിഹാരം കാണാൻ കഴിഞ്ഞില്ല. 2006-ലെ എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ 'ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി' പാർപ്പിട പ്രശ്നത്തിന് പരിഹാരമാകുമായിരുന്നുവെങ്കിലും 2011-ൽ ഗവൺമെന്റ് മാറിയതോടുകൂടി പദ്ധതി തടസ്സപ്പെട്ടു. ഐ.എ.വൈ പദ്ധതിക്കാകട്ടെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞതുമില്ല. പാതിവഴിയിൽ പണിനിർത്തേണ്ടിവന്ന പതിനായിരക്കണക്കിന് വീടുകളുടെ പൂർത്തീകരണം 'ലൈഫ് ലക്ഷ്യമിടുന്നുവെന്നത് സന്തോഷകരമാണ്.

ജില്ലാ ഭരണകൂടങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനുമായി സംസ്ഥാനത്ത് ഐ.എ.എസ്.

ഓഫീസർമാർക്ക് ഓരോ ജില്ലയുടെയും ചുമതല കൊടുത്ത് എല്ലാ മാസവും അവലോകന യോഗം കൂടാനെടുത്ത തീരുമാനം ശ്രദ്ധേയമാണ്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടക്കുന്ന അദാലത്തുകളിലൂടെ ജനങ്ങളുടെ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം ലഭിക്കുന്നതിനായി ജില്ലാ കേന്ദ്രങ്ങളിൽ ജനങ്ങൾ മണിക്കൂറുകളോളം വരിനിന്ന് വലയുകയായിരുന്നു. എന്നാൽ 'CMDRF Online' പദ്ധതിയിലൂടെ അപേക്ഷകർക്ക് അക്ഷയ കേന്ദ്രത്തിൽ അപേക്ഷ നൽകുവാനും അപേക്ഷകളുടെ തൽസ്ഥിതി അറിയുന്നതിനും കഴിയുന്നു. ആരവങ്ങളും ബഹളങ്ങളുമില്ലാതെ മുൻവർഷങ്ങളേക്കാൾ കൂടിയ തുക CMDRF-ൽ നിന്ന് വിതരണം ചെയ്യാൻ കഴിഞ്ഞുവെന്നുള്ളത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. നമ്മുടെ സംസ്ഥാനം കൊടുംവരൾച്ച നേരിടുകയാണ്. വരൾച്ച മുൻകൂട്ടി കണ്ടുകൊണ്ട് ഈ ഗവൺമെന്റ് വളരെ നേരത്തേതന്നെ പ്രതിരോധ നടപടികൾ സ്വീകരിച്ചു. ഇതിനായി ജില്ലകളിൽ ഓരോ മന്ത്രിമാരുടെയും നേതൃത്വത്തിൽ ജനപ്രതിനിധികളുടെ സഹായത്തോടെ ആവിഷ്കരിച്ച കർമ്മ പരിപാടികളും വിലയിരുത്തൽ യോഗങ്ങളും മുഖ്യമന്ത്രി നേരിട്ട് നടത്തിയ ഇടപെടലുകളും വിജയം കണ്ടു. റവന്യൂ, കൃഷി, ജലവിഭവം, വനം എന്നീ വകുപ്പുകളുടെ ഏകോപനത്തിലൂടെയുള്ള പ്രവർത്തനം വരൾച്ചയെ നേരിടാൻ സഹായകമായിട്ടുണ്ട്. ഇന്ത്യയിൽ അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെന്ന് അടുത്ത് നടത്തിയ സർവ്വെ സൂചിപ്പിക്കുന്നു. ഈ ഗവൺമെന്റ് അഞ്ച് വർഷം പൂർത്തീകരിക്കുമ്പോൾ അഴിമതിയില്ലാത്ത സംസ്ഥാനമായി, വികസനത്തിൽ ഇന്ത്യയ്ക്ക് മാതൃകയാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇക്കാരണങ്ങൾ കൊണ്ട് തീർച്ചയായും നമ്മുടെ ഗവൺമെന്റ് അഞ്ച് വർഷം പൂർത്തീകരിക്കുമ്പോൾ സംസ്ഥാനത്തിന്റെ താഴേത്തട്ടിലുള്ള ജനങ്ങളുടെ വികസനമാണ് സ്വപ്നം കാണുന്നത്. അതാണ് നവകേരള മിഷൻ. ആ മിഷനിലൂടെ 5 വർഷം കൊണ്ട് പാവപ്പെട്ട വീടില്ലാത്ത നാലര ലക്ഷം ആളുകൾക്ക് വീട് കൊടുക്കുകയും ഹരിത സംസ്കാരമുള്ളൊരു സംസ്ഥാനത്തെ വാർത്തെടുക്കുകയും ചെയ്യും. അതുപോലെ ആർദ്രം പദ്ധതിയിലൂടെ പാവപ്പെട്ട ആളുകൾക്ക് ആധുനിക സംവിധാനത്തിലൂടെയുള്ള ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വിദ്യാഭ്യാസത്തിൽ ഒരു വലിയ മാറ്റം വരുത്തുകയും ചെയ്തുകൊണ്ട്, ആരെല്ലാം എന്തെല്ലാം പറഞ്ഞാലും, അഞ്ച് വർഷം പൂർത്തീകരിക്കുമ്പോൾ എൽ.ഡി.എഫ്-ന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് ഈ രാജ്യത്തെ മൂന്നരകോടി ജനങ്ങളുടെ കണ്ണിലുണ്ണിയായി മാറും എന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും അംഗീകരിക്കുന്നു. നിർത്തുന്നു.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, കേരള വികസന മാതൃക ലോക പ്രസിദ്ധമാണ്. അത് സംരക്ഷിക്കാനുള്ള ചരിത്ര നിയോഗം ഏറ്റെടുത്തുകൊണ്ടാണ് സഖാവ് പിണറായി വിജയൻ കേരളത്തിലെ മുഖ്യമന്ത്രിയായത്. ലോകത്തിനുതന്നെ മാതൃകയായ 1957-ലെ ഇ.എം.എസ്. മന്ത്രിസഭയുടെ തുടർച്ചയാണിത്. കേരള ജനതയുടെ ശാപമോക്ഷം. ആ ദൗത്യമാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളത്. 'മുറം കൊണ്ട് സൂര്യനെ മറയ്ക്കാൻ കഴിയില്ലെ'ന്ന് പറഞ്ഞതുപോലെ എന്ത് ദുരാരോപണങ്ങൾ എവിടെനിന്ന് ഉണ്ടായാലും ഈ അശ്വം മുന്നോട്ടുതന്നെ പോകും. ചിന്തയും പ്രയോഗവും സംയോജിപ്പിക്കുക എന്നതാണ് ദാർശനിക രംഗത്ത് മാർക്സിസം-ലെനിനിസം നിർവ്വഹിച്ച വിപ്ലവകരമായ പരിവർത്തനം. കാലഘട്ടം ആവശ്യപ്പെടുന്ന ഈ മന്ത്രിസഭ ഭാവി കേരളത്തിന്റെ അടിത്തറ പാകിക്കഴിഞ്ഞു. അഴിമതിയിലും കെടുകാര്യസ്ഥതയിലും മുങ്ങിക്കുളിച്ച യു.ഡി.എഫ്. ഗവൺമെന്റിന്റെ പിടിയിൽ നിന്നും കിട്ടിയ മോചനം, വികസിത കേരളം, എല്ലാം ശരിയാകും. ഏത് പ്രതിസന്ധിയിലും മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ ജനകീയ വികസന ബദൽ എല്ലാവരും ഇതിനകം അംഗീകരിച്ചു കഴിഞ്ഞു. ശാസ്ത്രീയ ചിന്തയിലൂടെയും പ്രയോഗത്തിലൂടെയുമാണ് നവകേരള മിഷൻ നാടിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പിലാക്കാൻ പോകുന്നത്. തൊഴിലാളി വർഗ്ഗത്തിന്റെ ദർശനമാണിത്. നാടിനെ ശരിയായ ദിശയിൽ മാറ്റുന്ന ദർശനം. നേരത്തേ, മനുഷ്യന് എന്ത് സംഭവിച്ചാലും നാട് എന്തായാലും എനിക്ക് എന്തുകിട്ടും എന്ന ചിന്തയിലായിരുന്നു. ആ ദർശനമല്ല ഇത്. ജനകീയാസൂത്രണം ശാസ്ത്രീയമായി തുടരുമെന്ന പ്രഖ്യാപനം, കേരളത്തിനു മുന്നിൽ വാതിൽ കൊട്ടിയടയ്ക്കാൻ കഴിയില്ലെന്ന് കേന്ദ്രത്തെ ബോധ്യപ്പെടുത്താൻ ശാസ്ത്രീയ ബോധത്തോടെ മുന്നോട്ടുവന്ന ഗവൺമെന്റ് നിശ്ചയദാർഢ്യവും ആവേശവുമുണ്ടാക്കുന്നതാണ്.

റവന്യൂ - ഭൂമി സംബന്ധമായ നിയമങ്ങളെയും നടപടികളെയും കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള ഭൂ-സാക്ഷരത കാമ്പെയിൻ എന്ന സന്ദേശം സ്വാഗതാർഹമാണ്. റീസർവ്വെ നടത്തിയ സംസ്ഥാനത്തെ 854 വില്ലേജുകളിൽ 551 വില്ലേജുകളിലെ ജനങ്ങൾക്ക് സൗജന്യമായി തങ്ങളുടെ വസ്തുവിന്റെ സ്കെച്ച് നൽകാൻ നടപടികൾ സ്വീകരിച്ചതും ഈ ഗവൺമെന്റാണ്. ഈ ഗവൺമെന്റെന്നു പറഞ്ഞാൽ എൽ.ഡി.എഫ്. ഗവൺമെന്റാണ്. വളരെക്കാലമായി മലമ്പനിയോട് മല്ലിട്ടും കാട്ടുമൃഗങ്ങളുടെ ഉപദ്രവം സഹിച്ചും നാട് പൊന്നാക്കി ജീവിതവൃത്തിക്കായി കൃഷിയെ കെട്ടിപ്പുണർന്ന് വർഷങ്ങളായി ജീവിച്ചുപോന്നിരുന്നവരുടെ നെഞ്ചത്ത് ജെണ്ടകെട്ടി ജീവിതം അസ്വസ്ഥമാക്കിയ ഒരു കാലഘട്ടം കഴിഞ്ഞു. ഒരു ജനതയുടെ ജീവിതം ജെണ്ട കെട്ടി

അസ്വസ്ഥമാക്കാൻ അനുവദിക്കില്ല എന്ന നിലവന്നു. കുരാച്ചുണ്ടിലെ കർഷകരുടെ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും വനംവകുപ്പുമന്ത്രിയും സ്ഥലത്തെ മതാദ്ധ്യക്ഷരും നേതാക്കളും എല്ലാവരും ചേർന്ന് പെട്ടെന്നൊരു തീരുമാനമെടുത്തു. ആ തീരുമാനം ഈ ഗവൺമെന്റിന്റെ തിളക്കം വർദ്ധിപ്പിച്ചു. അത് നടപ്പിലായി. സംയുക്ത സർവ്വെ നടത്തി അർഹതപ്പെട്ടവർക്ക്, 1977 വരെയുള്ള നികുതി അടച്ചവർക്ക് പട്ടയം നൽകി. അതാണ് എല്ലാം ശരിയാകുമെന്ന് പറഞ്ഞത്. ഇവിടെയെല്ലാം ശരിയാകുമെന്ന് പറഞ്ഞത് യാഥാർത്ഥ്യമാക്കി. എന്നാൽ ഇനിയും ചില കാര്യങ്ങളിൽ വ്യക്തത വരാനുണ്ട്. തങ്ങളുടെ ജീവിത വൃത്തിക്കുവേണ്ടി ഇവിടെ വരികയും നാല് മുതൽ എട്ട് വരെ സെന്റ് സ്ഥലങ്ങളിൽ താമസിക്കുകയും ചെയ്തവർ ഇതിൽപ്പെടില്ലെന്നൊരു സ്ഥിതിയുണ്ട്. അതുകൂടി തീരുമാനിക്കേണ്ടതുണ്ട്. മുഖ്യമന്ത്രിയുടെ പ്രസ്താവന ആശ്വാസകരം തന്നെ. ഇതുതന്നെയാണ് വർഷങ്ങളായി പരിഹാരം കാണാതെ ആകാശം നോക്കി നിന്ന കർഷക ജനതയ്ക്ക് പ്രതീക്ഷ നൽകിയ അവസ്ഥയുണ്ടാക്കിയത്. മുഖ്യമന്ത്രിയുടെ ഇടപെടൽ ഇരുട്ടിന്റെ ശക്തികളെ മാളത്തിൽ ഒളിക്കാനാണ് സഹായിച്ചത്. കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെയുള്ള ജനങ്ങളുടെ ആവേശം ആ പ്രദേശങ്ങളിൽ ഇന്നും അലയടിക്കുകയാണ്. ഭൂമി കയ്യേറ്റം തടയുന്നതിനും കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുന്നതിനും കർശന നടപടികളുമായി റവന്യൂ വകുപ്പ് മുന്നോട്ടുപോകുകയാണ്. ആരെയും സഹായിക്കാനല്ല, കാശ് വാങ്ങാനല്ല, അവർക്കുവേണ്ടി വിധേയത്വം കാണിക്കാനുമല്ല. ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർ, ലാൻഡ് റവന്യൂവിന്റെ നേതൃത്വത്തിൽ തഹസീൽദാർമാർ ഉൾപ്പെടുന്ന ജില്ലാ താലൂക്ക് സ്ക്വാഡുകൾ അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിനും ഭൂമാഫിയകൾ സംഘടിച്ച് സാധാരണക്കാരെ ഒഴിപ്പിക്കുന്നതും കയ്യേറുന്നതും തടയുന്നതിനുമുള്ള തീവ്രശ്രമം നടന്നുവരികയാണ്. Land Grabbing Act-ന്റെ കരട് തയ്യാറാക്കി വരുന്നു. സർക്കാർ ഭൂമി പാട്ടവ്യവസ്ഥയിൽ കൈവശം വച്ചിട്ടുള്ളവർ വ്യവസ്ഥകൾ ലംഘിക്കുന്നുണ്ട്. ഭൂമി ദുരുപയോഗം ചെയ്യുന്നതും അന്യാധീനപ്പെടുന്നതും പരിശോധിച്ച് സർക്കാരിലേക്ക് തിരിച്ചെടുക്കണമെന്നാണ് എന്റെ അഭിപ്രായം.

നിലവിലുണ്ടായിരുന്ന ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) പിൻവലിച്ചു. അതിനുപകരം കൊണ്ടുവന്ന പ്രധാനമന്ത്രി ആവാസ് യോജന. 2015-16 സാമ്പത്തിക വർഷത്തിൽ 31864 വീടുകളുടെ കുറവുണ്ടായി. കേന്ദ്രഭവന പദ്ധതിയിലൂടെ കേന്ദ്രം കേരളത്തോട് അവഗണനയാണ് കാണിക്കുന്നത്. പൊതുവിഭാഗത്തിലെ ജനങ്ങൾക്ക് കേരളത്തിൽ വീടില്ലാത്ത അവസ്ഥയുണ്ടാകും. ഇത് കണ്ടുകൊണ്ടാണ് സർക്കാർ ഇന്ന് മുന്നോട്ടുപോകുന്നത്. എല്ലാം ശരിയാകും. നെൽപ്പാടം നികത്തുന്നത് നിയന്ത്രിക്കുകയും 37 ഏക്കർ പൂർവ്വ

സ്ഥിതിയിലാക്കുകയും ചെയ്തു. വയൽ നികത്തിയ മുന്നൂറിലധികം കേസ്സുകളിൽ കർശന നിയമങ്ങൾ സ്വീകരിച്ചത് ഈ സർക്കാരാണ്. ആറന്മുള എയർപോർട്ടിന്റെ പേരിൽ നികത്തപ്പെട്ട പുഴയിലെ മണ്ണ് നീക്കി പൂർവ്വസ്ഥിതിയിലേയ്ക്ക് കൊണ്ടുവന്നതും സാധാരണക്കാർക്ക് വീട് നിർമ്മിക്കാൻ സ്ഥലമില്ലാത്തതിന് കളക്ടർക്ക് മാർഗ്ഗനിർദ്ദേശം നൽകിയതും ആശാവഹം തന്നെ. 2008-നുമുൻപ് തകർന്നുകിടന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ ഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള അനുമതി 13105/പി1/2017/റവന്യൂ തീയതി 1-3-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

മഴയുടെ ലഭ്യതയിലുണ്ടായ കുറവുമൂലം ഏറ്റവും രൂക്ഷമായ വരൾച്ചയാണ് സംസ്ഥാനം നേരിടുന്നത്. ഇത് നേരിടുന്നതിന് ഒക്ടോബർ മാസത്തിൽത്തന്നെ നടപടികൾ സ്വീകരിച്ചുവെന്നതാണ് ഈ സർക്കാരിന്റെ പ്രത്യേകത.

റവന്യൂ വകുപ്പിൽ അഴിമതിക്കെതിരെ കർശന നടപടി തുടരുകയാണ്. അഴിമതി സംബന്ധിച്ച പരാതികളിന്മേൽ 54 പേരെ സസ്പെൻഡ് ചെയ്തു, 130 പേർക്കെതിരെ നടപടികൾ സ്വീകരിക്കുകയും നിർഭയമായി മുന്നോട്ടുപോകുകയും ചെയ്യുകയാണ്.

കേന്ദ്രത്തിന്റെ സൗജന്യ ഭവന നിർമ്മാണ തീരുമാനം കേരളത്തിന് തിരിച്ചടിയാകുന്നുണ്ട്. ചേരി നിർമ്മാർജ്ജന പദ്ധതിക്കും കേന്ദ്രസഹായം നഷ്ടമാകുന്ന അവസ്ഥയുണ്ട്. ഇതിനാണ് നമ്മൾ ഒന്നിച്ച് പോരാടേണ്ടത്. ഈ പശ്ചാത്തലത്തിലാണ് എൽ.ഡി.എഫ്. എല്ലാവർക്കും ഭൂമിയും വീടും നൽകുന്ന ലൈഫ് പദ്ധതിയുമായി മുന്നോട്ടുപോകുന്നത്. ഈ സംസ്ഥാനത്ത് നാല് ലക്ഷത്തിലധികം ഭവനരഹിതരുണ്ട്. ഭവനരഹിതർക്ക് നാല് ലക്ഷം വീടുകൾ 100-ാം ദിവസം പ്രഖ്യാപിച്ചു കഴിഞ്ഞു. പാവങ്ങളെ ഒഴിപ്പിക്കുന്നവരോടൊപ്പമായിരുന്നു കോൺഗ്രസ്. എന്നാൽ അന്തിയുറങ്ങാൻ കൂര കെട്ടാൻ ഇടവും കൂരയും വച്ചുകൊടുക്കുന്നവരാണ് ഇടതുപക്ഷം. അന്ന് പാവങ്ങളെ രക്ഷിക്കാൻ കമ്മ്യൂണിസ്റ്റുകാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഭൂരഹിതരും ഭവനരഹിതരുമായ ഒരു കുടുംബംപോലും കേരളത്തിൽ ഉണ്ടാകാൻ പാടില്ലെന്ന നിർബന്ധം ഈ സർക്കാരിനുണ്ട്. ഇതിന്റെ ശാശ്വത പരിഹാരമാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ച 'ലൈഫ്' പദ്ധതി. ഈ പദ്ധതി കേരള സമൂഹം നെഞ്ചേറ്റിക്കഴിഞ്ഞിരിക്കുകയാണ്.

"സഫലമാകും വീടെന്ന സ്വപ്നം,

തെളിയുന്ന അറിവിന്റെ വെളിച്ചം കൂരകളിൽ"

ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകാനും ഭൂമിയുള്ളവർക്ക് വീട് നൽകാനും

പദ്ധതി തയ്യാറാക്കണമെന്ന് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റെയും പിന്നോക്ക സമുദായ ക്ഷേമവകുപ്പിന്റെയും പദ്ധതി അവലോകന യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ നിർദ്ദേശിച്ചത് അധഃസ്ഥിത വർഗ്ഗക്കാരുടെയിടയിൽ വലിയ പ്രതീക്ഷയാണ് ഉണ്ടാക്കിയിട്ടുള്ളത്. ഭൂരഹിതരുടെ ഭവന പദ്ധതി ആനുകൂല്യം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനവും ആവേശം തരുന്നതാണ്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ വീടുകളുടെ എണ്ണം 40 ആക്കി നിജപ്പെടുത്തിയതും അത്ഭുതമല്ല. ഒരു നിയമസഭാ മണ്ഡലത്തിൽ രണ്ട് കോളനികൾ വീതം തെരഞ്ഞെടുക്കാനും മന്ത്രി നിർദ്ദേശിച്ചത് ആശ്വാസകരമാണ്. 50, 60 എന്നുപറഞ്ഞ് വികസനം മുരടിച്ചുനിന്നിരുന്ന ഒരു കാലഘട്ടത്തിൽ ഇങ്ങനെയൊരു പ്രഖ്യാപനം വന്നത് എല്ലാവർക്കും വളരെ ആശ്വാസം നൽകുന്നതാണ്, സർക്കാരിന്റെ തിളക്കം കൂട്ടുന്നതാണ്. സംസ്ഥാനത്തെ എല്ലാ ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്കും അഞ്ചുവർഷംകൊണ്ട് വീട് ഉറപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട സമുച്ചയ പദ്ധതിക്ക് ഏറെ സവിശേഷതയുണ്ട്. വെള്ളവും വെളിച്ചവും കക്കൂസുമുള്ള പാർപ്പിടങ്ങൾ, തൊഴിൽ പരിശീലനം, പ്രീ-പ്രൈമറിതലം വരെയുള്ള മികച്ച വിദ്യാഭ്യാസ സൗകര്യം, ഇംഗ്ലീഷ് ഭാഷ പഠിക്കാനും ഐ.ടി. പഠനത്തിനുമുള്ള സൗകര്യം, ഇതൊക്കെ കുരകളിലേയ്ക്കാണ് വരുന്നത്. സേവന ക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കാനുള്ള സംവിധാനം ഒരുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മന്ത്രിസഭാ യോഗത്തിനുശേഷം അറിയിച്ചതും നമ്മൾ കേട്ടതാണ്. ഇ.എം.എസ്. ഭവന പദ്ധതിയോട് യു.ഡി.എഫ്.-ന് അലർജിയായിരുന്നു. നമ്മുടെ രാജ്യത്ത് അധഃസ്ഥിതരോട് ഇത്രയുമധികം പെരുമാറിയ ഒരു ഗവൺമെന്റ് ഇതിനുമുമ്പുണ്ടായിട്ടില്ല. യു.ഡി.എഫ്. ഭരിക്കുമ്പോൾ അധ:സ്ഥിതരോട് അലർജിയായിരുന്നു. അതൊക്കെ ഇന്ന് പരിഹരിക്കപ്പെട്ടു. ഇ.എം.എസ്. പാർപ്പിട പദ്ധതി, എം.എൻ. ലക്ഷം വീട് പദ്ധതി എന്നിവ പുനരുജ്ജീവിപ്പിച്ച് അഞ്ചുവർഷംകൊണ്ട് എല്ലാവർക്കും വീട്, കക്കൂസ് എന്നിവ ഉറപ്പുവരുത്തുന്നു. ഭൂപരിഷ്കരണ നിയമം സംരക്ഷിക്കുമെന്ന ഉറപ്പാണ് വിപുലമായ കർമ്മ പരിപാടിയിലൂടെ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കുന്നത്. യു.ഡി.എഫ്. അധികാരത്തിൽ എത്തുമ്പോൾ പാവപ്പെട്ടവരുടെ ഭവന പദ്ധതികൾ അട്ടിമറിക്കപ്പെടുന്നു. പരിഷ്കൃത സമൂഹമെന്ന് അവകാശപ്പെടുന്ന നമ്മൾ, സാക്ഷരതയിൽ മുന്നിലാണെന്ന് ഊറ്റം കൊള്ളുന്ന നമ്മൾ സ്വന്തം വീട്ടിൽപോലും സുരക്ഷിതരല്ലെന്ന് വാർത്തകൾ വരുന്ന വർത്തമാനകാലത്ത്, ഇതിനെതിരെ സമൂഹ മനസ്സാക്ഷി ഉണർത്തേണ്ട ജനപ്രതിനിധികൾ വജ്രജൂബിലി ആഘോഷത്തിന്റെ ഭാഗമായി നിയമസഭാ മന്ദിരത്തിലെ ഗാന്ധിജി, അംബേദ്കർ, ജവഹർലാൽ നെഹ്റു, കെ. ആർ. നാരായണൻ തുടങ്ങിയ പൂർവ്വസൂരികളുടെ പ്രതിമയിൽ

പുഷ്പാർച്ചന നടത്തിയപ്പോൾ, ഈ കേരളത്തിന് ഒരു ദിശാബോധം നൽകിയ, പ്രഥമ മുഖ്യമന്ത്രിയായ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ പ്രതിമയ്ക്കുമുമ്പിൽ പുഷ്പാർച്ചന നടത്താൻ ചിലർ അറച്ചുനിന്നു, മടിച്ചുനിന്നു. എന്താണ് ഈ വികാരം? ഒരു പുതിയ സന്ദേശമാണ് പുതിയ തലമുറയ്ക്ക് കൊടുക്കുന്നത്. രാഷ്ട്രീയ മാന്യതയില്ലാതാകുന്ന ഈ അവസ്ഥ മാറ്റിയെടുക്കണം. അങ്ങനെയാണ് നിയമനിർമ്മാണസഭയും നിയമനിർമ്മാണ സഭയിലെ അംഗങ്ങളും മുന്നോട്ടുപോകേണ്ടത്. കൈകോർത്ത് ഒരേ മനസ്സോടെ ഒരേ ചിന്തയോടെ ശാസ്ത്രീയമായ വികസന പ്രവർത്തനങ്ങൾക്ക് ആക്കവും ഊക്കവും കൊടുത്തുകൊണ്ട് ജനങ്ങളെ സേവിക്കാൻ എല്ലാവരും മുന്നോട്ടുവരണം. ഇവിടെ വിഭാഗീയതയും വർഗ്ഗീയതയും തുടച്ചുമാറ്റണം. ഇത്രയും പറഞ്ഞ് ഞാൻ നിർത്തുന്നു.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ധനാഭ്യർത്ഥനകൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതാണെങ്കിലും ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത് റവന്യൂ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. മനുഷ്യകുലത്തിന്റെ കാലം മുതൽ ഭൂമിയുമായി ബന്ധപ്പെട്ട അധിനിവേശത്തിന്റെയും അക്രമത്തിന്റെയും കഥകളും ചരിത്രങ്ങളുമൊക്കെയുണ്ട്. ഒരുപക്ഷേ പഴയ കാലഘട്ടത്തിന്റെ ചരിത്രത്തിൽ നിന്ന് കഥയും കഥാപാത്രങ്ങളും മാറുന്നുവെന്നതിന് അപ്പുറത്തേയ്ക്ക് അധിനി വേശത്തിന്റെയും അക്രമത്തിന്റെയും അടിസ്ഥാനപരമായ കാര്യങ്ങൾക്ക് മാറ്റമില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനം. പുരാണത്തിലെ മഹാഭാരത യുദ്ധം ഭൂമിക്കുവേണ്ടി ഉണ്ടായ യുദ്ധംകൂടിയാണ്. അന്ന് കൗരവരേയും പാണ്ഡവരേയും തിരിച്ചറിയാൻ മാർഗ്ഗമുണ്ടായിരുന്നു. അവരുടെ തേരുകളുടെ കൊടികൾക്ക് വ്യത്യാസമുണ്ടായിരുന്നു. ശത്രു ആരാണെന്നും മിത്രമാരാണെന്നും സംരക്ഷകനാരാണെന്നും സംഹാരക നാരാണെന്നും തിരിച്ചറിയാൻ കഴിയുന്ന ഒരു കാലഘട്ടമായിരുന്നു. ഇന്ന് ഭൂമി കയ്യേറ്റത്തിന്റെ കഥകളിലേയ്ക്ക് കടന്നുവരുമ്പോൾ, യഥാർത്ഥത്തിൽ പാണ്ഡവന്മാർ ആരാണെന്നും കൗരവന്മാർ ആരാണെന്നും തിരിച്ചറിയാൻ കഴിയാത്ത ഒരു അവസ്ഥയുണ്ട്. അതോടൊപ്പം എവിടെയാണ് ധർമ്മമെന്നും എവിടെയാണ് അധർമ്മമെന്നും തിരിച്ചറിയാൻ കഴിയാത്ത ഒരവസ്ഥയും നിലനിൽക്കുന്നു. അർജ്ജുനന് വിജയൻ എന്നുകൂടി പര്യായമുണ്ട്. ഒരുപക്ഷേ മഹാഭാരത യുദ്ധത്തിന്റെ കാലഘട്ടത്തിൽ വിജയന് ആരാണ് ശരിയെന്ന് കാണിച്ചുകൊടുക്കാൻ ഭഗവാൻ കൃഷ്ണനുണ്ടായിരുന്നു. പക്ഷേ ഇന്ന് വിജയന് ശരി എന്തെന്ന് കാണിച്ചുകൊടുക്കാൻ അങ്ങനെയൊരു കൃഷ്ണനില്ലാതെപോയി എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. തൃക്കണ്ണുള്ള ആളാണ് ചന്ദ്രശേഖരൻ. മൂന്നാം കണ്ണ് തുറന്നപ്പോൾ ഞങ്ങൾ ഓർത്തത് മൂന്നാറിലെ കുടിയേറ്റമുൾപ്പെടെയുള്ളതെല്ലാം അവസാനിച്ച് അതെല്ലാം ഭസ്മമായി തീരുമെന്നാണ്. പക്ഷേ അദ്ദേഹത്തെക്കാൾ തപശക്തിയുള്ള ആളുകളാണ്

കയ്യേറ്റക്കാരുടെ പിന്നിലുള്ളതെന്നുള്ളതാണ് സത്യം. അതുകൊണ്ട് എനിക്ക് അദ്ദേഹത്തോട് സൂചിപ്പിക്കാനുള്ളത്, കൂടുതൽ തപശക്തി ആർജ്ജിച്ചശേഷം മാത്രമേ കയ്യേറ്റക്കാരെ പൂർണ്ണമായും ഒഴിവാക്കിയെടുക്കാൻ കഴിയൂ. ഇത്തരം കയ്യേറ്റങ്ങളെ ഒരു ഭാഗത്ത് തലോടുകയും മറുഭാഗത്ത് അതിനെ പ്രഹരിക്കുകയും ചെയ്യുന്ന ഒരവസ്ഥയാണുള്ളത്. യഥാർത്ഥത്തിൽ സാധാരണ മനുഷ്യർക്ക് എവിടെയാണ് ഇതിന്റെ ശരിയെന്ന് അറിയില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ ഏകദേശം രണ്ടര ലക്ഷം ആളുകൾ സ്വന്തമായി ഭൂമിയോ വീടോ ഇല്ലാതെ അലയുന്ന ഈ സംസ്ഥാനത്ത് ഏക്കർകണക്കിന് ഭൂമിയാണ് ഇപ്പോഴും വൻകിടക്കാരുടെ കൈവശമിരിക്കുന്നത്. എല്ലാക്കാലത്തും ചർച്ച ചെയ്യുന്ന വിഷയമാണിത്. ഇപ്പോൾ ഭൂമി ഉള്ളവരെ ഒഴിവാക്കുമെന്ന് പറയുമ്പോഴും അടിസ്ഥാനപരമായി ഇപ്പോഴും ആ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്നില്ല. നീതിയുടെ ഭാഗം ഇപ്പോഴും മാറിനിൽക്കുമ്പോൾ തീർച്ചയായും ഒ.എൻ.വി. സാറിന്റെ ഭൂമിക്കൊരു ചരമഗീതം എന്ന കവിതയിൽ ആസന്ന മൃത്യുവായ ഭൂമിയോട്, ഇനിയും മരിക്കാത്ത ഭൂമി എന്ന് പറഞ്ഞാണ് എഴുതിയിരിക്കുന്നത്. അദ്ദേഹം ഇന്ന് ജീവിച്ചിരുന്നെങ്കിൽ കവിത മാറ്റിയെഴുതുമായിരുന്നു. 'ഇനിയും മരിക്കാത്ത മൂന്നാർ നിനക്ക് ആത്മശാന്തി' എന്നുപറഞ്ഞ് ഒരുപക്ഷേ വീണ്ടും കവിത എഴുതുമായിരുന്നു. അങ്ങനെ അനന്തമായി നീളുന്നതാണ് നമ്മുടെ നാട്ടിലെ കയ്യേറ്റങ്ങളുടെ കഥ എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏതായാലും റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്ന് ചില ശ്രമങ്ങൾ ആരംഭിക്കുന്നുണ്ടെങ്കിലും ഇത് എങ്ങുമെത്താതെ നിൽക്കുന്ന അവസ്ഥയാണ്. അതോടൊപ്പം അങ്ങയുടെ വകുപ്പിലെ റീസർവ്വേ പ്രശ്നങ്ങൾ പാഞ്ചാലിയുടെ ചേലപോലെയാണ്, ഒരുകാലത്തും ഇത് അവസാനിക്കുകയില്ല. ഇങ്ങനെ നിരന്തരമായ ഒരു പ്രക്രിയയായി, ഒരിക്കലും പൂർത്തീകരിക്കാത്ത വിഷയമായി റീസർവ്വെ വിഷയം നിൽക്കുകയാണ്. സ്വന്തം ഭൂമിയുമായി ബന്ധപ്പെട്ട രേഖകൾ പലപ്പോഴും കൃത്യമല്ലെന്നുള്ളത് സാധാരണ ആളുകൾ ഓരോ ആവശ്യങ്ങൾക്കായി ചെല്ലുമ്പോഴാണ് മനസ്സിലാക്കുന്നത്; അതുകൊണ്ട് അക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നമ്മുടെ പഞ്ചായത്ത് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് വന്നതോടുകൂടി കുറേക്കൂടി മോടിയായ അവസ്ഥയാണുള്ളത്. പക്ഷേ വില്ലേജ് ഓഫീസുകളുടെ സ്ഥിതി വളരെ ദയനീയമാണ്. വില്ലേജ് ഓഫീസുകൾ ഇപ്പോഴും ഏറ്റവും കൂടുതൽ ജനങ്ങൾ കടന്നുവരുന്ന ഒരു സ്ഥലമാണ്. എന്നാൽ അവിടെ ഇരിക്കാനുള്ള സ്ഥലം പോലുമില്ലാത്ത അവസ്ഥയാണുള്ളത്. ഇതിലൊരു മാറ്റം തീർച്ചയായും ഉണ്ടാകണം. മാത്രമല്ല, ജീവനക്കാർക്ക് വർക്ക് ലോഡുണ്ട്. പലപ്പോഴും കൃത്യമായി ജോലി ചെയ്യാൻ കഴിയാത്ത ഒരവസ്ഥയുണ്ട്. കാലത്തിന് ഒരുപാട് മാറ്റങ്ങൾ വന്നെങ്കിലും

ഇപ്പോഴും വില്ലേജ് ഓഫീസുകളിൽ വിസിറ്റേഴ്സ് റൂം ഉൾപ്പെടെയില്ല എന്നതാണ് വസ്തുത. ഇപ്പോഴും രാവിലെ വരാന്തയിൽ വന്ന് നിൽക്കുന്ന സാധാരണക്കാരെയാണ് ഏത് വില്ലേജ് ഓഫിസിനുമുന്നിൽ ചെന്നാലും കാണാൻ കഴിയുന്നത്. കാലോചിതമായ മാറ്റം തീർച്ചയായും ഈ രംഗത്തുണ്ടാകണം.

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ബൈപ്പാസുമായി ബന്ധപ്പെട്ട് ഞാൻ പലതവണ ഇവിടെ പറഞ്ഞ ഒരു കാര്യമാണ്. 2013-ലെ പുതിയ കേന്ദ്ര നിയമപ്രകാരം സോഷ്യൽ ഇംപാക്ട് സ്റ്റഡിയുമായി ബന്ധപ്പെട്ടുള്ള ഉത്തരവുകൾ ഇറങ്ങിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്പോഴും അതിലെ പ്രധാനപ്പെട്ട ഒരു വിഷയം, സംസ്ഥാന തലത്തിലുള്ള കമ്മിറ്റിയാണ് രൂപപ്പെടുത്തേണ്ടത് എന്നുള്ളതാണ്. പക്ഷേ കൃത്യമായി രൂപപ്പെട്ട കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ പോലും ഇതുവരെ ആയിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തര പരിഹാരമുണ്ടാക്കാൻ കഴിയണം. കാഞ്ഞിരപ്പള്ളിയുടെ മാത്രമല്ല കിഴക്കൻ മേഖലയിലേക്ക്, ബഹുമാന്യനായ പി. സി. ജോർജിന് അദ്ദേഹത്തിന്റെ മണ്ഡലത്തിലേക്ക് പോകണമെങ്കിലും, കാഞ്ഞിരപ്പള്ളി വഴി മാത്രമേ പോകാൻ സാധിക്കുകയുള്ളൂ. മണിക്കൂറുകളോളം ക്യൂ നിൽക്കേണ്ടി വരുന്ന വാഹനങ്ങൾമൂലം ഗതാഗതക്കുരുക്ക് ഉണ്ടാകുന്നുണ്ട്. പ്രസ്തുത പദ്ധതിക്കായി ഏകദേശം 20 കോടി രൂപ ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാന ബജറ്റിൽ അനുവദിക്കുകയും ചെയ്തതാണ്. അതിനാൽ ആ കാര്യത്തിൽ സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകി, കാഞ്ഞിരപ്പള്ളിയുടെ മാത്രമല്ല, കിഴക്കൻ മേഖലയുടെ ഈ പ്രശ്നത്തിന് അടിയന്തര പരിഹാരമുണ്ടാക്കണം.

മറ്റൊരു കാര്യംകൂടി സൂചിപ്പിക്കാനുള്ളത്, ലാൻഡ് അസ്സെസ്മെന്റ് കമ്മിറ്റികൾ പല സ്ഥലങ്ങളിലും റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടില്ല എന്നുള്ളതാണ്. അതുകൊണ്ടുതന്നെ കഴിഞ്ഞ കാലത്തെ കമ്മിറ്റികളുടെ കാലാവധി കഴിഞ്ഞശേഷം, പട്ടയം കൊടുക്കുന്ന കാര്യത്തിൽ ഒത്തിരി തടസ്സങ്ങൾ അതുമായി ബന്ധപ്പെട്ട് നിൽക്കുന്നുണ്ട്. കോട്ടയം ജില്ലയിലേതുൾപ്പെടെയുള്ള ലാൻഡ് അസ്സെസ്മെന്റ് കമ്മിറ്റികൾ അടിയന്തരമായി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുകയാണ്. ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി അനുകൂലിക്കുകയാണ്. ലോകചരിത്രത്തിന്റെ നെറുകയിൽ തിലകച്ചാർത്തായി

മാറിയ കൊച്ചുകേരളത്തിന്റെ ആദ്യ സർക്കാരിന്റെ 60-ാം വാർഷികം ആഘോഷിക്കുന്ന വേളയാണിത്. അന്നത്തെ ഗവൺമെന്റ് സ്വീകരിച്ച നടപടികളാണ് കേരളത്തിൽ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചതെന്ന് ഇന്ന് എല്ലാവരും അംഗീകരിക്കുകയാണ്. എന്നാൽ ആ സർക്കാരിന് വന്ന വിധിയെന്താണ്; ജനാധിപത്യം തങ്ങൾക്ക് അനുകൂലമല്ലെന്ന് കാണുമ്പോഴൊക്കെ തങ്ങളുടെ സംസ്കാരത്തിൽ ഉൾച്ചേർത്ത സ്വേച്ഛാധിപത്യ പ്രവണത പുറത്തു കാണിക്കാൻ മടിയില്ലാത്ത കോൺഗ്രസ് അന്ന് ആ സർക്കാരിനെ പിരിച്ചുവിടുകയാണ് ചെയ്തത്. എങ്കിലും ചുരുങ്ങിയ നാളുകൾകൊണ്ട് ആ സർക്കാർ കേരളത്തിന്റെ നിരവധി അടിസ്ഥാന പ്രശ്നങ്ങൾക്ക് മാറ്റത്തിന്റെ തുടക്കം കുറിച്ചുവെന്നുള്ളത് നമ്മൾ കണ്ടതാണ്. ആ സർക്കാരിനെ പിരിച്ചുവിടാൻ പിന്നീട് ചരിത്രം തള്ളിപ്പറഞ്ഞ, കോൺഗ്രസ്സിന്റെ നേതാക്കന്മാർ തള്ളിപ്പറഞ്ഞ വിമോചന സമരം സംഘടിപ്പിക്കുകയാണ് ചെയ്തത്. 'നമ്മൾ കൊയ്യും വയലുകളെല്ലാം നമ്മുടേതാകും പൈങ്കിളിയെ' എന്ന് ഇവിടെ ബഹുമാന്യനായ പി. ഉബൈദുള്ള പാടുകയുണ്ടായി. അത് നിസ്വവർഗ്ഗത്തിന്റെ മോഹമായിരുന്നു. ചോര കിനിയുന്ന സമരങ്ങളിലെ മുദ്രാവാക്യമായിരുന്നു. അത് സഫലീകരിക്കാൻ ആ വർഗ്ഗത്തോട് ഇനി നിങ്ങൾ കുടിയിറങ്ങേണ്ട എന്നുപറയാൻ അന്നത്തെ സർക്കാരിന് കഴിഞ്ഞുവെന്നുള്ളതാണ് ഏറ്റവും വലിയ നേട്ടം. നടന്നുപോകുമ്പോൾ ഉടുമുണ്ടിൽ ഒരു ഓണപ്പുല്ല് കോർത്താൽ അതുപോലും സ്വന്തമായി കാണാൻ കഴിയാത്ത ഒരു വർഗ്ഗത്തോടാണ് 'നിങ്ങളുടെ കിടപ്പാടങ്ങളിൽ കിടക്കാനുള്ള അവകാശം നിങ്ങൾക്കുണ്ടെന്ന് നിയമംമൂലം സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞത്. ആ സർക്കാരിനെയാണ് മതചിഹ്നങ്ങളെ തെരുവിലിറക്കി കോപ്രായങ്ങൾ കാണിച്ച്, സാമ്രാജ്യത്വത്തിന്റെ സഹായം കൈപ്പറ്റി വിമോചന സമരം സംഘടിപ്പിച്ച് പുറത്താക്കിയത്. സമാനമായ സാഹചര്യങ്ങൾ വളർത്തി കൊണ്ടുവരാൻ ഇപ്പോഴും പരിശ്രമിക്കുകയാണ്. ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ച് കമ്മ്യൂണിസ്റ്റുകാർക്ക് എന്നും മാനവികതയിൽ ഊന്നിയ ഒരു കാഴ്ചപ്പാടുണ്ട്. ആ കാഴ്ചപ്പാട് 1957-ലും 2017-ലുമുണ്ട്. അതുകൊണ്ടാണ് ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നത്. അതുകൊണ്ടാണ് ഇന്നും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭൂമി കൈമാറ്റങ്ങൾ ഒഴിവാക്കുമെന്ന് പ്രഖ്യാപിക്കുന്നത്. സർക്കാരിന് കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടുപോയി എന്ന് വല്ലാതെ വേവലാതിപ്പെടുകയാണ്. എന്ത് അടിസ്ഥാനത്തിലാണ് ഇത് പറയുന്നത്; ഭൂമി കയ്യേറ്റം ഒഴിപ്പിക്കുമെന്ന് പറയുന്നതിൽ മുഖ്യമന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കും അഭിപ്രായ വ്യത്യാസമുണ്ടോ; കുടിയേറ്റവും കയ്യേറ്റവും രണ്ടായി കാണണമെന്ന് പറയുന്നതിൽ റവന്യൂ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും അഭിപ്രായ വ്യത്യാസമുണ്ടോ; പിന്നെ എവിടെയാണ് കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടു എന്ന് പറയുന്നത്; ഇടുക്കിയിലെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ ആ പ്രദേശത്തെ

നേതാക്കന്മാർ ചില കാര്യങ്ങളിൽ പ്രതികരിച്ചുവെന്ന് വരും. പക്ഷേ സർക്കാർ ഒരു നിലപാടെടുത്ത് മുന്നോട്ട് പോകുകയല്ലേ; ഇപ്പോഴും കയ്യേറ്റം ഒഴിപ്പിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഈ സർക്കാരും അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. ഇടുക്കിയിലെ, മൂന്നാറിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കും. അപ്പോൾ ആർക്കും വേദനിക്കരുത്. അതിന്റെ പേരിൽ എന്ത് സമര കോലാഹലമാണ് ഇവിടെ നടക്കുന്നത്? ഒന്നു ചോദിച്ചോട്ടെ, ബഹുമാന്യനായ എം. എം. മണിക്കെതിരെ ഒരു സമരം ശ്രീമതി ഗോമതിയുടെ നേതൃത്വത്തിൽ മൂന്നാറിൽ അരങ്ങേറി. അതിന് പറയുന്ന ആരോപണമെന്താണ്; സ്ത്രീത്വത്തെ അധിക്ഷേപിച്ചു വെന്നാണ് പറയുന്നത്. സ്ത്രീത്വത്തെ അധിക്ഷേപിച്ചുവെന്ന് പറയുമ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എവിടെയെങ്കിലുമത് സൂചിപ്പിച്ചിട്ടുണ്ടോ; ഒന്ന് നോക്കണ്ടേ; അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഫുൾ ടെക്സ്റ്റ് ഈയാഴ്ചയിലെ കലാകൗമുദിയിൽ വന്നിട്ടുണ്ട്. അതിലെ പ്രസക്ത ഭാഗം വായിച്ചാൽ അത് മനസ്സിലാകുമല്ലോ; അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ് 'പണ്ട് സുരേഷ് കുമാർ വന്നിട്ട് കള്ളുകുടി, കെയ്സ് കണക്കിനായിരുന്നു ബ്രാൻഡി, പഴയ നമ്മുടെ പൂച്ച, ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ കുടിയും സകല പണിയുമുണ്ടായിരുന്നു. പെമ്പിളൈ ഒരുമൈ നടന്നു. അന്നും കുടിയും സകല വൃത്തികേടും നടന്നിട്ടുണ്ട്, അവിടെ മനസ്സിലായില്ലേ; അടുത്തുള്ള കാട്ടിലായിരുന്നു പണിയെന്ന്'. പെമ്പിളൈ ഒരുമൈ സമരമെന്ന് പറഞ്ഞത് ആ കാലത്തെ സൂചിപ്പിക്കാൻ മാത്രമാണ്. അതിലെന്തെങ്കിലും തെറ്റിദ്ധാരണയുണ്ടെങ്കിൽ, ശ്രീ. എം. എം. മണി പറഞ്ഞല്ലോ എന്റെ പ്രസംഗത്തിൽ എന്തെങ്കിലും തരത്തിൽ തെറ്റിദ്ധാരണയുണ്ടെങ്കിലോ, ആർക്കെങ്കിലും വേദനിച്ചിട്ടുണ്ടെങ്കിലോ ഞാൻ നിർവ്യാജം ഖേദിക്കുന്നു. പ്രശ്നം അവിടെ തീരേണ്ടതല്ലേ; ഞാൻ ചോദിക്കട്ടെ, ഈ നിയമസഭയിൽ ഒരു പ്രസംഗമദ്ധ്യേ നാവ് പിഴവ് വന്നു. ആർക്കാണ്; ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണന്. കഴിഞ്ഞ ദിവസം അദ്ദേഹം പറഞ്ഞു. എന്റെ ഷുഗർ ഡൗണായതുകൊണ്ടാണ് അത് സംഭവിച്ചുപോയത്. എന്താണ് പറഞ്ഞത്; 'പൊമ്പിളൈ ഒരുമൈ' എന്ന് പറഞ്ഞുവന്നപ്പോൾ 'പെമ്പിളൈ എരുമ' ആയിമാറി. സ്ത്രീകളെ ആക്ഷേപിച്ചതാണ് എന്നുപറഞ്ഞ് ഞങ്ങളാരെങ്കിലും ബഹളമുണ്ടാക്കിയോ; ആ സമരം ആരെങ്കിലും ഏറ്റെടുത്തോ; ഇക്കാര്യങ്ങളിൽ ഒരു നീതിബോധം വേണ്ടേ; ഒരുപദേശം എനിക്കുണ്ട്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു ചോക്ലേറ്റ് എപ്പോഴും കൊണ്ടുനടക്കണം. കാരണം ഒരുപാട് തവണ അദ്ദേഹത്തിന്റെ ഷുഗർ ഡൗണായി നാവ് പിഴവിന് കേരളം സാക്ഷ്യം വഹിച്ചിട്ടുണ്ട്. എപ്പോഴും കരിക്കിൻ വെള്ളം കിട്ടുന്നതല്ല. അതുകൊണ്ട് ഒരു ചോക്ലേറ്റ് കൊണ്ടുനടക്കുന്നത് നന്നായിരിക്കും. ഇങ്ങനെയുള്ള സമരങ്ങളാണ് ഇപ്പോൾ അരങ്ങേറുന്നത്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഇപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. എം. മണിയുടെ കേസ്സിനെക്കുറിച്ചാണ് പറഞ്ഞത്. ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചതിന്റെ പേരിൽ അദ്ദേഹത്തെ കഴിഞ്ഞ സർക്കാർ ജയിലിലടച്ചു. ആ കേസ്സിൽ അദ്ദേഹത്തെ ഡിസ്ചാർജ് ചെയ്ത വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ അതിലേയ്ക്ക് വരികയാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് നാവ് പിഴച്ചുവെന്ന് ഞാൻ സമ്മതിക്കുന്നു. അന്നത്തെ ദിവസം പിഴവിന്റെ ദിവസമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നാവ് പിഴച്ചില്ലേ; ബഹുമാനപ്പെട്ട കെ. എം. മാണി സാറിന് നാവ് പിഴച്ചില്ലേ; ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ മാത്രം പറയരുത്. അന്ന് പിഴവിന്റെ ദിനമായിരുന്നുവെന്ന് പറയണം.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, അങ്ങനെ നാവ് പിഴച്ചാൽ അതിന്റെ പേരിൽ ഒരു സമര കോലാഹലം നടത്തേണ്ടതുണ്ടോ എന്നാണ് എന്റെ ചോദ്യം. ഇവിടെ സ്ത്രീത്വത്തെ ആക്ഷേപിക്കുന്ന ഒരു കാര്യവും പ്രസംഗത്തിൽ പറഞ്ഞില്ല. കുറേ ചാനലുകൾ പ്രചരിപ്പിച്ചു, അതുകൊണ്ട് എടുത്തുചാടി. ശ്രീമതി ഗോമതി എടുത്തുചാടുമ്പോൾ ശ്രീമതി ശോഭാ സുരേന്ദ്രന്റെ കൈകോർക്കാൻ കോൺഗ്രസ് നേതാവ് ശ്രീമതി ബിന്ദുകൃഷ്ണ പോകേണ്ടതുണ്ടോ; ആ സമരത്തിന്റെ പിന്നിൽ ആരുണ്ട്; ആ സമരത്തിന്റെ ഗതി ഇന്ന് എന്തായി; നിങ്ങൾ മറ്റൊരു കാര്യം കൂടി ഓർക്കണം. ഇവിടെ ബഹുമാനപ്പെട്ട പി.ടി.എ. റഹീം എം.എൽ.എ. സൂചിപ്പിച്ചതുപോലെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാവം ശ്രീ. എം.എം. മണിയെ വേട്ടയാടാൻ വേണ്ടി മണക്കാട് വൺ-ടു-ത്രീ പ്രസംഗത്തിന്റെ പേരിൽ എടുത്ത കേസ്സുണ്ടല്ലോ; അദ്ദേഹത്തെ ഇടുക്കി ജില്ലയിൽ പ്രവേശിക്കാൻ അനുവദിച്ചില്ല. ഈ സഭ അറിയണം, അദ്ദേഹത്തെ ജയിലിലിട്ടു. ആ കേസ് ഇപ്പോൾ തൊടുപുഴ കോടതിയിൽ കുറ്റപത്രം ഡിസ്ചാർജ് ചെയ്തിരിക്കുന്നു. ശ്രീ. എം. എം. മണിക്കെതിരെ കേസ്സെടുക്കാൻ ശ്രീ. പി.ടി. തോമസിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. ആ സമരം ചീറ്റിപ്പോയതുപോലെ ഇതും ചീറ്റിപ്പോകും. ഇവിടെ ഈ സർക്കാരിനോട് ക്രിയാത്മകമായി പ്രതികരിക്കുക, സഹകരിക്കുക, ക്രിയാത്മകമായി വിമർശിക്കുക എന്ന നിലപാടിൽ നിന്നുമാറി രാഷ്ട്രീയ സങ്കുചിത ലക്ഷ്യത്തോടുകൂടി ഇത്തരം സമരാഭാസങ്ങൾ സംഘടിപ്പിക്കുന്ന നിലയിലേയ്ക്ക് യു.ഡി.എഫ്. പോകുന്നു. അതാണ് എന്റെ വിമർശനം. ചരിത്രം നിങ്ങൾക്ക് മാപ്പുതരാൻ പോകുന്നില്ല. ഈ സർക്കാർ എന്താണ് ചെയ്യുന്നത്; ഭൂമി പ്രശ്നത്തിൽ

കയ്യേറ്റങ്ങൾ ഒഴിപ്പിക്കുമെന്ന് നിശ്ചയദാർഢ്യത്തോടെ പ്രഖ്യാപിക്കുന്നു. പ്രഖ്യാപനം മാത്രമല്ല അതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ച് മുന്നോട്ടു പോകുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അതുണ്ടായിരുന്നോ; അന്ന് നിങ്ങൾ കയ്യേറ്റങ്ങളെ പ്രോത്സാഹിപ്പിക്കുകയല്ലേ ചെയ്തത്. അവസാന കാലത്തെ സി.ആന്റ്.എ.ജി. റിപ്പോർട്ട് നമ്മുടെ മുമ്പിൽ വന്നതല്ലേ; ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. മെത്രാൻ കായലിന്റെ കാര്യം കട്ടുംവെട്ട് വെട്ടുകയല്ലേ ചെയ്തത്. ആ വ്യത്യാസം മനസ്സിലാക്കാൻ സാധിക്കണം.

ബി.ജെ.പി. കൂട്ടുണ്ടെന്ന് പറഞ്ഞ് എന്ത് സമരാഭാസങ്ങളിലേയ്ക്കും വരാൻ മുതിരരുതെന്നാണ് യു.ഡി.എഫ്.-നോട്, ഞങ്ങൾക്ക് നിർദ്ദേശിക്കാനുള്ളത്. നന്നായാൽ കൊള്ളാം. അത് മുസ്ലീംലീഗിനും ബാധകമാണ്.

മറ്റൊരു കാര്യം പറയാനുള്ളത്, ദേവസ്വം ബോർഡിനെ സംബന്ധിച്ചാണ്. ദേവസ്വം ബോർഡിന്റെ ഭരണം സുതാര്യമായി, അഴിമതി രഹിതമായി മുന്നോട്ടുപോകുകയാണ്. ഇത് മനസ്സിലാക്കണമെങ്കിൽ കഴിഞ്ഞ കാലത്ത് നടന്നതെന്താണെന്നുകൂടി പരിശോധിക്കേണ്ടതുണ്ട്. വിശ്വാസത്തിന്റെ വിശുദ്ധി കാത്തുസൂക്ഷിക്കാൻ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരേണ്ട സ്ഥിതിയാണുള്ളത്. ശബരിമല തീർത്ഥാടന കാലത്ത് മുഖ്യമന്ത്രിയും ദേവസ്വം വകുപ്പുമന്ത്രിയും പല പ്രാവശ്യം ശബരിമലയിൽ പോയില്ലേ; നന്നായി പ്ലാൻ ചെയ്തില്ലേ; കാര്യങ്ങളെല്ലാം ഭംഗിയായി നടന്നില്ലേ; മനോഹരമായി ആ തീർത്ഥാടന കാലയളവ് പൂർത്തിയാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. എന്നാൽ ദേവസ്വം ബോർഡ് പ്രസിഡന്റ് വർഗ്ഗീയ വിഷം ചുരത്തുന്ന പ്രസംഗങ്ങൾ നടത്തുകയാണ്. മതസ്ഥാപനങ്ങളിൽ പഠനത്തിന് പോകുന്നവർ മാത്രം ആരാധനാലയങ്ങളിൽ വന്നാൽ മതിയെന്ന് പ്രസ്താവിക്കുകയാണ്. ദേവസ്വം ബോർഡ് സെക്രട്ടറിയുടെ രാഷ്ട്രീയ ബന്ധമൊക്കെ എല്ലാവർക്കുമറിയാവുന്നതാണ്. അദ്ദേഹം കാണിക്കുന്ന അഴിമതികൾ വിജിലൻസ് അന്വേഷണത്തിലാണ്. ഇക്കാര്യത്തിൽ വളരെ ശക്തമായ നടപടികൾ എടുക്കണമെന്നാണ് ഞങ്ങൾക്ക് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയോട് ആവശ്യപ്പെടാനുള്ളത്. ദേവസ്വം വകുപ്പുമന്ത്രി ഊർജ്ജസ്വലമായ നേതൃത്വം കൊടുക്കുകയാണ്. ഒരു കഥയാണ് ഓർത്തുപോകുന്നത്. ആദാമിന്റെ മകൻ അബുവിന്റെ കഥ നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. പരോപകാരി, എല്ലാ നെറികേടുകൾക്കുമെതിരെ പ്രതികരിക്കുന്നയാൾ, പക്ഷെ അന്നത്തെ പൗരോഹിത്യം അദ്ദേഹത്തെ നിഷേധിയെന്നാണ് വിശേഷിപ്പിച്ചത്. സ്ഥിരമായി കർമ്മനിരതനായ അദ്ദേഹം ഒരു പകൽ അദ്ധ്വാനിച്ച് രാത്രി തളർന്ന് കിടന്നുറങ്ങുമ്പോൾ സ്വപ്നത്തിൽ മാലാഖ

വന്നു. മാലാഖയുടെ കയ്യിൽ നിവർത്തിപ്പിടിച്ച ഒരു പട്ടികയുണ്ടായിരുന്നു.

അബു : ഇതെന്താണ്?

മാലാഖ : അത് കുറെപ്പേരുടെ പേരുകളാണ്.

അബു : ആര് പറഞ്ഞിട്ട് എഴുതിയ പേരുകളാണ്?

മാലാഖ : പുരോഹിതന്മാർ പറഞ്ഞിട്ട് എഴുതിയ പേരുകളാണ്.

അബു : ആ പേരുകൾ ഒന്ന് വായിക്കാമോ?

മാലാഖ ആ പേരുകൾ വായിച്ചു. ആ പട്ടികയിൽ അബുവിന്റെ പേരില്ല. അബു ഉറങ്ങി. പിറ്റേന്നും രാവിലെ എഴുന്നേറ്റ് കർത്തവ്യനിരതനായി അബു മുന്നോട്ടുപോയി. രണ്ടാം ദിവസവും അബുവിന്റെ സ്വപ്നത്തിലേയ്ക്ക് മാലാഖ വന്നു. അപ്പോഴുമുണ്ട് ഒരു പട്ടിക.

അബു : ഇതിലെ പേരുകൾ ആര് നിർദ്ദേശിച്ചിട്ടാണ് എഴുതിയിരിക്കുന്നത്?

മാലാഖ : ഈശ്വരൻ പറഞ്ഞിട്ട്.

അബു : അതൊന്ന് വായിക്കുമോ?

മാലാഖ പേര് വായിച്ചപ്പോൾ അതിലെ ആദ്യത്തെ പേര് അബുവിന്റേതായിരുന്നു. ഞാൻ സൂചിപ്പിക്കുന്നത്, സമകാലിക കേരളത്തിൽ അങ്ങനെയൊരു മാലാഖ ഇറങ്ങിവന്നാൽ, വിശ്വാസത്തെ രക്ഷിക്കുവാൻ ഈശ്വരൻ പട്ടിക തയ്യാറാക്കിയാൽ അതിലെ ആദ്യത്തെ പേര് ശ്രീ. കടകംപള്ളി സുരേന്ദ്രന്റേതായിരിക്കും. ചരിത്രപരവും വൈരുദ്ധ്യാത്മകവുമായ ഭൗതികവാദത്തിൽ വിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റുകാർ വേണം കുരിശിന് സംരക്ഷണം കൊടുക്കാൻ, വിശ്വാസങ്ങൾക്ക് സംരക്ഷണം കൊടുക്കാൻ, പ്രാർത്ഥനയ്ക്ക് സംരക്ഷണം കൊടുക്കാൻ, തീർത്ഥത്തിന് സംരക്ഷണം കൊടുക്കാൻ.

മറ്റൊരു കാര്യംകൂടി പറയാതെ പോകുന്നത് ശരിയല്ല. നമുക്കൊക്കെ സുപരിചിതമായ ഒരു പാട്ടുണ്ട്,

"പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്

മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല." - ഈ കേരളത്തിൽ ഒരു കവിക്കും ഇനി അങ്ങനെ പാടേണ്ടി വരില്ല. ഈ സർക്കാർ 14 ജില്ലകളിലെയും ഭവനരഹിതരായ മുഴുവൻ ആളുകൾക്കും ഭവനസമുച്ചയം നിർമ്മിച്ചുകൊടുക്കാൻ പോകുകയാണ്. എങ്ങനെ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കാതിരിക്കും. ധനാഭ്യർത്ഥനയെ ആവർത്തിച്ച് പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ബഹുമാനപ്പെട്ട ഡി. കെ. മുരളി പറഞ്ഞ ഒരു കാര്യമുണ്ട്, ദേവസ്വം ബോർഡ്. ഇക്കാര്യം കൊട്ടാരക്കര എം.എൽ.എ.-യുമായി സംസാരിച്ചിരുന്നു. നിയമപ്രകാരം ദേവസ്വം ബോർഡ് പ്രസിഡന്റിനെ മാറ്റില്ലെങ്കിലും മാറ്റാൻ വല്ല നിയമവും ഉണ്ടോ എന്ന് നോക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും 6 മന്ത്രിമാരും പങ്കെടുത്ത യോഗത്തിൽ ഞാനും പങ്കെടുത്തതാണ്. മുഖ്യമന്ത്രി വളരെ മാന്യമായി ശബരിമല തീർത്ഥാടനം എങ്ങനെ നല്ല രീതിയിൽ നടത്താമെന്നതിനെപ്പറ്റി അഭിപ്രായം പറഞ്ഞപ്പോൾ ഹാലിളകി വട്ടന്മാരെപ്പോലെയാണ് ദേവസ്വം ബോർഡ് പ്രസിഡന്റ് സംസാരിച്ചത്. നിങ്ങൾക്ക് എന്തുപറ്റിയെന്ന് അവിടെവച്ചു തന്നെ ഞാൻ ചോദിക്കുകയും ചെയ്തതാണ്. എന്റെ അടുത്താണ് ഇരുന്നത്. അതുകൊണ്ട് ദേവസ്വം ബോർഡ് പ്രസിഡന്റായാൽ ലോകം അയാളുടേതാണെന്ന് കണ്ടുകഴിഞ്ഞാൽ ശബരിമല ശാസ്താവ് അയാളുടേതാണെന്ന് തോന്നും. ശബരിമല ശാസ്താവിന്റെ അയൽവാസി ഞാനാണ്. അതുകൊണ്ട് പറയുകയാണ്. വല്ല നിയമവും ഉണ്ടെങ്കിൽ അദ്ദേഹത്തെ മാറ്റണം. അധികം താമസമില്ല. പക്ഷെ, ദേവസ്വം ബോർഡ് വേറൊരു കാര്യംകൂടി ആലോചിക്കണം. മകരജ്യോതിയും മകരവിളക്കുമുണ്ട്. മകരജ്യോതിയെന്ന് പറയുന്നത് നക്ഷത്രം തെളിഞ്ഞു വരുന്നതാണ്. വിശ്വാസപരമായി അത് കാണാനുമുണ്ട്. ഞാൻ കണ്ടിട്ടില്ല. മകരവിളക്കെന്ന് പറയുന്നത് 1950 വരെ പാവപ്പെട്ട ആദിവാസി കുടുംബങ്ങൾ തെളിയിച്ചിരുന്നതാണ്. ആ മകരവിളക്ക് ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുംകൂടി പാവപ്പെട്ട ആദിവാസികളെ അടിച്ചോടിച്ച് സ്വന്തമായി വിളക്കുകത്തിക്കലാണ്. മര്യാദയുണ്ടെങ്കിൽ, ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രീ, നിങ്ങൾ ആ പാവപ്പെട്ട ആദിവാസികൾക്ക് ആ വിളക്ക് തെളിയിക്കാനുള്ള അവകാശം, അതിന്റെ സൈഡിലൊന്ന് പിടിക്കാനെങ്കിലും അവരെ അനുവദിക്കണം. കൂടുതലൊന്നും വേണ്ട. അവരുടെ കയ്യിലിരുന്നതല്ലേ; നമ്മളെന്തിനാണ് ആദിവാസികളോട് പിടിച്ചുപറിക്കുന്നത്. അവർ പാവങ്ങളല്ലേ; ശബരിമല ക്ഷേത്രമുൾപ്പടെ പാവപ്പെട്ട ആദിവാസികളുടെ കേന്ദ്രമല്ലേ; ആ നീതി കാണിക്കാൻ ഇടതുപക്ഷ സർക്കാർ തയ്യാറാകുമോയെന്ന് അറിയാൻ എനിക്ക് ആഗ്രഹമുണ്ട്.

1:17 PM]

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

മറ്റൊരു കാര്യം, റവന്യൂ വകുപ്പുമന്ത്രി നല്ലവനാണ്. നിങ്ങളെപ്പോലെ പരിശുദ്ധൻ വേറെ എവിടെയുണ്ട്. പക്ഷെ നിങ്ങളൊരു കാര്യം ചെയ്യണം. ബോധവും പൊക്കണവുമുള്ള കളക്ടർമാരെ നിയമിച്ചാൽ നിങ്ങൾക്കുകൊള്ളാം.

നിങ്ങളുടെ ഏതെങ്കിലും മന്ത്രിമാരുടെയോ എം.എൽ.എ.-മാരുടെയോ ബന്ധത്തിന്റെയും സ്വന്തത്തിന്റെയും അടിസ്ഥാനത്തിൽ മണ്ണിനും ചുണ്ണാമ്പിനും കൊള്ളാത്ത കളക്ടർമാരെ നിയമിക്കുന്നത് അപമാനകരമാണ്. ഞാൻ ഒരു കളക്ടറുടെയും പേരെടുത്ത് പറയുന്നില്ല. 4 കളക്ടർമാരുടെ പേര് ഞാൻ പറയാം. പ്രത്യേകിച്ച് വളരെ മോശമായി പെരുമാറുന്ന, ഒരു കാര്യത്തിനും, മണ്ണിനും ചുണ്ണാമ്പിനും കൊള്ളാത്ത കളക്ടമാരെ നിയമിച്ചാൽ സർക്കാരിന് മോശമാണ്. ഇത് ക്യാബിനറ്റ് മന്ത്രിമാർ ചർച്ച ചെയ്യണം. വിവരമുള്ളവരെ നിയമിക്കണം. എം.എൽ.എ.-മാർ പറഞ്ഞാൽപ്പോലും കേൾക്കാത്തവരാണ്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എം.എൽ.എ.-മാരുടെ കമന്റാണ് ഞാൻ പറയുന്നത്. ഞാൻ ഇവരോടെല്ലാവരോടും സംസാരിച്ചു. അവരുടെയാരുടെയും പേര് ഞാൻ പറയുന്നില്ല. കളക്ടർമാരെ പലരെയും മാറ്റിയേ മതിയാകൂ. കളക്ടർമാർ കയറി ഭരിക്കാൻ എം.എൽ.എ. ഫണ്ട് ഇവരുടെയൊക്കെ കുടുംബസ്വത്താണോ; രണ്ട് കളക്ടർമാർ ആ പരിപാടി നടത്തിയത് എനിക്കറിയാം. അത് എന്തൊരു മോശമാണ്. അതിനുള്ള നടപടി സ്വീകരിക്കാനുള്ള മാന്യത കാണിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

അതുപോലെതന്നെ ഇവിടെ കയ്യേറ്റത്തെക്കുറിച്ച് രണ്ട് കൂട്ടരും സംസാരിക്കുന്നു. എനിക്ക് സന്തോഷമുണ്ട്. കയ്യേറ്റം ഒഴിപ്പിച്ചേ മതിയാകൂ. കയ്യേറ്റക്കാരൻ ആരാണെങ്കിലും വൻകിടക്കാരനായാലും ചെറുകിടക്കാരനായാലും ആര് കയ്യേറിയാലും ഇറക്കിവിടാനുള്ള തന്റേടം ഒരു സർക്കാരിനുണ്ടാകണം. ഒരു സംശയവും വേണ്ട. നിങ്ങൾ ഒരു നിയമസഭാ കമ്മിറ്റിയെ വയ്ക്കൂ. അവർ നേതൃത്വം കൊടുക്കട്ടെ. 1-1-1977-നുശേഷം കയ്യേറിയത് ആരായാലും അവരെ അടിച്ചിറക്കാനുള്ള ആർജ്ജവം കാണിക്കാൻ ഈ കേരളത്തിലെ ജനസമൂഹം നിങ്ങളോടൊപ്പമുണ്ട്. നിങ്ങൾ തമ്മിൽ തർക്കമുണ്ടാകരുത്. വൻകിട കയ്യേറ്റക്കാരനെ ഒഴിവാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ, അവനെ സംരക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി കുരിശും കൊണ്ടുവന്ന്, ആ കുരിശിന്റെ പേരിൽ കയ്യേറ്റം ഒഴിപ്പിക്കൽ നടപടി നിർത്തിവയ്ക്കാനുള്ള നിങ്ങളുടെ ഗൂഢാലോചന കേരളത്തിലെ ജനങ്ങൾ സംശയത്തോടുകൂടി നോക്കിക്കാണുമെന്ന് മനസ്സിലാക്കിക്കൊണ്ട് അതിൽ നിന്ന് പുറകോട്ടുപോയി. നിങ്ങളുടെ നേതാവ് ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞതുപോലെ, കയ്യേറ്റം ഒഴിപ്പിക്കണം, ഒരു തർക്കവും വേണ്ട. ആ കാര്യത്തിൽ നടപടിയുണ്ടാകണം.

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ വന്നത് ഇപ്പോഴാണ് ഞാൻ കണ്ടത്. അങ്ങയോട് ഒരപേക്ഷയുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.... പ്ലീസ്...... ശ്രീ. പി. സി. ജോർജ് 3 മിനിട്ട് കൂടുതലെടുത്തു.

ശ്രീ. പി. സി. ജോർജ്: അങ്ങയോട് പറയാനുള്ളതാണ്. മംഗലപുരം പഞ്ചായത്തിലെ മുരുക്കുംപുഴയിൽ ഞാൻ ഇന്നലെ പോയിരുന്നു. ഇരുന്നൂറോളം സ്ത്രീകൾ കരഞ്ഞുകൊണ്ട് സത്യാഗ്രഹമിരിക്കുകയാണ്. 7 വീട്ടുകാർ താമസിക്കുന്ന രണ്ട് നില കെട്ടിടത്തിന് താഴെയാണ് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റ് തുടങ്ങാൻ പോകുന്നത്. അവിടെ പള്ളിയുണ്ട്, മോസ്കുണ്ട്, ക്ഷേത്രമുണ്ട്. 7 കുടുംബങ്ങൾ താമസിക്കുകയാണ്.അങ്ങയുടെ നിയോജക മണ്ഡലത്തിൽ പ്പെട്ടതാണ്. ഞാൻ അങ്ങയോട് പറയാമെന്ന് അവരോട് പറഞ്ഞുകൊണ്ട് പറയുകയാണ്. ആ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റ് സ്ഥാപിക്കാനുള്ള നടപടി അങ്ങ് ശക്തമായി എതിർക്കണം. അതിനുള്ള ഉത്തരവ് കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു. നന്ദി.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ജനകീയ സമരങ്ങളിലൂടെ ഭൂബന്ധങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയ സംസ്ഥാനമാണ് കേരളം. ഭൂപരിഷ്കരണം ജനജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ഒട്ടേറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഭക്ഷ്യലഭ്യത, ദരിദ്ര ജനതയുടെ വിലപേശൽ കഴിവ്, രാഷ്ട്രീയ അവബോധം എന്നിവയൊക്കെ ശക്തിപ്പെടുത്താനും ജന്മിത്തം അവസാനിപ്പിക്കാനും നമുക്ക് കഴിഞ്ഞു. ഭൂ പരിഷ്കരണ സമീപനത്തിന്റെ സവിശേഷതകൊണ്ടുതന്നെ കൃഷിഭൂമി പാട്ടകൃഷിക്കാരിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു. കേരളത്തിൽ നിലനിന്നിരുന്ന ഒറ്റി, കുഴിക്കാണം, ഇറേലി ഒറ്റി, ഇറേലി പാട്ടം തുടങ്ങിയ ഭൂവുടമ ബന്ധങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തി. എന്നാൽ ഉൽപ്പാദന രംഗത്തെ തുടർ വളർച്ചയിൽ അദ്ധ്വാന ശക്തികളേയും ചെറുകിട ഉൽപ്പാദക സംരംഭങ്ങളേയും വളർത്താൻ നമുക്ക് കഴിഞ്ഞില്ല. ആ വഴിക്കുള്ള നീക്കമാണ് ഇന്ന് കേരളത്തിലെ ഇടതുപക്ഷ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ ഭൂമിക്ക് നേരെയുള്ള കയ്യേറ്റങ്ങൾ കൂടിക്കൂടി വരികയാണ്. വനനശീകരണം, പാടം നികത്തൽ, പ്രകൃതിവിഭവങ്ങളുടെ അമിത ചൂഷണം, അവയുടെ കച്ചവടം ഇവയൊക്കെ നിയന്ത്രിക്കാൻ കഴിയാത്തതാകുന്നു. ലാഭക്കൊതിയോടെയുള്ള ഇത്തരം കടന്നാക്രമണങ്ങൾ ഭൂമിയുടെ സ്വതസിദ്ധമായ സന്തുലിതാവസ്ഥ നശിപ്പിക്കുകയാണ്. വ്യത്യസ്ത കർമ്മങ്ങൾ നിറവേറ്റുന്ന ഇക്കോ വ്യൂഹങ്ങൾ തകർന്നുപോകുകയാണ്. യു.ഡി.എഫ്.-ന്റെ അവസാന കാലത്തെ ഉത്തരവുകൾ പരിശോധിച്ചാൽ നമുക്ക് ബോധ്യമാകും ഈ വ്യൂഹങ്ങൾ

തകർത്തതിന്റെ കഥകൾ. ഇവിടെ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും ഒരു പരാമർശം ഉണ്ടാവുകയുണ്ടായി. അതിന് മറുപടിയെന്ന നിലയിൽ ഞാൻ ബഹുമാനപ്പെട്ട ആ സാമാജികനോട് പറയുകയാണ്, സഭയിൽ കഴിഞ്ഞ ദിവസം നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 180-ന്റെ ഉത്തരം ലഭ്യമാക്കി അദ്ദേഹത്തിന്റെ കയ്യിലേയ്ക്ക് കൈമാറാം. അദ്ദേഹത്തിന് അതിൽനിന്നും ഉത്തരം ലഭിക്കും. അതിൽ നേരത്തേ സൂചിപ്പിച്ച മെത്രാൻ കായലിൽ സ്വകാര്യ കമ്പനിക്ക് നെൽവയൽ നികത്താൻ അനുമതി നല്കിയത്, കടമക്കുടിയിലെ മെഡിസിറ്റി പദ്ധതി, ഹരിപ്പാട് മെഡിക്കൽ കോളേജിനായി നടത്തിയ സ്ഥലമേറ്റെടുക്കൽ, കോട്ടയം ഇടനാഴി തുടങ്ങിയ എല്ലാ പദ്ധതികൾക്കും അനുമതി നൽകിയതുമായി ബന്ധപ്പെട്ട സി.ആന്റ് എ.ജി.-യുടെ പരാമർശം പുറത്തുവന്നു. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെയും ഭൂപതിവ് നിയമത്തിന്റെയും ഭൂപരിധി നിയമത്തിന്റെയും നഗ്നമായ ലംഘനമാണെന്നാണ് സി.ആന്റ് എ.ജി. അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിനെ കുറ്റപ്പെടുത്തിക്കൊണ്ട് പരാമർശിച്ചത്. അതിനെല്ലാം രേഖയില്ലെന്നാണ് പറയുന്നത്. നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി നിയമസഭാ രേഖയിലുണ്ട്. ഈ മാറ്റങ്ങളുടെ പുറകിൽ നമ്മുടെ ആഭ്യന്തര പരിമിതികളും നവലിബറൽ നയങ്ങൾ സൃഷ്ടിക്കുന്ന പ്രതിസന്ധികളുമുണ്ട്. അഴിമതിയും അധികാര ദുർവിനിയോഗവും സാമൂഹിക സാംസ്കാരിക തകർച്ചയും ഭീകരമായി നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. ഇതിനെതിരെ യോജിച്ച് അണിനിരക്കേണ്ട ജനങ്ങളെ ജാതിയുടെയും മതത്തിന്റെയും സമുദായത്തിന്റെയും പേരിൽ പുതിയ മതിൽക്കെട്ടുകൾ സൃഷ്ടിച്ച് അതിനകത്ത് തളച്ചിടാനാണ് ചില സങ്കുചിത ശക്തികൾ പരിശ്രമിക്കുന്നത്. നവകേരള നിർമ്മിതി അഥവാ പുതിയ ഒരു കേരളം സൃഷ്ടിക്കുകയെന്നത് ലളിതവും സുഖകരവുമാണെന്ന് ഇടതുപക്ഷമുന്നണി പ്രവർത്തകർ കരുതുന്നില്ല. കേരളത്തിന്റെ പുരോഗതിയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, വികേന്ദ്രീകരണം തുടങ്ങിയ എല്ലാ മേഖലകളിലും പ്രതിലോമപരമായ പ്രവർത്തനങ്ങൾ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനെ നേരിട്ട് വേണം ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഒരു പുതിയ കേരളം നമ്മുടെ സംസ്ഥാനത്ത് രൂപപ്പെടുത്തുവാൻ. ഈ ചൂതാട്ടത്തിലെ ഒരു കരു മാത്രമാണ് ഭൂമിയെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഭൂമിയെ അതിന്റെ പാരിസ്ഥിതിക ജൈവിക ഉൽപ്പാദന ധർമ്മങ്ങളിൽനിന്ന് വേർപ്പെടുത്തി വെറുമൊരു വിൽപ്പനച്ചരക്ക് മാത്രമായി കാണുന്ന സമീപനമാണുള്ളത്. സ്വകാര്യ

ലാഭത്തിനായി ഭൂമി എന്തും ചെയ്യാമെന്നായിരിക്കുന്നു. ഭൂമി ഏത് വിധത്തിലും ഉപയോഗിക്കാനുള്ള അവകാശം ഒരു പരിഷ്കൃത സമൂഹത്തിനും യോജിച്ചതല്ല. സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ഭൂവുടമസ്ഥത സ്റ്റേറ്റിൽ നിക്ഷിപ്തമാണ്. വികസിത മുതലാളിത്ത രാജ്യങ്ങളിലും ഭൂമിയിൽ ആർക്കും എന്തും ചെയ്യാനുള്ള അധികാരമില്ല. ഭൂവിനിയോഗം സാമൂഹിക നിയന്ത്രണത്തിന് വിധേയമാക്കേണ്ടതാണ്. കേരളം ഇക്കാലത്ത് നേരിടുന്ന ഭൂരിഭാഗം പ്രശ്നങ്ങളും ഭൂമിയുമായി ബന്ധപ്പെട്ടതാണ്. ഭൂമിയിലും അതിന്റെ വിഭവങ്ങളിലും സാധാരണ ജനങ്ങൾക്ക് നിയന്ത്രണ മില്ലാതായിക്കൊണ്ടിരിക്കുന്നു. കമ്പോളം കയ്യേറിത്തുടങ്ങിയതോടുകൂടി പരമ്പരാഗത ഭൂവിനിയോഗരീതി തകർന്നുപോയി. ജനങ്ങൾക്കും മറ്റ് ജീവജാലങ്ങൾക്കും സ്വതന്ത്രമായി ജീവിക്കാൻ കഴിയുന്ന ശാസ്ത്രീയമായ ഭൂവിനിയോഗരീതി നമ്മുടെ കേരളത്തിലുണ്ടാകണം. അതിനെ ലക്ഷ്യംവച്ചു കൊണ്ടുള്ള നീക്കമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാപേരുടെയും പാർപ്പിട പ്രശ്നം പരിഹരിക്കപ്പെടണം. എല്ലാ ഭൂമിയും പാർപ്പിടയോഗ്യമല്ല. പാർപ്പിടയോഗ്യമല്ലാത്ത വയലുകൾ നികത്തിയും കുന്നുകൾ നിരപ്പാക്കിയും പാർപ്പിട മേഖലയാക്കി മാറ്റുന്നത് ശാസ്ത്രീയവും പ്രായോഗികവുമല്ല. പാർപ്പിടം ഏറ്റവും അനുയോജ്യമായ മേഖലകളിലാക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭൂമി നൽകുന്നതിനായി ഭൂരഹിത കേരളത്തിന്റെ ഭാഗമായി നൽകിയ ഭൂമി പലതും ഇന്നും വാസയോഗ്യമല്ലാതായി തീർന്നിരിക്കുന്നുവെന്ന റിപ്പോർട്ടുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. 11,000 കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ല. അവർ പട്ടയത്തിനുവേണ്ടി നേട്ടോട്ടമോടുകയാണ്. നൽകാത്ത പട്ടയം ഈ സർക്കാർ നൽകുമെന്ന് വ്യക്തമാക്കി. എന്റെ മണ്ഡലത്തിൽ കഴിഞ്ഞ പ്രാവശ്യം 60 ദിവസത്തേയ്ക്ക് 500 പേർക്ക് പട്ടയം കൊടുത്തു. 60 ദിവസത്തെ പട്ടയം ഏത് നിലയിലുള്ള പട്ടയമാണെന്ന് ഞാൻ പരിശോധിച്ചു. അത് എൽ.എ. പട്ടയമല്ല. (ലാന്റ് അസൈൻമെന്റ് പട്ടയം) ഞാൻ റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞത് അത് പട്ടയമേ അല്ലെന്നാണ്. അന്ന് കേരളത്തിലെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട അടൂർ പ്രകാശാണ് ആ പട്ടയം വിതരണം ചെയ്തത്. തെരഞ്ഞെടുപ്പിനു മുമ്പ് വോട്ട് പിടിക്കാൻ നൽകിയ കാപട്യപൂർണ്ണമായ വിതരണമായിരുന്നു ആ പട്ടയമെന്ന് വ്യക്തമാക്കി. പിറ്റേ ദിവസം പട്ടയം ലഭിച്ച ആളുകൾ വില്ലേജാഫീസുകളിൽ ചെന്നപ്പോൾ വില്ലേജ് ഓഫീസർമാർ പറഞ്ഞത് ഇത് പട്ടയമേ അല്ലെന്നും ഇതിന് കരമൊടുക്കാൻ

കഴിയില്ലെന്നമാണ്. ഇതല്ലേ യു.ഡി.എഫ്. സർക്കാരിന്റെ നേതൃത്വത്തിൽ കഴിഞ്ഞ കാലയളവിൽ നടന്നത്? എല്ലാപേർക്കും പാർപ്പിടം നൽകുക എന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഉത്തരവാദിത്വമാണെന്ന് കേരളത്തിലെ മുഖ്യമന്ത്രി വ്യക്തമാക്കിയതാണ്. ഞങ്ങൾക്കുറപ്പുണ്ട് നിങ്ങൾ എത്രമാത്രം എതിർത്താലും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്ക് ഒരു മാനവികതയുണ്ട്. ഇന്നത്തെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ സർക്കാരിനെ പലതിനോടും ഉപമിക്കാൻ കഴിയും. ചരിത്രം നമ്മുടെ മുന്നിലുണ്ട്. വിപ്ലവങ്ങളുടെ ചരിത്രം പഠിക്കുമ്പോൾ ഫ്രഞ്ച് റെവല്യൂഷൻ ലോകത്ത് മാനവികത ഉയർത്തിപ്പിടിച്ച വിപ്ലവമായിരുന്നു. വിപ്ലവം പിൽക്കാലത്ത് പരാജയപ്പെട്ടുവെങ്കിലും ലോകത്തിന് ഒരു പുതിയ ദിശാബോധം നൽകാൻ കഴിഞ്ഞതായി നമുക്ക് കാണാൻ കഴിയും. അവർ ഉയർത്തിയ ലിബർട്ടി, ഇക്വാളിറ്റി, ഫ്രൈട്ടേണിറ്റി ഈ മൂന്ന് മുദ്രാവാക്യങ്ങൾ മാനവികതയിൽ ഊന്നിനിന്ന മുദ്രാവാക്യങ്ങളായിരുന്നു. അതുതന്നെയാണ് ലോകത്തിന്റെ ദിശതന്നെ മാറ്റിയ ഒരു പുതിയ ചരിത്രാനുഭവം ലോക മാനവരാശിക്ക് നൽകിയ ആ വിപ്ലവത്തിനുള്ള പ്രാധാന്യം. വിപ്ലവങ്ങളുടെ ഏറ്റവും ഉയർന്ന രൂപമായി ഫ്രഞ്ച് വിപ്ലവത്തെ നാം കാണുന്നതും മാനവികതയായിരുന്നു. മാനവികമായ മുദ്രാവാക്യങ്ങളായിരുന്നു. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ചരിത്രം പഠിക്കുമ്പോൾ ശ്രീനാരായണ പ്രസ്ഥാനത്തിന് കിട്ടിയ മാനവികമായിട്ടുള്ള മുഖവും അതുതന്നെയായിരുന്നു. അദ്ദേഹം വെറും ആദ്ധ്യാത്മിക ജീവിതം മാത്രം നയിച്ച ആളായിരുന്നില്ല. വ്യാവസായിക രംഗത്തെ അഭിവൃദ്ധിയെക്കുറിച്ച്, കാർഷിക രംഗത്തെ വളർച്ചയെക്കുറിച്ച്, വിദ്യാഭ്യാസത്തെക്കുറിച്ച് സാങ്കേതിക വിദ്യാഭ്യാസത്തെക്കുറിച്ചെല്ലാം അദ്ദേഹം പുതിയ ആശയങ്ങൾ മുന്നോട്ടുവച്ചു. അതുകൊണ്ടുതന്നെയാണ് നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രമുഖ സ്ഥാനത്തേയ്ക്ക് ശ്രീനാരായണ പ്രസ്ഥാനം ഉയർന്നുവന്നത്. കേരളത്തിൽ ജനകീയ ആസൂത്രണത്തിന്റെ രണ്ടാം ഘട്ടമാരംഭിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്ക് ഒരു മനുഷ്യമുഖമുണ്ട്, ഒരു മാനവികതയുണ്ട്. കേരളത്തിലെ പ്രതിപക്ഷം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരായി ഏതെല്ലാം നിലയിലുള്ള പ്രതിരോധങ്ങൾ സൃഷ്ടിച്ച് ആക്രമിച്ചാലും, ഇടതുമുന്നണി സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള ഈ മാനവികതയുടെ മുഖം നിങ്ങൾക്ക് തകർക്കാനാകില്ല. ആ മനുഷ്യമുഖമുള്ള, മാനവികതയുള്ള ആശയങ്ങളാണ് കേരളത്തിൽ മുന്നോട്ട് വച്ചത്. ഈ കേരളത്തെ നവീകരിക്കുന്നതിനുള്ള

പ്രവർത്തനങ്ങളാണ് ഞങ്ങൾ ആവിഷ്കരിച്ച് വരുന്നത്. കേരളത്തിൽ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളെ ഇല്ലാതാക്കാനും തമസ്കരിക്കാനുമാണ് യു.ഡി.എഫ്. പരിശ്രമിച്ചുവരുന്നത്. നിസ്സാര നാക്ക് പിഴയുടെ പേരിലോ മറ്റ് പലതിന്റെയും പേരിലോ ഈ സർക്കാരിനെ നിങ്ങൾ പ്രതിരോധിക്കാൻ ശ്രമിച്ചാൽ ഈ കേരളത്തിലെ ജനങ്ങൾ നിങ്ങളെ വിടില്ലെന്ന് ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങളെ ഉയർത്തുന്നത് ഞങ്ങളുടെ ആത്മവിശ്വാസം, ഞങ്ങളെ മുന്നോട്ട് നയിക്കുന്ന ആത്മവിശ്വാസം ഞങ്ങൾ ഉയർത്തിയിട്ടുള്ള ഈ മാനവിക മുഖമുള്ള ആശയങ്ങളാണ് എന്ന് ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് പറഞ്ഞു, ദേവസ്വം ബോർഡുകളിൽ കഴിഞ്ഞ കാലങ്ങളിൽ എന്താണ് നടന്നത്? ദേവസ്വം ബോർഡ് സെക്രട്ടറി 1.87 കോടി രൂപയുടെ അഴിമതി നടത്തി. ദൈവവിശ്വാസമുള്ള ആളാണ്, പാവപ്പെട്ടവർ കാണിക്കയിട്ട പൈസ, അതിൽ കൈയിട്ട് വാരുന്നത് ശരിയായ രീതിയാണോ? ഇത് പത്ര മാധ്യമങ്ങളിൽ വന്ന വാർത്തയാണ്. എന്റെ കയ്യിൽ തെളിവുകളൊന്നുമില്ല. 1.87 കോടി രൂപ അഴിമതി നടത്തിയെന്ന ചില പത്ര വാർത്തകൾ ഇതിനകംതന്നെ പുറത്തുവന്നിട്ടുണ്ട്. അത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതല്ലേ? കേരളത്തിൽ മലബാറിലും തിരുവിതാംകൂറിലുമായി പല ക്ഷേത്രങ്ങളുണ്ട്. ഒരു കാലത്ത് പ്രൗഢിയോടുകൂടി തലയുയർത്തി നിന്നിരുന്ന സമ്പന്നമായ ക്ഷേത്രങ്ങൾ പലതും ഇന്ന് വൈകുന്നേരങ്ങളിൽ തിരിതെളിക്കാനുള്ള വരുമാനം പോലുമില്ലാതായി മാറിയിട്ടുണ്ട്. സമ്പന്നമായ ക്ഷേത്രങ്ങളും ദരിദ്രങ്ങളായ ക്ഷേത്രങ്ങളുമുണ്ട്. ദരിദ്രങ്ങളായ ക്ഷേത്രങ്ങളെ സംരക്ഷിക്കാനുതകുന്ന ചില തീരുമാനങ്ങൾ കേരളത്തിലെ ദേവസ്വം വകുപ്പുമന്ത്രി സ്വീകരിച്ചിരിക്കുന്നുവെന്നത് ശ്ലാഘനീയമാണ്. കേരളത്തിലെ വിശ്വാസികൾ ആരുടെ കൂടെയാണ് നിൽക്കേണ്ടത്? ഈ സംസ്ഥാനത്തെ പാവപ്പെട്ട ദൈവങ്ങളെ സംരക്ഷിക്കാൻ മുന്നോട്ടുവന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. അതുകൊണ്ട് സംസ്ഥാന നവീകരണത്തിന് ഇടതുപക്ഷ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയെന്ന ബാധ്യതയാണ് ചരിത്ര നിയോഗമെന്ന നിലയിൽ കേരളത്തിലെ യു.ഡി.എഫ്.-നുള്ളത്. സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ഇവിടെ ഇടതുപക്ഷ ജനാധിപത്യ ഗവണ്മെന്റ് ഭരണത്തിൽ 12 മാസം തികയ്ക്കുമ്പോൾ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ ജലരേഖകളായി മാറുന്ന ചിത്രമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. എല്ലാം ശരിയാക്കുമെന്ന് പറഞ്ഞവർക്ക് അങ്ങനെ ശരിയാക്കാൻ സാധിക്കുന്നില്ലെന്ന് എൽ.ഡി.എഫ്.-ലെ മന്ത്രിമാർതന്നെ സമ്മതിക്കുകയാണ്. ഇവിടെ സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട ശ്രീ. ഡി. കെ. മുരളി ശ്രീ. എം. എം. മണിയുടെ പ്രസംഗത്തെ വീണ്ടും സഭയിൽ പുനരാവിഷ്കരണം ചെയ്തത് എന്തിനാണ്; അദ്ദേഹത്തെ കുത്തി നോവിക്കാനാണോ? ശ്രീ. വി. ഡി. സതീശൻ അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് ജനയുഗം പത്രം ഉയർത്തിപ്പിടിച്ച് വായിച്ചു കേൾപ്പിച്ച കാര്യങ്ങൾ തന്നെയല്ലേ ഇപ്പോൾ ശ്രീ. ഡി. കെ. മുരളിയും ഇവിടെ ആവർത്തിച്ച് ഞങ്ങളെ എല്ലാവരേയും കേൾപ്പിച്ചത്. അദ്ദേഹത്തിന്റെ പ്രസംഗം ഒരു ആദ്ധ്യാത്മിക ഉപദേശ പ്രസംഗമായിരുന്നുവെങ്കിൽ എന്തിനാണ് ബഹുമാനപ്പെട്ട സ്പീക്കർ തന്നെ ആ പ്രസംഗത്തെ തള്ളിപ്പറഞ്ഞത്; ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, നിയമ വകുപ്പുമന്ത്രി, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീമതി ടി. എൻ. സീമ, ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, സി.പി.എം.-ന്റെ നേതാക്കൻമാർ എന്നിവരെല്ലാം എന്തിനാണ് തള്ളിപ്പറഞ്ഞത്; എന്തിനാണ് പാർട്ടി അദ്ദേഹത്തെ പരസ്യമായി ശാസിച്ചത്; ശ്രീ. ഡി. കെ. മുരളിക്ക് അത് മനസ്സിലായിട്ടില്ല. അദ്ദേഹത്തിന്റെ പ്രസംഗം തെറ്റായിരുന്നു എന്നും സ്ത്രീവിരുദ്ധവും മര്യാദയ്ക്കും മാന്യതയ്ക്കും നിരക്കാത്തതുമായിരുന്നു എന്നും മനസ്സിലാക്കിയിട്ടാണ് സി.പി.ഐ(എം.) നേതൃത്വം, സി.പി.ഐ(എം.) സംസ്ഥാന സെക്രട്ടറി അദ്ദേഹത്തിനെതിരെ പരസ്യശാസന നടത്തിയതും ജനങ്ങളോടും പത്രങ്ങളോടും പരസ്യമായി പറഞ്ഞതും. അങ്ങേയ്ക്ക് മനസ്സിലായിട്ടില്ലെങ്കിൽ ആ പത്രവാർത്ത ഒന്നുകൂടി വായിക്കണം. സമയക്കുറവു കൊണ്ട് ഞാൻ അക്കാര്യത്തിലേയ്ക്ക് കടക്കുന്നില്ല.

മൂന്നാറിലെ റവന്യൂ ഭൂമി മാത്രമല്ല, റവന്യൂ വകുപ്പിനെതന്നെ സി.പി.എം. കയ്യേറിയിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടല്ലേ മന്ത്രിമാർതന്നെ സബ്കളക്ടറോടും കളക്ടറോടും ഭീഷണിയുടെ വാക്കുകളുതിർക്കുന്നത്. കാൽ തല്ലിയൊടിക്കും കളക്ടറേയും സബ്കളക്ടറേയും ഊളമ്പാറയ്ക്കയയ്ക്കണം എന്നിങ്ങനെയാണ് പറയുന്നത്. എം.എൽ.എ. എന്താണ് പറഞ്ഞത്; 'കളക്ടറെ നാലു കാലിൽ ഞങ്ങൾ മടക്കി അയയ്ക്കും' എന്നുപറയുമ്പോൾ മൂന്നാറിലെ കയ്യേറ്റ ഭൂമി സംരക്ഷിക്കുന്നതിന്റെ ഭാഗമായി സി.പി.ഐ.-യുടെ വകുപ്പിൽ തന്നെ കയ്യേറി സി.പി.ഐ.-യെ ഒറ്റപ്പെടുത്താൻ പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദ്യോഗസ്ഥരെ തലങ്ങും വിലങ്ങും സ്ഥലം മാറ്റി തട്ടിക്കളിക്കുകയാണ്. ഡി.ജി.പി.-യെ സ്ഥലം മാറ്റിയത് മാത്രമല്ല. അക്കാര്യം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി വന്നിട്ടും നടപ്പിലാക്കുന്നില്ല. കൊല്ലത്ത് പാവപ്പെട്ട ഒരു വില്ലേജ് ഓഫീസറായ പോൾ തോമസിനെ ഈ സർക്കാർ അധികാരത്തിൽവന്ന് അധികം താമസിയാതെ കാസർഗോട്ടെ മഞ്ചേശ്വരത്തേയ്ക്ക്, മറ്റു ഭാഷ സംസാരിക്കുന്ന പ്രദേശത്തേയ്ക്ക് സ്ഥലം മാറ്റി. അദ്ദേഹം ആ മനോവേദനയിൽ ആത്മഹത്യ ചെയ്തു. അത്തരത്തിൽ ഒരു ദുരവസ്ഥയുണ്ടാക്കിയ സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. പാവപ്പെട്ട സർക്കാർ, ജീവനക്കാരെ ദ്രോഹിച്ചുകൊണ്ടിരിക്കുന്ന സർക്കാർ. റവന്യൂ വകുപ്പ് സർക്കാർ ഭൂമി സംരക്ഷിക്കുന്നതിൽ പൂർണ്ണമായിട്ടും പരാജയപ്പെട്ടിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, അങ്ങ് എന്നോട് ചോദിക്കുന്നതിന് മുൻപ് എനിക്ക് അങ്ങയോടൊന്ന് ചോദിക്കാനുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയും അന്നത്തെ സർക്കാരും 12 താലൂക്കുകൾ പ്രഖ്യാപിച്ചപ്പോൾ കഴക്കൂട്ടം താലൂക്ക് പ്രഖ്യാപിക്കാൻ സാധിച്ചില്ല. തിരുവനന്തപുരത്ത് വർക്കലയിലും കാട്ടാക്കടയിലും താലൂക്ക് പ്രഖ്യാപിച്ചപ്പോൾ കഴക്കൂട്ടം താലൂക്ക് വിട്ടുപോയി. അന്ന് ശ്രീ. എം. എ. വാഹീദ് എന്റെ അടുത്ത സീറ്റിലാണ് ഇരുന്നത്. അന്ന് അങ്ങ് ജില്ലാ സെക്രട്ടറി ആയിരുന്നു. അങ്ങയുടെ നേതൃത്വത്തിലാണ് കഴക്കൂട്ടത്ത് താലൂക്ക് സമിതി രൂപീകരിച്ച് അവിടെ സമരം നടത്തിയതെന്ന് പ്രാദേശിക പത്രങ്ങൾ വായിച്ചപ്പോൾ എനിക്ക് മനസ്സിലായി. അങ്ങ് മത്സരിക്കുമ്പോഴും കഴക്കൂട്ടം താലൂക്ക് അങ്ങയുടെ പ്രകടന പത്രികയിലെ വാഗ്ദാനമായിരുന്നു. അങ്ങ് എം.എൽ.എ. ആയി, മന്ത്രിയായി. ഈ സർക്കാർ പുതിയ താലൂക്കുകൾ പ്രഖ്യാപിച്ചപ്പോൾ കഴക്കൂട്ടം താലൂക്ക് പ്രഖ്യാപിക്കാൻ കഴിയാത്തതിൽ പ്രതിഷേധിച്ച് അങ്ങ് മന്ത്രിസ്ഥാനം രാജിവയ്ക്കേണ്ട. എം.എൽ.എ. സ്ഥാനം രാജിവയ്ക്കാൻ തയ്യാറാകുമോ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മന്ത്രി സ്ഥാനം രാജി വയ്ക്കേണ്ട. എം.എൽ.എ. സ്ഥാനം രാജി വച്ചാൽ അങ്ങേയ്ക്ക് ആറ് മാസം എം.എൽ.എ. അല്ലാതെ മന്ത്രിയായി തുടരാൻ സാധിക്കും. വാഗ്ദാനം പാലിക്കാത്ത സർക്കാരും മന്ത്രിമാരുമാണ് ഇന്നിവിടെയുള്ളത്.

ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുതന്നെ പറയേണ്ടി വന്നു, മന്ത്രിമാർ പ്രസംഗിക്കുമ്പോൾ നിങ്ങൾ കയ്യടിക്കണമെന്ന്. എൽ.ഡി.എഫ്.-ന്റെ എം.എൽ.എ.-മാരോട് കേരളത്തിലെ മുഖ്യമന്ത്രി പറയുകയാണ്, ഇതുവരെ കേരളത്തിൽ ഏതെങ്കിലുമൊരു മുഖ്യമന്ത്രിക്ക് സ്വന്തം കക്ഷിയുടെ മുന്നണിയിലെ എം.എൽ.എ.-മാരോട് മന്ത്രിമാർ പ്രസംഗിക്കുമ്പോൾ കയ്യടിച്ച്

പ്രോത്സാഹിപ്പിക്കണം എന്ന് പറയേണ്ട ഒരവസ്ഥ വന്നിട്ടുണ്ടോ? ശ്രീ. പിണറായി വിജയന് മാത്രമാണ് ഈ ഒരു അവസ്ഥയുണ്ടായത്. കയ്യടി എന്നത് സ്പൊണ്ടേനിയസായി ഉണ്ടാവേണ്ടതാണ്. പ്രസംഗത്തിലെ, പ്രവർത്തനത്തിലെ, പരിപാടികളിലെ, നയങ്ങളിലെ, പെരുമാറ്റത്തിന്റെ നന്മ മനസ്സിലാക്കിക്കൊണ്ട് കയ്യടി സ്വാഭാവികമായി ഉണ്ടാകേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുപോലും കയ്യടിക്കാൻ കഴിഞ്ഞില്ല. ഇനി കയ്യടിക്കണമെങ്കിൽ എൽ.ഡി.എഫ്.-ന്റെ പാർലമെന്ററി പാർട്ടി, അതിന്റെ ചീഫ് വിപ്പ് എൽ.ഡി.എഫ്. എം.എൽ.എ.-മാർക്ക് ത്രീ ലൈൻ വിപ്പ് കൊടുക്കേണ്ടിവരും. അങ്ങനെയൊരു അവസ്ഥയാണ് ഇന്ന് കേരളത്തിൽ സംജാതമായിരിക്കുന്നത്.

ഈ സർക്കാരിന് അതിന്റെ വാഗ്ദാനങ്ങൾ പാലിക്കാൻ സാധിച്ചിട്ടില്ല എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനം അവസാനിച്ചപ്പോൾ 'മലപ്പുറത്തു കാണാം' എന്നുപറഞ്ഞാണ് ഞങ്ങൾ പിരിഞ്ഞത്. രാഷ്ട്രീയത്തിലേയ്ക്ക് വരികയാണെങ്കിൽ, മലപ്പുറം തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ സി.പി.ഐ. (എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഇത് സംസ്ഥാന ഭരണത്തെ വിലയിരുത്തുന്ന തെരഞ്ഞെടുപ്പായിരിക്കും എന്നാണ്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ മാത്രമാണ് മലപ്പുറം തെരഞ്ഞെടുപ്പ് വർഗ്ഗീയ ധ്രുവീകരണത്തിന്റെ ഭാഗമാണ് എന്നുപറഞ്ഞത്. ദേശാഭിമാനി പറഞ്ഞതെന്താണ്; എനിക്ക് പറയാനുള്ളത്, രാഷ്ട്രീയ ബോധമുണ്ടെങ്കിൽ മലപ്പുറം തെരഞ്ഞെടുപ്പിലെ ജനവിധിയെ മാനിച്ചുകൊണ്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് എം.എൽ.എ. സ്ഥാനം രാജിവച്ച വേങ്ങരയിൽ മത്സരിക്കാതിരിക്കാനുള്ള രാഷ്ട്രീയ മര്യാദയും രാഷ്ട്രീയ ഇച്ഛാശക്തിയും നിങ്ങൾ കാണിക്കണം. കാരണം ഇതിനേക്കാൾ വലിയ പ്രഹരമാണ് നിങ്ങളെ കാത്തിരിക്കുന്നത്. ഇന്ത്യാരാജ്യത്ത് ബി.ജെ.പി.-യെ എതിർക്കാൻ കോൺഗ്രസ് നേതൃത്വത്തിനാണ് സാധിക്കുക. ഇന്ത്യയിൽ ബി.ജെ.പി.-ക്ക് എതിരായി രാഷ്ട്രപതി സ്ഥാനത്തേയ്ക്ക് ഒരു പൊതു സ്ഥാനാർത്ഥിയെ നിർത്താൻ കോൺഗ്രസ് പ്രസിഡന്റ് ശ്രീമതി സോണിയാ ഗാന്ധിയും വൈസ് പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധിയും പ്രതിപക്ഷ കക്ഷി നേതാക്കൻമാരുമായി സംസാരിക്കുമ്പോൾ കേരളത്തിലെ മാർക്സിസ്റ്റുകാർ, നിയമസഭയിൽ വരുന്ന മാർക്സിസ്റ്റ് അംഗങ്ങൾ ഞങ്ങളെ ബി.ജെ.പി. വിരോധം പഠിപ്പിക്കേണ്ടതില്ല. ഞങ്ങൾക്കാണ് ഇന്ത്യാരാജ്യത്ത് ബി.ജെ.പി.-യെ എതിർക്കാൻ സാധിക്കുന്നത്. നിങ്ങളാണ് ബി.ജെ.പി.-യുമായി കൂട്ടുപിടിച്ച് കെ.ജി. മാരാർക്കുവേണ്ടി വോട്ട് പിടിച്ചത്. ഉത്തർ പ്രദേശ്, പഞ്ചാബ്, ഗോവ, മണിപ്പൂർ തെരഞ്ഞെടുപ്പുകളിൽ നിങ്ങൾ എവിടെയാണ്? ഡൽഹിയിലെ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ നിങ്ങൾ

തോറ്റിട്ടില്ല. കാരണം നിങ്ങളവിടെ മത്സരിച്ചിട്ടില്ല. മത്സരിക്കാതെ നിങ്ങൾക്ക് തോൽക്കാൻ കഴിയില്ലല്ലോ. അതുകൊണ്ടുമാത്രമാണ് നിങ്ങൾ തോൽക്കാതിരുന്നതെന്ന് മനസ്സിലാക്കിക്കൊണ്ട് ദേശീയ രാഷ്ട്രീയത്തിൽ ബി.ജെ.പി.യുടെ വർഗ്ഗീയതയെ എതിർക്കാൻ കോൺഗ്രസിനെ പിന്തുണയ്ക്കാൻ തയ്യാറാകണം എന്നുകൂടി ഉപദേശിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്ത് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായി അനുകൂലിക്കുകയാണ്. ഈ സർക്കാർ മുന്നോട്ട് വച്ച റവന്യൂ ബിൽ സംബന്ധിച്ച്, വളരെ സ്വീകാര്യമായിട്ടുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. സർക്കാരിൽ നിന്നും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അനധികൃത ഭൂമി തിരിച്ചുപിടിക്കുന്നതിനുവേണ്ടി ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. പാട്ടക്കാലാവധി കഴിഞ്ഞിട്ടും തിരിച്ചുനൽകാത്ത ഒട്ടനവധി ഭൂമി തിരിച്ചുപിടിക്കാനുള്ള ശക്തമായ നടപടി ഈ സർക്കാർ സ്വീകരിച്ചുവരികയാണ്. അർഹരായിട്ടുള്ള കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുവേണ്ട നടപടി ഈ സർക്കാർ സ്വീകരിക്കുകയാണ്. എല്ലാ ജില്ലകളിലും പട്ടയമേള സംഘടിപ്പിച്ച് ഒരു തുണ്ട് ഭൂമി പോലുമില്ലാത്ത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുകയാണ്. കേന്ദ്ര പരിസ്ഥിതി വകുപ്പ് അനുമതി നൽകിയിട്ടുള്ള ഭൂമി കണ്ടെത്ത് പട്ടയം നൽകുന്നതിനുള്ള നടപടിയും ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. പട്ടയത്തിന് അർഹതയുള്ള മേഖലകളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കാർ നിർദ്ദേശം നൽകിക്കഴിഞ്ഞു. മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് വേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാൻ ഈ ഗവൺമെന്റ് തയ്യാറാക്കി വരികയാണ്. ഹാരിസൺ മലയാളം പോലെയുള്ള കുത്തക കമ്പനികൾ ഏകദേശം 75000 ഹെക്ടർ ഭൂമിയാണ് അനധികൃതമായി കൈവശം വച്ചുവരുന്നത്. അത്തരം ഭൂമി കണ്ടുകെട്ടുന്നതിനുള്ള നടപടിയും ഈ സർക്കാർ സ്വീകരിച്ചുവരുന്നതായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. മൂന്നാറിലെ കയ്യേറ്റക്കാരെയും അതുപോലെ തന്നെ കുടിയേറ്റക്കാരെയും ഒരുപോലെ കാണാതെ, അവിടെ വർഷങ്ങളായി താമസിച്ചുവരുന്ന കുടിയേറ്റക്കാരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുകയും അനധികൃത ഭൂമി കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുവേണ്ട ശക്തമായ നടപടി സ്വീകരിക്കുമെന്ന് കേരള മുഖ്യമന്ത്രി ഈ നിയമസഭ മുൻപാകെ ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം എല്ലാ ജില്ലകളിലും പട്ടയമേള സംഘടിപ്പിക്കുന്ന കാര്യവും മുഖ്യമന്ത്രി ഈ സഭയിൽ പറയുകയുണ്ടായി. ഇതൊക്കെ സൂചിപ്പിക്കുന്നത് ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തിയോടുകൂടിയ സമീപനവും കാഴ്ചപ്പാടും ശക്തമായ

ഭരണവും തന്നെയാണെന്നുള്ളതാണ്. കേരളത്തിലെ വീടില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വീടും ഭൂമിയും കൊടുക്കുന്നതിനുള്ള നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. അത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ലൈഫ് പദ്ധതി ഈ ഗവൺമെന്റ് നടപ്പിലാക്കുന്നത്. ഇ.എം.എസ്. പാർപ്പിട പദ്ധതി എന്ന നിലയ്ക്ക് ആയിരക്കണക്കിന് കുടുംബങ്ങൾക്ക് വീടും ഭൂമിയും കൊടുക്കുന്നതിനുവേണ്ടി കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് നടപടി സ്വീകരിച്ചിരുന്നു. പക്ഷെ തുടർന്നുവന്നിട്ടുള്ള യു.ഡി.എഫ്. ഗവൺമെന്റ് അത്തരം പദ്ധതികൾ നിർത്തലാക്കുന്നതിനുള്ള നടപടിയാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. അതുമാത്രമല്ല കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഐ.എ.വൈ. ഭവന പദ്ധതി അട്ടിമറിക്കുന്ന ഒരു സമീപനവും കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഇവിടെ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഐ.എ.വൈ. പദ്ധതിക്ക് കോടിക്കണക്കിന് രൂപയാണ് കുടിശ്ശികയായി കഴിഞ്ഞ ഗവൺമെന്റ് കൊടുക്കാനുള്ളത്. ഇത്തരം കാര്യങ്ങളിലൊക്കെ വ്യക്തമായ സമീപനം സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ട് പോകുമ്പോൾ തീർച്ചയായിട്ടും ഈ ഗവൺമെന്റ് വളരെ ദിശാബോധത്തോടു കൂടി തന്നെയാണ് കേരള സമൂഹത്തെ നയിക്കുന്നത് എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. കേരള സർക്കാർ നടപ്പിലാക്കുന്ന ദേവസ്വം ബില്ലുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ നേരത്തേ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ ദേവസ്വം ബോർഡുകളിൽ നിറഞ്ഞുനിന്നിട്ടുള്ള അഴിമതി തുടച്ചു നീക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചു വരുന്നത്. നേരത്തേ സൂചിപ്പിച്ചതുപോലെ ശബരിമല വികസനവുമായി ബന്ധപ്പെട്ട് ഒട്ടനവധി വിവാദങ്ങൾ കേരളത്തിൽ നടക്കുകയുണ്ടായി. അത്തരം കാര്യങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ശബരിമല വികസനത്തിനായി 150 കോടി രൂപയുടെ ഒരു മാസ്റ്റർ പ്ലാനാണ് ഗവൺമെന്റ് തയ്യാറാക്കുന്നത്. അതോടൊപ്പം കേരളത്തിൽ അന്യാധീനപ്പെട്ട് കിടക്കുന്ന ദേവസ്വം ഭൂമികൾ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളും ദേവസ്വം ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചു വരുന്നതായി കാണാൻ കഴിയും. മൂന്നാമതായി, നിലവിലെ മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന നിയമം സമഗ്രമായി പരിഷ്കരിച്ച് ഭേദഗതി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി ദേവസ്വം ബോർഡ് ചെയ്തു വരുന്നുണ്ട്. ശബരിമലയിലേക്കുള്ള തീർത്ഥാടകരുടെ യാത്രാ വഴികളിൽ ഒട്ടനവധി ക്ഷേത്ര പരിസരങ്ങളിലായി ഇടത്താവള സമുച്ചയങ്ങൾ നിർമ്മിക്കാൻ വേണ്ടിയുള്ള നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചു വരുന്നതായി കാണാൻ കഴിയും. ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രജോലികളിലേയ്ക്കുള്ള സുതാര്യത ഉറപ്പുവരുന്നതിനുവേണ്ടിയുള്ള നടപടിയുംഗവൺമെന്റ് ഇവിടെ സ്വീകരിക്കുകയാണ്.

ഈ കാര്യങ്ങളെല്ലാം പരിശോധിക്കുമ്പോൾ വളരെ ശക്തമായ നിലപാടുകളുമായി തന്നെയാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത് എന്ന് മനസ്സിലാക്കാൻ കഴിയും. ഈ അവസരത്തിലാണ് യു.ഡി.എഫ്.-ന്റെ കക്ഷികൾ നിരന്തരമായി ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന സമീപനവുമായി മുന്നോട്ട് പോകുന്നത്. കേരള ചരിത്രം പരിശോധിക്കുമ്പോൾ കേരളത്തെ കേരളമാക്കിയതിൽ അടിസ്ഥാനപരമായിട്ടുള്ള പങ്ക് വഹിച്ചത് കേരളത്തിലെ ഇടതുപക്ഷ പാർട്ടികളും ഇടതുപക്ഷ ഗവൺമെന്റുമാണെന്നു കാണാൻ കഴിയും. കേരളത്തിൽ ആദ്യമായി അധികാരത്തിൽ വന്നിട്ടുള്ള ഇടതുപക്ഷ ഗവൺമെന്റിനെ ഒരു വിമോചന സമരത്തിൽ കൂടി പുറത്താക്കുന്നതിനു വേണ്ടിയാണ് കേരളത്തിലെ യു.ഡി.എഫ്. ശ്രമിച്ചിട്ടുള്ളതെന്ന ചരിത്രസത്യം നമുക്കെല്ലാപേർക്കും മനസ്സിലാക്കാൻ കഴിയും. കേരളത്തിലെ വിദ്യാഭ്യാസ നയം, ഭൂപരിഷ്കരണ നിയമം, 100 ശതമാനം സാക്ഷരത കൈവരിച്ച കാര്യം എന്നിങ്ങനെ ഒട്ടനവധി മാറ്റങ്ങൾക്ക് ശക്തമായ നേതൃത്വം കൊടുത്തിട്ടുള്ളത് ഈ സംസ്ഥാനത്തെ ഇടതുപക്ഷ പ്രസ്ഥാനവും ഇടതുപക്ഷ ഗവൺമെന്റുമാണെന്ന് നമുക്ക് ബോധ്യമുള്ളതാണ്. ഈ അവസരത്തിലാണ് കേരളത്തിലെ യു.ഡി.എഫ്. ഇടതുപക്ഷത്തെ എല്ലാകാര്യത്തിലും കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഇവിടെ നടന്നിട്ടുള്ള ഒട്ടനവധി കാര്യങ്ങൾ നമ്മുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടാകും. കേരള സമൂഹവും മനസ്സിലാക്കിയിട്ടുണ്ടാകും. നെൽവയൽ സംരക്ഷണ നിയമം അട്ടിമറിക്കുന്ന നടപടികൾ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഇവിടെ നടന്നിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിനും നിയമങ്ങൾ പരിരക്ഷിക്കുന്നതിനും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ആറന്മുള പോലെയുള്ള വളരെ മനോഹരമായിട്ടുള്ള വയലേലകൾ മണ്ണിട്ട് നികത്തി അവിടെ വിമാനത്താവളമുണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഈ സംസ്ഥാനത്ത് ഒരു തുണ്ട് ഭൂമി പോലുമില്ലാത്ത ഒട്ടനവധി കുടുംബങ്ങൾ ജീവിക്കുമ്പോഴാണ് മെത്രാൻ കായൽ പോലെയുള്ള ആയിരക്കണക്കിന് ഏക്കർ ഭൂമി സ്വകാര്യവ്യക്തികൾക്ക് പതിച്ചുകൊടുക്കുന്നതിന് വേണ്ടിയുള്ള നടപടി യു.ഡി.എഫ് സ്വീകരിച്ചത്. കടകംപള്ളി ഭൂമി കുംഭകോണവുമായി ബന്ധപ്പെട്ട കേസ്സും മറ്റു കാര്യങ്ങളും കോടതിയിൽ നിലനിൽക്കുകയാണ്. ഇത്തരം കാര്യങ്ങൾ യു.ഡി.എഫി.ന്റെ ദുർഭരണത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. ഭൂമി സംരക്ഷിക്കണം എന്നു പറയുമ്പോൾ, പ്ലാന്റേഷൻ ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ഒട്ടനവധി തോട്ടം മേഖലകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ആ പ്ലാന്റേഷൻ ആക്ടിൽ മാറ്റം വരുത്തി ഭൂമി തരംതിരിക്കുന്നതിനും തരംതിരിച്ച് ഭൂമി മുറിച്ച് വിൽക്കുന്നതിനും

വേണ്ടിയുള്ള ഒത്താശയൊക്കെത്തന്നെ കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ സമയത്ത് ഇവിടെ നടത്തിയിട്ടുള്ളതായും നമുക്ക് മനസ്സിലാക്കാൻ കഴിയും. തണ്ണീർത്തട നിയമം സംബന്ധിച്ച് ഒട്ടനവധി വിഷയങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. തണ്ണീർത്തട നയം പോലും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അട്ടിമറിക്കുന്ന സമീപനം നമുക്ക് കാണാൻ കഴിയും. പള്ളിവാസൽ റിസോർട്ട് കയ്യേറ്റം പോലെയുള്ള കാര്യങ്ങളും യു.ഡി.എഫ്.-ന്റെ സമയത്ത് നടന്നിട്ടുണ്ട്. ഇത്തരത്തിലുള്ള ഒട്ടനവധി കെടുകാര്യസ്ഥതയും കയ്യേറ്റങ്ങളുമൊക്കെ നടത്തിയിട്ടുള്ള ഒരു യു.ഡി.എഫ്. ഗവൺമെന്റാണ് കഴിഞ്ഞപ്രാവശ്യം കേരളം ഭരിച്ചത്. വളരെ സുതാര്യമായി, സത്യസന്ധമായി ഭരണം നടത്തുന്ന എൽ.ഡി.എഫ്. ഗവൺമെന്റിനെ കുറ്റം പറയുന്നതിനുവേണ്ടി മാത്രം യു.ഡി.എഫ് ഈ നിയമസഭയെ ഉപയോഗപ്പെടുത്തുന്നതായി നമുക്ക് കാണാൻ കഴിയും. ഈ അവസരത്തിൽ ശക്തമായ നടപടികളുമായി മുന്നോട്ട് പോകുമ്പോൾ, കേരള ഗവൺമെന്റ് മുന്നോട്ട് വയ്ക്കുന്ന എല്ലാ പദ്ധതികൾക്കും ആവശ്യമായ പിൻതുണയും മറ്റും ഉണ്ടാകണമെന്നു സൂചിപ്പിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥന ബില്ലിനെ സ്വാഗതം ചെയ്തുകൊണ്ടും എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. റവന്യൂ വകുപ്പിനെക്കുറിച്ച് പ്രധാനമായും രണ്ടു കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. ഒന്ന്, ഗവൺമെന്റിന്റെ ഭൂമി സംരക്ഷിക്കുക എന്നുള്ളതാണ്. അതോടൊപ്പം ഇനിയും ധാരാളമായി പട്ടയം ലഭിക്കാത്ത ഭൂ ഉടമകളുണ്ട്. പ്രത്യേകിച്ച് മലബാർ ഏരിയയിൽ,പാലക്കാട് ജില്ലയിൽ 20000 ആളുകൾക്ക് പട്ടയം ലഭിക്കാനുണ്ട്. മലപ്പുറം ജില്ലയിൽ 15000 ത്തോളം ആളുകൾക്കും പട്ടയം ലഭിക്കാനുണ്ട്. മുൻപ് മലപ്പുറത്ത് 28 ലാന്റ് ട്രിബ്യൂണലുകൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ രണ്ട് ലാന്റ് ട്രിബ്യൂണലുകൾ മാത്രമേ ഉള്ളൂ, ഒന്ന് തിരൂരും മറ്റൊന്ന് മഞ്ചേരിയിലും. പാലക്കാടും രണ്ടാണെന്നാണ് എന്റെ ഓർമ്മ. യഥാർത്ഥത്തിൽ ഈ ഭൂ ഉടമകളൊക്കെത്തന്നെ 100 വർഷത്തിനു മുൻപ് ഭൂ ഉടമകളായി വരികയും പഴയകാലഘട്ടത്തിൽ അന്ന് പട്ടയത്തിന് അപേക്ഷ കൊടുക്കാൻ താമസ മുണ്ടാകുകയും ചെയ്തതുകൊണ്ട് ഇപ്പോൾ അപേക്ഷ കൊടുത്ത് വേണ്ടതുപോലെ ഡിസ്പോസ് ചെയ്യാൻ കഴിയാതെ കിടക്കുകയാണ്, എല്ലാംതന്നെ 10 സെന്റ് 15 സെന്റ്, നൂറ് വർഷം മുൻപും 200 വർഷം മുൻപുമുള്ള യഥാർത്ഥ ഭൂ ഉടമകളാണ്. അവർക്കുള്ള അവകാശം എന്ന് പറയുന്നത് കാണാധാരം, മലബാർ ഏരിയയിൽ പറയുന്ന കാണപ്പാട്ടം, അതുപോലെയുള്ള പാട്ടാവകാശമാണ്. അവർക്ക് പട്ടയം കൊടുക്കുന്നതിന് സത്വര നടപടി ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗവൺമെന്റ് ഭൂമി സംരക്ഷിക്കുക എന്നുപറയുന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഗവൺമെന്റ് ഭൂമി എന്നുപറഞ്ഞാൽ ആർക്കും കയ്യേറാനുള്ള ഭൂമിയായി മാറിയിട്ടുണ്ട്. അങ്ങ് എടുക്കുന്ന നടപടികൾ വളരെ പ്രശംസനീയമാണ്. അങ്ങ് തന്റേടത്തോടുകൂടി

കാര്യങ്ങൾ മുന്നോട്ട് നീക്കുകയാണ്. പട്ടയത്തെ സംബന്ധിച്ച് പറയുമ്പോൾ അങ്ങയുടെ മുൻഗാമി ശ്രീ. കെ. ടി. ജേക്കബ്ബിനെ ഓർത്തുപോകുകയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പട്ടയം കൊടുത്തിട്ടുള്ളത് അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ.ടി ജേക്കബ്ബാണ്. ഇന്ന് അങ്ങനെ കഴിയുമോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. അന്നൊരു വ്യത്യാസമുണ്ടായിരുന്നു, അന്ന് മുഖ്യമന്ത്രി സി. അച്യുത മേനോനായിരുന്നു. മാത്രമല്ല തടസ്സങ്ങളുണ്ടെങ്കിൽ അത് നീക്കുന്നതിന് തന്റേടമുള്ള ഒരു ആഭ്യന്തര വകുപ്പുമന്ത്രി ഉണ്ടായിരുന്നത് ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദ് കോയ ആയിരുന്നു. ഇന്ന് അങ്ങും അങ്ങയുടെ ഉദ്യോഗസ്ഥരും പോകുമ്പോൾ അതിനെ തടയുന്ന പോലീസായതുകൊണ്ട് അങ്ങേയ്ക്ക് കയ്യേറ്റം തടയാൻ കഴിയുമെന്ന് തോന്നുന്നില്ല. അങ്ങയെതന്നെ എത്ര മോശമായിട്ടാണ് പറയുന്നത്, അങ്ങ് ഈ മന്ത്രിസഭയിലെ തന്നെ മാന്യന്മാരായ മന്ത്രിമാരിലൊരാളാണ്. ഞാൻ മന്ത്രിമാരെ പൊതുവേ പ്രശംസിക്കുന്ന കൂട്ടത്തിലല്ല, പ്രശംസിച്ച് കാര്യം നേടുക എന്ന ഉദ്ദേശവുമില്ല. പക്ഷേ അങ്ങയെക്കുറിച്ച് മോശമായ രീതിയിൽ ചില ആളുകൾ പറയുമ്പോൾ സ്വാഭാവികമായും അത് ഓർത്തുപോവുകയാണ്. റവന്യൂ വകുപ്പുമന്ത്രി ബുദ്ധിയില്ലാത്തവനാണെന്ന് കൂട്ടത്തിൽ നിൽക്കുന്ന ഒരു എം. എൽ. എ., പ്രതിപക്ഷ എം.എൽ.എ.- മാർ അങ്ങനെ പറയില്ല. അതുപോലെ, ഒരു മന്ത്രിക്ക് ആ പട്ടം കിട്ടിയത് അങ്ങയേയും അങ്ങയുടെ പാർട്ടിയേയും മണ്ടൻമാരെന്ന് പറഞ്ഞ് മോശക്കാരാക്കിയതുകൊണ്ടാണെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ഇതെല്ലാം ബോധപൂർവ്വമാണ്. മന്ത്രിമാരും ജനപ്രതിനിധികളും പറഞ്ഞാൽ മനസ്സിലാക്കാം, അങ്ങയുടെ വീട്ടിൽ വന്ന് ഇന്റലിജൻസിന്റെ മേധാവിയായിരുന്ന ഒരു ഡി.ജി.പി അങ്ങയോട് ചോദിച്ചത് സുനിൽ കുമാർ അല്ലേ എന്നാണ്, "അഞ്ജനമെന്നത് ഞാനറിയും, മഞ്ഞളുപോലെ വെളുത്തിട്ട്" എന്ന രീതിയിലായിരുന്നല്ലോ? യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മന്ത്രി സുനിൽ കുമറിനെയും അങ്ങയേയും അറിയില്ല. അത് ബോധപൂർവ്വമായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. ഇത് അങ്ങയുടെ പാർട്ടിയേയും മന്ത്രിമാരേയുമെല്ലാം പരിഹസിക്കുന്നതിനു വേണ്ടിയായിരുന്നു എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അങ്ങാടിയിൽനിന്നോ റെയിൽവേ സ്റ്റേഷനിൽനിന്നോ കാണുമ്പോഴല്ല, മന്ത്രിയുടെ സ്വന്തം വീട്ടിൽ വന്നിട്ട് ഭരണത്തിലേറി ഇത്രയും നാളായിട്ടാണ് ഈ ചോദ്യം. ഇതെല്ലാം അങ്ങയേയും പാർട്ടിയേയും ചെറുതാക്കുന്നതിനു വേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നു എന്നതിനുള്ള തെളിവാണ്. സി.പി.ഐ. മന്ത്രിമാർ ജനങ്ങളുടെ മർമ്മപ്രധാനമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നവരാണെങ്കിലും സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. അവർക്ക് കാറും ബംഗ്ലാവുമുണ്ടെങ്കിലും ഫൈവ് സ്റ്റാർ തടവുകാരാണെന്നാണ് എനിക്ക് തോന്നുന്നത്. കയ്യും കാലും കെട്ടിയിടപ്പെട്ടിട്ട് ഇത്രയും വലിയൊരു വകുപ്പിന് പ്രവർത്തിക്കാൻ കഴിയുമോ? ഇങ്ങനെയുള്ള പ്രത്യേക സാഹചര്യത്തിൽ അങ്ങും അങ്ങയുടെ പാർട്ടിയും കാര്യങ്ങൾ

നടപ്പിലാക്കാൻ കുറച്ചധികം പ്രയാസപ്പെടേണ്ടിവരും. മുഖ്യമന്ത്രിക്കസേരയിൽ അങ്ങയുടെ പാർട്ടിയുടെ ബഹുമാന്യനായ മുഖ്യമന്ത്രി സി. അച്യുത മേനോൻ ഇരുന്നിട്ടുണ്ട്. അങ്ങും അങ്ങയുടെ പാർട്ടിയും യു.ഡി.എഫ്.-ൽനിന്ന് അങ്ങോട്ടുപോകുമ്പോൾ ഒന്നും ഇല്ലാതെ പോയതല്ല, മുഖ്യമന്ത്രിസ്ഥാനം വലിച്ചെറിഞ്ഞ്, ഇടതുപക്ഷമാകുന്ന ആകാശ കുസുമത്തെ തേടിപ്പോയതാണ്. അവിടെ ചെന്നപ്പോഴുള്ള സ്ഥിതിയെന്താണ്? പരിഗണന ഇല്ല എന്നുമാത്രമല്ല, പരിഹാസവും പരമപുച്ഛവും മാത്രമാണ് ബാക്കിയുള്ളത്. അങ്ങയുടെയും ഉദ്യോഗസ്ഥരുടെയും കാലൊടിക്കും എന്ന് പറയുന്ന ഭരണകക്ഷിയും അതിന് ഒത്താശചെയ്യുന്ന ഭരണകൂടത്തിന്റെ മെഷിനറിയും ഉണ്ടാകുമെങ്കിൽ അങ്ങും അങ്ങയുടെ പാർട്ടിയും ഇതിനെക്കുറിച്ച് കാര്യമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊരു പ്രശ്നം, പ്രധാനമായി പറയാനുള്ളത് റീ-സർവ്വേയെക്കുറിച്ചാണ്. റീ-സർവ്വേയ്ക്ക് എപ്പോഴും തടസ്സങ്ങളാണ്, അത് അങ്ങയുടെ മാത്രം കുറവല്ല. റീ സർവ്വേ നടത്തി, ഗവൺമെന്റ് ഭൂമി, സ്വകാര്യ ഭൂമി ഇവയേതൊക്കെയാണെന്നും സ്വകാര്യഭൂമിയിലെ അവകാശം തിട്ടപ്പെടുത്തേണ്ടതും അത്യാവശ്യമാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കേരളത്തിലെ ഭൂപ്രശ്നത്തിന്റെ ഒരു പ്രധാന കാരണം സർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതാണ്. ഇപ്പോൾത്തന്നെ ടാറ്റയുടെ കൈവശമുള്ള ഭൂമി എത്രയാണെന്നുപോലും വ്യക്തതയില്ല. 133,58,000-ൽ ചില്വാനമാണ് ടാറ്റയ്ക്ക് അവകാശപ്പെട്ടത്. 2011-2012-ലെ സർവ്വേ നടപടികൾ പൂർത്തീകരിച്ച് നോട്ടിഫൈ ചെയ്യാൻ പോലും സാധിച്ചിട്ടില്ല. എന്തുകൊണ്ടാണ് കുത്തകകൾ കൈവശം വെയ്ക്കുന്ന ഭൂമിയിലേയ്ക്ക് ഇതുവരെ നമുക്ക് കടക്കാൻ കഴിയാതിരുന്നത്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശക്തമായ ചില നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. രണ്ടാമതായ കാര്യം താങ്കൾ മറുപടി പറയേണ്ടതാണ്. 1-1-1977 വരെ സുപ്രീകോടതിവിധി പ്രകാരം ഭൂമിയുടെ പ്രൊട്ടക്ഷൻ പാവപ്പെട്ട കൃഷിക്കാരനിലായിരുന്നു. പ്ലാന്റേഷൻ കാലാവധി കഴിഞ്ഞശേഷം അവർക്ക് മറ്റൊരിടത്തേയ്ക്ക് പോകാനില്ലെന്നായപ്പോൾ നാലോ അഞ്ചോ സ്ഥലത്ത് ഒരു കുടിൽ കെട്ടി താമസിക്കുന്നു. അവരെ പ്രൊട്ടക്റ്റ് ചെയ്യുക എന്നത് ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയ ഒരു സംസ്ഥാനത്തിന്റെ കടമയല്ലേ; ബാധ്യതയല്ലേ? അങ്ങയുടെ അഭിപ്രായം പറയണം.

<u>ശ്രീ. എം. ഉമ്മർ</u>: സർ എന്റെ സീറ്റൊന്ന് മാറി അപ്പുറത്തിരിക്കാൻ അവസരം തന്നാൽ ഞാൻ മറുപടി പറയാം. ഇത് ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയേണ്ടതാണ്. ഗവൺമെന്റെന്ന് പറയുന്നത് തുടർച്ചയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കയ്യേറ്റക്കാരും കുടിയേറ്റക്കാരും രണ്ടും രണ്ടാണെന്ന നയം തന്നെയാണ് ഞങ്ങളും സ്വീകരിച്ചിട്ടുള്ളത്. 1-1-1977 വരെയുള്ള കുടിയേറ്റക്കാർക്ക് പട്ടയം കൊടുക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട തിരുമാനമെടുത്തത് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ്. ഒന്നോ രണ്ടോ സെന്റ് ഭൂമിയുള്ളവരെ ഇറക്കിവിടുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. ഇക്കാര്യം യു. ഡി. എഫ്. നേരത്തേ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഗവൺമെന്റ് ഭൂമി സംരക്ഷിക്കുക എന്നത് ഗവൺമെന്റിന്റെ ബാധ്യതയാണ്. ആയതിലേക്ക് ധീരമായ നടപടിയെടുക്കുമ്പോൾ ജെ.സി.ബി. അങ്ങോട്ട് കൊണ്ടുപോകാൻ പാടില്ല എന്നുപറഞ്ഞാൽ വഴങ്ങിക്കൊടുക്കാൻ പാടില്ല. അങ്ങെടുത്ത നടപടിയ്ക്ക് ജെ.സി.ബി. വേണമെങ്കിൽ, അത് കൊണ്ടുപോകണം. എന്തായിരുന്നാലും അങ്ങയുടെ പാർട്ടിയും കേരളത്തിലെ ജനങ്ങളും ശക്തമായി കൂടെയുണ്ട് എന്ന കാര്യം മനസ്സിലാക്കി ധൈര്യമായി മുന്നോട്ടുപോകണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

റീ-സർവേ തുടങ്ങിവെച്ചിടത്തുപോലും വേണ്ടത്ര സ്റ്റാഫില്ല, ഒരു പ്രവൃത്തി ചെയ്തുതുടങ്ങുമ്പോൾ ആ സ്റ്റാഫിനെ എടുത്ത് മറുഭാഗത്ത് കൊടുക്കുകയാണ്. അതുകൊണ്ട് നിലവിലുള്ള സ്റ്റാഫിന് വേണ്ടവിധത്തിൽ പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. നന്നായി പ്രവർത്തിക്കുന്നവരെ മാറ്റുകയാണ്. റീ-സർവ്വേ പൂർത്തീകരിക്കുന്നതിനുള്ള കൃത്യമായ നടപടികളുമായി മുന്നോട്ടുപോകണം. ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം 10 മാസം എന്നത് ഹാങ്ങോവർ കഴിയേണ്ട കാലമല്ലേ; അപ്പോൾ ടേക്കോഫിന് എത്ര സമയം എടുക്കും? ടേക്കോഫ് എടുക്കുമ്പോൾത്തന്നെ തകർന്നുവിഴുന്ന സാഹചര്യം ഉണ്ടാകരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഇപ്പോഴും ഹാങ്ങോവറാണെന്നാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, പ്രധാന വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി, തന്നിൽ നിക്ഷിപ്തമായ ഉത്തരവാദിത്തം നിറവേറ്റി പട്ടയം കൊടുക്കുന്ന കാര്യത്തിൽ ധീരമായി മുന്നോട്ടുപോകണം. അങ്ങയുടെ മുൻഗാമികളെടുത്തിട്ടുള്ള നടപടിയുമായി മുന്നോട്ടുപോകണം. മലബാറിന്റെ കാര്യത്തിൽ പട്ടയം ലഭിക്കാത്ത പതിനായിരക്കണക്കിനാളുകൾ ഇനിയും അവശേഷിക്കുന്നു എന്നുപറയുന്നത് ലജ്ജാകരമാണ്. പട്ടയത്തിനായുള്ള ഒരു ലക്ഷത്തോളം വരുന്ന അപേക്ഷകൾ കേരളത്തിൽ കെട്ടിക്കിടക്കുന്നുണ്ട്. പർച്ചേസ് സർട്ടിഫിക്കറ്റാണ് ഒരു 5 ഡോക്യൂമെന്റിന്റെ കൺക്ലൂസീവായിട്ടുള്ള എവിഡൻസ്. പട്ടയം കിട്ടാത്തതിനാ5ൽ, ആ എവിഡൻസ് ഇല്ലാത്തതിനാൽ ഒരു വായ്പപോലും

കിട്ടുന്നില്ല. അതുകൊണ്ട് പണം കടമെടുക്കാൻപോലും കഴിയാതെ വിഷമിക്കുന്ന ഇവർക്കുവേണ്ടി യുദ്ധകാലാടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

ദേവസ്വവുമായി ബന്ധപ്പെട്ട ഒരു കാര്യം പറയാനുണ്ട്. മലബാർ ദേവസ്വത്തിന്റെ കീഴിൽ 1400-ൽപ്പരം ക്ഷേത്രങ്ങളുണ്ട്. ഇതിൽ സ്വന്തമായി വരുമാനമുണ്ട് എന്നുപറയാവുന്ന ക്ഷേത്രങ്ങൾ 40-ൽ താഴെയാണ്. നിങ്ങൾക്ക് നന്നായറിയാമെങ്കിലും എന്റെ നിയോജകമണ്ഡലത്തിലെ കാര്യമായതുകൊണ്ട് പറയുകയാണ്. മലബാറിലെയും തിരുവിതാംകൂറിലെയും ദേവസ്വങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്, മലബാറിലേത് സ്വതന്ത്ര ക്ഷേത്രങ്ങളായതിനാൽ നടത്തിപ്പിന് കഴിയുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ കരിക്കാട് ദേവസ്വത്തിന്റെ ക്ഷേത്രം-അത് മൂന്ന് അമ്പലങ്ങൾ കൂടിച്ചേർന്നതാണ്, ശിവക്ഷേത്രവും അയ്യപ്പക്ഷേത്രവും സുബ്രഹ്മണ്യക്ഷേത്രവും ചേർന്ന 4500-ഓളം വർഷം പഴക്കമുള്ള അതിപുരാതനമായ ക്ഷേത്രമാണ്. അവിടെ 200 ഏക്കർ ഭൂസ്വത്തുണ്ട്. എന്നിട്ടും അതിന്റെ കീഴിൽ വരുന്ന പത്തോളം ഉപക്ഷേത്രങ്ങളിലെ 31-ൽപ്പരം ജീവനക്കാർക്ക്, കഴകക്കാർക്ക് ശമ്പളം കൊടുക്കാൻ വളരെയധികം വിഷമിക്കുകയാണ്. ഇതിന് പരിഹാരം കാണണം. ദേവസ്വം ബില്ലിനകത്ത് ഭേദഗതികൾ കൊണ്ടുവരുമ്പോൾ ചെറിയ ചെറിയ ഭേദഗതികളായി അംഗങ്ങളെ കൂട്ടുക അല്ലെങ്കിൽ കുറയ്ക്കുക എന്നല്ലാതെ അടിസ്ഥാനപരമായി ഇങ്ങനെയുള്ള ക്ഷേത്രങ്ങൾ നിലനിന്നുപോകുന്നതിനും സംരക്ഷിക്കുന്നതിനും ഉതകുന്ന നടപടികൾ സ്വീകരിക്കുന്നതിനായി ഗവൺമെന്റ് കാര്യമായി ആലോചിക്കണം.

ബഹുമാനപ്പെട്ട മന്ത്രി എം.എം. മണി രാജിവെക്കണമെന്നാണ് യു.ഡി.എഫ്. ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് നല്ല കാര്യങ്ങൾ ചെയ്തിട്ട് പ്രചരിപ്പിക്കാൻ കഴിയുന്നില്ല എന്ന് പറയുന്നുണ്ടല്ലോ. രാജിവെപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ, അദ്ദേഹത്തിന് ഒരു പോസ്റ്റ് കൂടിക്കൊടുത്ത് സ്പോർട്സ്മാനാക്കി മാറ്റി നാടൻഭാഷയിൽ ഗവൺമെന്റിന്റെ നേട്ടങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ സൗകര്യമൊരുക്കണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഒരു വ്യക്തിയെ അങ്ങനെ ആക്ഷേപിക്കരുത്, അദ്ദേഹം തോട്ടം തൊഴിലാളിയായി തൊഴിലാളികളോടൊപ്പം കഴിഞ്ഞയാളാണ് അവരുടെ ഭാഷ അറിയാവുന്നവനാണ്, നിങ്ങൾ വിദ്യാസമ്പന്നരെപ്പോലെ സംസാരിക്കാനറിയില്ല. അതുകൊണ്ട് അപമാനിക്കരുത്. അത് മോശമാണ്.

ബഹളം.....

മി.ചെയർമാൻ : പ്ലീസ്......പ്ലീസ്...

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാന്യരായ സീതിഹാജിയും എം.വി. ആർ.-ഉം ഇവിടെ ഉണ്ടായിരുന്നു. അവരുടെയൊക്കെ കാലഘട്ടത്തിൽ ഈ സംവിധാനം ഉണ്ടായിരുന്നുവെങ്കിൽ എത്രപ്രാവശ്യം മാപ്പ് പറയേണ്ടി വരുമായിരുന്നു.

2.00 P.M.]

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എന്തുകൊണ്ടാണ് നിങ്ങൾ പ്രതിപക്ഷത്തും ഞങ്ങൾ ഭരണപക്ഷത്തും ആയതെന്നും ജനം എങ്ങനെയാണ് വിധി എഴുതുന്നതെന്നും ബന്ധപ്പെട്ടവർ ആലോചിക്കണം. കേരളത്തിലെ മണ്ണും പെണ്ണും യു.ഡി.എഫ്. ഭരണകാലത്ത് അപമാനിക്കപ്പെട്ടുവെന്നത് കേരളത്തിന്റെ വിധിയാണ്. ആ മണ്ണിന്റെ നന്മയും പെണ്ണിന്റെ മാനവും കേരളത്തിൽ വീണ്ടെടുക്കാനാണ് എൽ.ഡി.എഫ്.-ന് അധികാരം ലഭിച്ചത്. അത് വീണ്ടെടുക്കാനുള്ള പ്രവർത്തനമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ നടത്തുന്നത്.

കേരളത്തിലെ മണ്ണിന്റെ എല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്നൊരു വകുപ്പാണ് റവന്യൂ വകുപ്പ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്ത തെറ്റുകൾ തിരുത്തിയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. അത് തിരുത്താൻ ഒരു വർഷമോ രണ്ട് വർഷമോ ചിലപ്പോൾ അതിനപ്പുറമോ വേണ്ടിവന്നേക്കാം. ആറന്മുള വിമാനത്താവള വിഷയത്തിന്റെ പേരിൽ ഞാൻ നിയമസഭയിൽ മൂന്ന് തവണ പ്രതിപക്ഷത്തിരുന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുള്ള ഒരാളാണ്. പ്രസ്തുത വിഷയത്തിൽ അടിയന്തരപ്രമേയം കൊണ്ടുവന്നപ്പോൾ അതിനെ അനുകൂലിച്ച് ഒരു നിലപാടും സ്വീകരിച്ചിരുന്നില്ല. നിങ്ങളുടെ കൂട്ടത്തിലുള്ള ചിലർക്ക് അത്തരം കാര്യങ്ങളിൽ അനുകൂല നിലപാട് സ്വീകരിക്കണമെന്നുണ്ടായിരുന്നു. പക്ഷേ അന്നത്തെ ഭരണകൂടം അത് കൈക്കൊണ്ടില്ല. മരിച്ചുപോകുമായിരുന്ന ആറന്മുളയെ ജീവിതത്തിന്റെ നല്ല വാതിലിലേയ്ക്ക് ഗൃഹപ്രവേശം നടത്തിയത്, കതിര് കൊണ്ടുവന്നത് ഈ ഗവൺമെന്റാണ്. ഇതാണ് മെത്രാൻ കായലിലും സംഭവിച്ചിട്ടുള്ളത്. കേരളത്തിലെ ഒരുപാടിടങ്ങളിൽ നിങ്ങളുടെ കാലത്ത് നഷ്ടപ്പെട്ട നന്മയെ, നഷ്ടപ്പെട്ട കൃഷിഭൂമിയെ, നഷ്ടപ്പെട്ട മണ്ണിന്റെ അഴകിനെ, ആരോഗ്യത്തെ വീണ്ടെടുക്കാനാണ് ഈ ഗവൺമെന്റ് ശ്രമിച്ചത്. അത് എണ്ണിയെണ്ണി പറയാൻ

സമയമില്ലാത്തതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. മൂന്നാറിന്റെ കാര്യമാണ് ഇവിടെ എല്ലാവരും പറയുന്നത്. മൂന്നാറിന്റെ കാര്യത്തിൽ ഗവൺമെന്റിന് ഒരു നയമാണുള്ളത്. ആ നടപടികളുമായാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. തെക്കൻ കാശ്മീർ എന്നാണ് മൂന്നാറിനെക്കുറിച്ച് പൊതുവെ പറയുന്നത്. മൂന്നാറിന്റെ ഭംഗിയോടെയും മൂന്നാറിന്റെ എല്ലാ നന്മയോടെയും മൂന്നാറിനെ നിലനിർത്തുക എന്നത് ഈ ഗവൺമെന്റിന്റെ ബാധ്യതയാണെന്ന് മുഖ്യമന്ത്രി പലതവണ പ്രഖ്യാപിച്ചിട്ടുണ്ട്. ആ ബാധ്യതയുമായാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. തീർച്ചയായും റവന്യൂ വകുപ്പാണ് ഈ നടപടികളുമായി മുന്നോട്ട് പോകേണ്ടത്. പക്ഷേ അത് ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തിന്റെ പുറത്താണ് മുന്നോട്ടുപോകുന്നത്. എട്ട് വില്ലേജുകൾ ചേരുന്ന ഒരു വലിയ പ്രദേശത്തെയാണ് മൂന്നാർ എന്ന് പറയുന്നത്. 24-1-2010-ൽ മൂന്നാറിനെക്കുറിച്ച് കോടതി വിധിയുണ്ടായി. 2010 മുതൽ 2016 വരെ ആറ് വർഷക്കാലം, അതിൽ 5 വർഷക്കാലവും കേരളം ഭരിച്ചത് യു.ഡി.എഫ്. ആയിരുന്നു. മുതലപ്പുഴയാറിന്റെ രണ്ട് കരയിലും നിർമ്മാണ പ്രവർത്തനമൊഴിച്ച് ബാക്കി എല്ലാ വില്ലേജുകളിലും റിസോർട്ടുകൾ പണിയാമെന്നായിരുന്നു ആ വിധിയെ വ്യാഖ്യാനിച്ചത്. അക്കാലത്താണ് ചിന്നക്കനാലിലും പള്ളിവാസലിലും ധാരാളം റിസോർട്ടുകൾ കെട്ടിപ്പൊക്കിയത്. നിയമത്തെ തെറ്റായി വ്യാഖ്യാനിച്ചപ്പോഴും അന്നത്തെ ഗവൺമെന്റിന് ഇടപെടാമായിരുന്നു. 2016-ൽ പുറപ്പെടുവിച്ച മറ്റൊരു വിധിയിലൂടെയാണ് ഈ നിർമ്മാണ പ്രവർത്തനങ്ങൾ കളക്ടറുടെ മേൽനോട്ടത്തിലാണെന്നും വീണ്ടും കളക്ടറുടെ അധികാരത്തിലാണെന്നും പറഞ്ഞത്. അതിനുശേഷം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് സ്റ്റോപ്പ് മെമ്മോകൾ കൊടുത്തത്. സർക്കാരിന്റെ തീരുമാനമനുസരിച്ച്, കോടതിവിധിയിലെ നിർദ്ദേശമനുസരിച്ച്, നിയമങ്ങൾ പരിപാലിച്ച്, റവന്യൂ വകുപ്പ് സ്റ്റോപ്പ് മെമ്മോകൾ കൊടുത്തപ്പോഴാണ് ഇപ്പോൾ അവിടെ പ്രശ്നങ്ങൾ വന്നുചേർന്നിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായ തെറ്റുകൾ ആദ്യം സമ്മതിക്കണം. മൂന്നാറിലെ എട്ട് വില്ലേജുകളുടെ പേരുകൾ ഞാൻ പറയാം. ആനവിരട്ടി, ഒരു ദൈവത്തിന്റെയും പേരല്ല, പള്ളിവാസൽ, വെള്ളത്തൂവൽ, കണ്ണൻദേവൻ, ചിന്നക്കനാൽ, ബൈസൺവാലി, ശാന്തൻപാറ, ആനവിലാസം തുടങ്ങിയവയാണ്. അവിടെ പ്രകൃതിക്കാണ് ഒന്നാം സ്ഥാനം നൽകിയിരിക്കുന്നത്. മനുഷ്യന് രണ്ടാം സ്ഥാനമേയുള്ളൂ. പ്രകൃതിയാണ് ആദ്യം വന്നത്. അതായത് മാക്സിമം പ്രകൃതിക്കും മിനിമം മനുഷ്യനുമാണ് സ്ഥാനം നൽകിയിട്ടുള്ളത്. അങ്ങനെയാണെങ്കിൽ മാത്രമേ മൂന്നാർ പ്രകൃതിരമണീയമായി നിലനിൽക്കുകയുള്ളൂ.

പ്രകൃതിയിലുള്ള എല്ലാ ജീവസമൂഹത്തിനും അതിന്റെ സർവ്വ സ്വാതന്ത്ര്യവും വേണം. ഒരു തുമ്പിക്ക് പറക്കാനുള്ള സ്വാതന്ത്ര്യവും മനുഷ്യന് കുടിൽ കെട്ടി പാർക്കാനുള്ള സ്വാതന്ത്ര്യവുമേയുള്ളൂ. കേരളത്തിൽ നിയമം നടപ്പാക്കുമ്പോൾ മൂന്നാറിൽ മൂന്നാറിന്റേതായ ഭംഗിയുണ്ട്. മൂന്നാറിൽ ടൂറിസം വന്നിട്ട് കുറച്ച് കാലമേ ആയിട്ടുള്ളൂ. മൂന്നാറിൽ രണ്ടുംമൂന്നും തലമുറകളായി വന്ന് ജോലി ചെയ്തും താമസിച്ചും പരിമിതമായ സൗകര്യങ്ങളിൽ ജീവിക്കുന്ന മനുഷ്യരുമുണ്ട്. തീർച്ചയായും അവരെയും കൂടി കേരളം പരിഗണിക്കണം. രണ്ടോമൂന്നോ തലമുറകളായി നാലോ അഞ്ചോ സെന്റിൽ ജീവിക്കുന്ന, ഇപ്പോഴും പരിമിതമായ അവകാശങ്ങളിൽ ജീവിക്കുന്ന മനുഷ്യരാണ് കുടിയേറ്റക്കാർ. അവർക്ക് വേണ്ടതെല്ലാം ഈ ഗവൺമെന്റ് ചെയ്യും, ചെയ്യണം. അത് കേരളത്തിന്റെ അഭിപ്രായമാണ്, കേരള സമൂഹത്തിന്റെ അഭിപ്രായമാണ്. എന്നാൽ അവിടത്തെ കയ്യേറ്റക്കാരോട് നിർദ്ദയമായി പെരുമാറണം. അതും കേരളത്തിന്റെ പൊതു അഭിപ്രായമാണ്. ഒരു പുരാണത്തിലെ സംഭവം വിശദീകരിക്കാം. ദമയന്തിയുമായിട്ടുള്ള പ്രണയത്തിൽ നളൻ ദമയന്തിയെ വിവാഹം കഴിക്കാൻ തീരുമാനിക്കുമ്പോൾ ദേവന്മാർ മൂന്നുപേർ കൂടി ദമയന്തിയെ വിവാഹം കഴിക്കാൻ മോഹിച്ചു, ദമയന്തിയുമായി അഭ്യർത്ഥന നടത്തി. നളനെ മാത്രമേ ദമയന്തി കല്ല്യാണം കഴിക്കുവെന്ന് പറഞ്ഞു. അപ്പോൾ മൂന്ന് ദേവന്മാരും നളന്റെ വേഷത്തിൽ, ...... ദേവന്മാർക്ക് ഏത് വേഷത്തിലും നിൽക്കാം. അതാണ് അവരുടെ ഗുണമെന്ന് പറയുന്നത്. ദമയന്തി വരണമാല്യവുമായി നിൽക്കുമ്പോൾ നളന്റെ വേഷത്തിൽ നാല് നളന്മാർ വന്നുനിന്നു. എൽ.ഡി.എഫ്. ഗവൺമെന്റിനെ പോലെ ദമയന്തി ബുദ്ധിമതിയായിരുന്നു. യു.ഡി.എഫ്.-നെ പോലെയല്ല, നിങ്ങൾക്ക് തെറ്റ് സംഭവിക്കാം. ബുദ്ധിമതിയായ ദമയന്തി മുഖത്തല്ല, കാലിലാണ് നോക്കിയത്. ദേവന്മാർക്ക് പ്രത്യേകതയുണ്ട്. ദേവന്മാർ ഏത് വേഷത്തിൽ വന്നാലും ഭൂമിയിൽ തൊടാൻ പറ്റില്ല. അവർ ഭൂമിയിൽ തൊട്ടാൽ സ്വന്തം വേഷമായിപോകും. ഭൂമിയിൽ തൊട്ടുകൊണ്ട് നിൽക്കുന്ന പാദം യഥാർത്ഥ നളന്റേതാണെന്ന് മനസ്സിലാക്കിയ ദമയന്തി നളനെ വിവാഹം കഴിച്ചു. ഇവിടെ ഭൂമിയിൽ തൊട്ട് നിൽക്കുന്നത് മൂന്നാറിലെ കുടിയേറ്റക്കാരുടേതാണ്. അവിടെയുള്ള കയ്യേറ്റക്കാർ ധാരാളം കെട്ടിടങ്ങൾ കെട്ടിപ്പൊക്കി ഭൂമിയിൽ തൊടാതെ നിൽക്കുകയാണ്. അതുകൊണ്ട് ഭൂമിയിൽ തൊടാതെ നിൽക്കുന്ന, അവിടത്തുകാരല്ലാത്ത വ്യാജ നളന്മാരായി നിൽക്കുന്നവരെ പുറത്താക്കുമെന്നത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ തീരുമാനമാണ്. ഈ ഗവൺമെന്റ് അവരെ പുറത്താക്കുക തന്നെ ചെയ്യും. അവിടെ അഞ്ച് നാടെന്നറിയപ്പെടുന്ന അഞ്ച് വില്ലേജുകളുണ്ട്. അവ മറയൂർ, കാന്തല്ലൂർ,

കീഴാന്തൂർ, കൊട്ടാക്കമ്പൂർ, വട്ടവട എന്നിവയാണ്. അവിടെ നിന്നുമാണ് നമ്മളിൽ പലർക്കും പച്ചക്കറി ലഭിക്കുന്നത്. അവിടത്തെ മനുഷ്യനും ജലം വേണം. അവിടത്തെ പ്രകൃതി സൗന്ദര്യവും പ്രകൃതി രീതികളും അതിന്റെ സംവിധാനങ്ങളും നിലനിൽക്കാൻ ആവശ്യമായ കാര്യങ്ങൾ അവിടെ ചെയ്തേ മതിയാകൂ. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ പവിത്രമായ, നമുക്ക് ദാനം കിട്ടിയ, ഏറ്റവും മനോഹരമായ, തണുപ്പുള്ള, അഴകുള്ള, ആരോഗ്യമുള്ള, കേരളത്തിൽ പ്രത്യേകതരം ജീവികളും പുഷ്പങ്ങളുമുള്ള മൂന്നാർ പ്രദേശത്തെ നിലനിർത്തുക തന്നെ വേണം. നിങ്ങൾ ആറുവർഷം കൊണ്ട് തകർക്കാൻ ശ്രമിച്ചതുകൂടി തിരുത്തി പഴയ മൂന്നാറിനെ വീണ്ടെടുക്കാനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ശ്രമിക്കുന്നത്. അവിടെയാണ് പശ്ചിമഘട്ടത്തിലെ ഏറ്റവും വലിയ രണ്ട് കൊടുമുടികളുള്ളത്. തെക്കേ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ കൊടുമുടി മൂന്നാറിലെ ആനമുടിയാണ്. അവിടെയും പഴയ മനുഷ്യന്റെ ബോധമാണ് വരുന്നത്. ആന വലുതാണ്, ആ പേരാണ് കൊടുമുടിക്ക് നൽകിയിരിക്കുന്നത്. രണ്ടാമത്തെ കൊടുമുടി മീശപ്പുലി മലയാണ്. ഇതെല്ലാം അവിടെ നിലനിർത്തേണ്ടത് മനുഷ്യന്റെ പേരിൽ മാത്രമല്ല, പ്രകൃതിയുടെ ജീവസഞ്ചയത്തിന്റെയും ജീവസമൂഹത്തിന്റെയും പേരിലാണ്. മൂന്നാർ എന്നുപറയുന്നത് കുട്ടിയാർ, കന്നിമലയാർ, നല്ലതണ്ണി എന്നീ മൂന്ന് ചാലുകൾ ചേർന്ന് ഒഴുകുന്നതാണ്. പരിസ്ഥിതി കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഞാൻ നല്ലതണ്ണിയിൽ പോയിരുന്നു. അവിടെ നല്ലതണ്ണിയല്ല, കെട്ട തണ്ണിയാണുള്ളത്. ആ കെട്ട തണ്ണിയെ നല്ലതണ്ണിയായി വീണ്ടെടുത്തേ മതിയാകൂ. ഇതുമൂന്നും ചേർന്ന് ഒഴുകുമ്പോഴാണ് മുതലപ്പുഴ ആറാകുന്നത്. അതിനകത്തുള്ള മാലിന്യവും അരികിലുള്ള കയ്യേറ്റവും ഇല്ലാതാക്കി വീണ്ടെടുക്കേണ്ടതുണ്ട്. അതെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. അവിടത്തെ പാവപ്പെട്ടവന്റെയും സാധാരണക്കാരന്റെയും ജോലിക്കാരന്റെയും അവകാശങ്ങൾ കൂടി സംരക്ഷിക്കേണ്ടതുണ്ടെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒന്നുകൂടി പറയുന്നു. ഈ രണ്ട് താല്പര്യങ്ങളും സംരക്ഷിക്കണം. ഒരർത്ഥത്തിൽ ഇവരെ കൂടെനിർത്തിവേണം കയ്യേറ്റക്കാരെ ഒഴിപ്പിക്കേണ്ടത്. അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭംഗിയായി ചെയ്യും. സേവനം എന്നുപറയുന്നത് ഔദാര്യമല്ല, സേവിക്കാൻ അനുവദിക്കലാണ് ഔദാര്യം എന്ന് മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. അവിടത്തെ മനുഷ്യരെ സേവിക്കാൻ അനുവദിക്കാതിരിക്കുന്ന നിങ്ങളുടെ കാലത്തെ നടപടിയിൽനിന്ന് ആ മനുഷ്യരെ സേവിക്കാൻ അനുവദിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സത്യത്തിൽ പാവപ്പെട്ട മനുഷ്യരുടെ ഔദാര്യം തേടുകയാണ്.

സമൂഹത്തിൽ ധാരാളം കർമ്മ മണ്ഡലങ്ങൾ ഒരുങ്ങിവരുന്നുണ്ട്. ആ കർമ്മ മണ്ഡലങ്ങളിൽ ചില യോജിപ്പുകൾ ആവശ്യമാണ്. ആ യോജിപ്പാണ് തീർച്ചയായും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മൂന്നാറിനും കേരളത്തിനും വേണ്ടി നടത്തുന്നത്. മൂന്നാർ സൂചകമാകുന്നത്, സന്ദേശമാകുന്നത് കേരളത്തിൽ അവിടെ മാത്രം കയ്യേറ്റമുള്ളതുകൊണ്ടല്ല.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങ് പരിസ്ഥിതികമ്മിറ്റിയുടെ ചെയർമാനായിരുന്നു, മൂന്നാറിലെ കാര്യങ്ങളെല്ലാം അങ്ങ് നന്നായി പഠിച്ചിട്ടുമുണ്ട്. കമ്മിറ്റി റിപ്പോർട്ട് ഞാൻ വായിച്ചു. പരിസ്ഥിതി കമ്മിറ്റി ചെയർമാനെന്നുള്ള നിലയിൽ കമ്മിറ്റിയിലും ഇവിടെയും പറഞ്ഞ കാര്യങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെക്കൊണ്ട് അംഗീകരിപ്പിച്ച് നടപ്പാക്കാൻ അങ്ങ് ശ്രമിക്കുമോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: ഞാൻ പരിസ്ഥിതി കമ്മിറ്റിയുടെ ചെയർമാൻ മാത്രമാണ്. കമ്മിറ്റിയിൽ സഭയിലെ എൽ.ഡി.എഫ്., യു.ഡി.എഫ്. അംഗങ്ങളുണ്ട്. റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതോടെ അത് സഭയുടെ ഡോക്യുമെന്റായിക്കഴിഞ്ഞു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, അക്കാര്യം പരിപൂർണ്ണമായി ഉൾക്കൊള്ളിച്ചാണ് എൽ.ഡി.എഫ്. തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ തയ്യാറാക്കിയത്. കയ്യേറ്റക്കാരെ ഞങ്ങളല്ല, നിങ്ങളാണ് പ്രൊട്ടക്റ്റ് ചെയ്തത്. കയ്യേറ്റക്കാരായ ടാറ്റ, റിലയൻസ്, ഹാരിസൺ, പോബ്സൺ തുടങ്ങിയവരെ നിങ്ങളാണ് പ്രൊട്ടക്റ്റ് ചെയ്തിട്ടുള്ളത്. പോബ്സണുമായി ബന്ധപ്പെട്ട് ഞാൻ അടിയന്തര പ്രമേയം അവതരിപ്പിച്ചിട്ടുണ്ട്. രണ്ട് കുറ്റി 60 ഏക്കർ ഭൂമിക്ക് നിങ്ങൾ എൻ.ഒ.സി. കൊടുത്തില്ലേ. ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞ അതേ കാര്യങ്ങളാണ് എൽ.ഡി.എഫ്. തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: ശ്രീ. മുല്ലക്കര രത്നാകരൻ, അങ്ങയുടെ സമയം അവസാനിക്കുന്നു; പറഞ്ഞവസാനിപ്പിക്കു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: പ്രകൃതിയുടെ അമ്മയായ ഭൂമി അവളുടെ ശവക്കല്ലറ കൂടിയാണെന്ന് മഹാനായ ഷേക്സ്പിയർ പറഞ്ഞിട്ടുണ്ട്. മൂന്നാർ പ്രകൃതിയുടെ അമ്മയാണ്. തെറ്റ് കാണിച്ചാൽ അത് പ്രകൃതിയുടെ ശവക്കല്ലറ കൂടിയാകും; അങ്ങനെയാക്കരുത്. ചന്ദ്രശേഖരൻ എന്ന വാക്കിനർത്ഥം ശിവനെന്നാണ്. ശിവന് മൂന്നാം കണ്ണുണ്ട്. ആ മൂന്നാം കണ്ണുപയോഗിച്ചാണെങ്കിലും അവിടത്തെ

കയ്യേറ്റക്കാരെ താഴെയിറക്കണം അല്ലെങ്കിൽ ഭസ്മീകരിക്കണം. ശിവൻ സാധാരണ മനുഷ്യരുടെ മാത്രമല്ല, ഗോത്ര സംസ്കാരത്തിന്റെ ദൈവം കൂടിയാണ്. മൂന്നാറിലെ ഭൂമി അവിടത്തെ ആദിവാസികൾക്കും സാധാരണ മനുഷ്യനും ദളിതനും അവിടെ വന്ന് പണിയെടുത്തവനും അർഹതപ്പെട്ടതാണ്. അവരുടെ താല്പര്യങ്ങൾ സംരക്ഷിച്ച് ശിവനെപ്പോലെ, ആദിവാസി ഗോത്ര ദൈവത്തെപ്പോലെ വേണ്ടിവന്നാൽ ത്രിക്കണ്ണുകൂടി ഉപയോഗിച്ച് മൂന്നാറിനെയും കേരളത്തെയും രക്ഷിക്കാൻ അങ്ങയുടെ പദവിയും അധികാരവും ഉപയോഗപ്പെടുത്തണം എന്നഭ്യർത്ഥിച്ചുകൊണ്ടും ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ഡി. പ്രസേനൻ:</u> സർ, ഈ ഗവൺമെന്റിന്റെ എല്ലാ ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റുകളുടെ പൂർവ്വകാല ചരിത്രം ഓർമ്മപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഈ ഗവൺമെന്റ് എക്കാലത്തേയും മനുഷ്യന്റെ ജീവിത സ്വപ്നങ്ങളായ ഭൂമിയും വീടും സഫലമാക്കാൻ ജനങ്ങൾക്കൊപ്പമുണ്ടെന്നതിന്റെ നേർക്കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. തങ്ങൾക്ക് സ്വന്തമെന്ന് പറയാൻ ഒരു തുണ്ടുഭൂമി പോലുമില്ലാതിരുന്ന, രാപ്പകലില്ലാതെ അദ്ധ്വാനിച്ച് തളർന്ന് വീഴുമ്പോഴും കയറിക്കിടക്കാൻ ചെറ്റക്കുടിലുകൾ പോലുമില്ലാതിരുന്ന ഭൂരിപക്ഷം വരുന്ന മനുഷ്യന്റെ ഹൃദയഭേദകമായ പഴയ ചരിത്രം തിരുത്തിക്കുറിച്ച് നവകേരള പോരാട്ടത്തിന്റെ തേര് തെളിച്ചവരാണ് ഇടതുപക്ഷം അഥവാ ഹൃദയപക്ഷ രാഷ്ട്രീയം എന്ന് നിങ്ങളറിയണം. പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്ക് ആകാശമുണ്ട്, മനുഷ്യപുത്രന് തല ചായ്ക്കാൻ മണ്ണിലിടമില്ലെന്ന് പാട്ടുപാടേണ്ടി വന്ന കേരളീയ സമൂഹത്തിന്റെ ദുരിതമകറ്റാൻ അധികാരത്തിലേറിയ ആദ്യ ഇ.എം.എസ്. സർക്കാരിന്റെ പ്രഖ്യാപനങ്ങൾ പുതിയ നേട്ടത്തിന്റെ, പുതുമഴയുടെ വരവറിയിച്ച ഇടിമുഴക്കങ്ങളായിരുന്നു. അക്കാലംവരെ കേരളത്തെ അടക്കിവാണ ജാതിജന്മി നാടുവാഴിത്വ വ്യവസ്ഥയുടെ കോട്ടകൊത്തളങ്ങളെയെല്ലാം തകർത്തെറിഞ്ഞ ആ പെരുമഴക്കാലത്തിന്റെ തുടർച്ചയായി രൂപാന്തരപ്പെട്ട മിന്നൽപ്പിണറാണ് പിണറായി സർക്കാരെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കുടിയാന് കുടികിടപ്പ് അവകാശവും കൃഷിഭൂമി കൃഷിക്കാരനും അനാചാരങ്ങളാൽ തളക്കപ്പെട്ട ദളിതന്റെയും പിന്നോക്കക്കാരന്റെയും സാമൂഹ്യ സ്വാതന്ത്ര്യവും നേടിക്കൊടുത്ത ഇ.എം.എസ്. സർക്കാരിന്റെ നേരവകാശികളാണ് തങ്ങളെന്ന് ബോദ്ധ്യപ്പെടുത്തുന്ന വാക്കുകളാണ് ഇപ്പോൾ കേരളം കേൾക്കുന്ന പിണറായി സർക്കാരിന്റെ പ്രഖ്യാപനങ്ങൾ. ആദിവാസികളുടെയും പുറമ്പോക്ക് നിവാസികളുടെയും മണ്ണിൽ അദ്ധ്വാനിക്കുന്ന നാമമാത്ര കർഷകന്റെയും

കൂലിപ്പണിക്കാരന്റെയും ഭൂമിക്കുവേണ്ടിയുള്ള കൂട്ടക്കരച്ചിലുകൾക്ക് അന്ത്യം കുറിച്ച് അവരുടെ കണ്ണുനീരൊപ്പുന്ന ഈ സർക്കാരിന്റെ എല്ലാ നിലപാടുകൾക്കും എന്റെ ഒരായിരം പിന്തുണ പ്രഖ്യാപിക്കുകയാണ്. കേരളത്തിന് മറ്റൊരു ചരിത്രം കൂടിയുണ്ട്. ജനവിരുദ്ധതയുടേയും കിരാതവാഴ്ചയുടേയും യു.ഡി.എഫ്. ഭരണകൂടങ്ങൾ തീർത്ത കെട്ടകാലത്തിന്റെ ചരിത്രമാണത്. തങ്ങൾക്കവകാശപ്പെട്ട ഭൂമിക്കുവേണ്ടി കൂപ്പുകയ്യുമായി വന്ന ആദിവാസി സമൂഹത്തിനുനേരെ വെടിയുണ്ടയുതിർത്ത്, ജോഗിയുടെ ശവശരീരത്തെ സാക്ഷി നിർത്തി, നിങ്ങൾക്ക് ഭൂമിയില്ല, കാരാഗൃഹമാണുള്ളതെന്ന് അട്ടഹസിച്ച പഴയ യു.ഡി.എഫ് ഭരണത്തിന്റെ ശേഷിപ്പുമാത്രമായിരുന്ന കഴിഞ്ഞ യു.ഡി.എഫ്. ഭരണത്തിന്റെ ജനവിരുദ്ധ നിലപാടുകൾ എന്നതും പരമസത്യം മാത്രമാണ്. എന്നാൽ യു.ഡി.എഫുകാർ ആർക്കും ഭൂമി കൊടുത്തില്ലെന്നുള്ള അഭിപ്രായം എനിക്കില്ല. സർക്കാർ ഭൂമിയും പൊതുമേഖലാ ഭൂമിയും പുറമ്പോക്കും ഭൂമാഫിയകൾക്ക് തീറെഴുതിക്കൊടുത്ത് കോടികൾ കൈക്കലാക്കിയവരുടെ ലിസ്റ്റ് മലയാളികളുടെ മനസ്സിലുണ്ട്. അതാണ് എൽ.ഡി.എഫ്-ന്റെ വരവിന് അടിസ്ഥാനമെന്ന് നിങ്ങളറിയണം. കഴിഞ്ഞ ഭരണത്തിന്റെ അവസാന കാലത്ത് കടുംവെട്ട് വെട്ടി കാടും നാടും മുടിച്ച കേസുകൾ ഇന്ന് വിജിലൻസ് കോടതിയിലുണ്ട് എന്നുള്ളത് യു.ഡി.എഫ്. ഓർത്തുവയ്ക്കുന്നത് നല്ലതാണ്. യു.ഡി.എഫ്. പ്രഖ്യാപിച്ച 'ഭൂരഹിതരില്ലാത്ത കേരളം' എന്ന തട്ടിപ്പു പദ്ധതിയെ മറയാക്കി വൻകിടക്കാർക്ക് സർക്കാർ ഭൂമി സൗജന്യമായി പതിച്ചുനൽകി ഈ നാടിനെ വഞ്ചിച്ച കഥയാണ് നിങ്ങളോർക്കേണ്ടത്. യു.ഡി.എഫുകാർ ഭരണത്തിന്റെ അവസാന നാലുമാസക്കാലയളവിൽ മാത്രം 2500 ഏക്കർ ഭൂമിയാണ് വൻകിടക്കാർക്ക് പതിച്ചുനൽകിയത്. 2016 ജനവരി 1-നുശേഷം നൂറിലേറെ ഭൂമി കൈമാറ്റം നടത്തിയ യു.ഡി.എഫ്. ഗവൺമെന്റിന്റെ എല്ലാ നടപടികളും നിയമ വിരുദ്ധമാണെന്ന് ഇപ്പോൾ കണ്ടെത്തി കഴിഞ്ഞിരിക്കുന്നു. മുൻ റവന്യൂ വകുപ്പുമന്ത്രിയുടെ ജില്ലയായ പത്തനംതിട്ടയിലെ അടൂർ പെരിങ്ങനാട് വില്ലേജിൽ കല്ലട ഇറിഗേഷൻ പ്രോജക്ടിനായി സർക്കാർ ഏറ്റെടുത്ത 183.07 ഹെക്ടർ ഭൂമി സുപ്രീംകോടതിയുടെ വിധി കാറ്റിൽപ്പറത്തി പഴയ ഭൂവുടമകൾക്ക് തിരിച്ചുനൽകിയവർക്കുനേരെ ഞാൻ വിരൽ ചൂണ്ടണമോ? ഈ തട്ടിപ്പ് നടത്തുമ്പോൾ പത്തനംതിട്ടയിലെ ആ ഭൂവുടമകൾ ഗവൺമെന്റ് നൽകിയ ഭൂമിയുടെ അഞ്ചിരട്ടി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി സാധ്യമാക്കാൻ പാലക്കാട് ജില്ലയിൽ ഭൂമി വാങ്ങി നൽകുമെന്നാണ് നിങ്ങളുണ്ടാക്കിയ കരാറിൽ പറയുന്നത്. എവിടെപ്പോയി ആ കരാറിലെ ഭൂമി; പാലക്കാട് ജില്ലയിൽ ഒരു സെന്റ് ഭൂമിയെങ്കിലും നിങ്ങൾ ആ കരാറിലൂടെ ലഭ്യമാക്കിയിട്ടുണ്ടോ; ഇങ്ങനെയുള്ള ചോദ്യങ്ങളുയരുമ്പോൾ മറുപടി പറയാതെ എന്തെങ്കിലുമൊക്കെ വർത്തമാനം

പറഞ്ഞ് വക്രദൃഷ്ടിയിൽ വൈറലാകാൻ ജ്യോതിഷി ചമഞ്ഞ് ഈ വേദിയിൽ അട്ടഹസിക്കുന്നത് അപഹാസ്യമാണെന്ന് നിങ്ങൾ ആ മെമ്പറോട്ട പറയണം. പത്തനംതിട്ടയിലെ ഒരു വില്ലേജുതന്നെ മുക്കാൻ നോക്കിയതും ഇവരുടെ അവസാനകാലത്തെ കൂട്ടപ്പൊരിച്ചിലുകൾക്കിടയിലായിരുന്നു എന്നുള്ളത് നമ്മളോർക്കണ്ടേ? തണ്ണിത്തോട് വില്ലേജിൽ 40.47 ഏക്കർ ഭൂമി പതിച്ചുനൽകിയത് നിയമവകുപ്പിന്റെ അനുമതിയില്ലാതെയായിരുന്നു എന്നുള്ളതിന്റെ തെളിവുകൾ ഇപ്പോൾ പുറത്തുവന്നു. അതേ വില്ലേജിലെ സർവ്വേ നമ്പറുകൾ 294/1- ൽ 59.85 ഹെക്ടർ 294/1 (എ)-യിൽ 67.65 ഹെക്ടർ 229/8-ൽ 28.27 ഹെക്ടർ 244/2-ൽ 8.77 ഹെക്ടർ എന്നിങ്ങനെ എല്ലാം പതിച്ചുനൽകാൻ തീരുമാനിച്ച യു.ഡി.എഫുകാരാ മറുപടി നൽകൂ..... അല്ലാതെ വക്രദൃഷ്ടിയിൽ എൽ.ഡി.എഫ്. നടത്തുന്ന നല്ല കാര്യങ്ങളെ വക്രീകരിച്ചുകാണുകയല്ല വേണ്ടത്. തീർന്നില്ല, കോന്നിയിൽ 75.85 ഏക്കർ ഭൂമി സൗജന്യമായി നൽകാൻ ജില്ലാകളക്ടർക്ക് പ്രത്യേക അനുമതി നൽകിയത് യു.ഡി.എഫ്-ന്റെ ഭരണകാലത്താണ്. ഈ മലനാടിന്റെ മാറുപിളർന്ന് ചോര കുടിച്ച നിങ്ങൾ തകർത്തെറിയാൻ ശ്രമിച്ചത് ഒരു തുണ്ടുഭൂമിക്കുവേണ്ടി വേഴാമ്പലിനെപ്പോലെ കാത്തിരുന്ന ലക്ഷക്കണക്കിന് കേരളീയരുടെ സ്വപ്നഭൂമിയെയാണ് എന്നോർക്കണം. നിങ്ങൾ എല്ലാം തകർത്തെറിഞ്ഞവരാണ്. നിങ്ങളിൽ എന്ത് ജനാധിപത്യമാണ് അവശേഷിക്കുന്നത്; റിപ്പോർട്ടർ ചാനലിലെ ഡെമോക്രസി പരിപാടിയിലെ ഡെമോക്രസിപോലും നിങ്ങളിൽ അവശേഷിക്കുന്നില്ലെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. ഇവർ യുണൈറ്റഡ് ഡെമോക്രാറ്റിക് ഫ്രണ്ടല്ല, ഇവർ യുണൈറ്റഡ് ഡിമോളിഷിംഗ് ഫ്രണ്ടായി, എല്ലാം തകർത്തെറിഞ്ഞവരുടെ കറക്കുകമ്പനിയായി മാറിക്കഴിഞ്ഞിരിക്കുന്നു. യു.ഡി.എഫ്. എന്ന ഉണക്കമരത്തിൽ അവശേഷിച്ചിരുന്ന രണ്ടിലകൾപോലും ഇന്നലെ കൊഴിഞ്ഞു പോയ വിവരവും നിങ്ങൾ കണ്ണുതുറന്ന് കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാലം മാറി, കേരളത്തിലെ കഥ മാറുകയാണ്. ഇടതുപക്ഷം ഇന്നത്തെ കേരളീയന്റെ കണ്ണീര് തുടയ്ക്കാൻ, അവർക്ക് ഭൂമി ലഭ്യമാക്കാൻ, മനുഷ്യസാധ്യമായതെല്ലാം ചെയ്യാൻ തയ്യാറെടുക്കുകയാണ്. യു.ഡി.എഫ്. കണ്ടുനിന്നുകൊള്ളുക, കേരളത്തിന്റെ വനമേഖലകളിൽ ടിപ്പുസുൽത്താന്റെ തേരോട്ടകാലത്തും നാട്ടുരാജാക്കന്മാരുടെ ഭരണകാലയളവിലും ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പ്ലാന്റേഷൻ കാലത്തും പട്ടം താണുപിള്ളയുടെ ജനായത്ത ഭരണകാലത്തും ഈ നാടിനുവേണ്ടി കാടുകയറിയ കുടിയേറ്റക്കാരുടെ കണ്ണീരൊപ്പാൻ കേരളീയർ കൈകോർക്കേണ്ട കാലമാണിതെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അവർക്ക് ഭൂമി നേടി

കൊടുക്കാൻ, ആ പാവങ്ങൾക്കുവേണ്ടി പട നയിച്ച സഖാവ് എം.എം. മണിയെ കള്ളക്കേസ്സിൽ കുടുക്കി 45 ദിവസം ജയിലിലടച്ച് 9 മാസക്കാലം തന്റെ പ്രിയപ്പെട്ട ജില്ലയിൽ കയറാൻ അനുവദിക്കാതിരുന്ന യു.ഡി.എഫ്.- ന്റെ കേസ് കോടതി തള്ളിക്കളഞ്ഞിരിക്കുന്നു എന്ന കാര്യം നിങ്ങൾ കേൾക്കണം. മണിയാശാന്റെ പ്രസംഗത്തിനെതിരെ നിങ്ങളെടുത്ത എല്ലാ കേസ്സും പ്രഥമദൃഷ്ട്യാ നിലനിൽക്കില്ലെന്ന് കോടതി പറഞ്ഞത് നിങ്ങൾ കേട്ടില്ലേ; മൂന്നാർ ഉൾപ്പെടെയുള്ള മേഖലകളിലെ പാവപ്പെട്ട നാമമാത്ര കർഷകർക്കും തൊഴിലാളികൾക്കും ഭൂമി ലഭ്യമാക്കാൻ, ആദ്യഘട്ടത്തിൽതന്നെ ഒരു ലക്ഷം പേർക്കെങ്കിലും അടിയന്തരമായി പട്ടയം ലഭ്യമാക്കാൻ ഈ സർക്കാർ നടത്തിയ നീക്കങ്ങളെ ഞാൻ അഭിവാദ്യം ചെയ്യുന്നു. ഈ നീക്കത്തെ ദുർബ്ബലപ്പെടുത്താൻ ആഭാസ സമരം നടത്തുന്ന സംഘ്പരിവാർ-യു.ഡി.എഫ് സഖ്യത്തെ കേരള ജനത തുത്തെറിഞ്ഞതിന്റെ സാക്ഷ്യമാണ് നമ്മൾ കാണുന്നത്. സമരപ്പന്തലിൽ ഇന്ന് ആളില്ലെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. ഇത് ഇ.എം.എസ്. ഗവൺമെന്റിന്റെ തുടർച്ച തന്നെയാണ്. യു.ഡി.എഫുകാരാ, നിലാവ് കാണുമ്പോൾ ഓരിയിടുന്ന കുറുക്കന്മാരെപ്പോലെയാകാതെ നാടിന്റെ നവയുഗ കാഹളത്തിന് കാതോർക്കാൻ നിങ്ങളെ ഞാൻ ക്ഷണിക്കുകയാണ്. നിങ്ങളെങ്ങനെ നിങ്ങളായി എന്ന് നിങ്ങളോർക്കണം, നിങ്ങളുടെയും ഞങ്ങളുടെയും പൂർവ്വികർ തലചായ്ക്കാൻ മണ്ണിലിടം കിട്ടിയപ്പോൾ മക്കളെ പഠിപ്പിച്ചതും പുതിയ ജീവിതം തേടി മറുനാട്ടിലെത്തിയപ്പോഴും കേരളത്തിന്റെ നേട്ടങ്ങൾ പാടി നടന്നത് നമ്മൾ മറക്കരുത്.

"നാളികേരത്തിന്റെ നാട്ടിലെനിക്കൊരു

നാഴിയിടങ്ങഴി മണ്ണുണ്ട്, ഒരു നാഴിയിടങ്ങഴി മണ്ണുണ്ട്

അതിൽ നാരായണക്കിളി കൂടുപോലുള്ളൊരു

നാലുകാലോലപ്പുരയുണ്ട്, നാലുകാലോലപ്പുരയുണ്ട്"- എന്ന പാട്ടിലേയ്ക്ക് കേരളം നടന്നുകയറിയത് ഇ.എം.സ്-ന്റെ, ഇടതുപക്ഷത്തിന്റെ നിലപാടിലൂടെയാണെന്ന് നിങ്ങളറിയണം. ആ നാലുകാലോലപ്പുരയെല്ലാം മാറ്റി ഓടിട്ട വീടുണ്ടാക്കി കൊടുത്തതും ഇടതുപക്ഷമാണ്, അവർ മുന്നോട്ടുവച്ച ജനകീയാസൂത്രണത്തിന്റെ തുടർച്ചയായ മുന്നേറ്റമാണെന്നും നിങ്ങളറിയണം. ഇ.എം.എസ്. ഭവന പദ്ധതിയും എം.എൻ. ലക്ഷംവീട് പദ്ധതിയും നടപ്പാക്കി മുന്നേറിയ കേരളത്തെ പിറകോട്ടുവലിച്ചവരായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ. ഭൂമിയും വീടും ഉള്ളവരെപ്പോലും ഭൂരഹിതരും ഭവനരഹിതരുമാക്കാൻ ഭൂമാഫിയകൾക്കും വട്ടിപ്പലിശക്കാർക്കും അഭ്യന്തര സുരക്ഷയൊരുക്കിയ സലിം രാജ് എന്ന അക്രമ

രാജല്ലേ യു.ഡി.എഫ്. നടപ്പാക്കിയത്; എൽ.ഡി.എഫ്. വന്നപ്പോൾ എല്ലാം ശരിയാകുന്നു. എല്ലാവർക്കും വീടെന്ന സ്വപ്നം മാത്രമല്ല ജീവിതം തന്നെ നൽകുന്ന 'ലൈഫ് ' പദ്ധതിക്കുവേണ്ടി 16000 കോടി രൂപയിലധികം ചെലവഴിക്കാൻ കേരളം തയ്യാറെടുക്കുകയാണ്. ജനങ്ങൾക്ക് ജീവശ്വാസം നൽകുന്ന 'ലൈഫ് ' പദ്ധതി വിജയിക്കുമ്പോൾ കേരളം കാണുന്ന മറ്റൊരു കാഴ്ചയുണ്ട്- അത് ജനവിരുദ്ധരായ യു.ഡി.എഫ്. അന്ത്യശ്വാസം വലിക്കുന്നതാണ്. അതുകൊണ്ടുതന്നെ മുൻകൂറായി യു.ഡി.എഫ്-ന് അന്ത്യാഭിവാദ്യങ്ങൾ നേരുകയാണ്. തങ്ങൾ ആരാധിക്കുന്ന ദൈവത്തെപ്പോലും ഒരു നോക്കുകാണാൻ കൊതിച്ചിരുന്ന പിന്നോക്കക്കാർക്കും ദളിതർക്കും ദൈവത്തെക്കാണിച്ചുകൊടുക്കാൻ അമ്പലനടകൾ തള്ളിത്തുറന്ന കമ്മ്യൂണിസ്റ്റുകാർ ഭരിച്ച കാലത്ത് എല്ലാ അമ്പലങ്ങളുടെ സ്വത്തുക്കളും സുരക്ഷിതമായിരുന്നു. എന്നാൽ ഇവർ ഭരിച്ചപ്പോൾ ദൈവത്തിന് ഭക്ഷണം നൽകാനുള്ള പാത്രങ്ങൾപോലും അടിച്ചുമാറ്റിയതായ വാർത്തകൾ കേൾക്കേണ്ടിവന്നു. നാണക്കേടല്ലേ. പമ്പയിലെ മെസ്സ് നടത്തിപ്പിൽ ലക്ഷങ്ങളുടെ തിരിമറി നടത്തി, അതിന്റെ ഫയലുകൾ കാണാനില്ല. എവിടെപ്പോയി എന്ന് യു.ഡി.എഫ്-ലെ ജ്യോതിഷ പണ്ഡിതൻ കവടി നിരത്തി കണ്ടെത്തുമോയെന്ന് ഞാൻ ചോദിക്കുകയാണ്. സംഘ്പരിവാറിന്റെ ശബ്ദം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായ കോൺഗ്രസ് നേതാവിന്റെ നാവിൽനിന്നും നമുക്ക് കേൾക്കേണ്ടിവന്നതും ഇക്കാലത്താണ്. അതുകൊണ്ട് ആർ.എസ്.എസ്. ശാഖകളിലെ മുദ്രാവാക്യങ്ങൾ ഇവിടെ വിളിച്ചുപറയുന്ന കോൺഗ്രസ് നേതാക്കളെ ഒറ്റപ്പെടുത്താൻ നമുക്ക് കഴിയേണ്ടതുണ്ട്. ഈ കോൺഗ്രസ്സുകാർക്ക് എന്തുപറ്റി; ഒരിടത്ത് ചാരം, ഒരിടത്ത് പുക, ഒരിടത്ത് അഴിമതി, ഒരിടത്ത് വർഗ്ഗീയത - വലിയ വില കൊടുക്കേണ്ടിവരും കോൺഗ്രസ്സുകാരാ. നിങ്ങളുടെ അവശേഷിക്കുന്ന ഓട്ടുമുക്കാലിന്റെ വിലപോലും അപ്രത്യക്ഷമാകുന്ന കാലമാണ് വരാനിരിക്കുന്നത്. പ്രിയപ്പെട്ടവരെ, മതനിരപേക്ഷ വാദികളുടെ പുണ്യഭൂമിയായ കേരളത്തെ തകർക്കാനുള്ള ആർ.എസ്.എസ്-കോൺഗ്രസ്സിന്റെ കുടിലതന്ത്രത്തെ ചെറുത്തുതോൽപ്പിക്കാൻ നമുക്ക് ഈ ഗവൺമെന്റിനെ പിന്തുണയ്ക്കാം. ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ശബ്ദതാരാവലിയിൽ കാണുന്ന സാമാന്യം കുഴപ്പമുള്ള വാക്കുകളെല്ലാം ശ്രീ. കെ. ഡി. പ്രസേനൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. അദ്ദേഹം ഒരു പുതിയ അംഗമാണ്. അദ്ദേഹമങ്ങനെ പറഞ്ഞുപോകട്ടെ. ഞാൻ ആ ഒരു പിരിവിൽ അദ്ദേഹത്തെ വിടുകയാണ്. 2015 മാർച്ച് മാസം 13-ാം തീയതി ശ്രീ. കെ. എം. മാണി ഈ സഭയിൽ ബജറ്റ് അവതരിപ്പിക്കുന്നതിനുവേണ്ടി

വന്നപ്പോഴുണ്ടായ കോലാഹലങ്ങൾ എത്രയെന്ന് ഞാൻ വിശദീകരിക്കുന്നില്ല. കാരണം, അത് മാധ്യമങ്ങളിൽ ധാരാളം വന്നു. അന്ന് ആ ബഹളമുണ്ടാക്കിയ ആളുകൾ ഇന്നിപ്പോൾ ഏതാണ്ട് പഞ്ചവാദ്യവും തകിലും ചെണ്ടയും വാദ്യമേളവുമായി കൂട്ടികൊണ്ടുപോകുന്നതിനുവേണ്ടി മാലകോർത്ത് അവിടെ കാത്തിരിക്കുന്നു എന്നുള്ളതാണ് അപ്പുറത്തുള്ള ചില സ്നേഹിതന്മാരുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത്. പൊതുവേ നല്ല സംസ്കാര സമ്പന്നനാണ് ശ്രീ. മുല്ലക്കര രത്നാകരൻ. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനം അദ്ദേഹം പറഞ്ഞത് നളൻ ബുദ്ധിമാനാണെന്നാണ്. ദമയന്തിയെ വിവാഹം കഴിക്കുന്നതിനുവേണ്ടി നളൻ നിലത്ത് കാലുകുത്തിവന്നു എന്നുപറഞ്ഞു. നളന് വേറൊരു അബദ്ധം പറ്റിയിട്ടുണ്ട്. നളന് അവസാനം രാജ്യം നഷ്ടപ്പെട്ടു, നളൻ വഴിയാധാരമായി. അങ്ങയും അങ്ങയുടെ പാർട്ടിയും ആ കാര്യമൊന്ന് ആലോചിച്ചിരിക്കണമെന്ന് മാത്രമേ ഞാൻ ഓർമ്മിപ്പിക്കുന്നുള്ളൂ.

ഇവിടെ കയ്യേറ്റത്തെക്കുറിച്ച് പറഞ്ഞു. ഇന്നലെ ഗ്രീൻ ട്രിബ്യൂണലുമായി ബന്ധപ്പെട്ട ഒരു വാർത്ത മാതൃഭൂമി പത്രത്തിൽ വന്നിരുന്നു - *മൂന്നാറിലെ കയ്യേറ്റം: കേരള സർക്കാരിന് ഹരിത ട്രിബ്യൂണലിന്റെ രൂക്ഷ വിമർശനം.* ഞാനിവിടെ ശ്രീ. ഇ. ചന്ദ്രശേഖരന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നില്ല. അങ്ങ് കുറേ കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചു, കുറേ കാര്യങ്ങൾ നടന്നു, പക്ഷെ അങ്ങേയ്ക്കത് പൂർത്തീകരിക്കാൻ കഴിയാതെ പോകുകയാണ്. അങ്ങേയ്ക്ക് സ്പീഡ് ഗവർണർ വച്ചിരിക്കുകയാണ്. അങ്ങ് സ്പീഡ് എടുക്കുമ്പോൾ ആ സ്പീഡ് ഗവർണർ അങ്ങയുടെ രണ്ടുകാലും മുറുക്കുകയാണ്. അതുകൊണ്ട് അങ്ങേയ്ക്ക് മുന്നോട്ട് പോകാൻ പറ്റുന്നില്ല. എന്തുകൊണ്ടാണ് ഗ്രീൻ ട്രിബ്യൂണൽ മൂന്നാർ വിഷയത്തിൽ ഈ ഗവൺമെന്റിനെ രൂക്ഷമായി വിമർശിച്ചത്? ഇവിടെ നേരത്തേ കൊട്ടകമ്പൂരിലെ ചില റിപ്പോർട്ടുകളെക്കുറിച്ച് പറഞ്ഞല്ലോ. പ്രകൃതി ശ്രീവാസ്തവയുടെ ഒരു റിപ്പോർട്ട് ഈ ഗവൺമെന്റിന്റെ കയ്യിലുണ്ട്. കഴിഞ്ഞ പ്രാവശ്യം ഞാൻ മൂന്ന് റിപ്പോർട്ടുകളെക്കുറിച്ച് പറഞ്ഞു; സെൻകുമാർ റിപ്പോർട്ട്, നിവേദിത പി. ഹരൻ റിപ്പോർട്ട്, രാജൻ മധേക്കർ റിപ്പോർട്ട്. പ്രകൃതി ശ്രീവാസ്തവയുടെ 07-4-2017-ലെ റിപ്പോർട്ടാണത്. ആ റിപ്പോർട്ടിൽ കയ്യേറ്റത്തെക്കുറിച്ച് കൃത്യമായി പറഞ്ഞിട്ടുണ്ട്. ജെ.സി.ബി.-യും ഹിറ്റാച്ചിയും അടക്കമുള്ള ഉപകരണങ്ങളെല്ലാം കൊണ്ടുപോയി അവിടം കയ്യേറുകയാണ്. ജെ.സി.ബി. നിരോധിക്കണമെന്ന് ക്യാബിനറ്റ് തീരുമാനിച്ചതിന് ശേഷമുള്ള റിപ്പോർട്ടാണ് എന്റെ കയ്യിലുള്ളത്. ഇതെല്ലാം യഥേഷ്ടം അവിടെ പോകുകയാണ്. വനമേഖലയിലുള്ള ഏതെങ്കിലും പ്രദേശത്ത് ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കണമെങ്കിൽ അണ്ടർ ഗ്രൗണ്ട് കേബിളിട്ട് കൊടുക്കാം, കൊടുക്കണം, കൊടുത്തിട്ടുമുണ്ട്. അതിനുപകരം രണ്ട് സൈഡും അടിച്ചുതകർത്തുകൊണ്ട് പോകുന്ന ഒരു റോഡിന്റെ നിർമ്മാണം.... അങ്ങ്

ആലോചിച്ചാൽ മതി. ഇതിന്റെയെല്ലാം മറവിൽ ഓരോ കരങ്ങളുണ്ട്. ആ കരങ്ങളാണ് ഇതെല്ലാം നശിപ്പിക്കുന്നതിനുവേണ്ടി കരുതിക്കൂട്ടി പരിശ്രമം നടത്തുന്നത്. അവരെ നിയന്ത്രിക്കാൻ അങ്ങേയ്ക്ക് പറ്റുന്നില്ല, അങ്ങേയ്ക്ക് സാധ്യവുമല്ല. അങ്ങയുടെ കളക്ടറും സബ്കളക്ടറും ചെന്നാൽ ഇവരാരെങ്കിലും മൈൻഡ് ചെയ്യുമോ? അതുകൊണ്ട് മൂന്നാറിനെ രക്ഷിക്കണമെങ്കിൽ ജനങ്ങളുടെ മുന്നേറ്റം ആവശ്യമാണ്. മൂന്നാറിനെ സംബന്ധിച്ച് കുറേ കാര്യങ്ങൾ നേരത്തേ ചെയ്തിരുന്നതല്ലേ; അങ്ങേയ്ക്ക് അറിയാവുന്നതല്ലേ? മൂന്നാറിലെ കയ്യേറ്റങ്ങളെല്ലാം ഒഴിവാക്കുന്നതിനുവേണ്ടി5 യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കുറേ നടപടികൾ സ്വീകരിച്ചിരുന്നതാണ്. പക്ഷെ ആ നടപടികളിൽ നിന്ന് മുന്നോട്ട് പോകാൻ പറ്റിയിട്ടില്ല. എനിക്ക് അങ്ങയോട് രണ്ടുമൂന്ന് കാര്യങ്ങൾ ചോദിക്കാനുണ്ട്. അങ്ങ് നേരത്തേ പറഞ്ഞതുപോലെ മൂന്നാറിൽ പാറ പൊട്ടിക്കുന്നു; ലാർജ് സ്കെയിൽ ഡിസ്ട്രക്ഷൻ നടക്കുന്നു; ഹെവി മെഷീൻസ് വിനിയോഗിക്കുന്നു; ഇതെല്ലാം കയ്യേറ്റത്തിന്റെ ഭാഗമാണ്, കയ്യേറ്റത്തിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്നതാണ്. കൊട്ടകമ്പൂരിൽ 344.5 ഏക്കർ ഉന്നതർ കയ്യേറിയതിനെതിരെ എന്തുനടപടി സ്വീകരിച്ചുവെന്ന് അങ്ങ് പറയണ്ടേ? ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ട കേസുണ്ടെന്ന് മാത്രമല്ല, വിശദീകരണം നൽകുന്നതിന് കയ്യേറ്റം നടത്തിയിട്ടുള്ള ആളുകൾക്ക് കത്തയയ്ക്കുകയും ചെയ്തു. കത്ത് അയച്ചിട്ടുള്ള ആളുകളുടെ പേര് പറയാം, ശ്രീ. ജോർജ്, പാലിയേത്ത് വീട്, തടിയമ്പാട്ടുകര, ഇടുക്കി; ശ്രീമതി ജിസ് ജസ്റ്റിൻ, W/o ജസ്റ്റിൻ, പാലിയേത്ത് വീട്, തടിയമ്പാട്ടുകര, ഇടുക്കി; ശ്രീമതി മേരി, W/o ജോർജ്, പാലിയേത്ത് വീട്, തടിയമ്പാട്ടുകര, ഇടുക്കി; ശ്രീ. ഗ്രേസ് ജോർജ്, S/o ജോർജ്, പാലിയേത്ത് വീട്, തടിയമ്പാട്ടുകര, ഇടുക്കി; ശ്രീ. ജോയിസ് ജോർജ്..... അദ്ദേഹം ആരാണ്... ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഒരു എം.പി.-യുടെ കാര്യമാണ് ഈ പറഞ്ഞിരിക്കുന്നത്. നോട്ടീസ് അയച്ചിട്ട് കിട്ടുന്നില്ല, ആളെന്താ ഒളിവിൽ പോയതാണോ? 344 ഏക്കർ ഭൂമി; ആരാണത് കണ്ടുപിടിച്ചത് - ക്രൈം ബ്രാഞ്ച്. റെയ്ഡ് നടത്തി 99 രേഖകൾ പിടിച്ചതാണ്. ആ 99 രേഖകളിൽ ഈ 344 ഏക്കർ ഭൂമി കൈവശപ്പെടുത്തിയ കയ്യേറ്റക്കാർ...., അവരുടെ ഭൂമി പിടിക്കുന്നതിന് വേണ്ടി എന്തെങ്കിലും നടപടിയുണ്ടോ; അങ്ങേയ്ക്ക് പറ്റുമോ? ഞാൻ അങ്ങയുടെ സത്യസന്ധതയേയും ആത്മാർത്ഥതയേയും ചോദ്യം ചെയ്യുന്നില്ല. പക്ഷെ ഈ ആളുകൾക്കെതിരെ നടപടിയെടുക്കാൻ അങ്ങേയ്ക്ക് കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. കുറിഞ്ഞിമല നമ്മുടെ ദേശീയോദ്യാനമാണ്. ശ്രീ. ബിനോയ് വിശ്വമാണ് കുറിഞ്ഞിമലയെ ദേശീയോദ്യാനമായി പ്രഖ്യാപിച്ചത്. ആ ദേശീയോദ്യാനത്തിനകത്തും കയ്യേറ്റവും നിയമവിരുദ്ധ പ്രവർത്തനവും നടക്കുന്നു. പ്രകൃതി ശ്രീവാസ്തവയുടെ 07-4-2017-ലെ റിപ്പോർട്ട് പ്രകാരം എന്തെങ്കിലും നടപടിയെടുക്കണ്ടേ? അങ്ങ് പ്രകൃതിയെക്കുറിച്ച് സംസാരിച്ചതെല്ലാം എനിക്ക് നന്നായിട്ടറിയാം; പ്രകൃതിയെക്കുറിച്ചെല്ലാം വളരെ വാചാലമായി അങ്ങ്

സംസാരിച്ചു. മൂന്നാർ മേഖലയിലെ കയ്യേറ്റവുമായി ബന്ധപ്പെട്ട് 40 എഫ്.ഐ.ആർ. ഞങ്ങളുടെ കാലത്ത് രജിസ്റ്റർ ചെയ്തിരുന്നു. അതിന്മേൽ എന്ത് തുടർ നടപടിയുണ്ടായി? അതിന്മേൽ എന്ത് തുടർ നടപടിയെടുത്തുവെന്ന് അങ്ങിവിടെ പറയണം, അത് ഈ സഭ അറിയട്ടെ, ഈ സഭയിലൂടെ ലോകമറിയട്ടെ. 40 എഫ്.ഐ.ആർ.-ന്റെ കാര്യത്തിൽ എന്ത് തുടർ നടപടിയുണ്ടായെന്ന് പറയണം. ടാറ്റായുടെയും ഹാരിസണിന്റെയും കേസ്സുകളെക്കുറിച്ച് ഇവിടെ ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞല്ലോ. ആ കേസിൽ 38000 ഏക്കർ സ്ഥലം ഞങ്ങൾ പിടിച്ചെടുത്തു. ഞങ്ങൾ തിരിച്ചുപിടിച്ചതാണ്. ആ നടപടി ശരിയാണെന്ന് ബഹു. ഹൈക്കോടതി സമ്മതിച്ചു. അവശേഷിക്കുന്ന ഭൂമി തിരിച്ചുപിടിക്കാത്തതിന് ഞങ്ങളെ കുറ്റപ്പെടുത്തേണ്ടതുണ്ടോ; നിങ്ങൾ എന്ത് നടപടിയെടുത്തു? അവരുടെ ഡോക്യുമെന്റുപോലും ഇൻവാലിഡാണെന്നാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന വിവരം. അങ്ങയുടെ കയ്യിലിരിക്കുന്ന ഫയലിൽ ഡോ. നിവേദിതാ പി. ഹരന്റെ ഒരു റിപ്പോർട്ടുണ്ട്. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ റിപ്പോർട്ടല്ല അത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ, അങ്ങയുടെ പാർട്ടിയിൽപ്പെട്ട ശ്രീ. രാജേന്ദ്രൻ റവന്യൂ വകുപ്പിലായിരുന്നപ്പോൾ തയ്യാറാക്കിയ റിപ്പോർട്ടാണ്. ആ റിപ്പോർട്ടിലെ റെക്കമെന്റേഷൻസ് നടപ്പാക്കുന്നതിനുവേണ്ടി എന്തെങ്കിലുമൊരു നടപടിയെടുക്കുന്നതിന് തയ്യാറാകണ്ടേ? കോടതിയിൽ ഇതുസംബന്ധിച്ച് കേസ് വന്നപ്പോൾ എതിർ സത്യവാങ്മൂലം കൊടുക്കാൻ തയ്യാറാകേണ്ടതല്ലേ; എന്തുകൊണ്ട് എതിർ സത്യവാങ്മൂലം കൊടുത്തില്ല; ഏത് ശക്തിയാണ് അതിനുപിന്നിൽ പ്രവർത്തിച്ചത്; അവിടെയാണ് നിയമ വകുപ്പുമന്ത്രി ഇടപെടേണ്ടത്. നിയമ വകുപ്പുമന്ത്രി അതിലിടപെടണം. എതിർ സത്യവാങ്മൂലം കൊടുത്തിട്ടില്ല. റ്റി. ആർ. ആന്റ് റ്റി എസ്റ്റേറ്റിലെ 10,000 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട് എസ്റ്റേറ്റ് ഉടമ സ്റ്റേ വാങ്ങിയപ്പോൾ സ്റ്റേയ്ക്കെതിരെ നിങ്ങൾ എതിർ സത്യവാങ്മൂലം കൊടുക്കാൻ തയ്യാറായോ; എന്തുകൊണ്ട് കൊടുത്തില്ല? അതാണ് ഞാൻ പറഞ്ഞത് ഇവിടെ ഒത്തുകളി നടക്കുകയാണ്.

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ സബ്ജക്ട് വിട്ട് ഒന്നും പറയുന്നില്ല.

മി. സ്പീക്കർ: അങ്ങ് വേഗത്തിൽ പറഞ്ഞവസാനിപ്പിക്കു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കേരളത്തിന്റെ കാര്യമല്ലേ. നമ്മുടെ സംസ്ഥാനത്തിന്റെ പ്രകൃതിയും സ്വത്തും ജനങ്ങളുടെ പിതൃസ്വത്തുമായ ഈ നാട് കയ്യേറാതെ പോകണ്ടേ? അതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഓർമ്മിപ്പിക്കുന്നത്. എതിർ സത്യവാങ്മൂലം കൊടുക്കാതിരിക്കുന്ന ആളുകൾക്ക് എതിരായി നടപടിയെടുക്കുമോ; ആ വക്കീലന്മാരെ മാറ്റുന്നതിനുള്ള

നടപടിയെടുക്കുമോ; എന്തുകൊണ്ട് നടപടിയെടുക്കുന്നില്ലെന്ന ചോദ്യമുണ്ട്. എന്റെ അവസാനത്തെ ചോദ്യം, ഈ ഗവൺമെന്റ് വന്നതിനുശേഷം അവിടെ പുതുതായി എത്ര റിസോർട്ടുകളാണ് പണിതത്? അതിന്റെയെല്ലാം ഉത്തരവാദിത്വം ഈ ഗവൺമെന്റ് ഏറ്റെടുക്കണം. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. അങ്ങ് റവന്യൂ വകുപ്പിന്റെ ചാർജ്ജുള്ള മന്ത്രിയാണ്. റവന്യൂ വകുപ്പാണ് ഈ കാര്യങ്ങളെല്ലാം ചെയ്യേണ്ടത്. പക്ഷെ ഇടുക്കി ജില്ലയിൽ അങ്ങ് കയറണമെങ്കിൽ ശ്രീ. എം. എം. മണിയുടെ അനുമതി വേണമെന്ന തീരുമാനം ഗവൺമെന്റ് എടുത്തതായി ഞാൻ കാണുന്നു. ദയവായി അങ്ങനെയൊരു പതനത്തിൽ പോയി വീഴരുത്. യഥാർത്ഥത്തിൽ കളക്ടീവ് റെസ്പോൺസിബിലിറ്റിയല്ലേ; അങ്ങയിൽ വിശ്വാസമില്ലാത്തതുകൊണ്ടാണോ കയ്യേറ്റം ഒഴിവാക്കുന്നതിനുവേണ്ടി അങ്ങെടുക്കുന്ന നടപടികൾക്ക് മറ്റൊരു മന്ത്രിയുടെ അനുമതി വാങ്ങണമെന്ന് പറഞ്ഞത്? അത് യഥാർത്ഥത്തിൽ നമ്മുടെ മാന്യതയ്ക്കെതിരെയുള്ള ചോദ്യചിഹ്നമാണ് എന്നുമാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് 16 പേർ സംസാരിച്ചു, വിലപ്പെട്ട പല നിർദ്ദേശങ്ങളുമുണ്ടായി. അതിൽ ചിലത് സ്വീകാര്യമാണെന്ന് അറിയിക്കട്ടെ. വിലപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിച്ചവർക്കെല്ലാം നന്ദി പറയുകയാണ്. കയ്യേറ്റം ഒഴിപ്പിക്കണമെന്ന് പൊതുവായി എല്ലാവരും പറയുകയും ചെയ്തു. അതുകൊണ്ട് ഇന്ന് ഇറങ്ങിപ്പോകാതെ എല്ലാവരും കൂടി ഇത് പാസ്സാക്കിയാൽ...., അതിൽ ഒരു തർക്കവുമില്ല, ഗവൺമെന്റിന്റെ നയമതാണ്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നിലപാടുണ്ടായി, അതിനുള്ള നടപടികളുണ്ടായി. ഇവിടെ പല തവണ സഭയിൽ പ്രഖ്യാപിച്ചു. അപ്പുറത്തും ഇപ്പുറത്തുമുള്ളവർക്കെല്ലാം കയ്യേറ്റം ഒഴിപ്പിക്കണമെന്നതിൽ ഏകാഭിപ്രായമാണെങ്കിൽ ഇത് പാസ്സാക്കുമ്പോൾ ആരും ഇറങ്ങിപ്പോകാതിരുന്നാൽ മതി.

സർക്കാർ അധികാരത്തിൽ വന്നതിനെത്തുടർന്ന് റവന്യൂ വകുപ്പിൽ നടപ്പാക്കിയ ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അധികാരം ഏറ്റെടുത്തതിനെത്തുടർന്ന് ജില്ലാതലത്തിൽ ഡെപ്യൂട്ടി തഹസീൽദാർ മുതൽ മുകളിലോട്ടുള്ള എല്ലാപേരെയും ഉൾപ്പെടുത്തിക്കൊണ്ട് ഓരോ ജില്ലയിലെയും സ്ഥിതിഗതികൾ പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കി. 14 ജില്ലകളിലും അത്തരം യോഗങ്ങൾ നടത്തി. അതിനെത്തുടർന്ന് ജില്ലകളിലും താലൂക്കുകളിലും നില

നിൽക്കുന്ന റവന്യൂ ഭരണവുമായി ബന്ധപ്പെട്ട ഒരുപാട് പ്രശ്നങ്ങളും പ്രയാസങ്ങളും മനസ്സിലാക്കാൻ സാധിച്ചു. അതുപോലെ തന്നെ കേരളത്തിലെ 4 മേഖലകളിലായി 1664 വില്ലേജ് ഓഫീസർമാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗവും നടത്തി. റവന്യൂ ഭരണത്തിലെ ഏറ്റവും പ്രധാനപ്പെട്ട വില്ലേജ് തലം വരെയുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ ജീവനക്കാർ ഒരുപാട് പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ടെന്ന് മനസ്സിലായി. ജനങ്ങൾക്ക് സേവനം നൽകുന്നതിൽ വന്നുചേരുന്ന പ്രയാസങ്ങൾ സംബന്ധിച്ചുള്ള പ്രശ്നങ്ങളും അവിടെ ഉയർന്നു വരികയുണ്ടായി. ആ യോഗത്തിൽ വച്ച് ഗവൺമെന്റിന്റെ നയമെന്താണെന്ന് വ്യക്തമായി അവരോട് സൂചിപ്പിക്കുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ സർക്കാരിന്റെ നയം വ്യക്തമാക്കിയിരുന്നു - ഭൂമിയില്ലാത്ത എല്ലാവർക്കും ഭൂമി നൽകുക. ഇവിടെ അപ്പുറത്തും ഇപ്പുറത്തുമൊക്കെ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. ഇതുതന്നെയാണ് പ്രഖ്യാപിത നയം. അഴിമതിരഹിതവും കാര്യക്ഷമവുമായ ഭരണം ഉറപ്പാക്കുക, ഒരു തരത്തിലുള്ള ഭൂമി കയ്യേറ്റവും അനുവദിക്കാതിരിക്കുക, അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുക, കുന്നുകൾ ഇടിച്ച് മണ്ണെടുത്ത് വയൽ നികത്തുന്നത് തടയുക, ജനങ്ങൾക്ക് നൽകേണ്ടുന്ന സേവനങ്ങൾ സമയബന്ധിതമായി നൽകുക. ഇതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നയമെന്ന് ഈ യോഗങ്ങളിലെല്ലാം പറയുകയുണ്ടായി. സർക്കാർ ജീവനക്കാരിലേയ്ക്ക് ആ സന്ദേശം നല്ലതുപോലെ എത്തിക്കുന്നതിന് ഈ പറഞ്ഞ യോഗങ്ങളുടെ ഫലമായി സാധിച്ചിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. 1978-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരാണ് ഇപ്പോഴും ഈ ഡിപ്പാർട്ടുമെന്റിലെ പല തലങ്ങളിലുമുള്ളത്. അതിന്റേതായ പ്രയാസങ്ങളും ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും അവർ ചൂണ്ടിക്കാണിക്കുകയുണ്ടായി. സ്റ്റാഫിന്റെ കുറവ് സംബന്ധിച്ച പരാതിയിൽ ജില്ലാ തലത്തിൽ തന്നെ ചില റീ-അറേഞ്ച്മെന്റുകൾ നടത്തുന്നതിനും താൽക്കാലികമായി പരിഹാരം കാണുന്നതിനുമുള്ള നിർദ്ദേശങ്ങളും നടപടികളുമൊക്കെ സ്വീകരിച്ചു വരികയാണ്. ശാശ്വതമായ പരിഹാരത്തിനായി അത്യാവശ്യം വേണ്ടുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പല നടപടികളും ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. വളരെ കാലങ്ങൾക്കുശേഷം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിൽ പുതുതായി ഓരോ റവന്യൂ ഡിവിഷനുകൾ കൂടി രൂപീകരിക്കുവാൻ കഴിഞ്ഞ ബജറ്റിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. അത് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ പുതിയതായി രണ്ട് താലൂക്കുകൾ കൂടി - പയ്യന്നൂരും കുന്നംകുളവും ഇതിന്റെ ഭാഗമായി

പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും ഇപ്പോൾ രണ്ട് റവന്യൂ ഡിവിഷനുകൾ നിലവിൽ വരികയാണ്. കഴക്കൂട്ടം ഉൾപ്പെടെയുള്ള താലൂക്കുകൾ രൂപീകരിക്കണമെന്ന നിർദ്ദേശങ്ങളൊക്കെ നേരത്തേയുണ്ടായിരുന്നെങ്കിലും അതിപ്പോൾ വന്നിട്ടില്ല. സ്വാഭാവികമായും അതുകൂടി പിന്നീട് ആലോചിക്കാവുന്ന കാര്യമാണ്. റവന്യൂ ഭരണം അഴിമതി രഹിതമാക്കുന്നതിന് പല നടപടികളും സ്വീകരിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകരയിൽ 28-4-2016-ന് സാംകുട്ടി എന്നയാൾ വെള്ളറട വില്ലേജ് ഓഫീസ് തീവെച്ചത് ഓർമ്മയുണ്ടാകും. 28-4-2016-ന് എന്നുപറഞ്ഞാൽ ഈ സംഭവമുണ്ടായതിനുശേഷമാണ് ഈ ഗവൺമെന്റ് വരുന്നത്. ആ പ്രശ്നത്തിന്റെ ഗൗരവമെന്താണെന്ന് മനസ്സിലാക്കാൻ ശ്രമിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വെള്ളറട വില്ലേജ് ഓഫീസ് തീവെച്ചതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ മേൽനോട്ടത്തിൽ ഒരു സ്ക്വാഡിനെ നിയോഗിച്ച് അന്വേഷണം നടത്തുകയും സാം കുട്ടിയുടെ പട്ടയവുമായി ബന്ധപ്പെട്ട ഫയൽ കണ്ടെത്തുകയും ചെയ്തു. അതനുസരിച്ച് സാംകുട്ടിക്ക് ആദ്യമായി പട്ടയം നൽകുകയും ചെയ്തു. പട്ടയമില്ലെന്നതിന്റെ പേരിലാണ് തീവെയ്പ്പും തുടർന്നുള്ള എല്ലാ സംഭവങ്ങളും നടന്നത്. തുടർന്ന് നെയ്യാറ്റിൻകര താലൂക്ക് ഓഫീസിൽ സ്പെഷ്യൽ സ്ക്വാഡ് പരിശോധന നടത്തുകയും ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് എൽ.ആർ.എം. പരാതികൾ തീർപ്പാക്കുന്നതിലുൾപ്പെടെ വീഴ്ചയുണ്ടായതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ അഡീഷണൽ തഹസീൽദാരെയും ഹെഡ് ക്ലാർക്കിനെയും സർവ്വേയറെയും സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് നടപടികളെടുക്കുന്നതിലുള്ള വീഴ്ചകൾക്കെതിരെയും അഴിമതിക്കെതിരെയും ശക്തമായ സന്ദേശം നൽകുകയുണ്ടായി. എന്നുപറഞ്ഞാൽ ഈ ഗവൺമെന്റിന്റെ ആദ്യഘട്ടത്തിൽ തന്നെയുണ്ടായ കാര്യമാണ്. കാര്യക്ഷമത വർദ്ധിപ്പിക്കുക, അഴിമതി അവസാനിപ്പിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ റവന്യൂ വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. റവന്യൂ വകുപ്പിൽ പ്രത്യേക പരിശോധനാ വിഭാഗം രൂപീകരിച്ചുകൊണ്ട് ജില്ലകളിലെ മുഴുവൻ ഓഫീസുകളിലും വിശദമായ പരിശോധനകൾ നടത്തുന്നതിന് നിർദ്ദേശം നൽകി. അതനുസരിച്ച് പരിശോധന നടത്തി അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ സമയപരിധിക്കുള്ളിൽ സേവനങ്ങൾ ചെയ്തുകൊടുക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും അത് പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്തുവരുന്നു. സേവനങ്ങൾ നൽകുന്നതിലെ അകാരണമായ കാലതാമസം ഒഴിവാക്കാൻ ഈ കാലയളവിൽ

കഴിഞ്ഞിട്ടുണ്ട്. ഒരുപാട് വിഷയങ്ങളിൽ നിരന്തരം ഇടപെടുന്നുണ്ട്. വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽ നിന്നുള്ള സേവനം കൂടുതൽ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ഇ-ഗവേണൻസ് പദ്ധതികൾ വലിയ തോതിൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇ-ഡിസ്ട്രിക്ട്, സംയോജിത ഓൺലൈൻ പോക്കുവരവ്, ഇ-പെയ്മെന്റ് സിസ്റ്റം, റവന്യൂ റിക്കവറി ഓൺലൈൻ എന്നീ പദ്ധതികൾ നടപ്പിലാക്കി കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും പൊതുജനങ്ങൾക്ക് സേവനം നൽകി വരികയാണ്. പല മെമ്പർമാരും ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കാലത്തിനനുസരിച്ച് വില്ലേജ് ഓഫീസുകൾ ആധുനികവത്കരിക്കുന്നതിനുള്ള സ്മാർട്ട് വില്ലേജ് പദ്ധതി കൂടുതൽ5 വില്ലേജുകളിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. ഒരു പരാതിയും കേൾക്കപ്പെടാതെയോ പരിഗണിക്കപ്പെടാതെയോ പോകരുതെന്ന നിശ്ചയ ദാർഢ്യത്തോടെ എല്ലാ ജില്ലകളിലും പരാതി പരിഹാര സെല്ലുകൾ രൂപീകരിച്ചു; അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. ഭൂമി കയ്യേറ്റം ഒരു കാരണവശാലും അനുവദിക്കുന്നതല്ല എന്ന ശക്തമായ നിർദ്ദേശം നൽകിക്കൊണ്ടും അതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടും കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചതുവഴി ഭൂമി കയ്യേറ്റം തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. വ്യാപകമായ തോതിൽ കുന്നുകളിടിച്ച് മണ്ണെടുത്ത് വയലുകൾ നികത്തുന്നത് തടയുന്നതിന് തഹസീൽദാരുടെ മേൽനോട്ടത്തിൽ പ്രത്യേകം സ്ക്വാഡുകൾ രൂപീകരിച്ച് നിരീക്ഷണം നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി വ്യാപകമായ തോതിലുള്ള നിലം നികത്തലിന് അറുതിവരുത്താൻ കഴിഞ്ഞിട്ടുണ്ട്.

അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിന് ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) -ന്റെ നേതൃത്വത്തിൽ തഹസിൽദാർമാർ ഉൾപ്പെടുന്ന ജില്ലാ/താലൂക്കുതല സ്ക്വാഡുകൾ രൂപീകരിച്ചു; അതിന്റെ പ്രവർത്തനം നടന്നുവരികയാണ്. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ അത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്നതിന് അനുസൃതമായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ 3(a) വകുപ്പ് നീക്കം ചെയ്യുന്നതിന് ഭേദഗതി ആക്ട് കൊണ്ടുവന്ന് നെൽവയലുകൾ നികത്തുന്നത് ക്രമവത്കരിച്ച് നൽകാൻ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന വ്യവസ്ഥ റദ്ദാക്കുകയുണ്ടായി. അതോടൊപ്പം തന്നെ ഡാറ്റാ ബാങ്കിൽ നിലമായോ തണ്ണീർത്തടമായോ ഉൾപ്പെടാത്തതും ബി.ടി.ആർ.-ൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയെ സംബന്ധിച്ച്

മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റ് ഭൂമിയും പഞ്ചായത്ത് പ്രദേശത്ത് പത്ത് സെന്റ് ഭൂമിയും വീട് വയ്ക്കേണ്ട ആവശ്യത്തിലേയ്ക്ക് അനുവാദം നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകി 22-12-2012-ലെയും 01-3-2017-ലെയും ഉത്തരവുകൾ പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി.

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, 2008-ലെ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ വർഷങ്ങളായി ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് അനുഭവിച്ച് പോരുന്നവർക്ക് വീട് വയ്ക്കാനുള്ള അനുമതി ലഭിക്കുന്നില്ല.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, ഇതിനുമുമ്പും അങ്ങ് ഈ വിഷയം ഉന്നയിച്ചതാണ്. പഞ്ചായത്തുകൾ ഇപ്പോൾ പുറത്തുകൊണ്ടുവന്നിട്ടുള്ളത് ഡ്രാഫ്റ്റ് ഡാറ്റാ ബാങ്ക് മാത്രമാണ്. ഫൈനൽ ഡാറ്റാ ബാങ്ക് വന്നാൽ മാത്രമേ ഇതുസംബന്ധിച്ച് അവസാന തീരുമാനം എടുക്കാൻ കഴിയൂ.

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, അവിടെ നിർമ്മാണ പ്രവൃത്തി നടക്കാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുകയാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഫൈനൽ ഡാറ്റാ ബാങ്ക് കൊണ്ടുവരികയെന്നുള്ള ഉത്തരവാദിത്വമുണ്ട്. അത് ഒരു വർഷത്തിനകത്തെങ്കിലും കൊണ്ടുവരാൻ വേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. നിലം നികത്തിയത് പൂർവ്വസ്ഥിതിയിലാക്കിയത് സംബന്ധിച്ച് വിവിധ ജില്ലകളിൽ നിന്നുള്ള കണക്ക് സർക്കാരിന്റെ കയ്യിലുണ്ട്. ഈ സർക്കാർ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ജില്ലകളിലായി 9371 പട്ടയം ഈ കാലയളവിൽ നൽകിയിട്ടുണ്ട് എന്നുള്ളതാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. കാസർഗോഡ് 13-5-2017-നും ഇടുക്കിയിൽ 21-5-2017-നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, മറ്റ് മന്ത്രിമാർ തുടങ്ങിയവർ പങ്കെടുത്തുകൊണ്ട് പട്ടയമേളകൾ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. രണ്ടിടത്തുമായി പതിനായിരത്തിലധികം പട്ടയങ്ങൾ കൂടി നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒരു വർഷം തികയാൻ പോകുന്നതിനിടയിൽ കഴിഞ്ഞ കാലയളവിലെ പ്രത്യേകതകൾ കണക്കിലെടുത്താൽ, ഇപ്പോൾ 9,000-ൽ അധികം പട്ടയം നൽകിയിരിക്കുന്നു. 20,000 പട്ടയമെങ്കിലും വരുന്ന ഒരു വർഷക്കാലയളവിനുള്ളിൽ നൽകുമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. ബാക്കിയുള്ള ഭൂരഹിതരായ എല്ലാവർക്കും

സമയബന്ധിതമായി ഭൂമി നൽകുന്നതിനുള്ള നടപടിയും കൈവശ ഭൂമിക്ക് അർഹതയനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടിയും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയും. ഇടുക്കി ജില്ലയിൽ 01-1-1977-ന് മുമ്പ് കൈവശം വച്ചിരിക്കുന്ന വനഭൂമിക്ക് പട്ടയം നൽകാനുള്ള കേസ്സുകൾ ഇനിയും തീർപ്പുകൽപ്പിക്കേണ്ടതായിട്ടുണ്ട്. 21-ാം തീയതിയിലെ പട്ടയ മേളകൾ കഴിഞ്ഞാൽ തുടർന്നും ഓരോ ഘട്ടംഘട്ടമായി അത് പൂർത്തീകരിക്കാനുണ്ട്. ഏതാണ്ട് ഒരു ലക്ഷത്തോളം ആളുകൾക്ക് അവിടെ പട്ടയം ലഭിക്കേണ്ടതുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ആദിവാസികൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും പട്ടയം നൽകുന്നതിനും റിക്കോർഡ് ഓഫ് റൈറ്റ്സ് നൽകുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ബന്ധപ്പെട്ട എല്ലാ കളക്ടർമാർക്കും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ കൈവശമിരിക്കുന്ന ഭൂമിക്ക് പട്ടയം നൽകുക എന്ന പ്രഥമ പരിഗണന വച്ചുകൊണ്ട് നടപ്പാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണ്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിച്ചവരിൽ പലർക്കും ലഭിച്ച ഭൂമി വാസയോഗ്യമല്ലെന്ന പരാതി ഉണ്ടായിരുന്നിടത്ത് വാസയോഗ്യമായ ഭൂമി നൽകുന്നതിനുള്ള പരിഹാര നടപടികളും ഇതിനോടൊപ്പം സ്വീകരിച്ചുവരുന്നുണ്ട്. നേരത്തേ പട്ടയം കിട്ടുകയും ഭൂമിയില്ലാതിരിക്കുകയും ചെയ്ത ആളുകൾക്ക് ഇപ്പോൾ ഭൂമി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഭൂമി പാട്ടവ്യവസ്ഥകൾ ലംഘിച്ചുകൊണ്ടും പാട്ടത്തുക അടയ്ക്കാതെയും കൈവശം വച്ചിരിക്കുന്ന കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അങ്ങനെയുള്ള കേസ്സുകൾ (ഇതൊക്കെ നേരത്തേ ചർച്ചയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള കാര്യമായതു കൊണ്ട് പറയുകയാണ്) പരിശോധിച്ച് ആവശ്യമെങ്കിൽ സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതുൾപ്പെടെയുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ എന്നിവരുൾപ്പെടുന്ന ഉന്നതതല സംസ്ഥാന സമിതി 16-2-2017- ന് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

ദീർഘകാലമായി ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകളിലെ അപേക്ഷകൾ തീർപ്പാക്കാനായി 29 സ്പെഷ്യൽ ട്രിബ്യൂണൽ പുനഃസ്ഥാപിച്ച് ഉത്തരവ് നൽകുകയുണ്ടായി. സമയബന്ധിതമായും കാര്യക്ഷമമായും കേസ്സുകൾ തീർപ്പാക്കാനുതകുന്ന തരത്തിൽ ആവശ്യമായ പ്രത്യേക ചട്ടങ്ങൾ, മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് ലാൻഡ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം ലാൻഡ് ട്രിബ്യൂണലുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി, കെട്ടിക്കിടക്കുന്ന കേസ്സുകൾ എത്രയും വേഗം തീർപ്പാക്കി

അർഹരായവർക്ക് പട്ടയം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ എന്നുപറയുന്നത് നമുക്കറിയാമല്ലോ; 1970-കളിൽ ട്രിബ്യൂണൽ നിലവിൽ വരികയും 46 വർഷങ്ങൾ പിന്നിടുകയും ചെയ്തു. ഇപ്പോഴും നേരത്തേ മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ തക്ക സമയത്ത് ട്രിബ്യൂണലിന്റെ മുമ്പാകെ പോകാൻ കഴിയാതിരുന്ന ആളുകൾ, ജന്മിമാരെ കണ്ടെത്താൻ കഴിയാതിരുന്ന ആളുകൾ ഉൾപ്പെടെയുള്ളവരുടെ ഏതാണ്ട് 90,000-ൽപ്പരം അപേക്ഷകൾ കേരളത്തിലെ വിവിധ ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുകയാണ്. അവർക്കെല്ലാം ഈ പറയുന്ന കാലാവധിക്കുള്ളിൽ പട്ടയം കൊടുക്കാൻ കഴിഞ്ഞാൽ ഏതാണ്ട് ഒരു ലക്ഷത്തിനടുത്ത് വരുന്ന ലാൻഡ് ട്രിബ്യൂണൽ പട്ടയം കൊടുക്കാനുണ്ടാകും. അതുകൊടുക്കാൻ പ്രത്യേകമായ സംവിധാനമുണ്ടാക്കണം. സ്പെഷ്യൽ ട്രിബ്യൂണലുകൾ ആവശ്യമാണെങ്കിൽ, ഏറ്റവും കൂടുതൽ ഇത്തരം കേസ്സുകളുള്ള പഞ്ചായത്തുകളിൽ പ്രത്യേക സിറ്റിംഗ് നടത്തി അതിൽ തീരുമാനം ഉണ്ടാക്കണമെന്നുള്ള നിർദ്ദേശങ്ങൾ കൊടുത്തിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിച്ചഭൂമി ഏറ്റെടുക്കുന്ന കാര്യത്തിലും അതിന്റെ വിതരണത്തിന്റെ കാര്യത്തിലും ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 9.85 ഹെക്ടറും ആലപ്പുഴയിൽ 5.27 ഹെക്ടറും പാലക്കാട് 5.94 ഹെക്ടറും വയനാട് 29.96 ഹെക്ടറും മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുണ്ട്. വിതരണത്തിനായി 655.20 ഹെക്ടർ മിച്ചഭൂമി ഇപ്പോൾ സജ്ജമാക്കിയിട്ടുണ്ട്. സാധാരണഗതിയിൽ ജില്ലാ കളക്ടർമാർ നോട്ടിഫൈ ചെയ്ത്, നോട്ടിഫിക്കേഷൻ നടത്തി തുടർന്നുള്ള അപേക്ഷകൾ സ്വീകരിച്ചുകൊണ്ട് നിയമാനുസൃതമായ നടപടികളിലൂടെ വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കാനാണ് ആലോചിക്കുന്നത്.

ദശാബ്ദങ്ങളായി എങ്ങും എത്താതെയും കഴിഞ്ഞ നാല് വർഷങ്ങളായി മുടങ്ങിക്കിടക്കുകയുമായിരുന്ന റീസർവ്വെ പ്രവർത്തനം പുനരാരംഭിക്കുകയുണ്ടായി. 2012-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് അത് നിർത്തിവച്ചത്. 2012-ൽ നിർത്തിവച്ചെങ്കിലും അതിന് മുമ്പുണ്ടായിരുന്ന സർവ്വെ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളതിൽ ഒരുപാട് പരാതികളുള്ളത് പരിഹരിക്കാനായി ബാക്കി കിടക്കുകയായിരുന്നു. ഇപ്പോൾ അത് പുനരാരംഭിച്ചപ്പോൾ അത്തരം കേസ്സുകൾ കൂടി പുനഃപരിശോധിച്ച് ആവശ്യമായ കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കിയിരിക്കുകയാണ്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ജനപങ്കാളിത്തത്തോടെയാണ് ഇത്തവണ സർവ്വെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. സ്പെഷ്യൽ ടീമുകളുടെ നേതൃത്വത്തിൽ അത്യാധുനിക ഇ.ടി.എസ്., ജി.പി.എസ്. സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള സമഗ്ര സർവ്വെയാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇടുക്കി ജില്ലയിലെ സർവ്വെ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഇടുക്കി ജില്ലയിൽ

അവശേഷിക്കുന്ന പ്രദേശങ്ങളുടെ റീസർവ്വെ പ്രവർത്തനം നടത്തണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചതനുസരിച്ച് അതിന്റെ പ്രവർത്തനങ്ങൾ കൂടി ആരംഭിക്കാൻ പോവുകയാണ്.

വരൾച്ചയെ സംബന്ധിച്ച് രാവിലെ ഇവിടെ ചർച്ച ചെയ്തതാണ്. കഴിഞ്ഞ ഒരു നൂറ്റാണ്ട് കാലയളവിലെ ഏറ്റവും രൂക്ഷമായ വരൾച്ചയാണ് സംസ്ഥാനം ഇപ്പോൾ നേരിടുന്നത്. മഴയുടെ ലഭ്യതയിലുണ്ടായ കുറവും കാലാവസ്ഥയുടെ വ്യതിയാനവുംമൂലമുണ്ടായ വരൾച്ചാ ഭീഷണി നേരിടുന്നതിന് ഒക്ടോബർ മാസത്തിൽത്തന്നെ നടപടി ആരംഭിച്ചു. ഇതിന്റെ വിശദമായ കണക്കുകൾ, കിയോസ്കുകൾ സ്ഥാപിച്ചതും മറ്റ് കാര്യങ്ങളുമെല്ലാം രാവിലെ പറഞ്ഞതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല. അത്തരം സ്ഥലങ്ങളിൽ പലയിടങ്ങളിലും ആവശ്യമായ ഫണ്ട് ഇല്ലെന്ന രീതിയിലുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി, അത് ശരിയല്ല. എല്ലാ ജില്ലകളിലും ഇതിനാവശ്യമായ ഫണ്ട് നൽകുകയും അത് റീഫണ്ട് ചെയ്യുകയും ചെയ്തതിന്റെ കണക്ക് ഇവിടെയുണ്ട്. ജലത്തിന്റെ ഉപയോഗം ക്രമപ്പെടുത്തുന്നതിനും ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനും എല്ലാ ജില്ലകളിലും മന്ത്രിമാരുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം ഉണ്ടായിരുന്നു. സംസ്ഥാനത്തെ പാറമടകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ സർക്കാർ ഏറ്റെടുത്ത് ജലസംഭരണവും വിതരണവും ചെയ്യാനും ആവശ്യമായവ ശുദ്ധീകരിച്ച് ജലവിതരണം ചെയ്യുന്നതും ഉൾപ്പെടെയുള്ള ഏർപ്പാടുകൾ നേരത്തേ നിർദ്ദേശിച്ചിരുന്നതാണ്. ടാങ്കറുകൾ മുഖേനയുള്ള ജലവിതരണത്തിനും നടപടികൾ സ്വീകരിച്ചിരുന്നു. ടാങ്കറുകൾ മുഖേനയുള്ള ജലവിതരണം ജി.പി.എസ്. മോണിറ്ററിംഗിലൂടെ സുതാര്യമായും കാര്യക്ഷമമായും അഴിമതിരഹിതവുമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭവും മറ്റ് ദുരന്തങ്ങളും നേരിടുന്നതിന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം ആധുനികവത്കരിക്കുകയും സുസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെല്ലാം പുറമേ പല അംഗങ്ങളും സംസാരിക്കുമ്പോൾ ചൂണ്ടിക്കാണിച്ചിട്ടുള്ള ചില കാര്യങ്ങൾ പ്രത്യേകമായി വിശദീകരണം നൽകേണ്ടതുണ്ടെന്ന് ഞാൻ കരുതുകയാണ്.

3.00 p.m]

ബഹുമാന്യരായ മെമ്പർമാർ പലരും എങ്ങനെയാണ് കയ്യേറ്റം ഒഴിപ്പിക്കുകയെന്ന് ചോദിച്ചു. ഇവിടെ വ്യക്തമായി സൂചിപ്പിക്കപ്പെട്ട കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞതും ഗവൺമെന്റിന്റെ നയമെന്ന് ഉറക്കെ ഈ സഭാവേദിയിൽ പലപ്പോഴായി

ആവർത്തിച്ച പറഞ്ഞിട്ടുള്ളതുമാണ്. ഭൂമി കയ്യേറ്റം യാതൊരു കാരണവശാലും അനുവദിക്കില്ല, അത് ഒഴിപ്പിക്കും എന്നുള്ളതൊക്കെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എല്ലാവരും അതുതന്നെയാണ് ആവശ്യപ്പെടുന്നത്. അതിനുള്ള നടപടി എന്താണെന്നും എങ്ങനെയാണ് കഴിയുകയെന്നും ചോദിച്ചു. കേരള ലാൻഡ് കൺസർവൻസി ആക്ട് 1957 അനുസരിച്ചാണ് നമുക്ക് ഇപ്പോൾ ചെയ്യാൻ കഴിയുന്നത്. ആ നിയമം മാത്രമാണ് ഇതിന് മാർഗ്ഗമായിട്ടുള്ളത്. മറ്റ് കാര്യങ്ങളെക്കുറിച്ച് അതിനിടയിൽ ചർച്ച ചെയ്യുന്നതിൽ ഒരു കാര്യവുമില്ല. കേരളത്തിൽ നിലവിലുള്ള ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നിയമാനുസൃത നടപടികളുമായി മുന്നോട്ടുപോകും. മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, പല തോട്ടം ഉടമകളുടെയും കയ്യിൽ സാധാരണഗതിയിൽ നിശ്ചയിക്കപ്പെട്ടതിലും സർക്കാർ അനുവദിച്ചുകൊടുത്തതിലും കൂടുതൽ ഭൂമിയുണ്ടെങ്കിൽ അത് കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ പുതിയ നിയമനിർമ്മാണമുൾപ്പെടെ നടത്തേണ്ട സാഹചര്യം നിലനിൽക്കുകയാണ്. കുറേക്കൂടി ശക്തവും കർശനവുമായ നിയമം ഈ രംഗത്ത് കൊണ്ടുവരുന്നതിനുവേണ്ടി 'ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ആക്ട് ' നടപ്പിലാക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകാൻ ആലോചിക്കുകയാണ്. .......(ബഹളം)..... ആരും ബേജാറാവേണ്ട കാര്യമില്ല. കയ്യേറ്റം ഒഴിപ്പിക്കണമെന്നല്ലേ? ഇവിടെ സംസാരിക്കാൻ പലരും ശ്രമിച്ചപ്പോൾ മുഖ്യമന്ത്രിക്ക് ഒരഭിപ്രായവും റവന്യൂ വകുപ്പുമന്ത്രിക്ക് മറ്റൊരഭിപ്രായവും എന്നുപറഞ്ഞു, അങ്ങനെയില്ല; ഈ ഗവൺമെന്റിന് ഒരഭിപ്രായമേയുള്ളൂ. ഈ ഗവൺമെന്റിന്റെ പ്രഖ്യാപിതമായ നയം നടപ്പാക്കി മുന്നോട്ട് പോകുമ്പോൾ ഏത് വൻകിട കയ്യേറ്റക്കാരനായാലും അതിൽ നിന്ന് ഒഴിവാക്കില്ല; ആ കയ്യേറ്റക്കാരനെ ഒഴിപ്പിക്കും. .......(ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,.....

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ സംസാരിക്കട്ടെ, ഇല്ല ഞാൻ വഴങ്ങുന്നില്ല. .......(ബഹളം).....

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ലെങ്കിൽ എന്തുചെയ്യും? ഒരു കാര്യം മനസ്സിലാക്കണം, ധനാഭ്യർത്ഥനയുടെ ഭാഗമായി ചർച്ച നടക്കുമ്പോൾ അത് ഫലപ്രദമായി വിനിയോഗിക്കുന്നതിനുപകരം എന്തെങ്കിലും പ്രസംഗിക്കുകയും അവസാനം മന്ത്രി സംസാരിക്കുമ്പോൾ ഇടപെട്ട് ചോദ്യങ്ങൾ കൊണ്ടുവരികയും ചെയ്യുന്നത് ശരിയല്ല. ആകാശത്തിന് കീഴിലുള്ള എല്ലാ കാര്യങ്ങളും പറഞ്ഞുകൊണ്ടിരിക്കുന്നു. മന്ത്രി വഴങ്ങുന്നുണ്ടെങ്കിൽ നിങ്ങൾക്ക് സംസാരിക്കാം.

വഴങ്ങണമെന്ന് മന്ത്രിയെ നിർബന്ധിക്കാൻ ചെയറിന് പറ്റില്ല. .......(ബഹളം)..... മന്ത്രി വഴങ്ങിയേ പറ്റൂ എന്ന് വാശിപിടിക്കുന്നതിൽ യുക്തിയില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണ ഡിമാന്റ് ചർച്ചകളിൽ ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയുന്നതിനിടയിൽ മെമ്പർമാർക്ക് ചോദ്യങ്ങളോ സംശയങ്ങളോ ഉണ്ടാകാറുള്ളത് ആദ്യത്തെ സംഭവമല്ല. അതിന് മന്ത്രിമാർ മറുപടി പറയാറുമുണ്ട്. ശ്രീ. ഇ. ചന്ദ്രശേഖരന്റെ പ്രസംഗം കഴിഞ്ഞതിനുശേഷം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് വഴങ്ങിയാൽ മതി.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ മറുപടി പറഞ്ഞതിനുശേഷം തീർച്ചയായും അവർക്ക് പറയാനുള്ളത് കേൾക്കും. .......(ബഹളം).....

മി. സ്പീക്കർ: അങ്ങ് മന്ത്രിയായിരുന്ന ആളല്ലേ; അങ്ങ് സംസാരിക്കുന്നതിനിടയിൽ ഇങ്ങനെ ഇടയ്ക്കിടയ്ക്ക് വഴങ്ങിയിരുന്നോ? അദ്ദേഹത്തിന്റെ ഫ്ലോ നഷ്ടപ്പെടുത്തേണ്ട; അദ്ദേഹം പറഞ്ഞു തീർക്കട്ടെ. ഇങ്ങനെയൊന്നും വാശി പിടിക്കുന്നത് ശരിയല്ല. അങ്ങ് സംസാരിക്കൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കാര്യം പറഞ്ഞു. ഞാൻ ഇവിടെ മറുപടി പറഞ്ഞു കഴിഞ്ഞതിനുശേഷം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി പറയാമെന്നും പറഞ്ഞു. പിന്നെ ഈ കോലാഹലം ആവശ്യമില്ല. ബഹുമാനപ്പെട്ട കെ. മുരളീധരൻ സംസാരിക്കുന്ന കൂട്ടത്തിൽ ഒരു കാര്യം ചോദിച്ചത്, നമുക്കെല്ലാവർക്കും വ്യക്തതയുള്ളതാണ്. കുടിയേറ്റവും കയ്യേറ്റവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. അത് വളരെ വ്യക്തമായി ആവർത്തിച്ചാവർത്തിച്ച് നമ്മളെല്ലാവരും പറയുകയുണ്ടായി. കുടിയേറ്റത്തിന്റെ കാലഘട്ടം വേറെയാണ്. പഴയ കാലത്ത് കുടിയേറി, മലയെ നാടാക്കി മാറ്റാൻ അല്ലെങ്കിൽ അവിടെ പൊന്നു വിളയിക്കാൻ ആവശ്യമായ കഠിനാദ്ധ്വാനം നടത്തിയ ആളുകളെക്കുറിച്ച് പറയുന്നതാണ്. അടുത്തത് കയ്യേറ്റക്കാരെക്കുറിച്ച് പറഞ്ഞു. കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടിയെക്കുറിച്ചാണ് ഇപ്പോൾ തീരുമാനിക്കുന്നത്. ഇടുക്കി ജില്ലയിലെ കുടിയേറ്റവും ആ കുടിയേറ്റത്തിന്റെ ഭാഗമായി അവിടെ നിലനിന്നുപോരുന്ന ജനവിഭാഗത്തെയെല്ലാം അസംതൃപ്തരാക്കിക്കൊണ്ട് നടപ്പാക്കാനല്ല; മറിച്ച്, ഇടുക്കി ജില്ലയിലുള്ളവരേക്കാൾ കൂടുതൽ പുറമേനിന്ന് കടന്നുകയറി അവിടെ പുത്തൻ റിസോർട്ടുകൾ പണിയുന്ന വലിയൊരു വിഭാഗം ആളുകളാണ് കയ്യേറ്റക്കാർ. അതല്ലാതെ ആ പ്രദേശത്തുള്ളവരിൽ ആരെങ്കിലും കയ്യേറ്റക്കാരായിട്ടുണ്ടെങ്കിൽ തീർച്ചയായും ആ കാര്യങ്ങൾ കൂടി പരിശോധിക്കുകയും പരിഗണിക്കുകയും ആ കയ്യേറ്റം ആവശ്യമായ രീതിയിൽ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും

ചെയ്യും.

ഇവിടെ വാശിയോടുകൂടി എത്ര റിസോർട്ടുകൾ ഉണ്ടെന്ന് ചോദിച്ചല്ലോ? ഞങ്ങൾ അധികാരത്തിൽ വന്നിട്ട് 11 മാസമായി; ഒരു വർഷമായില്ല. എത്ര റിസോർട്ടുകൾ അവിടെ പടുത്തുയർത്തിയിട്ടുണ്ടെന്നും ഏത് കാലത്താണെന്നും കൃത്യമായ അളവിൽ പരിശോധിക്കുകയാണ്. ഏത് കാലത്താണ് ഇതിന്റെ നിർമ്മാണം ആരംഭിച്ചത്; എപ്പോഴാണ് അനുമതി കൊടുത്തത്; ആരാണ് അനുമതി കൊടുത്തത് തുടങ്ങിയ കാര്യങ്ങളൊക്കെ പരിശോധിച്ചാൽ കൃത്യമായി പറയാവുന്നതാണ്. എല്ലാവർക്കും മനസ്സിലാവുന്ന കാര്യമാണത്. ഇപ്പോൾ പുതുതായി വന്ന കയ്യേറ്റമുണ്ടെങ്കിൽ അതും അനുവദിക്കില്ലെന്നതാണ് ഗവൺമെന്റ് സ്വീകരിച്ച നയം. അതുകൊണ്ട് നേരത്തേയുള്ള കയ്യേറ്റമൊന്നും കയ്യേറ്റമല്ലായെന്നും ഇപ്പോഴാണ് പുതിയ കയ്യേറ്റം വന്നത് എന്നുമുള്ള രീതിയിൽ മാത്രം ആ പ്രശ്നത്തെ സമീപിക്കുന്നത് ശരിയല്ലെന്നാണ് ചൂണ്ടിക്കാണിക്കുന്നത്.

അതുപോലെതന്നെ ഇവിടെ ചൂണ്ടിക്കാണിച്ച ചില കാര്യങ്ങളിൽ ആവശ്യമായ വിശദീകരണം പറയാം. റീസർവ്വേ നടക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചു. റീസർവ്വേ നടത്തുന്നതിന് വളരെ വ്യക്തമായ കാഴ്ചപ്പാടോടെ, വലിയ ബഹുജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മെമ്പർമാരുടെയെല്ലാം അറിവോടുകൂടിയാണ് എല്ലാ പ്രദേശങ്ങളിലും റീസർവ്വേയ്ക്കുവേണ്ടി ആളുകളെ നിയമിച്ചത്. അത് ആരംഭിച്ചിരിക്കുന്ന കാസർഗോഡ് ജില്ലയിൽ സർവ്വേയർമാർക്ക് താമസ സൗകര്യമുൾപ്പെടെ വേണ്ടുന്ന എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിൽ വലിയ തോതിലുള്ള ജനപങ്കാളിത്തവും ജനങ്ങളുടെ ഇടപെടലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായവും ഉണ്ടായിട്ടുണ്ട്. അത് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടക്കാനിടയുണ്ട്. ലാൻഡ് അസൈൻമെന്റ് കമ്മിറ്റികൾ രൂപീകരിച്ചില്ലെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. എറണാകുളം ജില്ലയിൽ നിന്നുള്ള നിർദ്ദേശം ഇവിടെ എത്താത്തതുകൊണ്ട് അതൊഴികെ മറ്റെല്ലാ ജില്ലകളുടെയും അസൈൻമെന്റ് കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞതാണ്. ഇക്കാര്യങ്ങളിൽ വ്യക്തതയില്ലാതെ പോകരുത് എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ കാര്യങ്ങൾ പറയുന്നത്. ഇങ്ങനെയുള്ള ചില നിർദ്ദേശങ്ങളാണ് പല മെമ്പർമാരും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഗവൺമെന്റ് ഭൂമി സംരക്ഷിക്കലും പട്ടയം കിട്ടാത്തവർക്ക് പട്ടയം നൽകലും ഗവൺമെന്റിന്റെ മുഖ്യ ചുമതലയായി ഏറ്റെടുത്തിരിക്കുകയാണ്. അതിനുവേണ്ടി എല്ലാ വിധത്തിലുമുള്ള പ്രവർത്തനങ്ങളും ഏറ്റെടുത്ത് മുമ്പോട്ടുപോകുകയാണ്.

ഹൗസിംഗുമായി ബന്ധപ്പെട്ട് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെയും ഹൗസിംഗിന്റെയും ചില കാര്യങ്ങൾ ഇതിലുൾപ്പെടുത്തി പറയേണ്ടതുണ്ട്. അവിടെ

നാലഞ്ചു കേന്ദ്രങ്ങളിലായി 'കലവറ' രൂപീകരിച്ചിരിക്കുകയാണ്. നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ 'കലവറ' അഞ്ച് യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയിരിക്കുകയാണ്. സംസ്ഥാന നിർമ്മിതികേന്ദ്രം പത്തനംതിട്ട ജില്ലയിൽ സ്വന്തമായി ഒരു ഓഫീസ് നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചു. ഹരിത സാങ്കേതികവിദ്യ പ്രചരിപ്പിക്കുകയും ശുചിത്വ കേരളം എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വീടുകളിലെ ജൈവമാലിന്യത്തിൽ നിന്ന് വൈദ്യുതി, പാചക ഗ്യാസ് എന്നിവ ഉൽപ്പാദിപ്പിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് യുവതീ- യുവാക്കൾക്ക് പരിശീലനം നൽകുകയും സംസ്ഥാനത്ത് 10 പ്രൊഡക്ഷൻ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. ഭവന നിർമ്മാണം-സാഫല്യം ഭവന പദ്ധതി നടപ്പാക്കുന്നുണ്ട്. പാലക്കാട് ലക്കിടി പേരൂരിൽ 24 ഫ്ലാറ്റുകളുടെയും കോഴിക്കോട് ചേളന്നൂരിൽ 24 ഫ്ലാറ്റുകളുടെയും നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതാണ്. ഗൃഹശ്രീ, 2016-17 വർഷത്തെ ബജറ്റ് വിഹിതമായ 3615 ലക്ഷം രൂപയിൽ മുൻ വർഷത്തെ ഡെപ്പോസിറ്റ് തുകയായ 2638 ലക്ഷം രൂപ കഴിച്ച് ബാക്കിയുള്ള 977 ലക്ഷം രൂപയും 488 വീടുകൾക്ക് ബാഹ്യ ധനസഹായമായി 250 ലക്ഷം രൂപയും അനുവദിച്ചിരിക്കുകയാണ്. തിരുവനന്തപുരം പൂജപ്പുരയിൽ ഫേസ് III-ൽ 24 ഫ്ലാറ്റുകളുടെയും ഫേസ് IV-ൽ 24 ഫ്ലാറ്റുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നു. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതിയെന്ന നിലയിൽ മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണ പ്രവർത്തനം ആരംഭിച്ച തൃശ്ശൂർ കുട്ടനെല്ലൂരിലെ 6 ഫ്ലാറ്റുകളുടെയും കാസർഗോഡ് ചെങ്ങളയിലെ 12 ഫ്ലാറ്റുകളുടെയും നിർമ്മാണം ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയിട്ടുണ്ട്. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. താഴെപ്പറയുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയിട്ടുണ്ട് (കട്ടപ്പന - 125 പേർക്കും കോഴിക്കോട് -159 പേർക്കും എറണാകുളം എടപ്പള്ളിയിൽ-2 പേർക്കും തൃശ്ശൂർ മുളങ്കുന്നത്തുകാവ് -142 പേർക്കും തൃശ്ശൂർ ചാലക്കുടിയിൽ -71 പേർക്കും തിരുവനന്തപുരം എൻ.സി.സി. നഗറിൽ 64 പേർക്കും താമസ സൗകര്യമുള്ളത്). നിർമ്മിതി കേന്ദ്രം, ഹൗസിംഗ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും റീ-സർവ്വേയും ഉൾപ്പെടെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടെ സമയബന്ധിതമായി പത്തോ പതിനൊന്നോ മാസത്തിനിടയിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. ഒരു കാര്യം ആവർത്തിച്ചു പറയാനുള്ളത്, ഈ ഗവൺമെന്റ് ഇത്തരം നയങ്ങളും നടപടികളുമായി മുന്നോട്ട് പോകുമ്പോൾ ഗവൺമെന്റിനെ ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടിച്ച് തടസ്സപ്പെടുത്തുകയെന്ന ബോധപൂർവ്വമായ ലക്ഷ്യത്തോടെയുള്ള ഏത് നീക്കങ്ങൾ എവിടെ നിന്നുണ്ടായാലും അതിനുവേണ്ടിയുള്ള എന്ത് ശ്രമങ്ങൾ നടന്നാലും യാതൊരു കാരണവശാലും അംഗീകരിക്കില്ല. ഗവൺമെന്റിൽ അഭിപ്രായ വ്യത്യാസമുണ്ടെന്ന രീതിയിൽ

പ്രചരണം നടത്തുന്നതും അത്തരത്തിലുള്ള രീതിയിൽ കോലാഹലങ്ങൾ സംഘടിപ്പിക്കുന്നതുകൊണ്ടും യാതൊരു അർത്ഥവുമില്ല. ഈ ഗവൺമെന്റിന്റെ പ്രഖ്യാപിതമായ നയത്തെ അടിസ്ഥാനമാക്കിയാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നതെന്നാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗ്രീൻ ട്രൈബ്യൂണലിന്റെ ഒബ്സർവേഷനുണ്ട്. ഞാനത് അങ്ങയോട് ചോദിച്ചതാണ്. പക്ഷെ അതിന്റെ മറുപടി പറഞ്ഞില്ല. ഒന്ന്, അനധികൃത കെട്ടിടങ്ങൾ പൊളിക്കുമെന്നും കയ്യേറ്റ സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന റിസോർട്ടുകൾ മറ്റു വ്യവസായ സംരംഭങ്ങൾ എന്നിവയുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുമെന്ന ഉറപ്പ് സംസ്ഥാന ഗവൺമെന്റ് പാലിച്ചിട്ടില്ല; രണ്ട്, കുറിഞ്ഞിമല വന്യജീവി സംരക്ഷണ കേന്ദ്രം സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ല; അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വൈദ്യുതിബന്ധം വിച്ഛേദിക്കാൻ കെ.എസ്.ഇ.ബി. എന്തുകൊണ്ട് നടപടി എടുത്തിട്ടില്ല എന്നീ മൂന്ന് ചോദ്യങ്ങളാണ് ഗ്രീൻ ട്രൈബ്യൂണൽ ചോദിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നാണ് ഞാൻ അങ്ങയോട് ചോദിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അത് മുൻകാലത്തുള്ള നിർദ്ദേശമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള ഒരു നിർദ്ദേശമായിട്ടല്ല. ഇന്നലെയാണ് ഹരിത ട്രൈബ്യൂണൽ ഇക്കാര്യം ആവർത്തിച്ചു പറഞ്ഞത്. അതെന്താണെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ ഒരു കാര്യത്തെ സംബന്ധിച്ച് സംസാരിക്കാനാണ് ഞാൻ ഇവിടെ നിൽക്കുന്നത്. അദ്ദേഹം ശ്രീ. ജോയിസ് ജോർജ്ജിനെ പരാമർശിച്ചുകൊണ്ട് ചില കാര്യങ്ങൾ പറയുകയുണ്ടായി. 2014-ൽ ലോക്സഭാ തെരഞ്ഞെടുപ്പ് നടന്നപ്പോൾ ഇടുക്കിയിൽ യു.ഡി.എഫ്. സ്ഥാനാർത്ഥിയായി നിർത്തിയത് ശ്രീ. ഡീൻ കുര്യാക്കോസിനെയായിരുന്നു. അവിടെ എൽ.ഡി.എഫ്. ഒരു സ്വതന്ത്ര സ്ഥാനാർത്ഥിയെയാണ് പിന്താങ്ങിയത്. ആ സ്വതന്ത്ര സ്ഥാനാർത്ഥിയായിരുന്നു ശ്രീ. ജോയിസ് ജോർജ്ജ്. നമുക്കെല്ലാം അറിയാവുന്നതു പോലെ ശ്രീ. ജോയിസ് ജോർജ്ജ് നല്ല ഭൂരിപക്ഷത്തിൽ ജയിച്ചു. ജയിച്ചുവന്നതിനുശേഷം അദ്ദേഹത്തെ വേട്ടയാടുന്ന ഒരു നിലപാടായിരുന്നു കഴിഞ്ഞ സർക്കാർ (യു.ഡി.എഫ്.) സ്വീകരിച്ചിരുന്നത്. അതിന്റെ ഭാഗമായി ഇടുക്കിയിൽ അദ്ദേഹം എന്തോ കയ്യേറ്റക്കാരനാണെന്ന് ചിത്രീകരിക്കാനുള്ള ശ്രമമാണ് നടന്നത്. ഞാൻ മനസ്സിലാക്കിയിടത്തോളം അദ്ദേഹം ഒരു തുണ്ടു ഭൂമിയും വാങ്ങിയിട്ടില്ല.

അദ്ദേഹത്തിന്റെ കുടുംബവക സ്വത്ത് അദ്ദേഹത്തിന്റെ അച്ഛനോ മറ്റോ വിലയ്ക്കുവാങ്ങിയ സ്വത്ത്, ഒരു മകൻ എന്ന നിലയ്ക്ക് ശ്രീ. ജോയിസ് ജോർജ്ജിന് കിട്ടിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഈ വേട്ടയാടലിന്റെ ഭാഗമായി ചില പരാതികൾ ഉന്നയിച്ച് അതിലൂടെ ഒരു കേസ് കൊടുക്കാനാണ് ശ്രമിച്ചത്. ഈ സഭയിൽ ഇല്ലാത്ത ശ്രീ. ജോയിസ് ജോർജ്ജിനെക്കുറിച്ച് ഇത്തരത്തിൽ ഒരു കയ്യേറ്റക്കാരാണെന്ന് ചിത്രീകരിക്കുന്ന മട്ടിൽ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ഒട്ടും നീതികരിക്കാവുന്നതല്ല. അത് അങ്ങ് പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കണമെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.*

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ, റൂൾ 288. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ ഏറ്റവും ഉത്തരവാദിത്വപ്പെട്ട ഒരു ഭരണാധികാരി എന്ന നിലയിൽ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു പ്രസ്താവന നടത്താൻ പാടില്ല. ശ്രീ. ജോയിസ് ജോർജ്ജിന്റെ കയ്യേറ്റത്തെ സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ രണ്ട് കേസ്സുകൾ നിലവിലുണ്ട്. ആ കേസിൽ ഗവൺമെന്റിനുവേണ്ടി ഹാജരായിട്ടുണ്ട്. സി.ബി.ഐ. അന്വേഷിക്കണമെന്ന ആവശ്യമാണ് അതിലുള്ളത്. ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയട്ടെ, കുറിഞ്ഞി സാങ്ച്വറിയിൽ 32 ഏക്കർ സ്ഥലം ശ്രീ. ജോയിസ് ജോർജ്ജും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും കയ്യേറിയെന്നതാണ് കേസ്. ആ കേസ്സിൽ കുറിഞ്ഞി സാങ്ച്വറിയിൽ ഒരു ആളുകളും അവിടെ താമസിച്ചിരുന്നില്ല പിതൃസ്വത്ത് അവിടെ ഉണ്ടാകില്ല.

മി. സ്പീക്കർ: എന്താണ് അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. പി. ടി. തോമസ്: സർ, റൂൾ 286 അനുസരിച്ചാണ്.

മി. സ്പീക്കർ: അങ്ങ് ആദ്യം പറഞ്ഞത് റൂൾ 288 ആണ്. റൂൾ 288 വ്യക്തിപരമായ വിശദീകരണം നൽകലാണ്. അങ്ങയെ സംബന്ധിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് വ്യക്തിപരമായ വിശദീകരിക്കലാണ് റൂൾ 288. ...... (ബഹളം)....

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് റൂൾ 286 പ്രകാരം എന്തെങ്കിലും ചോദ്യങ്ങൾ

---

* സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫയൽ നമ്പർ 2008/ഇ.ബി/2017/നി.സെ തീയതി 5-5-17) രേഖയിൽ നിലനിർത്തി.

ചോദിക്കാനുണ്ടെങ്കിൽ സ്പീക്കർ മുഖാന്തരം ചോദിക്കാം. സ്പീക്കർ മുഖാന്തരം അത് ചോദിച്ച് അവസാനിപ്പിക്കാം. അങ്ങ് മൈക്ക് കിട്ടിയാൽ എപ്പോഴും പ്രസംഗിച്ചുകൊണ്ടിരിക്കും. അത് ശരിയല്ല. അങ്ങയുടെ ചോദ്യം എന്താണ്? ചോദ്യം ചോദിക്കൂ.

ശ്രീ. പി. ടി. തോമസ്: xxxxxx*

മി.സ്പീക്കർ: ഇതൊന്നും സഭാ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട കാര്യമല്ല. ഇതൊന്നും രേഖയിലുണ്ടാകില്ല. ഇങ്ങനെ അച്ചടക്കമില്ലാതെ പെരുമാറരുത്. പ്ലീസ്, പ്ലീസ്...... ഇരിക്കൂ.

ശ്രീ. വി.ഡി. സതീശൻ ഒരു ക്രമപ്രശ്നം എഴുതിതന്നിട്ടുണ്ട്. അത് അദ്ദേഹം ഉന്നയിക്കട്ടെ. പ്ലീസ്.....(ബഹളം)..... നിങ്ങൾ ചോദിക്കേണ്ട. അത് അവസാനിച്ചു. ........പ്ലീസ്... അങ്ങ് ഉന്നയിക്കൂ.

## VII. ക്രമപ്രശ്നം

സമാന സ്വഭാവമുള്ള ചോദ്യങ്ങൾക്ക് വ്യത്യസ്ത മറുപടി നൽകുന്നത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, പൊതുഭരണ വകുപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 25-4-2017-ന് നൽകേണ്ട മറുപടി ഇന്നാണ് ലഭിച്ചത്. അതിൽ ശ്രീ. എം. വിൻസെന്റ്, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. പാറക്കൽ അബ്ദുല്ല എന്നീ മൂന്ന് അംഗങ്ങൾ ചോദിച്ച ചോദ്യങ്ങൾക്ക് മൂന്ന് രീതിയിലാണ് മറുപടി തന്നിരിക്കുന്നത്. സമാനസ്വഭാവമുള്ള ചോദ്യങ്ങൾക്ക്.........

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ..........പ്ലീസ്........(ബഹളം).....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ശ്രദ്ധിക്കുകയായിരുന്നു. ബഹുമാനപ്പെട്ട അംഗങ്ങളായ എം. നൗഷാദും കെ. ജെ. മാക്സിയും ഈ സഭയിൽ ആദ്യമായി വന്നവരാണ്. എനിക്ക് സ്പീക്കർ അനുവദിച്ച കാര്യം ഞാൻ സംസാരിക്കുന്നതിന് ഇവരെന്തിനാണ് ബഹളമുണ്ടാക്കുന്നത്.

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ...........പ്ലീസ്........(ബഹളം)..... അംഗങ്ങൾ ദയവായി ഇരിക്കൂ............അങ്ങ് ഉന്നയിക്കൂ......പ്ലീസ്......

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങൾ എന്തിനാണ് ബഹളമുണ്ടാക്കുന്നത്. ഇത് അങ്ങനെ സംസാരിക്കാൻ സാധിക്കില്ല. അങ്ങ് എനിക്ക് പ്രൊട്ടക്ഷൻ തരണം. ഇങ്ങനെ ബഹളമുണ്ടാക്കിയാൽ ക്രമപ്രശ്നം ഉന്നയിക്കാൻ സാധിക്കുമോ? ബഹുമാനപ്പെട്ട സ്പീക്കർ അവർക്ക് പറഞ്ഞുകൊടുക്കൂ. അവർ ബഹളമുണ്ടാക്കുമ്പോൾ

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

ഞാൻ ഉന്നയിക്കില്ല. ....(ബഹളം).....

മി. സ്പീക്കർ: പല തവണ പറഞ്ഞിട്ടുണ്ട്. അങ്ങ് ഉന്നയിക്കൂ......

ശ്രീ. വി. ഡി. സതീശൻ: സർ, അവർ ബഹളമുണ്ടാക്കുമ്പോൾ ഞാൻ ഉന്നയിക്കില്ല. ....(ബഹളം).....

മി. സ്പീക്കർ: ഞാൻ വീണ്ടും വീണ്ടും അത് ആവർത്തിക്കണോ? അങ്ങ് ഉന്നയിക്കൂ......

ശ്രീ. വി. ഡി. സതീശൻ: സർ, മുഖ്യമന്ത്രിയുടെ ഉപദേശകരായി എത്ര പേരെ നിയോഗിച്ചിട്ടുണ്ട് എന്ന ചോദ്യത്തിന്, ഒരു ചോദ്യത്തിന് എട്ടുപേരെ നിയോഗിച്ചിട്ടുണ്ടെന്നാണ് ഉത്തരം തന്നിരിക്കുന്നത്. മറ്റൊരെണ്ണത്തിൽ ആറുപേരെ നിയോഗിച്ചിട്ടുണ്ടെന്നാണ് ഉത്തരം തന്നിരിക്കുന്നത്. ഇവിടെ ഒരു ചോദ്യത്തിന് മറുപടി തന്നിരിക്കുന്നത് വികസനത്തിന് ഉപദേഷ്ടാവിനെ നിയമിച്ചിട്ടില്ല എന്നാണ്. മറ്റൊരു ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത്, ശാസ്ത്ര ഉപദേഷ്ടാവിന് 36,097 രൂപയും വികസന ഉപദേഷ്ടാവിന് 37,736 രൂപയും വാഹനത്തിനും ഇന്ധനത്തിനും ഡ്രൈവറുടെ ശമ്പള ഇനത്തിലും പ്രതിമാസം ചെലവാകുന്നുണ്ട് എന്നാണ്. ഇത് ഈ നിയമസഭയിൽ തന്ന ഉത്തരമല്ലേ? അങ്ങേയ്ക്ക് ഇതിൽ ഉത്തരവാദിത്വമുള്ളതല്ലേ?

മി. സ്പീക്കർ: ഇതിൽ എന്താണ് ക്രമപ്രശ്നം?

ശ്രീ. വി. ഡി. സതീശൻ: സർ, ഈ സഭയിൽ തന്നിരിക്കുന്ന ഒരു ഉത്തരത്തിൽ വികസന ഉപദേഷ്ടാവിനെ നിയമിച്ചിട്ടില്ല എന്ന് പറയുന്നു. മറ്റൊരു ഉത്തരത്തിൽ ആ ഉദ്യോഗസ്ഥന് ശമ്പളം കൊടുത്തുകൊണ്ടിരിക്കുന്നുവെന്ന് പറയുന്നു. ഒരെണ്ണത്തിൽ പറയുന്നു ആറ് പേരെ നിയമിച്ചിട്ടുണ്ടെന്ന്. അങ്ങ് ഇതിൽ എന്ത് ക്രമപ്രശ്നമാണെന്ന് ചോദിക്കുന്നത് വളരെ ദൗർഭാഗ്യകരമാണ്. മൂന്ന് അംഗങ്ങൾ ചോദിച്ച സമാന സ്വഭാവമുള്ള ചോദ്യത്തിന് മൂന്ന് രീതിയിലാണ് ഉത്തരം നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർ ആ ചെയറിൽ ഇരുന്നുകൊണ്ട് ഇതിൽ എന്ത് ക്രമപ്രശ്നമാണെന്ന് ചോദിക്കുന്നത്, it is quite unfair. വളരെ ദൗർഭാഗ്യകരമാണ്.

മി. സ്പീക്കർ: വേണ്ട..... അങ്ങ് ഷൗട്ട് ചെയ്യേണ്ട.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് വേണമെങ്കിൽ മുഖ്യമന്ത്രിയെ സംരക്ഷിച്ചോളൂ. പക്ഷേ ഇതിൽ എന്ത് ക്രമപ്രശ്നമാണെന്നാണ് അങ്ങ് ചോദിക്കുന്നത്. മൂന്ന് ചോദ്യങ്ങൾക്ക് മൂന്ന് മെമ്പർമാർക്ക് മൂന്ന് രീതിയിൽ മറുപടി നൽകിയിട്ട് അങ്ങ് ഇങ്ങനെ പറയുന്നത്........

## റൂളിംഗ്

<u>മി. സ്പീക്കർ</u>: ഇവിടെ ശ്രീ വി. ഡി. സതീശനുമാത്രം പ്രത്യേക പ്രിവിലേജൊന്നുമില്ല. ....(ബഹളം)..... ഇത് പ്രിവിലേജിന്റെ പ്രശ്നമാണ്. നിയമസഭയുടെ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് ഒരു കീഴ്വഴക്കമുണ്ട്. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന മറുപടികൾ വരുകയോ അതിനെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടാകുകയോ ചെയ്താൽ അത് അവകാശലംഘനത്തിന്റെ ഭാഗമായിട്ടാണ് വരുന്നത്. അത് ക്രമപ്രശ്നമല്ല. അങ്ങേയ്ക്ക് അവകാശ ലംഘനത്തിന് നോട്ടീസ് കൊടുക്കാം. അതാണ് ഞാൻ പറഞ്ഞത്. എന്തായാലും അങ്ങയെപ്പോലെ ഒരാൾ എഴുതിത്തന്നപ്പോൾ അത് പരിശോധിച്ച് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞു. അത് പരിശോധിച്ച് ആവശ്യമായ അന്വേഷണം നടത്തി സഭയിൽ പറയും..... ഞാൻ നടപടിക്രമങ്ങളുടെ കീഴ്വഴക്കങ്ങളെക്കുറിച്ചാണ് പറയുന്നത്. അതിൽ ആരും അസ്വസ്ഥരാകേണ്ട.

## ധനകാര്യം (തുടർച്ച)

<u>മി. സ്പീക്കർ</u>: ധനാഭ്യർത്ഥന നമ്പർ V -കാർഷികാദായ നികുതിയും വിൽപ്പന നികുതിയും സംബന്ധിച്ച് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ)</u> : സർ, സംസാരിക്കുന്നുണ്ട്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കാര്യവിവരപ്പട്ടികയിൽ ദേവസ്വത്തെ സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ അച്ചടിച്ചിട്ടില്ല.

<u>മി. സ്പീക്കർ</u>: അച്ചടിക്കാൻ വിട്ടുപോയതാണ്. അദ്ദേഹത്തിന്റെ ഡിമാന്റുകൂടി ചർച്ചയിൽ വന്നിട്ടുണ്ട്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ദേവസ്വവുമായി ബന്ധപ്പെട്ട വിഷയം ഇവിടെ ആരും ചർച്ച ചെയ്തിട്ടില്ല.

<u>മി. സ്പീക്കർ</u>: സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, കാര്യവിവരപ്പട്ടിക തയ്യാറാക്കുമ്പോൾ സാധാരണഗതിയിൽ റവന്യൂ എന്ന ധനാഭ്യർത്ഥനയോടൊപ്പമാണ് ദേവസ്വവും വരുന്നത്. എന്നാൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ദേവസ്വം എന്ന ഭാഗം പ്രിന്റ് ചെയ്തിട്ടില്ലായിരുന്നു. അതുകൊണ്ടുതന്നെ എല്ലാ അംഗങ്ങൾക്കും ഇന്ന് ദേവസ്വത്തെക്കുറിച്ചുള്ള ചർച്ച നടത്തണമെന്ന് അറിയില്ലായിരുന്നു. ചില

അംഗങ്ങൾ മാത്രം അതിൽ പങ്കെടുക്കുകയുണ്ടായി. എല്ലാവർക്കും അതിൽ പങ്കെടുക്കാനുള്ള സൗകര്യം കിട്ടാത്തത് കാര്യവിവരപ്പട്ടികയിൽ ദേവസ്വമെന്ന ഭാഗം ഇല്ലാത്തതുകൊണ്ടാണ്.......(ബഹളം).... ഭാവിയിലെങ്കിലും അത് തിരുത്താൻ വേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. റവന്യൂവിനോടൊപ്പമാണ് ദേവസ്വവും വരുന്നത്. അത് പരിശോധിക്കണം.

മി. സ്പീക്കർ: പ്രശ്നങ്ങളെന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അത് തിരുത്തും. അക്കാര്യം പരിശോധിക്കാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ദേവസ്വങ്ങളെ സംബന്ധിച്ച് കുറെ വിഷയങ്ങൾ ഇന്ന് ചർച്ചയിൽ വരികയുണ്ടായി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് എന്താണ് പറയാനുള്ളത്? അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചിട്ടുണ്ട്. നേരത്തേ പ്രതിപക്ഷനേതാവ് തന്നെ അത് സമ്മതിച്ചു.

പ്രതിപക്ഷനേതാവ് (ശ്രീ രമേശ് ചെന്നിത്തല): സർ, ഡിമാന്റ് അച്ചടിച്ച് വന്നതിൽ ദേവസ്വം ഉൾപ്പെട്ടിട്ടില്ല. അതാണ് മെമ്പർമാർ ചൂണ്ടിക്കാണിക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണം. സാധാരണ സബ്ടൈറ്റിൽസ് വരുന്നതാണ്. ദേവസ്വത്തെപ്പറ്റി ഇതിൽ ചൂണ്ടിക്കാണിക്കുന്നതേയില്ല. പക്ഷേ ശ്രീ. എം. ഉമ്മറിനെപ്പോലെ ചില മെമ്പർമാർ ദേവസ്വത്തെക്കുറിച്ച് സംസാരിച്ചു. പക്ഷേ ഡിമാന്റായി പറയുന്നതിനകത്ത് ബുദ്ധിമുട്ട് വരും. നിയമപരമായി അത് തെറ്റാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): മേജർ ഹെഡ്ഡല്ലേ വരികയുള്ളൂ. ഇൻഡസ്ട്രീസ് എന്ന ഹെഡ്ഡിനുകീഴിൽ കയർ, കശുവണ്ടി തുടങ്ങിയവയെല്ലാം വരുമല്ലോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ദേവസ്വത്തെക്കുറിച്ചുള്ള ചർച്ചയിൽ ചില അംഗങ്ങൾ പങ്കെടുത്തു. വളരെ നല്ല ചില നിർദ്ദേശങ്ങൾ അംഗങ്ങളുടെ ഭാഗത്തുനിന്നും വരികയുണ്ടായി. പൊതുവേ നമ്മുടെ സംസ്ഥാനത്ത് ദേവസ്വം ഭരണത്തെ സംബന്ധിച്ച് വലിയ തോതിലുള്ള അഴിമതി ആക്ഷേപങ്ങളാണ് ഉയർന്നുവരാറുള്ളത്. ഇപ്രാവശ്യവും സംസാരിച്ചപ്പോൾ അതുതന്നെ പറഞ്ഞു. പ്രധാനമായും തിരുവിതാംകൂർ ദേവസ്വം ബോർഡിനെ സംബന്ധിച്ച്. എന്തുകൊണ്ട് ഈ ബോർഡുകൾ ഇനിയും നിലനിർത്തിയിരിക്കുന്നുവെന്ന രീതിയിലുള്ള ചോദ്യമാണുണ്ടായത്. അഴിമതി മാത്രമാണ് മിക്കവാറുമുള്ള ബോർഡുകളിൽ നടക്കുന്നത്. ക്ഷേത്രഭരണം നേരെ നടത്താൻ അവർക്ക് സാധിക്കുന്നില്ല. യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്ത് വിവിധ ദേവസ്വങ്ങൾ ഇത്തരം പ്രശ്നങ്ങൾ നേരിടുകയാണ്. മലബാർ ദേവസ്വത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട എം. ഉമ്മർ

ഇവിടെ സംസാരിച്ചത്. മലബാർ ദേവസ്വത്തിന്റെ കീഴിൽ ആയിരത്തി നാന്നൂറോളം ക്ഷേത്രങ്ങളുണ്ട്. അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്, വളരെ കുറച്ച് ക്ഷേത്രങ്ങളിൽ മാത്രമാണ് സാമ്പത്തികമായ വരുമാനമുള്ളത്. അത് ഒരിടത്തേയ്ക്ക് പൂൾ ചെയ്യപ്പെടുന്നതുമില്ല. മലബാർ ദേവസ്വത്തിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളുടെ ഭരണരീതികൾ പ്രത്യേകതകളുള്ളതാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് അന്നത്തെ ദേവസ്വം വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ വളരെയേറെ പരിശ്രമിച്ചാണ് മലബാർ ദേവസ്വം ബിൽ കൊണ്ടുവന്നത്. പക്ഷേ അത് പൂർണ്ണമായ ബില്ലാണെന്ന് പറയാൻ സാധിക്കുകയില്ല. ധാരാളം പോരായ്മകളുണ്ടായിരുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം മലബാർ ദേവസ്വത്തിന്റെ പോരായ്മകൾ പരിഹരിച്ച് ദേവസ്വം ഭരണം ക്ഷേമകരമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കുള്ള നടപടികളുണ്ടായില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മലബാർ ദേവസ്വം ബോർഡ് ചട്ടങ്ങൾ കുറ്റമറ്റമാക്കുന്നതിന് വേണ്ടിയുള്ള പരിശ്രമത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് സമയബന്ധിതമായി വാങ്ങുകയും എന്തെല്ലാം മാറ്റങ്ങളാണ് നിലവിലുള്ള നിയമത്തിൽ വരുത്തേണ്ടത് എന്നത് സംബന്ധിച്ച് ആലോചിക്കുകയും ചെയ്യുന്നതാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, മലബാർ ദേവസ്വം ബോർഡിനെക്കുറിച്ച് മലയാള സർവ്വകലാശാലയുടെ വൈസ് ചാൻസലറായ ഡോ. കെ. ജയകുമാർ അദ്ദേഹത്തിന്റേതായ ഒരു റിപ്പോർട്ട് ഇവിടെ സബ്മിറ്റ് ചെയ്തിട്ടുണ്ട്. അതിൽ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മകമായ ഒരുപാട് നിർദ്ദേശങ്ങളുണ്ട്. ബഹുമാനപ്പെട്ട ഗവൺമെന്റ് അത് പരിശോധിക്കുമോ; അത് നടപ്പിലാക്കാൻ കഴിയുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഡോ. കെ. ജയകുമാറിന്റെ റിപ്പോർട്ടുണ്ട്. അത് മുഖ്യമായും ജീവനക്കാരുടെ പ്രശ്നങ്ങളിൽ മാത്രം ഊന്നിനിൽക്കുന്നതാണ്. വിവിധ അമ്പലങ്ങളുടെ ഭരണസംവിധാനം, മലബാർ ദേവസ്വം എന്നിവയെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ടുവരുന്നതിന് വേണ്ടിയുള്ള സംവിധാനത്തെക്കുറിച്ചുള്ള കാര്യങ്ങൾ റിപ്പോർട്ടിൽ പറയുന്നില്ല. ഏതായാലും ശരി, അത് പരിശോധിക്കുന്നുണ്ട്. പക്ഷേ അത് മുഖ്യമായും ഊന്നൽ കൊടുക്കുന്നത് ജീവനക്കാരിലേയ്ക്കാണ്. ജീവനക്കാരുടെ പ്രശ്നവും കൈകാര്യം ചെയ്യേണ്ടത് തന്നെയാണ് അക്കാര്യത്തിൽ സംശയമില്ല. പക്ഷേ വിവിധ അമ്പലങ്ങളിലെ ഭരണം വിവിധ രൂപത്തിലുള്ളതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അമ്പലങ്ങളും തിരുവിതാംകൂർ ദേവസ്വം ബോർഡും തമ്മിലുള്ള ബന്ധമല്ല മലബാർ ദേവസ്വം ബോർഡും മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള അമ്പലങ്ങളും തമ്മിലുള്ളത്. വ്യത്യാസമുണ്ട്. ആ വ്യത്യാസം നമുക്ക് റെക്ടിഫൈ

ചെയ്യേണ്ടതായിട്ടുണ്ട്. അതിന് സഹായകരമായതരത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഒരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നാലുടൻതന്നെ, അടുത്ത നിയമസഭാ സമ്മേളനത്തിലെങ്കിലും അവശ്യം വേണ്ടതായ ഭേദഗതികളെങ്കിലും കൊണ്ടുവരാൻ കഴിയുമെന്നാണ് കരുതുന്നത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് അംഗങ്ങൾ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ പലതും ശരിയാണ്. അവിടെ ഒരുപാട് കാര്യങ്ങൾ നടക്കുകയാണ്. ദേവസ്വം ബോർഡിന്റെ പ്രസിഡന്റ് തന്നെ ആരോടും ചോദിക്കാതെയും പറയാതെയും ഏകപക്ഷീയമായിട്ടുള്ള പ്രഖ്യാപനങ്ങൾ നടത്തുകയാണ്. ഈയടുത്തകാലത്ത്, പൊന്നമ്പലമേട്ടിൽ ക്ഷേത്രം പണിയാൻ പോകുന്നുവെന്ന അസാധാരണ പ്രഖ്യാപനമാണ് അദ്ദേഹം നടത്തിയത്. അത് ദേവസ്വം ബോർഡുമായി കൂടിയാലോചിച്ചതല്ല. 'പൊന്നമ്പലമേട്ടിൽ ക്ഷേത്രം പണിയാൻ പോകുകയാണ്. അതിനുവേണ്ടി പ്രത്യേകിച്ച് ഭൂമി കേന്ദ്ര ഗവൺമെന്റിനോട് ചോദിച്ചിരിക്കുകയാണ്' എന്നെല്ലാം പറയുകയുണ്ടായി. അതുപോലെ തന്നെ ക്ഷേത്രത്തിന്റെ പേര് തന്നെ മാറ്റിക്കൊണ്ടുള്ള പ്രഖ്യാപനവും വന്നു. ഇക്കാര്യം വനംവകുപ്പും അറിഞ്ഞിട്ടില്ല. ആരും അറിഞ്ഞിട്ടില്ല. 'ശ്രീധർമ്മശാസ്താ ക്ഷേത്രം' എന്നുള്ള ക്ഷേത്രത്തിന്റെ പേര് 'അയ്യപ്പക്ഷേത്രം' എന്നാക്കി മാറ്റി വളരെ സ്വകാര്യമായി അത് സൂക്ഷിച്ച് സുപ്രീം കോടതിയിൽ അഫിഡവിറ്റ് കൊടുക്കുന്ന രീതി സ്വീകരിച്ചു. ഒട്ടും തന്നെ ശരിയല്ലാത്ത കാര്യങ്ങളാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഏറ്റവും പ്രധാനപ്പെട്ട അമ്പലമായ ശബരിമലയുമായി ബന്ധപ്പെട്ട് നടക്കുന്നത്. ഏതാനും ദിവസങ്ങൾക്കുമുമ്പ് വലിയ പരാതികളുണ്ടായി. കഴിഞ്ഞ പൈങ്കുനി വിഷു ഉത്സവങ്ങളോടനുബന്ധിച്ച് ശബരിമലയിൽ നട തുറന്നിരുന്ന ദിവസങ്ങളിൽ ആചാര ലംഘനം നടന്നുവെന്ന് പറഞ്ഞുകൊണ്ടുള്ള നിരവധി പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. വിവിധങ്ങളായ ആക്ഷേപങ്ങൾ ശബരിമലയിൽ .......

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ശബരിമലയെ തകർക്കാൻ തീരുമാനിച്ചോ?

<u>ശ്രീ. സി. കെ. നാണു</u>: സർ, ശബരിമലയെ തകർക്കാൻ ശ്രമിക്കുന്നതാരാണ്; ശബരിമലയുടെ പേര് മാറ്റാനുള്ള തീരുമാനമെടുത്തത് ആരാണ്; ശബരിമല വനം വകുപ്പിന്റെ ഭൂമി കൂടുതലായി ഉപയോഗിക്കാൻ പാടില്ലാത്ത, വനത്തിലുള്ള ഒരു ക്ഷേത്രമാണ്. അതിന്റെ പ്രത്യേകതകൾ അതാണ്. ഞാനും കുറച്ചുനാൾ അതുമായി ബന്ധപ്പെട്ട് നിന്നിട്ടുണ്ട്. എനിക്കുമറിയാം. ഒരു ഗവൺമെന്റ് ഭരിക്കുന്ന

അവസരത്തിൽ ഉത്തരവാദിത്വപ്പെട്ട മന്ത്രിയുണ്ടായിട്ടും വെറുമൊരു ചെയർമാനായിരിക്കുന്ന ഒരാൾ എല്ലാം നിയമവിരുദ്ധമായി ചെയ്ത് മന്ത്രിയെ നിസ്സഹായനാക്കാൻ ശ്രമിച്ചതിനുശേഷം അതിനെ തകർക്കാൻ ശ്രമിക്കുന്നുവെന്ന് പറഞ്ഞാൽ........ ആരാണ് തകർക്കാൻ ശ്രമിക്കുന്നത്; ഓരോ കാര്യങ്ങളായി പരിശോധിച്ചാൽ ഇത്രകാലമായി അവിടെയുണ്ടായിരുന്ന സംവിധാന ത്തിനെതിരായി ആരാണ് പ്രവർത്തിച്ചത്; അദ്ദേഹം പ്രവർത്തിച്ചോ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ പ്രധാനപ്പെട്ട കാര്യമാണ് മിനിസ്റ്റർ പറഞ്ഞത്. The Travancore Cochin Hindu Religious Act, 1950 അനുസരിച്ചാണ് ദേവസ്വം ബോർഡുകൾ രൂപീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒരു പവറുമില്ല. തെറ്റിദ്ധരിക്കേണ്ട. ബോർഡിനാണ് അധികാരം. അങ്ങേയ്ക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ആക്ട് മാറ്റാം. ആക്ട് മാറ്റിയതിനുശേഷം ചെയ്യാം. ദേവസ്വം വകുപ്പുമന്ത്രിമാർ നിരവധി ഇവിടെയുണ്ടായിരുന്നല്ലോ; എല്ലാക്കാര്യത്തിലും ദേവസ്വം ബോർഡിനാണ് മുഴുവൻ അധികാരവുമുള്ളത്. പിന്നെ മാറ്റണമെങ്കിൽ അധികാരമുള്ളത് തന്ത്രിക്കാണ്. അങ്ങ് നിയമം അറിയാതെ സംസാരിക്കരുത്. അങ്ങേയ്ക്ക് മാറ്റാൻ അധികാരമുണ്ട്. നിയമസഭയ്ക്ക് മാറ്റാൻ അധികാരമുണ്ട്. Covenant മാറണം. അങ്ങനെ ഒരുപാട് കാര്യങ്ങളുണ്ട്. അങ്ങ് അറിയാൻ വയ്യാതെ കാര്യങ്ങൾ പറയരുത്.

ശ്രീ. സി. കെ. നാണു: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്നത് ശരിയല്ല. ഗവൺമെന്റിന്റെ അംഗീകാരമില്ലാതെ..... ദേവസ്വം ബോർഡിന് കാര്യങ്ങൾ ചെയ്യാൻ അധികാരമുണ്ട്. വനത്തിലേയ്ക്ക് എക്സ്റ്റന്റ് ചെയ്യാൻ ശബരിമലയെപ്പോലുള്ള ഒരു ക്ഷേത്രത്തിന് വനത്തിൽ കൂടുതൽ സ്ഥലങ്ങളെടുക്കാനുള്ള അധികാരമില്ല. അതുപോലെ തന്നെ ഈ ക്ഷേത്രത്തിന്റെ പേര് മാറ്റാൻ ആർക്കാണ് അധികാരമുള്ളത്; ഏതെങ്കിലും അവസരത്തിൽ കേരളത്തിലെ ഏതെങ്കിലും ദേവസ്വം ബോർഡിന്റെ കീഴിൽ അധികാരത്തിൽ ഏൽപ്പിച്ച ക്ഷേത്രത്തിന്റെ പേര് മാറ്റിയ ചരിത്രമുണ്ടോ; ബഹുമാനപ്പെട്ട മന്ത്രിയെ വെറുതെ ആക്ഷേപിച്ചിട്ട് കാര്യമില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് പറഞ്ഞതുപോലെ നിയമത്തിന്റെ ഉള്ളിലേയ്ക്ക് കടന്നല്ല ഞാൻ പറഞ്ഞത്. തിരുവിതാംകൂർ ദേവസ്വം ബോർഡ് അങ്ങയുടെ പാർട്ടിയുടെ നേതാവായിട്ടുള്ള ഒരാൾ നേതൃത്വം കൊടുക്കുന്ന, അല്ലെങ്കിൽ അവർക്ക് ഭൂരിപക്ഷമുള്ള, ദേവസ്വം ബോർഡ് ക്ഷേത്രവിശ്വാസികളുടെ ആചാരാനുഷ്ഠാനങ്ങളെല്ലാം ലംഘിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങളാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. ഏത് കാര്യത്തിനും ഗവൺമെന്റാണ് മറുപടി

പറയേണ്ടത്.ശബരിമലയിലെ ഉത്സവകാലത്തെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത് ദേവസ്വം ബോർഡാണോ; ഗവൺമെന്റിനല്ലേ അതിന്റെ ഉത്തരവാദിത്വം; അവിടെ എന്തെങ്കിലുമൊരു പോരായ്മ വന്നാൽ മറുപടി പറയേണ്ടത് ആരാണ്; ഗവൺമെന്റല്ലേ മറുപടി പറയേണ്ടത്; ഗവൺമെന്റ് ശബരിമലയിലെ മാസ്റ്റർ പ്ലാനിനുവേണ്ടി 25 കോടി രൂപ കൊടുത്തിരിക്കുകയാണ്. 300 കോടി രൂപയുടെ വിപുലമായിട്ടുള്ള ഒരു പദ്ധതി കിഫ്ബി വഴി നടത്തുന്നതിന് ഗവൺമെന്റ് പദ്ധതി സമർപ്പിച്ചിരിക്കുകയാണ്. ക്ഷേത്രങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമ്പോൾ ഗവൺമെന്റുമായി ആലോചിക്കാതെ ഏകപക്ഷീയമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റും ഒരംഗവും കൂടിച്ചേർന്ന് നടത്തുന്നതായിട്ടുള്ള മോശപ്പെട്ട കാര്യങ്ങൾ ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചുവെന്ന് മാത്രമേയുള്ളൂ. അവരെ അങ്ങനെ കയറഴിച്ച് വിടാൻ സാധിക്കുമോ; ഒരു കാരണവശാലും സാധിക്കുകയില്ല. കർശന നിയന്ത്രണം കൊണ്ടുവരണം. കർശനമായ നിയന്ത്രണം കൊണ്ടുവന്നേ മതിയാകൂ.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപുരസ്സരം പറയുകയാണ്. ശബരിമലയുടെ നന്മയ്ക്കുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കോൺഫറൻസ് വിളിച്ചു. ഞാൻ അതിൽ പങ്കെടുത്തയാളാണ്. 7 മന്ത്രിമാരുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശബരിമലയിലെ ദർശനം ഉൾപ്പെടെയുള്ള കാര്യങ്ങൾ എങ്ങനെ നന്നാക്കിയെടുക്കാമെന്നും കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള തീർത്ഥാടകർക്ക് സൗകര്യമൊരുക്കുന്നതിനെക്കുറിച്ചുമാണ് സംസാരിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ച് കഴിഞ്ഞയുടനെ സ്ഥലകാല ബോധം നഷ്ടപ്പെട്ട രീതിയിലാണ് ദേവസ്വം ബോർഡ് പ്രസിഡന്റ് സംസാരിച്ചത്. അദ്ദേഹം എന്റെ അടുത്താണിരുന്നത്. അയാൾക്ക് എന്തുപറ്റിയെന്ന് ഞാൻ പേടിച്ചുപോയി. മാനസികരോഗം പിടിപ്പെട്ടുപോയോ എന്നുപോലും ചിന്തിച്ചുപോയി. ഞാൻ ചോദിച്ചു, നിങ്ങൾക്ക് എന്തുപറ്റി; മുഖ്യമന്ത്രി നിങ്ങൾക്കെതിരായി എന്തെങ്കിലും പറഞ്ഞോ; എന്തിനാണ് നിങ്ങൾ ഈ വൃത്തികേട് പറയുന്നത്. ഒരു വർഗ്ഗീയവാദിയെപ്പോലെയാണ് സംസാരിക്കുന്നത്. ശബരിമല എന്നുപറയുന്നത് ഹിന്ദുസമുദായത്തിന്റെ, ഹിന്ദു സംസ്കാരം മാത്രമല്ല എല്ലാ മതസ്ഥരായ ആളുകളും അവിടെ പോകുന്നുണ്ട്. അതിനുള്ള സൗകര്യമൊരുക്കാനുള്ള ഉത്തരവാദിത്വം മന്ത്രിക്കുണ്ട്. മന്ത്രി പേടിച്ച് നിൽക്കേണ്ട കാര്യമില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിനെ നിലയ്ക്കുനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമോ അത് മുഴുവൻ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ

നേതാവ് പറഞ്ഞത് ധരിച്ചിട്ടാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിനാണ് എല്ലാം ചെയ്യാനുള്ള അധികാരം, അതുകൊണ്ട് എന്തുമാകാം എന്നുള്ള മട്ട് ഉണ്ടെന്ന് തോന്നുന്നു. അത് നമുക്ക് അംഗീകരിച്ചുകൊടുക്കാൻ സാധിക്കുകയില്ല. ശബരിമലയിലേയ്ക്ക് വരുന്ന തീർത്ഥാടകർക്ക് സൗകര്യങ്ങളൊരുക്കുന്നതിനുവേണ്ടി ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചു. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു ഗവൺമെന്റ് അങ്ങനെ തീരുമാനിച്ചത്. 37 സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്തു. 37 അമ്പലങ്ങളിൽ കോടിക്കണക്കിന് രൂപ ചെലവഴിച്ച് എല്ലാ സൗകര്യങ്ങളും ഒരുക്കുന്നതിന്റെ ഭാഗമായി വലിയ ഇടത്താവളങ്ങൾ ഒരുക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചു. അതിനാവശ്യമായ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് തന്നെയാണ് എല്ലാം ചെയ്യുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും അല്ലാതെയുമുള്ള അമ്പലങ്ങളിൽ കാസർഗോഡ് മുതൽ.......

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഏത് ഏജൻസിയെയാണ് ഏൽപ്പിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഏജൻസിയെ പിന്നീട് തീരുമാനിക്കും. ഗവൺമെന്റ് വളരെ സജീവമായിട്ടുള്ള പ്രവർത്തനങ്ങൾ ദേവസ്വങ്ങളുടെ വികസനത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ചർച്ചയിൽ വന്ന കാര്യങ്ങളാണ് പറയുന്നത്. ശബരിമലയിൽ പാത്രം വാങ്ങുന്നതിലെ അഴിമതി, ധനലക്ഷ്മി ബാങ്കിൽനിന്നും അക്കൗണ്ട് മാറ്റാനുള്ള നീക്കം എന്നിവയിൽ ഒരുപാട് അന്വേഷണങ്ങൾ നടക്കുകയാണ്. അതിനിടയിലാണ് ദേവസ്വം സെക്രട്ടറിയെ കമ്മീഷണറാക്കുന്നതിനുള്ള തീരുമാനം ദേവസ്വം ബോർഡ് എടുക്കുന്നത്. അദ്ദേഹത്തെക്കുറിച്ച് കോടതി പറഞ്ഞ ഒരു ഭാഗമുണ്ട്. അത് ഞാൻ ഇവിടെ വായിക്കേണ്ട കാര്യമില്ല. കോടതി നേരത്തേ തന്നെ പറഞ്ഞതാണ്. 1994 മുതൽ കോടതി വിവിധ കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് വളരെ കർശനമായിട്ടുള്ള നിരീക്ഷണത്തിന് വിധേയ നാക്കിയിരിക്കുന്ന ഒരുദ്യോഗസ്ഥനെ കമ്മീഷണറാക്കുന്നതിന് ദേവസ്വം ബോർഡ് തീരുമാനിക്കുകയും ആ ഉദ്യോഗസ്ഥൻ തന്നെ ഒപ്പിട്ട് കോടതിക്ക് കടലാസ് നൽകുന്ന ഒരു രീതിയാണ് ഇപ്പോൾ വന്നിരിക്കുന്നത്. ഇതൊന്നും നമുക്ക് സമ്മതിച്ചുകൊടുക്കാൻ കഴിയുന്ന കാര്യമല്ല. ദേവസ്വങ്ങളുടെയും ഭക്തരുടെയും പേര് പറഞ്ഞുനടക്കുന്ന ഈ അന്യായങ്ങളെ കർശനമായി നേരിടാതിരിക്കാൻ നമുക്ക് സാധിക്കുകയില്ല.

അമ്പലങ്ങളെയും ആരാധനാലയങ്ങളെയും ആർ.എസ്.എസ്. ആയുധ

പ്പുരകളാക്കുന്ന അവസ്ഥാവിശേഷമുണ്ട്. നമുക്ക് യോജിച്ചുനിന്ന് അതിനെ നേരിടാൻ സാധിക്കണം. ഇടതുപക്ഷ വിരോധംവച്ചുകൊണ്ട് യു.ഡി.എഫ്. ആകെ എന്ന് ഞാൻ പറയുന്നില്ല, പലയിടത്തും കോൺഗ്രസുകാർ ആർ.എസ്.എസ്.-നെ സഹായിക്കുന്നതായുള്ള നിലപാട് സ്വീകരിക്കുന്നുണ്ട്. .... (ബഹളം).....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ...(മൈക്ക് ഓഫ്)... സർ, അത് എവിടെയൊക്കെയാണ്? ......(ബഹളം)......

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പല സ്ഥലങ്ങളിലും. എവിടെയൊക്കെ യാണെന്ന് ചോദിച്ചാൽ കൃത്യമായി ഞാൻ പറഞ്ഞു തരാം. പല സ്ഥലങ്ങളിലുമുണ്ട്. ഞാൻ ഇവിടെ പറഞ്ഞതിന്റെ നല്ല അംശം നിങ്ങളെടുത്താൽ മതി. ........... (ബഹളം)....

മി. സ്പീക്കർ: യെസ്..... പ്ലീസ്..... പ്ലീസ്..... (ബഹളം).....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പല സ്ഥലങ്ങളിലും അമ്പലങ്ങളിലും ആരാധനാലയങ്ങളിലും നടക്കുന്നതായുള്ള ആയുധ പരിശീലനത്തെയും അവരുടെ പരിപാടികളെയും കോൺഗ്രസ് അനുകൂലിക്കുകതന്നെയാണ് ചെയ്യുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: ...(മൈക്ക് ഓഫ്)... സർ, അത് എവിടെയൊക്കെയാണ്? ....(ബഹളം)......

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പരിശോധിച്ചാൽ മനസ്സിലാകും. അങ്ങ് പരിശോധിക്കണം. അങ്ങ് പരിശോധിക്കാൻ തയ്യാറാകണം. അങ്ങനെ ചെയ്യാൻ പാടില്ലെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. കെ. സി. ജോസഫ്: ............ (മൈക്ക് ഓഫ്)............ സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരു പാർട്ടിക്കെതിരെ ആരോപണമുന്നയിക്കുകയാണ്. ..... (ബഹളം).......

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പാർട്ടിക്കെതിരെയല്ലാതെ പിന്നെ വേറെ ആർക്കെതിരെയാണ് ആക്ഷേപമുന്നയിക്കേണ്ടത്? ..... (ബഹളം).....

മി. സ്പീക്കർ: അങ്ങ് ചർച്ചയിൽ വന്ന കാര്യങ്ങൾ പറഞ്ഞ് അവസാനിപ്പിക്കു. .... (ബഹളം)......

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പ്രാദേശികമായി പല പ്രദേശങ്ങളിലും കോൺഗ്രസ്സുകാർ.......

ശ്രീ. രമേശ് ചെന്നിത്തല: .......(മൈക്ക് ഓഫ്)....... സർ, അത്

എവിടെയൊക്കെയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം....(ബഹളം)......

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അത് എവിടെയൊക്കെയാണെന്ന് അങ്ങേയ്ക്ക് ഞാൻ എഴുതിത്തരാം. പല സ്ഥലങ്ങളിലും നടക്കുന്ന കാര്യമാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: അദ്ദേഹം പ്രതിപക്ഷ നേതാവിന് എഴുതിക്കൊടുക്കാമെന്നല്ലേ പറഞ്ഞത്. പറഞ്ഞ് അവസാനിപ്പിക്കൂ..... പ്ലീസ്.... (ബഹളം).....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഒരു പാർട്ടിയെ ഞാൻ അടച്ച് ആക്ഷേപിച്ചതല്ല. പല സ്ഥലങ്ങളിലും നടക്കുന്ന കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടത് കോൺഗ്രസ് പാർട്ടി തന്നെയാണ്. നിങ്ങൾ തന്നെ പരിശോധിക്കേണ്ടതാണ്. നിങ്ങൾക്കെല്ലാവർക്കും അറിയാവുന്ന കാര്യങ്ങൾതന്നെയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങളുടെ പാർട്ടിയെ നന്നാക്കുന്നതിന് അങ്ങയുടെ ഉപദേശം വേണ്ട.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ ഉപദേശിക്കുകയല്ല. നിങ്ങളുടെ പാർട്ടിയെ ഉപദേശിക്കാൻ മാത്രം ഞാൻ വളർന്നിട്ടില്ല. പക്ഷെ, അങ്ങ് തന്നെ മനസ്സിലാക്കേണ്ടതുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെതന്നെ ചില പ്രസംഗങ്ങൾ കോൺഗ്രസ് പാർട്ടിയുടെ നയത്തിന് അനുകൂലമല്ല. കോൺഗ്രസ് നിലപാടുകൾക്ക് അനുസരണമല്ല. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേട്ടാൽ ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ, ഒരു തനി വർഗ്ഗീയവാദി സംസാരിക്കുന്നതുപോലെയാണ് അദ്ദേഹം സംസാരിക്കുന്നത്. അത് വാസ്തവമാണ്.

ശ്രീ. വി. ടി. ബൽറാം: സർ, പോയിന്റ് ഓഫ് ഓർഡർ. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയോട് ചോദിച്ച ഒരു ചോദ്യമുണ്ടായിരുന്നു. 121-ാം നമ്പർ ചോദ്യം ഇതുമായി ബന്ധപ്പെട്ട ഒന്നാണ്.

ക്ഷേത്ര പരിസരങ്ങളിൽ ആർ.എസ്.എസ്. പോലുള്ള സംഘടനകൾ നടത്തിവരുന്ന ശാഖകളിൽ ചിലയിടത്ത് ആയുധ പരിശീലനം നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വ്യക്തമാക്കുമോ;

അതിന് ബഹുമാന്യനായ മുഖ്യമന്ത്രി രേഖാമൂലം നൽകിയ മറുപടി, ആരാധനാലയങ്ങളിൽ ആയുധപരിശീലനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് മാത്രമാണ്.

ഇതുമായി ബന്ധപ്പെട്ട് ഒരു കേസും ഗവൺമെന്റ് എടുത്തിട്ടില്ല. അങ്ങനെ

ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരാത്ത ഒരു കാര്യത്തിൽ രാഷ്ട്രീയ പാർട്ടികൾ സഹായിക്കുന്നുവെന്ന് ഇവിടെ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി പറഞ്ഞ് രാഷ്ട്രീയ ആരോപണമുന്നയിക്കുന്നത് അപകീർത്തികരമാണ്. അത് രേഖയിലുണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: അത് പരിശോധിക്കാം.*

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പല ക്ഷേത്രങ്ങളിലും ഉപദേശക സമിതികളെന്ന നിലയിൽ ഒരുപറ്റം ആർ.എസ്.എസ്.-കാർ കടന്നുകൂടിയിട്ടുണ്ട്. ആ ഉപദേശക സമിതികളെ സംരക്ഷിക്കുന്ന നീക്കമെല്ലാം പല പ്രദേശങ്ങളിലും പ്രാദേശിക കോൺഗ്രസ് നേതൃത്വം സ്വീകരിക്കാറുണ്ട്. .... (ബഹളം).....

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വാസ്തവമാണ്. ഞാനൊരു വാസ്തവം പറഞ്ഞതിൽ ദേഷ്യപ്പെട്ടിട്ട് കാര്യമില്ല. ..........(ബഹളം)..... എന്നോട് കലഹിച്ചിട്ടും കാര്യമില്ല.

മി. സ്പീക്കർ: നിങ്ങൾ ഓരോരുത്തരും ആത്മപരിശോധന നടത്തിയാൽ..... രാഷ്ട്രീയമായ ആരോപണങ്ങൾ ഉന്നയിക്കാറില്ലേ; ....(ബഹളം).... നിങ്ങൾ ശക്തമായി അങ്ങോട്ട് മറുപടി പറയുകയല്ലാതെ എന്താണ് അതിന് മാർഗ്ഗമുള്ളത്? സ്പെസിഫിക്കായ ഒരു കാര്യമാണ് പരിശോധിക്കാമെന്ന് പറഞ്ഞിട്ടുള്ളത്.

(യു.ഡി.എഫ്. എം.എൽ.എ.-മാർ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനടുത്തുവന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തി കൊണ്ടിരുന്നു.)

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മുസ്ലീംലീഗുകാർ സ്പീക്കറുടെ ഡയസിനടുത്തേയ്ക്ക് പോകേണ്ട കാര്യമില്ല. ........ (ബഹളം).......

മി. സ്പീക്കർ: സർ, ശ്രീ. വി. ടി. ബൽറാം സ്പെസിഫിക്കായി ഒരു കാര്യം പറഞ്ഞു. അത് പരിശോധിക്കാമെന്നും പറഞ്ഞു.* രാഷ്ട്രീയമായ ആരോപണങ്ങളും പ്രത്യാരോപണങ്ങളും സഭാവേദിയിൽ പുതിയ കാര്യമല്ല. എല്ലാ പാർട്ടികളെക്കുറിച്ചും രാഷ്ട്രീയമായി അങ്ങോട്ടുമിങ്ങോട്ടും ആരോപണങ്ങളും പ്രത്യാരോപണങ്ങളും ഇവിടെ ഉന്നയിക്കാറുണ്ട്. ഇതൊരു പുതിയ കാര്യമല്ല. എന്തിനാണ് ഈ ബഹളമെന്ന് എനിക്കറിയില്ല. Please.... Go to your seat.

---

* ബഹമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 2009/ഇ.ബി./2017/നി.സെ.,

* ബഹമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 2009/ഇ.ബി./2017/നി.സെ., 5-5-2017) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

Please..... ഈ ബഹളം വയ്ക്കുന്നതിനുമുമ്പ് ഒരാത്മപരിശോധന നടത്തണം. ബഹുമാനപ്പെട്ട മന്ത്രീ, അങ്ങ് പറഞ്ഞവസാനിപ്പിക്കണം. പ്ലീസ്..... (ബഹളം)......

ശ്രീ. രമേശ് ചെന്നിത്തല: സർ, (മൈക്ക് ഓഫ്) സർ, ഒരു രാഷ്ട്രീയ പാർട്ടിക്കെതിരെ........ (ബഹളം).......

മി. സ്പീക്കർ: പ്രതിപക്ഷനേതാവിന് സംസാരിക്കണമെങ്കിൽ നിങ്ങൾ സീറ്റുകളിലേയ്ക്ക് പോകണം..... (ബഹളം)..... ശ്രീ. പി. കെ. ബഷീർ, പ്രതിപക്ഷ നേതാവിന് മൈക്ക് കൊടുക്കണമെങ്കിൽ നിങ്ങളെല്ലാവരും സീറ്റിൽ പോയിരിക്കണം. രണ്ടുംകൂടി നടക്കില്ല. പ്ലീസ്..... പ്ലീസ്...... എല്ലാവരുംകൂടി മത്സരിച്ച് നീട്ടിക്കൊണ്ടുപോകുകയാണ്.

(ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനടുത്തുവന്ന് ബഹളം വച്ചുകൊണ്ടിരുന്ന യു.ഡി.എഫ്. എം.എൽ.എ.-മാർ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി.)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ച് വളരെ അടിസ്ഥാനരഹിതമായ ആരോപണമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉന്നയിച്ചത്. എവിടെയാണ് ഈ സംഭവം ഉണ്ടായിട്ടുള്ളതെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. ഒരു സ്ഥലത്തെയുംപറ്റി പറയാൻ അദ്ദേഹത്തിന്റെ കയ്യിൽ ഇപ്പോൾ മെറ്റീരിയലില്ല. മാത്രവുമല്ല, ശ്രീ. വി. ടി. ബൽറാം ബഹുമാന്യനായ മുഖ്യമന്ത്രിയോട് ചോദിച്ച ചോദ്യത്തിന് മറുപടി അദ്ദേഹം ഇവിടെ പറഞ്ഞു. അവാസ്തവമായ പ്രസ്താവന നടത്തി കോൺഗ്രസ് പാർട്ടിയെ അപമാനിക്കാനുള്ള മന്ത്രിയുടെ ശ്രമം തികച്ചും ദൗർഭാഗ്യകരമാണ്. മലപ്പുറം തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ മലപ്പുറത്തെ വോട്ടർമാരെ മുഴുവൻ അപമാനിക്കത്തക്കനിലയിൽ പ്രസ്താവന നടത്തിയ ആളാണ് അദ്ദേഹം. മലപ്പുറത്ത് ന്യൂനപക്ഷ കേന്ദ്രീകരണമുണ്ടായി എന്ന് പറഞ്ഞ് ഈ മന്ത്രിതന്നെയാണ് അപമാനിച്ചതെന്നുള്ള കാര്യം നമ്മളാരും മറന്നുപോകരുത്. കോൺഗ്രസിനെ അപമാനിക്കുന്ന തരത്തിലുള്ള ഈ പ്രസ്താവന അദ്ദേഹം പിൻവലിക്കണമെന്ന് ഞാൻ അങ്ങയിലൂടെ ആവശ്യപ്പെടുകയാണ്. അല്ലെങ്കിൽ അത് ഈ സഭാ രേഖയിൽനിന്ന് അങ്ങ് നീക്കംചെയ്യണം.

മി. സ്പീക്കർ: യെസ്.....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കോൺഗ്രസ് എന്ന വലിയ പ്രസ്ഥാനത്തെ അപമാനിക്കാനൊന്നും ഞാൻ ആഗ്രഹിച്ചിട്ടില്ല. ഞാനത് വ്യക്തമാക്കുകയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ അപമാനിക്കാനൊന്നും ഞാൻ ഉദ്ദേശിച്ചിട്ടില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ ചില പ്രവർത്തകർ, ഉദാഹരണത്തിന്, നമ്മൾ വലിയൊരു സ്ഥാനം കൊടുത്തയാളാണല്ലോ ദേവസ്വം

ബോർഡ് പ്രസിഡന്റ്. അദ്ദേഹത്തിന്റെ ചില സ്റ്റേറ്റ്മെന്റുകൾതന്നെ വർഗ്ഗീയവാദികളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ളതാണ്. ....... (ബഹളം)...... ഞാൻ പറഞ്ഞോട്ടെ, എന്നെ പറയാൻ അനുവദിക്കില്ലേ; ഞാൻ അങ്ങയോടാണ് പറയുന്നത്. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ, സ്റ്റേറ്റുമെന്റുകൾ, ചില പ്രവർത്തനങ്ങൾതന്നെ ഹൈന്ദവ വർഗ്ഗീയതയെ വലിയ തോതിൽ പ്രോത്സാഹിപ്പിക്കുന്നതാണ്. ആ പ്രോത്സാഹനമാണ് ചില സ്ഥലങ്ങളിൽ ചില കോൺഗ്രസ് പ്രവർത്തകർക്ക്.....

ശ്രീ. വി. ടി. ബൽറാം: സർ, (മൈക്ക് ഓഫ്) ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. മന്ത്രി ഒരു രാഷ്ട്രീയ പാർട്ടിയെ അപമാനിക്കുകയാണ് ചെയ്യുന്നത്. .... (ബഹളം)....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സ്ഥലമൊക്കെ ഞാൻ പറഞ്ഞുതരാം. ഞാൻ അങ്ങനെ പറഞ്ഞു. ഞാൻ ഒരു പാർട്ടിയെ അപമാനിക്കാനോ ക്ഷീണിപ്പിക്കാനോ ഒന്നും ഉദ്ദേശിച്ചിട്ടില്ല. ഞാൻ ചില വസ്തുതകൾ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ.....(ബഹളം)..... അത് നിങ്ങൾക്ക് വളരെ പ്രയാസ മുണ്ടാക്കിയിട്ടുണ്ടെങ്കിൽ.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേയ്ക്ക് അങ്ങനെയൊരു അഭിപ്രായമുണ്ടെങ്കിൽ അങ്ങ് എഴുതിക്കൊടുത്താൽ മതി. പ്രതിപക്ഷ നേതാവിന് എഴുതിക്കൊടുക്കാമെന്ന് അങ്ങ് നേരത്തേ പറഞ്ഞല്ലോ; അടുത്ത വിഷയത്തിലേയ്ക്ക് കടക്കൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കോൺഗ്രസ് നേതാക്കന്മാരായിട്ടുള്ള ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്ക് അത് മനഃപ്രയാസമുണ്ടാക്കിയിട്ടുണ്ടെങ്കിൽ ഞാനത് വിത്ഡ്രോ ചെയ്യുകയാണ്. പോരെ?

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ. ..... (ബഹളം)....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാനത് വിത്ഡ്രോ ചെയ്യുകയാണ്. ഞാനതൊന്നും ഉദ്ദേശിച്ചിട്ടില്ല. ഞാൻ ഉള്ള കാര്യം പറഞ്ഞുവെന്ന് മാത്രമേയുള്ളൂ.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചു. അതിന്റെ ഭാഗമായി ഏകദേശം രണ്ടായിരത്തിലധികം വരുന്ന പുതിയ ജീവനക്കാരെ നിയമിക്കുന്നതിന് വേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ശബരിമല ഇടത്താവളത്തിന്റെ കാര്യം പറഞ്ഞു. തീരുമാനിച്ചതനുസരിച്ച് 37 ക്ഷേത്രങ്ങളിൽ ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിന്

വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അതുപോലെതന്നെ, കൊച്ചിൻ ദേവസ്വം ബോർഡ് വിപുലമായ ഒരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഹരിതക്ഷേത്രം പദ്ധതിയെന്നാണ് അതിനെ വിഭാവന ചെയ്തിട്ടുള്ളത്. എല്ലാ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങളെ ഹരിതാഭമാക്കുന്നതിനുവേണ്ടിയുള്ള വിപുലമായ ഒരു പദ്ധതിക്കുവേണ്ടിയാണ് അവർ രൂപംകൊടുത്തിട്ടുള്ളത്. കുളങ്ങളുടെയും കാവുകളുടെയും നവീകരണവുമായി ബന്ധപ്പെട്ട് ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. മലബാർ ദേവസ്വം ബോർഡിന്റെ കാര്യത്തിൽ പുതിയ നിയമനിർമ്മാണം ആവശ്യമാണ്. അതിനാവശ്യമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നുണ്ട്. കേന്ദ്രഗവൺമെന്റിന്റെ 'പ്രസാദ് പദ്ധതി'യിൽ ഗുരുവായൂർ, ശബരിമല, ശ്രീപത്മനാഭസ്വാമി ക്ഷേത്രം എന്നീ ക്ഷേത്രങ്ങളുടെ വികസനത്തിനുള്ള ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. അഴിമതിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പൊതുവേ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് കഴിഞ്ഞ പതിനൊന്ന് മാസക്കാലമായി ഈ അഞ്ച് ദേവസ്വം ബോർഡുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഏറ്റുമാനൂർ ക്ഷേത്രത്തിന്റെ കീഴിലുള്ള 40 സെന്റ് സ്ഥലവും അതിലുള്ള കെട്ടിടവും വർഷങ്ങളായി തെരഞ്ഞെടുപ്പ് കമ്മീഷൻ തെരഞ്ഞെടുപ്പ് യന്ത്രങ്ങൾ സൂക്ഷിക്കുന്നതിനായി കൈവശം വച്ചിരിക്കുകയാണ്. അവർ ആ കെട്ടിടം ഒഴിഞ്ഞ് തരുന്നില്ല. തെരഞ്ഞെടുപ്പ് കമ്മീഷനിൽനിന്നും ആ കെട്ടിടം വീണ്ടെടുത്ത്, പ്രത്യേകിച്ച് ശബരിമല സീസൺ സമയത്ത് ഭക്തർക്ക് സൗകര്യമൊരുക്കുന്നതിന് അവസരമുണ്ടാക്കണമെന്നതാണ് ജനങ്ങളുടെ പൊതുവായ ആവശ്യം. അത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകിയിരുന്നു. അതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ കഴിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അങ്ങ് തന്ന കത്ത് തെരഞ്ഞെടുപ്പ് കമ്മീഷന് അയച്ചുകൊടുത്തിട്ടുണ്ട്. അക്കാര്യങ്ങൾ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണത്തിലാണുള്ളത്. ആവശ്യമായ നടപടികൾ അവർ സ്വീകരിക്കും.

മി. സ്പീക്കർ: സർവ്വശ്രീ. ടി. വി. ഇബ്രാഹിം, എം. ഉമ്മർ, പി. കെ. ബഷീർ, പി. ഉബൈദുള്ള, കെ. എം. ഷാജി, റ്റി. എ. അഹമ്മദ് കബീർ, പാറക്കൽ അബ്ദുല്ല, അബ്ദുൽ ഹമീദ്. പി. സി. മമ്മൂട്ടി, എൻ. എ. നെല്ലിക്കുന്ന് എന്നീ അംഗങ്ങൾ

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. എ. എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ

11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ.  ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ശ്രീ. ഇ. പി. ജയരാജൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.

35. ശ്രീ. ഡി. കെ. മുരളി

36. ശ്രീ. മുരളി പെരുനെല്ലി

37. ശ്രീ. സി. കെ. നാണു

38. ശ്രീ. യു. ആർ. പ്രദീപ്

39. ശ്രീ. എ. പ്രദീപ്കുമാർ

40. ശ്രീ. കെ. ഡി. പ്രസേനൻ

41. ശ്രീമതി യു. പ്രതിഭ ഹരി

42. ശ്രീ. പുരുഷൻ കടലുണ്ടി

43. ശ്രീ. പി. ടി. എ. റഹീം

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. ആർ. രാജേഷ്

46. ശ്രീ. റ്റി. വി. രാജേഷ്

47. ശ്രീ. കെ. രാജു

48. ശ്രീ. രാജു എബ്രഹാം

49. ശ്രീ. ആർ. രാമചന്ദ്രൻ

50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

52. ശ്രീ. മുല്ലക്കര രത്നാകരൻ

53. പ്രൊഫ. സി. രവീന്ദ്രനാഥ്

54. ശ്രീ. കാരാട്ട് റസാഖ്

55. ശ്രീ. എസ്. ശർമ്മ

56. ശ്രീ. വി. ശശി

57. ശ്രീ. ഐ. ബി. സതീഷ്

58. ശ്രീ. ബി. സത്യൻ

59. ശ്രീ. എ. എൻ. ഷംസീർ
60. ശ്രീ. ജി. സുധാകരൻ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. എം. സ്വരാജ്
64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്

9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. കെ. സി. ജോസഫ്
14. ശ്രീ. സി. മമ്മൂട്ടി
15. ശ്രീ. മോൻസ് ജോസഫ്
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. എൻ. ഷംസുദ്ദീൻ
23. ശ്രീ. വി. ഡി. സതീശൻ
24. ശ്രീ. ഷാഫി പറമ്പിൽ
25. ശ്രീ. കെ. എം. ഷാജി
26. ശ്രീ. സണ്ണി ജോസഫ്
27. ശ്രീ. സി. എഫ്. തോമസ്
28. ശ്രീ. പി. ഉബൈദുള്ള
29. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ. സണ്ണി ജോസഫ്, പി. കെ. ബഷീർ, കെ. എം. ഷാജി, പി. ഉബൈദുള്ള, എൻ. എ. നെല്ലിക്കുന്ന്, എം. ഉമ്മർ, അബ്ദുൽ ഹമീദ്. പി, ടി. എ. അഹമ്മദ് കബീർ, പാറക്കൽ അബ്ദുല്ല, ടി. വി. ഇബ്രാഹിം, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ .............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. എ. എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ

7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ശ്രീ. ഇ. പി. ജയരാജൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്

31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ്കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. ആർ. രാജേഷ്:
46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. കെ. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. ആർ. രാമചന്ദ്രൻ
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. മുല്ലക്കര രത്നാകരൻ
53. പ്രൊഫ. സി. രവീന്ദ്രനാഥ്
54. ശ്രീ. കാരാട്ട് റസാഖ്

55. ശ്രീ. എസ്. ശർമ്മ

56. ശ്രീ. വി. ശശി

57. ശ്രീ. ഐ. ബി. സതീഷ്

58. ശ്രീ. ബി. സത്യൻ

59. ശ്രീ. എ. എൻ. ഷംസീർ

60. ശ്രീ. ജി. സുധാകരൻ

61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

62. ശ്രീ. കെ. സുരേഷ് കുറുപ്പ്

63. ശ്രീ. എം. സ്വരാജ്

64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

65. ശ്രീ. പി. തിലോത്തമൻ

66. ശ്രീ. തോമസ് ചാണ്ടി

67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. പി. ഉണ്ണി

69. ശ്രീമതി വീണാ ജോർജ്ജ്

70. ശ്രീ. കെ. വി. വിജയദാസ്

71. ശ്രീ. ഇ. കെ. വിജയൻ

72. ശ്രീ. പിണറായി വിജയൻ

73. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. അടൂർ പ്രകാശ്

4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. കെ. സി. ജോസഫ്
14. ശ്രീ. സി. മമ്മൂട്ടി
15. ശ്രീ. മോൻസ് ജോസഫ്
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. എൻ. ഷംസുദ്ദീൻ
23. ശ്രീ. വി. ഡി. സതീശൻ
24. ശ്രീ. ഷാഫി പറമ്പിൽ

25. ശ്രീ. കെ. എം. ഷാജി

26. ശ്രീ. സണ്ണി ജോസഫ്

27. ശ്രീ. സി. എഫ്. തോമസ്

28. ശ്രീ. പി. ഉബൈദുള്ള

29. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ. കെ. എം. ഷാജി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. എ. അഹമ്മദ് കബീർ, അബ്ദുൽ ഹമീദ്. പി., പി. കെ. ബഷീർ, എം. ഉമ്മർ, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, പാറക്കൽ അബ്ദുല്ല, എൻ. എ. നെല്ലിക്കുന്ന്, സി. മമ്മൂട്ടി, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ .............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. എ. എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ശ്രീ. ഇ. പി. ജയരാജൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു

22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ്കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. ആർ. രാജേഷ്

46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. കെ. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. ആർ. രാമചന്ദ്രൻ
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. മുല്ലക്കര രത്നാകരൻ
53. പ്രൊഫ. സി. രവീന്ദ്രനാഥ്
54. ശ്രീ. കാരാട്ട് റസാഖ്
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. വി. ശശി
57. ശ്രീ. ഐ. ബി. സതീഷ്
58. ശ്രീ. ബി. സത്യൻ
59. ശ്രീ. എ. എൻ. ഷംസീർ
60. ശ്രീ. ജി. സുധാകരൻ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. എം. സ്വരാജ്
64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്

70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. കെ. സി. ജോസഫ്
14. ശ്രീ. സി. മമ്മൂട്ടി
15. ശ്രീ. മോൻസ് ജോസഫ്
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

21. ശ്രീ. രമേശ് ചെന്നിത്തല

22. ശ്രീ. എൻ. ഷംസുദ്ദീൻ

23. ശ്രീ. വി. ഡി. സതീശൻ

24. ശ്രീ. ഷാഫി പറമ്പിൽ

25. ശ്രീ. കെ. എം. ഷാജി

26. ശ്രീ. സണ്ണി ജോസഫ്

27. ശ്രീ. സി. എഫ്. തോമസ്

28. ശ്രീ. പി. ഉബൈദുള്ള

29. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ. കെ. മുരളീധരൻ, എം. ഉമ്മർ, പി. ഉബൈദുള്ള, സി. മമ്മൂട്ടി, കെ. എം. ഷാജി, അബ്ദുൽ ഹമീദ്. പി. , പി. കെ. ബഷീർ, ടി. എ. അഹമ്മദ് കബീർ, ഡോ. എം. കെ. മുനീർ, പാറക്കൽ അബ്ദുല്ല, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ....................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. എ. എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ

15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ശ്രീ. ഇ. പി. ജയരാജൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. യു. ആർ. പ്രദീപ്

39. ശ്രീ. എ. പ്രദീപ്കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. ആർ. രാജേഷ്.
46. ശ്രീ. റ്റി. വി. രാജേഷ്.
47. ശ്രീ. കെ. രാജു.
48. ശ്രീ. രാജു എബ്രഹാം.
49. ശ്രീ. ആർ. രാമചന്ദ്രൻ.
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. മുല്ലക്കര രത്നാകരൻ
53. പ്രൊഫ. സി. രവീന്ദ്രനാഥ്
54. ശ്രീ. കാരാട്ട് റസാഖ്
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. വി. ശശി
57. ശ്രീ. ഐ. ബി. സതീഷ്
58. ശ്രീ. ബി. സത്യൻ
59. ശ്രീ. എ. എൻ. ഷംസീർ
60. ശ്രീ. ജി. സുധാകരൻ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. എം. സ്വരാജ്

64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. കെ. സി. ജോസഫ്
14. ശ്രീ. സി. മമ്മൂട്ടി

15. ശ്രീ. മോൻസ് ജോസഫ്
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. എൻ. ഷംസുദ്ദീൻ
23. ശ്രീ. വി. ഡി. സതീശൻ
24. ശ്രീ. ഷാഫി പറമ്പിൽ
25. ശ്രീ. കെ. എം. ഷാജി
26. ശ്രീ. സണ്ണി ജോസഫ്
27. ശ്രീ. സി. എഫ്. തോമസ്
28. ശ്രീ. പി. ഉബൈദുള്ള
29. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ. വി. ഡി. സതീശൻ, അനൂപ് ജേക്കബ്, ടി. എ. അഹമ്മദ് കബീർ, എം. ഉമ്മർ, പി. കെ. ബഷീർ, അബ്ദുൽ ഹമീദ്. പി., കെ. എം. ഷാജി, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, പാറക്കൽ അബ്ദുല്ല, എൻ. എ. നെല്ലിക്കുന്ന്, സി. മമ്മൂട്ടി, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ പ്രകൃതിക്ഷോഭം മൂലമുള്ള

ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ ............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിനെന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ..................

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. എ. എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ

11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ശ്രീ. ഇ. പി. ജയരാജൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ. പി.

35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ്കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. ആർ. രാജേഷ്
46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. കെ. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. ആർ. രാമചന്ദ്രൻ
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. മുല്ലക്കര രത്നാകരൻ
53. പ്രൊഫ. സി. രവീന്ദ്രനാഥ്
54. ശ്രീ. കാരാട്ട് റസാഖ്
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. വി. ശശി
57. ശ്രീ. ഐ. ബി. സതീഷ്
58. ശ്രീ. ബി. സത്യൻ

59. ശ്രീ. എ. എൻ. ഷംസീർ
60. ശ്രീ. ജി. സുധാകരൻ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. എം. സ്വരാജ്
64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. വി. ടി. ബൽറാം

10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. കെ. സി. ജോസഫ്
14. ശ്രീ. സി. മമ്മൂട്ടി
15. ശ്രീ. മോൻസ് ജോസഫ്
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. എൻ. ഷംസുദ്ദീൻ
23. ശ്രീ. വി. ഡി. സതീശൻ
24. ശ്രീ. ഷാഫി പറമ്പിൽ
25. ശ്രീ. കെ. എം. ഷാജി
26. ശ്രീ. സണ്ണി ജോസഫ്
27. ശ്രീ. സി. എഫ്. തോമസ്
28. ശ്രീ. പി. ഉബൈദുള്ള
29. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.58-ന് പിരിഞ്ഞു.)

*******